ഭാരതത്തിന്റെ പരമോന്നത നീതിപീഠം

സിവിൽ അപ്പീൽ / ഒറിജിനൽ അധികാരപരിധി

സിവിൽ അപ്പീൽ നമ്പർ: 8588/2019

[2017 ലെ സ്പെഷ്യൽ ലീവ് പെറ്റീഷൻ (സിവിൽ) നമ്പർ 15804 ൽ നിന്നും]

റോജർ മാത്യു

..... അപ്പീൽ വാദി (കൾ)

Vs.

സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് മുതൽ പേർ ..... പ്രതി (കൾ)

കൂടെ

ഡബല്യൂ.പി.(സി) നം.267/2012, ഡബല്യൂ.പി.(സി) നം.279/2017, ഡബല്യൂ.പി.(സി) നം.558/2017, ഡബല്യൂ.പി.(സി) നം.561/2017, ഡബല്യൂ.പി.(സി) നം.625/2017, ഡബല്യൂ.പി.(സി) നം.640/2017, ഡബല്യൂ.പി.(സി) നം.1016/2017, ഡബല്യൂ.പി.(സി) നം.788/2017, ഡബല്യൂ.പി.(സി) നം.925/2017, ഡബല്യൂ.പി.(സി) നം.1098/2017, ഡബല്യൂ.പി.(സി) നം.1129/2017, ഡബല്യൂ.പി.(സി) നം.33/2018, ഡബല്യൂ.പി.(സി) നം.205/2018, ഡബല്യൂ.പി.(സി) നം.205/2018, ഡബല്യൂ.പി.(സി) നം.467/2018,

റ്റി.സി.(സി) നം.49/2018, റ്റി.സി.(സി) നം.51/2018, റ്റി.സി.(സി) നം.2199/2018,

വിധിന്യായം

Ranjan Gogoi, CJI.

1. അപ്പീൽ നൽകുവാൻ അനുവദിച്ചു.

പശ്ചാത്തലം ചുരുക്കത്തിൽ:

2. നിലവിലെ കേസുകളുടെ കൂട്ടത്തിൽ, ഫിനാൻസ് നിയമം 2017 ന്റെ ഭാഗം XIV ന്റെയും അതിനോട് അനുബന്ധമായി രൂപീകരിച്ച ചട്ടങ്ങളുടെയും ഭരണഘടനാത്മകതയാണ്

വ്യവഹാര കാരണം. ഓരോ കേസിലെയും വാദങ്ങൾ പ്രത്യേകം പറഞ്ഞാൽ അത് ആവർത്തനമാകും എന്നതിനാൽ, വിവരണാത്മകമായി, മൂന്ന് വ്യവഹാരങ്ങളിലുള്ള അപേക്ഷകളിലെ കാതലായ വിവാദ്യകങ്ങൾ രൂപീകരിക്കാൻ സഹായിക്കുന്നതിനായി ചുരുക്കത്തിൽ പരാമർശിച്ചിരിക്കുന്നു.

3. റിട്ട് പെറ്റീഷൻ (സിവിൽ) നം.267/2012 മദ്രാസ് ബാർ അസോസിയേഷൻ താഴെ പറയുന്ന നിവൃത്തികൾക്കായി ഫയൽ ചെയ്തു:

"യൂണിയൻ ഓഫ് ഇന്ത്യ v. ആർ ഗാന്ധി [(2010) 11 എസ്.സി.സി 1-ലെ 310 താളിലെ ഖണ്ഡിക 96] എൽ. ചന്ദ്രകുമാർ v. യൂണിയൻ ഓഫ് ഇന്ത്യ [(1997)3 എസ്.സി.സി 261, 65 മുതൽ 67 വരെയുള്ള താളുകളിലെ ഖണ്ഡികകൾ 120, 121] വിധികളിലെ ഈ ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശങ്ങൾ റിട്ട് ഓഫ് മാണ്ടമസ് വഴി നടപ്പിലാക്കുന്നതിന് യൂണിയൻ ഓഫ് ഇന്ത്യയ്ക്ക് നിർദ്ദേശം നല്കണമെന്നും പാർലമെന്റ് സൃഷ്ടിച്ച എല്ലാ ട്രിബ്യൂണലുകളിലെയും ഭരണം ഏറ്റെടുക്കുന്നതിനും ചുമതലകൾ ക്രമീകരിക്കുന്നതിനും ഭാരത സർക്കാരിന്റെ നിയമ നീതിന്യായ മന്ത്രാലയത്തിനെ ചുമതലപ്പെടുത്തി ഉത്തരവ് ഉണ്ടാകണമെന്നും.

ii. പാർലമെന്റ് സൃഷ്ടിച്ച എല്ലാ ട്രിബ്യൂണലുകളിലും 'ജുഡീഷ്യൽ ഇംപാക്ട് അസസ്സ്മെന്റ്' ഉടനടി നടപ്പാക്കുന്നതിനും ഈ ബഹുമാനപ്പെട്ട കോടതിയിൽ ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും റിട്ട് ഓഫ് മാണ്ടമസ് - മുഖേന നിയമ നീതിന്യായ മന്ത്രാലയത്തിന് നിർദ്ദേശം നല്കുന്നതിന വേണ്ടിയും."

4. ഈ റിട്ട് പെറ്റീഷൻ ആദ്യം, മൂന്ന് ജഡ്ജിമാരുടെ ബെഞ്ച് 2015 ഫെബ്രുവരി 18 ന് വാദം കേട്ടു, കേസിൽ ഭരണഘടനാപരമായ വ്യാഖ്യാനങ്ങളുള്ള കാതലായ ചോദ്യങ്ങൾ പ്രസ്തുത കേസ് അവതരിപ്പിച്ചതായും ഭരണഘടനാ ബെഞ്ച് വാദം കേൾക്കേണ്ട ആവശ്യമുണ്ടെന്നും നിരീക്ഷിച്ചു. കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ വെളിപ്പെടുത്തുന്നത്, 18 ജനവരി 2016 ൽ, ട്രിബ്യൂണലുകൾ, അപ്പലേറ്റ് ട്രിബ്യൂണലുകൾ ഇതര അതോറിറ്റികൾ (സേവന നിബന്ധനകൾ) ബിൽ 2014 ലെ ഉള്ളടക്കം ഈ കോടതി പരിശോധിക്കുകയും "യൂണിയൻ ഓഫ് ഇന്ത്യ v. ആർ ഗാന്ധി, അദ്ധ്യക്ഷൻ, മദ്രാസ് ബാർ അസോസിയേഷൻ[1] (ഖണ്ഡികകൾ 64 – 70 ൽ) ലെ പ്രസ്താവനകളും സർക്കാർ പരിഗണിച്ചിരുന്നെങ്കിൽ സമുചിതമെന്നും" പരാമർശിച്ചു.

5. പ്രസ്തുത കേസ് 27 മാർച്ച് 2019 ൽ കോടതിയുടെ പരിഗണനയ്ക്ക് വന്നു,

എൽ. ചന്ദ്രകുമാർ vs. യൂണിയൻ ഓഫ് ഇൻഡ്യ [2] ഖണ്ഡിക പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നടപ്പാക്കാതിരുന്നതിന് ഈ കോടതി പരാതി സ്വീകരിച്ചു, ആയത് താഴെ പറയും പ്രകാരമാണ്:

> "96. കോടതിയുടെ അഭിപ്രായത്തിൽ, പ്രസ്തുത ട്രിബ്യൂണലുകളുടെ ഭരണനിർവ്വഹണത്തിന് പൂർണ്ണമായും ഒരു സ്വതന്ത്ര ഏജൻസി രൂപീകരിക്കുന്നത് വരെ, കഴിയുന്നിടത്തോളം എല്ലാ പ്രസ്തുത ട്രിബ്യൂണലുകളും ഒരു പ്രത്യേക നോഡൽ മന്ത്രാലയത്തിന് കീഴിൽ ആയിരുന്നെങ്കിൽ ഈ ട്രിബ്യൂണലുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്താമായിരുന്നു. പല കാരണങ്ങളാൽ മന്ത്രാലയമെന്നത് സമുചിതമായി നിയമ മന്ത്രാലയമാണ്. മന്ത്രാലയത്തിന്, ഊഴമനുസരിച്ച്, ട്രിബ്യൂണലുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്വതന്ത്ര സൂപ്പർവൈസറി സമിതിയെ നിയമിക്കാവുന്നതാണ്."

6. അതേ ദിവസം, അതിനുശേഷം, താഴെ പറയും പ്രകാരം ഈ കോടതി അഭിപ്രായപ്പെട്ടു:

> "തല്ക്കാലം, ഞങ്ങളുടെ കാഴ്ചപ്പാട് പ്രസ്തുത നിർദ്ദേശങ്ങൾ ഭാരത സർക്കാർ വളരെ മുമ്പുതന്നെ നടപ്പിലാക്കേണ്ടിയിരുന്നു എന്നാണ്. ഇന്ന് വാദത്തിനിടയ്ക്ക് ഇന്ത്യയുടെ അറ്റോർണ്ണി ജനറൽ 2013 ൽ യൂണിയൻ ഓഫ് ഇന്ത്യയ്ക്ക് വേണ്ടി ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ വിശ്വാസമർപ്പിച്ച് ഭാരത സർക്കാർ (അലോക്കേഷൻ ഓഫ് ബിസിനസ്സ്) ചട്ടങ്ങൾ 1961 ന് ഭേദഗതി വേണമെന്ന ആവശ്യം ഉൾപ്പെടെ ചില ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചു. നിയമ നിതിന്യായ മന്ത്രാലയത്തിന് അമിത ഭാരം ഉണ്ടെന്നും നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനോ ചുമതല വഹിക്കുന്നതിനോ കഴിയുകയില്ലെന്നും, ആയതിന് എൽ. ചന്ദ്രകുമാർ (മുകളിൽ പറഞ്ഞ) ൽ 1997-ൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചപ്പോൾ കോടതിയുടെ മനസ്സിൽ ഉണ്ടായിരുന്നുവെന്നും അറ്റോർണ്ണി ജനറൽ ചൂണ്ടിക്കാണിച്ചു. എൽ. ചന്ദ്രകുമാർ (മുകളിൽ പറഞ്ഞ) ൽ കോടതിയ്ക്ക് നേരത്തെ ബോധ്യപ്പെടുകയും നിരീക്ഷിക്കുകയും ചെയ്ത പ്രകാരം ട്രിബ്യൂണലുകളുടെ കാര്യക്ഷമമായ പ്രവർത്തനവും ചുമതലകളുടെ വിന്യാസവും ഉറപ്പാക്കുന്നതിന് ആയത് ഒരു ഏജൻസിയിൽ നിക്ഷിപ്തമാക്കണമെന്നതിൽ ഒരു തർക്കവുമില്ല. ഭാരതസർക്കാറിന്റെ കാഴ്ചപ്പാടിൽ നിന്നും കോടതി പ്രയോജനം ഉൾക്കൊള്ളുന്നതിന് ഇന്ന് തുടങ്ങി രണ്ടാഴ്ചയ്ക്കകം

അധികാരി സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടതാകുന്നു.

റിട്ട് പെറ്റീഷനിലെ രണ്ടാമത്തെ അപേക്ഷയും ഞങ്ങൾ പരിഗണിച്ചു, അറ്റോർണി ജനറൽ കോടതി മുമ്പാകെ സമർപ്പിച്ച സമാഹരണം ഈ കാര്യത്തിൽ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്; ആയത് വിവിധ ട്രിബ്യൂണലുകളിലെ നിലവിലെ തസ്തിക ഒഴിവുകൾ കാണിക്കുന്നവയും, ഞങ്ങൾ പരിഹരിക്കേണ്ടുന്ന വാദവിഷയങ്ങളിൽ ഒന്നുമാണ്. അറ്റോർണി ജനറലിന്റെ സമാഹരണത്തിൽ നിന്നും മനസ്സിലാകുന്നത് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, ഇന്റലക്ച്വൽ പ്രോപ്പർട്ടി അപ്പലേറ്റ് ബോർഡ്, ആംഡ് ഫോഴ്സസ് ട്രിബ്യൂണൽ, നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, ഇൻകം ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ എന്നിവയ്ക്ക് സത്വര ശ്രദ്ധ വേണമെന്നാണ്. തിരഞ്ഞെടുപ്പ് കമ്മിറ്റിയെ നയിക്കുന്ന ചീഫ് ജസ്റ്റീസിന്റെ നോമിനി എല്ലാ ഉദ്യമങ്ങളും നടത്തുന്നതാണ്, ആരുടെ മുൻപിലാണോ ഗ്രൂപാർശകൾ പരിഗണനയിൽ ഇരിക്കുന്നത് ആയത് ത്വരിതപ്പെടുത്തുന്നതിന്, നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ, നാഷണൽ ലോ അപ്പലേറ്റ് ട്രിബ്യൂണൽ എന്നപോലെ പ്രസ്തുത ഗ്രൂപാർശകൾ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി നടത്തിയതുപോലെ, മുകളിൽ പറഞ്ഞ രണ്ടാഴ്ചയ്ക്കകം നിയമനങ്ങൾ നടത്തി പെട്ടന്ന് നടപ്പിലാക്കണമെന്നും, ആയതിന്റെ ഫലം അധികാരി സത്യവാങ്മൂലം മുഖേന കോടതി മുമ്പാകെ ഹാജരാക്കണമെന്നും, നിലവിലെ ഉത്തരവ് പ്രകാരം ഫയൽ ചെയ്യണമെന്നുമാണ് നിലവിലെ ഉത്തരവും. മുകളിലെ വിവരങ്ങൾ നല്കിയാൽ, തുടർ പരിശോധനയ്ക്ക് വിധേയമാകുന്നതിന് ചെറിയ ബെഞ്ചിലേക്ക് മാറ്റുന്നത് ഉൾപ്പടെ, മറ്റുള്ളവയുടെ കൂടെ, ട്രിബ്യൂണലുകളുടെ ശരിയായ പ്രവർത്തനം ഉറപ്പാക്കുന്നതിനും ഉചിതമായ ഉത്തരവുകൾ കോടതി പുറപ്പെടുവിക്കുന്നതാണ്. രണ്ടാഴ്ചയ്ക്ക് ശേഷം ഈ കേസ് കോടതിയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടതാകുന്നു."

7. മുകളിൽ പറഞ്ഞ റിട്ട് പെറ്റീഷൻ നിലവിലിരിക്കെ, കേരള ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിനും ഉത്തരവിനും എതിരെ റോജർ മാത്യു നിലവിലുള്ള പ്രസക്ത കേസ് എസ്.എൽ.പി. (സി) നം.15804/2017 ഫയൽ ചെയ്തു. സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റീസ് ഇന്ററസ്റ്റ് (സർഫേസി) നിയമം, 2002 ലെ വകുപ്പ് 13 (5A) യുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് കൊണ്ട് ഹർജിക്കാരൻ ആദ്യം ഹൈക്കോടതിയുടെ സമീപിച്ചിരുന്നു. നേരത്തെയുള്ള ലേലത്തിൽ

കരുതൽ ബിഡ് ഇല്ലാത്തതിനാൽ വിൽക്കപ്പെടാത്ത പക്ഷം ആയത് നിക്ഷേപകരെ സ്ഥാവരവസ്തു ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നുവെന്നതിനാലാണിത്. ഭരണഘടനയുടെ അനുച്ഛേദം 300 എ, അനുച്ഛേദം 14 എന്നിവ പ്രകാരം തനിക്ക് ഉറപ്പാക്കപ്പെടുന്ന അവകാശങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ ലംഘിച്ചുവെന്നും കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ സ്ഥാവരവസ്തു ലേലത്തിൽ പങ്കെടുക്കുവാൻ പണയവസ്തു സ്വീകരിച്ച പണം നല്കുന്ന വ്യക്തികളെ വിലക്കുന്നത് സിവിൽ നിയമ നടപടിക്രമ സംഹിതക്ക് വിരുദ്ധമാണെന്നും റോജർ മാത്യു അവകാശപ്പെടുന്നു.

8. വാദങ്ങളുടെ ഇടയ്ക്ക്, ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലുകളിലെ നിയമനങ്ങൾ നീതിന്യായ സ്വാതന്ത്ര്യത്തിന്റെ ഭരണഘടനാ മനോഭാവത്തിന് യോജിച്ച രീതിയിൽ അല്ലെന്നത് കോടതിയുടെ ശ്രദ്ധയിലേക്ക് കൊണ്ട് വന്നു. അത് പ്രകാരം, ഹൈക്കോടതിയിൽ തന്റെ വാദം വീണ്ടും പരിഗണിക്കുന്നതിന് റോജർ മാത്യുവിന് ഒരവസരം നല്കി എങ്കിലും, ട്രിബ്യൂണലുകളുടെ പുന:ഘടന സംബന്ധമായ വിശാല വിവാദ്യങ്ങൾ പരിഗണിക്കുന്നതിനായി കോടതി ഈ പെറ്റീഷൻ തീർപ്പ് കൽപ്പിക്കാതെ വച്ചു. അമിക്കസ് ക്യൂറി എന്ന നിലയിൽ മുതിർന്ന അഭിഭാഷകൻ ശ്രീ. അരവിന്ദ് പ. ദാത്തറിന്റെ സഹായവും ഈ കോടതി അഭ്യർത്ഥിച്ചു.

9. ശ്രദ്ധിക്കേണ്ട മൂന്നാമത്തെ സംഗതി റിട്ട് പെറ്റീഷൻ (സിവിൽ) നം.279/2017-ൽ ഹർജിക്കാരൻ ക്ഷുദ്രത്ത് സന്ധു ഫിനാൻസ് നിയമം 2017 ലെ ഭാഗം XIV ന് എതിരെ പൊതു താല്പര്യ ഹർജി ഫയൽ ചെയ്തു. ആയതിൽ വിവിധ നിയമങ്ങളിൽ വകുപ്പുകളുടെ ഭേദഗതി വരുത്തി - ട്രിബ്യൂണൽ അംഗങ്ങളുടെയും പ്രധാന ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെയും നിശ്ചിത യോഗ്യതകൾ, നിയമനരീതി, ഓഫീസ് കാലയളവും, ശമ്പളം ആനുകൂല്യങ്ങളും മറ്റ് ഇതര സേവന വ്യവസ്ഥകളിലും പൂർണ്ണമായ മാറ്റങ്ങൾ ഉണ്ടാക്കി. ഈ ഉത്തരവിന്റെ ഉചിതമായ ഭാഗത്ത്, ഫിനാൻസ് നിയമം 2017 ന്റെ തർക്ക ഹേതുവായ വകുപ്പുകൾ മുഴുവനും പരാമർശിച്ചിട്ടുണ്ട്.

<u>ട്രിബ്യൂണലൈസേഷന്റെ ഉത്പത്തി</u>

10. നീതിന്യായ ഭരണനിർവ്വഹണത്തിലെ കാലതാമസവും കെട്ടിക്കിടപ്പും നിയമവാഴ്ചയുള്ള ഏത് രാജ്യത്തെയും പ്രബലമായ ഉത്കണ്ഠയാണ്. നിലവിലെ നീതിന്യായ വ്യവസ്ഥയിൽ, താഴത്തെ കോടതികൾ മുതൽ ഹൈക്കോടതിയും സുപ്രീം കോടതിവരെയുമുള്ള അനിവാര്യ സമീപനം കണക്കാക്കിയാൽ തർക്കങ്ങൾ തീർപ്പു കൽപ്പിക്കുവാൻ ദശകങ്ങൾ വേണ്ടി വരും.

11. നീതിന്യായ നിർവ്വഹണസംവിധാനത്തിന്റെ ഇഴയുന്ന വേഗത, ബാധിതരായ കക്ഷികളുടെ ദുരിതം കൂട്ടുകയെ ഉള്ളൂ. ഉത്പത്തി സ്പഷ്ടമല്ലെങ്കിലും, "വൈകി ലഭിക്കുന്ന നീതി നീതി നിഷേധം തന്നെയാണ്" എന്ന പഴമൊഴി, ഈ സന്ദർഭത്തിന് ഉചിതമാണ്. രാജ്യത്തെ കോടതികൾ, പെട്ടെന്ന് തീർപ്പ് കല്പിക്കണമെന്ന പ്രാധാന്യത്തെ കണ്ടില്ലെന്ന് നടിക്കുന്നത് എല്ലാവർക്കും പൂർണ്ണമായ നീതി ഉറപ്പാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ്. എല്ലാ കോടതികളിലും കേസുകൾ കെട്ടി കിടക്കുന്നത് കാണിക്കുന്നത്, ഈ സാഹചര്യം വർഷങ്ങളായി മോശമായിക്കൊണ്ടിരിക്കുന്നു എന്നാണ്. പ്രായോഗിക കാലതാമസം വിശകലനം ചെയ്യുമ്പോൾ വ്യക്തമായി കാണുന്നത് രാജ്യത്തിന്റെ ജനസംഖ്യ വച്ച് നോക്കുമ്പോൾ ജഡ്ജിമാരുടെ അനുപാതം ലോകത്തിൽ വെച്ച് ഏറ്റവും താഴ്ന്നതാണെന്നും മനുഷ്യവിഭവശേഷിയുടെയും **(സപ്പോർട്ട് സ്റ്റാഫ് അല്ലങ്കിൽ സഹായം നൽകുന്ന ജീവനക്കാർ**) അടിസ്ഥാന സൗകര്യങ്ങളുടെയും കുറവുമുണ്ടെന്നും ആയതിനാൽ കാലതാമസത്തിന് നീതിന്യായ വ്യവസ്ഥയെ മാത്രം പഴിചാരുന്നത് തെറ്റാണ് എന്നുമാണ്.

12. നീതിന്യായ നിർവ്വഹണത്തിന്റെ കാലതാമസത്തോടൊപ്പം ശ്രദ്ധ ആകർഷിക്കേണ്ട മറ്റൊരു വസ്തുത, സ്പെഷ്യലൈസേഷന്റെ ആവിർഭാവവും സങ്കീർണ്ണമായ നിയന്ത്രണ-വാണിജ്യ വശങ്ങളുടെ വർദ്ധനയും; ആയത് ഗോപ്യമായ നിർണ്ണയവും തർക്കപരിഹാര സംവിധാനവുമാണ് ആവശ്യപ്പെടുന്നത് എന്നതാണ്. നിലവിലെ സിവിൽ ക്രിമിനൽ ടാക്സ് നിയമശാസ്ത്രങ്ങളുടെ സ്ഥിര പ്രകൃതം വെച്ച് താരതമ്യം ചെയ്യുമ്പോൾ നിലവിൽ രാജ്യത്ത് താഴെ കോടതികൾക്ക് സ്ഥിരമാറ്റങ്ങളുള്ള ഇത്തരം പുതിയ സങ്കീർണ്ണ വിവാദവിഷയങ്ങൾ പരിഗണിക്കുന്നതിന് സുസജ്ജമല്ല.

13. നീതിന്യായ നിർവ്വഹണത്തിലുള്ള കാലതാമസ തടസ്സങ്ങളെ തരണം ചെയ്യേണ്ട ആവശ്യം തികച്ചും പ്രകടമാണ്. നീതിന്യായ നിർവ്വഹണ പ്രാപ്യത വർദ്ധിപ്പിക്കുന്നതിനുള്ള എന്നത്തേയും സ്ഥിര ഉദ്യമത്തിനുള്ള ഒരു പരിഹാരമാണ് ട്രിബ്യൂണലുകളുടെ രൂപീകരണം. ഒരു "ട്രിബ്യൂണൽ" എന്ന് മനസ്സിലാക്കേണ്ടത് അർദ്ധ ജൂഡീഷ്യൽ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വങ്ങളുള്ള സമിതിയാണെന്നും ആയതിന്റെ പ്രധാന ലക്ഷ്യം കൂടുതൽ വേഗത്തിലും ഫലത്തിലും പ്രത്യേക തരം തർക്കങ്ങൾ പരിഹരിക്കുന്ന ഫോറം ആണെന്നുമാണ്. തീരുമാനങ്ങൾ എടുക്കുന്നതിൽ അധികാരികളെ സഹായിക്കുന്നതിനും തെളിവു നല്കുന്നതിനും നടപടിക്രമങ്ങൾക്കുള്ള

അധികാരങ്ങൾക്കും പിഴ നൽകുന്നതിനും ഉള്ള ഭാവങ്ങളുള്ള കോടതിയുടെ ലക്ഷണങ്ങളുള്ള അധികാരിയാണോ എന്ന് പരിശോധിക്കുന്നതിന് ജസ്വന്ത് ഷുഗർ മിൽസ് ലിമിറ്റഡ്, മീററ്റ് v. ലക്ഷ്മീ ചന്ദ് [3]-ൽ ഒരു പരീക്ഷണം നടത്തി. എന്നാൽ അഞ്ച് ജഡ്ജിമാരുടെ ബെഞ്ച്, അസോസിയേറ്റഡ് സിമന്റ് കമ്പനി ലിമിറ്റഡ് v. പി.എൻ. ശർമ്മ [4]-ൽ, പ്രഥമ ജുഡീഷ്യൽ സ്വഭാവം ട്രിബ്യൂണലുകൾക്ക് നല്കി പ്രസ്താവിച്ചിരിക്കുന്നത്:

"9. പ്രത്യേക കേസുകളും ചോദ്യങ്ങളും തീരുമാനത്തിന് ഏല്പിക്കുന്ന, ആ നിലയ്ക്ക് ഒരു പൊതു സ്വഭാവം അവർ കോടതിയുമായി പങ്കുവയ്ക്കുന്ന; കോടതികളും ട്രിബ്യൂണലുകളും സംസ്ഥാനം രൂപീകരിച്ചിരിക്കുന്ന അവയ്ക്ക് തീർത്തും ഭരണപരവും അല്ലെങ്കിൽ കാര്യനിർവ്വഹണ പ്രവർത്തനങ്ങളുമാണ് ഉള്ളത് (ദുർഗ്ഗ ശങ്കർ മേഹത്ത v. താക്കുർ രാഘുരാജ് സിങ്ങ് [(1995) 1 എസ്.സി.ആർ 267, 272-ം താളിൽ]) അവ രണ്ടും അന്തിമമായി കക്ഷികൾ തമ്മിലുള്ള തർക്കങ്ങൾ തീരുമാനിക്കുന്നതായി ഏല്പിച്ച ന്യായാധികാരവും തർക്കപരിഹാര അംഗങ്ങളുമാണ്. കോടതികൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സ്ഥിരമായി പറഞ്ഞിട്ടുള്ളവയാണ്, അവയുടെ പ്രവർത്തനങ്ങളും അധികാര വിനിയോഗവും നടപടിക്രമങ്ങൾക്ക് അനുസൃതമാവണം. ട്രിബ്യൂണലുകൾ അനുവർത്തിക്കേണ്ട നടപടിക്രമം കർക്കശമായി പറഞ്ഞിട്ടില്ല. എന്നാൽ കോടതികളുടെയും ട്രിബ്യൂണലുകളുടെയും സമീപനം ഒരു പോലെയാണ്, അവയുടെ പ്രവർത്തനങ്ങളിൽ കാര്യമായ വ്യത്യാസമില്ല. കോടതികളുടെ കാര്യത്തിലായാലും, ട്രിബ്യൂണലുകളുടെ കാര്യത്തിലായാലും നല്കിയിരിക്കുന്നത് സംസ്ഥാനത്തിന്റെ സഹജ ന്യായാധികാരമാണ്. ആ അധികാരം ഉപയോഗിച്ച് സംസ്ഥാനത്തിന്റെ സഹജ പ്രവർത്തനമാണ് നടത്തുന്നത്. പരമാധികാര സംസ്ഥാനത്തിന്റെ അവശ്യ ലക്ഷണങ്ങളാണ് നീതിന്യായ പ്രവർത്തനങ്ങളും അധികാരങ്ങളും, നയം കണക്കാക്കുമ്പോൾ ഭരണഘടനയാൽ സ്ഥാപിതമായ കോടതികൾക്ക് നീതിന്യായ പ്രവർത്തനങ്ങളും അധികാരങ്ങളും സംസ്ഥാനം നല്കുന്നു. എന്നാൽ അത് സംസ്ഥാനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നില്ല. കക്ഷികളുടെ പ്രത്യേക സംഗതികളും തർക്കങ്ങളും പരിഹരിക്കുന്ന കൃത്യം ഏല്പിക്കുന്ന ട്രിബ്യൂണലുകളുടെ പ്രവർത്തനങ്ങളും അധികാരവും ഉചിതമായ അളവിൽ നല്കുന്നത് വഴി കോടതികളുടെയും ട്രിബ്യൂണലുകളുടെയും പൊതുവായ അല്ലെങ്കിൽ വിഭിന്ന പ്രത്യേകതകൾ വിപുലമായി വിവരിക്കുവാൻ ശ്രമിക്കുന്നത് സാധ്യമോ പ്രായോഗികമോ അല്ല. പരമാധികാര സംസ്ഥാനത്ത് സഹജമായ നീതിന്യായ അധികാരം

നടപ്പിലാക്കുന്നതിനും നീതിന്യായ പ്രവർത്തനങ്ങൾ നടത്തുന്നതിനും കോടതികൾക്കും ട്രിബ്യൂണലുകൾക്കും പൊതുവായ അടിസ്ഥാനവും പ്രാഥമിക സ്വഭാവവുമാണുള്ളത്."

14. കൂടാതെ, പലവിധ വിധിന്യായങ്ങളിൽ ഈ കോടതി പ്രസ്താവിച്ചിട്ടുള്ളത് ട്രിബ്യൂണലുകൾ ഭരണപരവും അല്ലെങ്കിൽ നിയമനിർമ്മാണപരവുമായ അംഗങ്ങൾ അല്ലെന്നും, കോടതികൾ അല്ലെങ്കിലും അവ കർക്കശമായി നീതിന്യായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നുമാണ്. ട്രിബ്യൂണലുകളുടെ ഘടനയിൽ നീതിന്യായ അംഗങ്ങളോടൊപ്പം സാങ്കേതിക അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനാൽ തർക്ക പരിഹാര അധികാരികൾക്ക് പ്രത്യേക വിഷയങ്ങൾ ഉൾപ്പെട്ട വാദവിഷയങ്ങൾ തീരുമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള സാങ്കേതിക പരിജ്ഞാനമുണ്ടെന്ന് ഉറപ്പാക്കുന്നു.

15. അങ്ങനെയുള്ള വിവാദ്യകങ്ങൾ/ പ്രശ്നങ്ങൾ നമ്മുടെ രാജ്യത്ത് ഒറ്റപ്പെട്ടവയല്ല. വ്യാപകമായി, പ്രത്യേക വിഷയങ്ങളിൽ ആവശ്യം വേണ്ട നൈപുണ്യവും അല്ലെങ്കിൽ കാലതാമസവും ട്രിബ്യൂണലൈസേഷൻ ആവശ്യമാണെന്ന ഏകകണ്ഠമായ അഭിപ്രായത്തിൽ പരിണമിച്ചു. ട്രിബ്യൂണലുകളുടെയും അവയും സർക്കാരും തമ്മിലുള്ള ബന്ധത്തിന് നിലവിലുള്ള നിയമ വാഴ്ച പരിശോധിച്ചാൽ, അവ തങ്ങളുടെ സ്വഭാവം നിലനിർത്തുന്നതിന് മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിന് ഉപയുക്തമായ ബെഞ്ച്മാർക്കാണ്.

<u>അന്തർദേശീയ കാഴ്ചപ്പാട്</u>

16. പ്രത്യേക ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിനുള്ള വ്യാപകമായ സമീപനം മുഖ്യമായും സ്ഥിരതയുള്ളതാണ്. ഭരണഘടനാപരമായ കോടതികളുടെ ഭാരം കുറയ്ക്കുന്നതിനും പ്രത്യേക തർക്കങ്ങൾ പെട്ടെന്ന് തീർപ്പാക്കുന്നുവെന്ന് ഉറപ്പിക്കുന്നതിനും വിവിധ തർക്കപരിഹാര അംഗങ്ങളിലേക്ക് തർക്കങ്ങൾ വിന്യസിക്കുകയെന്ന ആഗോള സഹജമായ ആവശ്യം ദ്രുതഗതിയിലുള്ള വിശകലനം മുന്നിലെത്തിയ്ക്കുന്നു. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റ് തരത്തിൽ ലോകത്തിലുള്ള മിക്കവാറുമുള്ള രാജ്യങ്ങൾ ഭരണഘടനയുടെ ഘടനയ്ക്ക അകത്തുനിന്നുകൊണ്ട് ട്രിബ്യൂണലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ നിയമങ്ങൾ രൂപീകരിക്കുന്നു. നമ്മുടെ സാധാരണ നിയമ സമ്പ്രദായങ്ങളുടെയും അധിനിവേശ ചരിത്രത്തിന്റെയും വെളിച്ചത്തിൽ ലോകത്തിലുള്ള നിയമ സ്ഥിതി വിശകലനം ചെയ്യേണ്ടത് അനിവാര്യമാണ്:

I. യുണൈറ്റഡ് കിങ്ഡം.

17. ബ്രിട്ടീഷ് നീതിന്യായ സംവിധാനത്തിൽ നീതിന്യായം നടത്തികൊടുക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ ഒന്നാണ് ട്രിബ്യൂണലുകൾ. വസ്തുവുമായുള്ള അവകാശങ്ങൾ, തൊഴിൽ, കുടിയേറ്റം, മാനസിക ആരോഗ്യം എന്നീ വാദവിഷയങ്ങൾക്കായി അനവധി ട്രിബ്യൂണലുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനങ്ങൾ മുഖ്യധാരാ നീതിന്യായ അംഗങ്ങളുടേതു പോലെയാണ് അവ വ്യക്തികളും സംസ്ഥാനവും തമ്മിലുള്ള തർക്കങ്ങളിലും ഇടപെടുന്നു. എന്നാലും, ഇംഗ്ലണ്ടിലെ ട്രിബ്യൂണലുകളും സാധാരണ കോടതികളും തമ്മിൽ നല്ല അന്തരമുണ്ട്; സാധാരണ കോടതികളെ അപേക്ഷിച്ച്, ട്രിബ്യൂണലുകളിലെ അംഗങ്ങൾക്ക് പ്രത്യേക നൈപുണ്യവും പരിചയവുമുണ്ട്. ആയതിൽ കൂടുതലും അഭിഭാഷകരിൽ നിന്നോ അല്ലെങ്കിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളിൽ നിന്നോ നിയമിതരായവരാണ്.

18. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പ്രസ്തുത ട്രിബ്യൂണലൈസേഷന്റെ ഉത്ഭവം കാണുന്നത്. പ്രത്യേക തർക്കങ്ങൾ പരിഹരിക്കുന്നതിനായി വൈദഗ്ധ്യമുള്ള അർദ്ധ നീതിന്യായ അംഗം, ആവശ്യമുണ്ടെന്ന് കുറെ നാളായി മനസ്സിലാക്കിയതിനെത്തുടർന്ന് പുതിയ തരം ട്രിബ്യൂണലുകൾ നിലവിൽ വന്നത് അഭിഭാഷക സഹോദരങ്ങളുടെ ഇടയിൽ ക്രമേണ പ്രോത്സാഹനവും അംഗീകാരവും നേടുകയുണ്ടായി. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റയിൽവേയുടെ വളർച്ചയിൽ, കുത്തക റയിൽവേ കമ്പനിയിൽ നിന്നും ഉത്ഭവിക്കുന്ന പ്രത്യേക സാങ്കേതിക തർക്കങ്ങൾ പരിഗണിക്കുന്നതിന് ജഡ്ജിമാർ സജ്ജമല്ലെന്ന് കണ്ടു. പ്രസ്തുത പ്രാഗത്ഭ്യമിവല്ലാത്ത തർക്കപരിഹാരം വ്യവഹാരികളുടെ അതൃപ്തിയ്ക്ക് കാരണമായി. അനന്തരം, 1873 ൽ കമ്മീഷണർമാരുടെ പ്രത്യേക ട്രിബ്യൂണൽ നിയോഗിച്ചു പിന്നീട് റെയിൽവേ കനാൽസ് കമ്മീഷനായി പരിവർത്തനം ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിൽ മുറിവേറ്റ ജീവനക്കാർക്ക് ദുർബല പെൻഷൻ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ട്രിബ്യൂണലുകൾ ഉൾപ്പെടെ, പാവങ്ങൾക്കും വിദ്യാഹീനർക്കുമുള്ള പ്രാപ്യത കൂട്ടാൻ പ്രയോജനപ്പെടുന്ന പെൻഷനും തൊഴിലില്ലായ്മ ആനുകൂല്യവും പോലുള്ള വിഷയങ്ങൾക്കായി 19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ ബ്രിട്ടീഷ് സർക്കാർ ട്രിബ്യൂണലുകൾ സ്ഥാപിച്ചു. ഇരുപതാം നൂറ്റാണ്ടിൽ, ലെഗറ്റ് അവലോകത്തിന് ശേഷം, ടാക്സ്, മാനസികാരോഗ്യം, സാമൂഹികഭദ്രത, തൊഴിലില്ലായ്മ, അഭയസ്ഥാനങ്ങൾ എന്നീ വിവിധങ്ങളായ വിഷയങ്ങൾക്കായി ആയിരകണക്കിന് തർക്കപരിഹാര അംഗങ്ങളെക്കൊണ്ട് പല ഡസൻ

ട്രിബ്യൂണലുകൾ സ്ഥാപിക്കുകയുണ്ടായി.

19. സ്വതന്ത്രമായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടുതന്നെ തങ്ങളുടെ മുൻപിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ട്രിബ്യൂണലുകൾ പ്രാരംഭം കുറിച്ചതിനാൽ, സാമൂഹിക വ്യതിയാനങ്ങൾക്ക് അനുസൃതമായി ഈ ഇതര ന്യായസഭയുടെ ചട്ടക്കൂടിന് ഭേദഗതി വരുത്തേണ്ട അടിയന്തര ആവശ്യമുണ്ട്. 1932 ൽ, ഡോണോമോർ കമ്മിറ്റി, അർദ്ധ നീതിന്യായ അംഗത്തിന് നീതിന്യായ പ്രവർത്തനങ്ങളുടെ ചുമതല ഏല്പിക്കുന്നതിനെ വിമർശിക്കുകയും നീതിന്യായ അധികാരങ്ങൾ സാധാരണ നിയമ കോടതികളിൽ തീർത്തും നിക്ഷിപ്തമാക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. സാധാരണ കോടതികൾക്ക് പ്രാഗത്ഭ്യം ഇല്ലാതിരിക്കുമ്പോൾ മാത്രം പ്രത്യേക കേസുകളിൽ ട്രിബ്യൂണലുകൾ സ്ഥാപിക്കണമെന്ന് വീണ്ടും ശുപാർശ ചെയ്തു. സ്വാഭാവിക നീതി തത്വങ്ങളുടെ പ്രായോഗികത ട്രിബ്യൂണലുകൾക്കും ബാധകമാക്കണം. പരിമിതമണ്ഡലത്തിലാണ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നത് എന്നുറപ്പാക്കുവാൻ വേണ്ട അധികാരം കോടതികൾക്ക് വേണം.

"ട്രിബ്യൂണലുകൾ സാധാരണ കോടതികളല്ല, സർക്കാർ വകുപ്പുകളുടെ അനുബന്ധവുമല്ല. ഔദ്യോഗിക തെളിവുകളിൽ കൂടുതലും ..... ട്രിബ്യൂണലുകൾ ഭരണനിർവ്വഹണ സംവിധാനത്തിന്റെ ഭാഗമാണെന്ന കാഴ്ചപ്പാട് പ്രതിഫലിക്കുന്നതായി കാണുന്നുവെന്നും ആയതിനാൽ സർക്കാർ ഗാഢവും തുടരെയുള്ളതുമായ ഉത്തരവാദിത്വം നിലനിർത്തേണ്ടതുണ്ടെന്നുമുള്ള അഭിപ്രായമുണ്ടായി. അങ്ങനെ, ഉദാഹരണത്തിന്, സാമൂഹിക സേവന മേഖലയിലെ ട്രിബ്യൂണലുകൾ സ്വയം കാര്യ നിർവ്വഹണ സേവനത്തിന്റെ അനുബന്ധങ്ങളായിരിക്കുന്നു. ഈ കാഴ്ചപ്പാട് ഞങ്ങൾ സ്വീകരിക്കുന്നില്ല.

20. ഫാങ്ക് കമ്മിറ്റി അതിന്റെ ശുപാർശകൾ മുന്നോട്ട് വെച്ചപ്പോൾ (ആയത് ട്രിബ്യൂണൽ ആൻഡ് ഇൻക്വയറീസ് നിയമം 1958 പ്രകാരം നടപ്പാക്കി) ട്രിബ്യൂണലുകളുടെ മേൽനോട്ടത്തിന്റെ ന്യായാധികാര ആവശ്യം 1957 ൽ വീണ്ടും ചർച്ച ചെയ്യപ്പെട്ടു. ചിലവ് ചുരുങ്ങിയതെന്നും, വേഗത ഏറിയതെന്നും കൂടുതൽ നല്ലതെന്നും, കൂടുതൽ പ്രാപ്യമെന്നും വാദിച്ചുകൊണ്ട് ട്രിബ്യൂണലൈസേഷന് അനുകൂലമായി ഫ്രാങ്ക് കമ്മിറ്റി വിലയേറിയ പരാമർശം സമർപ്പിച്ചു. ട്രിബ്യൂണലൈസേഷന്റെ പ്രയോജനങ്ങൾ ചിലവിനോട് താരതമ്യം ചെയ്യുമ്പോൾ ഗുണകരമെന്നും, പ്രാപ്യമെന്നും, കേസുകൾ കെട്ടിക്കിടക്കുന്നതിൽ കുറവ്, പ്രത്യേക പ്രാഗത്ഭ്യവും മറ്റും ഊന്നിക്കൊണ്ട് വിവിധ അന്താരാഷ്ട്ര

കമ്മീഷനുകളിൽ ഈ കണ്ടെത്തലുകൾ പ്രതിധ്വനിച്ചിരിക്കുന്നു.

"ട്രിബ്യൂണലുകൾ സാധാരണ കോടതികളല്ല, സർക്കാർ വകുപ്പുകളുടെ അനുബന്ധവുമല്ല. ഔദ്യോഗിക തെളിവുകളിൽ കൂടുതലും ..... ട്രിബ്യൂണലുകൾ ഭരണനിർവ്വഹണ സംവിധാനത്തിന്റെ ഭാഗമാണെന്ന കാഴ്ചപ്പാട് പ്രതിഫലിക്കുന്നതായി കാണുന്നുവെന്നും ആയതിനാൽ സർക്കാർ ഗാഢവും തുടരെയുള്ളതുമായ ഉത്തരവാദിത്വം നിലനിർത്തേണ്ടതുണ്ടെന്നുമുള്ള അഭിപ്രായമുണ്ടായി. അങ്ങനെ, ഉദാഹരണത്തിന്, സാമൂഹിക സേവന മേഖലയിലെ ട്രിബ്യൂണലുകൾ സ്വയം കാര്യ നിർവ്വഹണ സേവനത്തിന്റെ അനുബന്ധങ്ങളായിരിക്കുന്നു. ഈ കാഴ്ചപ്പാട് ഞങ്ങൾ സ്വീകരിക്കുന്നില്ല. ഭരണനിർവഹണ സംവിധാന ഭാഗത്തേക്കാൾ തർക്കപരിഹാരത്തിനു പാർലമെന്റ് ശരിക്കും നൽകിയ സംവിധാനമാണ് ട്രിബുണലുകൾ എന്ന് ഞങ്ങൾ പരിഗണിക്കുന്നു. അടിസ്ഥാനപരമായ വിഷയം എന്നത് എല്ലാ കേസുകളിലും പാർലമെന്റ് മനഃപൂർവം തീരുമാനം പുറത്തു നിന്നും കൈകൊണ്ട നിശ്ചിത വകുപ്പിന് സ്വതന്ത്രമായി ഒന്നാമതായി അല്ലെങ്കിൽ ...അല്ലെങ്കിൽ മന്ത്രിയുടെ തീരുമാനത്തിന് മേലുള്ള അപ്പീലിൽ അല്ലെങ്കിൽ പ്രത്യേക നിയമപരമായ സ്ഥാനത്തുള്ള ഉദ്യോഗസ്ഥന്റെ ... ട്രിബുണലുകളിൽ മുഴുവൻ വ്യക്തികളും സർക്കാർ സേവനത്തിനു പുറത്തു നിന്നും വേണമെന്ന് യുക്തമായ നിയമങ്ങൾ വ്യക്തമായി എല്ലാ കേസുകളിലും നിയമനിർമാണം നടത്തില്ല എങ്കിലും , 'ട്രിബുണൽ ' എന്നതിന്റെ ഉപയോഗം സംശയമെന്യേ ഈ ലക്ഷ്യാർത്ഥം ആണ് ഉൾക്കൊള്ളുന്നത് , കൂടാതെ പാർലമെന്റ് ന്റെ ഉദ്ധേശമെന്നത് ട്രിബുണലുകളുടെ സ്വാതന്ത്ര്യ്മെന്ന വ്യക്തവും തെറ്റില്ലാത്തതുമാണ് [5]. "

21. അനന്തരമായി, ട്രിബുണലുകളുടെ സമിതി സ്ഥാപിച്ചിരിക്കുന്നത് , വിവിധ ട്രിബുണലുകളുടെ ഘടനയുടെ മേൽ നോട്ടത്തിനും പ്രവർത്തനത്തിനുമാണ് . തുടർന്ന് സർ ആൻഡ്രു ലെഗേറ്റ് കമ്മിറ്റി (2001) വിശകലനം ചെയ്തത് ട്രിബുണലുകളുടെ നിലവിലുള്ള അവസ്ഥയാണ്. അതിൽ

---

5. ദ്രുവരി, ഗവിൻ, "ദി ജൂഡിഷ്യലൈസേഷൻ ഓഫ് അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽസ് ഇൻ ദി യു കെ : (ഫ്രം ഹേവാർഡ് ട്ടോ ലെഗേറ് "28 റ്റി ആർ എ എസ് 51 (2009)

6 'സ്റ്റാനറ്റോറി നോട്ടിസ് ട്ടോ ദി ട്രിബുണൽസ്, കോർട്സ് ആൻഡ് എൻഫോഴ്സ്മെന്റ് ആക്ട് , 2007 ' -ൽ നിന്നും ഉദ്ധരിച്ചത്, ബ്രിട്ടീഷ് പാർലമെന്റ് - ന്റെ നീതി ന്യായ മന്ത്രാലയം തയ്യാറാക്കിയത് .

ഒരേ രീതിയിൽ അല്ലാത്ത ട്രിബുണൽ സംവിധാനത്തിന്റെ സഹജമായ കുറവുകൾ എടുത്തു കാണിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ തലക്കെട്ടു 'ഉപയോഗികതാവിനു വേണ്ടിയുള്ള ട്രിബുണലുകൾ - ഒരു സംവിധാനം ഒരു സേവനം ' കുറച്ചു കൂടി ഒരേ തരത്തിലുള്ള ഭരണ നിർവഹണവും നടപടിക്രമവുമുള്ള പുതിയ തരത്തിലുള്ള ട്രിബുണൽ സംവിധാനത്തെ നിർദ്ദേശിച്ചു . ട്രിബുണലുകളുടെ ഉത്തരവിന് എതിരായുള്ള ഒരേ ഒരു വഴിയിലുള്ള അപ്പീലായിരിക്കണം സിംഗിൾ അപ്പെല്ലറെ ഡിവിഷൻ എന്നും നിർദ്ദേശിക്കപ്പെട്ട . അപ്പീലിന് ഏകീകൃത വഴിയിലുള്ള രണ്ട് ട്രിബുണലുകൾക്കുള്ള പുതിയ സംവിധാനം - ഒന്നാം ടയർ ട്രിബുണലുകളും അപ്പർ ട്രിബുണലും ക്രമപ്പെടുത്തി ട്രിബുണൽസ് കോർട്സ് ആൻഡ് എൻഫോഴ്സ്മെന്റ് ആക്ട് 2007 നിയമമാക്കി.

22. 2006-ൽ യുണൈറ്റഡ് കിങ്ഡം ട്രിബുണൽ സർവീസ് സൃഷ്ടിക്കുകയും ആയത് പിന്നീട് 2010-ൽ കോർട്സ് സർവീസിൽ ലയിക്കുകയും ആയതു സിങ്കൽ കോഹെസിവ് ജൂഡീഷ്യൽ ഘടന രൂപീകരിക്കുന്നതിനും രാജ്യസേവനത്തിനുമായി പരിണമിച്ചു .

23. കാനഡയിലെ ട്രിബുണൽ സംവിധാനം , അടുത്ത് ഉത്ഭവിച്ചതാണെങ്കിലും പ്രത്യേകമായ ശൈലിയിൽ നല്ലരീതിയിൽ സ്ഥാപിച്ചു. ഇംഗ്ലണ്ടിലെ സംവിധാനത്തിന് തുല്യമായി , കാനഡയിലും നീതിന്യായ സംവിധാനത്തിന്റെ ഒരു അടിത്തറയായി വിജയകരമായി ട്രിബുണൽ സംവിധാനം[7] - ഫെഡറൽ അല്ലെങ്കിൽ പ്രൊവിൻഷ്യൽ നിയമങ്ങൾ രൂപീകരിച്ചിരിക്കുന്നത് മനുഷ്യാവകാശം , ഇൻഷുറൻസ് ക്ലെയിമുകൾ എന്നീ പ്രത്യേക വിഷയങ്ങൾക്കായി പ്രത്യേക ട്രിബുണലുകളെ രൂപീകരിക്കുകയും അധികാരപ്പെടുത്തുകയും ചെയ്തു . ട്രിബുണലുകളുടെ പ്രവർത്തനം നിയന്ത്രിച്ചിരുന്നത് നിയമം മുഖേനയാണ്,വിഷയങ്ങളിൽ പ്രാഗൽഭ്യം ഉള്ളവരെയാണു സാധാരണ അംഗങ്ങളായി

---

7. മാലിക് , ലോകേന്ദ്ര; ലത കുസും ; കൗർ , അവനീത് , കോൺസ്റ്റിറ്റുഷ ഗോവെര്മെന്റ് ഇൻ ഇന്ത്യ (സത്യം ലോ ഇന്റർനാഷണൽ , ന്യു ഡൽഹി , 2016) 191 -ആം താളിൽ

8.കാനഡയിലെ കാര്യനിർവഹണ ട്രിബുണലുകൾ , ലഭ്യമാകുന്നത് http://www.thecanadianencyclopedia.ca/en/article/administrative-ട്രിബുണൽസ്/(10.09.2019 ൽ അവസാന സന്നർശ്ശിച്ചത്

നിയമിച്ചിരിക്കുന്നത് .

24. സിവിൽ കോടതികൾക്ക് തുല്യമായ അധികാരങ്ങൾക്കായി മിക്കവാറുമുള്ള ട്രിബുണലുകൾ അധികാരമുള്ളതായിരിക്കുന്നതു സ്വഗത നിയമത്തിൽ കൂടിയോ പൊതു നിയമങ്ങളിൽ കൂടിയുമാണ്. എന്നാലും കാനഡയിലെ ട്രിബുണലുകൾ കോടതികളെക്കാൾ ഔപചാരികത കുറഞ്ഞവയാണ് ആയതു പൊതുവെ കോടതി സംവിധാനത്തിൽ നിന്നും വിഭിന്നമാണ്; നിയമം ഉറപ്പു വരുത്തുന്നതിനായി അവരുടെ തീരുമാന നീതിന്യായ പുനഃപരിശോധനയ്ക്ക് വിധേയവുമാണ്. നമ്മുടെ നീതിന്യായ സംവിധാനത്തിന് തുല്യമായി കാനഡയുടെ ഭരണഘടനാ സുപ്പീരിയർ കോടതികളിലേക്കുള്ള ട്രിബുണലുകളുടെ വിധികൾ അപ്പീലുകൾക്കു വകുപ്പുകളിലെ അല്ലെങ്കിൽ ഒരു നിയമം പ്രത്യേകമായി നിരോധിക്കുകയാണെങ്കിലോ നീതി ന്യായങ്ങളുടെ പുനഃപരിശോധനാ സഹജ അധികാരവും നൽകുന്നു . കാനഡയുടെ സുപ്രീം കോടതിക്ക് തൊട്ടു താഴെയുള്ള ഫെഡറൽ കോടതിയാണ് കാനഡയിലെ ട്രിബുണലുകളുടെ ഉത്തരവിൻ മേലുള്ള അപ്പീലുകൾ കേൾക്കുന്നത്.

III ഓസ്ട്രേലിയ

25. ഇംഗ്ലണ്ടിലും കാനഡയിലും നിലവിലുള്ള സംവിധാനത്തിന്റെ ഏകീകരണമാണ് ഓസ്ട്രേലിയൻ സംവിധാന ട്രിബുണലുകൾ പ്രാഥമികമായി സിവിൽ കോടതിയുടെ ഭാരം കുറയ്ക്കുന്നതിനും സക്തമേറിയതും ചിലവില്ലാത്ത തരത്തിലും സമൂഹത്തിനു നീതി ന്യായം നല്കുന്നതിനുമാണ് ഓസ്ട്രേലിയൻ ട്രിബുണലുകൾ സ്ഥാപിച്ചത് . സാമൂഹിക സുരക്ഷാ ടാക്സേഷൻ എന്നിവ ഉൾപ്പടെയുള്ള വിവിധ തരം സർക്കാർ തീരുമാനങ്ങൾ പരിശോധിക്കുന്നതിനാണ് വിഭിന്നമായ ട്രിബുണലുകൾ നിലവിലുള്ളത്. വ്യക്തികളും, വ്യക്തികളും സംസ്ഥാനവും തമ്മിലുള്ള വിഷയങ്ങൾ തീരുമാനിക്കുക എന്നതാണ് ട്രിബുണലുകളുടെ വിവിധോദ്ദേശ്യം . അതായതു പല ഓസ്ട്രേലിയൻ സംസ്ഥാനങ്ങളിലും ട്രിബുണലുകൾ പ്രവർത്തിക്കുന്നത് സ്മാൾ ക്ലെയിംസ് കോടതികളായാണ്. രാജ്യത്തിന്റെ എല്ലാ കോടതികളിലും ട്രിബുണലുകളിലും അപ്പെല്ലറ്റോറി അധികാരത്തോടുകൂടിയ കോർട്ട് ഓഫ് അപ്പീൽസ് സുപ്രീം കോടതിയുടെ ഭാഗമാണ് .

IV അമേരിക്കൻ ഐക്യനാടുകൾ

26 . ഇതര കോമൺ ലോ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അധികാരങ്ങൾ വേർതിരിക്കുന്ന സിദ്ധാന്തം വളരെ കർശ്ശനമായി പാലിക്കുന്നു . നീതിന്യായ അധികാരങ്ങൾ കൈമാറുന്നില്ല , കോടതികൾ അല്ലാത്ത കാര്യനിർവഹണ ങ്ങളിൽ നീതിന്യായാധികാരം നിക്ഷിപ്തമാണ്. അഡ്മിനിസ്ട്രേറ്റീവ് പ്രൊസീജ്യർ നിയമം 1946,പ്രകാരമാണ് കാര്യനിർവഹണ പ്രവർത്തനത്തിനുള്ള നീതിന്യായ നിയന്ത്രണം ആരംഭിച്ചത്. എന്നാലും, പ്രസ്തുത നിയമത്തിൽ ട്രിബുണലുകളുടെ തീരുമാനങ്ങൾക്കുമേൽ നിയമവ്യാഖ്യാന ചോദ്യങ്ങളിൽ അപ്പീലുണ്ട്. എങ്കിലും, നീതിന്യായ പുനഃ പരിശോധനയ്ക്കുള്ള (വളരെ പരിമിതമാണെങ്കിലും) വ്യാപ്തി സാധൂകരിച്ചുകൊണ്ട് ഐക്യനാടുകളിലെ സുപ്രീം കോടതി വളരെ സ്വതന്ത്രമായ നിരീക്ഷണം നടത്തിയിരിക്കുന്നു .

V.ഫ്രാൻസ്

27. ഒരു സിവിൽ നിയമ സംവിധാന എന്നിരിക്കെ, ഫ്രാൻസിനു രണ്ടു നിയമ സംവിധാനങ്ങളുണ്ട് - പ്രൈവറ്റ് ലോ (droit prive) അഡ്മിനിസ്ട്രേറ്റീവ് ലോ (droit administratif[9]). അതിനൊരു പ്രത്യേക ട്രിബുണൽ അതായതു നീതിന്യായ കാര്യനിർവഹണ പ്രവർത്തനങ്ങൾക്കായി ട്രിബുണൽ ഡെസ് കോൺഫ്ലിക്ടസ്[10]. ട്രിബുണൽ ഡെസ് കോൺഫ്ലിക്റ്റ്സ് തീരുമാനങ്ങൾ പൂർണമായും നീതിന്യായ പുനഃപരിശോധനയുടെ പരിധിയിൽ അല്ല. ചില കാര്യനിർവഹണ പ്രവർത്തനങ്ങളിൽ നിന്നും നീതിന്യായ പുനഃപരിശോധനാ വ്യക്തമായി മാറ്റിയിരിക്കുന്നു. തുടർന്ന്, വ്യക്തികളും സംസ്ഥാനത്തെ ഉദ്യോഗസ്ഥരും തമ്മിലുള്ള തർക്ക പരിഹരിക്കുന്നതിന് കൌൺസിൽ D' ഏറ്റാറ്റ് രൂപീകരിച്ചു .

28. കാലത്തിനു അനുസരിച്ചു ഫ്രാൻസിലെ ട്രിബുണൽ സംവിധാനവും വികസിച്ചു . ഒരു പുതിയ മൂന്നു -ടയർ ട്രിബുണൽ സംവിദാനവും സ്ഥാപിച്ചു . ഒന്നാം ടയർ എന്നത് ട്രിബുണൽ അഡ്മിനിസ്ട്രേറ്റിഫ് -അഡ്മിനിസ്ട്രേറ്റീവ് കോർട്ട് അല്ലെങ്കിൽ എല്ലാ വിഷയങ്ങളും ഉൾകൊള്ളുന്ന വിശാല ന്യായാധികാരമുള്ള ഒറിജിനൽ കോടതി; രണ്ടാമത്തെ ടയർ കോർ അഡ്മിനിസ്ട്രേറ്റീവ് ഡി 'അപ്പൽ - അഡ്മിനിസ്ട്രേറ്റിവ് കോർട്ട് ഓഫ് അപ്പീൽ, ഒറിജിനൽ

9.ജോർജ് എ ബുർബൻ :എത്തിയാണ് പൈക്കാട് , ഇൻടൊഡക്ഷൻ ട്ടോ ഫ്രഞ്ച് ലോ

10 ബർലെറ്റ് , സി .എ ഹെർഷോഫ് , "ദ് ഫ്രഞ്ച് ജുഡീഷ്യൽ സിസ്റ്റം " 33 സി എൽ റ്റി 952. (1913.)

കോർട്ട് ഇത് നിന്നും അപ്പീലുകൾ തീരുമാനിക്കുന്നതിന്; മൂന്നാമത്തെ ശ്രേണി കൺസീൽ ഡി' ഏറ്റാറ്റ് - കോർട്ട് ഓഫ് ലാസ്റ്റ് റിസോർട്, ഒറിജിനൽ കോർട്ട് അല്ലെങ്കിൽ കോർട്ട് ഓഫ് അപ്പീലിൽ നിന്നും അപ്പീലുകൾ തീരുമാനിക്കുന്നതിന്. എന്നാലും കോമൺ ലോ രാജ്യങ്ങൾ ഒഴികെ ഫ്രാൻസിലെ അപ്പീൽ കോടതികൾക്ക് അധികാരത്തിൽ കവിഞ്ഞ നീതിന്യയായ് പുനഃപരിശോധനാ അധികാരമില്ല.

VI. തെക്കേ ആഫ്രിക്ക

29. ഇന്ത്യയെപ്പോലെ അധിനിവേശ ഉത്ഭവമുള്ള തെക്കേ ആഫ്രിക്ക ഇന്ത്യയെപ്പോലെ നിയമ സംവിധാനം ആർജ്ജിച്ചു . വിവിധ പ്രവർത്തനങ്ങളും നീതിന്യായ അർദ്ധ നീതിന്യായാധികാരങ്ങളും ഉള്ള മുൻ നിയമത്തിന്റെ സവിശേഷ സൃഷ്ടിയാണ് ഓരോ ട്രിബുണലുകളും. ഇന്ത്യയിലെ മിക്കവാറുമുള്ള നിരൂപകർക്കു അനസ്യൂതമായി ഐക്യമില്ലാത്തവയെന്നും, ചേർച്ചയില്ലാത്തവയെന്നും കൃത്യതയില്ലാത്തവയെന്നും പ്രസ്തുത ട്രിബുണലുകളെ നിരൂപീക്കാറുണ്ട് .

<u>സ്വദേശീയ അവബോധം</u>

30. താത്പര്യപൂർവ്വം ശ്രദ്ധിക്കേണ്ടത് നികുതി തർക്കങ്ങൾ വേഗത്തിലാക്കുന്നതിനു ഇൻകം റ്റാക്സ് അപ്പലേറ്റ് ട്രിബൂണൽ (ഐ റ്റി എ റ്റി) സ്ഥാപിച്ചപ്പോഴാണ് ഇന്ത്യയിൽ ട്രിബുണലുകളുടെ സ്ഥാപനം 1941 നു മുൻപ് ബന്ധപ്പെട്ടിരിക്കുന്നത് ട്രിബുണലുകൾ സ്ഥാപിക്കുന്നത് ക്രമപ്പെടുത്തുന്നതിന് 42-ആം ഭരണാഘടന ഭേദഗതി പ്രകാരം ആർട്ടിക്ൽ 323. എ 323. ബി ചേർത്ത്, ട്രിബുണലുകളുടെ സംയോജനവും രൂപീകരണവും അധികാരങ്ങളുടെ വിവരണവും. ഭരണഘടനയുടെ ആർട്ടിക്കിൾ 232. എ അല്ലെങ്കിൽ 323 ബി ൽ നൽകപ്പെട്ട പ്രസ്തുത ട്രിബുണലുകൾ സ്ഥാപിക്കുവാനുള്ള നിയമ നിർമ്മാണ അധികാരത്തിൽ ധാരാളം ട്രിബുണലുകൾ അതിനു ശേഷം സ്ഥാപിക്കപ്പെട്ടു ഇന്ത്യയിലെ മൂന്ന് -ടയർ ട്രിബുണൽ സംവിധാനത്തിന് ഫ്രാൻസ് ലെ നിലവിലുള്ള സംവിധാനത്തോട് ഐക്യമുണ്ട്. അപ്പീൽ കോടതി എന്ന നിലക്ക് ഹൈക്കോടതിയ്ക്ക് പ്രഥമ ന്യായാധികാര പരിധി ഉണ്ട്, സുപ്രീം കോടതി അന്തിമ തർക്കപരിഹാരമെന്നും. തുടർന്നും, ഇന്ത്യൻ ഭരണഘടനാ കാനഡയുടെ ഭരണഘടനയ്ക്ക് തുല്യമെന്ന് എടുത്തു പറയുന്നതിൽ അനൗചാത്യമില്ല അതായതു താഴെ

കോടതികൾക്ക് മേൽ ഭരണാഘടന കോടതികൾക്ക് നീതിന്യായ പുനഃ പരിശോധന സഹജ അധികാരം നല്കുന്നിടത്തോളം.

31. അതിനാൽ പുതിയതും പ്രത്യേകതയുള്ളതുമായ പരിഹാര തർക്ക അംഗങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യം പുതുമ ഉള്ളതല്ല എന്നാൽ കാലത്തിന്റെ വളർച്ചയിൽ ഉയർന്നു വന്നിട്ടുള്ളതാണ്.

I. ഭരണ പരിഷ്കാര കമ്മീഷൻ - 1966.

32. വിവിധ വിഷയങ്ങൾക്കായി അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലുകൾ സ്ഥാപിക്കുന്നതിനാണ് ഭരണനിർവഹണ നവീകരണ കമ്മീഷൻ സ്ഥാപിച്ചിരിക്കുന്നത്. സിവിൽ ജീവനക്കാർക്ക് എതിരെ ശിക്ഷണ നടപടിയുടെ തർക്കപരിഹാരത്തിനാണ് സിവിൽ സർവീസ് ട്രിബൂണലുകൾ സ്ഥാപിക്കുന്നത് ശുപാർശ ചെയ്തത് .

II. വാഞ്ചു കമ്മിറ്റി - 1970.

33. നികുതി തർക്കങ്ങൾ പെട്ടന്ന് പരിഹരിച്ചു ഇൻകം റ്റാക്സ് അപ്പലേറ്റ് ട്രിബുണൽ നവീകരിച്ചു ഫലപ്രദമായി സിവിൽ കോടതികൾക്ക് പകരം വയ്ക്കുന്നതിന് വാഞ്ചു കമ്മിറ്റി ശുപാർശ ചെയ്തു . പെട്ടന്നുള്ള പരിഹാരങ്ങൾക്കും തർക്കങ്ങൾ തീരുമാനിക്കുന്നത് ഉറപ്പു വരുത്തുന്നതിനും ഡയറക്ട് ടാക്സ് സ്റ്റലേമെൻറ് ട്രിബുണൽ രൂപീകരിക്കുന്നതിനും ശുപാർശ ചെയ്തു .

III. ഹൈക്കോടതിയുടെ കുടിശ്ശിക കമ്മിറ്റി റിപ്പോർട് -1972 (Arrears Committee Report-1972)

34. സർക്കാർ ജീവനക്കാർ ഫയൽ ചെയ്യുന്ന റിട്ട ഹർജിക്കളുടെ ഒഴുക്ക് തടയുന്നതിന് ഹൈക്കോടതിയെ ഭാരവിമുക്തമാക്കുന്നതിനും സർവീസ് കാര്യങ്ങൾ മാത്രം കാരികാര്യം ചെയ്യുന്നതിനുമായ പ്രത്യേക വ്യക്തിഗത ട്രിബുണലുകൾ സ്ഥാപിക്കേണ്ടതിന്റെ അടിയന്തര ആവശ്യം എടുത്തു പറഞ്ഞു ജസ്റ്റിസ് ജെസ്സി ഷാ നയിക്കുന്ന ഒരു കമ്മിറ്റി .

IV. സ്വരൺ സിംഗ് കമ്മിറ്റി - 1976.

35. ട്രിബുണൽ നിയന്ത്രിക്കുന്നതിനായും ഹൈകോടതിയുടെയും സുപ്രീം കോടതിയുടെയും റിട്ട് ന്യായാധികാരം കുറക്കുന്നതിന് ഭരണഘടനയുടെ ഭേദഗതി നിർദ്ദേശിച്ചു സമൂലമായ വീക്ഷണമെടുത്തു സ്വരണ് സിംഗ് കമ്മിറ്റി. ഈ റിപ്പോർട് നിയമവൃത്തങ്ങളിൽ ഏറെ നിരുപണം

കൈക്കൊള്ളുകയും പിന്നീട് സാകിനാല ഹരി നാഥ് v. സ്റ്റേറ്റ് ഓഫ് ആന്ധ്ര പ്രദേശ് [11]" കേസിൽ തള്ളുകയും ചെയ്തു .

V. രാഘവൻ കമ്മിറ്റി - 2002.

36. വാണിജ്യ മേഖലയിൽ ഉള്ള സമകാലികമായ മത്സരേതര പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുവാൻ രാഘവൻ കമ്മിറ്റി സ്ഥാപിച്ചു. കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (സി സി ഐ) സ്ഥാപിക്കുവാൻ ഈ കമ്മിറ്റി ശുപാർശ ചെയ്തു, മാർക്കറ്റിൽ നിശ്ചിത മത്സരം നിയന്ത്രിക്കുന്നതിനും ഉപഭോക്തൃ ക്ഷേമ സംരക്ഷണം വിഭാവനം ചെയ്യുകയുമുണ്ടായി . തുടർന്ന് , കോമ്പറ്റിഷൻ നിയമം , 2002. നിർമ്മിക്കുകയും സിവിൽ കോടതിയുടെ കുറച്ചു അധികാരങ്ങൾ ഫലപ്രദമായ സൂക്ഷ്മ പരിശോധനയ്ക്കും തർക്ക പരിഹാരത്തിനും സി സി ഐ ക്കു നൽകുകയുണ്ടായി.

37. ഔപചാരികത കുറഞ്ഞ തർക്കപരിഹാര നടപടികളിലൂടെ നീതിനിർവഹണം സുഗമമാക്കുന്നതിനുള്ള ഇതര വഴി ആയി ട്രിബുണലുകളെ കണക്കാക്കാവുന്നതാണ്. നിലവിലെ ഇന്ത്യയിലെ ട്രിബുണലുകളുടെയും ദേശാന്തര അധികാരപരിധിയുടെയും പരിശോധന കാണിക്കുന്നത് സാങ്കേതിക മികവ് ആവശ്യമുള്ള സർവീസ് നിയമം , ടാക്സ് നിയമം, കമ്പനി നിയമം അല്ലെങ്കിൽ പരിസ്ഥിതി നിയമം തുടങ്ങിയ സങ്കീർണ്ണ വിഷയങ്ങൾ നന്നായി കൈകാര്യം ചെയ്യുവാൻ കഴിയുമെന്നാണ് .

<u>ട്രിബുണൽ വൽക്കരണ നിയമനിർമ്മാണത്തിന്റെ വളർച്ച</u>

38. ഇന്ത്യയിൽ, ഭരണഘടനയിൽ ആർട്ടിക്കിൾ 323.എ 323. ബി അവതരിപ്പിച്ച് ഭരണഘടന (42-ആം ഭേദഗതി) നിയമം 1976 പ്രകാരം നീതിനിർവ്വഹണത്തിനായി ട്രിബുണലിസഷൻ ആവിർഭവിച്ചു.

ഈ വ്യവസ്ഥകൾ താഴെ പറയുന്നവയ്ക്കു ബാധകമാണ് .

"ഭാഗം XIV-എ ട്രിബുണലുകൾ

323 A. **അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലുകൾ** - (1) പാർലമെന്റിന് തർക്കപരിഹാരത്തിനോ അല്ലെങ്കിൽ കാര്യനിർവഹണ ട്രിബുണലുകളുടെ തർക്കങ്ങളുടെ വിചാരണക്കും ഇന്ത്യൻ

11. 1993(3.) എൽറ്റി 471.; എൽ ചന്ദ്രകുമാർ v. യൂണിയൻ ഓഫ് ഇന്ത്യ 1997.(2.) എസ് സി ആർ 1186. കൂടി കാണുക

പ്രദേശത്തുള്ള ഇതര അധികാരിയോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാനത്തെ അല്ലെങ്കിൽ യൂണിയനുമായി ബന്ധപ്പെട്ട തസ്തികകൾ , പൊതു സേവന വ്യവസ്ഥകളും നിയമനം സംബന്ധിച്ച പരാതികളും

(2.) ഉപവാക്യം (1.) പ്രകാരം ഉണ്ടാക്കിയ നിയമം -

(എ) യൂണിയനുവേണ്ടി അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ സ്ഥാപിക്കുന്നതിനും ഓരോ സംസ്ഥാനത്തിനുംഅല്ലെങ്കിൽ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കുവേണ്ടി പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലുകളും ;

(ബി) ഓരോ പ്രസ്തുത ട്രിബുണലുകളും നിർവഹിക്കേണ്ട പ്രത്യേക അധികാര പരിധി, അധികാരങ്ങൾ (കോടതിയലക്ഷ്യ ശിക്ഷണത്തിനുള്ള അധികാരം ഉൾപ്പടെ) അധികാരിയും;

(സി) പ്രസ്തുത ട്രിബുണലുകൾ അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ (തെളിവ് ചട്ടങ്ങളും ലിമിറ്റേഷൻ വ്യവസ്ഥകളും ഉൾപ്പടെ) ;

(ഡി) ആർട്ടിക്കിൾ 136. പ്രകാരം സുപ്രീം കോടതി

ന്യായാധികാരം ഒഴികെ എല്ലാ കോടതിയുടെയും ന്യായാധികാരം ഒഴിവാക്കി , ഉപവാക്യം (1.) ൽ പരാമർശ്ശിച്ച പരാതികളും അല്ലെങ്കിൽ തർക്കങ്ങളും സംബന്ധിച്ച;

(ഇ) എന്തെങ്കിലും കോടതിയിൽ നിലവിലുള്ള ഏതെങ്കിലും കേസ് പ്രസ്തുത കാര്യനിർവഹണ ട്രിബുണലുകളിലേക്കു മാറ്റുക അല്ലെങ്കിൽ ഇതര അധികാരിയിലുള്ളവ പ്രസ്തുത ട്രിബുണലിന്റെ സ്ഥാപനത്തിന് മുമ്പുള്ളവയും ആയതു പ്രസ്തുത ട്രിബുണലിന്റെ ന്യായാധികാരം ഉപരിധിയിൽ വന്നേക്കാവുന്നവയും പ്രസ്തുത അന്യായങ്ങളഉം അല്ലെങ്കിൽ നടപടിക്രമങ്ങളുടെയും വ്യവഹാരകാരണം പ്രസ്തുത സ്ഥാപനത്തിന് മുമ്പ് ഉണ്ടായാൽ ;

(എഫ്)ആർട്ടിക്കിൾ 371. ഡി ഉപവാക്യം (3.) പ്രകാരം പ്രസിഡന്റ് ഏതെങ്കിലും ഉത്തരവ് റദ്ദ് ചെയ്യുകയോ ഭേദഗതി വരുത്തുകയോ ചെയ്താൽ ;

(ജി)ഫലപ്രദമായ പ്രവർത്തനത്തിന് ആവശ്യമെന്നു പാർലമെന്റിനു തോന്നിയാൽ അനുബന്ധവും സഹജവും അനന്തരഫലവുമായ പ്രസ്തുത വകുപ്പുകൾ ഉൾപ്പടെ പെട്ടന്ന് കേസുകൾ തീർക്കുന്നതിനും , പ്രസ്തുത ട്രിബുണലുകളുടെ ഉത്തരവുകൾ നടപ്പാക്കുന്നതിനും .

(3.) ഈ ഭരണഘടനയുടെ മറ്റു വകുപ്പുകൾ അല്ലെങ്കിൽ പ്രാബല്യത്തിലുള്ള മറ്റു നിയമങ്ങൾ ഒഴികെ ഈ ആർട്ടിക്കിൾ ന്റെ വകുപ്പ് ബാധകമായിരിക്കും . 323. ബി -മറ്റു സാങ്കേതികൾക്കായുള്ള

ട്രിബുണലുകൾ .-

(1.) ഉചിതമായ നീതിന്യായം , നിയമത്താൽ , പരാതികൾ , തർക്കങ്ങൾ എന്നിവയുടെ ട്രിബുണലുകളാൽ ഉള്ള വിചാരണ അല്ലെങ്കിൽ തർക്ക പരിഹാരത്തിനും ഉപവാക്യം (2.) ൽ പ്രത്യേകം പറഞ്ഞിരിക്കുന്ന ഏതെങ്കിലും അല്ലെങ്കിൽ എല്ലാ കാര്യങ്ങളുമായി ബന്ധപ്പെട്ട കുറ്റങ്ങൾക്കും ആയതിൽ പ്രസ്തുത നിയമസഭയ്ക്ക് നിയമനിർമ്മാണ അധികാരം .

(2.) ഉപവാക്യം (1.) ൽ പരാമർശിക്കുന്ന വസ്തുതകൾ താഴെ പറയുംവിധം , അതായതു:-

(എ) ഏതെങ്കിലും , നികുതി ചുമതല, നിർണ്ണയം , ശേഖരണം , നടപ്പാക്കൽ ;

(ബി) മറുനാടൻ പണം, ഉപഭോക്താവിലൂടെ കയറ്റുമതിയും ഇറക്കുമതിയും;

(സി) വ്യവസായികവും തൊഴിൽ തർക്കങ്ങളും ;

(ഡി) ആർട്ടിക്കിൾ 31. എ ൽ നിർവ്വചിച്ചിരിക്കുന്ന ഭൂപരിഷ്ക്കരണങ്ങൾ ഏതെങ്കിലും തോട്ടം സംസ്ഥാനം ആർജിച്ചതു അല്ലെങ്കിൽ അതിലുള്ള ഏതെങ്കിലും അവകാശങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും പ്രസ്തുത അവകാശങ്ങൾ ഇല്ലാതാക്കുകയോ ഭേദഗതി വരികയോ അല്ലെങ്കിൽ കൃഷി ഭൂമി സീലിംഗ് നടത്തുന്നത് മുഖേന അല്ലെങ്കിൽ മറ്റു വാസികളിലൂടെ;

(ഇ) നാഗരിക വസ്തു സീലിംഗ് നടത്തുക ;

(എഫ്) ആർട്ടിക്കിൾ 329. , 329. എ -ൽ പരാമർശിച്ചിരിക്കുന്നവ ഒഴികെ പാർലമെന്റ് ന്റെ ഏതെങ്കിലും സഭ അല്ലെങ്കിൽ സഭയുടെ അല്ലെങ്കിൽ സംസ്ഥാനത്തെ നിയമനിർമ്മാണ സഭയുടെ ഏതെങ്കിലും സഭയുടെ തിരഞ്ഞെടുപ്പ് ;

(ജി) ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിതരണം (ഭക്ഷ്യയോഗ്യമായ എണ്ണക്കുരുക്കളും എണ്ണയും) മാറ്റ് ഇതര വസ്തുക്കളും പരസ്യ വിജ്ഞാപനത്തിലൂടെ പ്രസിഡന്റ് ഈ ആർട്ടിക്കിൾ ന്റെ ഉദ്ദേശത്തിനും ആവശ്യമായ വസ്തുക്കളെന്നു പ്രഖ്യാപിച്ചാലും പ്രസ്തുത വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും;

(എച്) വാടക, ഭൂഉടമയുടെയും വാടകക്കാരുടെയും അവകാശം , ഉടമസ്ഥത താത്പര്യം ഉൾപ്പടെ കൂടികിട വിഷയങ്ങളുടെ നിയന്ത്രണവും മേൽനോട്ടവും;

(ഐ) ഉപവാക്യങ്ങൾ (എ) മുതൽ (ഐ) ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന ഏതെങ്കിലും വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾക്കെതിരെയുള്ള കുറ്റങ്ങൾ;

(ജെ) ഉപവാക്യങ്ങൾ (എ) മുതൽ (ഐ) ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന ഏതെങ്ക്കിലും

വസ്തുതകൾക്ക് സഹജമായി വരുന്ന ഏതെങ്കിലും വസ്തുതകൾ.

(3.) ഉപവാക്യം (1.) പ്രകാരം ഉണ്ടാക്കിയ നിയമം -

(എ) ട്രിബുണലുകളുടെ അധികാരസരണി സ്ഥാപിക്കുന്നതിന്;

(ബി) ഓരോ പ്രസ്തുത ട്രിബുണലുകളും നിർവഹിക്കേണ്ട പ്രത്യേക ന്യായാധികാര പരിധി , അധികാരങ്ങൾ (കോർട്ടലക്ഷ്യ ശിക്ഷണത്തിനുള്ള അധികാരം ഉൾപ്പടെ) അധികാരിയും ;

(സി) പ്രസ്തുത ട്രിബുണലുകൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ (തെളിവ് ചട്ടങ്ങളും പരിമിതി വകുപ്പുകളും ഉൾപ്പടെ);

(ഡി) ആർട്ടിക്കിൾ 136. പ്രകാരം സുപ്രീം കോടതി ന്യായാധികാരം ഒഴികെ എല്ലാ കോടതിയുടെയും ന്യായാധികാരം ഒഴിവാക്കി, ഉപവാക്യം (1.) പരാമർശ്ശിച്ച പരാതികളും അല്ലെങ്കിൽ തർക്കങ്ങളും സംബന്ധിച്ച് ;

(ഇ) ഏതെങ്കിലും കോടതിയിൽ നിലവിലുള്ള ഏതെങ്കിലും കേസ് പ്രസ്തുത കാര്യനിർവഹണ ട്രിബുണലിലേക്കു മാറ്റുക അല്ലെങ്കിൽ ഇതര അധികാരിയിലുള്ളവ പ്രസ്തുത ട്രിബുണലിന്റെ സ്ഥാപനത്തിന് മുമ്പുള്ളവയും ആയതു പ്രസ്തുത ട്രിബുണലിന്റെ ന്യായാധികാര പരിധിയിൽ വന്നേക്കാവുന്നവയും പ്രസ്തുത അന്യായങ്ങളും അല്ലെങ്കിൽ നടപടിക്രമങ്ങളുടെയും വ്യവഹാരകാരണം പ്രസ്തുത സ്ഥാപനത്തിന് മുൻപ് ഉണ്ടായാൽ ;

(എഫ്) ഫലപ്രദമായ പ്രവർത്തനത്തിന് ആവശ്യമെന്നു യുക്തമായ നിയമനിർമ്മാണ സഭയ്ക്ക് തോന്നിയാൽ അനുബന്ധവും സഹജവും അനന്തരഫലവുമായ വകുപ്പുകൾ, (ഫീസിനുള്ള വകുപ്പുകൾ ഉൾപ്പടെ) പെട്ടന്ന് കേസുകൾ തീർക്കുന്നതിനും പ്രസ്തുത ട്രിബുണലുകളുടെ ഉത്തരവുകൾ നടപ്പാക്കുന്നതിനും .

(4.) ഈ ഭരണഘടനയുടെ മറ്റു വകുപ്പുകൾ അല്ലെങ്കിൽ പ്രാബല്യത്തിലുള്ള മറ്റു നിയമങ്ങൾ ഒഴികെ ഈ ആര്ടിസിലിന്റെ വകുപ്പ് ബാധകമായിരിക്കും.

39. ഭരണഘടനയുടെ ആർട്ടിക്കിൾ 323. എ ഇത് നിന്നും അധികാരം ഉൾകൊണ്ട, പാർലമെന്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽസ് നിയമം 1985 നിയമമാക്കി.

സ്ഥിരമായുള്ള സർവീസ് അപ്പീലുകൾക്കു പകരം ഒരു സംവിധാനം എന്നതാണ് പ്രാഥമിക ലക്ഷ്യം, മറിച്ചായാൽ ഭരണഘടനാ കോടതികളുടെ പ്രവർത്തനത്തെ കൂടുതൽ ഭാരവത്താക്കുന്നു. ഉയർന്ന കോടതികൾ പ്രധാനപ്പെട്ട ഭരണഘടനാ വാദങ്ങൾക്കും പൊതു സമൂഹവുമായി ബന്ധപ്പെട്ട

കാതലായ നിയമ ചോദ്യങ്ങളും പ്രാഥമികമായി പരിഗണിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നതെന്ന് അംഗീകരിച്ചു.

40. കൂടാതെ, ചില വിഷയങ്ങളിൽ സാങ്കേതിക മികവ് ഇല്ലായ്മ എടുത്തു കാണിച്ചു അനവധി വിധികളിൽ ഈ കോടതി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്, ട്രിബുണലുകൾ വഴി പ്രസ്തുത കേസുകൾ പെട്ടന്ന് തീർക്കേണ്ടതിന്റെ അടിയന്തര ആവശ്യം അതാണ്. എം .സി .മേത്ത v. യൂണിയൻ ഓഫ് ഇന്ത്യ. [12] -ൽ സൂചിപ്പിച്ചിരിക്കുന്നത് പരിസ്ഥിതി തർക്കങ്ങൾ കേൾക്കുന്നതിന് നീതി ന്യായ സാങ്കേതിക നിപുണരുള്ള സമർപ്പിത ട്രിബുണൽ ആവശ്യമുണ്ടെന്നതാണ്.

41. അനന്തരഫലമായി ദേശീയ പരിസ്ഥിതി ട്രിബുണൽ നിയമം 1995 ദേശീയ പരിസ്ഥിതി അപ്പലെറ്റ് അധികാരി നിയമം 1997 എന്നിവ നിയമമാക്കി. എന്തായാലും തർക്കങ്ങൾ പെട്ടന്ന് പരിഹരിക്കുന്നതിൽ ഇവക്കു പ്രാപ്തിയില്ല എന്ന് ഉടനെ കണ്ടു ആയതു ഇന്ത്യയുടെ നിയമ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം പരിഷ്കാരം ആവശ്യമെന്നു കണ്ടു. പരിതഃസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക ഫാസ്റ്റ് ട്രാക് കോടതി എന്ന നിലക്ക് ദേശീയ ഗ്രീൻ ട്രിബുണൽ (എൻ ജി റ്റി) സ്ഥാപിക്കുന്നതിന് വഴി തെളിച്ചു.

42. അതുപോലെ പ്രസ്തുത ആർട്ടിക്കിൾ ന്റെ ഉപവാക്യം (2.) ൽ ഉള്ള സാങ്കേതികൾക്കു അനുസരിച്ചു കുറ്റങ്ങൾക്കും അല്ലെങ്കിൽ പരാതികൾക്കും ട്രിബുണലിൽ ഏതെങ്കിലും തർക്കങ്ങളുടെ വിചാരണ അല്ലെങ്കിൽ തർക്ക പരിഹാരത്തിന് നിയമനിർമ്മാണം നടത്തുവാൻ യുക്തമായ നിയമനിർമ്മാണ സഭയ്ക്കു ആർട്ടിക്കിൾ 323. ബി അധികാരം നൽകുന്നു . ആർട്ടിക്കിൾ 323. ബി (2.) പ്രത്യേകമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിവിധ കാര്യങ്ങളുമായി വിശാലമായി ബന്ധപ്പെടുന്നവയുമാണ് ആയതു പാർലമെന്റ് -നും സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്കും ട്രിബുണലൈസേഷന്റെ പരിധിയിൽ കൊണ്ട് വരാവുന്നതാണ്.

<u>ട്രിബുണലിസഷന്റെ നീതിന്യായ വളർച്ച</u>

43. 'ട്രിബുണൽ' എന്ന വചനം അർദ്ധ - നീതിന്യായ അധികാരിയെയാണ് പരാമർശ്ശിക്കുന്നതെന്നു ഈ കോടതി അനവധി വിധികളിലൂടെ പ്രസ്താവിച്ചിട്ടുണ്ട്. ജസ്വന്ത് ഷുഗർ മിൽസ് ലിമിറ്റഡ് മീററ് v. ലക്ഷ്മി ചാന്ദ് ലൂടെ ഈ കോടതി പ്രസ്താവിച്ചത്

12. 1986(2.) എസ് സി സി 176

കാര്യനിർവഹണ വകുപ്പിന്റെ അല്ലെങ്കിൽ ട്രിബുണലിന്റെ ഭരണനിർവഹണ അംഗമാണോ നിശ്ചിത അംഗമെന്ന നിർണ്ണയിക്കുന്നതിനുള്ള ഒരു പരീക്ഷണമാണ്. നിശ്ചിത അംഗത്തിന് സിവിൽ കോടതിയുടെ അധികാരമുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കണം തർക്കപരിഹാരം അംഗത്തിന് തെളിവ് എടുക്കുന്നതിനും സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും തുടങ്ങിവയ്ക്കുമുള്ള അധികാരമുണ്ടെന്നും ആയതു ട്രിബുണൽ ആയി തരം തിരിക്കണമെന്നും വിധിക്കുകയുണ്ടായി.

44. വ്യവഹാരികളുടെ ആത്മവിശ്വാസം തൃപ്തിപ്പെടുത്തുന്ന രീതിയിലുള്ള സുരക്ഷിതവും ഫലപ്രദവുമായ നീതിനടപ്പാക്കൽ സംവിധാനത്തിന്റെ ആവശ്യം ഊന്നി പറഞ്ഞു ഈ കോടതിയുടെ മൂന്നംഗ ജഡ്ജിമാർ ബെഞ്ചിലെ ആർ. കെ. ജൈന v. യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ട്രിബുണൽ അംഗങ്ങൾ അർദ്ധ-നീതി ന്യായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ആയവയ്ക്ക നിശ്ചിത നിയമ നൈപുണ്യവും .അൽപ്പം നീതിന്യായ പരിചയവും നിയമ പരിശീലനവും അനിവാര്യമെന്നും തുടർന്നും നിരീക്ഷിച്ചു. അത് കൂടാതെ ട്രിബുണലുകൾ രൂപീകരിച്ചിരിക്കുന്നത് കോടതികൾക്ക് പകരമായതിനാൽ വ്യവഹാരികളുടെ വിശ്വാസം നിലനിർത്തുന്നതിനുള്ള കാര്യക്ഷമതയ്ക്ക വിട്ടുവീഴ്ച ചെയ്യാനാവില്ല. നീതിന്യായ പുനഃ പരിശോധനയും സുപ്രീം കോടതിയിൽ ഉള്ള അപ്പീൽ പരിഹാരവും ചെലവേറിയതും പ്രോത്സാഹനർഹമല്ലാത്തതിനാലും ട്രിബുണലുകൾ വഴിയുള്ള നീതി ന്യായ നടപ്പാക്കൽ ഇപ്പോഴും ദൂരവ്യാപക ആശയമാണെന്നത് സത്യമെന്നു പ്രസ്താവിച്ചു . സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ അപ്പീലിനുള്ള അവകാശം സാമ്പത്തികവും വിദൂരത്താത്തയുടെയും പരിമിതികൾ മൂലം പരിമിതമായി കാണുന്നു . ആയതിനാൽ , കോടതി നിർദ്ദേശിക്കുന്നത് രാജ്യത്തുടനീളം പുതിയ സംവിധാനം ഒരുക്കണമെന്നും പ്രസ്തുത ട്രിബുണലുകളുടെ രൂപീകരണത്തിന് ബാറിലെ അംഗങ്ങളെയും ഉൾപ്പെടുത്തണമെന്നും . ട്രിബുണലുകളുടെ പ്രവർത്തനവും അവയുടെ പ്രവർത്തനങ്ങളുടെ സ്ഥിരം മേൽനോട്ടവും പരിഷ്കരിക്കുന്നതു അടിയന്തര ആവശ്യമെന്നും ഊന്നി പറഞ്ഞു .

45. തുടർന്ന് , കേസുകൾ കെട്ടികിടക്കുന്നതിന്റെ പ്രശനം വിശകലനം ചെയ്യുന്നതിന് എൽ . ചന്ദ്രകുമാർ v. യൂണിയൻ ഓഫ് ഇന്ത്യ[15] -ൽ ഏഴു ജഡ്ജിമാരുടെ ഭരണഘടനാ ബെഞ്ച്

15.(1997.)3. എസ് സി സി 261.

വിദഗ്ധ കമ്മിറ്റികളുടെയും കമ്മീഷനുകളുടെയും റിപ്പോർട്ടുകൾ പരിശോധിച്ചു. പല ട്രിബ്യൂണലുകൾക്കും കാര്യക്ഷമതയില്ലായ്മയും വസ്തു നിഷ്ഠതക്കുറവും നീതി ന്യായ സമീപനത്തിലുള്ള പരാധീനതയും കാരണം പൊതു ജനങ്ങളുടെ വിശ്വാസം ആർജിക്കുവാൻ കഴിയുന്നില്ല എന്ന മളീമഠ് കമ്മിറ്റി റിപ്പോർട്ട് -ഇത് പരാമർശിക്കുകയും കാണുകയും ഉണ്ടായി . രാജ്യത്തു ട്രിബ്യൂണലുകളുടെ നിലവാരം ഉയർത്തുന്നതിന് തക്കതായ വഴികൾക്കായി ഈ കോടതി ആഹ്വാനം ചെയ്യുന്നു .

46. ഹൈക്കോടതികളുടെ പുനഃപരിശോധനാ ഒഴിവാക്കുന്നത് അനുവദനീയമല്ല എന്ന് വീണ്ടും പറഞ്ഞിരിക്കുന്നു മാത്രമല്ല അപ്പീൽ ഫോറം ഡൽഹിയിൽ സ്ഥിതിചെയ്യുന്നതിനാൽ കൂടുതൽ ആളുകൾക്കും പ്രാപ്യമല്ല എന്നിരിക്കെ സുപ്രീം കോടതിയിലേക്കുള്ള വ്യവഹാരിയുടെ അപ്പീൽ അവകാശം തടസ്സപ്പെടുത്തുന്നു എന്നും ആവർത്തിക്കപ്പെട്ടു . അംഗങ്ങളുടെ ചെറിയ കാലയളവും നീതിന്യായ അംഗങ്ങൾ അല്ലാത്തവരുടെ നീതി ന്യായ പരിചയക്കുറവും നിരുപിക്കുമ്പോൾ ട്രിബ്യൂണലുകളെ നയിക്കുന്ന എല്ലാ വ്യക്തികളുടെയും കാര്യക്ഷമത പുനഃ പരിശോധിക്കുന്നതിനായി ദീർഘവീക്ഷണമുള്ള ഒരു സംവിധാനം സ്ഥാപിക്കുന്നതിന്റെ ആവശ്യം ഈ കോടതി വിലയിരുത്തി . ട്രിബ്യൂണലുകളുടെ പ്രവർത്തനത്തിന്റെ മേൽനോട്ടത്തിന് 'ഒരു നോഡൽ മന്ത്രാലയത്തിന്റെ 'കീഴിൽ എല്ലാ ട്രിബ്യൂണലുകളെയും കൊണ്ട് വരണമെന്നും അതിനു നീതി ന്യായ മന്ത്രാലയമായിരിക്കും ഏറ്റവും ഉചിതം എന്നും നിർദ്ദേശിക്കപ്പെടുകയുണ്ടായി. മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിനു സ്വതന്ത്ര മേൽനോട്ട സമിതിയെ നിയമിക്കുന്നതിന് മന്ത്രാലയം സ്വാതന്ത്ര്യം നൽകി. കൂടാതെ ട്രിബ്യൂണൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങളും ഫണ്ടുകൾ വക തിരുത്തലും മറ്റെല്ലാ സങ്കീർണതകളും പ്രസ്തുത സംരക്ഷണ സംഘടനയിലൂടെ ഒഴിവാക്കണമെന്നും കോടതി വിലയിരുത്തി .

47. യൂണിയൻ ഓഫ് ഇന്ത്യ v. ആർ ഗാന്ധി പ്രസിഡന്റ്, മദ്രാസ് ബാർ അസോസിയേഷൻ[16] എന്ന കേസിൽ കോടതിയുടെ അഞ്ചു ജഡ്ജിമാരുടെ ഭരണഘടനാ ബെഞ്ച് കമ്പനി നിയമം (2)-ഭേദഗതി 2002. ൽ ഉൾപ്പെടുത്തിയ കൊമ്പനി നിയമം 1956. ലെ ഭാഗം 1- ബി 1-

16.(2020.) 11. എസ് സി സി 1.

സി എന്നിവയുടെ ഭരണഘടന സാധുത പുനഃപരിശോധിക്കുകയുണ്ടായി.

48. കോടതികൾക്ക് പകരം ട്രിബുണലുകൾ സ്ഥാപിച്ചാൽ അവയ്ക്ക സ്വാതന്ത്രര്യ്വും വിശ്വാസ്യതയും കാര്യക്ഷമതയും ഉണ്ടാവണമെന്നും ബെഞ്ച് നിരീക്ഷിച്ചു . കൂടാതെ സാധാരണ കോടതിയിൽ നിന്നും ട്രിബുണലുകളിലേക്കു ന്യായാധികാരപരിധിക്കു മാറ്റമുണ്ടായത് , ട്രിബുണൽ അംഗങ്ങൾ /ചുമതലയുള്ള ഉദ്യോഗസ്ഥരായി നീതി ന്യായ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തേണ്ടതാണ് . നീതി ന്യായ അംഗങ്ങൾക്ക് പുറമെ അധികമായി മാത്രമേ സാങ്കേതിക അംഗങ്ങളെ ഉൾപ്പെടുത്താവുന്നു അതും പ്രത്യേക അറിവ് ആവശ്യമായി വരുമ്പോൾ മാത്രം. പ്രത്യേകത ആവശ്യമില്ലാത്തപ്പോൾ ഏതെങ്കിലും സാങ്കേതിക അംഗങ്ങളെ ഉൾപ്പെടുത്തുന്നത് നീതിന്യായ വകുപ്പിന്റെ സ്വാതന്ത്രര്യത്തെ ദുർബലപ്പെടുത്തുന്നതിനും കൈയേറ്റം ചെയ്യുന്നതിനും തുല്യമാണ് .

49. കൂടുതൽ കാര്യനിർവഹണ/ സാങ്കേതിക അംഗങ്ങളെ ട്രിബുണലുകളിൽ ഉൾപ്പെടുത്തുന്നത് വഴി നീതി ന്യായ സ്വാതന്ത്രര്യത്തിൽ ക്രമേണയുള്ള കടന്നുകയറ്റമാണെന്നും ഉയർന്ന കാര്യനിർവഹണ പരിചയം മികച്ച വിധിന്യായത്തിനു കരണമായില്ലെന്നും കോടതി നിരീക്ഷിച്ചു . അത്തരം സംബ്രതായം പരിശോധിക്കേണ്ടതുണ്ടെന്നും പ്രസ്താവിക്കുകയും കൊമ്പനി നിയമം 1956. ലെ ഭാഗം 1-ബി, 1-സി യിൽ (2002-ലെ ഭേദഗതി പ്രകാരം) താഴെ ഖണ്ഡികയിൽ 120 -ൽ പറയും പ്രകാരം ആവശ്യമുള്ള തിരുത്തലുകൾ വരുത്തുകയും ചെയ്തു . പ്രസ്തുത ഖണ്ഡിക താഴെ ചേർക്കുന്നു.

"120. പ്രസ്തുത നിയമത്തിന്റെ ഭാഗങ്ങൾ 1-ബി 1-സി യിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് ഞങ്ങൾ തിരുത്തലുകൾ ക്രമീകരിക്കുന്നു:"

(ഐ.)ട്രിബുണലുകളിൽ നീതിന്യായ അംഗങ്ങളുടെ നിയമനത്തിനായി ജഡ്ജിമാരെയും അഭിഭാഷകരെയും മാത്രം പരിഗണിക്കാവുന്നു. ഹൈക്കോടതി ജഡ്ജിമാർ, അല്ലെങ്കിൽ ജില്ലാ ജഡ്ജി റാങ്കിൽ കുറഞ്ഞത് അഞ്ചു വർഷം ജഡ്ജിയായി സേവനം അനുഷ്ടിച്ചിട്ടുള്ള ജഡ്ജിമാർ അല്ലെങ്കിൽ പത്തു വർഷം വക്കീൽ പ്രാക്ടീസുള്ള വ്യക്തിയെ മാത്രമേ നീതിന്യായ അംഗ നിയമനത്തിന് പരിഗണിക്കാവൂ. വകുപ്പ് 10- എഫ് ഡി യുടെ ഉപവകുപ്പുകൾ (2.) (സി) (ഡി) -ൽ പറഞ്ഞിരിക്കുന്ന പ്രകാരം group എ യിൽപ്പെട്ട വ്യക്തികളോ ഇന്ത്യൻ കമ്പനി നിയമ സർവീസ് (ലീഗൽ ബ്രാഞ്ച്) ഇന്ത്യൻ ലീഗൽ സെർവിസ്സ് (Grade-I) പരിചയമുള്ള

കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരിൽ തുല്യ തസ്തികയിലുള്ള വ്യക്തികളെയും ജുഡീഷ്യൽ അംഗങ്ങളുടെ നിയമനത്തിന് പരിഗണിക്കുവാൻ കഴിയില്ല. കമ്പനി നിയമ സെർവിസ്സ് അല്ലെങ്കിൽ ഇന്ത്യൻ ലീഗൽ സെർവിസ്സ് -ൽ ഉള്ള പ്രാഗൽഭ്യം സാങ്കേതിക അംഗങ്ങളായ നിയമിക്കുന്നതിന് അവരെ ഏറ്റവും ഉപയുക്തരാക്കും .

(ii.) ഹൈക്കോടതിയുടെ പ്രവർത്തനങ്ങൾ എൻ സി എൽ റ്റി ഏറ്റെടുക്കുമ്പോൾ അംഗങ്ങൾക്ക് ഹൈക്കോടതി ജഡ്ജിമാരുടെ പോലെ തന്നെ സാധ്യമാകുന്ന സ്ഥാനവും പദവിയും ഉണ്ടായിരിക്കണം. ഇത് നേടാനാകുന്നത്, അംഗങ്ങൾക്ക് ഹൈക്കോടതി ജഡ്ജിയുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകിക്കൊണ്ടാണ് ഹൈക്കോടതി ജഡ്ജിമാർക്ക് അടുത്ത് തുല്യമായ റാങ്ക്, പരിചയം അല്ലെങ്കിൽ കാര്യക്ഷമതയുള്ള വ്യക്തികളെ അംഗങ്ങളായി നിയമിക്കുന്നത് ഉറപ്പു വരുത്തിക്കൊണ്ടാണ്. ആയതിനാൽ സെക്രെട്ടറിമാർ അല്ലെങ്കിൽ അഡിഷണൽ സെക്രെട്ടറിമാർ റാങ്കിലുള്ള ഓഫീസർ മാരെ മാത്രമേ ദേശീയ കമ്പനി നിയമ ട്രിബുണൽ സാങ്കേതിക അംഗങ്ങളായി നിയമനത്തിന് പരിഗണിക്കുവാൻ കഴിയു. വകുപ്പ് 10. എഫ് .ഡി യുടെ ഉപവകുപ്പ (3.) ന്റെ ഉപവാക്യം (എ) യും (ബി) യും ഉപവകുപ്പ (2.) ന്റെ ഉപവാക്യം (2.) ന്റെ ഉപവാക്യം (സി) യും (ഡി) യും പ്രകാരം ഗ്രൂപ്പ് എ തസ്തികയിൽ 15. വര്ഷം പരിചയമുള്ള വ്യക്തികളെയും അല്ലെങ്കിൽ ജോയിന്റ് സെക്രട്ടറി അല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന സർക്കാരിൽ തുല്യ തസ്തികയിൽ ഉള്ള വ്യക്തികളോ, ട്രിബുണൽ അംഗങ്ങളുടെ നിയമനത്തിന് യോഗ്യതയുള്ളവരെങ്കിൽ പോലെയും അസാധുവായിരിക്കുന്നതാണ് .

(iii.) ഒരു "സാങ്കേതിക അംഗം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ട്രിബുണൽ ബന്ധപ്പെട്ടിരിക്കുന്ന മേഖലയിലെ പരിചയമാണ്. അക്കൗണ്ട്സ് ബ്രാഞ്ചിൽ പ്രവർത്തിച്ച ഇന്ത്യൻ കമ്പനി നിയമ സർവീസിലെ ഒരു അംഗം അല്ലെങ്കിൽ കമ്പനി നിയമത്തിലെ കുറച്ചു കാര്യങ്ങളിൽ യാദൃശ്ചികമായി ഇടപെടേണ്ടി വന്ന മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരെ സാങ്കേതിക അംഗങ്ങളായി നിയമിക്കുന്നതിന് യോഗ്യതയുള്ള 'നിപുണർ' എന്ന് പരിഗണിക്കുവാൻ കഴിയില്ല. ആയതിനാൽ ഉപവകുപ്പ (3.) ലെ ഉപവാക്യം (എ) യും (ബി) യും സാധുവല്ല.

(iv.) ഉപവകുപ്പ (3.) ലെ ഉപവാക്യം (എഫ്) ലെ ആദ്യ ഭാഗത്തു പറഞ്ഞിരിക്കുന്ന പ്രകാരം

പ്രത്യേക അറിവുള്ള ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ ശാസ്ത്രം സാങ്കേതികത്വം സാമ്പത്തികശാസ്ത്രം , ബാങ്കിങ് , വ്യവസായത്തിൽ 20. വർഷങ്ങൾ തൊഴിൽ പരിചയമുള്ള വ്യക്തികളെ കമ്പനി നിയമത്തിലെ പ്രഗത്ഭരായ പരിഗണിക്കുമെന്നാണ് , കമ്പനി നിയമ ട്രിബുണലിൽ സാങ്കേതിക അംഗങ്ങളായി നിയമിതരാകുവാൻഅസാധുവാണ് .

(v.) വ്യവസായ സാമ്പത്തികം , വ്യവസായ ഭരണം , വ്യവസായ പുനർ നിർമ്മാണം, നിക്ഷേപം, അക്കൗണ്ടൻസി എന്നിവയിൽ പതിനഞ്ചു വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയവും നിരന്തര പ്രത്യേക അറിവും സമഗ്രതയും കഴിവുമുള്ള വ്യക്തികളെ കമ്പനിയുടെ പുനരുദ്ധാരണത്തിനും/പുനരധിവാസത്തിനും പ്രഗൽഭ്യമുള്ള വ്യക്തികളായി പരിഗണിക്കാവുന്നതാണ്. അതിനാൽ തന്നെ അംഗങ്ങളുടെ നിയമനത്തിന് പരിഗണിക്കുന്നതിന് അർഹവുമാണ് .

(vi.) ഉപവകുപ്പ (3) ലെ ഉപവാക്യം (ജി) -ൽ പരാമർശ്ശിക്കുന്ന തരത്തിലുള്ള വ്യക്തികൾക്ക് കുറഞ്ഞത് അഞ്ചു വർഷത്തെ പരിചയം വ്യക്തമാക്കിയിരിക്കണം .

(vii.) വകുപ്പ് 10- എഫ് ഡി -ലെ ഉപവകുപ്പ (3.) ലെ ഉപവാക്യം (എഫ്) ലെ അവസാന ഭാഗവും. ഉപവാക്യങ്ങൾ (സി), (ഡി), (ഇ), (ജി), (എച്) ഇന്ത്യൻ കമ്പനി നിയമ സർവീസ്, ഇന്ത്യൻ ലീഗൽ സർവീസ് സിവിൽ സർവ്വീസ് ഉള്ള സെക്രട്ടറി അല്ലെങ്കിൽ അഡിഷണൽ സെക്രട്ടറി എന്നീ ഉദ്യോഗസ്ഥരെ ട്രിബുണൽ സാങ്കേതിക അംഗങ്ങളുടെ നിയമന ആവശ്യത്തിന് പരിഗണിക്കുവാൻ കഴിയും.

(viii.) വകുപ്പ് 10. fx. ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് (അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ആൾ) ചെയർപേഴ്സണിയും ധനകാര്യ / കമ്പനി കാര്യാ മന്ത്രാലയത്തിലെ രണ്ടു സെക്രട്ടറി മാറും തൊഴിൽ മന്ത്രാലയത്തിലെ സെക്രട്ടറി , നീതി ന്യായ മന്ത്രാലയത്തിലെ സെക്രറട്ടറി എന്നിവർ അംഗങ്ങളായും ഉള്ള അഞ്ചാംഗ തിരഞ്ഞെടുപ്പ് കമ്മിറ്റിക്കു പകരം, തിരഞ്ഞെടുപ്പ് കമ്മിറ്റി താഴെ പറയുന്ന വിധത്തിലായിരിക്കണം.

എ . ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി - ചെയർപേഴ്സൺ (നിർണ്ണയ വോട്ടോടുകൂടി);

ബി . സുപ്രീം കോടതിയിലെ ഒരു സീനിയർ ജഡ്ജി അല്ലെങ്കിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് -

അംഗം;

സി . ധനകാര്യ കമ്പനി കാര്യാ മന്ത്രാലയത്തിലെ സെക്രട്ടറി - അംഗം;

ഡി . നീതി ന്യായ മന്ത്രാലയത്തിലെ സെക്രട്ടറി - അംഗം;

(ix.) നിയമനത്തിന് യോഗ്യത ഉണ്ടെങ്കിൽ ഓഫീസിൽ കാലയളവ് മൂന്നു വർഷത്തിൽ നിന്നും ഏഴു അല്ലെങ്കിൽ അഞ്ചു വര്ഷങ്ങള്ക്കു ഒന്നോ അതിലധികമോ കാലയളവിലേക്ക് മാറ്റം ഉണ്ടായേക്കാം. നിശ്ചിത മേഖലയിൽ നൈപുണ്യം നേടുന്നതിന് തക്കതായ സമയം ആവശ്യമാണ് എന്നതിനാലാണത്. മൂന്നു വർഷ കാലയളവ് വളരെ ചുരുങ്ങിയതാണ് , അംഗങ്ങൾ നിശ്ചിച്ചിത അറിവും, നൈപുണ്യവും, കാര്യക്ഷമതയും , നേടുമ്പോഴേക്കും ഒരു കാലയളവ് കഴിഞ്ഞിട്ടുണ്ടാകും. കൂടാതെ മൂന്നു വർഷ കാലയളവിന്നു വിരമിക്കൽ പ്രായം 65 വർഷമായി ഉൾകൊള്ളുമ്പോൾ ആയതു വിരമിച്ച വ്യക്തികൾക്കോ അല്ലെങ്കിൽ അടുത്ത തന്നെ വിരമിക്കുന്നവർക്കോ വേണ്ടി വിരമിക്കലിനു ശേഷമുള്ള അഭയസ്ഥാനമായിട്ടാണ് ഈ ട്രിബുണലുകൾ പ്രത്യേകമായി നിർമ്മിച്ചവയാണ് എന്ന് കണക്കാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതുപോലാകും. ഈ ട്രിബുണലുകൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കണമെങ്കിൽ അവർക്കു ന്യായമായ സേവന കാലയളവ് ലഭിക്കുന്ന യുവ അംഗങ്ങളെ ആകർഷിക്കുവാൻ കഴിയണം .

(x) അധ്യക്ഷൻ അല്ലെങ്കിൽ അംഗങ്ങൾ ആയി ഔദ്യോഗിക നിലയിൽ തുടരുമ്പോൾ അധ്യക്ഷൻ, അംഗങ്ങൾക്ക് പേരന്റ് കേഡർ / മന്ത്രാലയം / വകുപ്പ് - ൽ തങ്ങളുടെ ലീൻ അവകാശം നിലനിർത്താൻ സാധ്യമാക്കുന്ന വകുപ്പ് 10 എഫ് ലെ രണ്ടാം വർജനം അംഗങ്ങളുടെ സ്വാതന്ത്രര്യത്തിനു യോജിക്കുകയില്ല. എക്സ്സികൂട്ടീവ് സ്ഥാനത്തുനിന്നും പൂർണ്ണമായി വിട്ടു നിൽക്കുവാൻ അംഗമായി നിയമിക്കപ്പെടുന്ന ഏതൊരു വ്യക്തിയും തയ്യാറായിരിക്കണം. ആയതിനാൽ ലീൻ അവകാശം ഒരു വർഷത്തിൽ കൂടുതൽ ആക്കാൻ കഴിയില്ല.

(xi.) സേവനത്തിൽ സുരക്ഷയും സ്വാതന്ത്രര്യവും നിലനിർത്തുന്നതിന് വകുപ്പ് 10. - എഫ് ജെ - യുടെ ഉപവകുപ്പ (3.) , വകുപ്പ് 10 - എഫ് വി പ്രകാരം ട്രിബുണൽ അംഗം അല്ലെങ്കിൽ അധ്യക്ഷൻ/ചെയ്മാണ് ന്റെ സസ്പെന്ഷന് ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് - ന്റെ അനുമതിയോടു കൂടി മാത്രമേ കഴിയുകയുള്ളു .

(xii.) എല്ലാ ട്രിബുണലുകൾക്കുമുള്ള ഭരണ നിർവഹണ സഹായം നീതിന്യായ മന്ത്രാലയത്തിൽ നിന്നുമായിരിക്കണം. നിശ്ചിത സ്പോൺസറിംഗ് അല്ലെങ്കിൽ മാതൃ മന്ത്രാലയത്തിൽ നിന്നോ

അല്ലെങ്കിൽ വകുപ്പിൽ നിന്നോ ട്രിബുണലുകൾ അല്ലെങ്കിൽ അംഗങ്ങൾ സൗകര്യങ്ങൾ ആവശ്യപ്പെടുവാനോ സ്വീകരിക്കുവാനോ പാടില്ല .

(xiii) ട്രിബുണലിന്റെ രണ്ടംഗ ബെഞ്ചുകൾക്കു എല്ലായ്പ്പോഴും ഒരു ജുഡീഷ്യൽ അംഗമുണ്ടായിരിക്കണം. വലുതോ പ്രത്യേകമോ ആയ ബെഞ്ചുകൾ എപ്പോൾ രൂപീകരിച്ചാലും ജുഡീഷ്യൽ അംഗങ്ങളേക്കാൾ സാങ്കേതിക അംഗങ്ങളുടെ എണ്ണം കൂടുവാൻ പാടില്ല".

50. പിന്നീട്, മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇനത്തിൽ (2014.)[17.] കേസിൽ ദേശീയ റ്റാക്സ് ട്രിബുണൽ നിയമം 2005 ലെ പുതിയതായി രൂപീകരിച്ച ദേശിയ റ്റാക്സ് ട്രിബുണൽ എടുത്തു മാറ്റുകയും ട്രിബുണലിനു (കൾക്ക്) പകരമാകേണ്ട അംഗങ്ങളുടെ സേവന മാനദണ്ഡങ്ങളും നിയമന നടപടി ക്രമവും കോടതികളിലെ ജഡ്ജിമാർക്ക് തുല്യമായിരിക്കണമെന്നും നിരീക്ഷിച്ചു .

51. പ്രൊഫഷണൽ ലീഗൽ യോഗ്യതകളും തക്കതായ നിയമ പരിചയവും ഉള്ളവർക്ക് മാത്രമേ സങ്കീർണ്ണ നിയമ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തിയുള്ളു എന്ന് വിധിക്കപ്പെട്ടു. വ്യവഹാരിയായ കക്ഷി (സർക്കാർ) ട്രിബുണൽ അംഗങ്ങളുടെ നിയമന പ്രക്രിയയിൽ പങ്കാളികളാകാൻ പാടില്ല. അതുപോലെ പുനർനിയമനത്തിനും അല്ലെങ്കിൽ കാലയളവ് കൂട്ടുന്നതിനുമുള്ള നിബന്ധന ട്രിബുണൽ അംഗങ്ങളുടെ സ്വാതന്ത്ര്യത്തിനു വസ്തുതാപരമായി തന്നെ പക്ഷപാതപരമാണ്. ആദ്യ വ്യവഹാര കോടതികൾക്ക് പകരമാക്കിയ ട്രിബുണലുകളിലെയും ഹൈക്കോടതികൾക്കു കീഴിൽ വരുന്നതല്ലാത്ത കോടതികളിലെയും നിയമനത്തിൽ ഒരു വ്യത്യാസം വരുത്തിയിട്ടുണ്ട്.

52. ട്രിബുണലിന്റെ ആസ്ഥാനം ഡൽഹി ആയി സ്ഥാപിച്ചത് രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലുള്ള വ്യവഹാരികൾക്കു ബുദ്ധിമുട്ടു ഉണ്ടാക്കുകയും സൗകര്യപ്രദമായി നീതി പ്രാപ്യമാക്കുന്നതിന് തടസ്സമാകുകയും ചെയ്യുമെന്ന് തുടർന്നും ആവർത്തിച്ച് പറഞ്ഞു. കൂടാതെ സ്വാതന്ത്ര്യവും നീതിയും നിലനിർത്തുന്നതിന് ട്രിബുണൽ അംഗങ്ങളിൽ കേന്ദ്ര സർക്കാർ ഭരണ നിയന്ത്രണം ഏർപ്പെടുത്തുന്നത് ഉചിതമല്ല .

53. മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇന്ത്യ (2015.)[18.] കേസിൽ കമ്പനി നിയമം 2013 ൽ വിവക്ഷിച്ചിരിക്കുന്ന ദേശീയ കമ്പനി നിയമ ട്രിബുണൽ (എൻ സി എൽ റ്റി)

17.(2014.) 10. എസ് സി സി 1.

18.(2015.) 8. എസ് സി സി 583.

ദേശീയ കമ്പനി നിയമ അപ്പലേറ്റ് ട്രിബ്യൂണൽ (എൻ സി എൽ റ്റി) ചോദ്യം ചെയ്തു. താത്പര്യപൂർവം കമ്പനി നിയമം 2013 ന്റെ അധ്യായം XXVII. പരിശോദിക്കുമ്പോൾ, അതായതു വകുപ്പുകൾ 407 മുതൽ 434 വരെ, എൻ സി എൽ റ്റി സ്ഥാപിക്കുന്നത് ഭരണഘടനാ പരമല്ലാത്തതു അല്ല എങ്കിലും ആർ. ഗാന്ധി (മേൽ പരാമർശം) കേസിലുള്ള വിധി അനുസരിച്ച് ന്യൂനതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്നും ഈ കോടതി വിധിച്ചു.

54. അവസാനം, ഗുജറാത്ത് ഊർജ്ജ വികാസ് ലിമിറ്റഡ് v. എസ്സാർ പവർ ലിമിറ്റഡ് [19].- ൽ ത്രുപീളരാനാവും, ട്രിബ്യൂണലുകളുടെ പ്രവർത്തനവും നിയമ പ്രകാരവുമുള്ള ചട്ടക്കൂടും പരിശോധിക്കുമ്പോൾ, എൽ. ചന്ദ്രകുമാർ മദ്രാസ് ബാർ അസോസിയേഷൻ (2004) (മേൽ പരാമർശം) കേസിൽ മുമ്പുള്ള വിധികൾ ഈ കോടതിയുടെ അപ്പീൽ പരിഹാരം ബാധകമാണെന്നും ആയതിന്റെ ചിലവും അപ്രാപ്യതയും കാരണം ഇല്ലാതാക്കിയെന്നും ഈ കോടതി ആവർത്തിച്ച്. കൂടാതെ, ഈ കോടതിയിലേക്ക് എല്ലാ ട്രിബ്യൂണലുകളിൽ നിന്നും അപ്പീലുകൾ നേരിട്ട് പ്രവഹിക്കുന്നത് പ്രാഥമിക ഭരണഘടനാ ഭാഗം പൂർത്തീകരിക്കുന്നതിനുള്ള കാര്യക്ഷമതയ്ക്കും തടസ്സം ഉണ്ടാക്കുന്നു. അപെല്ലറ്റ് ട്രിബ്യൂണലുകൾ, ജുഡീഷ്യൽ ഇതര അംഗങ്ങളായിരിക്കേ സങ്കീർണ്ണ നിയമ പ്രശ്നങ്ങൾ തീർപ്പുകൽപ്പിച്ചു കൊണ്ടിരുന്നതിനാൽ, ഈ കോടതി ട്രിബ്യൂണലുകളുടെ ത്രുപീകരണം പുനഃപരിശോധിക്കുകയും ഇത് സംബന്ധിച്ച് ഇന്ത്യയുടെ നിയമ കമ്മീഷനിൽ ഒരു പരാമർശം വയ്ക്കുകയുമുണ്ടായി. ഇതിനു ശേഷം, ഇന്ത്യയുടെ നിയമ കമ്മീഷൻ, 272 ആം റിപ്പോർട്ടിൽ "Assessment of statutory frame works in India" എന്ന ശീർഷകത്തിൽ ഇന്ത്യയിലെ ട്രിബ്യൂണലിസഷനുമായി ബന്ധപെട്ട നിയമപ്രകാരമുള്ള ചട്ടക്കൂടിൽ വിശദമായ വിശകലനം നൽകി .

ഫിനാൻസ് നിയമം, 2017: നിയമ നിർമ്മാണ പശ്ചാത്തലം

55. നിലവിലുള്ള ഒരു കൂട്ടം കേസുകളിൽ പ്രാഥമിക വെല്ലുവിളി ഫിനാൻസ് നിയമം, 2017 ആണ്. "2017.-18 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര സർക്കാർ ധനകാര്യ നിർദ്ദേശങ്ങളാണ് " ഈ നിയമം ബാധകമാക്കുവാൻ ഉദ്ദേശിച്ചതെങ്കിലും ഭാഗം XIV. -ൽ ഉൾപ്പെടുന്ന വിപുലമായ

19.(2016.) 19. എസ് സി സി 103.

വകുപ്പുകൾ "ട്രിബ്യൂണലുകളുടെയും മറ്റ് അധികാരികളുടെയും ലയനത്തിനും ചെയർപേഴ്സൺമാർ, അംഗങ്ങൾ തുടങ്ങിയവരുടെ സേവന വ്യവസ്ഥകൾക്കുമുള്ള കേന്ദ്ര നിയമങ്ങളുടെ ഭേദഗതികളും" ബാധകമാക്കുന്നതിനാണ് .

56. ഫിനാൻസ് നിയമം 2017. ന്റെ ഭാഗം XIV. പരിശോധിക്കുമ്പോൾ, വിവിധ ട്രിബ്യൂണലുകൾക്കു അടിത്തറയായ ഇരുപത്തിയഞ്ചു കേന്ദ്ര നിയമങ്ങൾ പാർലമെന്റ് ഭേദഗതി വരുത്തിയത് എങ്ങനെ എന്ന് 158 മുതൽ 182 വരെ വകുപ്പുകൾകൊണ്ട് കാണുന്നു .നേരത്തെയുള്ള ഈ കോടതി വിധികളിലെ ട്രിബ്യൂണലുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നുവെന്നു അറ്റോർണി ജനറൽ വാദിച്ചു .

57. ഓരോ വകുപ്പും പ്രത്യേക ട്രിബ്യൂണലിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത് എന്നതൊഴിച്ചാൽ ഭാഗം XIV ലെ വകുപ്പുകൾ 158. മുതൽ 182. വരെ വിശാലമായി ഒരേ വിഷയത്തെക്കുറിച്ചാണ് പരാമർശിക്കുന്നതു .അംഗങ്ങളുടെയും വിവിധ ട്രിബ്യൂണലുകളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെയും ഒരേ ക്രമത്തിലുള്ള യോഗ്യതകളും , നിയമനവും , ഓഫീസ് കാലയളവും , ശമ്പളവും അനുകൂല്യങ്ങളും , രാജി , നീക്കൽ തുടങ്ങിയ സേവന വ്യവസ്ഥകളും നിബന്ധനകളും പാർലമെന്റ് ആർജ്ജിച്ച രീതി മനസിലാക്കുന്നതിന് ഫിനാൻസ് നിയമം 2017. ലെ ഭാഗം XIV. ലെ വകുപ്പുകൾ 158. 173. എടുത്തു വിശദമായി പറയുന്നത് മതിയാകുന്നതാണ് . വകുപ്പ് 173. താഴെ പറയും വിധമാണ് :

"1. - സിനിമാറ്റോഗ്രാഫ് നിയമം 1952 ഭേദഗതി

173. സിനിമാറ്റോഗ്രാഫ് നിയമം, 1952 ൽ, വകുപ്പ് 5. ഡി . യ്ക്ക് ശേഷം താഴെ പറയുന്ന വകുപ്പ് ചേർത്ത്, അതായതു:-

"5. E. ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത് കൂടാതെ ഫിനാൻസ് നിയമം 2017. ലെ അധ്യായം VI ലെ ഭാഗം XIV പ്രാബല്യത്തിൽ വന്നതിനു ശേഷം നിയമിതനായ അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർമാൻ, മറ്റ് അംഗങ്ങൾ എന്നിവരുടെ യോഗ്യതകളും, നിയമനവും, ഓഫീസ് കാലയളവും, ശമ്പളവും അനുകൂല്യങ്ങളും രാജി, നീക്കൽ, മറ്റ് സേവന വ്യവസ്ഥകളും നിബന്ധനകളും പ്രസ്തുത നിയമത്തിലെ വകുപ്പ് 184. പ്രകാരമാണ്. എന്നാൽ ഫിനാൻസ് നിയമം 2017 അധ്യായം VI. ഭാഗം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിയമിതനായ ചെയർമാൻ, അംഗം ഫിനാൻസ് നിയമം , 2017. ലെ വകുപ്പ് 184.

പ്രാബല്യത്തിൽ വരാത്തതുപോലെ പ്രസ്തുത നിയമവും ചട്ടങ്ങളും അനുസരിച്ചു തുടർന്നും ബാധകമായിരിക്കും "

58. ഇത് കൂടാതെ, ഭാഗം XIV ലെ ചില വകുപ്പുകളും നിലവിലുള്ള ട്രിബുണലുകളോട് സംയോജിക്കുന്നു. പ്രസ്തുത വകുപ്പുകൾക്ക് ഒരു ഉദാഹരണമായി വകുപ്പ് 158. താഴെ എടുത്തു പറയുന്നു വകുപ്പ് 173. ലെ ഘടകങ്ങൾ ഉൾപ്പെടെ, സംയോജനം ബാധകമാക്കുന്നു .

"158. 1947 ലെ 14-ആം ഭേദഗതി - വ്യവസായ തർക്കങ്ങൾ നിയമം, 1947 പ്രകാരം,-

(എ) വകുപ്പ് 7 എ -ൽ ഉപവകുപ്പ് (1)നു ശേഷം, തുടർന്നുള്ള ഉപവകുപ്പ് ചേർക്കണം, അതായതു :-

"(1 എ) ഫിനാൻസ് നിയമം, 2017. അധ്യായം VI ഭാഗം XIV പ്രാബല്യത്തിൽ വന്നത് മുതൽ കേന്ദ്ര സർക്കാർ രൂപീകരിച്ച വ്യവസായ ട്രിബുണൽ ഉപവകുപ്പ് (1) പ്രകാരം എംപ്ലോയീസ് പ്രോവിഡന്റ് ഫൻഡ്സ് മിസെല്ലനെസ് പ്രൊവിഷൻസ് നിയമം, 1952. (1952 ലെ 19) ലെ വകുപ്പ് 7 ഡി -ൽ പരാമർശിച്ച നീതിന്യായ അധികാരങ്ങളും വിനിയോഗിക്കാം".

(ബി.) വകുപ്പ് 7. സി യ്ക്കുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കണം, അതായതു:

"7.ഡി. മേൽ നോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ യോഗ്യതകളും സേവന വ്യവസ്ഥകളും നിബന്ധനകളും .-

ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത് കൂടാതെ വകുപ്പ് 7.എ ലെ ഉപവകുപ്പ് (1.) ഉള്ള കേന്ദ്ര സർക്കാർ നിയമിച്ച വ്യവസായ ട്രിബുണലിലെ മേൽ നോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ യോഗ്യതകളും നിയമനവും ഓഫീസ് കാലയളവും ശമ്പളവും രാജി, നീക്കൽ , മറ്റു സേവന വ്യവസ്ഥകളും നിബന്ധനകളും ഫിനാൻസ് നിയമം 2017. അധ്യായം . VI. ഭാഗം പ്രാബല്യത്തിൽ വന്നത് പ്രസ്തുത നിയമത്തിലെ വകുപ്പ് 184. പ്രകാരമാണ് :

ഫിനാൻസ് നിയമം, 2017 ലെ വകുപ്പ് 184 പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നിയമിതനായ പ്രിസൈഡിംഗ് ഓഫീസർ ഫിനാൻസ് നിയമം 2017 വകുപ്പ് 184 പ്രാബല്യത്തിൽ വരാത്തതുപോലെ, ഈ നിയമവും അതുപ്രകാരം രൂപീകരിച്ച ചട്ടങ്ങളും പ്രകാരം ബാധകമായിരിക്കും. "

59. 158 മുതൽ 182 വരെയുള്ള സമാനമായി രചിക്കപ്പെട്ട വകുപ്പുകളിൽ ശ്രദ്ധേയമായ രണ്ടു പ്രത്യേക പദപ്രയോഗം ഉണ്ട്. ഒന്നാമതായി, ഓരോ വകുപ്പും തുടങ്ങുതാനും non-obstante ഉപവാക്യത്തിലാണ്, '..... നിയമത്തിൽ പറഞ്ഞിരിക്കുന്നത് കൂടാതെ, ഫിനാൻസ് നിയമം 2017. ലെ അധ്യായം VI. ലെ ഭാഗം XIV. പ്രാബല്യത്തിൽ വന്നതിനു ശേഷം നിയമിതനായ അപ്പലേറ്റ് ട്രിബുണലിലെ ചെയർമാൻ, മറ്റു അംഗങ്ങളുടെയും യോഗ്യതകളും, നിയമനം, ഓഫീസ് കാലയളവും ശമ്പളം ആനുകൂല്യങ്ങളും രാജി നീക്കൽ മറ്റു സേവന വ്യവസ്ഥകളും നിബന്ധനകളും വകുപ്പ് 184. പ്രകാരം ബാധകമായിരിക്കും "

രണ്ടാമതായി ഫിനാൻസ് നിയമത്തിലെ വകുപ്പ് 184 ഫിനാൻസ് നിയമം 2017 ലെയും ഭേദഗതി വരുത്തിയ മറ്റു ഇരുപത്തിയഞ്ചു നിയമങ്ങളിലെയും വകുപ്പുകൾ അസാധുവാക്കുന്നു .

60. വകുപ്പ് 184 കൊണ്ട് വന്ന നിയമനിർമ്മാണ ഉദ്ദേശം അവലോകനം ചെയ്യാൻ "ട്രിബുണലുകളുടെയും, അപ്പലേറ്റ് ട്രിബുണലുകളുടെയും മറ്റു അധികാരികളുടേയു അംഗങ്ങളുടെയും ചെയർപേഴ്സണുകളുടെയും സേവന വ്യവസ്ഥകൾ" എന്ന ശീർഷകത്തിൽ കാണപ്പെടുന്ന നിയമത്തിന്റെ ഉപഭാഗം 'എസ്' തൊട്ടു മുമ്പുള്ള വകുപ്പ് 183 പരാമർശിക്കണം. 183, 184 വകുപ്പുകൾ ഒരുമിച്ചു വായിക്കേണ്ടതിനാൽ രണ്ടും താഴെ എടുത്തു പറയുന്നു:

"എസ്.- ട്രിബുണലുകളുടെയും അപ്പലേറ്റ് ട്രിബുണലുകളുടെയും ചെയർപേഴ്സൺ മറ്റു അധികാരികളുടെയും സേവന വ്യവസ്ഥകൾ.

183. വകുപ്പ് 184. ന്റെ പ്രയോഗം - പ്രസ്തുത നിയമങ്ങളിലെ എട്ടാം പട്ടികയിലെ കോളം (3.) ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന നിയമങ്ങൾക്കു വിരുദ്ധമായി, നിയമിതനായ തീയതി മുതൽ ട്രിബുണൽ അപ്പലേറ്റ് ട്രിബുണൽ അംഗം അല്ലെങ്കിൽ പ്രൈസിഡിംഗ് ഓഫീസർ, ഉപാധ്യക്ഷൻ, അധ്യക്ഷൻ, വൈസ് ചെയർമാൻ, ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ചെയർപേഴ്സൺ എന്നിവർക്ക് 184 ബാധകമായിരിക്കും അല്ലെങ്കിൽ നിശ്ചിത അവസ്ഥക്ക് പ്രസ്തുത പട്ടികയിലെ കോളം (2.) ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന മറ്റു അധികാരികൾ:

മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ, ഉപ -അധ്യക്ഷൻ, അധ്യക്ഷൻ, വൈസ് ചെയർമാൻ, ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ചെയർപേഴ്സൺ അല്ലെങ്കിൽ നിശ്ചിത

അവസ്ഥയിൽ, നിലവിൽ പ്രസ്തുത ഔദ്യോഗിക സ്ഥാനം വഹിക്കുന്ന അംഗം നിയമിക്കപ്പെടുന്ന തീയതിക്ക് തൊട്ടു മുമ്പ് വകുപ്പ് 184. ബാധകം ആയിരിക്കുകയില്ല

184. ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ മറ്റു അധികാരങ്ങളിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, അംഗങ്ങൾ തുടങ്ങിയവരുടെ യോഗ്യതകൾ, നിയമനം, സേവന വ്യവസ്ഥകളും മാനദണ്ഡങ്ങളും ശമ്പളവും ആനുകൂല്യങ്ങളും തുടങ്ങിയവ-

(1.) കേന്ദ്ര സർക്കാർ, എട്ടാം പട്ടികയിലെ കോളം (2) ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന പ്രകാരം ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ അംഗം പ്രിസൈഡിംഗ് ഓഫീസർ, അധ്യക്ഷൻ, ഉപ അധ്യക്ഷൻ, വൈസ് ചെയർമാൻ, ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ചെയർ പേഴ്സൺ യോഗ്യതകളും, നിയമനം, ഓഫീസ് കാലയളവ്, ശമ്പളവും ആനുകൂല്യങ്ങളും, രാജി, നീക്കൽ മറ്റു സേവന വ്യവസ്ഥകളും നിബന്ധനകൾക്കുമായി ഔദ്യോഗിക വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കണം.

കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങളിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന കാലയളവിലേക്ക് ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ അല്ലെങ്കിൽ മറ്റു അധികാരങ്ങളിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ചെയർമാൻ, വൈസ് ചെയർമാൻ, അധ്യക്ഷൻ, ഉപ അധ്യക്ഷൻ , മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അംഗം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ് എന്നാൽ അദ്ദേഹം ഉദ്യോഗത്തിൽ ചേർന്ന തീയതി മുതൽ അഞ്ചു വർഷത്തിൽ കൂടുവാൻ പാടില്ലാത്തതും പുനഃ നിയമനത്തിന് യോഗ്യനായിരിക്കും:

തുടർന്നും പറഞ്ഞിരിക്കുന്നത് ഒരു ചെയർപേഴ്സൺ, vice-ചെയർപേഴ്സൺ, ചെയർമാൻ വൈസ് ചെയർമാൻ, അധ്യക്ഷൻ, ഉപാധ്യക്ഷൻ, പ്രിസൈഡിംഗ് ഓഫീസർ അല്ലെങ്കിൽ അംഗം കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങളിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന വയസ്സിനു ശേഷം ഉദ്യോഗത്തിൽ തുടരുവാൻ പാടില്ലാത്തതും ആയതു താഴെ പറയുന്നതിനേക്കാൾ കൂടുവാൻ പാടില്ലാത്തതുമാണ്.

(എ) ചെയർപേഴ്സൺ, ചെയർമാൻ (സെക്യൂരിറ്റീസ് അപ്പലേറ്റ് ട്രിബുണൽ അധ്യക്ഷൻ അല്ലെങ്കിൽ പ്രിസൈഡിംഗ് ഓഫീസർ), അയാൽ എഴുപതു വയസ്സ്;

(ബി) വൈസ് ചെയർപേഴ്സൺ, വൈസ് ചെയർമാൻ, ഉപാധ്യക്ഷൻ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ മറ്റു അംഗം (കേന്ദ്ര സർക്കാർ വക ഡെബ്റ്റ് റിക്കവറി (ട്രിബുണൽ, വ്യവസായ ട്രിബുണൽ) ആയാൽ 67 വയസ്സ്

(സി) ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ അല്ലെങ്കിൽ നിശ്ചിത അവസ്ഥയിൽ മറ്റു അധികാരങ്ങളിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, വൈസ് ചെയർമാൻ, ഉപാധ്യക്ഷൻ, പ്രിസൈഡിംഗ് ഓഫീസർ അല്ലെങ്കിൽ അംഗത്തിന്റെ ശമ്പളം ആനുകൂല്യങ്ങൾ അല്ലെങ്കിൽ സേവന വ്യവസ്ഥകളും നിബന്ധനകളും നിയമനത്തിന് ശേഷം തന്റെ താത്പര്യത്തിന് വിരുദ്ധമായി വ്യതിരിക്തമാകാൻ പാടില്ല."

61. കൂടാതെ, മുകളിൽ പറഞ്ഞിരിക്കുന്ന വകുപ്പുകളിൽ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് 'ട്രിബുണൽ അപ്പലേറ്റ് ട്രിബുണൽ മറ്റു അധികാരങ്ങളിലെ (അംഗങ്ങളുടെ യോഗ്യതകൾ പരിചയം മറ്റു സേവന വ്യവസ്ഥകൾ) ചട്ടങ്ങൾ 2017. [ചുരുക്കത്തിൽ "ചട്ടങ്ങൾ"] വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഹർജിക്കാരുടെ കേസ് :

62. മിക്കവാറുമുള്ള വ്യക്തിഗത കേസുകളിൽ വാദങ്ങൾ ഒരു പോലെയും അതിവ്യാപനമുള്ളതുമാണ്. ആയതിനാൽ, ചുരുക്കത്തിൽ ഓരോ അഭിഭാഷകന്റെയും വാദങ്ങൾ പരാമർശിക്കേണ്ട ആവശ്യമില്ല. സാമാന്യമായി, എന്തായാലും, ആമുഖത്താൽ ഭരണഘടനാ വിരുദ്ധവും, ഏകപക്ഷീയവും നിയമനിർമ്മാണ അധികാരം യാഥാർഥ്യമല്ലാത്തതിനാലും ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്ക് വിരുദ്ധമായതിനാലും ഭാഗം XIV. ഫിനാൻസ് നിയമം 2017 ലെ 8., 9., പട്ടികയുടെ സാധുത ഹർജിക്കാർ ചോദ്യം ചെയ്തു.

63. ഹർജിക്കാരുടെ പ്രാഥമിക വാദം എന്നത് ഭാഗം XIV. ഫിനാൻസ് നിയമം 2017 ന്റെ ഭാഗമാക്കരുതെന്നും ആക്കാൻ പാടില്ല എന്നുള്ളതുമാണ്, കാരണം നിശ്ചിത ഭാഗം 'ധനകാര്യ ബിൽ' ആയി തിരിച്ചിട്ടില്ല. ആർട്ടിക്കിൾ 110 ന്റെ പദവിന്യാസത്തിന് ഊന്നൽ നൽകേണ്ടതാണ്, എന്തെന്നാൽ ആ ബില്ലുകളിൽ "മാത്രം" നിബന്ധനകൾ ഉപവാക്യം (എ) തുടങ്ങി (ജി) വരെയുള്ള പരിധിയിൽ വരുന്നതിനാൽ 'ധനകാര്യ ബിൽ' ആയി കാണാവുന്നതാണ്. ഭാഗം XIV ൽ ഉൾപ്പെടുത്തിയതിനാൽ ഫിനാൻസ് നിയമം 2017. മുഴുവനായും ആർട്ടിക്കിൾ 110. പ്രകാരം "ധനകാര്യ ബിൽ" ആവില്ല എന്ന് വാദിക്കുകയും ആർട്ടിക്കിൾ 107 പ്രകാരം രാജ്യസഭയുടെ അനുമതി ഇല്ലാത്തതിനാൽ ഭരണഘടനാ

അനുശാസിക്കുന്ന നിയമനിർമ്മാണ വ്യവസ്ഥക്ക് വിരുദ്ധവുമാണ് .

64. ആർട്ടിക്കിൾ 110 (1) ൽ "മാത്രം" എന്ന ശൈലിക്ക് ശക്തി നൽകുന്നതിന് അഭിഭാഷകൻ കോൺസ്റ്റിറ്റ്വന്റ് അസംബ്ലി ഡിബേറ്റുകളിൽ പ്രബലമായ വിശ്വാസം അർപ്പിച്ചു. ഗവണ്മെന്റ് ഓഫ് ഇന്ത്യ ആക്ട് 1935 ലെ വകുപ്പ് 37 ൽ നിന്നും ബോധപൂർവം വിട്ടു നിന്നതാണെന്നും പ്രസ്തുത വാചകരീതി ഭരണഘടനയിൽ മനഃപൂർവം ചേർത്തതാണെന്നുമുള്ള ഒരു കേസുണ്ടാക്കാൻ അവർ ശ്രമിച്ചു. ഫിനാൻസ് നിയമം 2017 ലെ ഭാഗം XIV ഉൾപ്പെടുത്തിയിരിക്കുന്നത് മൂടുപടം ഇടുന്നതാണെന്നും കപട പ്രവർത്തനമാണെന്നും നേരല്ലാത്ത രീതിയിൽ രാജ്യസഭാ ഒഴിവാക്കുന്നത് അനുവദനീയമല്ലെന്നും വാദികൾ ഉറപ്പിച്ചു പറയുന്നു. ഈ കോടതിയിൽ സുദീർഘമായ വാദം നടത്തി, അതായതു, ഭരണഘടനാ വിഭാവനം ചെയ്യുന്ന ഇരു സഭകളുടെയും സ്വഭാവും സത്തയും കേന്ദ്ര സർക്കാർ കുറച്ചു കാണുന്നതും; ആർട്ടിക്കിൾ 110 (3) ൽ നാമകരണം സ്വീകരിക്കുക മാത്രമല്ല നിയമനിർമ്മാണ സാരാംശം പരിശോധിക്കുന്നതിലൂടെ കോടതിയുടെ ഇടപെടൽ ആവശ്യപ്പെട്ടു.

65. ട്രിബുണലുകൾ നയിക്കപ്പെടുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 323 എ 323 ബി ആണെന്നും ഈ കാര്യത്തിൽ നിർമ്മിച്ച നിയമങ്ങളെ ധനകാര്യ ബില്ലുകൾ ആയി തരംതിരിക്കാനാവില്ല എന്ന സൂക്ഷ്മവാദവും ഹർജിക്കാരുടെ അഭിഭാഷകൻ എടുത്തു പറഞ്ഞു. കൂടാതെ പാർലമെന്റ് ട്രിബുണലുകളിൽ മാറ്റം വരുത്തുന്നതിന്റെ കാര്യക്ഷമത കണ്ടെത്താനാകുന്നത് ഭരണഘടനയുടെ ലിസ്റ്റ് III ന്റെ എൻട്രി II എ യിലാണ് ആയതു നീതിന്യായ ഭരണ നിർവഹണവുമായി ബന്ധപ്പെട്ടിരിക്കുന്നു, സാമ്പത്തിക കാര്യങ്ങളിൽ അല്ല.

66. നിലവിൽ പ്രവർത്തനമില്ലാത്ത വിവിധ ട്രിബുണലുകളിലെ അംഗങ്ങളുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും സേവനങ്ങൾ അവസാനിപ്പിക്കുന്നതിന് കാരണമായ ഭാഗം XIV ചോദ്യം ചെയ്തു, ആയതു നീതിന്യായവകുപ്പിന്റെ സ്വാതന്ത്ര്യത്തിൽ നേരിട്ടുള്ള ഇടപെടലായി അവകാശപ്പെട്ടു.

67. ഫിനാൻസ് നിയമം, 2017 ലെ വകുപ്പ് 184 (1), യോഗ്യതകൾ, നിയമന നടപടിക്രമം, സേവന വ്യവസ്ഥകൾ, നിബന്ധനകൾ, ശമ്പളം എന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്ര

സർക്കാരിനെ അധികാരപ്പെടുത്തുന്നതിനാൽ ചുമതല കൂടുതൽ നല്കപ്പെടുന്നതിൽ ക്ലേശം ഉണ്ടെന്നു വാദിച്ചു. പ്രസ്തുത വകുപ്പ് എല്ലാ നീതിന്യായ പരിരക്ഷയും എടുത്തു കളഞ്ഞു, ഏറ്റവും വലിയ വ്യവഹാരിയായ, സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് ട്രിബുണലുകളെ വിധേയമാക്കുന്നു എന്ന് ബോധിപ്പിച്ചു. നീതിന്യായ കാര്യനിർവഹണത്തെ ബാധിക്കുന്നു എന്നത് കൂടാതെ, ഭരണഘടനാ പ്രകൃതത്തിനു എതിരാണെന്നും വാദിച്ചു. മറിച്ചു, വകുപ്പ് 184 ൽ നിലവിലുള്ള ചട്ടങ്ങളുടെ രൂപവൽക്കരണം മാതൃനിയമത്തിന്റെയും ഈ കോടതിയുടെ ബന്ധപ്പെട്ട വിധികളിൽ പറഞ്ഞിരിക്കുന്ന ബാധകമായ തത്വങ്ങളുടെ അധികാര പരിധിക്കു പുറത്താണെന്നും അഭിഭാഷകൻ വാദിച്ചു.

68. കൂടാതെ, വാദങ്ങളുടെ ഇടയ്ക്ക, ട്രിബുണലുകളുടെ കാര്യനിർവഹണത്തിനു അനവധി മറ്റു കുറവുകളും വിരുദ്ധതകളും, കോടതിയിലേക്ക് നേരിട്ടുള്ള അപ്പീലുകൾ പോലെയുള്ള മറ്റു സാഹചര്യങ്ങളും എടുത്തു പറഞ്ഞു, ആയതു ഭരണഘടനയുടെ സത്തക്ക് എതിരാണെന്നും വാദിച്ചു. ഹർജിക്കാർ, ഫിനാൻസ് നിയമം 2017 ചോദ്യം ചെയ്യുന്നത് ഉൾപ്പടെ, നിയമനിർമ്മാണങ്ങൾക്കു, 'ജുഡീഷ്യൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ്' നിർബന്ധമായും നടത്തുവാൻ സംസ്ഥാനനത്തിനു നിർദേശം നൽകണമെന്ന് മാൻഡമസിനു അപേക്ഷിച്ചു.

<u>ഇന്ത്യ ഗവൺമെന്റിന്റെ കേസ്</u>

69. അറ്റോർണി ജനറൽ, ഭാരത സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിലവിലുള്ള 40 ൽ കൂടുതൽ ട്രിബുണലുകൾ, നിയമപരമായ കമ്മീഷനുകൾ, അധികാരികളിലേക്കു താത്പര്യത്തോടെ ശ്രദ്ധ ക്ഷണിച്ചു, ഓരോന്നും വ്യത്യസ്ത നിയമത്താൽ സ്ഥാപിക്കപ്പെട്ടതും വിവിധ ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതുമാണ്. തത്ഫലമായി, വിവിധ ട്രിബുണലുകളുടെ പ്രിസൈഡിംഗ് ഓഫീസർമാരുടെയും അംഗങ്ങളുടെയും സേവന വ്യവസ്ഥകളും നിയമന രീതികളും, കാലയളവും തുടങ്ങിയവ ഓരോന്നും പരസ്പരം വളരെ അന്തരമുള്ളവയും, വിവിധ അപാകതകൾക്കും വൈരുദ്ധ്യങ്ങൾക്കും വഴിവെക്കുന്നതുമാണ്. അദ്ദേഹം പല ഉദാഹരണങ്ങളും പറഞ്ഞു: അതായതു എങ്ങനെയാണു ചില കമ്മീഷനുകളും /ട്രിബുണലുകളും സുപ്രീം കോടതി ജഡ്ജിമാരുടെ സ്ഥാന നിലയിൽ കഴിയുന്നതെന്നും, മറ്റുള്ളവർ അതായതു ഡെബ്റ്റ് റിക്കവറി ട്രിബുണൽ അംഗങ്ങൾ ജില്ലാ കോടതി ജഡ്ജിമാർക്കു തുല്യമായി വയ്ക്കുകയും ചെയ്യുന്നു. അതുപോലെ, ഐ റ്റി എ റ്റി -യിൽ ഒരു

വ്യക്തി ഒരിക്കൽ നിയമിക്കപെട്ടാൽ പെൻഷൻ പറ്റുന്ന പ്രായം വരെ തുടരാവുന്നതാണ് എന്നാൽ എ പി റ്റി ഇ എ ൽ -ൽ നിയമിതനാകുന്ന വ്യക്തികളുടെ കാലയളവുകൾ വെറും മൂന്ന് വർഷത്തേക്കാണ് . അറ്റോർണി ജനറൽ പ്രസ്തുത അനൗചിത്യങ്ങൾ എഴുതിയതിലുള്ള തെറ്റുകളാണെന്നും പ്രയോഗികചട്ടങ്ങൾ കാര്യക്ഷമവും ചേർച്ചയുണ്ടാക്കേണ്ടതുണ്ടെന്നും പറഞ്ഞു, ആയതാണ് ഫിനാൻസ് നിയമം 2017 മൂടെ ശ്രമിച്ചത്.

70. പ്രസ്തുത ട്രിബുണലുകളുടെയും കാര്യനിർവഹണ അംഗങ്ങളുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും അംഗങ്ങളുടെയും സ്ഥാനവും പദവിയും ഭരണഘടനാ കോടതി ജഡ്ജിമാരുടേതിന് തുല്യമെന്ന് സഹജമായ വിരുദ്ധതയും എടുത്തു പറയുന്നു. നമ്മുടെ ഭരണഘടനാ സ്ഥിതിയിൽ രണ്ടിനും വ്യത്യസ്ത പ്രവർത്തനങ്ങളും കടമകളും വാദിച്ചു. സുപ്രീം കോടതിക്ക് 31 ജഡ്ജിമാരുടെ അംഗബലം ഉണ്ടായിരിക്കെ (കേസ് വാദിക്കുമ്പോൾ) സുപ്രീം കോടതി ജഡ്ജിയുടെ സേവന വ്യവസ്ഥയിൽ കഴിയുന്ന 50 ൽ കൂടുതൽ അധികാരികളും ഹൈക്കോടതി ജഡ്ജിമാരുടെപോലെ 150 കൂടുതൽ അധികാരികളും ഉണ്ടെന്നു അദ്ദേഹം എടുത്തു പറഞ്ഞു. പ്രസ്തുത ശീലങ്ങൾകൊണ്ട് നീതിന്യായവകുപ്പിന്റെ കാര്യനിർ വഹണത്തിൽ നാനാതരം പ്രശ്നങ്ങൾ അവതരിപ്പിച്ചു, ' പദവിയും' ' സ്ഥാനനിലയും' 'ശമ്പളം' 'ആനുകൂല്യങ്ങളിൽ' നിന്ന് വേർതിരിക്കേണ്ട ആവശ്യം അദ്ദേഹം ഉന്നയിച്ചു.

71. വിവിധ ട്രിബുണലുകളുടെ സേവന വ്യവസ്ഥകളുടെ ഏകീകരണത്തിനു ഒരു തീരുമാനം എടുക്കുന്നതിനു കേന്ദ്ര സർക്കാരിനോട് നിർദ്ദേശിക്കുന്ന ഈ കോടതിയുടെ 08 ഫെബ്രുവരി 2013 ലെ രാജീവ് ഗാർഗ് v യൂണിയൻ ഓഫ് ഇന്ത്യാ (W.P.No 120/2017) ഉത്തരവ് അറ്റോർണി ജനറൽ തുടർന്നും ആശ്രയിച്ചു. വിവിധ ട്രിബുണലുകളിലെ സേവന വ്യവസ്ഥകളിൽ അടിയന്തര ഏകീകരണം വേണമെന്ന് ശുപാർശ ചെയ്ത 2-)ം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷൻ ഏപ്രിൽ 2009 നു സമർപ്പിച്ച 13-)ം റിപ്പോർട്ടിലും ആശ്രയിച്ചു. വാസ്തവത്തിൽ, ട്രിബുണലുകൾ, അപ്പലേറ്റ് ട്രിബുണലുകൾ മറ്റു അധികാരികൾ (സേവന വ്യവസ്ഥകൾ) ബിൽ 2014, 14 ഫെബ്രുവരി 2014 -ൽ രാജ്യസഭയിൽ അവതരിപ്പിച്ചുവെങ്കിലും പാസ്സാക്കാനായില്ല എന്ന് ചൂണ്ടികാണിച്ചു. വിവിധ വൈരുധ്യങ്ങൾ ഉണ്ടാവുമെന്നതു കൂടാതെ ഓരോ ട്രിബുണലുകൾക്കും പ്രത്യേക ഭേദഗതി അവതരിപ്പിക്കുന്നത് സാധിക്കാത്തതും അപ്രായോഗികവുമാണ്. തത്ഫലമായി, സമഗ്ര വീക്ഷണം

കൈകൊണ്ടുവെന്നും ഏകീകരണത്തിനായി ഒറ്റ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് അപേക്ഷിച്ചുവെന്നും അദ്ദേഹം ബോധിപ്പിച്ചു.

72. യൂണിയനുവേണ്ടി ഹർജിക്കാരുടെ വാദങ്ങൾ വിശദമായി എതിർത്തു. ഭരണഘടനയുടെ വ്യാഖാനത്തിന്റെ വ്യവസ്ഥിത തത്വം എന്തെന്നാൽ, ഭരണഘടനയുടെ വ്യവസ്ഥ, ആർട്ടിക്കിൾ 110 (1) ന്റെ ഉപവാക്യം (എ) മുതൽ (ജി) ഉൾപ്പടെ, വിശാല വിസ്തൃതിയിൽ വ്യാഖ്യാനിക്കണം, ഫലമായി പ്രമുഖ നിയമത്തിനു 'ധനകാര്യബിൽ' ന്റെ നിക്ഷിപ്ത സ്വഭാവമുണ്ടായാൽ, അതിനു ശേഷമുള്ള എല്ലാ കാര്യങ്ങളും ചേർത്തവയും 'ധനകാര്യ ബിൽ' ന്റെ പ്രകൃതവും പ്രത്യേകതയും ആർജിക്കാം.

73. മറിച്ചു, ആർട്ടിക്കിൾ 109 പ്രകാരം അവതരിപ്പിക്കേണ്ട ബില്ലിന്റെ പ്രകൃതം വിധികല്പിക്കുന്നതിനുള്ള ഒരേ ഒരു ഭരണഘടന അധികാരി ആത്യന്തികമായ ലോക്സഭാ സ്പീക്കർ എന്ന് വർധിക്കുന്നതിന് അദ്ദേഹം ആർട്ടിക്കിൾ 110 ന്റെ ഉപവാക്യം (3) ന്റെ സഹായം തേടി. പ്രസ്തുത വിധി അന്തിമവും മറ്റൊരു കോടതിയുടെ നീതിന്യായ പുനഃ പരിശോധന വിധിക്കു ബാധകമായിരിക്കുകയും ഇല്ല; നിയമ നിർമാണം നടക്കുന്ന പ്രസ്തുത പ്രവൃത്തിയും സ്പീക്കറുടെ സെർറ്റിഫിക്കേഷനുകളും "പാർലമെന്റ് നടപടിക്രമങ്ങളാണ് " ആയതിനാൽ ആർട്ടിക്കിൾ 122 (1) പ്രകാരം ഈ കോടതി മുമ്പാകെ "ചോദ്യം ചെയ്യാൻ പാടുള്ളതല്ല"

74. തങ്ങളുടെ വാദം ന്യായീകരിക്കുന്നതിനു ഇരു കക്ഷികളും കേസ് നിയമത്തിലും ഭരണഘടന ചരിത്രത്തിലും സമഗ്രമായി വിശ്വസിച്ചു. അവയുടെ പ്രസ്തുത ഭാഗം വിധിന്യായത്തിന്റെ അവസാന ഭാഗങ്ങളിൽ ആവശ്യമുള്ളപ്പോൾ പരാമർശിച്ചു.

<u>ഇടക്കാല ഉത്തരവുകളുടെ പരാമർശം ചുരുക്കത്തിൽ :</u>

75. SLP (C) No 15804 /2017 വാദത്തിനിടക്ക്, ഫയൽ ചെയ്ത നിർദ്ദേശങ്ങൾ പരിഗണിച്ചു, ഈ കോടതി 9 ഫെബ്രുവരി 2018 നു, നിർദ്ദേശങ്ങൾ നൽകി ഇടക്കാല ഉത്തരവ് പാസ്സാക്കി:

"1. ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ മറ്റു അധികാരികൾ (യോഗ്യത, പരിചയം, അംഗങ്ങളുടെ മറ്റു സേവന വ്യവസ്ഥകളും) ചട്ടങ്ങൾ 2017 ന്റെ പട്ടികയുടെ കോളം 4 ൽ പറഞ്ഞിരിക്കുന്ന ചെയർമാൻ /നീതിന്യായ അംഗങ്ങൾ, കാര്യനിർവഹണ അംഗങ്ങളെ സംബന്ധിച്ച സേർച്ച് -കം- സെലക്ഷൻ കമ്മിറ്റിയുടെ രൂപീകരണം സ്റ്റേ ചെയ്തുകൊണ്ട് ജൂഡീഷ്യൽ നീതിന്യായ/കാര്യനിർവഹണ അംഗങ്ങളെ സംബന്ധിച്ച് ഈ W P നിലവിൽ ഇരിക്കെ ഇടക്കാല സേർച്ച് -കം- സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശം താഴെ പറയും പ്രകാരമാണ് :

എ. ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി - ചെയർമാൻ

ബി. സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ ചെയർമാൻ - അംഗം

സി . ഭാരത സർക്കാർ നോമിനേറ്റ് ചെയ്ത രണ്ടു സെക്രട്ടറിമാർ - അംഗങ്ങൾ

2. ചെയർമാൻ തസ്തികയിലേക്കുള്ള നിയമനം ഇന്ത്യയുടെ ചീഫ് ജസ്റ്റിസിന്റെ നോമിനേഷൻ മൂലമാണ്.

3. ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ മറ്റു അധികാരികൾ (യോഗ്യത, പരിചയം, അംഗങ്ങളുടെ മറ്റു സേവന വ്യവസ്ഥകൾ) ചട്ടങ്ങൾ, 2017 ലെ പട്ടികയുടെ കോളം 5 ൽ പറഞ്ഞിരിക്കുന്ന 3 വർഷ ഓഫീസ് കാലയളവ് സ്റ്റേ ചെയ്തിരിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ഇടക്കാല സേർച്ച് -കം- സെലക്ഷൻ കമ്മിറ്റിയാൽ തിരഞ്ഞെടുക്കപ്പെട്ട എല്ലാവരുടെയും അനന്തരം 5 വർഷത്തേക്ക് നിയുക്തരായ വ്യക്തികളുടെയും ഓഫീസ് കാലയളവ് നിശ്ചയിക്കുന്നതിനുമുള്ള തുടർ നിർദ്ദേശം.

4 . ഇടക്കാല സേർച്ച് -കം- സെലക്ഷൻ കമ്മിറ്റിയുടെ തിരഞ്ഞെടുപ്പിന് ശേഷം ഉണ്ടായ എല്ലാ നിയമനങ്ങളും ഹൈക്കോടതി ജഡ്ജിമാരുടെ സേവന വ്യവസ്ഥകൾക്ക് ബാധകമായിരിക്കും

5. മുകളിൽ പറഞ്ഞിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പ് കമ്മിറ്റി നടത്തിയ എല്ലാ തെരഞ്ഞെടുപ്പുകളും ഹൈക്കോടതി ജഡ്ജിമാരുടെ സേവന വ്യവസ്ഥകൾപോലെ 5 വർഷ കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ ചെയർമാൻ / നീതി ന്യായ /കാര്യ നിർവാഹന അംഗങ്ങളുടെ തത്ഫലമായുള്ള നിയമനവും റിട്ട ഹർജിയുടെ അന്തിമ വിധിയെ ബാധിക്കില്ല

എന്ന തുടർ നിർദ്ദേശവും"

76. മുകളിൽ പകർത്തിയ നിർദ്ദേശങ്ങളിൽ നാലും അഞ്ചും ഒഴിച്ച് മറ്റെല്ലാം അറ്റോർണി ജനറൽ സമ്മതിക്കുകയും താഴെ പറയുന്ന ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി:

"4 . ഇടക്കാല സേർച്ച് -കം- സെലക്ഷൻ കമ്മിറ്റി നടത്തുന്ന തിരഞ്ഞെടുപ്പിന് ശേഷമുള്ള എല്ലാ നിയമനങ്ങളും പഴയ നിയമങ്ങളിലും ചട്ടങ്ങളിലും ചട്ടങ്ങളിലുമുള്ള സേവന വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കണം.

5 . മുകളിൽ പറഞ്ഞിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പ് കമ്മിറ്റി നടത്തിയ എല്ലാ തിരഞ്ഞെടുപ്പുകളും ചെയർമാൻ/ നീതിന്യായ/ കാര്യനിർവഹണ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട എല്ലാവരുടെയും തത്ഫലമായ നിയമനവും പഴയ നിയമങ്ങളിലും ചട്ടങ്ങളിലും പറഞ്ഞിരിക്കുന്ന കാലത്തേക്ക് ആയിരിക്കണം."

77. അറ്റോർണി ജനറൽ നിർദേശങ്ങൾ ഈ കോടതി സമ്മതിക്കുകയും അതനുസരിച്ചുള്ള താഴെ പറയുന്ന പ്രാവർത്തികമാക്കേണ്ട ഉത്തരവുകൾ നൽകി:

"മുകളിൽ പറഞ്ഞിരിക്കുന്നതിനനുസരിച്ച, അഭിപ്രായങ്ങൾ ഞങ്ങൾ സ്വീകരിക്കുകയും ആയതു ചെയർപേഴ്സണുകളുടെയും എല്ലാ ട്രിബുണലുകളുടെയും നീതിന്യായ /കാര്യനിർവഹണ /സാങ്കേതിക /വിദഗ്ധ അംഗങ്ങളുടെയും തിരഞ്ഞെടുപ്പിന് ബാധകമാവണമെന്നു ഉത്തരവാകുന്നു."

78. വിവിധ സേർച്ച് -കം- സെലക്ഷൻ കമ്മിറ്റികൾ തിരഞ്ഞെടുപ്പ് പ്രക്രിയ തുടങ്ങിയതിനാൽ ഫെബ്രുവരി 2018 തിയതിക്ക് മുമ്പുള്ള ഉത്തരവിന്റെ പ്രാധാന്യമുള്ള ഭാഗം പൂർത്തീകരിച്ചതിനാൽ ഈ കോടതി, 12 ഫെബ്രുവരി 2018 നു താഴെ പറയുന്ന വിധം ഉത്തരവാകുന്നു:

"ചില കമ്മിറ്റികൾ തുടരുന്നതിനാൽ, കൂടുതൽ വാദത്തിനായി കേസ് വാദത്തിനുള്ള അഭിഭാഷകരെ ഞങ്ങൾ കേട്ട്. കമ്മിറ്റികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ നില യൂണിയൻ

ഓഫ് ഇന്ത്യ ക്കു വേണ്ടി അറ്റോർണി ജനറലിനെ സഹായിക്കുന്ന അഭിഭാഷകൻ ശ്രീ.രോഹിത് ഭട്ട്, 13.2.2018 നു മുമ്പായി ഫയൽ ചെയ്യണം.

ബാധകമാകുന്നതും അല്ലാത്തതുമായ ട്രിബ്യൂണലുകളെ സംബന്ധിച്ച ജോയിന്റ് മെമ്മോറാണ്ടം അഡ്വക്കേറ്റ്സ് -ഓൺ- റെക്കോർഡ് മുഖേനെ മുതിർന്ന അഭിഭാഷകൻ ശ്രീ.അരവിന്ദ് ദാദർ , ശ്രീ.സി.എ. സുന്ദരം, ശ്രീ.മോഹൻ പാരമ്പരൻ ഫയൽ ചെയണം. ആയതു 10 .30 am നു 13.2.2018 നു ഫയൽ ചെയ്തിരിക്കണം.

ഉത്തരവുകൾ റിസേർവ് ചെയ്തു"

79. കൂടാതെ, ഉത്തരവ് തിയതി 20 മാർച്ചു 2018, 9 ഫെബ്രുവരി 2018 ലെ മുൻകാല ഉത്തരവ് കോടതി വ്യക്തമാക്കുകയും നിർദ്ദേശിക്കുകയും ചെയ്തു :

"(iii) എല്ലാ ട്രിബ്യൂണലുകളുടെയും ചെയർപേഴ്സണുകളുടെയും നീതിന്യായ /കാര്യനിർവഹണ /സാങ്കേതിക /വിദഗ്ധ അംഗങ്ങളുടെയും കാലയളവ് അഞ്ചു വർഷമോ അല്ലെങ്കിൽ പഴയ നിയമങ്ങളിലും ചട്ടങ്ങളിലും നിശ്ചയിച്ചതും/ തീരുമാനിച്ചതുമായ ഉയർന്ന പ്രായമോ ആയിരിക്കും;"

80. ഐ റ്റി എ റ്റി അംഗങ്ങളുടെ വിരമിക്കൽ പ്രായവുമായി ബന്ധപെട്ടു 16 ജൂലൈ 2018 നു താഴെ പറയുന്ന ഉത്തരവുകളും നൽകി :

"ഈ സന്ദർഭത്തിൽ, വിരമിക്കൽ പ്രായത്തിൽ ഇൻകം റ്റാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ (ഐ റ്റി എ റ്റി) - ൽ ചില ആശയ കുഴപ്പം ഉണ്ടെന്നു കോടതി മനസിലാക്കുന്നു. ഐ റ്റി എ റ്റി -ൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി 62 വയസ്സ് വരെ തുടരാമെന്നും പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന വ്യക്തി 65 വയസ്സ് വരെ തുടരണമെന്നും കോടതി വ്യക്തമാക്കുന്നു"

81. 16 ജൂലൈ 2018 തിയതി ലെ ഉത്തരവ് നൽകിയതിന്റെ ഫലത്തിൽ, സി ഇ എ സ് റ്റി എ റ്റി യിൽ അംഗങ്ങൾ ആയി (ജൂഡീഷ്യൽ) തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ, ഐ റ്റി എ റ്റി -ലെ അംഗങ്ങൾക്കുള്ള വിരമിക്കൽ പ്രായം ഞങ്ങൾക്കും ബാധകമാക്കണമെന്ന നിബന്ധന

വെച്ച്. അതെ തത്വത്തെ സ്വീകരിച്ചുകൊണ്ട്, 21 ഓഗസ്റ്റ് 2018 ലെ ഉത്തരവ് പ്രകാരം, സി ഇ എസ് റ്റി എ റ്റി, ആംഡ് ഫോർസ്സ് ട്രിബുണൽ, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ അംഗങ്ങളുടെ വിരമിക്കൽ പ്രയാവും വ്യക്തമാക്കി. ഉത്തരവിന്റെ പ്രസ്തുത ഭാഗം താഴെ പറയും പ്രകാരമാണ്:

" സി ഇ എസ് റ്റി എ റ്റി :

2 . I A 113281 /2018 ലെ അപേക്ഷകൻ പശ്ചിമ ബംഗാൾ സംസ്ഥാനത്തെ അഡിഷണൽ ജില്ലാ സെഷൻസ് ജഡ്ജിയാണ്, സി ഇ എസ് റ്റി എ റ്റി അംഗമായി (ജൂഡീഷ്യൽ) തിരഞ്ഞെടുത്തിരിക്കുന്നു. അംഗമായി (ജൂഡീഷ്യൽ) തിരഞ്ഞെടുടക്കപെട്ട ആറു ഉദ്യോഗസ്ഥരുടെ നിയമന പ്രഖ്യാപനം, അപേക്ഷകന് ഉൾപ്പടെ, നിബന്ധന വെച്ചിരിക്കുന്നത് അവർ അഞ്ചു വർഷത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കണം അല്ലെങ്കിൽ 62 വയസ്സ് വരെ, ഇതാണോ ആദ്യം അതിനനുസരിച്ചു "20 മാർച്ച് 2018 ലെ ബഹുമാനപെട്ട സുപ്രീം കോടതി വിധിക്കു അനുസരിച്ചു". സേവന ചട്ടങ്ങൾക്ക് വിധേയമായി നീതിന്യായ സേവനത്തിലെ അംഗം സാധാരണയായി വിരമിക്കൽ തിയതി വരെ സംസ്ഥാന നീതിന്യായ സേവനത്തിൽ തുടരുന്നതാണ്, എന്ന വ്യാഖ്യാനം സ്വീകരിക്കുന്നത് തീർത്തും ഉചിതമല്ല ഫലമായി, സി ഇ എ സ് റ്റി എ റ്റി - ൽ അംഗമാകുന്ന (ജൂഡീഷ്യൽ) ഉദ്യോഗസ്ഥന്റെ കാലയളവ് 5 വർഷത്തിന് ശേഷം തീരുന്നതാണ്, ആയതു 62 വയസിനു മുമ്പാണെങ്കിൽ. ഞങ്ങൾ, ആയതിനാൽ, 20 മാർച്ച് 2018 നു വ്യക്തമാക്കി നൽകിയ ഉത്തരവ് സി ഇ എ സ് റ്റി എ റ്റി അംഗങ്ങളുടെ കാര്യത്തിലും ആവർത്തിക്കേണ്ടതുണ്ടെന്നാണ് ഞങ്ങളുടെ പക്ഷം, ഞങ്ങൾ അത് ചെയ്യുന്നു.സി ഇ എ സ് റ്റി എ റ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി 62 വയസ്സ് വരെ തുടരുമെന്നും പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന വ്യക്തി 65 വയസ്സ് വരെ തുടരണമെന്നും ഞങ്ങൾ വ്യക്തമാക്കുന്നു.

എ. എഫ് റ്റി :

3 . ആമ്ഡ് ഫോഴ്സസ് ട്രിബുണൽ സായുധ സേനാ ട്രിബ്യൂണൽ അംഗങ്ങൾ 65 വയസ്സ് വരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്. ചെയർ പേഴ്സൺ സുപ്രീം കോടതിയിലെ പൂർവ ജഡ്ജിമാരായിരുന്നവർ ഔദ്യോഗിക സ്ഥാനം 70 വയസ്സ് വരെ വഹിക്കാവുന്നതാണ്

.

സി എ റ്റി :

4 . സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ കാര്യത്തിൽ, പഴയ ചട്ടങ്ങളും/ വകുപ്പുകളും തുടർന്നും ബാധകമാണെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു "

<u>അമിക്കസ് ക്യൂറെയുടെ ആശയക്കുറിപ്പ് :</u>

82. ഈ കോടതി ആവശ്യപ്പെട്ടതനുസരിച്ചു, സീനിയർ അഭിഭാഷകൻ അരവിന്ദ് ദത്തർ അമിക്കസ് ക്യൂറെ ആയി വിലയേറിയ സഹായം നൽകി. അദ്ദേഹത്തിന്റെ വിശദമായ ആശയകുറിപ്പിൽ, എൽ ചന്ദ്രകുമാർ (മേൽപരാമർശം) കേസിൽ പറഞ്ഞിരിക്കുന്ന നീരിക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര സമിതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യം എടുത്തു പറയുകയും ട്രിബ്യൂണലുകൾ അല്ലെങ്കിൽ അവരുടെ അംഗങ്ങൾ ശുപാർശ ചെയ്യുന്ന അല്ലെങ്കിൽ പേരന്റ് മന്ത്രാലയങ്ങൾ അല്ലെങ്കിൽ നിശ്ചിത വകുപ്പുകളിൽ നിന്നും സൗകര്യങ്ങൾ ആവശ്യപ്പെടേണ്ടതില്ലെന്നും മദ്രാസ് ബാർ അസോസിയേഷൻ v യൂണിയൻ ഓഫ് ഇന്ത്യ (2015) (മേൽപരാമർശം) കേസിൽ ആവർത്തിച്ചു പറഞ്ഞു.

83. രാജ്യത്തെ എല്ലാ ട്രിബ്യൂണലുകളുടെയും മേൽനോട്ടം വഹിക്കുന്നതിനു 'നാഷണൽ ട്രിബ്യൂണൽ കമ്മീഷൻ' (എൻ റ്റി സി) രൂപീകരിക്കുന്നതിന് ശുപാർശ ചെയ്യുന്ന '74 -ആം പാർലമെൻററി സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ട്' നടപ്പാക്കുന്നതിന്റെ ആവശ്യം എടുത്തു പറഞ്ഞു ആശയകുറിപ്പിൽ (പ്രസ്തുത നാഷണൽ ട്രിബ്യൂണൽ കമ്മീഷണനിൽ താഴെ പറയുന്നവർ ഉൾപ്പെടണമെന്നു മിസ്റ്റർ ദത്താർ തുടർന്നും നിർദേശിച്ചു:

- വിരമിച്ച രണ്ടു സുപ്രീം കോടതി ജഡ്ജിമാർ (അവരിൽ സീനിയർ ചെയർമാൻ ആകണം)
- വിരമിച്ച രണ്ടു ഹൈ കോടതി ജഡ്ജിമാർ (അംഗങ്ങൾ)
- എക്സിക്യൂട്ടീവിനെ പ്രതിനിധീകരിക്കുന്ന മൂന്നു അംഗങ്ങൾ.

84. താഴെ പറയുന്ന തിരഞ്ഞെടുപ്പ് കമ്മിറ്റി യിൽ പ്രസ്തുത അംഗങ്ങളെ നിയമിക്കണമെന്ന് ആശയകുറിപ്പിൽ തുടർന്നും നിർദേശിച്ചു.

- ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് (കമ്മിറ്റിയുടെ ചെയ്യപെഴ്സൺ ആയി നിർണായക വോട്ട്

ഉപയോഗിക്കുന്നയാൾ)

- ഇന്ത്യയുടെ ചീഫ് ജസ്റ്റിസിനു ശേഷമുള്ള രണ്ടു സീനിയർ സുപ്രീം കോടതി ജഡ്ജിമാർ;
- നിലവിലുള്ള നിയമ മന്ത്രി
- പ്രതിപക്ഷ നേതാവ്

85. ആശയകുറിപ്പിൽ താഴെ പറയുന്ന നിർദേശങ്ങളും ഉൾപ്പെടുന്നു:

- കേന്ദ്ര ട്രിബുണലുകളുടെ പ്രവർത്തനത്തിന് എൻ റ്റി സി മേൽനോട്ടം വഹിക്ക്ണം, അതുപോലൊരു സമിതി സംസ്ഥാന ട്രിബുണലുകൾക്കും രൂപീകരിക്കണം
- ഉപകമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടു ട്രിബുണലുകളിലെ അംഗങ്ങളെ നീക്കം ചെയ്യുന്നതിനും നിയമിക്കുന്നതിനും എൻ റ്റി സി ഇടപെടണം.
- ട്രിബുണൽ അംഗങ്ങളെ ദേശീയ മത്സരത്തിലൂടെ നിയമിക്കണം. ഒരിക്കൽ നിയമിച്ചു കഴിഞ്ഞാൽ അവരുടെ കാര്യക്ഷമതക്കും തൃപ്തികരമായ പ്രവർത്തനത്തിനും അനുസരിച്ചു 62 /65 വയസ്സ് വരെ തുടരാം.
- വിരമിക്കുന്ന വ്യക്തികൾക്ക് ട്രിബുണലുകൾ ആശ്രയമാകുവാൻ പാടുള്ളതല്ല, സർക്കാർ ഒരേ സമയം വ്യവഹാരിയും നിയമന അധികാരിയുമായാൽ നിയമന പ്രക്രിയ തീരുമാനങ്ങളെ ബാധിക്കുവാൻ പാടില്ല .
- വിരമിച്ചതിനു ശേഷം ഏതു തൊഴിൽ സ്വീകരിക്കുന്നതിനും നിയന്ത്രണമുണ്ടാകണം.
- ആർട്ടിക്കിൾ 226 /227 പ്രകാരം ഹൈകോടതിയുടെ ന്യായാധികാരം അവഗണിച്ചു ഈ കോടതിയിലേക്ക് നേരിട്ടുള്ള അപ്പീൽ ഒഴിവാക്കി നിയമപരമായ

ഭേദഗതിയിലൂടെ പരിഹരിക്കേണ്ടതുണ്ട്:

- അംഗങ്ങളെ നീക്കം ചെയ്യുന്നതിന് ശരിയായ സംവിധാനം വേണം.

86. അമിക്കസ് കൂറേയുടെ മുകളിൽ പറഞ്ഞിരിക്കുന്ന ആശയകുറിപ്പ് ഈ കോടതി 07.05.2018 നു പരിഗണിക്കുകയും താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ചെയ്തു:

"എല്ലാ ട്രിബുണലുകൾക്കും ആവശ്യമായ ഒഴിവാക്കലുകളോട് കൂടെ കാര്യക്ഷമമായതും

സ്വതന്ത്രവുമായ ഒരു സമിതി വേണമെന്ന ആശയം ഞങ്ങൾ സാമാന്യമായി അംഗീകരിക്കുന്നു. ട്രിബുണൽ അംഗങ്ങളുടെ പ്രവർത്തന മേൽനോട്ടവും നിയമങ്ങൾക്കും പ്രസ്തുത സമിതി ഉത്തരവാദിയാണ്. ട്രിബുണലുകൾക്ക് സ്ഥിരമായ കേഡർ ആവശ്യമാണ്. യു കെ യുടെ മാതൃകയിൽ അഖിലേന്ത്യ ട്രിബുണൽ സർവീസ് സ്ഥാപിക്കണമെന്നു അമിക്കസ് നിർദേശിക്കുന്നു. ഹയർ ജുഡീഷ്യൽ സർവീസിൽ ഉദ്യോഗം വഹിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും അല്ലെങ്കിൽ ദേശിയ പരീക്ഷയിൽ ഉചിതമായ യോഗ്യതകളോടെ നേരിട്ട് നിയമിക്കപ്പെടുന്നവരെ അംഗങ്ങളായി സ്വീകരിക്കാവുന്നതാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 235 പ്രകാരം ഹൈ കോടതി മേൽനോട്ടം വഹിക്കുന്നതുപോലെ അവയുടെ കാര്യക്ഷമതയും പ്രവർത്തനവും ഒരു സ്വതന്ത്ര സമിതി പുനഃപരിശോധന ചെയ്യണം. നേരിട്ടുള്ള അപ്പീലുകൾ പരിശോധിക്കണം. ഹൈകോടതികളിൽ നിയമിതരാകുവാൻ ട്രിബുണൽ അംഗങ്ങൾ യോഗ്യത നേടുക മാത്രമല്ല ഹയർ ജുഡീഷ്യൽ സർവീസിൽ അംഗങ്ങൾക്ക് നൽകുന്ന അതെ രീതിയിലുള്ള പരിഗണന നൽകേണ്ട സംവിധാനം പരിഗണിക്കണം. ട്രിബുണലുകളുടെ വിധികളിൽ നിന്നു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുവാനുള്ള നിശ്ചിത കഴിവ് ഉണ്ടാകുവാൻ ഹൈ കോടതികളെ ഇത് സഹായിക്കും. ജുഡീഷ്യറിയുടെ കേഡർ കളുടെ രീതിയിൽ തന്നെയാവാം ട്രിബുണലുകൾക്കു വേണ്ടിയുള്ള സ്ഥിരമായ കേഡർ. വേഗതയുള്ളതും ചിലവ് കുറഞ്ഞതുമായ നീതിന്യായ ട്രിബുണലുകൾ സ്ഥാപിക്കുന്നതിന്റെ ലക്ഷ്യത്തെ ഇങ്ങനെ ചെയ്യുന്നതിൽ ഒരു തരത്തിലും തടസപ്പെടുത്തുകയില്ല. ട്രിബുണലിനു ഒരേ ഒരു സീറ്റ് മാത്രമേ ഉള്ളുവെങ്കിലും, അതിന്റെ ബെഞ്ചുകൾ എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാകേണ്ടതും അല്ലെങ്കിൽ ഒരു സ്ഥലത്തിന് പകരം കുറഞ്ഞത് വ്യവഹാരമുള്ള എല്ലാ പ്രദേശങ്ങളിലും"

87. 07.05.2018 നു തന്നെ, താഴെ പറയുന്ന വിഷയങ്ങളും പരിഗണനക്ക് എടുക്കുവാൻ നിർദേശിച്ചു :

"(i) ട്രിബുണലുകളിൽ നിയമനത്തിന് യോഗ്യത നിർണ്ണയിക്കുന്ന സ്ഥിരം കേഡറുകളുടെ രൂപീകരണം;

(ii) നിയമനത്തിന് മേൽനോട്ടം വഹിക്കുന്ന സ്വതന്ത്ര സമിതി സ്ഥാപിക്കലും, അങ്ങനെ നിയമിതനായ അംഗങ്ങളുടെ അച്ചടക്കവും കാര്യക്ഷമതയും മേൽനോട്ടം വഹിക്കുക, അതുമായി

ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ;

(iii) ട്രിബ്യൂണലുകളുടെ ഉത്തരവുകൾ ഹൈ കോടതികളുടെ ന്യായാധികാരത്തിനു ബാധകമാക്കുന്നതിനു ഈ കോടതിയിലേക്ക് നേരിട്ടുള്ള അപ്പീലുകളുടെ വ്യവസ്ഥക്ക് മാറ്റം വരുത്തുക;

(iv) ഡൽഹി യിൽ ഒരേ ഒരു സ്ഥലത്തോ അല്ലെങ്കിൽ മറ്റെവിടെങ്കിലും എന്നതിന് പകരം സാധാരണ മനുഷ്യർക്ക് പ്രാപ്യവും സൗകര്യവുമുള്ള സ്ഥലങ്ങളിൽ ട്രിബ്യൂണലുകൾക്കായി ബെഞ്ചുകൾ സ്ഥാപിക്കുക "

88. അതിനു ശേഷം ഈ കോടതി താഴെ പറയുന്ന മാർഗം നിർദേശിച്ചു:

> "20. മുകളിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾക്ക് അടിയന്തരമായി ഒരു കമ്മിറ്റി സ്ഥാപിക്കേണ്ടതുണ്ട്, ട്രിബ്യൂണലിൽ സേവനം അനുഷ്ഠിക്കേണ്ടതിനു അതിലൊന്ന് ഈ കോടതിയിൽ നിന്നു വിരമിച്ച ജഡ്ജ് ആയിരിക്കണം. എല്ലാ തല്പര കക്ഷികളുമായി പ്രസ്തുത കമ്മിറ്റിക്കു ബന്ധം ഉണ്ടാകാവുന്നതും വിദഗ്ധ സമിതികളുടെ ശുപാർശയുടെ വെളിച്ചത്തിലും മുകളിൽ പരാമർശിച്ച പ്രകാരം വിവിധ വിധികളിൽ ഈ കോടതി വ്യാഖ്യാനിച്ച പ്രകാരം ഭരണഘടന വ്യവസ്ഥക്ക് യോജിച്ച ഒരു സംവിധാനം നിർദേശിക്കുകയും ചെയ്യാം. സമയ ബന്ധിതമായി ഈ പ്രവർത്തി ചെയ്യേണ്ടതാണ് "

89. രണ്ടു മാസത്തിനകം കമ്മിറ്റി രൂപീകരിക്കണം എന്ന ശുപാർശയും അതിനു ശേഷം മൂന്നു മാസത്തിനുള്ളിൽ കമ്മിറ്റി റിപ്പോർട്ട് നൽകുമെന്ന പ്രതീക്ഷയുമുള്ള മറ്റൊരു ഉത്തരവ് ഇതിനു ശേഷം 16 മെയ് 2018 നു നൽകി .

<u>വിഷയങ്ങളുടെ ക്രമീകരണം</u>:

90. ഫിനാൻസ് നിയമം 2017 ന്റെ ഭരണഘടനാ സാധുതയെ സംബന്ധിച്ച പ്രധാന വിഷയങ്ങളാണ് അഭിഭാഷകൻ ബോധിപ്പിച്ചത്, ആയതു പ്രത്യേകിച്ചും, ഭരണ ഘടനയുടെ ആർട്ടിക്കിൾ 110 ൽ ധന കാര്യാ ബിൽ ആണോ എന്ന് നോക്കുവാൻ കഴിയുന്നുണ്ടോ എന്ന്? കൂടാതെ ചോദ്യം ചെയ്യപ്പെട്ട നിയമം ചട്ടമനുസരിച്ചു നിയമമാക്കി എന്ന് ക്രമേണ വിധിക്കുക എന്നാൽ എക്സിക്യൂട്ടീവിന് അപരിമിതമായ നിയമ അധികാരം വകുപ്പ് 184 നൽകുന്നുണ്ടോ? അവസാനമായി അങ്ങനെ ചട്ടങ്ങളാക്കിയ നിയമങ്ങൾ മാതൃ നിയമങ്ങളുടെ പരിധി കടക്കുന്നുവോ ഇല്ലായ്മ ചെയ്യുവാൻ കഴിയുമോ?

91. കൂടാതെ, ട്രിബുണലുകളുടെ ഭരണം യുക്തവത്താക്കുന്നതിനും, പ്രത്യേകിച്ചും വിവിധ ട്രിബുണലുകളിൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെയും അംഗങ്ങളുടെയും സേവന വ്യവസ്ഥകളും, നിയമന രീതിയും, കാലയളവിന്റെ സ്ഥിരതയും നിശ്ചിത യോഗ്യതകളുടെ ആവശ്യവും വ്യവഹാരികളുടെ അഭിഭാഷകർ ബോധിപ്പിച്ചു. പ്രസ്തുത ട്രിബുണലുകളിലെ ഉത്തരവുകളിൽ നിന്നു നേരിട്ടുള്ള നിയമപരമായ അപ്പീലുകളിൽ നിന്നു ഈ കോടതിയിൽ കേസുകൾ കെട്ടികിടക്കുന്നതുമൂലമുള്ള വളർന്നുവരുന്ന ഭീഷണിയും അവർ എടുത്തു പറഞ്ഞു.

92. അഭിഭാഷകരുടെ വാദങ്ങളുടെയും അമിക്കസ് കൂറേയുടെ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ പരിഗണനയ്ക്കായി താഴെ പറയുന്ന വിഷയങ്ങളുണ്ടായി.

I. ഫിനാൻസ് നിയമം 2017 ൽ മറ്റു ചില നിയമങ്ങളും വിവിധ ട്രിബുണലുകൾ നയിക്കുന്ന വ്യക്തികളുടെ സേവന വ്യവസ്ഥകളും ആർട്ടിക്കിൾ 110 ൽ ധനകാര്യബിൽ ആയി നാമകരണം ചെയ്യാനാകുമോ അനന്തരഫലമായി നിയമസാധുതയോടെ അവതരിപ്പിച്ചതാണോ?

II. മുകളിൽ ഉള്ളതിന്റെ ഉത്തരം അതെ എന്നാണെങ്കിൽ കൂടുതൽ അധികാരം നൽകുന്നതിൽ ഫിനാൻസ് നിയമം 2017 ലെ വകുപ്പ് 184 ഭരണഘടനാ വിരുദ്ധമാണോ?

III. വകുപ്പ് 184 നിയമ സാധുത ഉള്ളതാണെങ്കിൽ, ട്രിബുണലുകളുടെ പ്രവർത്തനങ്ങളിലുള്ള ഈ കോടതിയുടെ വിവിധ തീരുമാനങ്ങളും മുഖ്യ നിയമവും ട്രിബുണൽ, അപ്പെല്ലറ്റ് ട്രിബുണൽ മറ്റു അധികാരികൾ (യോഗ്യതകൾ, പരിചയം അംഗങ്ങളുടെ മറ്റ് സേവന വ്യവസ്ഥകൾ) ചട്ടങ്ങൾ, 2017 ആയി പൊരുത്തപ്പെടുന്നുണ്ടോ?

IV. എല്ലാ ട്രിബുണലുകളുടെയും കാര്യനിർവണ്ത്തിനായി ഒരു സിംഗിൾ നോഡൽ ഏജൻസി ആവശ്യമുണ്ടോ ?

V. ഇന്ത്യ യിലെ എല്ലാ ട്രിബുണലുകളിലും ജൂഡീഷ്യൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ് നടത്തേണ്ട ആവശ്യമുണ്ടോ ?

VI. പാർലമെന്റ് നിയമങ്ങളിലുള്ള ഭരണഘടനയുടെ ആർട്ടിക്കിൾ 323 എ , 323 ബി മുഖേനെ സ്ഥാപിച്ച ട്രിബുണലുകളിലെ ജഡ്ജിമാരുടെ ' റാങ്കും ' 'പദവിയും' ഭരണഘടനാ ഭാരവാഹികളുടേതിന് തുല്യമായി കരുതാമോ?

VII. ട്രിബുണലുകളിൽ നിന്നു സുപ്രീം കോടതിയിലേക്ക് നേരിട്ടുള്ള നിയമപരമായ അപ്പീലുകൾ ഏകീകരിക്കേണ്ടതിന്റെയും ബെഞ്ചുകൾ സ്ഥാപിക്കേണ്ടതിന്റെയും ആവശ്യമുണ്ടോ

വിഷയം 1: ഫിനാൻസ് നിയമം 2017 ൽ മറ്റ് ചില നിയമങ്ങളും വിവിധ ട്രിബുണലുകൾ നയിക്കുന്ന വ്യക്തികളും ആർട്ടിക്കിൾ 110 ൽ 'ധനകാര്യബിൽ ആയി നാമകരണം ചെയ്യാനാകുമോ അനന്തരഫലമായി നിയമ സാധുതയോടെ അവതരിപ്പിച്ചതാണോ?

93. ഇന്ത്യൻ പാർലമെന്റ് ഇരു സഭകളുമുള്ള നിയമ സഭയാണ്. നിയമമാകണമെങ്കിൽ ആർട്ടിക്കിൾ 107 ലെ പൊതു നിയമ നിർമ്മാണ പദ്ധതി പ്രകാരം, സാധാരണ ബിൽ രാജ്യസഭയിലും ലോകസഭയിലും സാധാരണ ഭൂരിപക്ഷത്തിൽ പാസാകേണ്ടതും അതിനുശേഷം പ്രസിഡന്റിന്റെ അനുമതി ലഭിക്കേണ്ടതുമാണ്. പാർലമെന്റിലെ ഏതെങ്കിലും സഭയിൽ സർക്കാരിനോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിക്കോ സാധാരണ ബില്ലുകൾ അവതരിപ്പിക്കാം. അവതരിപ്പിച്ചിട്ടു സഭയിൽ നിശ്ചിത ഭൂരിപക്ഷം നേടിയ ശേഷം സാധാരണ ബില്ലുകൾ മറ്റു സഭയിലേക്കു അനുമതിക്കായി അയക്കും. ഭരണഘടനാ എന്തായാലും നിയമങ്ങളുടെ ക്രമീകരണത്തിനു ഈ പൊതു നിയമ നിർമാണ പ്രക്രിയയിൽ രണ്ടു വർജനങ്ങൾ വെക്കുന്നുണ്ട് .

94. ആർട്ടിക്കിൾ 368 പ്രകാരം പാർലമെന്റ് ഭരണഘടനാ അധികാരം ഭരഘടനയിൽ ഭേദഗതി വരുത്തുന്നതിന്, ഇരു സഭകളിലും അനുബന്ധമായി ഉയർന്ന ഭൂരിപക്ഷം വേണ്ടതും ചില സന്ദർഭങ്ങളിൽ സംസ്ഥാന നിയമ നിർമാണ സഭകളുടെ സാധാരണ ഭൂരിപക്ഷത്തിന്റെ അനുമതിയും ആവശ്യമുണ്ട്. ആർട്ടിക്കിൾ 110 ൽ തികഞ്ഞ വൈരുധ്യം 'ധന കാര്യാ ബിൽ' രാജ്യസഭയുടെ പങ്കു വിശേഷിച്ചു കുറഞ്ഞു കാണുന്നു.

ആർട്ടിക്കിളുകൾ 109 , 110 പ്രസ്താവിക്കുന്നത് :

"109 (1) ധനകാര്യ ബിൽ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ പാടില്ല.

(2) ലോകസഭയിൽ ധനകാര്യ ബിൽ പാസായ ശേഷം ശുപാർശക്കായി രാജ്യസഭയിലേക്ക് നൽകുന്നു, ബിൽ സ്വീകരിച്ച തിയതി മുതൽ പതിന്നാലു ദിവസത്തിനുള്ളിൽ ശുപാർശയോട് കൂടി രാജ്യസഭയിലേക്ക് മടക്കുകയും, രാജ്യസഭയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ശുപാർശകളും ലോകസഭ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യും.

(3) രാജ്യസഭയുടെ ഏതെങ്കിലും ശുപാർശകൾ ലോക്സഭാ സ്വീകരിച്ചാൽ, ഇരു സഭകളും ധനകാര്യാ ബിൽ രാജ്യസഭയുടെ ശുപാർശ യോടുകൂടി പാസ്സായതായി കണക്കാക്കുകയും ലോക്സഭാ സ്വീകരിക്കുകയും ചെയ്യം

(4) രാജ്യസഭയുടെ ഏതെങ്കിലും ശുപാർശ ലോക്സഭാ സ്വീകരിച്ചില്ല എങ്കിൽ ഇരുസഭകളും ധനകാര്യ ബിൽ പാസാക്കിയതായി കണക്കാക്കും ലോകസഭ പാസ്സാക്കിയ രീതിയിൽ, ഭേദഗതിയില്ലാതെ രാജ്യസഭ ശുപാർശ ചെയ്ത പ്രകാരം

(5) ലോകസഭ പാസാക്കിയ ധനകാര്യ ബിൽ, ശുപാർശ ക്കായി രാജ്യസഭയിലേക്ക് അയച്ചത്, ലോകസഭയിലേക്ക് നിശ്ചിത പതിന്നാലു ദിവസ കാലയളവിലേക്ക് മടക്കാതിരിക്കുകയും, നിശ്ചിത കാലയളവ് കഴിഞ്ഞാൽ ലോകസഭ പാസാക്കിയ പ്രകാരം ഇരുസഭകളും പാസായതായി കണക്കാക്കുയും ചെയ്യം.

110 (1) ഈ അധ്യായത്തിന്റെ ആവശ്യത്തിലേക്കു താഴെ പറയുന്ന ഏതെങ്കിലും അല്ലെങ്കിൽ എല്ലാ വകുപ്പുകളും ഉൾപെടുകയാണെങ്കിൽ ബിൽ ധനകാര്യ ബിൽ ആയി കണക്കാക്കാം:-

(എ) ഏതെങ്കിലും നികുതി ചുമത്തുക, റദ്ദ് ചെയ്യുക, കുറവ് വരുത്തുക , മാറ്റം വരുത്തുക അല്ലെങ്കിൽ നിയന്ത്രിക്കുക ;

(ബി) ധനം കടമെടുക്കുന്നതു നിയന്ത്രിക്കുക അല്ലെങ്കിൽ ഭാരത സർക്കാർ ഏതെങ്കിലും ഗ്യാരണ്ടി നല്കുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും സാമ്പത്തിക ബാധ്യതയുമായി ബന്ധപ്പെട്ട നിയമ ഭേദഗതി അല്ലെങ്കിൽ ഭാരത സർക്കാർ ഏറ്റെടുത്തത്;

(സി) കണ്സോളിഡേറ്റഡ് ഫണ്ടിന്റെ കസ്റ്റഡിയും അല്ലെങ്കിൽ ഭാരത സർക്കാരിന്റെ കണ്ടിൻജൻസി ഫണ്ടും അങ്ങനെയുള്ള ഫണ്ടിലേക്ക് നടത്തുന്ന ധനം അടയ്ക്കലും അല്ലെങ്കിൽ പിൻവലിക്കലും;

(ഡി) ഭാരതത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നു ധനം ഉപയോഗിക്കുക ;

(ഇ) ഏതെങ്കിലും ചെലവ് ഭാരതത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നീന്നും ചിലവായി പ്രഖ്യാപിക്കുക അല്ലെങ്കിൽ അങ്ങനെയുള്ള ചിലവിൽ തുക വർധിപ്പിക്കുക

(എഫ്) ഭാരതത്തിന്റെ കണ്സോളിഡേറ്റഡ് ഫണ്ട അല്ലെങ്കിൽ ഭാരതത്തിന്റെ പബ്ലിക് അക്കൗണ്ടിലേക്കു ധനം സ്വീകരിക്കുക അല്ലെങ്കിൽ കസ്റ്റഡിയിൽ അല്ലെങ്കിൽ അങ്ങനെയുള്ള ധനം നൽകുക അല്ലെങ്കിൽ യൂണിയൻയോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെയോ അക്കൗണ്ട്സ് ന്റെ

ഓഡിറ്റ് ; അല്ലെങ്കിൽ

(ജി) ഉപവാക്യങ്ങൾ (എ) തുടങ്ങി (എഫ്) ൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യങ്ങളിൽ അനുബന്ധമായി വന്ന ഏതെങ്കിലും കാര്യം.

(2) പിഴയോ അല്ലെങ്കിൽ സാമ്പത്തിക ശിക്ഷകളോ നൽകുന്നു എന്ന കാരണത്താൽ മാത്രം ഒരു ബിൽ ധനകാര്യ ബിൽ ആയി കാണാനാവില്ല, അല്ലെങ്കിൽ സേവനങ്ങൾ നല്കിയതിനുള്ള ഫീസുകൾ അല്ലെങ്കിൽ ലൈസൻസിനുള്ള ഫീസ് അടച്ചതോ അല്ലെങ്കിൽ ആവശ്യപ്പെട്ടതോ അല്ലെങ്കിൽ നികുതി ചുമത്തുക, റദ്ചെയ്യുക, കുറവ് വരുത്തുക, മാറ്റം വരുത്തുക അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശ അധികാരി അല്ലെങ്കിൽ തദ്ദേശ ആവശ്യങ്ങൾക്കായി ഏതെങ്കിലും നികുതി നൽകുക എന്ന കാരണത്താൽ.

(3) ഒരു ബിൽ ധനകാര്യ ബിൽ ആണോ അല്ലയോ എന്ന ചോദ്യം ഉയർന്നാൽ ലോക്സഭയുടെ സ്പീക്കറുടെ തീരുമാനം അന്തിമമായിരിക്കും.

(4) ആർട്ടിക്കിൾ 109 പ്രകാരം രാജ്യസഭയിലേക്ക് നൽകുമ്പോഴും ആർട്ടിക്കിൾ 111 പ്രകാരം പ്രസിഡന്റിന്റെ അനുമതിക്കായി അവതരിപ്പിക്കുമ്പോഴും എല്ലാ ധനകാര്യ ബില്ലിലും സാക്ഷ്യപ്പെടുത്തൽ ഉണ്ടായിരിക്കണം, ധനകാര്യ ബിൽ എന്നതിന് ലോക്സഭാ സ്പീക്കർ ഒപ്പിട്ട സാക്ഷ്യപത്രം. "

95. ആർട്ടിക്കിൾ 110 (1) ൽ നിർവചിച്ചിരിക്കുന്ന ധനകാര്യ ബില്ലുകളിൽ ഉപവാക്യങ്ങൾ (എ) തുടങ്ങി (ജി) വരെയുള്ള വകുപ്പുകൾ മാത്രം ഉൾപ്പെടുന്നു. ഈ ധനകാര്യ ബില്ലുകൾ ലോക്സഭയിൽ മാത്രം അവതരിപ്പിക്കേണ്ടതും രാജ്യസഭയുടെ ഭാഗം വെറും ഉപദേശപ്രദവുമാണ്. മറിച്ച്, സാധാരണ ബില്ലുകളുടെ കാര്യത്തിൽ രാജ്യസഭക്കു നിർദ്ദേശിക്കപ്പെട്ട നിയമം തടയാൻ കഴിയുകയും നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്ന ലോക്സഭയുടെ അധികാരം പരിശോധിക്കുവാൻ പ്രവർത്തിക്കുക, ധനകാര്യ ബില്ലുകളുടെ കാര്യത്തിൽ, പതിന്നാലു ദിവസത്തിനുള്ളിൽ ഭേദഗതി ശുപാർശ ചെയ്യുന്നതിനുള്ള കഴിവും രാജ്യസഭയ്ക്കുണ്ട് . ആ ശുപാർശകൾ സ്വീകരിക്കുവാൻ ലോകസഭ വിസമ്മതിച്ചാൽ അല്ലെങ്കിൽ പതിന്നാലു ദിവസങ്ങൾക്കകം രാജ്യസഭാ ശുപാർശകൾ ചെയ്തില്ല ഇല്ലെങ്കിൽ പ്രസിഡന്റിന്റെ അംഗീകാരത്തിനായി ധനകാര്യ ബിൽ നേരിട്ട് അയക്കാവുന്നതാണ്, അതിനു ശേഷം അത് സാധുതയുള്ള നിയമമാകുന്നു.

96. അങ്ങനെ വർജനയുള്ള വകുപ്പിന് ബ്രിട്ടീഷ് പാരമ്പര്യത്തിൽ വേരുകൾ ഉള്ളതും

വെസ്റ്റ്മിനിസ്റ്റർ രീതിയിലുള്ള സർക്കാരിൽ നിന്ന് തുടർന്ന് വരുന്നതുമാണ് . 1909 ലെ ഭരണഘടനാ പ്രതിസന്ധിയുടെ ഉത്തരവായി യുണൈറ്റഡ് കിങ്ഡം പാർലമെന്റ് 1911 ലെ പാർലമെന്റ് നിയമം ക്രമപ്പെടുത്തി, ആയതിൽ തിരഞ്ഞെടുക്കപ്പെട്ട ലോകസഭ (ഹൌസ് ഓഫ് കോമൺസ്) പാസ്സാക്കിയ ബില്ലുകൾ തിരഞ്ഞെടുക്കപ്പെടാത്ത രാജ്യസഭ (ഹൌസ് ഓഫ് ലോഡ്സ്) തടസപ്പെടുത്തുകയും, സർക്കാരിനെ പ്രതിസന്ധിയിലാക്കുകയും തിരഞ്ഞെടുത്ത സർക്കാരിനെ രാജി വെക്കാനും വീണ്ടും തിരഞ്ഞെടുപ്പ് നടത്തുവാനും പ്രേരിപ്പിച്ചു. വകുപ്പ് 3 ൽ കൂടി, ബിൽ 'ധനകാര്യ ബിൽ' ആണെന്ന് ഹൌസ് ഓഫ് കോമണ്സിന്റെ സ്പീക്കർ സർട്ടിഫൈ ചെയ്യണമെന്ന് പ്രസ്തുത നിയമം അനുശാസിക്കുകയും പ്രസ്തുത സെർറ്റിഫിക്കേഷൻ മൂലം, ബിൽ ഭേദഗതി ചെയ്യുന്നതിനും വീറ്റോ ചെയ്യുന്നതിനുമുള്ള പ്രാപ്തി രാജ്യസഭയ്ക്ക് നഷ്ടമാകുന്നു. കൂടാതെ, ഹൌസ് ഓഫ് ലോർഡ്സിന്റെ തിരസ്കരണം കണക്കാക്കാതെ 'പബ്ലിക് ബില്ലുകൾ' നിയമം ആകുന്നതിനു അനുവദിക്കുന്നതു കുറഞ്ഞത് രണ്ട് വർഷ കാലയളവിൽ അതെ കരട് ഹൗസ് ഓഫ് കോമൺസ് പാസാക്കിയാലും. ഭാരതം സ്വീകരിച്ചിരിക്കുന്ന ആർട്ടിക്കിൾ 109, 110 നു 'പബ്ലിക് ബില്ലുകൾ' ക്കു വർജനങ്ങൾ ഇല്ല എന്നും 1991 ലെ പാർലമെന്റ് നിയമം പോലെ പുനഃപരിശോധനയ്ക്ക് പ്രസ്തുത സെർറ്റിഫിക്കേഷൻ വിധേയമല്ലെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നും ശ്രദ്ധിക്കേണ്ടതുണ്ട്.

97. ഭാരത ഭരണഘടനയുടെ ആർട്ടിക്കിൾ 110 (4) ൽ ഓരോ 'ധന കാര്യാ ബിൽ' രാജ്യസഭയിലേക്ക് ബാധ്യതയില്ലാതെ പരിഗണിക്കുന്നതിന് അയക്കുന്നതിനു മുമ്പ് സ്പീക്കർ സർട്ടിഫൈ ചെയ്യേണ്ടതുമാണ് . ആർട്ടിക്കിൾ 110 (3) പ്രകാരം ബിൽ ന്റെ പ്രകൃതം തീരുമാനിക്കുന്നതിന് ലോക്സഭാ യുടെ സ്പീക്കർ ഒരേ ഒരു ശരിയായ അധികാരിയാണ് .

98. നിലവിലുള്ള തർക്കത്തിൽ, ആർട്ടിക്കിൾ 110 (3) ലെ ഭാഷയിൽ നൽകിയിരിക്കുന്ന പ്രസ്തുത സെർറ്റിഫിക്കേഷന്റെ സുനിശ്ചതയിൽ യൂണിയൻ വിശ്വസിക്കുകയും "ലോക് സഭ സ്പീക്കറുടെ തീരുമാനം അന്തിമം ആയിരിക്ക്ണം" ബില്ലിന്റെ പ്രകൃതം സംബന്ധിച്ച് എന്തെങ്കിലും തർക്ക കാര്യങ്ങളിൽ എന്നും അനുശാസിക്കുന്നു. ലോക് സഭ സ്പീക്കർ, വസ്തുതാപരമായി, ഉയർന്നു വന്ന തർക്കം തീരുമാനിച്ചത് ഫിനാൻസ് ബിൽ 2017 'ധനകാര്യ ബിൽ' ആയാണ്. കൂടാതെ, ഭരണഘടനയുടെ ആർട്ടിക്കിൾ 122 (1) ലും യൂണിയൻ ഊന്നൽ നൽകുന്നു:

"122 .(1) പാർലമെന്റ് നടപടി ക്രമങ്ങളുടെ സാധുത നടപടിക്രമങ്ങളിലുള്ള ആരോപിക്കപ്പെട്ട

ക്രമരാഹിത്യത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യാൻ പാടില്ല "

99. യൂണിയൻ, അങ്ങനെ, പകരമായി, ഫിനാൻസ് ബിൽ 2017 ധനകാര്യ ബിൽ ആയതിനാലാണ് സ്പീക്കറുടെ സെർറ്റിഫിക്കേഷൻ ഈ കോടതി മുമ്പാകെ ചോദ്യം ചെയ്യുന്നതായി തർക്കിക്കുന്നത് ആയതു രാജ്യസഭയുടെ അനുമതി കൂടാതെ വന്നത്" പാർലമെന്റ് നടപടി ക്രമങ്ങൾ' 'നടപടി ക്രമത്തിന്റെ ക്രമരാഹിത്യം' ആണ് യഥാർത്ഥത്തിൽ, ആയതു ഈ കോടതിക്ക് വിചാരണ ചെയ്യുവാനാകില്ല.

100. നമ്മുടെ ഭരണഘടനയുടെ അനുച്ഛേദങ്ങൾ 109, 110, 122 ലും യുണൈറ്റഡ് കിങ്ഡൽ ഭരണഘടനാ ചരിത്രത്തിലേക്കും വളർച്ചയിലേക്കുമാണ് കാണിക്കുന്നതെന്ന് ഒരിക്കൽ കൂടി ശ്രദ്ധിക്കണം. പാർലമെന്റിലെ ചില അംഗങ്ങളെ പാർലമെന്റിലെ അവരുടെ പരാമർശങ്ങൾക്ക് വിചാരണ ചെയ്യുകയും തടവിലാക്കുകയും ചെയ്ത പതിനേഴാം നൂറ്റാണ്ടിൽ ആയതു ബിൽ ഓഫ് റൈറ്റ്സ് 1688 ലെ ആർട്ടിക്കിൾ 9 രൂപീകരിക്കുന്നതിന് ഇടയാക്കുകയും ".... ഒരു കോടതിയിലും പാർലമെന്റ് നടപടിക്രമങ്ങൾ ഇംപീച്ച് ചെയ്യുവാനോ ചോദ്യം ചെയ്യുവാനോ പാടില്ല **.....**" സംസ്ഥാന നിയമസഭകളെ സംബന്ധിച്ച ആർട്ടിക്കിൾ 122 (1) നേരിട്ടുള്ള അന്തരഫലമാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 212 (1) നൽകുന്നത് .

101. "പ്രത്യേക ന്യായാധികാരത്തിൽ" തങ്ങളുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമാണം പ്രസ്തുത വിഷയങ്ങൾ കർശനമായ നിയമത്തിനു വിധേയമല്ലെങ്കിൽ കൂടി നിയമകാര്യങ്ങൾ അസാധുവാക്കാൻ കഴിയില്ല എന്നർഥമാക്കുന്നതുന്നതിൽ **എം എസ് എം ശർമ്മ v. ഡോ. ശ്രീ കൃഷ്ണ സിൻഹ**[20] - ൽ ഈ വകുപ്പ് ആദ്യമായി വ്യാഖ്യാനിച്ചു.

102. ആർട്ടിക്കിൾ 122 നീതിന്യായ പരിശോധനയിൽ നിന്നും ബില്ലുകൾ പാസാകുന്നതിനെ ഒഴിവാക്കുമെന്നു യൂണിയന്റെ വാദം ദൂരവ്യാപകമായ വാദമാണ്. അങ്ങനെയൊരു ഒഴിവു നൽകിയാൽ പാർലമെന്റ് പ്രവർത്തനങ്ങൾക്കും നിയമ നടപടി ക്രമങ്ങളും സംബന്ധിച്ച ഏത് ഭരണഘടനാ വകുപ്പും വ്യതിചലിക്കുവാനുള്ള പ്രവാഹങ്ങൾ ഉണ്ടാക്കും. നിയമ നിർമ്മാണത്തിന് വിശദമായ സ്വയം പര്യാപ്ത നടപടിക്രമം ഭരണഘടനാ വ്യക്തമായി നൽകുന്നതിനാൽ, ഒരു നിയമത്തിനു പ്രസിഡന്റിന്റെ വെറും അനുമതി നിർദ്ദേശിക്കാത്തതു കൊണ്ട്, ഏതു രീതിയിൽ

20 എ ഐ ആർ 1959 എസ് സി 395

സ്വീകരിച്ചാലും, സാധുതയുള്ള നിയമമാകും, ഭരണഘടന കാഴ്ചപ്പാട് സംരക്ഷിക്കുന്നതിനും പ്രാബല്യത്തിൽ വരുത്തുന്നതിനുമുള്ള അവശ്യ സ്ഥലം നീതിന്യായ പരിശോധനനക്കും ഉയർന്ന ഭരണഘടനാ ഫോറമാണ് ഈ കോടതി എന്നതിനാൽ ആവശ്യമാണ്. ആർട്ടിക്കിൾ 122 ൽ ഉപയോഗിച്ച ശൈലികൾ നോക്കുകയും ബ്രിട്ടീഷ് പശ്ചാത്തലവും താരതമ്യം ചെയ്യുമ്പോൾ "നടപടി ക്രമങ്ങൾ " എന്ന് പരിശോധിക്കുന്നത് ചട്ടങ്ങൾ രൂപീകരിക്കുവാനുള്ള പാർലമെന്റ് അധികാരം ഉൾപെടുമെന്നും വാദപ്രതിവാദത്തിനു നടപടിക്രമങ്ങളുണ്ടാക്കുമെന്നും ചർച്ചകളും, പ്രാബല്യത്തിൽ വരുത്തുവാനുള്ള അധികാരങ്ങളും പരാമർശിക്കുന്നു. യുണൈറ്റഡ് കിങ്ഡം ലെ പാർലമെന്റ് നിയമ 1911 ലെ വകുപ്പ് 3 ഹൌസ് ഓഫ് കോമൺസിലെ സ്പീക്കറുടെ തീരുമാനം 'എല്ലാ കാര്യങ്ങൾക്കുവേണ്ടി അന്തിമമാക്കുന്നു' 'ഒരു നിയമ കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ല ' എന്നാകുന്നു .

ആർട്ടിക്കിൾ 110 (3) പ്രകാരം, ഭാരത ഭരണഘടന പ്രസ്താവിക്കുന്നത്, 'ബിൽ ധന കാര്യ ബിൽ ആണോ അല്ലയോ എന്ന ഒരു ചോദ്യം ഉയർന്നാൽ ലോകസഭ സ്പീക്കറുടെ തീരുമാനം അന്തിമമാണ്' വ്യത്യസ്ത പദഘടന സൂചിപ്പിക്കുന്നത് നമ്മുടെ ഭരണഘടനാ സ്പീക്കറുടെ തീരുമാനത്തിന് പാർലമെന്റ് ഇരു സഭകളുടെയും അംഗങ്ങളുടെയും ബില്ലിന്റെ പ്രകൃതം അന്തിമമാകുന്നു, ആയതു അന്തിമവും കോടതി മുമ്പാകെ ചോദ്യം ചെയ്യാത്തവയും ആണ് എങ്കിൽ ഭരണഘടനാ അവസാന സ്ഥാനം എന്ന നീതി ന്യായ പുനഃപരിശോധനാ ഉദ്ദേശ്യം ഈ കോടതി വിവിധ സന്ദർഭങ്ങളിൽ പരിശോധിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപെട്ടു കുറച്ചു വിധികൾ പരാമർശിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പാർലമെന്ററി ആനുകൂല്യങ്ങളുടെ കാര്യങ്ങളും ഭരണഘടനയുടെ ആർട്ടിക്കിൾ 105 ന്റെ അധികാരങ്ങളും നീതിന്യായ പുനഃപരിശോധനയുടെ ഉദ്ദേശ്യവും പരിധിയും രാജ റാം പാൽ v ലോകസഭ[21] - ൽ ഈ കോടതി പരിശോധിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 122 (1) 212 (1) പ്രകാരം കോടതി പ്രസ്താവിച്ചത് ആനുകൂല്യം നൽകിയിരിക്കുന്നത് 'നടപടി ക്രമങ്ങളുടെ ക്രമരാഹിത്യം' എന്ന പരിധിയിൽ ആണെന്നും യഥാർഥ നിയമ വിരുദ്ധതയിലേക്കു വ്യാപിക്കുകയില്ലെന്നും പ്രസ്താവിക്കുന്നു. ഭരണഘടനാ വിരുദ്ധതയിൽ പാർലമെന്റ് നടപടി ക്രമത്തിന്റെ പരിശോധനയിൽ കോടതിയുടെ നീതിന്യായ അധികാരം പരിമിതപ്പെടുത്തുവാൻ ആർട്ടിക്കിൾ 122 ന്റെ പരിധി പരിമിതപ്പെടുത്തുവാൻ ആർട്ടിക്കിൾ 122 ന്റെ

21 (2007) 3 എസ് എസ് സി 184

പരിധി വായിച്ചെടുക്കുന്ന ഏത് ശ്രമവും നിയമവിരുദ്ധതയ്ക്ക എതിരായി ഭരണഘടനാ വാചകത്തോട് ചെയ്യുന്ന അക്രമമാകുന്നു. "Expressio unius (est) exclusio alterius" തത്വത്തെ ബാധകമാക്കുന്നതിനാൽ (എന്താണോ ഉൾപ്പെടാത്തതു ആയതു വ്യക്തമായി ഒഴിവാക്കുന്നു), " നടപടിക്രമത്തിന്റെ ക്രമരാഹിത്യം " എന്ന ഉരകല്ലിന്റെ പരിശോധനയ്ക്ക എതിരായുള്ള ലളിതവും വ്യക്തവുമായ വിലക്കാണ്. ഹൈക്കോടതി ജഡ്ജിയുടെ പ്രായവുമായി ബന്ധപ്പെട്ട ചോദ്യം ഉയർന്നാൽ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ചു പ്രസിഡന്റ് എടുക്കുന്ന തീരുമാനം 'അന്തിമം' എന്ന് ആർട്ടിക്കിൾ 217 ഉപവാക്യം 3 ഈ കോടതി യൂണിയൻ ഓഫ് ഇന്ത്യ v ജ്യോതി പ്രകാശ് മിത്തർ [22]- ൽ നിരീക്ഷിച്ചു. പ്രസിഡന്റിന്റെ ഉത്തരവ് അന്തിമം ആണെന്ന് കണക്കാതെ, കോടതിയ്ക്ക്, ഉചിതമായ കേസുകളിൽ സമാന്തരമായ പരിഗണനക്ക് ഉത്തരവ് പാസാക്കിയാൽ അല്ലെങ്കിൽ സ്വാഭാവിക ചട്ടങ്ങൾ അനുസരിച്ചില്ലെങ്കിൽ അല്ലെങ്കിൽ പ്രസിഡന്റിന്റെ വിധി ഉപദേശത്തിൽ നിന്നുണ്ടാവുകയോ അല്ലെങ്കിൽ എക്സിക്കുട്ടീവിന്റെ നിവേദനത്താൽ ഉണ്ടാവുകയോ അല്ലെങ്കിൽ തെളിവില്ലാതെ ചെയ്യുകയാണെങ്കിൽ ആർട്ടിക്കിൾ 217(3) പ്രകാരമുള്ള ഉത്തരവ് റദ്ദ്ചെയ്യണം, കോടതികൾ, പ്രസിഡന്റ് ന്റെ ഉത്തരവുകൾക്കെതിരെ വിധി പുറപ്പെടുവിക്കുവാൻ പാടില്ല അല്ലെങ്കിൽ പൂർണമായും പ്രസിഡന്റിന്റെ പരിധിയിൽ വരുന്ന തെളിവിനു വേണ്ട പ്രാധാന്യം കല്പിക്കുക. മുകളിൽ പറഞ്ഞിരിക്കുന്ന തീരുമാനങ്ങൾ വായിക്കുമ്പോൾ ഭരഘടനയിൽ തീരുമാനങ്ങൾ 'അന്തിമം' എന്നത് കോടതികളുടെ നീതിന്യായ പുനഃപരിശോധനയ്ക്ക വിധേയമാണ്. എന്തായാലും പ്രസ്തുത കാര്യങ്ങളിൽ കോടതികൾ നടപ്പാക്കുന്ന നീതിന്യായം പരിമിതവും ചർച്ചചെയ്യ പ്രത്യേക നിബന്ധനകൾക്ക് വിധേയവുമാണ്. ആർട്ടിക്കിൾ 110 (4) ൽ സ്പീക്കർ ബിൽ ധനകാര്യ ബിൽ സാക്ഷ്യപ്പെടുത്തുന്നതിന് എതിരെ നീതിന്യായ പുനഃപരിശോധനാ അധികാരവുമായി ബന്ധപ്പെട്ട വ്യത്യസ്ത കാഴ്ചപ്പാട് എടുക്കുന്നതിനു കാരണവും ഉദ്ദേശ്യവും കാണുന്നില്ല. പാർലമെന്റിലെ ഇരു സഭകളുടെയും തീരുമാനം അന്തിമം എന്ന ആർട്ടിക്കിൾ 110 (3), ആർട്ടിക്കിൾ 122 (1) -ൽ 'നടപടി പ്രക്രിയയിൽ നിയമവിരുദ്ധത' കാര്യങ്ങളിൽ കോടതിയുടെ പുനഃ പരിശോധന തടസ്സപ്പെടുത്തുന്നത് ഒരു തടസമായി പ്രവർത്തിക്കാനാവില്ല നിയമവിരുദ്ധതയുടെ പേരിൽ ചോദ്യം ചെയ്യപ്പെടുമ്പോഴും ഭരണഘടനാപരതയിൽ ഭരണഘടനാവിരുദ്ധതയുള്ളപ്പോഴും.

103. ചോദ്യം ചെയ്യപ്പെടുന്ന പ്രവൃത്തി അല്ലെങ്കിൽ നിയമ ലംഘനം ഒഴിവാക്കപ്പെട്ട

22 (1971) 1 എസ് എസ് സി 396

ക്രമരാഹിത്യമാണോ അല്ലെങ്കിൽ നീതി ന്യായ നിയമ വിരുദ്ധത ആണോ എന്നത് നീതിന്യായ വ്യാഖ്യാന സംഗതിയാണെന്നും സംശയമില്ലാതെ കോടതിയുടെ പരിധിയിൽ വരുമെന്നും ആയതു പാർലമെന്റ് തീരുമാനം എടുക്കേണ്ടുന്ന ഒരു അധികാരിയായി കണക്കാക്കാൻ കഴിയില്ല എന്നുമാണ്. അങ്ങനെയൊരു തീരുമാനം യുണൈറ്റഡ് കിങ്ഡം ലെ ഹൌസ് ഓഫ് ലോഡ്സ് ആർ (ജാക്സൺ) v അറ്റോർണി ജനറൽ [23]- ൽ എടുക്കുകയും എല്ലാ പാർലമെന്ററി പ്രക്രിയകളും നീതിന്യായ പരിഗണയ്ക്ക് ഇതിനെ വ്യക്തമായി കണക്കാക്കാതെ ഭാരതത്തിന്റെ ഭരണഘടനയിൽ നടപടിപ്രക്രിയിലുള്ള ക്രമരാഹിത്യം മാത്രമല്ല, കോടതി നീതിന്യായ അധികാരം ഏൽക്കുകയും നിയമനിർമാണ പ്രക്രിയയുമായി ബന്ധപ്പെട്ട നിയമവ്യാഖ്യാനങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ആയതു കോടതികളുടെ പരിധിയിൽ വരുമെന്നും; നിയമ വ്യാഖ്യാന നീതിന്യായ നടപടി എന്നതിൽ, ബിൽ ഓഫ് റൈറ്സ് ൽ പാർലമെന്ററി പ്രക്രിയയിൽ ആനുകൂല്യങ്ങൾ നൽകുന്നത് ഒഴിച്ച്.

104 . ഭരണഘടനപരതയിലുള്ള ശക്തിമത്തായ ലംഘനങ്ങൾ നടപടിക്രമങ്ങളിലുള്ള വെറും നിയമരാഹിത്യമെന്നും ആയതിനാൽ ആർട്ടിക്കിൾ 122 (1) ൽ നീതിന്യായ പരിശോധനയുടെ ആനുകൂല്യ പരിധിക്കു പുറത്താണ്. ഇപ്പോഴുള്ള കേസിൽ, ഈ കോടതിയുടെ നീതിന്യായാധികാരത്തിന് ആയതിനാൽ, തടസമില്ല.

105 . ആർട്ടിക്കിൾ 110 (3) പ്രകാരം ഫിനാൻസ് നിയമം, 2017 'ധനകാര്യ ബിൽ' ആണോ എന്ന യഥാർഥ ചോദ്യത്തിന്, ശ്രദ്ധിക്കേണ്ടത് ഇതാണ് അതായതു ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ അവസാനം, ഈ കോടതി ഒരു നിശിചിത തീരുമാനം എടുത്തു അതായത് ഭരണഘടനയുടെ ആർട്ടിക്കിൾ 110 (3) ലോക്സഭയുടെ സ്പീക്കർ നൽകിയ 'ധനകാര്യ ബിൽ' സെര്ടിഫിക്കറ്റ് ന്റെ സംശോധനയുടെ നീതിന്യായ അന്വേഷണത്തിനെതിരെ വ്യക്തമായ തടസമായി പ്രവർത്തിക്കുകയില്ല.

106 . മുഹമ്മദ് സിയീദ് സിദ്ധിക്കി v സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്[24] കേസിൽ ഉത്തർപ്രദേശ് ലോകായുക്ത ഉപലോകായുക്തകളുടെ (ഭേദഗതി) ബില്ലിനെ ധനകാര്യ ബിൽ എന്ന സ്പീക്കറുടെ സെർറ്റിഫിക്കേഷൻ നീതിന്യായ പുനഃ പരിശോധന ചെയ്യുവാൻ മൂന്നംഗ ജഡ്ജിമാരുടെ ബെഞ്ച് വിസ്സമതിച്ചു . ആർട്ടിക്കിൾ 212 (1) ൽ "നിയമ നിർമാണ പ്രക്രിയ" എന്ന ശൈലി വ്യാഖ്യാനിച്ചത്

23(2005) യു കെ എ ച്ച എ ൽ 56

24(2014) 11 എസ് എസ് സി 415

"ഏതെങ്കിലും സഭയിൽ പറഞ്ഞതോ ചെയ്തതോ ആയ എല്ലാകാര്യവും" എന്നുൾപ്പെടുത്തിയാണ്. ഈ കോടതി അപ്രകാരം പ്രസ്താവിച്ചത്:

"43. മുകളിൽ പറഞ്ഞ പ്രകാരം, ചോദ്യം ചെയ്യപ്പെട്ട ബിൽ ധനകാര്യ ബിൽ അന്തിമമാണെന്ന നിയമനിർമ്മാണ സഭയുടെ സ്പീക്കറുടെ തീരുമാനവും പ്രസ്തുത തീരുമാനം തർക്കിക്കുവാൻ പാടില്ല എന്നും ആർട്ടിക്കിൾ 212 പ്രകാരം സംസ്ഥാന നിയമനിർമ്മാണസഭയുടെ നടപടി ക്രമം ചോദ്യം ചെയ്യുവാനും പാടില്ല. കൂടാതെ, നേരത്തെ പറഞ്ഞ പ്രകാരം, ആർട്ടിക്കിൾ 255 കാണിക്കുന്നത് ഭരണഘടനയിലുള്ള നടപടി ക്രമങ്ങൾ ഒരു നിയമം അസാധുവാണെന്നു കാണിക്കില്ല ആയതിനു പ്രസിഡന്റ് അല്ലെങ്കിൽ ഗവർണ്ണർ അനുമതി നൽകിയാൽ, നിശ്ചിത കേസിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെട്ട ധനകാര്യ ബിൽ എന്നതിന് , നിയമ നിർമാണ സഭയിൽ മാത്രം പാസായ ബില്ലിനെതിരെയുള്ള ഹർജിക്കാരന്റെ തർക്കം സ്വീകാര്യമല്ല "

107 . ഇത് യോഗേന്ദ്ര കുമാർ ജയ്സ്വാൾ വി. സ്റ്റേറ്റ് ഓഫ് ബീഹാർ[25] കേസിൽ വിശ്വാസമർപ്പിച്ചു; ആയതിൽ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് ഒറീസ്സ സ്പെഷ്യൽ കോടതികളുടെ ബിൽ 'ധനകാര്യ ബിൽ ' ആണെന്ന് സ്പീക്കറുടെ സെർറ്റിഫിക്കേഷൻ നീതിന്യായ പുനഃ പരിശോധനയ്ക്ക് വിസമ്മിതച്ചു . മുഹമ്മദ് സിദ്ധിക്കി (മേൽ പരാമർശം) നിലവിലുള്ളതു ശ്രദ്ധിക്കുകയും പ്രസ്തുത സെർറ്റിഫിക്കേഷൻ "ക്രമരഹിതവും" "യാഥാർത്യവുമല്ലാത്തതിനാൽ"

108 . ജസ്റ്റിസ് പുട്ട സ്വാമി (വിരമിച്ചത്) മുതൽ പേർ v യൂണിയൻ ഓഫ് ഇന്ത്യ[26] -ൽ ഈ കോടതിയുടെ സമാന ബെഞ്ച് ലോക് സഭ സ്പീക്കർ ആധാർ (ടാര്ജറ്റ്ഡ് ഡെലിവറി ഓഫ് ഫിനാൻഷ്യൽ ആൻഡ് അദർ സബ്സിഡിഎസ്, ബെനെഫിറ്സ് ആൻഡ് സെർവിസ്സ്) നിയമം 2016 നു 'ധനകാര്യ ബിൽ' എന്ന സെർറ്റിഫിക്കേഷൻ ന്റെ അതെ ചോദ്യം ഏൽപ്പിച്ചു. ഇരു സഭകളുടെയും നിയമ സംവിധാനത്തിൽ രാജ്യസഭയുടെ പ്രധാന പങ്കു ശ്രദ്ധിച്ചു ഭൂരിപക്ഷ അഭിപ്രായം. ആർട്ടിക്കിൾ 110 വർജ്ജന വകുപ്പെന്ന് നിരീക്ഷിച്ചു, സൂക്ഷ്മമായി വ്യാഖ്യാനിക്കണമെന്നാണ്. മുഹമ്മദ് സിദ്ധിക്കി (മേൽ പരാമർശം) യോഗേന്ദ്രകുമാർ ജയ്സ്വാൾ (മേൽ പരാമർശം), വിധികളുടെ സാധുത ഭൂരിപക്ഷ അഭിപ്രായം പരിശോധിച്ചില്ലെങ്കിലും അല്ലെങ്കിൽ നീതിന്യായ അധികാരത്തിന്റെ ഉദ്ദേശ്യം സംക്ഷിപ്തമായി വിധിക്കുകയും അല്ലെങ്കിൽ ആർട്ടിക്കിൾ 110 (3) ൽ നീതിന്യായ പുനഃ പരിശോധന സെർറ്റിഫിക്കേഷൻ ഈ കോടതിയുടെ അധികാരം കൂടാതെ,

---

25(2016) 3 എസ് എസ് സി 183

26 (2019) 1 എസ് എസ് സി 1

അത് സ്വതന്ത്രമായി പരിസമാപ്തിയിൽ എത്തി അതായത് ചോദ്യം ചെയ്യപ്പെട്ട നിയമം ആർട്ടിക്കിൾ 110 (1) ന്റെ നാലതിരുകളിൽ ഉൾപെടുന്നതിനാൽ 'ധനകാര്യ ബിൽ' എന്നും നൽകിയ ന്യൂനപക്ഷ അഭിപ്രായം എന്തായാലും, **മുഹമ്മദ് സിദ്ധക്കി (മേൽ പരാമർശം)**, **യോഗേന്ദ്ര കുമാർ ജയ്സ്വാൾ (മേൽ പരാമർശം)** വ്യക്തമായി അസാധുവാക്കി.

109. പുട്ട സ്വാമി ((മേൽ പരാമർശം) കേസിൽ ആർട്ടിക്കിൾ 110 ൽ യഥാർത്ഥത്തിൽ ചോദ്യം ചെയ്യപ്പെട്ട നിയമം 'ധനകാര്യ ബിൽ' ആണോ അല്ലയോ എന്ന് പരിശോദിച്ച ഭൂരിപക്ഷ അഭിപ്രായം വ്യക്തമല്ലാതെ സ്പീക്കറുടെ സെർറ്റിഫിക്കേഷനുമായി ബന്ധപ്പെട്ടോ അല്ലാതെയോ എന്നുള്ളത് നീതിന്യായ പരിശോധനയ്ക്ക വിധേയവും ആർട്ടിക്കിൾ 110 (3) ൽ നീതിന്യായ പരിശോധന അധികാരം നിചിതമായി വെച്ചിട്ടുള്ളതുമാണ്. തുടർന്നും പ്രസ്താവിച്ചിട്ടുള്ളത് , 'ധനകാര്യ ബിൽ ' എന്ന ശൈലി പരിമിതമായി കണക്കാക്കാൻ പാടില്ല എന്നതും ഈ കാര്യത്തിൽ ലോക് സഭ സ്പീക്കറുടെ അറിവ് വില കല്പിക്കേണ്ടതും ആയതു തീർത്തും ഭരണഘടനാ വസ്തുത ലംഘനവും ആണെന്നിരിക്കെ പുട്ടസ്വാമി (മേൽ പരാമർശം) കേസിലെ അഭിപ്രായം ബഹുമാനപൂർവ്വം അംഗീകരിക്കുകയും നീതിന്യായ പരിശോധനയ്ക്ക അപ്പുറം ആർട്ടിക്കിൾ 110 (3) ൽ സ്പീക്കറുടെ തീരുമാനം മുഹമ്മദ് സിദ്ദിക്കി, യോഗേന്ദ്ര കുമാർ കേസുകളിൽ ഉള്ളതിനാൽ വിശ്വസിക്കുവാൻ കഴിയുകയില്ല.

110. ആർട്ടിക്കിൾ 110 (3) ൽ ഉള്ള കാര്യങ്ങൾ നീതി ന്യായ പരിശോധനയുടെ ഉദ്ദേശ്യം ഏറ്റവും പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നു ഊന്നി പറയേണ്ടതാണ്, ലോക് സഭ സ്പീക്കറുടെ സെർറ്റിഫിക്കേഷൻ നീതിന്യായ അഭിപ്രായ വ്യത്യാസം നിലനിർത്തേണ്ട ആവശ്യം ഉണ്ടെന്നതിനാൽ. സ്പീക്കറുടെ തീരുമാനത്തിന് അനുസരിച്ച നിയമപരമായ അനുമാനം ഉണ്ടാവുന്നതും സാധുതയെ ചോദ്യം ചെയ്യുന്ന വ്യക്തികളിലായിരിക്കും തെളിയിക്കപ്പെടേണ്ടവ നിക്ഷിപ്തമായിരിക്കുന്നതും അങ്ങനെയുള്ള സെർറ്റിഫിക്കേഷൻ തീർത്തും ഭരണഘടനാ പരതയല്ലാത്തതും പൂർണമായും നിയമപരമല്ലാത്തവയുമാണ്. സ്പീക്കറുടെ തീരുമാനത്തിന് കോടതികൾ പകരമാകുവാൻ പാടില്ലാത്തതും അല്ലെങ്കിൽ സാധ്യമായ രണ്ടാം വ്യാഖ്യാനം എടുക്കുവാൻ പാടില്ലാത്തതുമാണ്. പകരം, ഭരണഘടനാ പരതയോട് തീർത്തും പ്രാമുഖ്യമില്ല എന്നതിനാൽ നീതിന്യായ പരിശോധനയ്ക്ക പരിമിതപ്പെടുത്തേണ്ടതുമാണ്, അപ്പീൽ ഫോറങ്ങളായി

പ്രവർത്തിക്കുക എന്നുള്ളതല്ല ഭരണഘടനാ കോടതികളുടെ അഭിപ്രായത്തിൽ, അങ്ങനെ ചെയ്യുന്നത് പാർലമെന്റ് പ്രവർത്തനങ്ങളെ അനക്കമില്ലാത്തവയാക്കുന്നതിനുള്ള ക്ഷണവുമാണ്.

111. മുകളിൽ പറഞ്ഞിരിക്കുന്ന ചുരുങ്ങിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്പീക്കറുടെ സെർറ്റിഫിക്കേഷന് എതിരെ വാദി നൽകേണ്ട ഉയർന്ന വിലയും, ഫിനാൻസ് നിയമം 2017 ൽ ഉന്നയിച്ച ചോദ്യവും ഞങ്ങൾ ഇപ്പോൾ പരിശോധിക്കുന്നു.

112. ഭാഗം XIV ലെ വകുപ്പുകൾ മൂന്നു വിശാല തരങ്ങളായി തിരിയ്ക്കാം. ഒന്നാമത്, നിലവിലുള്ള ട്രിബുണലുകൾ ഇല്ലായ്മ ചെയ്യലും കൂട്ടിച്ചേർക്കലും; രണ്ടാമത്, യോഗ്യതകൾ നൽകേണ്ട അധികാരത്തിനുള്ള ചട്ടങ്ങളിലൂടെ കേന്ദ്ര സർക്കാരിന് ഏകീകരിക്കുകയും ഏല്പിച്ചുകൊടുക്കുകയും ചെയുക; നിയമത്തിനും നീക്കം ചെയ്യുന്നതിനുമുള്ള രീതി, അംഗങ്ങളുടെയും മേൽനോട്ടം വഹിക്കുന്നവരുടെയും സേവന വ്യവസ്ഥകളും നിബന്ധനകളും; മൂന്നാമതായി ഇപ്പോൾ പ്രവർത്തന രഹിതമായ ചില ട്രിബുണലികളിലേ അംഗങ്ങളുടെയും മേൽനോട്ടം വഹിക്കുന്നവരുടെയും സേവനങ്ങൾ നിർത്തൽ ചെയ്യലും കൊമ്പൻസെഷൻ നൽകലും.

113 . ആർട്ടിക്കിൾ 110 ന്റെ വ്യാഖ്യാനം കെ. എസ് . പുട്ട സ്വാമി യിൽ (ആധാർ-5) സഹ ഭരണഘടന ബെഞ്ച് നടത്തിയിട്ടുള്ളതും ഇരുകക്ഷികളും വിശ്വാസമർപ്പിച്ചിട്ടുള്ളതുമാണ് .

114 . 'ധന കാര്യാ ബിൽ' എന്ന ശീർഷകത്തിൽ കെ. എസ് പുട്ട സ്വാമി കേസിലെ ഭ്രരിപക്ഷ വിധി (ആധാർ-5), ഖണ്ഡിക 448 ലും തുടർന്ന് ഖണ്ഡിക 452 മുതൽ 461 വരെ, അഭിഭാഷകന്റെ വാദങ്ങൾ പറഞ്ഞിട്ടുള്ളതും ആർട്ടിക്കിൾ 110 കാണുന്ന 'മാത്രം' വിശ്വസിച്ചു 'ധനകാര്യ ബിൽ' നെ വ്യാഖ്യാനിക്കുന്നത് വാദികളുടെ വാദങ്ങൾ ഉൾപ്പെടെ 'മാത്രം' എന്ന വാക്കിന് അർഥം നൽകിയിരിക്കുന്ന വ്യാഖ്യാനവുമായി ബന്ധപ്പെട്ടു ഹരി റാം v. ബാബു ഗോപാൽ പ്രസാദ് [27], M / s സ്വതു സ്മെൽറ്റിംഗ് (പി) ലിമിറ്റഡ് v . കമ്മിഷണർ ഓഫ് സെയിൽസ് റ്റാക്സ് , ലക്നൗ[28] വിശ്വാസമർപ്പിച്ചു . ഭ്രരിപക്ഷ വിധി നീതിന്യായ അധികാരത്തിൽ പരാമർശ്ശിക്കുകയും ഭരണഘടനയിലെ ആർട്ടിക്കിൾ 110 (3) കേസിലെ സ്പീക്കറുടെ അധികാരവുമായി ബന്ധപ്പെട്ട

27(1991) സപ്പ്ളി 2 എസ് എസ് സി 608

28(1993) സപ്പ്ളി 3 എസ് എസ് സി 97

'അവസാനം' എന്ന വാക്കിന്റെ ഉപയോഗം ഒഴികെ, നേരത്തെ ഉത്തരം നൽകിയ വസ്തുതയാണ്, ആധാർ നിയമത്തിലെ വകുപ്പ് 7 പരിശോധിക്കുകയും "പ്രസ്തുത നിയമത്തിലെ പ്രധാന വകുപ്പാണ് വകുപ്പ് 7 എന്ന് വാദികളും അംഗീകരിച്ചിരിക്കുന്നു" എന്ന് പ്രസ്താവിച്ചു. അതിന് ശേഷം ആധാർ നിയമത്തിലെ മറ്റു വകുപ്പുകൾ പരാമർശിക്കുകയും ഭൂരിപക്ഷ അഭിപ്രായം രേഖപ്പെടുത്തുകയുമുണ്ടായി അതായതു ചോദ്യം ചെയ്യപ്പെട്ട ബിൽ ശരിയായി 'ധനകാര്യ ബിൽ' ആയി അവതരിപ്പിച്ചു എന്നത്. ഭൂരിപക്ഷ വിധി, അതായതു ഭരണഘടനയുടെ ആർട്ടിക്കിൾ 110 ഉപവകുപ്പ് (1) ലെ ഉപവാക്യങ്ങൾ (എ) മുതൽ (എഫ്) വരെയുള്ളവയുടെ ലക്ഷ്യവും പരിധിയും വിവരിക്കുന്നില്ല, നിലവിലെ കേസിൽ പരിഗണയ്ക്ക വരുന്ന നിയമ പരമായ സ്ഥാനവും പ്രാധാന്യം അർഹിക്കുന്നു .

115 . അശോക് ഭൂഷൺ ജെ ., അദ്ദേഹത്തിന്റെ സമ്മതമുള്ള വിധിയിൽ ഖണ്ഡിക 886 മുതൽ, "ധനകാര്യ ബിൽ " എന്ന വാദം പരിശോധിക്കുകയും നീതിന്യായ പരതയും മുകളിൽ പറഞ്ഞ പ്രകാരം മുഹമ്മദ് സെയീദ് സിദ്ധിക്കി (മേൽ പരാമർശം) യോഗേഷ് (മേൽ പരാമർശം) ഓവർ റൂൾ ചെയ്യുകയും കാരണം ശരിയായ നിയമം പറഞ്ഞിട്ടില്ലാത്തതിനാൽ ഈ കോടതി വിധികളിൽ കിഹോട്ട ഹോളോവാൻ v സച്ചിലഹു മുതൽ പേർ[29], രാജ റാം പൽ (മേൽ പരാമർശം) വിശ്വമർപ്പിച്ചു . "ധന കാര്യാ ബിൽ " ന്റെ നിർവചനം പരാമർശിച്ചു , ഭരണഘടനയുടെ ആർട്ടിക്കിൾ 110 (1) ലെ 'മാത്രം' എന്ന വാക്കിന്റെ ഉപയോഗത്തിന് ഉദ്ദേശമുണ്ടെന്നും ബിൽ "ധനകാര്യ ബിൽ " എന്ന് സർട്ടിഫൈ ചെയ്യുന്നതിന് വ്യക്തമായ പരിമിതിയുണ്ടെന്നും തുടർന്നും പ്രസ്താവിച്ചു (ഖണ്ഡിക 906 കാണുക) ആധാർ നിയമം പരാമർശിച്ചു കൊണ്ട്, വ്യക്തികൾക്ക് സബ്സിഡികൾ, ആനുകൂല്യങ്ങൾ സേവനങ്ങൾ നൽകുന്ന സർക്കാരിന്റെ ഭരണഘടനാ കർത്തവ്യത്തിൽപ്പെടുന്നതാണെന്നു പ്രസ്താവിക്കുകയും ആയതു മുഖ്യ വകുപ്പുകൾക്ക് അനുബന്ധമായ വകുപ്പുകളാണെന്നും പ്രസ്താവിച്ചു. ആയതിനാൽ , ആധാർ ബിൽ സ്പീക്കർ "ധനകാര്യ ബിൽ" ആയി ശരിയായി സർട്ടിഫൈ ചെയ്തു.

116 . ഡോ ഡി വൈ ചന്ദ്രചൂഡ് ജെ . പ്രസ്തുത ചോദ്യത്തിനുള്ള അദ്ദേഹത്തിന്റെ ന്യൂനപക്ഷ അഭിപ്രായം ഭാരത ഘടനയിലെ ആർട്ടിക്കിൾ 110 (1) ലെ 'മാത്രം' എന്ന വാക്ക് പരാമർശിക്കുന്നതു പ്രസ്താവിച്ചത് നിയമം നിർമാണ എൻട്രി കൾക്ക് ബാധകമായ Pith and substance തത്വത്തെ ബാധകമാകില്ല പ്രത്യേകമൊരു ബിൽ "ധനകാര്യ ബിൽ" ആണോ അല്ലയോ എന്ന ചോദ്യം

29(1992) സപ്ളി 2 എസ് സി സി 651

തീരുമാനിക്കുന്നതിൽ ആർട്ടിക്കിൾ 110 (1) ലെ ഉപവാക്യം (ഇ) പരാമർശിച്ചുകൊണ്ടു കണ്സോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യ യുടെ ഏത് ചിലവിന്റെയും പ്രഖ്യാപനവുമായി ബന്ധപെട്ടു വേണം ഏത് ധനകാര്യ ബില്ലെന്നും പ്രസ്താവിച്ചു (അല്ലെങ്കിൽ ചെലവ് തുക കൂട്ടുന്നതുമായി) ആയതിനാൽ ആധാർ നിയമത്തിന്റെ വകുപ്പ് 7 ന കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യ യുടെ ചാർജുള്ള സേവനങ്ങൾ, ആനുകൂല്യങ്ങൾ അല്ലെങ്കിൽ സബ്സിഡികൾ ഉൾപ്പെട്ട ചിലവുകൾ പ്രഖ്യാപനത്തിൽ ബിൽ ധനകാര്യ ബിൽ ഭാടമാക്കാത്തതിനാൽ കണ്സോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യ യുടെ ചാർജ് ചെയ്തിട്ടുള്ള സേവനങ്ങൾ അന്യകൂല്യങ്ങൾ അല്ലെങ്കിൽ സബ്സിഡികൾക്കായി ആധാർ വകുപ്പ് 7 ൽ നിർബന്ധമാക്കുന്നു. എന്തായാലും ഭ്രരിപക്ഷ വിധി ഈ കാഴ്ചപ്പാട് അംഗീകരിച്ചിട്ടില്ല.

117 . ഭരണഘടനയുടെ ആർട്ടിക്കിൾ 110 (1) ൽ 'മാത്രം' എന്ന വാക്കിന്റെ ഉപയോഗം ഉപവാക്യങ്ങൾ (എ) മുതൽ (എഫ്) വരെ ബന്ധമുള്ളവയിൽ താത്പര്യം കാണിക്കുന്നു, പരിശോധിക്കാതിരുന്ന ബുദ്ധിമുട്ടുള്ള ചോദ്യം കാണിക്കുന്നതും ഭ്രരിപക്ഷ വിധി ഉത്തരം പറഞ്ഞതും കെ എസ് പുട്ട സ്വാമി കേസിലെ (ആധാർ - 5) ഏതെങ്കിലും നികുതി ഏൽപ്പിക്കുന്നതിന്, റദ്ദ് ചെയ്യുന്നതിന്, കുറക്കുന്നതിന്, മാറ്റം വരുത്തുന്നതിന് അല്ലെങ്കിൽ നിയന്ത്രിക്കുന്നതിന് ഒരു ബിൽ ബുദ്ധിമുട്ടി വായിച്ചെടുക്കുന്നതു എളുപ്പവും ആർട്ടിക്കിൾ 110 (1) ന്റെ വ്യാഖ്യാനത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം പ്രത്യേകിച്ചും ബില്ലിലെ ഉപവാക്യങ്ങൾ (ബി) തുടങ്ങി (എഫ്) വരെ പരാമർശിക്കുന്നതിൽ, ധനം കടമെടുക്കുന്നതുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ ഭാരത സർക്കാർ ഏതെങ്കിലും ഗ്യാരണ്ടി നൽകുന്നത് അല്ലെങ്കിൽ ധനകാര്യ കടപ്പാടുമായി ബന്ധപ്പെട്ട നിയമ ഭേദഗതിയിലോ. കൗൾ & ശക്ധേറുടെ പുസ്തകം "പ്രാക്ടീസ് ആൻഡ് പ്രൊസീജർ ഓഫ് പാർലമെന്റ്" - ൽ അഭിപ്രായപ്പെട്ടിരിക്കുന്നു ശ്ശേരിയായ രീതിയിലല്ല, 'മാത്രം' വ്യാഖ്യാനിച്ചിരിക്കുന്നതു എങ്കിൽ ആർട്ടിക്കിൾ 110 (1) അസാധുവാണ്. സ്വതന്ത്രവും വിശാലവുമായ വ്യാഖ്യാനം, മറ്റൊരു തരത്തിൽ, എതിരായുള്ള വസ്തുതയായാണ് സാധ്യമാക്കുന്നത്. കൗൾ & ശക്ധേറുടെ അഭിപ്രായത്തിന്റെ പ്രസക്ത ഭാഗം വായിക്കുന്നത് :

"സ്പീക്കർ മാവ്ലങ്കർ പ്രസ്താവിക്കുന്നത് തുടർന്നുള്ളതാണ് : "പ്രഥമ ദൃഷ്ട്യാ , എനിക്ക് മനസിലാക്കുന്നത് ആർട്ടിക്കിൾ 110 ലെ വാക്കുകൾ (ഏതെങ്കിലും നികുതി ഏൽപ്പിക്കലും, റദ്ദ്ചെയ്യലും, കുറവ് ചെയ്യലും,

മാറ്റം ഉണ്ടാക്കുന്നതും, നിയന്ത്രിക്കലും) കൺസോളിഡേറ്റഡ് ബിൽ ധനകാര്യ ബിൽ ആക്കുന്നതിനു യുക്തമാണ്. യഥാർത്ഥ പ്രാധാന്യം എന്താണെന്നതിനു ഒരു ചോദ്യം ഉയരുമെന്നും അല്ലെങ്കിൽ പൊതു വാക്കുകളുടെ ലക്ഷ്യങ്ങളിൽ 'മാത്രം' എന്ന വാക്കിന്റെ ഉദ്ദേശ്യം. ആ വാക്ക് 'ഏൽപ്പിക്കാൻ, റദ്ദ് ചെയ്യൽ, കുറവ് ചെയ്യൽ തുടങ്ങിയവ' വിശാലവും പൊതുവുമായ വാക്കുകൾ നിയന്ത്രിക്കുന്നതിനും മാറ്റം വരുത്താൻ കഴിയുമെന്നതും ഞാൻ കരുതുന്നു. പ്രഥമ ദൃഷ്ട്യാ, 'മാത്രം' എന്ന വാക്ക് പൊതു വാക്കുകളുടെ ഉദ്ദേശ്യത്തെ പരിമിതപ്പെടുത്തുന്നില്ല. ഒരു ബിൽ ഒരു നികുതിയുമായി ബന്ധപ്പെട്ട ഏല്പിക്കൽ, റദ്ദുചെയ്യൽ തുടങ്ങിയവയുമായി ബന്ധമുണ്ടെങ്കിൽ, ബില്ലിൽ ഉൾപ്പെട്ട വസ്തുത മറ്റു വകുപ്പുകളുടെ നികുതിയുടെ ക്രമീകരണങ്ങൾക്കു ആവശ്യമെന്നും അല്ലെങ്കിൽ, ഞാൻ പറയുന്നത്, പ്രത്യേക ബില്ലിന്റെ ലക്ഷ്യം നേടുന്നതിന് ആവശ്യമെന്നും ധനകാര്യ ബില്ലുകളുടെ തരത്തിൽ നിന്നും ബില്ലിനെ മാറ്റാനാവില്ല. ആയതിനാൽ, ഏതെങ്കിലും നികുതി ഏൽപ്പിക്കൽ, റദ്ദ് ചെയ്യൽ തുടങ്ങിയവ ഉദ്ദേശം വെച്ച ബില്ലിന്റെ വകുപ്പുകൾ എന്നാൽ മറ്റു വകുപ്പുകൾ അനുബന്ധവും അവ ഉൾപ്പെടുത്തിയിരിക്കുന്നത് ധനകാര്യാ ബില്ലിന്റെ തരത്തിൽ നിന്നും മാറ്റാനാവില്ല. ആർട്ടിക്കിൾ 110 അസാധുവാകും 'മാത്രം' എന്ന വാക്ക് ഒരാൾ ഇത്തരത്തിൽ അർത്ഥമാക്കിയില്ല എങ്കിൽ. കോടതികളിലും അല്ലെങ്കിൽ ട്രിബുണലുകളിലും പരാമർശിക്കുന്നതിനായി തിട്ടപ്പെടുത്തുന്നതിനും, സ്വീകരിക്കുന്നതിനും നിയന്ത്രണത്തിനുമുള്ള വകുപ്പുകൾ ഉണ്ടാക്കാതെ ഒരു നികുതിയും ഏൽപ്പിക്കാനാവില്ല, പ്രമുഖ നികുതി ഏൽപ്പിക്കുന്നതിനു ഒരാൾക്ക് ഒരു ബില്ലിൽ ഒരു വകുപ്പ് മാത്രമേ മനസ്സിൽ കാണാൻ കഴിയു എന്നാൽ ഏൽപ്പിക്കുന്നതിന്റെ ഉദ്ദേശ്യം, വഴി, രീതി തുടങ്ങിയവക്കുമായി ബന്ധപ്പെടുന്ന അമ്പതു ഇതര വകുപ്പുകൾ ഉണ്ടായേക്കാം. കൂടാതെ, ആർട്ടിക്കിൾ 110 ന്റെ ഉപവാക്യം (2) വകുപ്പുകൾ ഞങ്ങൾ പരിഗണിക്കുകയും ചെയ്യു. ഈ വകുപ്പുകൾ 'മാത്രം' എന്ന വാക്കിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നതിനു സഹായകമാകാം, പ്രത്യക്ഷമായല്ല പരോക്ഷമായി "

118. വിധിയിലെ ഭൂരിപക്ഷ അഭിപ്രായം Pith and substance എന്ന തത്വത്തിലേക്കു പോകുന്നില്ല എന്നാൽ അശോക് ഭൂഷൺ, ജെ., അന്തർലീന ഉദ്ദേശ്യം പരാമർശിച്ചിട്ടുണ്ട്. അന്തർലീന ഉദ്ദേശ്യം പരീക്ഷിക്കുന്നതിനു പരിമിതികൾ ഉണ്ടെന്നും എന്തെന്നാൽ പല നിയമങ്ങൾക്കും ഒന്നിൽ കൂടുതൽ ഒരു അന്തർലീന ഉദ്ദേശ്യം പ്രത്യേകിച്ചും ഭരണഘടനയുടെ ആർട്ടിക്കിൾ 110 (1) ഉപവാക്യങ്ങൾ (എ)

മുതൽ (എഫ്) വരെ പരാമർശിക്കുന്നവയുമായി ഈ നിർദ്ദേശം ചേർത്ത് വായിച്ചാൽ. കൂടാതെ, നിയമ നിർമ്മാണത്തിന്റെ ആധികാരികവും പ്രധാനപ്പെട്ടതുമായ തീരുമാനവും കൂറ്റബോധമുണ്ടാക്കുന്നതും സംശയം ഉളവാക്കുന്നതിനും ബാധകമായ പരീക്ഷണം തന്നെ ഒന്നിൽ കൂടുതലുള്ള അർത്ഥത്തിൽ നിന്നും സ്വതന്ത്രമല്ല. ആർട്ടിക്കിൾ 110 (1) ന്റെ ഉപവാക്യങ്ങൾ (ബി) , (സി) , (ഡി), (ഇ) ഇത് പരാമർശിക്കുന്ന പ്രകാരം ബുദ്ധിമുട്ടുണ്ടാകും, അന്തർലീനമായ തത്വങ്ങൾ അല്ലെങ്കിൽ നിയമത്തിന്റെ ഉദ്ദേശ്യവുമായുള്ള പരീക്ഷ ബാധകമാക്കുകയും ചെയ്യുമ്പോൾ. ആർട്ടിക്കിൾ 110 (1) ന്റെ ഉപവാക്യം (സി) പരാമർശിക്കുന്നത് പണം അടക്കുന്നതിനോ അല്ലെങ്കിൽ ഭാരതത്തിന്റെ കോൺസിലിഡേറ്റഡ് ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിനുമാണ്. ഉപവാക്യം (ഡി) പരാമർശിക്കുന്നത് ഭാരതത്തിന്റെ കോൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ധനം അനുവദിക്കുന്നതിനാണ്. ഉപവാക്യം (ഇ) പരാമർശിക്കുന്നത് ചാർജ് ചെയ്യപ്പെട്ട എന്തെങ്കിലും ചെലവ് ഭാരതത്തിന്റെ കോൺസോളിഡേറ്റഡ് ഫണ്ടിൽ പ്രഖ്യാപിക്കുന്നതിനു അല്ലെങ്കിൽ പ്രസ്തുത ചെലവ് തുക കൂട്ടുന്നതിനും. ഉപവാക്യം (എഫ്) പരാമർശിക്കുന്നത് ഭാരതത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ അക്കൗണ്ടിൽ അല്ലെങ്കിൽ ഭാരതത്തിന്റെ പൊതു അക്കൗണ്ടിൽ അല്ലെങ്കിൽ പ്രസ്തുത ധനം നൽകൽ അല്ലെങ്കിൽ യൂണിയന്റെ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റിൽ. ഉപവാക്യം (ബി) യുടെ വിസ്തൃതി ഭാരത സർക്കാർ ഏറ്റെടുക്കുന്ന അല്ലെങ്കിൽ ഏറ്റെടുത്തേക്കാവുന്ന സാമ്പത്തിക കടപ്പാടുമായി ബന്ധപ്പെട്ട നിയമ ഭേദഗതി ഉൾപ്പെടുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 110 ഉപവാക്യം (3) ൽ സ്പീക്കറുടെ തീരുമാനം ഞങ്ങൾ പ്രസ്താവിച്ചത് അന്തിമം അല്ലെങ്കിലും ഭരണഘടനാ നിയമ സാധുത ഇല്ലായ്മയുടെ തത്വത്തിൽ നീതിന്യായ പരിശോധനക്ക് വിധേയവും , ആർട്ടിക്കിൾ 110 (1) ന്റെ വകുപ്പുകൾക്ക് ഉചിതമായി അർഥം കല്പിക്കേണ്ടതിനും, വ്യാഖ്യാനം ഒഴിവാക്കേണ്ടതിനും കൂടുതൽ ഉൾപ്പെടുത്തുന്നതും തീരെ ഉൾപ്പെടുത്തത് ഒഴിവാക്കുന്നതിനും. ഏതൊരു വ്യാഖ്യാനത്തിന് ദൂരവ്യാപകമായി ഫലങ്ങൾ ഉണ്ടാകാം . ആയതിനാൽ , വകുപ്പുകൾ സംബന്ധിച്ച വ്യക്തത ഉണ്ടാകേണ്ടത് ആവശ്യവും ഒന്നിൽ കൂടുതൽ അർത്ഥവും തർക്കവും ഇല്ലായ്മ ചെയ്യേണ്ടതും ഉറപ്പിച്ചു തീരുമാനിക്കേണ്ടതുമാണ്. സഹായം ഉണ്ടായാൽ, ഉറപ്പായും സ്പീക്കറുടെ തീരുമാനം അന്തിമവും എന്നാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 110 (1) ൽ " ധനകാര്യ ബിൽ " ന്റെ ലക്ഷ്യവും പരിധിയും തീരുമാനിക്കുന്നതിനും ഉത്തരം നൽകുന്നതും ഒഴിവാക്കുന്നതിന് പരിഗണയുണ്ടാവില്ല. ഉദാഹരണത്തിന്, ആർട്ടിക്കിൾ 110

ന്റെ വാക്യം (1) ന്റെ ഉപവാക്യം (ജി) ൽ അനുബന്ധ വകുപ്പുകളാകുന്നതുമാണ് ആർട്ടിക്കിൾ 110 ന്റെ വാക്യം (1) ലെ ഉപവാക്യം (ഡി) ബാധകമാകുന്നത് ഒഴിവാക്കിയാൽ കൂടി ദേശിയ ഹരിത ട്രിബുണൽ നിയമം അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ നിയമം പ്രകാരമുള്ള ട്രിബുണലിന്റെ ഘടനയുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പരാമർശം വാദിച്ചേക്കാവുന്ന നിലയിൽ വ്യത്യാസമുണ്ടായേക്കാം. എന്തായാലും ബില്ലിന് പ്രസ്താവിക്കാനാവുന്നതു ഭാരതത്തിന്റെ കോൺസോളിഡേറ്റഡ് ഫണ്ടിൽ ചിലവ് ചാർജ് ചെയ്യുവാൻ കഴിയുമെന്നാണ്.

119. പരിഗണനക്ക് എത്തുന്ന മറ്റൊരു വസ്തുത ധനകാര്യമല്ലാത്ത ബിൽ സ്പീക്കർ ധനകാര്യ ബിൽ ആയി സർട്ടിഫൈ ചെയ്യുമ്പോഴുള്ള നിയമപരമായ ഭവിഷ്യത്തുകളാണ്, രാജ്യ സഭയിൽ അവതരിപ്പിച്ചപ്പോൾ ചില അംഗങ്ങൾ ഇതിനെ പ്രത്യേകമായി എതിർക്കുകയുണ്ടായി, എന്നാൽ "ധനകാര്യമല്ലാത്ത" ബില്ലുമായി ബന്ധപ്പെട്ട വകുപ്പുകൾ വോട്ടിനിട്ടപ്പോൾ ഒരു ഭൂപാർശയുമുണ്ടായില്ല.

120 . അശോക് ഭൂഷൺ, ജെ., യുടെ യോജിക്കുന്ന അഭിപ്രയത്തിന്റെ ബലത്തിൽ വാദികൾ വാദിക്കുകയും ആയതിൽ പ്രസ്താവിച്ച ആർട്ടിക്കിൾ 110 (1) (എ) മുതൽ (എഫ്) വരെയുള്ള വകുപ്പിലുള്ള കുറഞ്ഞത് ഒന്നിന്നൊടും കൂടാതെ ബാക്കിയുള്ള ഇതര വകുപ്പുകളിലെ ഓരോന്നും പ്രധാന വകുപ്പ് (കളുടെ) ന്റെ അനുബന്ധവും ആയതിനാൽ ആർട്ടിക്കിൾ 110 (1) ന്റെ ആമുഖമായി 'മാത്രം' എന്ന വാക്ക് ചേർത്തത്, യൂണിയനിൽ പ്രവർത്തനോന്മുഖമായാണ്. കൂടാതെ, ഭൂരിപക്ഷം ആധാർ നിയമത്തിലെ വകുപ്പ് 7 നു ആർട്ടിക്കിൾ 110 (1) (ഇ) ബന്ധപ്പെടുത്തിയ രീതി ശരിയായല്ല എന്ന് വാദിച്ചു, ആവശ്യമായ ആധികാരികത നൽകി പിൻവലിക്കുന്നതിനുള്ള നടപടി ക്രമീകരണം മാത്രമാണ് ചെയ്തതെന്നും ഭാരതത്തിന്റെ കോൺസോളിഡേറ്റഡ് ഫണ്ടിന്റെ ചാർജ് നു ഏതെങ്കിലും ചെലവ് പ്രഖ്യാപിക്കുകയുമുണ്ടായില്ല. ഭൂരിപക്ഷ വിധിയിലൂടെ നിയമത്തിന്റെ വ്യാഖ്യാനം ഭരണഘടനാപരമായി യുക്തമല്ലെന്നും നിലവിലുള്ള കേസിൽ അതേപോലെയുള്ള വിശകലനം ചെയ്യുവാൻ പാടില്ല എന്നും അവർ വാദിച്ചു. വാദികൾ, ആയതിനാൽ, ചോദ്യം ചെയ്യപ്പെട്ട ഓരോ വകുപ്പും പ്രത്യേകമായി പരിശോധിക്കണമെന്നും ആർട്ടിക്കിൾ 110 (ജി) അനുവദിച്ച പ്രകാരം ആർട്ടിക്കിൾ 110 (1) (എ) മുതൽ (എഫ്) അല്ലെങ്കിൽ അതിനു അനുബന്ധമായി കൊണ്ടുവരണമെന്നും വാദിച്ചു. മുകളിൽ പറഞ്ഞ രണ്ടു താരങ്ങളിൽ ഏതെങ്കിലും ഒരു വകുപ്പ്

ബാധകമാക്കിയില്ല എങ്കിൽ, ഫിനാൻസ് നിയമം, 2017 മുഴുവനും, ആർട്ടിക്കിൾ 110 (1) ന്റെ ആമുഖ ശൈലിക്ക് വിരുദ്ധവും, ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിക്കേണ്ടതുമാണ് .

121. എന്തായാലും, ഫിനാൻസ് നിയമം 2017 ന്റെ ഭരണഘടനപരത, ആർട്ടിക്കിൾ 110 (1) (എ) മുതൽ (എഫ്) ന്റെ പരിധിയിൽ വരികയാണെങ്കിൽ, നിയമത്തിന്റെ പ്രമുഖ ഭാഗം എന്നതിൽ, അന്തർലീന വകുപ്പുകൾ സുരക്ഷിതമെന്ന് അറ്റോർണി ജനറൽ വാദിച്ചു. മറ്റു അപ്രധാന വകുപ്പുകൾ, കര്ശനമായി അനുബന്ധമല്ലെങ്കിൽ കൂടി , അന്തർലീനമാകാമെന്ന്, ധനകാര്യ ബില്ലിനോട് കൂടി പാസ്സാക്കാവുന്നതാണ്. പ്രസ്തുത വ്യാഖ്യാനം അനുസരിച്ചു, വകുപ്പുകൾ കൂറച്ചു വീതം വായിക്കേണ്ടതല്ലെന്നും, നീതിന്യായ പുനഃപരിശോധന വ്യത്യസ്തമായി ബാധകമാക്കേണ്ടതാണ് .

122 . കാര്യം വിശദമായി പരിശോധിക്കുമ്പോൾ, ആർട്ടിക്കിൾ 110 (1) ന്റെ ഉദ്ദേശ്യം വ്യാഖ്യാന തത്വങ്ങൾ അല്ലെങ്കിൽ പ്രക്രിയയുടെ അനന്തര ഫലം കാണിക്കാതെ ചോദ്യം ചെയ്യപ്പെട്ട നിയമത്തിന്റെ പ്രകൃതം ഭൂരിപക്ഷം കെ.എസ്. പുട്ടസ്വാമി (ആധാർ - 5) കേസിൽ പ്രസ്താവിച്ചുവെന്നു ഞങ്ങൾ ശ്രദ്ധിച്ചു. കെ.എസ്. പുട്ടസ്വാമി (ആധാർ - 5) ഭൂരിപക്ഷ ആധികാരിക തത്വത്തെ ആർട്ടിക്കിൾ 110 (1) ലെ 'മാത്രം' എന്ന വാക്കിന്റെ ഫലം ചർച്ച ചെയ്തിട്ടില്ല എന്നും "ധനകാര്യ ബിൽ" ആയി പാസാക്കിയ നിയമത്തിലെ ചില വകുപ്പുകൾ ആർട്ടിക്കിൾ 110 (1) (എ) മുതൽ (ജി) വരെ ഉള്ളവക്ക് അനുസൃതമല്ലെന്നും പ്രസ്താവനകളുടെ അനന്തരഫലമായി നിർദ്ദേശം നൽകുന്നില്ലെന്നും ഞങ്ങൾക്ക് വ്യക്തമാണ്. ആധാർ നിയമത്തിന്റെ വകുപ്പുകളുടെ വ്യാഖ്യാനം വാദപരമായി സ്വതന്ത്രവും ആർട്ടിക്കിൾ 110 (1) (എ) മുതൽ (എഫ്) വരെ ഉള്ളവക്ക് പ്രസ്തുത വകുപ്പ് അനുബന്ധമായതിനാൽ കോടതിക്ക് തൃപ്തികരവും, വിശ്വസനീയമാം വിധം യുക്തിയുള്ളതല്ലെന്നും വാദിക്കുകയുണ്ടായി, നമ്മുടെ ഭരണഘടനാ പ്രകാരം ഇരുസഭകളുള്ള പാർലമെന്ററി സംവിധാനത്തിന് അനുസൃതമല്ല. ഉറപ്പുള്ളതും അന്തിമവുമായ തീരുമാനമില്ലാതെ കെ.എസ്. പുട്ടസ്വാമി (ആധാർ - 5) വിശകലനം നിലവിലെ കേസിൽ ബാധകമാക്കുന്നതു ബുദ്ധിമുട്ടുള്ളതാണെന്നും കോ- ഓർഡിനേറ്റ ബെഞ്ചുകളുടെ വിധികൾ തമ്മിൽ തർക്കമുയരുന്നുവെന്നും പ്രസ്താവിച്ചു.

123 . നീതിന്യായ പുനഃ പരിശോധനയുടെ ഉദ്ദേശത്തിൽ വിവിധ ചോദ്യം ചെയ്യലുകളും കെ എസ് പുട്ടസ്വാമി (ആധാർ - 5) കേസിലെ ഭൂരിപക്ഷ അഭിപ്രായം ചുരുക്കി പറഞ്ഞാലുള്ള വ്യാഖ്യാന തത്വങ്ങൾ (അല്ലെങ്കിൽ ആയതിന്റെ കുറവ്) ആധാർ നിയമം 2016 ന്റെ വിശകലനത്തിന്റെ

ബാധകമാക്കേണ്ട കേസെന്ന സ്വാധീനം, ശരിയെന്ന തീരുമാനിക്കുന്നതിൽ ആവശ്യമായി വരുന്നു. തുല്യ അംഗങ്ങളുള്ള ബെഞ്ച് എന്നതിനാൽ, കെ. എസ് പുട്ടസ്വാമി (ആധാർ - 5) കേസിലെ പോലെ, ബഹുമാനപെട്ട ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് മുമ്പാകെ (ഭരണപരമായി) ഈ കൂട്ടം കേസുകൾ വിശാല ബെഞ്ചിന്റെ പരിഗണനയ്ക്കായി വയ്ക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുകയും

.....

124. ഏഴ ജഡ്ജിമാരുള്ള ഭരണഘടനാ ബെഞ്ചിൽ ഈ കേസ് പരാമർശിക്കുന്നതിനു ഞങ്ങൾക്ക് മറ്റൊരു കാരണമുണ്ട്. എൽ ചന്ദ്രകുമാർ (മേൽ പരാമർശം) ഏഴ ജഡ്ജിമാരുടെ ബെഞ്ച് തീരുമാനിച്ച പ്രകാരം, ഭരണഘടനയുടെ ആർട്ടിക്കിൾ 227 (1) - ൽ ഹൈകോടതികളുടെ മേൽനോട്ടത്തിന്റെ പരിധി വ്യാഖ്യാനിക്കുകയും എല്ലാ തർക്ക പരിഹാര അംഗങ്ങളും ഹൈകോടതികളുടെ അധികാര പരിധിയിൽ വരുന്നവ മേൽനോട്ടാധികാരത്തിനു ബാധകമാവണമെന്നു ഭരണഘടനാ അനുശാസിക്കുന്നില്ലെന്നും പ്രസ്താവിച്ചു, ഉദ്ദേശ്യം ഹൈകോടതികളുടെ ചുമതലകളിൽ നിന്നും വിടുതലാക്കുന്നതിനാണ് . അനന്തഫലമായി , ആർട്ടിക്കിൾ 227 (1) ലെ മേൽനോട്ട പ്രവർത്തനങ്ങൾ ഒരു തരത്തിലും സഹായകരമായിരിക്കുകയില്ല. അതിനു ശേഷം, വിവിധ നിയമങ്ങളാൽ രൂപീകരിക്കപ്പെട്ട വിവിധ ട്രിബുണലുകൾ ഭരിക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളാണ്, ഏകീകരണ ഭരണമില്ല. പൂർണമായും സ്വതന്ത്ര ഏജൻസി പ്രസ്തുത ട്രിബുണലുകൾക്കു ക്രമീകരിച്ചില്ല എങ്കിൽ, കഴിയും വിധം , എല്ലാ ട്രിബുണലുകളും ഒരു സിംഗിൾ നോഡൽ മന്ത്രാലയത്തിന്റെ കീഴിലായിരിക്കണം എന്ന് കാംഷിക്കുന്നു ഈ ട്രിബുണലുകളുടെ പ്രവർത്തനം മേൽനോട്ടം വഹിക്കുന്നതിനു യുക്തമായി എന്ന് ഈ കോടതി അഭിപ്രായപ്പെടുന്നു. പല കാരണങ്ങളാൽ, നിയമ മന്ത്രാലയം ഉചിതമായ മന്ത്രാലയമെന്നു കോടതി പ്രസ്താവിക്കുന്നു. ട്രിബുണലുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനു സ്വതന്ത്ര മേൽനോട്ടം വഹിക്കുന്ന അംഗത്തെ നിയമമന്ത്രാലയം ക്രമം അനുസരിച്ചു നിയമിക്കേണ്ടതാണ്. മുകളിൽ ശ്രദ്ധിച്ച പ്രകാരം, ഇ തുണ്ടായില്ല . ഈ സാഹചര്യത്തിൽ ഈ പ്രത്യേകതകളും ചോദ്യങ്ങളും ഏഴ ജഡ്ജിമാരുടെ ബെഞ്ച് പരിശോധിക്കുന്നത് ഉചിതമായിരിക്കും.

വിഷയം II. അമിത ആധികാരം ഏൽപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് നിയമം 2017 ലെ വകുപ്പ് 184 ഭരണഘടനാ വിരുദ്ധമാണോ ?

125 . ഫിനാൻസ് നിയമം 2017 ന്റെ ഭാഗം XIV നു എതിരെയുള്ള രണ്ടാം വാദം " അവശ്യ നിയമ നിർമ്മാണ പ്രവർത്തനങ്ങളും " "നയവും മാർഗ നിർദ്ദേശങ്ങളും " പരീക്ഷിക്കുന്നതിൽ പരാജപ്പെടുന്നതിനാൽ ഈ കേസ് കൂടുതൽ ആധികാരികത നൽകുന്നതിന് ഉറപ്പു നൽകുന്നു.

126 . 19 ട്രിബുണലുകളുടെ പട്ടികയും അവ രൂപീകരിക്കപ്പെട്ട അനുബന്ധ നിയമങ്ങളും വകുപ്പ് 183 ൽ പരാമർശിക്കപ്പെട്ട പട്ടിക എട്ടിൽ ഉൾപ്പെടുന്നു. പട്ടിക എട്ടിൽ കോളം 3 - ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന നിയമങ്ങളിലെ വകുപ്പുകളെ വകുപ്പ് 183 മേലധികാരം നടത്തുകയും നിയമിക്കപ്പെട്ട തിയതി മുതൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ചെയർമാൻ, വൈസ് ചെയർമാൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ട്രിബുണലിൽ അപ്പലേറ്റ് ട്രിബുണലിൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അംഗം അല്ലെങ്കിൽ പട്ടിക എട്ടിൽ കോളം 2 -ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന മറ്റു അധികാരികൾ ഫിനാൻസ് നിയമം വകുപ്പ് 184 ലെ വകുപ്പുകൾക്ക് അനുസരിച്ചു നിയമിതരാകണമെന്നു നിഷ്കർഷിക്കുന്നു. പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെടേണ്ട തീയതിക്ക് മുമ്പ് നിയമിക്കപെട്ടവർക്കു ഈ വകുപ്പുകൾ എന്തായാലും ബാധകമല്ല, ആ തിയ്യതിയിലാണ് കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ പരസ്യത്തിലൂടെ പ്രസ്തുത വകുപ്പുകൾ ബാധകമാക്കുക.

127 . വകുപ്പ് 184, ആവർത്തിക്കുന്നത്, താഴെ പറയും വിധമാണ്:

"184 . ട്രിബുണൽ , അപ്പെല്ലറ്റ് ട്രിബുണൽ മറ്റു അധികാരങ്ങളിലെ ചെയർപേഴ്സൺ, വൈസ് - ചെയർപേഴ്സൺ, അംഗങ്ങൾ തുടങ്ങിയരുടെ യോഗ്യതകൾ, നിയമനം, സേവന വ്യവസ്ഥകളും, നിയമനവും, യോഗ്യതകളും - (1) പട്ടിക ഏട്ടിലെ കോളം (2) ൽ പറഞ്ഞിരിക്കുന്ന പ്രകാരം മറ്റു അധികാരികൾ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബുണൽ, ട്രിബുണൽ അംഗം അല്ലെങ്കിൽ പ്രിസൈഡിഗ് ഓഫീസർ, വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, വൈസ് ചെയർമാൻ, ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ചെയർപേഴ്സൺ എന്നിവരുടെ മറ്റു സേവന വ്യവസ്ഥകളും നീക്കൽ, രാജി, അലവൻസുകളും, ശമ്പളങ്ങൾ, ഓഫീസ് കാലയളവ്, നിയമനം, യോഗ്യതകൾക്കുള്ള ചട്ടങ്ങൾ എന്നിവ കേന്ദ്ര സർക്കാർ പരസ്യ വിജ്ഞാപനത്തിലൂടെ രൂപീകരിക്കാവുന്നതാണ്. കേന്ദ്ര സർക്കാർ രൂപീകരിച്ച ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരം മറ്റു അധികാരി അല്ലെങ്കിൽ അപ്പെല്ലറ്റ് ട്രിബുണൽ, ട്രിബുണൽ അംഗം അല്ലെങ്കിൽ പ്രിസൈഡിഗ് ഓഫീസർ, വൈസ്-പ്രസിഡന്റ്, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ചെയർപേഴ്സൺ എന്നിവർ

കാലാവധി ഏൽക്കേണ്ടതും ഓഫീസിൽ നിയമിക്കപ്പെടുന്ന തിയതി മുതൽ അഞ്ചു വർഷത്തിൽ കൂടുതൽ ഏൽക്കേണ്ടതില്ലാത്തതും പുനനിയമനത്തിനു അർഹതയുള്ളതുമാണ്: കേന്ദ്ര സർക്കാർ രൂപീകരിച്ച ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രസ്തുത വയസിന് ശേഷം അംഗം അല്ലെങ്കിൽ പ്രിസൈഡിഗ് ഓഫീസർ, വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, വൈസ് ചെയർമാൻ, ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ചെയർപേഴ്സൺ ഓഫീസിൽ ചുമതല ഏൽക്കേണ്ടതില്ലാത്തതും.

(എ) ചെയർപേഴ്സൺ, ചെയർമാൻ അല്ലെങ്കിൽ പ്രസിഡന്റ് എന്നിവർക്ക് എഴുപതു വയസ്സിൽ കൂടുവാൻ പാടില്ല;

(ബി) വൈസ് ചെയർപേഴ്സൺ, വൈസ് ചെയർമാൻ, വൈസ് പ്രസിഡന്റ്, മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഏതെങ്കിലും അംഗത്തിന് അറുപത്തിഏഴു വയസ്സിൽ കൂടുവാൻ പാടില്ല.

(2) ട്രിബുണൽ, അപ്പലെറ്റ് ട്രിബുണൽ അല്ലെങ്കിൽ മറ്റു അധികാരി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ചെയർമാൻ, വൈസ് ചെയർമാൻ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അംഗത്തിന്റെ നിയമനത്തിന് ശേഷം തന്റെ താത്പര്യത്തിന് വിരുദ്ധമാകുവാൻ പാടില്ല.

പട്ടിക ഏട്ടിലെ കോളം (2) ൽ പറഞ്ഞിരിക്കുന്ന പ്രകാരം മറ്റു അധികാരികൾ, അപ്പലെറ്റ് ട്രിബുണൽ, ട്രിബുണൽ അംഗം അല്ലെങ്കിൽ പ്രിസൈഡിഗ് ഓഫീസർ, വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, വൈസ് ചെയർമാൻ, ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ചെയർപേഴ്സൺ, എന്നിവരുടെ (എ)യോഗ്യതകൾ; (ബി) നിയമനം; (സി) ഓഫീസ് കാലയളവ്; (ഡി) ശമ്പളങ്ങളും അലവൻസുകളും; (ഇ) രാജി; (എഫ്) നീക്കൽ മറ്റു സേവന വ്യവസ്ഥകളും പരസ്യപ്പെടുത്തിന് ചട്ടങ്ങളുണ്ടാക്കാൻ കേന്ദ്ര സർക്കാരിന്റെ വകുപ്പ് 184 പ്രകാരം അധികാരപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രസ്തുത കാലത്തേക്ക് നിലവിലുള്ള ഉദ്യോഗസ്ഥർ ഓഫീസിൽ ചുമതല ഏൽക്കാമെന്നും ചുമതല ഏറ്റെടുത്ത തിയതി മുതൽ അഞ്ചു വർഷത്തിൽ കൂടാൻ പാടില്ലെന്നും വീണ്ടും നിയമിക്കപ്പെടുന്നതിനു അർഹനായിരിക്കുമെന്നും ഒന്നാം വർജനം പ്രസ്താവിക്കുന്നു. രണ്ടാം വർജനം പ്രസ്താവിക്കുന്നത് അങ്ങനെ നിയമിതനായ വ്യക്തികൾ കേന്ദ്ര സർക്കാർ രൂപീകരിച്ച ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന വയസ്സ് എത്തുന്നതുവരെയും ചെയർപേഴ്സൺ, ചെയർമാൻ, പ്രസിഡന്റ് വയസ്സ് 70 വയസിൽ കൂടാൻ പാടില്ലെന്നും വൈസ് ചെയർപേഴ്സൺ, വൈസ് ചെയർമാൻ, വൈസ് പ്രസിഡന്റ്

അല്ലെങ്കിൽ മറ്റു അംഗങ്ങളുടെ വയസു 67 ൽ കൂടാൻ പാടില്ലെന്നുമാണ്. വകുപ്പ് 184 ന്റെ ഉപവകുപ്പ് 2 പ്രസ്താവിക്കുന്നത് നിയമിതാരായ വ്യക്തികളുടെ ശമ്പളങ്ങളും അലവൻസുകളും സേവന വ്യവസ്ഥകളും നിയമനത്തിന് ശേഷം തങ്ങളുടെ പ്രയോജനത്തിനു വിരുദ്ധമാവരുത് എന്നുമാണ് .

128 . ഫിനാൻസ് നിയമം വകുപ്പ് 185 (1) പ്രസക്തവും ഇപ്രകാരവുമാണ് :

"185. പരിവർത്തന വ്യവസ്ഥകൾ - പട്ടിക ഒമ്പതിലെ കോളം (2) ൽ പറഞ്ഞിരിക്കുന്ന അപ്പലെറ്റ് ട്രിബുണലുകൾ, ട്രിബുണലുകൾ എണ്ണിയവയിലെ അംഗം അല്ലെങ്കിൽ പ്രിസൈഡിഗ് ഓഫീസർ അല്ലെങ്കിൽ വൈസ് പ്രസിഡന്റ്, വൈസ് ചെയർമാൻ, അല്ലെങ്കിൽ വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ പ്രസിഡന്റ്, ചെയർമാൻ അല്ലെങ്കിൽ ചെയർ പഴ്സനായി നിയമിതനായ ഏതെങ്കിലും വ്യക്തി നിയമിക്കപ്പെടുന്ന തിയതിക്ക് തൊട്ടു മുൻപ് ഓഫീസു ഏൽക്കുകയും, പ്രസ്തുത ഓഫീസിൽ നിന്നും വിടുതലാവുകയും പ്രസ്തുത ചെയർപേഴ്സൺ അല്ലെങ്കിൽ ചെയർമാൻ, പ്രസിഡന്റ്, വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ വൈസ് ചെയർമാൻ, വൈസ് പ്രസിഡന്റ് അല്ലെങ്കിൽ പ്രിസൈഡിഗ് ഓഫീസർ അല്ലെങ്കിൽ അംഗത്തിന് ഓഫീസു കാലയളവ് തികയാതെ അവസാനിക്കുന്നതിനുള്ള അല്ലെങ്കിൽ സേവനത്തിലെ ഏതെങ്കിലും കരാറിനുള്ള മൂന്ന് മാസത്തിൽ കൂടാതെയുള്ള ശമ്പളവും അലവൻസുകൾക്കും കോമ്പൻസേഷൻ അപേക്ഷിക്കുന്നതിനു അർഹതയുണ്ടായിരിക്കും. "

മുകളിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ പ്രകാരം നിയമിക്കപ്പെട്ട തിയതിക്ക് മുൻപ് , പട്ടിക ഒമ്പതിലെ കോളം (2) ൽ പറഞ്ഞിരിക്കുന്ന ട്രിബുണലുകൾ / അപ്പലെറ്റ് ട്രിബുണലുകളിലെ അംഗം അല്ലെങ്കിൽ പ്രിസൈഡിഗ് ഓഫീസർ അല്ലെങ്കിൽ വൈസ് പ്രസിഡന്റ് വൈസ് ചെയർമാൻ അല്ലെങ്കിൽ വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ പ്രസിഡന്റ് ചെയർമാൻ അല്ലെങ്കിൽ ചെയർപേഴ്സൺ ഓഫീസിൽ നിൽക്കുന്നതും വിടുതലാവുന്നതിനു ഓഫീസ് കാലയളവ് തികയാതെ അവസാനിക്കുന്നതിനുള്ള അല്ലെങ്കിൽ ഓഫീസിൽ കരാറിലെ മൂന്നു മാസത്തിൽ കൂടാതെയുള്ള ശമ്പളവും അനുകൂല്യത്തിനും കൊമ്പൻസെഷൻ അപേക്ഷിക്കുന്നതിനു അർഹത ഉണ്ടായിരിക്കും. എന്തായാലും, വകുപ്പ് 185 ലെ ഉപവകുപ്പ (1) ലെ ഭരണഘടനാ പരതയെ ഞങ്ങൾ പരിശോധിക്കുന്നില്ല എന്ന് ഇപ്പോൾ വ്യക്തമാക്കുന്നു.

129 . ഫിനാൻസ് നിയമം 2017 ലെ വകുപ്പ് 186 താഴെ പറയും വിധമാണ്:

"186 . ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള പൊതു അധികാരം - ഈ ഭാഗത്തു മറ്റെവിടെയും ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം കൂടാതെ, കേന്ദ്ര സർക്കാരിന്, പരസ്യ പ്രഖ്യാപനത്തിലൂടെ, ഈ ഭാഗത്തിലെ വകുപ്പുകൾ നടപ്പാക്കുന്നതിന് പൊതുവായ ചട്ടങ്ങൾ ഉണ്ടായേക്കാം."

ഫിനാൻസ് നിയമം, 2017 ലെ ഭാഗം XIV ൽ എവിടെയെങ്കിലും ചട്ടങ്ങളുണ്ടാക്കാനുള്ള ഏതേങ്കിലും അധികാരം കൂടാതെ, മുകളിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ പ്രസ്താവിക്കുന്നത് കേന്ദ്ര സർക്കാരിന്, പരസ്യ പ്രഖ്യാപനത്തിലൂടെ, ഈ ഭാഗത്തിലെ വകുപ്പുകൾ നടപ്പാക്കുന്നതിന് പൊതുവായ ചട്ടങ്ങൾ ഉണ്ടാക്കാം."

130. പ്രസ്തുത വകുപ്പുകൾ വായിക്കുമ്പോൾ കാണിക്കുന്നത് ഉയർന്ന പ്രായ പരിധി കാണിക്കുന്നത് ഒഴിച്ച്, ഓഫീസു ഏൽക്കുന്ന തിയതി മുതൽ അഞ്ചു വർഷത്തിൽ കൂടുതൽ കാലയളവ് നിയമിതനായ വ്യക്തിക്ക് കാലയളവ് ഉണ്ടായിരിക്കുകയില്ലെന്നും പുനർനിയമനത്തിനുള്ള അർഹത ഉണ്ടായിരിക്കില്ലെന്നും പ്രത്യേക യോഗ്യതകൾക്കും തിരഞ്ഞെടുപ്പ് രീതിക്കും നിയമനത്തിനും ഓഫീസിൽ കാലയളവിനും ശമ്പളവും അലവൻസുകൾക്കും, നീക്കൽ, രാജി വയ്ക്കുന്നത് ഉൾപ്പെടെ കേന്ദ്ര സർക്കാർ സേവനത്തിന്റെ എല്ലാ വ്യവസ്ഥകൾക്കും പാർലമെന്റ് ഡെലിഗേറ്ററി എന്ന നിലയ്ക്ക് ഫിനാൻസ് നിയമം അധികാരങ്ങൾ ഏൽപ്പിക്കുന്നു. പട്ടികയിലെ കോളം (3) ൽ പറഞ്ഞിരിക്കുന്ന നിലവിലുള്ള മാതൃ നിയമത്തിൽ ഉള്ള ബാധകമാകുന്ന നിയമപരമായ വകുപ്പുകളും അവയിലുണ്ടാക്കിയ ചട്ടങ്ങളും അസാധുവാക്കുകയും നിയമന യോഗ്യതകൾക്കും , തിരഞ്ഞെടുപ്പ് പ്രക്രിയകൾക്കും ശമ്പള അലവൻസ് ഉൾപ്പെടെയുള്ള സേവന വ്യവസ്ഥയ്ക്കും രാജി ഡെലിഗേറ്റഡ് അല്ലെങ്കിൽ സുബോർഡിനേറ്റ നിയമനത്തിലൂടെ തീരുമാനിക്കുന്നതിന് അധികാരവും ശക്തിയും കേന്ദ്ര സർക്കാരിന് നൽകുന്നു. ഡെലിഗേഷൻന്റെ പരിധിക്കപ്പുറത്തേക്കു നോക്കുന്നതിനു മുൻപ് ഈ കോടതി സ്വീകരിച്ച രീതി പ്രതിഫലിക്കുന്നതിനും വീണ്ടും കണക്കാക്കുന്നതിനു ശ്രദ്ധിക്കുന്നു ഡെലിഗേറ്റഡ് നിയമനിർമ്മാണ സാധുത സാധ്യമാക്കുന്നതിനാലാണ്.

131 . ഇൻ റി: ധി ഡൽഹി ലോസ് ആക്ട് [30] ൽ കോടതി ആദ്യമായി ബുദ്ധിമുട്ടുള്ള പ്രശ്നം പരിശോധിക്കുകയും ആയതിൽ ഏഴു ജഡ്ജിമാരുടെ ബെഞ്ച് ഏഴു വ്യത്യസ്ത വിധികൾ വിവിധ അഭിപ്രായങ്ങളോടെ നൽകി. എന്നാൽ, ഭൂരിപക്ഷ അഭിപ്രായം, ജെ. എം. ശേലാത്ത, ജെ.,

---

3
0 1951 എ ഐ ആർ 332

വ്യക്തമാക്കുകയും ഭ്രരിപക്ഷത്തിനു ബി .ക്ഷമ റാവു v. യൂണിയൻ ടെറിട്ടറി ഓഫ് പോണ്ടിച്ചേരി [31] താഴെ പറയും വിധം ചുരുക്കി പറയുന്നു:

"വിവിധ അഭിപ്രായത്തിന്റെ പ്രാധാന്യം കണക്കാക്കുമ്പോൾപ്രസ്തുത നിയമങ്ങളുടെ സാധുത പറയുമ്പോൾ അവയുടെ സമാപ്തി ഭാഗികമായി ഒഴിവാക്കുമ്പോൾ ഏതെങ്കിലും പൊതു തത്വം ഭാവിയിലുള്ള കേസുകളിൽ സംസ്ഥാന തീരുമാനങ്ങളുടെ തത്വത്തിൽ ബാധകമായി കണക്കാക്കാം. അനുപാതവും തത്വവും നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം ബാധകമാകുന്നതെന്നും ഉപസമാഹരണത്തിലല്ലെന്നും ഉള്ളത് അർത്ഥമാക്കാതെ പറയുകയാണ്. ഈ തീരുമാനത്തിൽ പറയുവാൻ കഴിയുന്നതും കുറഞ്ഞ ഐക്യം ഉണ്ടായിരിരിക്കുന്നതും (1) തത്വങ്ങളുടെ പ്രസ്തുത മേഖലയിൽ ഭരണഘടനയ്ക്ക് മുമ്പും ശേഷവും ഭാരതത്തിലെ നിയമനിർമാണത്തിന് പ്ലീനറി അധികാരമുണ്ടെന്നും (2) അവ അറയ്ക്കലും ബ്രിട്ടീഷ് പാർലമെന്റ് ഡെലിഗേറ്റുകൾ ആയിരുന്നില്ലെന്നും (3) നിയമനിർമ്മാണ അധികാരത്തിലുള്ള കാരണം കൊണ്ടല്ല അവയ്ക്ക് നിശ്ചിത പരിമിതിയിൽ ഡെലിഗേറ്റ് ചെയ്യുന്നതിനുള്ള അധികാരമുള്ളത് എന്നാൽ അമേരിക്കയുടെ ഐക്യനാടുകളിൽ പ്രസ്തുത അധികാരം അംഗീകരിക്കുകയും പ്രത്യേക ആദർശം നിലനിൽക്കുകയും വിവിധ പ്രവർത്തനങ്ങൾ ഉള്ള ആധുനിക സംസ്ഥാനത്തു നിയമനിർമ്മാണ അധികാരം ബാധകമാക്കുന്നതിന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലും നിയമങ്ങളിലുള്ള സങ്കീർണ്ണ പ്രശ്നങ്ങളും (4) ഡെലിഗേഷന്റെ ആവശ്യമുള്ളതും നിയമപ്രവർത്തനവും ഭാഗികമായിപ്പോലും ഇല്ലായ്മ ചെയ്യുന്നത് അനുവദനീയമല്ല. എല്ലാവരും അംഗീകരിച്ചത് ആയതു അനുബന്ധവും സഹായകവുമായ അധികാരം എന്നതിലാണ്."

കീഴ് അധികാരിക്ക് നിയമനിർമ്മാണ അധികാരം ഇല്ലായ്മ ചെയ്യുന്നതും ഒഴിയുന്നതും ഭാഗീകമായി പോലും അനുവദനീയമല്ലെന്നു ഏഴു ജഡ്ജിമാർ ഐക്യത്തോടെ പറയുന്നു. നിയമനിർമ്മാണ അധികാരം ഇല്ലായ്മ ചെയ്യുന്നതിലും റദ്ചെയ്യുന്നതിന്റെയും ഉദ്ദേശവും

അർത്ഥത്തിലും വ്യത്യസ്ത അഭിപ്രായം പ്രാഥമികമായി ഉണ്ടായി. പ്രസ്തുത വിഷയത്തിൽ, ഫസൽ അലി, ജെ, മുഖർജിയ, ജെ യും ബോസ്, ജെ, ഫസൽ അലി ജെ പ്രസ്തുത തത്വം പ്രസ്താവിച്ചത്:

"ശരിയായ വ്യത്യാസം .... ഇതാണ്. നിയമസഭയ്ക്ക് നിയമം രൂപീകരിക്കുന്നതിന് ഉള്ള അധികാരം നല്കാൻ കഴിയില്ല. എന്നാൽ ചില വസ്തുതകൾ അല്ലെങ്കിൽ കാര്യങ്ങളിൽ നിയമം രൂപീകരിക്കുന്നതിൽ നിയമം രൂപീകരിക്കുവാനുള്ള അധികാരം നൽകാനാവും, അല്ലെങ്കിൽ

3 1 എസ് സി സി 770

രൂപീകരിക്കുന്നതിലോ, ആയതിന്റെ പ്രവർത്തനം ആശ്രയിക്കും. ഇത് എതിർക്കുന്നത് സർക്കാരിനെ നിർത്തലാക്കുന്നതുപോലെ.

2 . ഡെലിഗേഷന് എതിരെയുള്ള നിയമത്തിന്റെ ശരിയായ ഉദ്ദേശം ഇതാണ്:

"വിശാലമായ അർത്ഥത്തിൽ ഈ ചട്ടത്തിൽ ഉൾപ്പെട്ട പ്രമാണം, delegatus non potest delegate to ആയതു തെറ്റിദ്ധാരണക്കു യുക്തവും തെറ്റിദ്ധരിക്കപ്പെട്ടതുമാണ്. എന്റെ വിധിയിൽ, നിയമനിർമ്മാണ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് നിയമസഭയ്ക്ക് കഴിയുകയില്ല എന്ന് അർഥമാക്കുന്നു. ആയതു മാറ്റാനും കഴിയില്ല, സമാന്തരമായി നിയമനിർമ്മാണം നടത്തൽ ഏൽപ്പിച്ച പ്രാഥമിക കർത്തവ്യം നിർവഹിക്കുന്നതിന്. ഈ ചട്ടം അമേരിക്കയിലും ഇംഗ്ലണ്ടിലും അംഗീകരിച്ചു.

** ** **

ഇല്ലായ്മ ചെയ്യുന്നത് എന്താണെന്നും ഈ ശൈലികൊണ്ട് ഉദ്ദേശിക്കുന്നത് ഏതു തരം കേസുകളാണെന്നുമുള്ളതു ഇപ്പോഴും ഒരു വസ്തുതയാണ്, ആയതു നിർവചിക്കുവാൻ എന്തെങ്കിലും ബ്രഹത്തായ ഫോർമുല നടപ്പാക്കുവാൻ എളുപ്പമല്ലെന്നും നിയമനിർമ്മാണം കാര്യക്ഷമവും ഉപയുക്തവും പൂർണവുമാക്കാൻ ആവശ്യമായ പ്രസ്തുത സബ്സിഡിയറി നിയമങ്ങൾ പ്രവർത്തികമാക്കുന്നതിനു സുബോർഡിനേറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിനു നിയമസഭയ്ക്ക് തടസ്സമാകുന്നില്ല ഇല്ലായ്മ ചെയ്യുന്നതിനുള്ള ചട്ടങ്ങൾ എന്നത് അംഗീകരിക്കണം."

ജഡ്ജി തുടർന്നും പ്രസ്താവിച്ചത് നയങ്ങൾ ആവരണം ചെയ്യുമ്പോൾ നിയമം ചാട്ടമാണെന്നും മാനദണ്ഡങ്ങൾ നിർവ്വചിക്കുന്നുവെന്നും നിശ്ചിത നിർദ്ദേശ പരിധിക്കുള്ളിൽ അത് ഒഴിഞ്ഞല്ല പ്രവർത്തിക്കുവാൻ തിരഞ്ഞെടുത്ത അധികാരിയെ നിയോഗിക്കുന്നു. നിയമം എന്നത് പ്രത്യേക രീതിയിൽ പ്രവർത്തിക്കുന്നതിന് നിയമസഭയുടെ താത്പര്യത്തിന്റെ പൂർണ ശൈലിയും പ്രസ്തുത നിർദ്ദേശം എങ്ങനെ നടപ്പാക്കണമെന്നതും ആയിരിക്കണം. ഒരു വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള ഉചിതമായ മാർഗത്തിൽ സാഹചര്യങ്ങൾ നിയമസഭ തീരുമാനിക്കുമ്പോൾ, അപ്പോൾ പ്രസ്തുത നിയമം അധികാരങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് വഴിയുണ്ടാക്കുകയുമില്ല കാരണം നിയമത്തിന്റെ തനി പ്രകൃതത്തിൽ നിന്നും മനസിലാകുന്നത്, അധികാരം ദുരുപയോഗം ചെയ്യുമ്പോൾ അവ പിൻവലിക്കുന്നതിനും മാറ്റം വരുത്തുന്നതിനും റദ്ദുചെയ്യുന്നതിനും കഴിയും ഏറ്റവും

പ്രധാനമായി നിയമസഭ നിർമ്മിച്ച നിയമങ്ങൾ വിപുലമാക്കാമെന്നും സ്വീകരിക്കുവാൻ മാത്രവുമാണ് ഡെലിഗേറ്റ്.

132. മുഖർജിയ, ജെ., അഭിപ്രായപ്പെട്ടത് നിയമനിർമ്മാണ നയം പ്രഖ്യാപിക്കുന്നതുമായി നിയമനിർമ്മാണ പ്രവർത്തനങ്ങൾക്കും നിയമങ്ങൾ നിർമ്മിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ ക്രമീകരിക്കുന്നതിനും സുബോർഡിനേറ്റ നിയമനിർമാണത്തിന് എന്താണോ ഏൽപ്പിക്കുന്നത് ആയതിന്റെ പ്രകൃതം നിയമത്തിന്റെ അനുബന്ധവും ആയതു രൂപീകരിക്കുന്നതിന് അധികാരവും ഏൽപ്പിക്കുന്നു. നിയമനിർമ്മാണ നയത്തിന് തക്കതായ വ്യക്തതയും അല്ലെങ്കിൽ മാനദണ്ഡവും ഉണ്ടാക്കിയാൽ, കോടതികൾക്കും നിയമസഭാ അവശ്യ ഡെലിഗേഷന്റെ പരിധി നിർണ്ണയിക്കുന്നത് നിശ്ചയിക്കുന്ന പ്രവർത്തിയിൽ വിവേചന അധികാരത്തോടെ ഇടപെടുവാൻ കഴിയില്ല. നിയമ നിർമാതാക്കൾ പ്രഖ്യാപിച്ച നയം പരിശോധിക്കുവാൻ ഡെലിഗേറ്റിയെ അനുവദിക്കുകയില്ലെന്നും ഏതെങ്കിലും നിയമം റദ്ചെയ്യുന്നതിനും പിൻവലിക്കുന്നതിനുമുള്ള അധികാരം ഡെലിഗേറ്റിക്ക് നൽകാനാവില്ലെന്നുമാണ്.

133. ബോസ്, ജെ., പ്രസ്താവിച്ചത്, നിയമനിർമാണത്തിന് പ്രധാന ധർമം നിയമനിർമ്മാണമെന്നും മറ്റുള്ളവരെ ഏൽപ്പിക്കാൻ അല്ലെന്നും എന്നാലും അപരിമിതമായ വിഭിന്നതകളും സങ്കീർണ്ണതകളുമുള്ള ആധുനിക സംസ്ഥാനത്തിന്റെ പ്രവർത്തനം നടത്തുന്നത് അസാധ്യമെന്ന അറിയിപ്പ് കിട്ടി ബോധിച്ചിട്ടുള്ളതും വലിയ തോതിൽ അധിക വികേന്ദ്രീകരണവും അധികാരം ഏൽപ്പിക്കലും ഇല്ലാതെ അമേരിക്കൻ കോടതികൾക്ക് ബോധ്യപ്പെട്ടിട്ടുള്ള പ്രായോഗിക ആവശ്യകതയാണ്. മറ്റൊരു തരത്തിൽ തീരുമാനിച്ചാൽ സർക്കാരിന് പ്രവർത്തിക്കുന്നതിനും കാര്യക്ഷമമായിരിക്കുന്നതിനും ബുദ്ധിമുട്ടാണ്.

134 . ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് രമേശ് ബിർച്ച v യൂണിയൻ ഓഫ് ഇന്ത്യാ[32] കേസിൽ മുകളിൽ പറഞ്ഞ ഏഴ അഭിപ്രായങ്ങൾ പരിശോധിക്കുകയും അനുപാതം എടുക്കുകയും യുക്തിയുടെ മാനദണ്ഡങ്ങൾ വ്യത്യസ്തങ്ങളെന്ന് പ്രസ്താവിക്കുകയും എന്തായാലും ആവശ്യമുള്ളത് ജഡ്ജിമാർ സ്വീകരിക്കുകയും ചെയ്തു - അതായതു പാർലമെന്റ് നു നിയമനിർമ്മാണ യുക്തവും വിശദവുമായ അധികാരങ്ങൾ മറ്റു അംഗത്തിനും അധികാരിയ്ക്കും അധികാരങ്ങൾ നൽകുകയും ചില പ്രവർത്തനങ്ങൾക്ക് അധികാരങ്ങൾ നൽകുന്നത് ഉൾപ്പെടുകയും ചെയ്യുന്നു. അത് പോലെ തന്നെ

3 2 1990 എ ഐ ആർ 560

ഡൽഹി ലോസ് ആക്ട് (മേൽ പരാമർശം) പ്രസ്തുത ഡെലിഗേഷനിൽ പരിമിതികൾ ഉണ്ടെന്നു ജഡ്ജിമാർ സമ്മതിച്ചു. എന്തായാലും, പരിമിതി എന്താണെന്ന ചോദ്യത്തിന് ഐക്യമതത്തിനുള്ള കുറവുണ്ടാകും. രണ്ടു ജഡ്ജിമാർ രമേശ് ബിർച്ച (മേൽ പരാമർശം) ഡൽഹി ലോസ് നിയമം (മേൽ പരാമർശം) അനുപാതത്തിൽ വിശ്വസിച്ചു പ്രസ്താവിച്ചിരിക്കുന്നത്:

"മുഴുവൻ ആകുന്നത് വരെ ഒഴിവാക്കാലോ റദ്ദ്ചെയ്യലോ ഇല്ലെന്നു ചിലർ വിചാരിച്ചു അതായത് "സമാന്തര" നിയമത്തിൽ പാർലമെന്റ് തങ്ങളുടെ അധികാരം അടിയറവു ചെയ്യുന്നത് വരെ അല്ലെങ്കിൽ തദ്ദേശ അധികാരിയ്ക്ക അധികാരങ്ങൾ നഷ്ടപ്പെടുന്നത് വരെ നൽകിയ അധികാരം പിൻവലിക്കാൻ കഴിയാത്തവരെ ബാധകമാക്കിയ മേൽനോട്ടം നടപ്പാക്കുന്നത് വരെ ഏൽപ്പിച്ച അംഗത്തിന്. എന്നാൽ മറ്റുള്ളവരുടെ അഭിപ്രായം പ്രസ്തുത "ഇല്ലായ്മ ചെയ്യൽ" അല്ലെങ്കിൽ "റദ്ദുചെയ്യൽ" ഭാഗികമല്ലാതിരിക്കുകയും എല്ലാം ചെയ്യുന്നതിന് ഉള്ള മുഴുവൻ അധികാരം മോശവും ആയതു നിയമസഭാ സുബോർഡിനേറ്റ അധികരിക്കും അധികാരം നൽകുകയും ചെയ്യുമ്പോൾ എന്നാൽ നിയമസഭയ്ക്ക് പ്രസ്തുത പ്രവൃത്തി നിയന്ത്രിക്കുന്നതിനുള്ള അധികാരം നിലനിർത്താനും പ്രസ്തുത അധികാരം തിരിച്ചുവിളിച്ചുകൊണ്ടു അല്ലെങ്കിൽ സബോർഡിനേറ്റ് അധികാരി പാസാക്കിയ റദ്ദാക്കിയ നിയമങ്ങൾ.

135. ഈ കോടതിയുടെ മുമ്പുള്ള തീരുമാനം ഇപ്പോൾ ഞങ്ങൾ ദേവി ദാസ് ഗോപാൽ കൃഷ്ണൻ & മുതൽ പേര് v. സ്റ്റേറ്റ് ഓഫ് പഞ്ചാബ് & മുതൽ പേര്[3] ആയതിൽ കെ സുബ്ബ റാവോ, സി ജെ കോടതിയ്ക്ക് വേണ്ടി പ്രസ്താവിക്കുന്നത് ഈസ്റ്റ് പഞ്ചാബ് ജനറൽ സെയ്ൽസ് റ്റാക്സ് ആക്ട് 1948 വകുപ്പ് 5 കളയുകയും യുക്തമായ തോതിനു നികുതിയുടെ തോത് നിശ്ചയിക്കുവാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുകയും , മോശമായതും ഭരണഘടനപരമല്ലാത്തതെന്നു പ്രസ്താവിച്ചതും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും നിയമത്തിന്റെ ഉദ്ദേശ്യവും നികുതിയുടെ തോത് നിശ്ചയിക്കുന്നതിന് അവശ്യ നിർദ്ദേശം നല്കുന്നില്ലെന്നാണ് അത് നിരീക്ഷിച്ചത്:

"16 . ...ക്ഷേമ രാജ്യത്തിൻറെ വിവിധ പ്രവർത്തനങ്ങളിൽ നോക്കുമ്പോൾ അവയ്ക്ക സങ്കീർണ്ണ സാഹചര്യത്തിന്റെ വിവിധ വശങ്ങൾക്കു പര്യാപ്തമാകുന്ന വിശദാംശങ്ങൾ പ്രവർത്തികമാക്കാനാവില്ല. കാര്യ നിർവ്വഹണ വകുപ്പിനോ മറ്റു ഏജൻസിക്കോ വിശദാംശങ്ങൾ ഏൽപ്പിച്ചു നൽകേണ്ട ആവശ്യവുമുണ്ട്. ഭാരം നൽകപ്പെട്ട നിയമം അല്ലെങ്കിൽ അധികാരമുള്ള

3 3 എ ഐ ആർ 1967 എസ് സി 1895

കാര്യനിർവഹണത്താൽ നിയന്ത്രിക്കപെട്ടതോ ആയവ ഡെലിഗേഷൻ പരിധി കടന്നു പോകുന്നു. അത് ഒരു നയവും രൂപീകരിക്കുന്നില്ല; പൊതുവായ വാക്കുകളിൽ അവ നയം പ്രഖ്യാപിക്കുന്നു; അവ കാര്യനിർവഹണ നിർദ്ദേശ മാനദണ്ഡം നൽകുകയില്ല ; അവ കാര്യനിർവഹണത്തിനു വിവേചനക അധികാരം നൽകുന്നു, നയം മാറ്റം വരുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്ന ത്തിനും സബോർഡിനേറ്റ നിയമത്തിൽ ഒരു അധികാരവും കരുതി വയ്ക്കാതെ. നിയമ നിർമ്മാണ അധികാരം മറ്റൊരു ഏജൻസിക്കുവേണ്ടി ഇല്ലായ്മചെയ്യുന്നത് മുഴുവനായും ഭാഗികമായും ഡെലിഗേഷന്റെ അനുവദിക്കപ്പെട്ട പരിമിധികൾക്കു അപ്പുറമാണ് നിയമം പരിധി കടന്നുവോ എന്നത് ചോദ്യംചെയ്യപ്പെട്ട നിയമം യുക്തവും ഉദാത്തവും വിശാലവുമായ വ്യാഖ്യാനത്തിലൂടെയാവണം കോടതി പ്രസ്താവിക്കേണ്ടത്. എന്നാൽ വ്യാഖ്യാനത്തിന്റെ വിശാലത കോടതികളിലേക്കു കൊണ്ടുപോകുവാൻ പാടില്ലാത്തതാണ് അന്തർലീനവും അല്ലാത്തതുമായ നിയമനിർമ്മാണ നയം കണ്ടെത്താൻ ശ്രമിക്കുന്നതും കാര്യാ നിർവഹണ അധികാരികളിൽ നൽകിയ വിവേചന അധികാരം നൽകിയിരിക്കുന്ന ഏതെങ്കിലും വിവേചനപരമായ അധികാരം സംശയം ഇല്ലാതെ ഇല്ലായ്മ ചെയ്യുക എന്നത് കോടതിയുടെ ചുമതലയാണ് "

136. ഒരു വർഷത്തിന് ശേഷം ഈ കോടതി മുൻസിപ്പൽ കോർപ്പറേഷൻ ഓഫ് ഡൽഹി v ബിർള കോട്ടൺ, സ്പിന്നിങ് ആൻഡ് വീവിങ് മിൽസ് , ഡൽഹിയും മറ്റൊരാളും[34] കേസിൽ, എന്തായാലും ഡൽഹി മുൻസിപ്പൽ ആക്ട് 1957 ലെ വകുപ്പ് 113 (2) നിലനിർത്തുകയും നിയമത്തിൽ ആവശ്യത്തിന് നിർദ്ദേശങ്ങൾ സുരക്ഷയും പരിശോധനയും ഉണ്ടെന്നു പ്രസ്താവിച്ചു ചില ഓപ്ഷണൽ നികുതികൾ ചുമത്തി കോർപ്പറേഷനെ അധികാരപ്പെടുത്തുകയും, നിയമം ഉയർന്ന നികുതി തോത് നൽകിയതിനാൽ കൂടുതലായ ഡെലിഗേഷൻ തടയുന്നു. ഡെലിഗേഷനിൽ ആവശ്യത്തിനുള്ള മാർഗ നിർദ്ദേശം ഉണ്ടോ എന്ന് തീരുമാനം പരിഗണിക്കുന്നത് പ്രധാന വസ്തുത കൂടി ആണ് ഡെലിഗേഷൻ.

രൂപീകരിക്കപ്പെട്ട അംഗത്തിന്റെ പ്രകൃതത്തിനും ഇവ ആവശ്യമായ പരിശോധനയായി പ്രവർത്തിച്ചതുകൊണ്ടു നികുതി അടച്ച ആളുകളോട് കടപ്പെട്ട തിരഞ്ഞെടുക്കപ്പെട്ട അംഗത്തിനും ഡെലിഗേഷന് നല്കുമ്പോഴുമെന്നും പ്രസ്താവിച്ചു : പ്രസ്താവിച്ചത് ഇങ്ങനെ :

"ഈ അധികാരികളുടെ പരിശോധനയ്ക്ക ആയി അനുമാനം എത്തിക്കുകയും അതായതു ഈ കോടതി പരിഗണിക്കുമ്പോൾ ഈ തത്വം നല്ലതായി സാംശീകരിച്ചരിക്കുന്നുവെന്നും അതായതു

3 4 എ ഐ ആർ 1968 എസ് സി 1232

അവശ്യ നിയമനിർമ്മാണ പ്രവർത്തനം നിയമനിർമ്മാണ അധികാരം നിശ്ചയിക്കുന്നതിൽ ഉൾപ്പെടുന്നുവെന്നും ആയതു ക്രമീകരിക്കപ്പെട്ട ബാധകമായ റൂൾ ഓഫ് കോണ്ടക്ട് ആണെന്നും നിയമസഭയിൽ ഏല്പിക്കപ്പെടുവാൻ കഴിയുകയില്ല എന്നും. അപരിമിതമായ ഡെലിഗേഷനുള്ള അധികാരം നിയമനിർമ്മാണ അധികാരം തന്നെ അന്തർലീനമല്ലതാനും. ആയതു ഭരണഘടനയുടെ വകുപ്പുകളാൽ ബന്ധിക്കപ്പെടുന്നതുമല്ല. നിയമസഭാ ആവശ്യമായ നിയമനിർമ്മാണ പ്രവർത്തനങ്ങൾ സ്വയം നിലനിർത്തേണ്ടതും, എന്താണോ ഏല്പിക്കേണ്ടത് ആയതു സബോർഡിനേറ്റ നിയമത്തിന്റെ പ്രവർത്തിയും ആയതു നിയമത്തിന്റെ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും നടപ്പാക്കുന്നതിന്റെ ആവശ്യത്തിനുമാണ്. നിയമനിർമ്മാണ നയം പ്രസ്താവിക്കുമ്പോൾ ആവശ്യമായ വ്യക്തതയോടെയും അല്ലെങ്കിൽ ഒരു മാനദന്ധം വയ്ക്കുകയും ചെയ്യുമ്പോൾ കോടതികൾ ഇടപെടേണ്ട കാര്യമില്ല. എന്ത് നിർദ്ദേശമാണ് നൽകേണ്ടതെന്നും ഏത് വരെ നിശ്ചിത കേസിൽ മാർഗ നിർദ്ദേശം നൽകിയോ എന്നും എല്ലാം ആശ്രയിക്കുന്നത് ആ മുഖം ഉൾപ്പടെ കോടതി കണക്കാക്കേണ്ടി വരുമ്പോൾ ഒരു പ്രത്യേക നിയമത്തിന്റെ വകുപ്പുകൾ പരിഗണിക്കുമ്പോഴാണ്. കൂടാതെ, ഞങ്ങൾക്ക് മനസിലാകുന്നത്, ഡെലിഗേഷൻ നൽകുന്ന അംഗത്തിന്റെ പ്രകൃതം ഡെലിഗേഷനിൽ ആവശ്യമായ നിർദ്ദേശമുണ്ടോ എന്ന് നിശ്ചയിക്കുന്നതിൽ ഒരു ഘടകമായി പരിഗണിക്കുന്നത് ആവശ്യമാണ്. "

അങ്ങനെ, ഉയർന്ന നികുതി തോത് നൽകുന്ന മാതൃകയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ അംഗത്തിന് തിരഞ്ഞെടുപ്പിന് ഉള്ള വിവേചനം നൽകണമെന്നും അല്ലെങ്കിൽ തദ്ദേശ മേഖലയിലുള്ള ആളുകളെ ബന്ധപ്പെടുന്നതിനുള്ള വകുപ്പും ശേഷം തോത് നിശ്ചയിക്കുന്നതും അല്ലെങ്കിൽ തദ്ദേശ അധികാരി നിശ്ചയിക്കുന്ന നികുതി തോതിനും വിധേയമാക്കുന്നത് സർക്കാരിന്റെ അംഗീകാരത്തിന് ആയതു വാച്ച് ഡോഗ് ആയി പ്രവർത്തിക്കുന്നത് നയവും മാർഗ നിർദ്ദേശ പരിശോധനയും തൃപ്തിപ്പെടുത്തിയാണ്.

137 . ഈ അനുപാതം എം.കെ. പാപ്പിയ ആൻഡ് സൺസ് v എക്സൈസ് കമ്മിഷണർ[35] കേസിൽ തുടരുകയും പ്രസ്താവിക്കുകയും ചെയ്തത് ഈ കോടതി പരിശോധിച്ചത് നിയമസഭയ്ക്ക് ഏൽപ്പിക്കാനാകാത്ത അവശ്യ പ്രത്യേകതകൾ ഉൾപ്പെടുന്നത് എന്താന്നെന്നും അങ്ങനെ പ്രസ്താവിക്കുന്നതിനു ഇത് വിശദമായി നയത്തിലുള്ള മാറ്റമായി ഉൾപ്പെടുത്താനാകില്ല.

---

3 5 (1975) 1 എസ് സി സി 492

നിയമനിർമ്മാതാവ് ആണ് നയത്തിന്റെ അധികാരി എന്നും ഡെലിഗേറ്റ് ചെയ്യപ്പെടുന്നയാൾ നയം മാറ്റുവാൻ പാടില്ലെന്നും അങ്ങനെ ചെയ്താൽ നിയമനിർമ്മാണ അധികാരം തന്നെ ഇല്ലാതാക്കുന്നതാണ്. ആയതിനാൽ, കൂടുതൽ ഡെലിഗേഷനുമായി ബന്ധപ്പെട്ട ചോദ്യം ഉയരുമ്പോൾ ആവശ്യം ചെയ്യപ്പെടുന്നയാൾ നയം മാറ്റുവാൻ പാടില്ലെന്നും അങ്ങനെ ചെയ്താൽ നിയമനിർമ്മാണ അധികാരം തന്നെ ഇല്ലാതാക്കുന്നതാണ്. ആയതിനാൽ കൂടുതൽ ഡെലിഗേഷനുമായി ബന്ധപ്പെട്ട ചോദ്യം ഉയരുമ്പോൾ, ആവശ്യമായ രീതിയിൽ നിയമനിർമ്മാണ നയം നൽകിയിട്ടുണ്ട് എന്നതിന് അന്വേഷണം നടത്തേണ്ടതും അല്ലെങ്കിൽ നയത്തിൽ മാറ്റം വരുത്തുന്നത് ഡെലിഗേറ്റ് ന്റെ താത്പര്യത്തിന് നൽകാം. ഈ വിഷയം തക്കതായ പ്രാധാന്യവും നിലവിലെ കേസിൽ പ്രസക്തവുമാണ്.

138 . അവിന്ദർ സിംഗ് v സ്റ്റേറ്റ് പഞ്ചാബ്[36] ഈ കോടതി അടിസ്ഥാന രേഖ എടുത്തു പറയുകയും, ഭരണഘടനാ ചില അടിസ്ഥാന അധികാരങ്ങളോട് കൂടി മൂന്നു ഉപകരണങ്ങൾ രൂപീകരിക്കുകയും നിയമനിർമ്മാണ അധികാരങ്ങൾ ഇല്ലായ്മ ചെയ്യുന്നില്ലെന്നതിനു തെളിവില്ലെന്നും ആയതു ഭരണഘടനയെ വഞ്ചിക്കുന്നതും നിയമത്തിൽ അസഹനീയവുമാണ്. ആയതിനാൽ , നിയമ സഭയ്ക്ക് അതിന്റെ വ്യക്തിത്വം സ്വയം ഇല്ലാതാക്കാനാവില്ലാത്തതും പ്ലീനറിയും അവശ്യ നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ മാറ്റം വരുത്താനും കഴിയുന്നതുമാണ്. എന്തായാലും, ആധുനിക ഭരണസംവിധാനത്തിന്റെ സങ്കീർണ്ണത ബുദ്ധിമുട്ടുണ്ടാക്കുന്നതും അവ ശരിയായ നിയമം നൽകാത്തത് അടിയന്തരമായും ബുദ്ധിമുട്ടോടും കാണാനിടക്കുന്നതുമാണ്. നിയമനിർമ്മാണ അധികാരത്തിന്റെ കുറച്ചു ഭാഗം ഡെലിഗേഷൻ ആയതിനാൽ അത്യാവശ്യവും ഭരണനിയന്ത്രണത്തിനു ആവശ്യവുമാണ് . അങ്ങനെ അവശ്യ നിയമനിർമ്മാണ നയം ഡെലിഗേറ്റ് ചെയ്യാനായില്ലെങ്കിൽ പ്രസക്ത ഏജൻസികൾക്കു എന്തായാലും ആവശ്യമല്ലാത്തവ ഡെലിഗേറ്റ് ചെയ്യാനാകും.

139 . അതുപോലെ അഭിപ്രായം പ്രകടിപ്പിച്ച റെജിസ്ട്രർ ഓഫ് കോ-ഓപ് സൊസൈറ്റിസ് v കെ കുഞ്ഞബ്മു[37] കേസിൽ ഇപ്രകാരം നിരീക്ഷിച്ചു:

"3 .... അവ നന്നായി പ്രവർത്തിക്കുന്നത് സാങ്കേതികവും സാഹചര്യപരവുമായ സങ്കീർണ്ണതകൾക്കു പകരം പൊതു തത്വങ്ങളിൽ വിശാലമായ ലക്ഷ്യങ്ങളോടെ അടിസ്ഥാന വിഷയങ്ങളിൽ അവ

---

3 6 (1979) 1 എസ് സി സി 137

3 7 (1980) 1 എസ് സി സി 340

ബന്ധപ്പെടുമ്പോഴാണ് വിദഗ്ധ എക്സിക്യൂട്ടീവ് അംഗങ്ങളോടും വിശേഷജ്ഞരായ പൊതു ജീവനക്കാർക്കും വിട്ടു കൊടുക്കുന്നതാണ് നല്ലത്. ആധുനിക ജീവിതത്തിന്റെ സങ്കീർണ്ണതയിൽ പുതിയതും വിചിത്രവും കാണാൻ കഴിയാത്തതും ഊഹിക്കുവാൻ കഴിയാത്ത സാഹചര്യങ്ങളും പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും മനസ്സിൽ കാണാൻ കഴിയില്ല ആധുനിക മനുഷ്യന്റെ ക്രിയാത്മകതയും. അതാണ് ഡെലിഗേറ്റഡ് നിയമത്തിന്റെ കാരണം. അതാണ് ഡെലിഗേറ്റഡ് നിയമത്തെ ആവശ്യവും അത്യന്താപേക്ഷിതവുമാക്കുന്നത്. ഇന്ത്യൻ പാർലമെന്റിന് സംസ്ഥാന നിയമസഭപോലെ ഭരണഘടനാ നൽകിയിരിക്കുന്ന വിഷയങ്ങളിൽ നിയമ നിർമ്മാണത്തിനുള്ള അധികാരങ്ങളാൽ, ഭരണഘടന നൽകിയിരിക്കുന്ന പരിമിതികൾക്കു വിധേയമായി. നിയമനിർമ്മാണത്തിനുള്ള അധികാരത്തോടൊപ്പം ഡെലിഗേറ്റ് ചെയ്യുവാനുള്ള അധികാരവുമുണ്ട്. എന്നാൽ കൂടുതലായ ഡെലിഗേഷൻ ഇല്ലായ്മ ചെയ്യുന്നതിനാകുന്നു. അപരിമിതമായ ഡെലിഗേഷൻ പരോക്ഷമായ ഒറ്റയാൾ ഭരണത്തിലേക്ക് നയിക്കുന്നു. അങ്ങനെ നിയമസഭയ്ക്ക് അവശ്യ നിയമനിർമ്മാണ പ്രവർത്തനം ഡെലിഗേറ്റ് ചെയ്യാനാവില്ലെന്ന് സിദ്ധാന്തവും ഉണ്ടായി. നയവും തത്വവും നിയമനിർമ്മാണം നടത്തുകയും വിശദമായി നയം നടപ്പാക്കുന്നതിന് ഡെലിഗേറ്റ് ചെയ്യുന്നു. നിയമസഭ പ്രത്യക്ഷമായ വകുപ്പിലൂടെ ഡെലിഗേറ്റിനെ നയിക്കുന്നു. ഡെലിഗേഷന് അധികാരം അല്ലെങ്കിൽ നിയമത്തിലെ മറ്റു വകുപ്പുകൾ, ആമുഖം, പദ്ധതി അല്ലെങ്കിൽ നിയമനത്തിന്റെ ശരിയായ വിഷയം. അവിടെ നിർദ്ദേശം ഉണ്ടെങ്കിൽ എവിടെ കണ്ടാലും ഡെലിഗേഷന് സാധുതയുള്ളതാണ്. നികുതി നിയമങ്ങളുടെ കാര്യത്തിൽ സാധാരണ പരിമിതികളിൽ നിന്നുള്ള സ്വാതന്ത്ര്യവും അനുവദനീയമാണെന്നും അതെ തത്വത്തിൽ സാധാരണ പരിമിതിയിൽ നിന്നുള്ള വിടുതൽ പകുത്തു നല്കാൻ ക്ഷേമ നിയമനിർമ്മാണ കാര്യത്തിൽ സംസ്ഥാന നയത്തിന്റെ നിർദേശക തത്വങ്ങളുടെ കാര്യത്തിൽ അനുവദിക്കേണ്ടതാണ് .

മുകളിൽ പറഞ്ഞ തീരുമാനം പ്രസ്താവിക്കുന്നത് നയ-തത്വ പരിശോധന ബാധകമാക്കുന്നതു ഡെലിഗേഷന് അധികാരം നൽകികൊണ്ടുള്ള വ്യക്തമായ വ്യവസ്ഥകളിലൂടെ അല്ലെങ്കിൽ ആമുഖം, പദ്ധതി അല്ലെങ്കിൽ നിയമത്തിന്റെ വിഷയം ഉൾപ്പെടെ മറ്റേതെങ്കിലും വ്യവസ്ഥകളിലൂടെയാണ്.

140. കേശവലാൽ കെംചന്ദ് ആൻഡ് സൺസ് പ്രൈവറ്റ് ലിമിറ്റഡ് മുതലായവർ v. യൂണിയൻ ഓഫ് ഇന്ത്യാ കേസിൽ ഈ കോടതിയുടെ അടുത്തുണ്ടായ തീരുമാനം ഞങ്ങൾ

പരാമർശിക്കുന്ന ആയതിൽ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് പ്രസ്താവിച്ചത്, വിഷയത്തിലുള്ള ആധികാരികതക്ക് പകരം ഞങ്ങൾക്ക് ഉറപ്പില്ല തുടർന്ന് കുഞ്ഞബ്മു (മുകളിൽ പറഞ്ഞത്) കേസിൽ പ്രസ്താവിച്ചത് ഈ കോടതി പരിഗണിക്കാതിരുന്നത് അതായതു എം.കെ.പാപ്പിയ ആൻഡ് സൺസ് (മുകളിൽ പറഞ്ഞത്) ഡൽഹി ലോസ് നിയമം (മുകളിൽ പറഞ്ഞത്) –ൽ പ്രസ്താവിച്ച നിയമത്തെ അസാധുവാക്കി വിവിധ വിധികൾ പരാമർശിച്ചുകൊണ്ട് "നയം മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന സിദ്ധാന്തവും പരിശോധിച്ചു . ഡിവിഷൻ ബെഞ്ച് പ്രസ്താവിച്ചത് മുൻപുള്ള വിധികൾ എന്താണ് യഥാർത്ഥത്തിൽ "അവശ്യ നിയമ നിർമ്മാണ പ്രവർത്തനം" എന്നുൾപ്പെടുന്ന തത്വത്തെ രൂപീകരിക്കുവാൻ സാധിച്ചില്ല എന്നാൽ താഴെ പറയുന്ന അനുമാനങ്ങളിൽ എത്താം.

"51.1 അവശ്യ നിയമനിർമ്മാണ പ്രവർത്തനങ്ങൾ ഡെലിഗേറ്റ് ചെയ്യാൻ കഴിയില്ല എന്ന അനുമാനം വ്യക്തമായി തീർപ്പു കൽപ്പിച്ച അനുമാനമായി കാണുന്നില്ല ആയതിന് തുടർ പരിശോധന ആവശ്യവും ആയതു ഇതിൽ ഹാജരാകുന്ന അഭിഭാഷകൻ ചെയ്തിട്ടില്ലാത്തതുമാണ് ഭാവി തീയതിയിൽ ഉചിതമായ കേസിൽ ചർച്ചക്കായി വിടുന്നു. നിലവിൽ, ഞങ്ങൾ ചോദ്യത്തിന്റെ പരിശോധനയിൽ പരിമിതപ്പെടുത്തുന്നത്:

'നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഓരോ ശൈലിയും നിർവ്വചിക്കുന്നത് അവശ്യ നിയമനിർമ്മാണ പ്രവർത്തനം ആണോ അല്ലയോ?'

51.2 മുകളിൽ പരിശോധിച്ച എല്ലാ വിധികളും അംഗീകരിക്കുന്നത് , ആധുനിക ലോകത്തിൽ ചെറിയ അളവിൽ ഡെലിഗേറ്റ് നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ട് എന്നാണ് .

51.3 പേരന്റ് നിയമം നിയമനിർമ്മാണ നയം ആവശ്യമായ വ്യക്തതയോടെ പ്രസ്താവിച്ചത് പേരന്റ് നിയമത്തിന്റെ ഉദ്ദേശ്യം നടപ്പാക്കുന്നതിന് സബോർഡിനേറ്റ് നിയമനിർമ്മാണം നടത്താൻ അധികാരം ഡെലിഗേഷൻ അനുവദനീയമാണ്.

51.4 നിയമസഭയുടെ നയം ഡെലിഗേറ്റിനെ നയിക്കാൻ തക്ക വ്യക്തതയുള്ളതാണോ എന്നത് പേരന്റ് നിയമത്തിന്റെ പദ്ധതിയും വകുപ്പുകളും ആശ്രയിച്ചാണ്.

51.5 അധികാരം ഡെലിഗേറ്റ് ചെയ്യുന്ന അംഗത്തിന്റെ പ്രകൃതവും പ്രസക്ത വിഷയമാണ് "ഡെലിഗേഷനിൽ ആവശ്യമായ നിർദ്ദേശം ഉണ്ടോ എന്നത് " തീരുമാനിക്കുന്നതിന്.

141. ഈ കോടതിയുടെ മുൻപുള്ള മറ്റൊരുവിധി ഗ്വാളിയോർ റയോൺ സിൽക്ക്

മാനുഫാക്ചടൃറിങ് (വീവിങ്) കമ്പനി v. അസിസ്റ്റന്റ് കമ്മിഷണർ ഓഫ് സെയ്ൽസ് – ൽ 'നയം നിർദ്ദേശ' അവലോകനം പരാമർശം ഉചിതവുമാണ് പ്രഗത്ഭ അമേരിക്കൻ നിയമജ്ഞൻ വില്ലിബിയുടെ കാഴ്ചപ്പാടുകൾ പരാമർശിച്ചിട്ടും ഉണ്ട്, ഇപ്രകാരമാണ്:

"24. Willoughby on the constitution of the United States, 2-)o പതിപ്പ് വാല്യം 111, 1637 താളിൽ ഈ കാര്യം പറഞ്ഞിട്ടുള്ളത്, താഴെ പറയുന്ന വാക്കുകളിലാണ് :

"നിയമനിർമ്മാണ അധികാര ഡെലിഗേറ്റ് ചെയ്യപ്പെടുന്നത് തടസപ്പെടുത്തുന്ന ചട്ടങ്ങളുടെ യോഗ്യതകൾ യഥാർത്ഥത്തിൽ നിയമനിർമ്മാണാധികാരം ഡെലിഗേറ്റ് ചെയ്യരുതെന്നും എന്നുള്ളതിലേക്കു നേരത്തെ എതിരായതും എക്സിക്യൂട്ടീവ് കാര്യനിർവഹണ അധികാരികൾക്ക് വിവേചന അധികാരം നൽകണമെന്നും: (1) പ്രത്യേക കേസുകളിൽ എപ്പോൾ എങ്ങനെ, ഏൽപ്പിച്ച നിയമനിർമ്മാണാധികാരം വിനിയോഗിക്കാമെന്നും; പൊതുജനത്തിനു സബോർഡിനേറ്റ്സിനും ബാധകമാകുന്ന കാര്യനിർവഹണ ചട്ടങ്ങളും വ്യവസ്ഥകളും സ്ഥാപിക്കാമെന്നും നിയമങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കേണ്ട രീതി വിശദമായി തിട്ടപ്പെടുത്തുക, അങ്ങനെ സൃഷ്ടിക്കുന്ന അവകാശങ്ങൾ പ്രയോജനപ്പെടുത്തുക."

25. പ്രസ്തുത കാര്യം പേജ് 324 വാല്യം 73 കോർപ്പസ് ജൂറിസ് സെക്കൻഡാമിലും പറഞ്ഞിട്ടുണ്ട്. കാര്യനിർവഹണ വിവേചനത്തിന്റെ മറവിൽ കാര്യനിർവഹണ അംഗത്തിന് നിയമം രൂപീകരിക്കുവാനുള്ള അധികാരം നൽകാനാവില്ലെന്ന് പ്രസ്താവിച്ചു . അത് പ്രകാരം നിയമങ്ങളുടെ കാര്യനിർവഹണവുമായി ബന്ധപ്പെട്ട കാര്യനിർവഹണത്തിന് ഡെലിഗേറ്റ് ചെയ്യപ്പെട്ട അധികാരങ്ങൾക്കു നിയമസഭാ നയം, മാനദണ്ഡം അല്ലെങ്കിൽ അവയുടെ നിർദ്ദേശത്തിനുള്ള ചട്ടം നിർദ്ദേശിക്കുകയും ആയതിൽ വിവേചപരവും നിയന്ത്രണാതീതമല്ലാതെയുമുള്ള വിവേചനവുമായി ബന്ധപ്പെട്ടു ഒരു നിയമവും അല്ലെങ്കിൽ ഓർഡിനൻസ് (ആയതിൽ ന്യൂനതയുള്ളതു) അസാധുവാണ്. മറ്റൊരു തരത്തിൽ, കാര്യനിർവഹണ ഏജൻസി രൂപീകരിക്കുന്നതിലൂടെ നിയമനിർമ്മാണ അധികാരത്തിന്റെ യഥാർത്ഥ ഡെലിഗേഷൻ ഒഴിവാക്കുന്നതിനും നിയമസഭാ പ്രസ്തുത ഏജൻസി യുടെ അധികാരണത്തിനു പരിധി നിശ്ചയിക്കേണ്ടതും പ്രത്യേക നടപടിക്രമവും പ്രവർത്തനം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങളുടെ തീരുമാനം കൂട്ടിച്ചേർക്കേണ്ടതും; കാര്യനിർവഹണ ഏജൻസിക്കു നൽകുന്ന അധികാര പരിധി യുക്തമായ വ്യക്തതയോടെ നിർദ്ദേശിക്കുവാൻ നിയമസഭാ

പരാജയപ്പെട്ടാൽ, അല്ലെങ്കിൽ അവയുടെ പരിധികൾ വളരെ വിശാലമായാൽ, ഡെലിഗേറ്റ് ചെയ്യുവാനുള്ള ശ്രമം അസാധുവാണ്."

142. ഈ സാഹചര്യത്തിലാണ് അമിത ഡെലിഗേഷന് നിലനിൽക്കുമോ എന്ന വാദം ഞങ്ങൾ പരിശോദിക്കേണ്ടതും ഫിനാൻസ് നിയമം വകുപ്പ് 184 നിയമന യോഗ്യതകളും , സേവന വ്യവസ്ഥകളും നിർദ്ദേശ്ശിക്കുന്നില്ല എന്നതുകൊണ്ട് സ്വീകരിക്കുന്നതും. ഫിനാൻസ് നിയമം ഭാഗം XIV സ്വീകരിക്കുവാൻ ബുദ്ധിമുട്ടു ഉണ്ടാകേണ്ടതുണ്ട്. ആയതു നയിക്കപ്പെടാത്ത ഡെലിഗേഷണൽ ന്യൂനതയുള്ളതു കാരണം വിവിധ ട്രിബുണലുകളുടെ അംഗങ്ങൾ, ചെയർപേഴ്സണുകൾ, ചർമം തുടങ്ങിയവരുടെ അർഹതയോഗ്യതകൾ വ്യക്തമായി പറഞ്ഞിരിക്കുന്നതിനാൽ പരാജയപ്പെടുകയും കാരണം മാനദദങ്ങൾ, പ്രാധാന്യമുള്ളതെങ്കിലും, പ്രവർത്തനപരമായും ഡെലിഗേറ്റ് ചെയ്യപ്പെടേണ്ടതാണ് .

143. പേരന്റ് നിയമങ്ങളുടെ ലക്ഷ്യങ്ങളും ആർ .കെ .ജൈന (മേൽ പരാമർശം), എൽ.ചന്ദ്രകുമാർ (മേൽ പരാമർശം), ആർ.ഗാന്ധി (മേൽ പരാമർശം), മദ്രാസ് ബാർ അസോസിയേഷൻ (മേൽ പരാമർശം), ഗുജറാത്ത് ഊർജ്ജ വികാസ് (മുകളിൽ പറഞ്ഞിരിക്കുന്നത്)-ൽ ഈ കോടതി സ്ഥാപിക്കപ്പെട്ട നിയമവും സംശയമില്ലാതെ ഡെലിഗേറ്റെന്ന ബാധകവും ഡെലിഗേറ്റ് ചെയ്യപ്പെട്ട നിയമത്തിന്റെ ലക്ഷ്യങ്ങളും തീരുമാനങ്ങളും അനുസരിച്ചു ഡെലിഗേറ്റവകുപ്പ 184 പ്രകാരം കർക്കശമായി പ്രവർത്തിക്കേണ്ടതുമാണെന്ന നിര്ബന്ധമാണ് . ശ്രേരിക്കും , ഭാഗം XIV ചേർത്ത് ഈ കോടതിയുടെ മുൻമുള്ള തീരുമാനങ്ങളിൽ ഗുപാര്ശ ചെയ്ത മാറ്റങ്ങൾ കൂട്ടി ചേർക്കണമെന്ന് കാഴ്ചയോടുകൂടി എന്ന അറ്റോർണി ജനറൽ അഭിപ്രായപ്പെട്ടത് വ്യക്തമാണ് .

144.ട്രിബുണൽ പോലെയുള്ള അർദ്ധ നീതിന്യായ അധികാരിയുടെ സ്വാതന്ത്രര്യം മുകളിൽ പറഞ്ഞിരിക്കുന്ന തീരുമാനങ്ങളിൽ എടുത്തു പറഞ്ഞിരിക്കുന്നത്, ആയതിനാൽ, ബാധകമായ നയം നിർദ്ദേശങ്ങൾ എന്നതായാണ് വായിക്കേണ്ടത്. നീതിന്യായം /ട്രിബുണൽ സ്വാതന്ത്രര്യത്തിന്റെ തത്വത്തിനു രണ്ടു വിശാല സിദ്ധാന്തങ്ങളുണ്ട്, സുപ്രീം കോർട്ട് അഡ്വക്കേറ്റ്സ് -ഓൺ -റെക്കോർഡ് അസോസിയേഷൻ ആൻഡ് മറ്റൊരു v. യൂണിയൻ ഓഫ് ഇന്ത്യ (ഖണ്ഡിക 714 കാണുക), (i) ജഡ്ജിയുടെ സ്വന്തന്ത്രര്യം , അതായതു , തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്രര്യം , (ii) നീതിന്യായത്തിന്റെ അല്ലെങ്കിൽ ട്രിബുണലിന്റെ

സ്വാതന്ത്ര്യം സംസ്ഥാനത്തിന്റെ അംഗം അല്ലെങ്കിൽ സ്ഥാപനം എന്നതിന്, അതായതു, പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം, വ്യക്തിക്കുള്ള സ്വാതന്ത്ര്യത്തിനു, വിവിധ ഭാഗങ്ങളുണ്ട് കാലയളവിനുള്ള സുരക്ഷ, പുതുക്കുന്നതിനുള്ള നടപടിക്രമം, ശമ്പളം അലവൻസുകളും തുടങ്ങിയ സേവന വ്യവസ്ഥകൾ ഉൾപ്പെടെ ആയതു നീതിയുള്ളതും തെറ്റില്ലാത്തതും സംരക്ഷിതമാകേണ്ടതും നിയമത്തിനു ശേഷം അവന്റെ /അവളുടെ താല്പര്യത്തിനു വ്യത്യാസപ്പെടേണ്ടതല്ലാത്തതുമാണ്. സ്ഥാപനത്തിന്റെ സ്വാതന്ത്ര്യം പരാമർശിക്കുന്നത് സർക്കാരിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും തക്കതായ അളവിൽ വേർതിരിക്കപ്പെട്ടിരിക്കുന്നു, പ്രത്യേകിച്ചും ട്രിബുണലിൽ ഒരു ഭാഗം ഹർജിക്കാരനും അല്ലെങ്കിൽ കക്ഷികളിൽ ഒരാളും. പ്രവർത്തന സ്വാതന്ത്ര്യം തിരഞ്ഞെടുപ്പിനുള്ള രീതിയും യോഗ്യതകളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു ഉൾപ്പെടെ , സ്വാതന്ത്ര്യം തുടങ്ങുന്നത് കഴിവും പ്രാപ്തിയും ധാർമ്മികതയുമുള്ള വ്യക്തികളെ നിയമിക്കുന്നതിലൂടെയാണ്. ഇടപെടുന്നതിൽ നിന്നും സംരക്ഷണവും എക്സിക്യൂട്ടീവ് സമ്മർദ്ദത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യവും, മറ്റു അധികാര കേന്ദ്രങ്ങളിൽ നിന്നുമുള്ള ഭീഷണത്വം ഇല്ലായ്മയും -സാമ്പത്തിക രാഷ്ട്രീയ, ആർജിത പക്ഷപാതങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം, തീരുമാനിക്കേണ്ടതിനാൽ ബന്ധപ്പെട്ട തരത്തിൽ പോഷിപ്പിക്കപ്പെടുന്നത്, സ്ഥാപന സ്വാതന്ത്ര്യത്തിന്റെ പ്രധാന പ്രത്യേകതകളാണ് .

145.കൂടാതെ, എട്ടാം പട്ടികയിലെ കോളം (3) ൽ പറഞ്ഞിരിക്കുന്ന പ്രത്യേക നിയമങ്ങൾ പെട്ടന്ന് പരിശോധിച്ചാൽ കാണിക്കുന്നത് മിക്കവാറുമുള്ള നിയമങ്ങളിൽ നിയമന രീതി, ഓഫീസ് കാലയളവ്, ശമ്പളം അലവൻസുകളും, രാജി, നീക്കം ചെയ്യൽ നിർദ്ദേശിക്കുന്നില്ല എന്നും, അതായതു, സേവന വ്യവസ്ഥകൾ, ഡെലിഗേറ്റ് ചെയ്യപ്പെട്ട നിർദ്ദേശങ്ങൾ , അവ പ്രധാനപ്പെട്ട നിയമത്തിന്റെ ഭാഗമല്ല . ഉദാഹരണത്തിന്, ഇൻകം ടാക്സ് നിയമം 1961 വകുപ്പ് 252 ഉപവകുപ്പ (1) പ്രസ്താവിക്കുന്നത്, നിയമം നിർദ്ദേശിക്കുന്ന അധികാരങ്ങൾ നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾക്കും യുക്തമായ പല അക്കൗണ്ടന്റ് അംഗങ്ങളും നീതിന്യായ അംഗങ്ങളും ഉൾപ്പെടുന്ന അപ്പലേറ്റ് ട്രിബുണൽ കേന്ദ്ര സർക്കാർ രൂപീകരിക്കണം. ഉപവകുപ്പുകൾ (3), (4) പ്രസ്താവിക്കുന്നത് കേന്ദ്ര സർക്കാർ സാധാരണ നീതിന്യായ അംഗത്തെ പ്രസിഡന്റായും ഒന്നോ അതിൽ കൂടുതലും അംഗങ്ങളെ വൈസ് പ്രസിഡന്റ് അല്ലെങ്കിൽ സീനിയർ വൈസ് പ്രെസിഡന്റായി നിയമിക്കണം ഉപവകുപ്പ 2 നിർദ്ദേശിക്കുന്നതു നീതിന്യായ അംഗത്തിനുള്ള

അർഹത മാനദണ്ഡങ്ങളും ഉപവകുപ്പ (2A) നിർദ്ദേശിക്കുന്നത് ഭരണനിയന്ത്രണ അംഗത്തിനുള്ള അർഹത മാനദണ്ഡവുമാണ്. ഇൻകം ടാക്സ് നിയമം സേവന വ്യവസ്ഥകളോ അല്ലെങ്കിൽ തിരഞ്ഞെടുപ്പ് രീതി അല്ലെങ്കിൽ തരം ബാധകമാക്കുകയോ നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. കേന്ദ്ര എസ്സിസ് നിയമത്തിൽ രൂപീകരിക്കപ്പെട്ട അപ്പെല്ലറെ ട്രിബുണലിനു അത് തുല്യമായി ശരിയുമാണ് .

146. വഞ്ചു, സി. ജെ, മുനിസിപ്പൽ കോർപ്പറേഷൻ ഓഫ് ഡൽഹി (മേൽ പരാമർശം) കേസിൽ നിരീക്ഷിച്ചത്:

"13.നിയമസഭയിൽ നിന്നും സുബോർഡിനേറ്റ് അധികാരിക്കും നിയമനിർമാണ അധികാരം ഡെലിഗേഷൻ ചെയ്യുന്നതിനുമുള്ള അനുവാദ പരിധികളുടെ ചോദ്യം കുറെ കേസുകളിൽ ഈ കോടതിയിൽ വന്നിട്ടുള്ളതും ഈ കോടതി പ്രസ്താവിച്ച നിയമം ഇപ്പോൾ തർക്കമില്ലാത്തതുമാണ്. ആധുനിക ജീവിതത്തിന്റെ സങ്കീർണ്ണത പരിഗണിക്കുമ്പോൾ, എല്ലാം വിശദമായി നിയമം രൂപീകരിക്കുവാൻ നിയമസഭക്കു സാധ്യമല്ലെന്നു എല്ലാ അർത്ഥത്തിലും അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാലാണ് അനുബന്ധ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള അധികാരം നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം നിയമസഭയുടെ ഉദ്ദേശം നടപ്പാക്കുന്നതിന് അനുബന്ധ ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു സുബോർഡിനേറ്റ് അധികാരികളെ ഡെലിഗേറ്റ് ചെയ്യുന്നതിന് നിയമസഭക്കുള്ള അധികാരം അംഗീകരിക്കപ്പെട്ടിരിക്കുന്നത്. പ്രസ്തുത കാര്യം ഈ കോടതിയുടെ പരിഗണക്കു ആദ്യമായി വന്നത് ഇൻ റീ ഡൽഹി ലോസ് നിയമം, 1912 ലാണ്, നിയമ നിർമാണ അധികാരത്തിൽ തന്നെ പരിമിതമല്ലാത്ത ഡെലിഗേഷന് അവകാശം അന്തർലീനമല്ലെന്നു പറയാനാവില്ലെന്നും ഈ കേസിൽ പ്രസ്താവിച്ചിട്ടുണ്ട്. ഭരണഘടനയുടെ വകുപ്പുകൾ ഇത് ബാധകമാക്കിയിട്ടില്ലാത്തതും ആയതു നിയമനിർമ്മാണ അധികാരം പാർലമെന്റ് അല്ലെങ്കിൽ സംസ്ഥാന നിയമസഭകളിലും നിക്ഷിപ്തമാക്കിയിട്ടുള്ളതും, ഡെലിഗേഷന്റെ തർക്കമില്ലാത്ത വിശ്വസ്തത ആശ്രയിച്ചത് അനുബന്ധമായാണ്, നിയമനിർമ്മാണ അധികാരങ്ങൾ കാര്യക്ഷമവും പൂർണമായും നടപ്പാക്കുന്നതിന്റെ ഉദ്ദേശത്തിനു ആവശ്യമെന്നു നിയമസഭ പരിഗണിച്ചു. അവശ്യ നിയമനിർമ്മാണ പ്രവർത്തനം നിയമസഭയിൽ തന്നെ നിലനിർത്തേണ്ടതാണ്. യഥാർത്ഥത്തിൽ, "അവശ്യ നിയമനിർമ്മാണ പ്രവർത്തനം" എന്നത്, തുടർന്നു പറഞ്ഞത്, പൊതു വാചകങ്ങളിൽ നിർവ്വചിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും

നിയമനിർമ്മാണ നയം അവയുടെ ക്രമീകരണം നടപ്പാക്കേണ്ട ചട്ടങ്ങളായി ബാധകമാക്കേണ്ടത് നിശ്ചയിക്കുന്നത് ഉൾപ്പെടുന്നതാണ് അവശ്യ നിയമനിർമ്മാണ പ്രവർത്തനമെന്ന് വ്യക്തമാണ്. അങ്ങനെ നിയമസഭാ പാസ്സാക്കിയ നിയമം പ്രഖ്യാപിക്കുന്നതു നിയമനിർമ്മാണ നയവും ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡവും, സുബോർഡിനേറ്റ് നിയമത്തിന്റെ പ്രവർത്തനം ഒഴിവാക്കാവുന്നതും, സുബോർഡിനേറ്റ് അംഗങ്ങൾക്കും നിയമത്തിൽ ആയതിന്റെ പ്രകൃതം അനുബന്ധവും അതായതു, ചട്ടങ്ങളും റെഗുലേഷൻസും ബൈലോകളും രൂപീകരിക്കുന്നതിനും സുബോർഡിനേറ്റ് അധികാരി അപ്രകാരം പ്രവർത്തിക്കേണ്ടത് ഡെലിഗേഷന് രൂപീകരിക്കുന്ന നിയമത്തിലാണ്, അങ്ങനെയുള്ള സുബോർഡിനേറ്റ നിയമം രൂപീകരിക്കപ്പെട്ട നിയമത്തിൽ സ്ഥിരമായിരിക്കേണ്ടതും, നയത്തിന്റെ പരിധിയിൽ കഴിഞ്ഞു പോകേണ്ടാത്തതും നിയമത്തിൽ മാനദണ്ഡങ്ങൾ വയ്ക്കുന്നതുമാണ്. നിയമനിർമ്മാണ നയം പ്രസ്താവിക്കുന്നത് തക്കതായ വ്യക്തതയും അല്ലെങ്കിൽ മാനദണ്ഡവും നൽകുന്നതിനും, വിവേചനാധികാരത്തിൽ കോടതികൾ ഇടപെടാൻ പാടില്ലെന്നും പ്രത്യേകമായി ആവശ്യമുള്ള ഡെലിഗേഷന് പരിധി നിശ്ചയിക്കുന്നതിന് നിയമസഭയിൽ തന്നെ തർക്കമില്ലാതെ നിക്ഷിപ്തമാവുന്നുവെന്നാണ്.

** ** **

28. ഈ അധികാരികളുടെ പുനഃപരിശോധന അതായതു നയിക്കുന്നത് അവശ്യ നിയമനിർമാണ പ്രവർത്തണമെന്നത് നിയമനിർമ്മാണ നയം നിശ്ചയിക്കുന്നതും അവയുടെ ക്രമീകരണം നടപ്പാക്കുന്ന ബാധകമാകുന്ന ചട്ടങ്ങളായും നിയമസഭയ്ക്ക് ഡെലിഗേറ്റ് ചെയ്യാനാകില്ലെന്നുമുള്ളതു സ്ഥാപിക്കപ്പെട്ട തത്വമെന്നു കോടതി കരുതുന്നതായി അനുമാനിക്കുന്നതിലാണ് . നിയമനിർമാണ അധികാരത്തിൽ താനെ അന്തർലീനമായിരിക്കുന്ന പരിമിതമല്ലാത്ത ഡെലിഗേഷന് അവകാശവുമില്ല; അതായതു ഭരണഘടനയുടെ വകുപ്പുകളാൽ ബാധകമാക്കിയിട്ടില്ല . അവശ്യ നിയമ നിർമാണ പ്രവർത്തനങ്ങൾ നിയമസഭ തന്നെ നിലനിർത്തേണ്ടതും നിയമത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യങ്ങളും നടപ്പാക്കുന്നതിന് ആവശ്യമായ സബോർഡിനേറ്റ് നിയമനിർമ്മാണ പ്രവർത്തനം ഡെലിഗേറ്റ് ചെയ്യാവുന്നതുമാണ്. നിയമനിർമ്മാണ നയം തക്കതായ വ്യക്തതയോടും മാനദണ്ഡത്തോടും കൂടിയത് പ്രസ്താവിക്കുന്നതെങ്കിൽ കോടതികൾ ഇടപെടാൻ പാടില്ല. എന്ത് നിർദ്ദേശമാണ്

നൽകേണ്ടതെന്നും ഏത് പരിധി വരെ എന്നും പ്രത്യേക കേസിൽ നിർദ്ദേശം എല്ലാം അസ്റ്റാറായിക്കുന്നതു പ്രത്യേക നിയമത്തിന്റെ വകുപ്പുകൾ പരിഗണിക്കുമ്പോൾ ആ മുഖം ഉൾപ്പെടെ കോടതിക്ക് പരിഗണിക്കേണ്ടപ്പോഴാണ്. കൂടാതെ, ഡെലിഗേഷൻ നടപ്പാക്കുന്നതിന് അംഗത്തിന്റെ പരിഗണിക്കേണ്ടതായ വിഷയമാണ് ഡെലിഗേഷന് കാര്യത്തിൽ തക്കതായ നിർദ്ദേശം തീരുമാനിക്കുന്നതിൽ എന്ന് ഞങ്ങൾ കാണുന്നു."

147. മുൻസിപ്പൽ കോർപ്പറേഷൻ ഡൽഹി (മേൽ പരാമർശം) പരാമർശിച്ചുകൊണ്ട്, ഈ കോടതി കേശവ് ലാൽ കേസിൽ പ്രസ്താവിച്ചത്:

"45....അനുവദനീയമല്ലാത്ത നിയമനിർമ്മാണ അധികാരമില്ല എന്ന് കോടതി പ്രസ്താവിക്കുന്നു. ചെറിയതോതിൽ വ്യത്യസ്ത കാരണങ്ങളാൽ ഹിതായതുല്ല, ജെ., തനിക്കുവേണ്ടിയും രാമസ്വാമി, ജെ., ക്കു വേണ്ടിയും വഞ്ചു സി. ജെ., എത്തിച്ചേർന്ന അനുമാനത്തിൽ സമ്മതിച്ചു പ്രസ്താവിക്കുന്നു ."

148. ഭരണഘടന പദ്ധതി പരിശോധിക്കുമ്പോൾ , ട്രിബുണലുകൾ രൂപീകരിച്ച നിയമങ്ങളും വിവിധ ഭാഗങ്ങളിൽ ട്രിബുണലുകളുടെ സ്വാതന്ത്ര്യത്തിന്റെ പ്രത്യേകതകൾ ഈ കോടതി മുൻകാല വീഥികളിലൂടെ പ്രസ്താവിച്ചത് , യോഗ്യതകൾ നിർദ്ദേശിക്കാനുള്ള അധികാരം , തിരെഞ്ഞെടുപ്പ് നടപടിക്രമം, ട്രിബുണലുകളുടെ മറ്റ് ഓഫീസിൽ അധികാരികളുടെയും അംഗങ്ങളുടെയും സേവന വ്യവസ്ഥകൾ എല്ലാ കാലങ്ങളിലേക്കും ആവശ്യങ്ങളിലേക്കും നിയമസഭയിൽ മാത്രം നിക്ഷിപ്തമാക്കുവാൻ ഉദ്ദേശിച്ചുള്ളതാണെന്ന് ഞങ്ങൾ കരുതുന്നില്ല. നയവും നിർദ്ദേശങ്ങളും നിലനിൽക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്നതിനു വിധേയമായി, അറ്റോർണി ജനറലിന്റെ വാദം വകുപ്പ് 184 ചേർത്ത് ഐക്യം കൊണ്ട് വരുന്നതിനും വിവിധ ട്രിബുണലുകളിലുള്ള നിയമന രീതികൾക്ക് നിർണ്ണായകവും വൈവിധ്യവുമുള്ള യോഗ്യതകൾ ഏകീകരിക്കുന്നതിനും എന്നുള്ളത് പ്രസക്തവും, ഞങ്ങളുടെ കാഴ്ചപ്പാടിൽ, ആവശ്യം സ്വീകരിക്കേണ്ടതുമാണ്.

149. വകുപ്പ് 184 കാര്യനിർവഹണവകുപ്പു ദുരുപയോഗം ചെയ്യുന്നതിന് എതിരെ ഹർജിക്കാരന്റെ (ഹർജിക്കാരുടെ) അഭിഭാഷകൻ ശക്തമായി വാദിക്കുകയും അതായതു എക്സിക്യൂട്ടീവിന്റെ പ്രസ്തുത അധികാരങ്ങളുടെ ദുരുപയോഗം ട്രിബുണലുകളുടെ സ്വാതന്ത്ര്യത്തെ ഭീഷണിപ്പെടുത്തുന്നതും ബുദ്ധിമുട്ടിക്കുന്നതുമാണ്. ഡെലിഗേറ്റ് ചെയ്യപ്പെട്ട അധികാരങ്ങളുടെ ദുരുപയോഗത്തിന്റെ

സാധ്യതയിലോ അല്ലെങ്കിൽ സാഹചര്യത്തിലോ സഹായകമാകുന്ന തെളിവിന്റെ കുറവിൽ, ഫിനാൻസ് നിയമം 2017 ലെ വകുപ്പുകൾ റദ്ദ്ചെയ്യുന്നതിനുള്ള കരണമാകില്ല. എക്സ്കുട്ടീവ് രൂപീകരിച്ച ഡെലിഗേറ്റഡ് നിയമം ചോദ്യം ചെയ്യുന്നത് പേരന്റ് നിയമം മറ്റു നിയമങ്ങൾക്കു ബാധകമാകുന്നുവോ എന്ന് പരിശോധിക്കുന്നതിന് "നയം നിർദ്ദേശവും" ബാധകമാക്കുകയും, വിരുദ്ധമായി കണ്ടാൽ, ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരത്തിന്റെ ഭരണാഖേദനപരതയെ ബാധിക്കാതെ ഫിനാൻസ് നിയമം 2017 ലെ വകുപ്പ് 186 പ്രകാരം റദ്ദു ചെയ്യാനാകും.

വിഷയം III: വകുപ്പ് 184 സാധുതയുള്ളതെങ്കിൽ, അപ്പലേറ്റ് ട്രിബുണൽ മറ്റു അധികാരികൾ, (അംഗങ്ങളുടെ യോഗ്യതകൾ, പരിചയം മറ്റു സേവന വ്യവസ്ഥകളും) ചട്ടങ്ങൾ 2017 പ്രമുഖ നിയമവും ട്രിബുണലുകളുടെ പ്രവർത്തനവും ഈ കോടതിയുടെ വിവിധ തീരുമാനങ്ങളുമായി പൊരുത്തപ്പെടുന്നുവോ എന്നും?

150. ഫിനാൻസ് നിയമം 2017 ലെ വകുപ്പ് 184 പ്രകാരം കേന്ദ്ര sarary ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ മറ്റു അധികാരികൾ (അംഗങ്ങളുടെ യോഗ്യതകൾ, പരിചയം മറ്റു സേവന വ്യവസ്ഥകളും) ചട്ടങ്ങൾ 2017, (ഇതിനു ശേഷം "ചട്ടങ്ങൾ" എന്ന് പരാമർശിച്ചെന്നും) കേന്ദ്ര സർക്കാർ രൂപീകരിച്ചുവെന്നും മുൻ തത്വത്തിൽ ഈ കോടതി സ്ഥാപിച്ചപോലെ നമ്മുടെ ഭരണഘടനപദ്ധതിയിൽ അന്തർലീനമായ നീതിന്യായ തത്വങ്ങൾക്ക് അനുസരിച്ചാണോ ചട്ടങ്ങൾ എന്ന് പരിശോധിക്കേണ്ടത് ഈ അവസ്ഥയിൽ ആവശ്യമാണ്. ചട്ടങ്ങളിലെ ചില പ്രത്യേക വകുപ്പുകൾ താഴെ എടുത്തു ചേർത്തിരിക്കുന്നു:

"ട്രിബുണൽ , അപ്പലേറ്റ് ട്രിബുണൽ മറ്റു അധികാരികൾ (അംഗങ്ങളുടെ യോഗ്യതകളും , പരിചയവും മറ്റു സേവന വ്യവസ്ഥകളും) ചട്ടങ്ങൾ , 2017

***** ****** ******

3. അംഗത്തെ നയിക്കുന്നതിനുള്ള യോഗ്യതകൾ – ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് -ചെയർമാൻ, വൈസ് -ചെയർപേഴ്സൺ, വൈസ് -പ്രസിഡന്റ്, മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ ട്രിബുണൽ അംഗം, അപ്പലേറ്റ് ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ചു ഈ ചട്ടങ്ങളുടെ പട്ടികയിലെ കോളം (3) – ൽ പറഞ്ഞിരിക്കുന്ന അധികാരി പ്രകാരം .

4. **നിയമന രീതി** -(1), ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് -ചെയർമാൻ, വൈസ് -ചെയർപേഴ്സൺ, വൈസ് -പ്രസിഡന്റ്, മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതി ന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ ട്രിബുണൽ അംഗം, അപ്പലേറ്റ ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ച ഈ ചട്ടങ്ങളുടെ പട്ടികയിലെ കോളം (4) – ൽ പറഞ്ഞിരിക്കുന്ന സെർച്ച് -കം -സെക്ഷൻ കമ്മിറ്റി യുടെ ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ച പ്രസ്തുത പട്ടികയിൽ കോളം (2) –ൽ പറഞ്ഞിരിക്കുന്ന അധികാരി .

(2) ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ച, ഭാരത സർക്കാരിന്റെ മന്ത്രാലയത്തിന്റെ അല്ലെങ്കിൽ വകുപ്പിന്റെ കീഴിൽ സെക്രട്ടറി, രൂപീകരിച്ച അല്ലെങ്കിൽ സ്ഥാപിക്കപ്പെട്ട അധികാരി സെർച്ച്-കം-സെക്ഷൻ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും.

(3) ക്രൂപാർശയ്ക്കുള്ള നടപടി തീരുമാനിക്കുന്നത് സെർച്ച് -കം -സെലക്ഷൻ കമ്മിറ്റി ആണ്.

(4) ട്രിബുണൽ, അപ്പലെറ്റ് ട്രിബുണൽ അല്ലെങ്കിൽ അധികാരികൾ ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് - ചെയർമാൻ, വൈസ് -ചെയർപേഴ്സൺ, വൈസ് -പ്രസിഡന്റ്, പ്രിസൈഡിംഗ് ഓഫീസർ, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗത്തിന്റെ നിയമനം സെർച്ച് -കം -സെക്ഷൻ കമ്മിറ്റിയിൽ ഹാജറില്ല അല്ലെങ്കിൽ എന്തെങ്കിലും ഒഴിവു എന്ന കാരണം കൊണ്ട് മാത്രം അസാധുവല്ല .

(5) ട്രിബുണൽ അംഗം, അപ്പലെറ്റ് ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ച ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് -ചെയർമാൻ, വൈസ് -ചെയർപേഴ്സൺ, വൈസ് -പ്രസിഡന്റ്, പ്രിസൈഡിംഗ് ഓഫീസർ, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗത്തിന്റെ നിയമനത്തിൽ ഈ ചട്ടം ബാധകമല്ല, ഈ ചട്ടങ്ങൾ ഉണ്ടാവുന്നതിനു തൊട്ടു മുൻപ് പ്രവർത്തിക്കുന്ന അധികാരി.

****** ****** ******

(6) **അംഗം രാജി വെക്കുന്നത്** -ഒരംഗത്തിനു കേന്ദ്ര സർക്കാരിന് എഴുതി സംബോധന

ചെയ്യ, ഏത് സമയത്ത് വേണമെങ്കിലും രാജി വെയ്ക്കാം:

അംഗത്തിന്, ഓഫീസിൽ നിന്നും വിടുതലാകുന്നത് കേന്ദ്ര സർക്കാർ അനുവദിച്ചില്ല എങ്കിൽ നോട്ടീസ് ലഭിച്ച തീയതി മുതൽ മൂന്നു മാസങ്ങൾ കഴിയുന്നത് വരെ ഒഫിഷ്യൽ തുടരേണ്ടതും അല്ലെങ്കിൽ ഒഫിഷ്യൽ പുതിയ ഒരാളെ നിയമിക്കുന്നത് വരെ അല്ലെങ്കിൽ ഓഫീസ് കാലയളവ് കഴിയുന്നത് വരെ, ഏതാണോ ആദ്യം.

7. ഒഫിഷ്യൽ നിന്നും അംഗത്തെ നീക്കുന്നത് -കേന്ദ്ര സർക്കാർ, രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ രൂപാർശ അനുസരിച്ചു, ഏത് അംഗത്തെയും ഓഫീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്,-

(എ) ഇൻസോൾവെന്റ് ആയി തീരുമാനിക്കപെട്ടയാൾ; അല്ലെങ്കിൽ

(ബി) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, ധാർമികച്യുതി ഉൾപെട്ട കുറ്റത്തിന് ശിക്ഷിക്കപെട്ടയാൾ ; അല്ലെങ്കിൽ

(സി) മാനസികമായും അല്ലെങ്കിൽ ശാരീരികമായും പ്രവർത്തിക്കുവാൻ കഴിയാത്ത അംഗം; അല്ലെങ്കിൽ

(ഡി) സാമ്പത്തികവും അല്ലെങ്കിൽ മറ്റു താത്പര്യം നേടിയത് അംഗത്തിന്റെ പ്രവർത്തനങ്ങളെ പക്ഷപാതപരമായി ബാധിച്ചേക്കാവുന്നതു; അല്ലെങ്കിൽ

(ഇ) ഓഫീസിൽ തുടരുന്നത് പൊതുതാത്പര്യത്തെ ബാധിക്കാവുന്ന രീതിയിൽ തന്റെ സ്ഥാനം ദുരുപയോഗം ചെയ്തത്;

വാക്യങ്ങൾ (ബി) മുതൽ (ഇ) വരെ പ്രത്യേകമായി പറഞ്ഞിരിക്കുന്ന ഏത് കാരണങ്ങളാലും അംഗത്തെ നീക്കം ചെയ്യുവാൻ ഉദ്ദേശിച്ചത്, അദ്ദേഹത്തിന് എതിരെയുള്ള ചാർജുകൾക്കു അംഗത്തിന്റെ അറിയിക്കണമെന്നും ചാർജുകൾക്കു കേൾക്കാൻ അവസരം നൽകണമെന്നും;

കൂടാതെ, ഇന്ത്യയുടെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ചു നാഷണൽ കമ്പനി അപ്പലെറ്റ് ട്രിബുണൽ അംഗം അല്ലെങ്കിൽ ചെയർപേഴ്സൺ ഓഫീസിൽ നിന്നും നീക്കം ചെയ്യപ്പെടാം.

8. **അംഗത്തിന്റെ കഴിവില്ലായ്മയും ദുർനടപ്പും അന്വേഷിക്കുന്നതിന്റെ നടപടിക്രമം**.-(1) കേന്ദ്രസർക്കാരിന് പരാതി എഴുതി ലഭിച്ചാൽ, ട്രിബുണൽ, അപ്പലെറ്റ് ട്രിബുണൽ അല്ലെങ്കിൽ അതനുസരിച്ചു, ഭാരത സർക്കാരിന്റെ വകുപ്പ് അല്ലെങ്കിൽ മന്ത്രാലയത്തിലെ ചെയർമാൻ, വൈസ് -ചെയർമാൻ, വൈസ് -ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് -ചെയർപേഴ്സൺ, വൈസ്

-പ്രസിഡന്റ്, പ്രിസൈഡിംഗ് ഓഫീസർ, അക്കൗണ്ടന്റ് അംഗം , ഭരണനിർവഹണ അംഗം , നീതി ന്യായ അംഗം , വിദഗ്ധ അംഗം , നിയമ അംഗം , റവന്യൂ അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗത്തിന് ഓഫീസിൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിവില്ലാതിരിക്കുക അല്ലെങ്കിൽ ദുർനടപ്പിന്റെ ഏതെങ്കിലും പ്രത്യേക ചാർജിന്റെ ആരോപണത്തിന്, അധികാരിയെ രൂപീകരിക്കുകയും അല്ലെങ്കിൽ സ്ഥാപിക്കുകയും, പ്രസ്തുത പരാതിയുടെ പ്രാഥമിക പരിശോധന നടത്തുകയും ചെയ്യുക.

(2) പ്രാഥമിക പരിശോധനയിൽ, ഭാരതസർക്കാരിന്റെ മന്ത്രാലയത്തിലെയും വകുപ്പിന്റെയും കീഴിലുള്ള ട്രിബുണൽ, അപ്പലെറ്റ് ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ചു രൂപീകരിച്ച അല്ലെങ്കിൽ സ്ഥാപിച്ച അധികാരി, ചെയർമാൻ, വൈസ് -ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് -ചെയർപേഴ്സൺ, വൈസ് -പ്രസിഡന്റ്, പ്രിസൈഡിംഗ് ഓഫീസർ, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യൂ അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗത്തിന്റെ കഴിവില്ലായ്മ അല്ലെങ്കിൽ ദുർനടപ്പിനെക്കുറിച്ചു അന്വേഷിക്കുന്നതിന് യുക്തമായ കാരണങ്ങൾ ഉണ്ടെന്നു അഭിപ്രായപെട്ടാൽ അന്വേഷണം നടത്തുന്നതിന് ചട്ടം 7 പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയിൽ പരാമർശിക്കണം.

(3) കേന്ദ്ര സർക്കാർ പറഞ്ഞിരിക്കുന്ന പ്രസ്തുത സമയം അല്ലെങ്കിൽ കൂടുതൽ സമയത്തിൽ അന്വേഷണം കമ്മിറ്റി പൂർത്തിയാക്കണം.

(4) അന്വേഷണത്തിന്റെ അനുമാനത്തിനു ശേഷം, കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതും കണ്ടെത്തലുകളും കാര്യങ്ങളും പറഞ്ഞു കൊണ്ട് ഓരോ ചാർജുകളിലും പ്രത്യേകമായി പ്രസ്താവനകളോടെ യുക്തമായ മുഴുവൻ കേസിലും .

(5) സിവിൽ നിയമ നടപടി സംഹിത, 1908 (1908 ലെ 5) നടപടിക്രമം കമ്മിറ്റിയ്ക്ക് ബാധകമല്ലെന്നും സ്വാഭാവിക നിയമത്തിന്റെ തത്വങ്ങളാൽ നയിക്കപ്പെടുന്നുവെന്നും നടപടിക്രമം നിയന്ത്രിക്കപ്പെടേണ്ട അധികാരമുണ്ടെന്നും അന്വേഷണത്തിന്റെ തീയതി, സ്ഥലം, സമയം നിശ്ചയിക്കുന്നത് ഉൾപ്പെടെ.

9. അംഗത്തിന്റെ ഓഫീസ് കാലയളവ് - ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന പോലെ ചെയർമാൻ, വൈസ് -ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് -ചെയർപേഴ്സൺ, വൈസ്

-പ്രസിഡന്റ്, പ്രിസൈഡിംഗ് ഓഫീസർ, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗം അത് അനുസരിച്ചു പ്രസ്തുത പട്ടികയിലെ കോളം (5) –ൽ പറഞ്ഞിരിക്കുന്ന കാലത്തേക്ക് ഓഫീസിൽ ഏൽക്കേണ്ടതും പ്രസ്തുത പട്ടികയിലെ കോളം (6)-ൽ പറഞ്ഞിരിക്കുന്ന പ്രായം വരെ ഓഫീസിൽ ഏൽക്കേണ്ടതും പുനർനിയമനത്തിനു അർഹനുമായിരിക്കും.

10. **ക്യാഷൽ വേക്കൻസി** -(1) ഒഫിഷ്യൽ ക്യാഷൽ വേക്കൻസിയുടെ കാര്യത്തിൽ,-

(a) സെക്യൂരിറ്റി അപ്പെലറ്റ ട്രിബുണലിലെ പ്രിസൈഡിംഗ് ഓഫീസർ അല്ലെങ്കിൽ പ്രസിഡന്റ്, ചെയർപേഴ്സൺ, ചെയർമാൻ, ട്രിബുണൽ, അപ്പലെറ്റ് ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ചു സീനിയർ ആയ വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ വൈസ് ചെയർമാൻ, വൈസ് പ്രസിഡന്റ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഒഴിവിൽ ഒരു അക്കൗണ്ടന്റ് അംഗം , ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗത്തെ ചെയർപേഴ്സൺ, ചെയർമാൻ, പ്രസിഡന്റ് അല്ലെങ്കിൽ പ്രിസൈഡിംഗ് ഓഫീസറെ നിയമിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ബി) ഡെബ്റ്റ് റിക്കവറി അപ്പെലെറ്റ് ട്രിബുണൽ ചെയർപേഴ്സണെ, ചെയർപേഴ്സൺ ആയി ഒഫീഷ്യറ്റ് ചെയ്യുന്നതിന് മാറ്റി നിയമിക്കുന്നതിന് കേന്ദ്ര സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്, ഡെബ്റ്റ് റിക്കവറി അപ്പെലറ്റ് ട്രിബുണൽ ചെയർപേഴ്സൺ മറ്റ് ഡെബ്റ്റ് റിക്കവറി അപ്പെലറ്റ് ട്രിബുണൽ ചെയർപേഴ്സൺ പ്രിസൈഡിംഗ് ഓഫീസറായി ഒഫീഷ്യറെ ചെയ്യുന്നതിന് പ്രിസൈഡിംഗ് ഓഫീസറെ നിയമിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കും.

11. **ശമ്പളവും അലവൻസുകളും** - (1) തുല്യവേദനമുള്ള തസ്തികളിലുള്ള കേന്ദ്ര സർക്കാർ ഓഫീസർക്ക് ബാധകമാകുന്ന മറ്റു അലവൻസുകളും ശമ്പളം 2,50,000 രൂപ (മാറ്റമില്ലാതെ) ട്രിബുണൽ, അപ്പലറ്റ് ട്രിബുണൽ ചെയർമാൻ, ചെയർപേഴ്സൺ അല്ലെങ്കിൽ പ്രസിഡന്റ് അല്ലെങ്കിൽ അത് അനുസരിച്ചു സെക്യൂരിറ്റി അപ്പലറ്റ് ട്രിബുണൽ, പ്രിസൈഡിംഗ് ഓഫീസർ അല്ലെങ്കിൽ അധികാരിക്കും നൽകണം .

(2) വൈസ് -ചെയർമാൻ, വൈസ് -ചെയർപേഴ്സൺ, വൈസ് - പ്രസിഡന്റ്, അക്കൗണ്ടന്റ് അംഗം,

ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം, അല്ലെങ്കിൽ അത് അനുസരിച്ചു അംഗത്തിന് 2,25,000 രൂപ ശമ്പളവും ഗ്രൂപ്പ് 'എ' തസ്തികയിലുള്ള ഭാരതസർക്കാർ ഉദ്യോഗസ്ഥന് തുല്യവേതനം ബാധകമാകുന്ന അലവൻസുകൾക്കു അർഹതയുണ്ട് .

(3) ഡെബ്റ് റിക്കവറി ട്രിബുണൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ കേന്ദ്ര സർക്കാർ രൂപീകരിച്ച ഇൻഡസ്ട്രിയൽ ട്രിബുണൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന് 1,44,200-2,18,200 രൂപ ശമ്പളവും ഗ്രൂപ്പ് 'എ' തസ്തികയിലുള്ള ഭാരത സർക്കാർ ഉദ്യോഗസ്ഥന് തുല്യവേദനം ബാധകമാകുന്ന അലവൻസുകൾക്കു അർഹതയുണ്ട്.

(4) ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് -പ്രസിഡന്റ്, വൈസ് -ചെയർപേഴ്സൺ, മേൽനോട്ടം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, പേരന്റ് അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗം അത് അനുസരിച്ചു ഏതെങ്കിലും പെൻഷൻ സ്വീകരിക്കുന്നുവെങ്കിൽ പ്രസ്തുത വ്യക്തിയുടെ വേദനത്തിൽ നിന്നും ലഭിച്ച ആകെ പെൻഷൻ കുറയ്ക്കുന്നതാണ്.

12. **പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്** -സുപ്രീം കോടതി, ഹൈക്കോടതിയിൽ സേവനം അനുഷ്ഠിക്കുന്ന ജഡ്ജി അല്ലെങ്കിൽ ട്രിബുണലിൽ സേവനം അനുഷ്ഠിക്കുന്ന നീതിന്യായ അംഗം അല്ലെങ്കിൽ ഇന്ത്യൻ ലീഗൽ സർവീസ് ലെ അംഗം അല്ലെങ്കിൽ സെക്യൂരിറ്റി അപ്പെലറ്റ് ട്രിബുണൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ പ്രസിഡന്റ്, ചെയർമാൻ, ചെയർപേഴ്സൺ തസ്തികയിൽ പ്രസിഡന്റ്, ചെയർമാൻ, ചെയർപേഴ്സൺ തസ്തികയിൽ നിയമിതനാകുന്ന സംഘടിത സേവനത്തിൻലെ അംഗം, ട്രിബുണൽ, അപ്പലേറ്റ് ട്രിബുണലിൽ നൽകിയ സേവനം അത് അനുസരിച്ചു, അദ്ദേഹം ഉൾപ്പെടെ സേവന ചട്ടങ്ങൾ അനുസരിച്ചു ലഭിച്ചേക്കാവുന്ന പെൻഷൻ അധികാരി കണക്കാക്കണം, ജനറൽ പ്രോവിഡന്റ് ഫണ്ട് (കേന്ദ്ര സേവനങ്ങൾ) ചട്ടങ്ങൾ 1960, കോണ്ട്രിബ്യൂഷൻ പെൻഷൻ സംവിധാനവും ബാധകമായിരിക്കുന്നതാണ് .

(2) മറ്റു എല്ലാ കേസുകളിലും, അക്കൗണ്ടന്റ് അംഗം ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദക്ത അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗത്തിന് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് (ഇന്ത്യ) ചട്ടങ്ങൾ 1962 കോണ്ട്രിബ്യൂഷൻ

പെൻഷൻ സംവിധാനവും ബാധകമായിരിക്കുന്നതാണ് .

(3) ട്രിബുണൽ, അപ്പലേറ്റ് ട്രിബുണൽ അല്ലെങ്കിൽ അത് അനുസരിച്ചു, അധികാരിയിൽ സേവനം അനുഷ്ഠിച്ച കാലത്തേക്ക് അഡിഷണൽ പെൻഷൻ അല്ലെങ്കിൽ ഗ്രാറ്റുവിറ്റി ബാധകമല്ല .

13. **അവധി** -(1) ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, അക്കൗണ്ടന്റ് അംഗം, ഭരണനിർവഹണ അംഗം, നീതിന്യായ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യു അംഗം, സാങ്കേതിക അംഗം, പ്രിസൈഡിംഗ് ഓഫീസർ അല്ലെങ്കിൽ അംഗത്തിന് ഓരോ വർഷത്തെ സേവനത്തിനും മുപ്പതു ദിവസം ആർജിത അവധിക്കു അർഹതയുണ്ട് .

(2) ഒരു കലണ്ടർ വർഷത്തിൽ എട്ട് ദിവസത്തിൽ കൂടാതെ ആകസ്മിക അവധികൾ ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, അക്കൗണ്ടന്റ് അംഗം, ഭരണ അംഗം, ജുഡീഷ്യൽ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യൂ അംഗം അല്ലെങ്കിൽ സാങ്കേതിക അംഗം, പ്രിസൈഡിംഗ് ഓഫീസർ അല്ലെങ്കിൽ അംഗത്തിന് അനുവദിക്കാം.

(3) അവധിക്കാലത്ത് അവധി ശമ്പളം നൽകുന്നത് കേന്ദ്ര സിവിൽ സർവ്വീസ്സ് (അവധി) ചട്ടങ്ങൾ 1972 ലെ ചട്ടം 40 അനുസരിച്ചായിരിക്കും.

(4) ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, പ്രിസൈഡിംഗ് ഓഫീസർ, അക്കൗണ്ടന്റ് അംഗം, ഭരണ അംഗം, ജുഡീഷ്യൽ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യൂ അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ അംഗത്തിന് മുൻ സേവനത്തിൽ നിന്നും വിരമിക്കുന്ന സമയത്ത് ലഭിച്ച ഇക ഉൾപ്പെടെ കേന്ദ്ര സിവിൽ സർവീസ് (അവധി) ചട്ടങ്ങൾ, 1972 ൽ പ്രതിപാദിച്ച നിർദ്ദിഷ്ട പരിധികവിയുന്നില്ലെങ്കിൽ, അദ്ദേഹത്തിന്റെ ക്രെഡിറ്റിലുള്ള ആർജിത അവധികൾ, പരമാവധി അവധി എൻക്യാഷ് ചെയ്യാനുള്ള വ്യവസ്ഥക്കു വിധേയമായി, എൻക്യാഷ് ചെയ്യുവാനുള്ള അർഹതയുണ്ട്.

അവധി അനുവദിക്കുന്ന അധികാരി - (1) അവധി അനുവദിക്കുന്ന അധികാരി, --

(a) ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ഡെറ്റ് റിക്കവറി ട്രൈബ്യൂണലിന്റെയും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയും പ്രിസൈഡിങ്ങ് ഓഫീസർ, അക്കൗണ്ടന്റ് അംഗം, ഭരണ

അംഗം, ജൂഡീഷ്യൽ അംഗം, വിദഗ്ധ അംഗം, നിയമ അംഗം, റവന്യൂ അംഗം, സാങ്കേതിക അംഗം അല്ലെങ്കിൽ ഒരു അംഗത്തിനെ സംബന്ധിച്ച് ചെയർമാൻ, ചെയർപേഴ്സൺ അല്ലെങ്കിൽ സന്ദർഭമനുസരിച്ച് പ്രസിഡന്റ്; കൂടാതെ

(b) ചെയർമാൻ, ചെയർപേഴ്സൺ, സെക്യൂരിറ്റി അപ്പലേറ്റ് ടൈബ്യൂണലിന്റെ പ്രിസൈഡിങ്ങ് ഓഫീസർ അല്ലെങ്കിൽ പ്രസിഡന്റിനെ സംബന്ധിച്ച്, അക്കൗണ്ടന്റ് അംഗം, ഭരണ അംഗം, ജൂഡീഷ്യൽ അംഗം, വിദഗ്ധ അംഗം അല്ലെങ്കിൽ അംഗത്തിന് കൂടിയും അനുവദിക്കുന്ന അധികാരിയായ കേന്ദ്രസർക്കാർ ആയിരിക്കും.

(2) ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, അക്കൗണ്ടന്റ് അംഗം, ഭരണ അംഗം, ജൂഡീഷ്യൽ അംഗം, വിദഗ്ധ അംഗം, സാങ്കേതിക അംഗം, പ്രിസൈഡിങ്ങ് അല്ലെങ്കിൽ ഒരു അംഗത്തിന് വിദേശയാത്രാ അനുമതി അനുവദിക്കുന്ന അധികാരി കേന്ദ്ര സർക്കാർ ആയിരിക്കും.

x x x

സേവനത്തിന്റെ മറ്റ് വ്യവസ്ഥകൾ.-- (1) ഒരു ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, അക്കൗണ്ടന്റ് അംഗം, ഭരണ അംഗം, ജൂഡീഷ്യൽ അംഗം, വിദഗ്ധ അംഗം, സാങ്കേതിക അംഗം, പ്രിസൈഡിങ്ങ് ഓഫീസർ അല്ലെങ്കിൽ അംഗത്തിന്റെ സേവന വ്യവസ്ഥകളൊന്നും പ്രകടമായ വ്യവസ്ഥകളായി ഈ ചട്ടങ്ങളിൽ ഉണ്ടാക്കാത്ത പക്ഷം സമാന പദവി വഹിക്കുന്ന ഭാരത സർക്കാരിന്റെ വിഭാഗം - എ യിൽ പെടുന്ന ഉദ്യോഗസ്ഥർക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത് ആയിരിക്കും.

(2) ടൈബ്യൂണൽ, അപ്പലേറ്റ് ടൈബ്യൂണൽ അല്ലെങ്കിൽ അധികാരിയിൽ നിന്ന് വിരമിച്ചശേഷം ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, ഭരണ അംഗം, ജൂഡീഷ്യൽ അംഗം, അക്കൗണ്ടന്റ് അംഗം, വിദഗ്ധ അംഗം, സാങ്കേതിക അംഗം, പ്രിസൈഡിങ്ങ് ഓഫീസർ അല്ലെങ്കിൽ അംഗം, ടൈബ്യൂണൽ, അപ്പലേറ്റ് ടൈബ്യൂണൽ അല്ലെങ്കിൽ സന്ദർഭമനുസരിച്ച് അധികാരി മുന്നിൽ പ്രാക്ടീസ് ചെയ്യാൻ പാടില്ല.

(3) ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, അക്കൗണ്ടന്റ് അംഗം, ഭരണ അംഗം, ജൂഡീഷ്യൽ അംഗം, പ്രിസൈഡിങ്ങ് ഓഫീസർ അല്ലെങ്കിൽ അംഗം ഈ പദവികളിൽ ടൈബ്യൂണൽ, അപ്പലേറ്റ് ടൈബ്യൂണൽ

അല്ലെങ്കിൽ അധികാരിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ മദ്ധ്യസ്ഥത ജോലികൾ ഏറ്റെടുക്കാൻ പാടില്ല.

(4) ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ അല്ലെങ്കിൽ സന്ദർഭവശാൽ അധികാരിയുടെ ചെയർമാൻ, ചെയർപേഴ്സൺ, പ്രസിഡന്റ്, വൈസ് ചെയർമാൻ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, അക്കൗണ്ടന്റ് അംഗം, ഭരണ അംഗം, ജുഡീഷ്യൽ അംഗം, പ്രിസൈഡിങ്ങ് ഓഫീസർ അല്ലെങ്കിൽ അംഗം, അവർ ഓഫീസ് കൈയ്യാളുന്നത് നിർത്തിയ തീയ്യതി മുതൽ രണ്ടു കൊല്ലത്തെ കാലയളവിലേക്ക്, അത്തരം ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ അല്ലെങ്കിൽ സന്ദർഭവശാൽ അധികാരിയായതിനു മുമ്പിൽ ഉള്ള ഏതെങ്കിലും ഒരു നടപടികളിൽ കക്ഷിയായ ആളുടെയോ അയാളുടെ മാനേജുമെന്റുമായോ ഭരണ നിർവഹണമായോ ബന്ധപ്പെട്ടതോ ആയ ജോലി സ്വീകരിക്കാൻ പാടില്ല:

ഈ ചട്ടത്തിൽ അടങ്ങിയിരിക്കുന്ന ഒന്നും കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരുകൾക്കു കീഴിലോ, അല്ലെങ്കിൽ ഒരു പ്രാദേശിക അധികാരി അല്ലെങ്കിൽ നിയമപരമായ അധികാരി അല്ലെങ്കിൽ കേന്ദ്ര സംസ്ഥാന അല്ലെങ്കിൽ പ്രവിശ്യ നിയമപ്രകാരമുള്ള ഏതെങ്കിലും കോർപറേഷൻ അല്ലെങ്കിൽ കമ്പനി നിയമം 2013 (2013 ലെ 18-)മത്) വകുപ്പ് 2 ഉപവാക്യം (45) ൽ നിർവചിച്ച സർക്കാർ കമ്പനിക്കു കീഴിലോ ഉള്ള ഏതെങ്കിലും തൊഴിലുകൾക്ക് ബാധകമല്ല.

x x x x

20. **ഇളവ് വരുത്താനുള്ള അധികാരം.**-- കേന്ദ്രസർക്കാരിന് ഏതെങ്കിലും ഗണത്തിലോ വിഭാഗത്തിലോ പെട്ട ആളുകളെ സംബന്ധിച്ചുള്ള വ്യവസ്ഥകളിൽ അത്യാവശ്യവും അഭികാമ്യമാണെന്നും അഭിപ്രായമുള്ള പക്ഷം ഉത്തരവു പ്രകാരം അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി ഇളവുകൾ നൽകാവുന്നതാണ്.

21. **വ്യാഖ്യാനം.**-- ഈ നിയമങ്ങളുടെ വ്യാഖ്യാനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചോദ്യം ഉണ്ടായാൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

22. **സംരക്ഷിക്കൽ.**-- ഈ നിയമങ്ങളിലുള്ള ഒന്നും തന്നെ സംവരണങ്ങൾ, പ്രായപരിധി ഇളവുകൾ, പട്ടിക ജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, മുൻ സൈനികർ എന്നിവർക്കും കൂടാതെ മറ്റു പ്രത്യേക വിഭാഗങ്ങളിലുള്ള വ്യക്തികൾക്ക് കേന്ദ്രസർക്കാർ കാലാകാലങ്ങളായി ഉത്തരവുകൾ പുറപ്പെടുവിച്ചു നൽകുന്ന ഇളവുകളെയും ദോഷകരമായി ബാധിക്കില്ല.

(എ) **'തിരയിൽ - തിരഞ്ഞെടുപ്പ് കമ്മിറ്റികളുടെ ഘടന'**

151. ചട്ടങ്ങളിൽ നൽകിയിട്ടുള്ള ചില തിരയൽ തിരഞ്ഞെടുപ്പ് കമ്മിറ്റികളുടെ ഘടന ചുവടെ ഉദാഹരണസഹിതം പുനരാവിഷ്കരിച്ചിരിക്കുന്നു:

"വ്യാവസായിക ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ"

പ്രിസൈഡിംഗ് ഓഫീസർ തസ്തികയിലേക്ക് തിരയൽ - തിരഞ്ഞെടുപ്പ് കമ്മിറ്റി, --

(i) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട വ്യക്തി - ചെയർപേഴ്സൺ;

(ii) ഇന്ത്യ ഗവൺമെന്റിന്റെ സെക്രട്ടറി, തൊഴിൽ മന്ത്രാലയം - അംഗം;

(iii) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട ഇന്ത്യ ഗവൺമെന്റ് സെക്രട്ടറി- അംഗം;

(iv) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട രണ്ട് വിദഗ്ധന്മാർ-അംഗങ്ങൾ

ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ:

(എ) അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും തസ്തികകൾക്കായി തിരയൽ - തിരഞ്ഞെടുപ്പ് കമ്മിറ്റി,--

(i) ഇന്ത്യൻ ജസ്റ്റിസ് നാമനിർദ്ദേശം ചെയ്യേണ്ട സുപ്രീംകോടതിയിലെ നിലവിലെ ജഡ്ജി - ചെയർപേഴ്സൺ

(ii) അദ്ധ്യക്ഷൻ, ആദായനികുതി അപ്പലേറ്റ് ട്രൈബ്യൂണൽ അംഗം; കൂടാതെ

(iii) ഇന്ത്യാ ഗവൺമെന്റിന്റെ സെക്രട്ടറി, നിയമ-നീതി മന്ത്രാലയം (നിയമകാര്യ വകുപ്പ്) - അംഗം

(ബി) അക്കൗണ്ടന്റ് അംഗത്തിനും ജൂഡീഷ്യൽ അംഗത്തിനുമായി തിരയൽ - തിരഞ്ഞെടുപ്പ് കമ്മിറ്റി,--

(i) നിയമ-നീതിന്യായ മന്ത്രി നിർദ്ദേശിച്ച ആൾ - ചെയർപേഴ്സൺ

(ii) ഇന്ത്യാ ഗവൺമെന്റിന്റെ സെക്രട്ടറി, നിയമ-നീതി മന്ത്രാലയം (നിയമകാര്യ വകുപ്പ്) - അംഗം

(iii) ആദായനികുതി അപ്പലേറ്റ് ട്രൈബ്യൂണൽ അദ്ധ്യക്ഷൻ - അംഗം; കൂടാതെ

(iv) നിയമ-നീതിന്യായ മന്ത്രി അംഗമായി നിയമിച്ചേക്കാവുന്ന രണ്ടിൽ കൂടാതെ മറ്റ് വ്യക്തികൾ - അംഗങ്ങൾ.

കേന്ദ്ര അഡ് മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ:

(എ) ചെയർമാൻ, ജൂഡീഷ്യൽ അംഗം, തസ്തികയിലേക്കുള്ള തിരയൽ - തിരഞ്ഞെടുപ്പ് കമ്മിറ്റി,--

(i) ഇന്ത്യൻ ചീഫ് ജസ്റ്റിസ് അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ആൾ - ചെയർപേഴ്സൺ;

(ii) കേന്ദ്ര അഡ് മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ, പ്രിൻസിപ്പൽ ബെഞ്ച് - അംഗം;

(iii) ഇന്ത്യാ ഗവൺമെന്റിന്റെ സെക്രട്ടറി, (പേഴ്സണൽ ട്രെയിനിംഗ് വകുപ്പ്) - അംഗം;

(iv) ഇന്ത്യാ ഗവൺമെന്റിന്റെ സെക്രട്ടറി, നിയമ-നീതി മന്ത്രാലയം - അംഗം;

(v) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട ഒരു വിദഗ്ധൻ- അംഗം;

(ബി) അഡ്മിനിസ്ട്രേറ്റീവ് അംഗ തസ്തികയിലേക്കുള്ള തിരയൽ - തിരഞ്ഞെടുപ്പ് കമ്മിറ്റി,--

(എ) കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട ഒരു വ്യക്തി ചെയർപേഴ്സൺ;

(ബി) കേന്ദ്ര അഡ് മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ - അംഗം

(സി) ഇന്ത്യാ ഗവൺമെന്റിന്റെ സെക്രട്ടറി, (പേഴ്സണൽ ട്രെയിനിംഗ് വകുപ്പ്) - അംഗം;

(ഡി) ഇന്ത്യാ ഗവൺമെന്റിന്റെ സെക്രട്ടറി, നിയമ-നീതി മന്ത്രാലയം - അംഗം;

(ഇ) ഇന്ത്യാ ഗവൺമെന്റിന്റെ നാമനിർദ്ദേശം ചെയ്യേണ്ട ഒരു വിദഗ്ധൻ- അംഗം;

152 തിരയൽ - തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ഘടനയുടെ വിഭാവനം ചെയ്തത് അംഗം, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, എന്നിവരുടെ നിയമനം പ്രബലമായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച ആളുകളിൽ നടത്താനുള്ള രീതിയിലാണ്. ചട്ടങ്ങൾക്കായുള്ള പട്ടികയുടെ ഒരു പരിശോധന കാണിക്കുന്നത് ചില കമ്മിറ്റികളിൽ സംരക്ഷിക്കപ്പെട്ട ഇന്ത്യൻ ചീഫ് ജസ്റ്റിസിന്റെയോ, അദ്ദേഹം നിർദ്ദേശിച്ച ആളുകളുടേയോ വെറും സൂചനാ പ്രാതിനിയും, ജൂഡിഷ്യറിയുടെ പങ്ക് ഫലത്തിൽ ഇല്ലാതായിരിക്കുന്നു.

153. തിരയൽ-തിരഞ്ഞെടുപ്പ് കമ്മിറ്റിയിൽ ജൂഡീഷ്യൽ ആധിപത്യത്തിന്റെ അഭാവം അധികാരങ്ങളുടെ വിഭജന സിദ്ധാന്തത്തിന് നേരിട്ട് വിരുദ്ധമാണെന്നും ജൂഡീഷ്യൽ അധികാരമേഖലയിലേക്കുള്ള കടന്നു കയറ്റമാണെന്നുമുള്ള വാദിക്കായുള്ള വിജ്ഞാനിയായ അഭിഭാഷകന്റെ വാദങ്ങളുമായി കോടതി യോജിക്കുന്നു. **'കേശവാനന്ദ ഭാരതി v. കേരള സംസ്ഥാനം'** ഉത്തരവിലും പിന്നീടുള്ള മറ്റനേകം തീരുമാനങ്ങളിലും, അധികാരങ്ങളുടെ വിഭജന സിദ്ധാന്തം ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഒരു പ്രധാന വശമായി ഈ കോടതി നന്നായി തിരിച്ചറിയുകയും പുനർ വ്യാഖ്യാനം ചെയ്യുകയും ഉണ്ടായി. എക്സിക്യൂട്ടീവിന്റെ നിയന്ത്രണത്തിൽ നിന്നും സ്വാധീനത്തിൽ നിന്നും ജൂഡീഷ്യറിയെ ഒഴിവാക്കുന്നത് പരമ്പരാഗത കോടതികൾക്കു മാത്രമായി പരിമിതപ്പെടുന്നില്ല മറിച്ച് ജൂഡീഷ്യൽ പ്രവർത്തനങ്ങൾ നടത്താൻ

വേണ്ടി കോടതികൾക്കൊരു ബദലായി രൂപീകരിക്കപ്പെട്ടതിനാൽ ട്രൈബ്യൂണലുകളെയും ഉൾക്കൊള്ളുന്നു.

154. വ്യക്തമായും ചട്ടങ്ങൾക്കു കീഴിലുള്ള തിരയൽ-തിരഞ്ഞെടുപ്പ് കമ്മിറ്റികളുടെ ഘടന നിയമാനുസൃത ട്രൈബ്യൂണലുകളിലെ അംഗങ്ങളെയും പ്രിസൈഡിംഗ് ഓഫീസർമാരെയും നിയമിക്കുന്നതിൽ എക്സിക്യൂട്ടീവിന്റെ അമിതമായ ഇടപെടലിന് തുല്യമാണ്, കൂടാതെ നിസംശയം ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിന് ഹാനീകരവും കൂടാതെ അധികാരങ്ങളുടെ വിഭജന സിദ്ധാന്തത്തിന് ഒരു അവഹേളനവുമാണ്.

155. ജുഡീഷ്യറിയിൽ പൊതുവിശ്വാസം നിലനിർത്തുന്നതിന്, ട്രൈബ്യൂണലുകളുടെ നിയമനത്തിനും ഭരണനിർവഹനത്തിനും സ്വതന്ത്ര സംവിധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഈ കോടതിയുടെ മൂന്നു ജഡ്ജിമാരടങ്ങുന്ന ബെഞ്ച് **ആർ.കെ.ജെയ്ൻ v. യൂണിയൻ ഓഫ് ഇൻഡ്യ** (മുകളിൽ പറഞ്ഞ) എന്ന കേസിൽ, രാജ്യത്തിലെ ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തിലെ ഫലപ്രദമല്ലായ്മയിലെ അതിന്റെ വേദന പ്രകടിപ്പിക്കുമ്പോൾ സ്ഥിരീകരിച്ചു. ട്രൈബ്യൂണലുകളിൽ നിന്ന് പരമോന്നത കോടതികയിൽ നേരിട്ട് നിയമപരമായ അപ്പീലുകൾ നൽകുന്നതിലെ അപകടങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനൊപ്പം, ജുഡീഷ്യറി എന്ന സ്ഥാപനത്തിൽ പൊതു വിശ്വാസം നിലനിർത്തുന്നതിന് ട്രൈബ്യൂണലുകളിലെ അംഗങ്ങളെ നിയമിക്കുന്ന രീതിയിൽ പരിഷ്കരണത്തിന്റെ ആസന്നമായ ആവശ്യമുണ്ടെന്നും അഭിപ്രായപ്പെട്ടു. സാങ്കേതിക അംഗങ്ങളുടെ തർക്കങ്ങളിലെ വിധിന്യായങ്ങൾ പ്രത്യേക സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള കേസുകളിൽ മാത്രമായി പരിമിതപ്പെടുത്തണം. [**യൂണിയൻ ഓഫ് ഇൻഡ്യ v. മദ്രാസ് ബാർ അസോസിയേഷൻ ഉം മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇൻഡ്യയും മറ്റൊരാളും**]

156. തുടർന്ന്, എൽ. ചന്ദ്രകുമാർ v. **യൂണിയൻ ഓഫ് ഇൻഡ്യ** (മുമ്പ് പറഞ്ഞ)യിലെ ഉത്തരവിൽ ഈ കോടതിയുടെ ഏഴംഗ ജഡ്ജിമാരുടെ ബെഞ്ച് അനുച്ഛേദം 323-എ, അനുച്ഛേദം 323-ബി എന്നിവ പ്രകാരം സ്ഥാപിതമായ ട്രൈബ്യൂണലുകളുടെ ഭരണത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന മാലിമത്ത് കമ്മിറ്റി റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ശ്രദ്ധിച്ചു. മറ്റേതൊരു കോടതിക്കും ബദലായി രൂപീകരിച്ച ഒരു ട്രൈബ്യൂണലിന്, പൊതുജനങ്ങളുടെ വിശ്വാസം വ്യാപകമായി പ്രചോദിപ്പിക്കുന്നതിന് സമാനമായ നിയമനം, യോഗ്യത, സേവന വ്യവസ്ഥകൾ എന്നിവ ഉണ്ടായിരിക്കണമെന്ന്

മാലിമത്ത് കമ്മിറ്റി റിപ്പോർട്ട് ചൂണ്ടിക്കാട്ടിയിരുന്നു. ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ ഘടന, കാലാവധി, സേവന വ്യവസ്ഥകൾ മുതലായവയിലെ പോരായ്മകളും ജുഡീഷ്യൽ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ എക്സിക്യൂട്ടീവ് ഇടപെടുന്നതിന്റെ വർദ്ധനയും കാരണമായി റിപ്പോർട്ടിൽ എടുത്തു പറയുന്നു. പ്രസക്തമായ സത്ത് താഴെ പുനരാവിഷ്കരിക്കുന്നു:

"8. റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന നിരീക്ഷണങ്ങൾ, അവയിൽ ട്രൈബ്യൂണലുകളുടെ സ്ഥാപിക്കലിനുശേഷമുള്ള മൂന്നോ അതിലേറെയോ വർഷത്തെ ട്രൈബ്യൂണലുകളുടെ ഒരു അവലോകനം ഉൾക്കൊള്ളുന്നത് കോടതിയുടെ ആവശ്യത്തിന് ഉപയോഗപ്രദമാകും. റിപ്പോർട്ടിന്റെ രണ്ടാം വാല്യത്തിലെ എട്ടാം അധ്യായം, "തർക്ക പരിഹാരത്തിനുള്ള ഇതര മാർഗ്ഗങ്ങളും വേദികളും" എന്നതിൽ ഈ വിഷയം വിശദമായി കൈകാര്യം ചെയ്യുന്നു. "ഗ്രാമന്യായാലയങ്ങൾ", വ്യാവസായിക ട്രൈബ്യൂണലുകൾ, വിദ്യാഭ്യാസ ട്രൈബ്യൂണലുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള അതിന്റെ നിർദ്ദിഷ്ട ശുപാർശകൾ കൈമാറിയ ശേഷം, ഭരണഘടനയുടെ അനുച്ഛേദം 323-എ, 328 -ബി പ്രകാരം രൂപീകരിച്ച ട്രൈബ്യൂണലുകളുടെ വിഷയം കമ്മിറ്റി കൈകാര്യം ചെയ്തു. ഇക്കാര്യത്തിലെ ഈ കോടതിയുടെ വിശകലനത്തിന് പരിഗണിക്കാവുന്ന പ്രസക്തമായ നിരീക്ഷണങ്ങളുടെ പൂർണ്ണസത്ത് താഴെ കൊടുക്കുന്നു.

"ട്രൈബ്യൂണലുകളുടെ പ്രവർത്തനം

8.63. രാജ്യത്ത് നിരവധി ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നു എന്നിരുന്നാലും അവയെല്ലാം പൊതുജന വിശ്വാസം പ്രചോദിപ്പിച്ചിട്ടില്ല. അന്വേഷിക്കുന്ന കാരണങ്ങൾ വിദൂരത്തിലല്ല. ഏറ്റവും പ്രാധാനം കഴിവ്, വസ്തുനിഷ്ഠത, ജുഡീഷ്യൽ സമീപനം എന്നിവയുടെ അഭാവമാണ്. അടുത്തത് അവരുടെ ഘടന, അതിലേക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന്റെ അധികാരവും രീതിയും, താണ പദവിയും ലാഘവത്തോടുള്ള പ്രവർത്തന രീതിയുമാണ്. അവസാനത്തേത് അവയുടെ യഥാർത്ഥ ഘടനയാണ്; കാലാവധിയുടെ അനിശ്ചിതത്വം, തൃപ്തികരമല്ലാത്ത സേവന വ്യവസ്ഥകൾ, എക്സിക്യൂട്ടീവിന്റെ ഭരണകാര്യത്തിലുള്ള കീഴ്പ്പെടുത്തൽ, ജുഡീഷ്യൽ പ്രവർത്തനത്തിൽ രാഷ്ട്രീയ ഇടപെടൽ എന്നിവ കണക്കിലെടുത്ത് കഴിവുള്ള ആളുകൾ പ്രൈസെഡിംഗ് ഓഫീസർമാരായി നിയമിക്കപ്പെടാൻ തയ്യാറല്ല. ഈ കാരണങ്ങളാലും മറ്റ് കാരണങ്ങളാലും, നീതിയുടെ ഉണനിലവാരത്തെ ബാധിച്ചതായി പറയപ്പെടുന്നു. അത്തരം ട്രൈബ്യൂണലുകൾ അവയുടെ സ്ഥാപനത്തിന്റെ പര്യവേഷണ കാരണങ്ങൾപ്പോലും കണ്ടെത്തിയിട്ടില്ല.

8.64 അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകൾ ആക്ട്, 1985 പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകൾ സ്ഥാപിക്കുന്നതിനുള്ള പരീക്ഷണം പോലും വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടിട്ടില്ല. ഇന്ത്യൻ പോലീസ് സർവീസ് ഉൾപ്പെടെ എല്ലാത്തരം സേവനങ്ങളിൽ നിന്നും അതിന്റെ അംഗങ്ങളെ തിരഞ്ഞെടുത്തു. ഭരണഘടനയുടെ അനുച്ഛേദം 136 പ്രകാരമുള്ള സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകളുടെ തീരുമാനത്തിൽ അപ്പീൽ സാധ്യമല്ല. വേദിയുടെ കനത്ത ചിലവും വിദൂരതയും കാരണം, അവിടെ അപ്പീൽ അവകാശത്തെ പ്രത്യക്ഷത്തിൽ നിരാകരിക്കുന്നു. ഇത് പല കേസുകളിലും നീതി നിഷേധത്തിനും അനന്തരഫലമായ അസംതൃപ്തിക്കും കാരണമായി. അവസ്ഥാപിതമായ സംസ്ഥാപനങ്ങളിൽ, അവ നിർത്തലാക്കുന്നതിനായി ഒരു നീക്കമുള്ളതായി കാണുന്നു.

ട്രൈബ്യൂണലുകൾ - ഹൈക്കോടതിയുടെ അധികാരപരിധി ഉൾപ്പെടുത്തുന്നതിനുള്ള പരിശോധനകൾ

8.65 ജൂഡീഷ്യൽ അവലോകനത്തിനുള്ള ബദൽ സ്ഥാപന സംവിധാനമായി ഹൈക്കോടതിയുടെ ബദലായി സ്ഥാപിക്കുന്ന ഒരു ട്രൈബ്യൂണൽ ഹൈക്കോടതിയെക്കാൾ ഫലപ്രദമല്ല. അത്തരമൊരു ട്രൈബ്യൂണൽ ജൂഡീഷ്യൽ സമീപനവും വസ്തുനിഷ്ഠവും ഉയർന്ന യോഗ്യതയുള്ളതും വിദഗ്ദ്ധവുമായ ഒരു സംവിധാനമാണെന്ന് പൊതുജന വിശ്വാസത്തിനും അന്തസിനും പ്രചോദനമാവണം. ഹൈക്കോടതിയുടെ ബദലായി ഉദ്ദേശിച്ചിട്ടുള്ള ഒരു ട്രൈബ്യൂണലിൽ ആവശ്യം, നിയമപരിശീലനവും അനുഭവപരിജ്ഞാനവും ജൂഡീഷ്യൽ കാര്യഗ്രഹണശേഷി, സജ്ജീകരണങ്ങൾ, സമീപന എന്നിവയാണ്. അത്തരമൊരു ട്രൈബ്യൂണലിൽ, ജൂഡീഷ്യറിയിൽ നിന്നോ, സർവ്വീസുകളിൽ നിന്നോ അല്ലെങ്കിൽ ഈ മേഖലയിലെ വിദഗ്ധരിൽ നിന്നോ ഉള്ള ഉദ്യോഗസ്ഥർ ഉൾപ്പെടുമ്പോൾ, സർവ്വീസുകളിൽ നിന്നുള്ള അംഗങ്ങൾക്കോ, വിദഗ്ധ അംഗങ്ങൾക്കോ അനുകൂലമായ ഏതെങ്കിലും മുൻതൂക്കവും, ജൂഡീഷ്യൽ അംഗങ്ങൾക്ക് മൂല്യം കുറയുന്നതും, ട്രൈബ്യൂണലിന്റെ ഫലപ്രാപ്തിയും, കാര്യശേഷിയും കുറയ്ക്കും. അത്തരമൊരു ട്രൈബ്യൂണൽ രൂപീകരിക്കുന്ന നിയമം അത്തരം സാഹചര്യങ്ങളിൽ അസാധുവായി പ്രഖ്യാപിക്കേണ്ടതുണ്ട്. ഇത് ജൂഡീഷ്യൽ സ്വാതന്ത്ര്യത്തിന് ഉതകുന്നതല്ല, മാത്രമല്ല അവരുടെ തീരുമാനമെടുക്കൽ പ്രക്രിയയെ സ്വാധീനിക്കാൻ നേരിട്ടോ അല്ലാതെയോ പ്രവണത കാണിച്ചേക്കാം, പ്രത്യേകിച്ചും അത്തരം ട്രൈബ്യൂണലിന് മുമ്പാകെ വരുന്ന മിക്ക കേസുകളിലും സർക്കാർ വ്യവഹാരിയായിരിക്കുമ്പോൾ. (**എസ്.പി.സമ്പത്ത് കുമാർ v.**

യൂണിയൻ ഓഫ് ഇന്ത്യ (1987) 1 SCC 124 കാണുക). അത്തരം ട്രൈബ്യൂണലുകളുടെ വിധിന്യായത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളിൽ ഹൈക്കോടതികളുടെ റിട്ട് അധികാരപരിധി ഒഴിവാക്കണമെന്ന് അവരുടെ സ്ഥാപനങ്ങളാൽ ഒരേ സമയം ആഗ്രഹിക്കുന്ന വിദഗ്ധ ട്രൈബ്യൂണലുകളിലെ മുഖ്യ പാത്രങ്ങൾ (മുഖ്യ വക്താക്കൾ), ഈ സുപ്രധാനവും നിർണ്ണായകവുമായ വശങ്ങൾ അവഗണിക്കേണ്ടതില്ല. തുല്യവും ഫലപ്രദവും കാര്യശേഷിയുള്ളതുമായ മറ്റൊരു സംവിധാനം ഉപയോഗിച്ച് മാറ്റി സ്ഥാപിക്കാൻ അനുവദിക്കുന്നത് ഹൈക്കോടതികളാണെന്നും ജുഡീഷ്യൽ അവലോകനം അല്ലെന്നും മറക്കരുത്. ട്രൈബ്യൂണൽ സ്വയം ഒരു അവസാനമല്ല, മറിച്ച് ഒരു അവസാനത്തിലേക്കുള്ള മാർഗമാണ്; വേഗത്തിലുള്ള നീതി, സമീപനത്തിന്റെ ഏകത, തീരുമാനങ്ങളുടെ പ്രവചനപരത, വിശേഷ നീതി എന്നീ പ്രശംസനീയമായ ലക്ഷ്യങ്ങൽ കൈവരിക്കണമെങ്കിൽപ്പോലും, അവ കൈവരിക്കാൻ ഉദ്ദേശത്തിൽ രൂപീകരിച്ച ട്രൈബ്യൂണലിന്റെ ചട്ടക്കൂട് അതിന്റെ അടിസ്ഥാന ജുഡീഷ്യൽ സ്വഭാവം നിലനിർത്തുകയും പൊതുജന വിശ്വാസത്തെ പ്രചോദിപ്പിക്കുകയും വേണം. ഹൈക്കോടതികൾക്ക് പകരമായി ഒരു ബദൽ സ്ഥാപന സംവിധാനം ലഭ്യമാക്കുന്ന, നീതിയുടെ നിർവ്വഹണം വേകേന്ദ്രീകരിക്കുന്നതിനുള്ള ഏതൊരു പദ്ധതിയും ഭരണഘടനാപരമായി സാധുതയുള്ളതാകാൻ മുകളിൽ പറഞ്ഞ പരീക്ഷയിൽ വിജയിക്കണം.....".

157. ചട്ടങ്ങൾ അനുസരിച്ച് രൂപീകരിച്ച തിരയൽ - തിരഞ്ഞെടുപ്പ് കമ്മറ്റി, വൈസ് ചെയർമാൻ, ചെയർമാൻ, അംഗങ്ങൾ എന്നിവരെ നിയമിക്കുന്ന പ്രക്രിയയിൽ നിന്നും അകറ്റി നിർത്താനുള്ള ശ്രമമാണെന്ന് കോടതി അഭിപ്രായപ്പെടുന്നു.

സുപ്രീം കോടതി അഡ്വക്കേറ്റ്സ് ഓൺ റെക്കാർഡ്സ് v. യൂണിയൻ ഓഫ് ഇൻഡ്യ (ഫോർത്ത് ജഡ്ജസ് കേസ്) യിലെ വിധിന്യായത്തിൽ ഈ കോടതി ഇത് സ്പഷ്ടമാക്കിയതാണ്, അതിൽ ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാർ ഉൾപ്പെടെയുള്ള ജുഡീഷ്യൽ ഓഫീസർമാരെ തിരഞ്ഞെടുക്കുന്നതിലും നിയമിക്കുന്നതിനും ജുഡീഷ്യറിയുടെ പ്രാഥമിക അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ടു. അധികാരങ്ങളുടെ വിഭജന സിദ്ധാന്തത്തിന്റെ മറ്റൊരു ശാഖയുടെയോ പരമാധികാരിയുടെയോ സ്വാധീനമോ നിയന്ത്രണമോ കൂടാതെ ജുഡീഷ്യൽ നിയമനങ്ങൾ നടക്കേണ്ടത് പ്രധാനമാണ്. നിയമസഭയുടെയും എക്സിക്യൂട്ടീവിന്റെയും പ്രവർത്തനങ്ങളിൽ പരിശോധനയും സന്തുലിതാവസ്ഥയും നിലനിർത്തുന്നതിനുള്ള ഏകമാർഗം

ജുഡീഷ്യറിയുടെ സ്വാതന്ത്ര്യമാണ്. എക്സിക്യൂട്ടീവ് മിക്ക വ്യവഹാരങ്ങളിലും വ്യവഹാരിയായ കക്ഷിയാണ്, അതിനാൽ ജുഡീഷ്യൽ നിയമനങ്ങളിൽ ഒരു പ്രബലപങ്കാളിയാകാൻ അനുവദിക്കാനാവില്ല.

158. കോടതികൾക്ക് സമാനമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന ട്രൈബ്യൂണലുകളുടെ അർദ്ധ-ജുഡീഷ്യൽ ബോഡികളുടെ മേൽ എക്സിക്യൂട്ടീവിനുള്ള നിയന്ത്രണം നിർബന്ധമായി ഒഴിവാക്കേണ്ടതിന്റെ ആവശ്യകതക്കായി ഫോർത്ത് ജഡ്ജസ് കേസിൽ (മുൻപ് പറഞ്ഞ) ഭരണഘടനാ ബെഞ്ച് സ്പഷ്ടമാക്കിയ സമാനതയോട് ഈ കോടതി പൂർണ്ണമായും യോജിക്കുന്നു. ചട്ടങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള തിരയൽ-തിരഞ്ഞെടുപ്പ് കമ്മിറ്റികൾ, ട്രൈബ്യൂണലുകളിലെ അംഗങ്ങളെ നിയമിക്കുന്ന പ്രക്രിയയിൽ ജുഡീഷ്യറിയുടെ പങ്കാളിത്തം ദുർബലപ്പെടുത്താം എന്ന കാരണത്തോളം, ഭരണഘടനാ പദ്ധതിക്ക് വിരുദ്ധമാണ്. ഇത് ഫലത്തിൽ ജുഡീഷ്യറിയിലെ എക്സിക്യൂട്ടീവ് കൈയേറ്റമാണ്.

(ബി) അംഗങ്ങളുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും യോഗ്യത.

159. ചട്ടങ്ങൾ ജുഡീഷ്യൽ സാങ്കേതിക അംഗങ്ങളുടെയും ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, അംഗങ്ങൾ മുതലായവരുടെ യോഗ്യതകളും നിർദ്ദേശിക്കുന്നു. ചട്ടങ്ങളുടെ ഒരു നഗ്നമായ വായനയിൽ വ്യക്തമാക്കുന്നത്, സാങ്കേതിക അംഗങ്ങളുടെ യോഗ്യതകൾ നിർദ്ദേശിക്കുമ്പോൾ, ഒരു ന്യായവിചാരണാ പരിചയം പോലുമില്ലാത്ത സാങ്കേതിക അംഗങ്ങൾ നിയമിക്കപ്പെടുന്നോളം, ഈ കോടതിയുടെ മുൻ ഉത്തരവ് കേന്ദ്രസർക്കാർ അവഗണിച്ചതായാണ്. ചട്ടങ്ങൾ പ്രകാരം കസ്റ്റംസ്, എക്സൈസ്, സേവന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവയിൽ സാങ്കേതിക അംഗമായി നിയമിക്കാനുള്ള നിർദ്ദിഷ്ട യോഗ്യതകൾ ചുവടെ വിശദമായി പുനരാവിഷ്കരിച്ചിരിക്കുന്നു:

"(1) ഒരു വ്യക്തി താഴെ പറയുന്നവയിൽ പെടാത്തപക്ഷം അദ്ധ്യക്ഷനായി നിയമിക്കപ്പെടുന്നതിന് യോഗ്യതയില്ല,-

(എ) അദ്ദേഹം ഒരു ഹൈക്കോടതി ജഡ്ജിയാണ് അല്ലെങ്കിൽ ആയിരുന്നു; അല്ലെങ്കിൽ

(ബി) അദ്ദേഹം അപ്പലേറ്റ് ട്രൈബ്യൂണലിലെ അംഗമാണ്.

(2) ഒരു വ്യക്തി താഴെപറയുന്നവയിൽ പെടാത്ത പക്ഷം ജുഡീഷ്യൽ അംഗമായി നിയമനത്തിന് യോഗ്യതയില്ല,--

(എ) അദ്ദേഹം കുറഞ്ഞത് പത്ത് വർഷമെങ്കിലും ഇന്ത്യൻ പ്രദേശത്ത് ഒരു ജൂഡീഷ്യൽ പദവി വഹിച്ചിട്ടുണ്ടാവണം; അല്ലെങ്കിൽ

(ബി) അദ്ദേഹം ഇന്ത്യൻ ലീഗൽ സർവ്വീസിലെ അംഗവും കൂടാതെ ആ സർവീസിലെ ഗ്രേഡ് 1 തസ്തികയിൽ കൈയ്യാളിയതും അല്ലെങ്കിൽ കുറഞ്ഞത് മൂന്നു വർഷമെങ്കിലും തത്തുല്യമോ ഉയർന്നതോ ആയ ഏതെങ്കിലും തസ്തികയിൽ പ്രവർത്തിച്ചിട്ടുണ്ട്, അഥവാ

(സി) കുറഞ്ഞത് പത്ത് വർഷമായി അദ്ദേഹം ഒരു അഭിഭാഷകനാണ്.

(3) ഒരാൾ ഇന്ത്യൻ റവന്യൂ സർവ്വീസിൽ (കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് സർവീസ് ഗ്രൂപ്പ് -'എ') അംഗമായിരിക്കുകയും കസ്റ്റംസ് അല്ലെങ്കിൽ സെൻട്രൽ എക്സൈസ് കമ്മീഷണർ പദവിയോ അല്ലെങ്കിൽ തത്തുല്യമോ ഉയർന്നതോ ആയ പദവി കുറഞ്ഞത് മൂന്നു വർഷത്തേക്കെങ്കിലും വഹിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ഒരു സാങ്കേതിക വിദഗ്ദനായി നിയമിക്കാൻ യോഗ്യതയില്ല".

160. ഇത് കൂടാതെ, ജൂഡീഷ്യൽ അനുഭവപരിചയമില്ലാത്ത ഉദ്യോഗാർത്ഥികൾ പ്രിസൈഡിംഗ് ഓഫീസർ പോലുള്ള നീതി നിർവഹണ തസ്തികകളിലേക്ക് യോഗ്യതയുള്ളവരായി നിർദ്ദേശിക്കപ്പെടുമ്പോൾ, നിയമനങ്ങളിൽ ജൂഡീഷ്യൽ സ്വഭാവത്തെ പ്രകടമായി ദുർബലപ്പെടുത്തിയിട്ടുണ്ട്. വ്യാവസായിക ട്രൈബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർക്കുള്ള യോഗ്യത ചട്ടങ്ങളിൽ വ്യക്തമാക്കിയത് ചുവടെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കാം:

"താഴെ പറയുന്നവയിൽ പെടാത്ത പക്ഷം ഒരു വ്യക്തി പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കപ്പെടാൻ യോഗ്യനല്ല, -

(എ) ഒരു ഹൈക്കോടതി ജഡ്ജിയാണ് അല്ലെങ്കിൽ ആയിരുന്നു; അല്ലെങ്കിൽ അതിനുള്ള യോഗ്യതയുണ്ട്; അല്ലെങ്കിൽ

(ബി) മൂന്ന വർഷത്തിൽ കുറയാത്ത കാലയളവിൽ അദ്ദേഹം ജില്ലാ ജഡ്ജിയോ, അഡീഷണൽ ജില്ലാ ജഡ്ജിയോ ആണ്; അല്ലെങ്കിൽ

(സി) കഴിവ്, ആത്മാർത്ഥത, നിലപാട് എന്നിവയുള്ളതും സാമ്പത്തിക ശാസ്ത്രം, ബിസിനസ്, വാണിജ്യം, നിയമം, ധനകാര്യം, മാനേജ്മെന്റ്, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണം, തൊഴിൽ ബന്ധങ്ങൾ, വ്യാവസായിക തർക്കങ്ങൾ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ വ്യവസായിക ട്രൈബ്യൂണലിന് ഉപയോഗപ്രദമായ മറ്റേതെങ്കിലും കാര്യത്തിൽ ഇരുപതു

വർഷത്തിൽ കുറയാത്ത പ്രത്യേക അറിവും ഉദ്യോഗപരിചയവും ഉള്ള വ്യക്തി ആവണം."

161. അതിനാൽ ചട്ടങ്ങളിൽ നീതിന്യായസ്ഥാനങ്ങളിൽ ജൂഡീഷ്യൽ സ്വഭാവത്തെ ദുർബലപ്പെടുത്തുന്ന ഫലമുണ്ടെന്ന വാദി(കൾ)ക്കായുള്ള വിജ്ഞാനിയായ അഭിഭാഷകന്റെ വാദങ്ങൾ ഈ കോടതി ഉചിതമായി അംഗീകരിക്കുന്നു. വിധിന്യായങ്ങളുടെ ഒരു ശൃംഖലയിൽ വിധിന്യായാനുഭവങ്ങളില്ലാത്ത (ന്യായവിചാരണാനുഭവങ്ങളില്ലാത്ത) സാങ്കേതിക അംഗങ്ങൾക്ക് ജൂഡീഷ്യൽ പ്രവർത്തനങ്ങൾ (ചുമതലകൾ) നിർവഹിക്കാൻ കഴിയില്ലെന്ന് ഈ കോടതി ആവർത്തിച്ചു വിധിച്ചിരിക്കുന്നു.

162. **മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇൻഡ്യ** (മുൻപ് പറഞ്ഞ) കേസിൽ ഈ കോടതിയും അഞ്ചംഗ ജഡ്ജിമാരുടെ ബെഞ്ച്, ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ മേൽ എക്സിക്യൂട്ടീവിന്റെ സമ്മർദ്ദം കൂടാതെ/ അല്ലെങ്കിൽ സ്വാധീനം എന്നിവ നിരീക്ഷിക്കേണ്ടതിന്റെ അടിയന്തിര ആവശ്യം ആവർത്തിച്ചു. ഹൈക്കോടതിയെ മാറ്റി സ്ഥാപിക്കാൻ ശ്രമിക്കുന്ന ഏതൊരു ട്രൈബ്യൂണലും അതിന്റെ ഘടനയിൽ, കുറച്ച് സ്വാതന്ത്ര്യമുള്ളതോ നീതിയുക്തമായതോ ആയിരിക്കരുത് എന്ന് സ്ഥാപിക്കപ്പെട്ടു. ഹൈക്കോടതി ഉൾപ്പെടെ ഏത് കോടതിക്കും പകരമായി വരുന്ന ട്രൈബ്യൂണൽ അംഗങ്ങൾക്ക് നിയമ വൈദഗ്ധ്യവും കൂടാതെ ഉചിതമായ നിയമ പരിചയവും ഉണ്ടായിരിക്കേണമെന്നും വ്യക്തമാക്കി. പരമ്പരാഗത കോടതികളിൽ നിന്ന് മറ്റേതെങ്കിലും സമാനമായ ട്രൈബ്യൂണലിലേക്ക് അധികാരപരിധി കൈമാറ്റം ചെയ്യാൻ പാർലമെന്റിനു കഴിയുമെങ്കിലും, ഏതു കോടതിയിൽ നിന്നാണോ ന്യായവിചാരണ ചുമതല (പ്രവർത്തി) കൈമാറിക്കിട്ടിയത്, അതിലുള്ള അംഗങ്ങളുടെ തത്തുല്യ യോഗ്യതയുള്ള അംഗങ്ങൾ ട്രൈബ്യൂണലിനെ നിയന്ത്രിക്കണം. അതിനാൽ, ഒരു സാങ്കേതിക അല്ലെങ്കിൽ ജൂഡീഷ്യൽ അംഗത്തിന് കൈമാറ്റം ചെയ്യപ്പെടുന്ന ഏത് വിധിനിർണ്ണയവും വ്യക്തമായ ദുർബലപ്പെടുത്തുന്ന നടപടിയും ജൂഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റവുമാണ്. നിയമസഭയ്ക്ക് ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ യോഗ്യതകൾ പുന:സംഘടിപ്പിക്കാനോ നിർദ്ദേശിക്കാനോ അധികാരമുണ്ടെങ്കിലും, വിധി നിർണ്ണയ മാനദണ്ഡങ്ങളെ പ്രതികൂലമായി ബാധിക്കുകയാണെങ്കിൽ, ഈ കോടതിയ്ക്ക് നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ "ജൂഡീഷ്യൽ അവലോകനം" നടത്തുന്നതിന് തടസ്സമില്ലെന്ന് ഈ കോടതി വീണ്ടും വിധിച്ചു. ഈ കോടതിയുടെ വിധിന്യായം താഴെ കൊടുത്ത പ്രകാരം വായിക്കാം:

"..... ഹൈക്കോടതിയുടെ പകരക്കാരനായി നിയമനിർമ്മാണത്തിൻ കീഴിൽ രൂപീകരിച്ച ട്രൈബ്യൂണൽ, ഹൈക്കോടതിയുടെ അതേ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ രൂപീകരിക്കേണ്ടതായിരുന്നുവെന്നും സ്ഥിരീകരിക്കാൻ ശ്രമിച്ചു. എല്ലാത്തരത്തിലുള്ള ഇടപെടലുകളിൽ നിന്നും, സർക്കാരിന്റെ ഏകോപനത്തിലുള്ള ശാഖകളിൽ നിന്ന് പോലും ജുഡീഷ്യറിയെ വേർതിരിച്ചു നിർത്തേണ്ടത് ഇപ്പോൾ ഭരണഘടനയുടെ അവശ്യ സവിശേഷതയായി കണക്കാക്കപ്പെടുന്നതിനാൽ, അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ചെയർമാൻ, വൈസ് ചെയർമാൻ, അംഗങ്ങൾ എന്നിവർക്ക് എക്സിക്യൂട്ടീവ് സമ്മർദ്ദത്തിനോ സ്വാധീനത്തിനോ ഉള്ള സാധ്യതകളിൽ നിന്ന് അതേ സ്വാതന്ത്ര്യം ഉറപ്പാക്കേണ്ടതുണ്ടെന്ന് കരുതി. അതിന്റെ നിഗമനങ്ങൾ രേഖപ്പെടുത്തുന്നതിൽ "ജുഡീഷ്യൽ അവലോകനം" എന്നത് ഭരണഘടനയുടെ "അടിസ്ഥാന ഘടനയുടെ" അവിഭാജ്യ ഘടകമാണെന്ന് നിലനിർത്തിയിരുന്നിട്ടും, ഭരണഘടന ഭേദഗതി ചെയ്യാനും ഹൈക്കോടതിയുടെ സ്ഥാനത്ത് മറ്റൊരു ബദൽ സ്ഥാപനസംവിധാനം പകരം വയ്ക്കാനും യോഗ്യനാണെന്ന് അഭിപ്രായപ്പെട്ടു. എന്നിരുന്നാലും, ബദൽ ക്രമീകരണം ഹൈക്കോടതിയെക്കാൾ (പകരം വയ്ക്കാൻ ശ്രമിച്ച) കുറവ് സ്വാതന്ത്ര്യവും കുറവ് നീതിബോധവും ഉള്ളതല്ലെന്നത് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണെന്ന് ഈ കോടതി മുന്നറിയിപ്പ് നൽകി.

xxxxxxxx

107. **യൂണിയൻ ഓഫ് ഇൻഡ്യ v. മദ്രാസ് ബാർ അസോസിയേഷൻ [(2010) 11 SCC 1]** കേസിൽ മുൻപ് പറഞ്ഞ എല്ലാ നിർണയങ്ങളും/ നിർദ്ദേശങ്ങളും സ്ഥിരീകരിക്കുകയും പിന്തുടരുകയും അതിനുശേഷം വിധിന്യായ ചുമതല കോടതികളിൽ നിന്ന് ട്രൈബ്യൂണലുകളിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ അടിസ്ഥാന ആവശ്യങ്ങൾ മനസിൽ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് വ്യക്തമാക്കി. ജുഡീഷ്യൽ അധികാരമുള്ള ട്രൈബ്യൂണലുകൾക്ക് (ഇതിനു മുമ്പ് കോടതികളിൽ നിക്ഷിപ്ത പ്രയോഗിച്ചതോ ആയ) അവ ഏതൊരു കോടതിക്ക് ബദലായാണോ അനുശാസിക്കപ്പെട്ടത് ആ കോടതിയുടെ സമാന സ്വാതന്ത്ര്യം, സുരക്ഷ, ശേഷി എന്നിവ ഉണ്ടായിരിക്കണമെന്ന് നിസ്സംശയം രേഖപ്പെടുത്തിയിട്ടുണ്ട്. ജുഡീഷ്യൽ പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ട്രൈബ്യൂണലുകളിലെ അംഗങ്ങളെ നിയമ വൈദഗ്ധ്യമുള്ളതും ജുഡീഷ്യൽ പ്രവർത്തനങ്ങൾ നിർവഹിക്കാൻ പ്രാപ്തിയുള്ളതും ആയ സ്രോതസ്സുകളിൽ നിന്ന് മാത്രമേ എടുക്കാൻ പാടൂ, മറ്റൊരു തരത്തിൽ ആവരുത്. അതിനാൽ ട്രൈബ്യൂണലുകളിലേക്ക് കൈമാറ്റം

ചെയ്ത വിധിനിർണയ പ്രക്രിയയിൽ പ്രത്യേക വൈദഗ്ധ്യം, അറിവ് അല്ലെങ്കിൽ വൈദഗ്ധ്യം എന്നിവ ഉൾപ്പെട്ടിട്ടില്ലെങ്കിൽ, സാങ്കേതിക അംഗങ്ങളെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ (ജുഡീഷ്യൽ അംഗങ്ങൾക്ക് ഒപ്പമോ പകരമായോ വയ്ക്കുന്നത്) ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിന് "നിയമവാഴ്ചയ്ക്കും" എതിരായ വഞ്ചനയും കടന്നുകയറ്റവുമുള്ള ഒരു കേസായി മാറും. ട്രൈബ്യൂണലിൽ ഉൾപ്പെടുന്ന അംഗങ്ങളുടെ ഔന്നത്യം, ട്രൈബ്യൂണലിലേക്ക് കൈമാറുന്ന അധികാരപരിധി അനുസരിച്ചായിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഹൈക്കോടതിയുടെ അധികാരപരിധി ഒരു ട്രൈബ്യൂണലിലേക്ക് മാറ്റുകയാണെങ്കിൽ, പുതുതായി രൂപീകരിച്ച ട്രൈബ്യൂണലിലെ അംഗങ്ങളുടെ ഔന്നത്യം ഹൈക്കോടതിയിലെ ജഡ്ജിമാരുടേതിന് സമാനമായിരിക്കണം. അതേ സമയം, കൈമാറ്റം ചെയ്യാൻ ആഗ്രഹിക്കുന്ന പ്രവർത്തനങ്ങൾ ജില്ലാ ജഡ്ജിമാർ നിർവഹിക്കുന്നതോ/ നടപ്പാക്കുന്നതോ ആണെങ്കിൽ, ട്രൈബ്യൂണലിലേക്ക് നിയമിതരായ അംഗങ്ങൾക്ക് ജില്ല ജഡ്ജിമാരുടേതിന് തത്തുല്യ യോഗ്യതയും സമാനമായി ഒന്നത്യവും ഉണ്ടായിരിക്കണം.

സ്വതന്ത്രവും നിഷ്പക്ഷവുമായ രീതിയിൽ തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കാൻ ഉതകുന്ന സ്ഥിതിയിലായിരിക്കണം അംഗങ്ങളുടെ സേവന വ്യവസ്ഥകൾ. സ്ഥലം മാറ്റം, ഉദ്യോഗ കാലാവധി എന്നിവയടക്കമുള്ള അവരുടെ നിയമന, നിഷ്കാസന രീതികൾക്ക് നിയമനിർമ്മാണ, ഭരണ നിർവ്വഹണാധികാരികളുടെ ഇടപെടലിൽനിന്നുള്ള സംരക്ഷണം ആവശ്യമാണ്. ട്രൈബ്യൂണലുകളുടെ പ്രവർത്തനം, അടിസ്ഥാന സൗകര്യങ്ങൾ, അവയുടെ ഭരണപരമായ ആവശ്യങ്ങൾ നിറവേറ്റാനുള്ള ചുമതല മുതലായവ നിയമ-നീതിന്യായ മന്ത്രാലയത്തിന് നൽകേണ്ടതായിട്ടുണ്ട്. ട്രൈബ്യൂണലുകൾക്കോ അതിലെ അംഗങ്ങൾക്കോ, ബന്ധപ്പെട്ട വകുപ്പിൽനിന്നോ രക്ഷാകർതൃ മന്ത്രാലയങ്ങളിൽനിന്നോ ഏതെങ്കിലും തരത്തിലുള്ള സൗകര്യങ്ങൾ തേടേണ്ടിവരരുത്. നീതിന്യായ ട്രൈബ്യൂണലുകളുടെ അധികാരപരിധി പുന:നിർണ്ണയിക്കാനും ആയതിലെ അംഗങ്ങളുടെ യോഗ്യതകൾ / അർഹത നിഷ് കർഷിക്കാനും നിയമനിർമ്മാണ സഭക്ക് സാധിക്കുമെങ്കിലും ആയത് ജുഡീഷ്യൽ അവലോകനത്തിന് വിധേയമായിരിക്കും, തത്സമയം ഒരു കോടതിക്ക്, ട്രൈബ്യൂണൽ വൽക്കരണം ന്യായവിചാര നിലവാരങ്ങളെ (മാനദണ്ഡങ്ങളെ) ദോഷകരമായി ബാധിക്കുമെന്ന് വിധിക്കുവാനും അതുവഴി പ്രസ്തുത വിഷയത്തിൽ ഇടപെടാനും

സാധിക്കും. അത്തരം ഒരു ഉദ്യമം സ്വാഭാവികമായും 'അധികാര വിഭജന' തത്വം നിലനിർത്താനും നിയമനിർമ്മാണ സഭയുടെയോ നിർവ്വഹണാധികാരികളുടെയോ കടന്നുകയറ്റം തടയാനുമായുള്ള, ഭരണഘടന നീതിന്യായ സംവിധാനത്തിനു കൽപ്പിച്ചു നൽകിയിട്ടുള്ള പരിശോധനയും വിലയിരുത്തലും നടപടികളുടെ ഭാഗമായിരിക്കും.

113.2. ഭരണഘടന നിലവിൽ വന്ന സമയം ഉന്നത നീതിന്യായനിർവ്വഹണ വിഭാഗത്തിലെ അംഗങ്ങൾ കൈകാര്യം ചെയ്തിരുന്ന നീതിനിർവ്വഹണ കർത്തവ്യങ്ങളുടെ അധികാരം, ഭരണഘടനാഘോഷണ സമയത്ത് അത് കൈകാര്യം ചെയ്ത കോടതികളിൽതന്നെ സാധാരണഗതിയിൽ നിക്ഷിപ്തമായിരിക്കണം. എന്നാൽ ഒരു വ്യത്യസ്ത പേരിലുള്ള സമാന്തരമായ / സമാനമായ ഒരു കോടതി / ട്രൈബ്യൂണലിനെ പ്രസ്തുത നീതിനിർവ്വഹണ അധികാരം വിനിയോഗിക്കാൻ അനുവദിക്കാവുന്നതാണ്. എങ്കിലും, ഭരണഘടനാ സമ്പ്രദായപ്രകാരം സമാന്തര കോടതി / ട്രൈബ്യൂണൽ സ്ഥാപിക്കുമ്പോൾ, പ്രസ്തുത കോടതിയിലെ ന്യായാധിപരുടെ നിയമനവും സുരക്ഷിത കാലാവധിയും പകരം വെക്കാൻ പോകുന്ന കോടതിയുടേതിന് സമാനമായിരിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഹിൻഡ്സ് കേസിലെ പ്രത്യക്ഷമായ തീർപ്പായിരുന്നു ഇത് (Hinds V. R., 1977 AC 195). ഹിൻഡ്സ് കേസിൽ അംഗീകരിക്കപ്പെട്ടതെന്തെന്നാൽ, ഭരണഘടന നിലവിൽ വരുന്ന സമയത്ത് ഉന്നത നീതിന്യായ വിഭാഗം അംഗങ്ങൾ വിനിയോഗിച്ചുവന്നിരുന്ന അധികാരം കൈകാര്യം ചെയ്യാൻവേണ്ടി പുതിയ പേരിൽ ഒരു കോടതി സ്ഥാപിക്കുവാൻ പാർലമെന്റിന് തടസ്സമില്ല എന്നതാണ്. പക്ഷേ ആയത് ചെയ്തുകഴിഞ്ഞപ്പോൾ, അത്തരം കോടതി / ട്രൈബ്യൂണലിലെ അംഗങ്ങളായി നിയമിതരായ വ്യക്തികൾ ഭരണഘടന നിലവിൽ വന്ന സമയം ഒരു നീതിന്യായ മന്ദിരത്തിന്റെ അംഗം നിയമിതനായതുപോലെ തന്നെ നിയമിക്കപ്പെടുന്നുവെന്നും അത്തരം ഒരു അംഗത്തിനുണ്ടായിരുന്ന സുരക്ഷിത കാലാവധി ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. പീറ്റർ ഡബ്യു. ഹോഗിന്റെ 'കാനഡയുടെ ഭരണഘടനാ തത്വം' എന്ന പ്രബന്ധത്തിൽപോലും നിരീക്ഷിക്കപ്പെട്ടതെന്തെന്നാൽ : ഒരു പ്രവിശ്യാഭരണം, ശരിക്കും ഒരു ഉന്നത, ജില്ലാ, അല്ലെങ്കിൽ കൗണ്ടി കോടതി കൈയ്യാളുന്ന ഒരു അധികാരം ഒരു ട്രൈബ്യൂണലിനു നൽകിയാൽ പ്രസ്തുത കോടതി / ട്രൈബ്യൂണൽ (മുൻ കോടതിയുടെ സ്ഥാനത്ത് സ്ഥാപിച്ചത്), അതിന്റെ ഔദ്യോഗിക നാമം എന്തുമാകട്ടെ, ഒരു ഉന്നത,

ജില്ലാ, അല്ലെങ്കിൽ കൗണ്ടി കോടതിക്ക് പകരംവെക്കുമ്പോൾ, ഭരണഘടനാ ലക്ഷ്യങ്ങൾക്കുവേണ്ടി, പകരം വെക്കപ്പെട്ട കോടതിയുടെ അവശ്യഘടകങ്ങളും നിലവാരവും പുലർത്തേണ്ടതുണ്ട്. ഇത് അർത്ഥ മാക്കുന്നതെന്തെന്നാൽ, പകരം വെക്കാനുദ്ദേശിക്കുന്ന കോടതിയിലെ ന്യായാധിപർ നിയമിതരായ അതേ രീതിയിൽ പുതുതായി സ്ഥാപിക്കപ്പെട്ട കോടതി / ട്രൈബ്യൂണലിലെ അംഗങ്ങൾ നിയമിതരാവുന്നതുവരെയും അവർക്ക് ലഭ്യമായിരുന്ന അതേ സേവന വ്യവസ്ഥകൾ ഇവർക്കും അർഹതപ്പെടുന്നതുവരെയും പുതുതായി സ്ഥാപിക്കപ്പെട്ട കോടതി / ട്രൈബ്യൂണൽ നിയമസാധുതയില്ലാതെ സ്ഥാപിച്ചതായി കരുതപ്പെടുമെന്നാണ്. മേൽപറഞ്ഞ ഭരണഘടനാ സമ്പ്രദായത്തിന്റെ ലംഘനം സദുദ്ദേശംകൊണ്ട് വിട്ടുവീഴ്ച ചെയ്യാൻ (ഒരു നിശ്ചിത നിയമം ഉണ്ടാക്കാൻ ആയതുകൊണ്ടാണ് നിയമ നിർമ്മാണാധികാരം വിനിയോഗിച്ചിട്ടുള്ളത്) "അധികാര വിഭജനം," "നിയമ വാഴ്ച," "ജുഡീഷ്യൽ അവലോകനം" മുതലായ ആശയങ്ങൾ പ്രദിപാദിക്കുമ്പോൾ ഈ കോടതി പ്രകടിപ്പിച്ചിട്ടുള്ള കാഴ്ചപ്പാടിനോട് അനുയോജ്യമാണ് മേൽപറഞ്ഞ നിയമാവിഷ്കാരം എന്നതിൽ ഈ കോടതിക്ക് സംതൃപ്തിയുണ്ട്. ഇവ്വിഷയകമായി L. ചന്ദ്രകുമാർ കേസിലെയും Union of India v. Madras Bar Assn. (2010) ലെയും വിധിന്യായങ്ങൾ പരാമർശമർഹിക്കുന്നു. ആയതുകളിൽ, അധികാര കൈമാറ്റം അനുവദനീയമാണെന്നും എന്നാൽ അങ്ങനെ കൈമാറ്റം ചെയ്യുമ്പോൾ ഏതു കോടതിയിലേക്കാണോ വ്യവഹാരാധികാരം കൈമാറ്റം ചെയ്യപ്പെടുന്നത് ആ കോടതിക്ക് ആ കോടതിക്കുണ്ടായിരുന്ന സവിശേഷതകൾ മുഴുവനും ഉണ്ടായിരിക്കണമെന്ന് ഈ കോടതി അംഗീകരിച്ചിട്ടുണ്ട്.

128. ഏതൊരു കോടതി / ട്രൈബ്യൂണലിലേക്കാണോ വ്യവഹാര കർത്തവ്യങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നത് ആയതിന് ഏതു കോടതിയിൽ നിന്നാണോ വ്യവഹാര പ്രക്രിയ കൈമാറ്റം ചെയ്യപ്പെടുന്നത് ആയതിലെതിനു സാനുപാതികമായ ഔന്നത്യവും യോഗ്യതകളും ഉള്ള ന്യായാധിപർ / അംഗങ്ങൾ ഉണ്ടായിരിക്കണമെന്നതിൽ യാതൊരു സന്ദേഹവുമില്ല എന്നു തോന്നുന്നു. ഈ നിലപാട് ലോകമഖിലം അംഗീകരിക്കപ്പെട്ടതാണ്. ജമൈക്ക, സിലോൺ, കാനഡ, ആസ്ട്രേലിയ എന്നിവടങ്ങളിലെ ഇവ്വിഷയകമായ ഭരണഘടനാ സമ്പ്രദായങ്ങൾ മുകളിൽ വിവരിച്ചിട്ടുണ്ട്. ഹിൻഡ്സ് കേസിൽ Lord Diplock പ്രകടിപ്പിച്ച പ്രിവി കൗൺസിലിന്റെ അഭിപ്രായം വെസ്റ്റ് മിനിസ്റ്റർ മാതൃകയിൽ ഭരണഘടനയുള്ള രാഷ്ട്രങ്ങളിൽ പിന്തുടർന്നു

വരുന്നതായി കാണുന്നു. ഭാരതീയ ഭരണഘടന അത്തരം ഒരു ഭരണഘടനയാണ്. മേൽമാതൃകയിൽ രൂപപ്പെടുത്തിയ ഭരണഘടനകൾ വ്യാഖ്യാനിക്കുമ്പോൾ വ്യക്തമായി രേഖപ്പെടുത്തപ്പെട്ട നിലപാടെന്തെന്നാൽ ഒരു പരമ്പരാഗത കോടതിയിൽ നിന്നും അതിന്റെ ജൂഡീഷ്യൽ അധികാരം സമാനമായ മറ്റൊരു കോടതി / ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യുവാൻ നിയമ നിർമ്മാണ സഭക്ക് സാധിക്കുമെങ്കിലും ഏതു കോടതി / ട്രൈബ്യൂണലിലേക്കാണോ അത്തരം അധികാരം കൈമാറ്റം ചെയ്യപ്പെടുന്നത് അവയ്ക്ക് ഏതു കോടതിയുടെ അധികാരമാണോ കൈമാറ്റം ചെയ്യപ്പെടുന്നത് അതിന്റെ അതേ വിശിഷ്ട സ്വഭാവ വിശേഷണങ്ങളും നിലവാരവും സ്വഭാവ ഘടകങ്ങളും ഉണ്ടായിരിക്കണം. അക്കൗണ്ടന്റ് അംഗങ്ങൾ, സാങ്കേതിക അംഗങ്ങൾ എന്നിവർക്ക് ഹൈക്കോടതി ന്യായാധിപർക്കുള്ള ഔന്നത്യവും യോഗ്യതയും ഉണ്ടായിരിക്കുമെന്ന് അംഗീകരിക്കാൻ ഈ കോടതിക്ക് കഴിയില്ല."

163. നിരവധി കേസുകളിൽ ഈ കോടതി സ്വീകരിച്ചിട്ടുള്ള സുസ്ഥിര കാഴ്ചപ്പാട് ഊന്നിപ്പറയുന്ന മേൽ കാഴ്ചപ്പാട് ഈ കോടതി അംഗീകരിക്കുന്നു. പരമ്പരാഗത കോടതികളുടെ അധികാരം എടുത്ത് മറ്റ് സമാന്തര കോടതി / ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യുവാൻ പാർലിമെന്റ് തീരുമാനിക്കുമ്പോഴെല്ലാം അത്തരം ട്രൈബ്യൂണലിലെ അംഗങ്ങളുടെ യോഗ്യതയും കാര്യഗ്രഹണശേഷിയും ഏതു കോടതിയിൽ നിന്നാണോ വ്യവഹാര കർത്തവ്യം കൈമാറ്റം ചെയ്യുന്നത് അതിലെ അംഗങ്ങളുടേതിനു സമാനുപാതികമായിരിക്കണം എന്നത് മറ്റു അധികാര തലങ്ങളിലും പിന്തുടരപ്പെടുന്ന ഒരു സുസ്ഥാപിത തത്വമാണ്. കോടതിയിലെ ന്യായാധിപരിൽ ആദ്യം നിക്ഷിപ്തമായിരുന്ന തർക്കങ്ങളുടെ തീർപ്പ് ഒരു സാങ്കേതിക / ജൂഡീഷ്യൽ ഇതര അംഗം ചെയ്താൽ ആയത് വ്യക്തമായും നീതിന്യായാധികാര മേഖലയിലേക്കുള്ള കടന്നുകയറ്റവും വെള്ളം ചേർക്കലുമാണ്. തികഞ്ഞ ആദരവോടെ പറയട്ടെ, നീതിന്യായ നിർവ്വഹണ പരിചയമോ നിയമജ്ഞാനമോ ഇല്ലാത്ത സാങ്കേതിക അംഗങ്ങളുടെമേലിൽ ജൂഡീഷ്യൽ കർത്തവ്യങ്ങൾ ഏൽപിച്ചുകൊടുക്കാൻ പാർലിമെന്റിനാവില്ല.

164. പുതിയ ചട്ടങ്ങൾവഴി വരുത്തപ്പെട്ട മറ്റുചില മാറ്റങ്ങൾ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. ഒന്നാമതായി, മിക്ക ട്രൈബ്യൂണലുകളും നേരത്തെ ജൂഡീഷ്യൽ അംഗങ്ങളാണ് നയിച്ചിരുന്നത്.

ഡെറ്റ് റിക്കവറി ട്രൈബ്യൂണൽ പോലുള്ള ചില ട്രൈബ്യൂണലുകളിൽ ഒഴികെ, സുപ്രീം കോടതിയിൽ നിന്നോ ഹൈക്കോടതികളിൽ നിന്നോ വിരമിച്ച ന്യായാധിപരായിരുന്ന പ്രിസൈഡിംഗ് ഓഫീസർമാർ നിലവിലെ ചട്ടരൂപീകരണത്തിൽ, നീതിന്യായ-നിയമപരമായ പരിചയം ഇല്ലെങ്കിലും മറ്റ തരത്തിൽ "കഴിവും കാര്യക്ഷമതയും അനുഭവവും ചില വിശിഷ്ട വിഷയങ്ങളിൽ പ്രത്യേക ജ്ഞാനവും തൊഴിൽ പരിചയവും" ഉള്ള വ്യക്തികളെ, "ആയത് കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ ഉഭയോഗപ്രദമാണ്," പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുന്നതിന് യോഗ്യരാക്കുന്നുണ്ട്. കൂടാതെ, സുപ്രീം കോടതി, ഹൈക്കോടതികളിൽ ന്യായാധിപരാവാൻ "യോഗ്യതയുള്ളവർക്കും" ട്രൈബ്യൂണലുകളെ നയിക്കാവുന്നതാണ്. ഭരണഘടനയുടെ 124(3), 217(2) അനുഛേദങ്ങളുടെ പരിശോധന കാണിക്കുന്നതെന്തെന്നാൽ, ഭരണഘടനാ കോടതികളിലെ ന്യായാധിപനായി നിയമിക്കപ്പെടാനുള്ള ഏറ്റവും കുറഞ്ഞ മൂന്നുപാധികൾ മാത്രമേ ആയത് എടുത്ത പറയുന്നുള്ളൂ. പകരം ഈ കോടതിയിലേക്കോ ഹൈക്കോടതികളിലേക്കോ നിയമനത്തിനായുള്ള പരിഗണനയുടെ ഒരു പ്രധാന ഭാഗം ക്രോഡീകരിച്ചിട്ടില്ലാത്തതും ആയത് അഭിഭാഷകരുടെ പ്രാക്ടീസ്, നിയമ പരിജ്ഞാനം, വൈദഗ്ധ്യം, സ്വഭാവം എന്നീ സമഗ്ര പരിഗണനകളെ അടിസ്ഥാനമാക്കിയുള്ളതുമാണ്. ഫലത്തിൽ നിയമനത്തിനുള്ള യോഗ്യതകളിൽ വിപുലമായി വെള്ളം ചേർത്ത് ഓരോ രണ്ടാമനായ അഭിഭാഷകനെയും യോഗ്യനാക്കുന്നു എന്നതാണ് പുതിയ മാനദണ്ഡങ്ങളുടെ പ്രഭാവം. അത്തരം ആളുകൾക്ക് അത്യാവശ്യമായ സ്വഭാവ സവിശേഷതകളും അവ്യക്തമാണ്, തൽഫലമായി എക്സിക്യൂട്ടീവിന്റെ വിവേചനാധികാരം വർദ്ധിക്കുന്നു. ഇത് നീതിന്യായപരമായ സ്വാതന്ത്ര്യത്തെയും ഈ ട്രൈബ്യൂണലുകളുടെ കഴിവിനെയും കാര്യക്ഷമതയേയും ബാധിക്കുന്നു. യോഗ്യതകൾ നിർണ്ണയിക്കാനും ട്രൈബ്യൂണലുകളിൽ ആരു നിയമനം നടത്തണമെന്നു തീരുമാനിക്കാനുമുള്ള അധികാരം / വിവേചനാധികാരം വിശാല പൊരുതാല്പര്യം കണക്കിലെടുത്തുകൊണ്ട് വിനിയോഗിക്കേണ്ടതും ആയത് നീതി, ന്യായപൂർവ്വവും ന്യായയുക്തവും ആയിരിക്കേണ്ടതും അവ്യക്തമോ കൃത്യതയില്ലാത്തതോ ആവുകയുമരുത്.

165. ഈ ഘട്ടത്തിൽ, തുല്യത തുല്യർക്കിടയിൽ മാത്രമേ ആകാവൂ എന്നും ഐക്യരൂപ്യത്തിന്റെ നിർവ്വചിക്കപ്പെടാത്ത ആകാരത്തിന്റെയടിസ്ഥാനത്തിൽ തുല്യരല്ലാത്തവരെ തുല്യമായി

പരിഗണിക്കുന്നത് അനുവദനീയമല്ലെന്നും എടുത്തു പറയേണ്ടതാണ്. ഒരു അർദ്ധ-ജുഡീഷ്യൽ ചട്ടക്കൂടിന്റെ സ്വഭാവം ആർജിക്കുവാനും കോടതികളുടെ ഉചിതമായ പകരക്കാരനാവാനും ഒരു ട്രൈബ്യൂണൽ അതിന്റെ അംഗങ്ങൾ / പ്രിസൈഡിംഗ് ഓഫീസർമാരിലൂടെ ഒരു പ്രബലമായ ജുഡീഷ്യൽ സ്വഭാവം കൈക്കലാക്കേണ്ടത് അത്യാവശ്യമാണ്. മദ്രാസ് ബാർ അസോസിയേഷൻ (മേൽ പരാമർശിച്ചത്) കേസിൽ നിരീക്ഷിക്കപ്പെട്ടതെന്തെന്നാൽ, ട്രൈബ്യൂണലുകൾക്ക് കോടതികൾക്ക് സമാനമായ കഴിവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കണമെന്നും ട്രൈബ്യൂണലുകളിലെ അംഗങ്ങൾക്കും പ്രിസൈഡിംഗ് ഓഫീസർമാർക്കും നിർബന്ധമായും ജുഡീഷ്യൽ പരിശീലനവും നിയമപരിചയവും ഉണ്ടായിരിക്കണമെന്നുള്ളത് വ്യവഹാര കർത്തവ്യങ്ങൾ കോടതികളിൽനിന്നും ട്രൈബ്യൂണലുകളിലേക്ക് കൈമാറ്റം ചെയ്യുന്നതിന്റെ മൗലികമായ മൂന്നുപാധിയാണ് എന്നതാണ്. കൂടാതെ, ഒരു ട്രൈബ്യൂണലിന്റെ അംഗങ്ങൾ / പ്രിസൈഡിംഗ് ഓഫീസർമാർ എന്നിവരുടെ ജ്ഞാനവും പരിശീലനവും പ്രവൃത്തിപരിചയവും കഴിയാവുന്നത്ര ആയത് ബദലാക്കാനുദ്ദേശിക്കുന്ന കോടതിയുടേതിനെ പ്രതിബിംബിപ്പിക്കേണ്ടതുണ്ട്. ഉദാഹരണമായി, കള്ളക്കടത്തുകാരും വിദേശനാണ്യ തിരിമറിക്കാരും (സ്വത്ത് കണ്ടുകെട്ടൽ) നിയമം, 1976 പ്രകാരമുള്ള അപ്പീൽ അധികാര ട്രൈബ്യൂണൽ രൂപീകരണം ഈ അസംബന്ധം വിവരിച്ചുകൊണ്ട് റഫറൻസിനായി താഴെ പുനരാവിഷ്കരിച്ചിരിക്കുന്നു. 1976 ലെ കള്ളക്കടത്തുകാര്യം വിദേശനാണ്യ തിരിമറിക്കാരും (സ്വത്ത് കണ്ടുകെട്ടൽ) നിയമപ്രകാരമുള്ള അപ്പീൽ അധികാര ട്രൈബ്യൂണൽ :-

1. പ്രസ്തുത അപ്പീൽ അധികാര ട്രൈബ്യൂണലിന്റെ അദ്ധ്യക്ഷൻ നിലവിൽ സുപ്രീം കോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ന്യായാധിപനായ / ആയിരുന്ന / ആവാൻ യോഗ്യനായ ഒരു വ്യക്തിയായിരിക്കണം.
2. പ്രസ്തുത അപ്പീൽ അധികാര ട്രൈബ്യൂണലിന്റെ അംഗം, ഭാരത സർക്കാരിന്റെ ഒരു ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത റാങ്കിലുള്ള വ്യക്തിയായിരിക്കണം.

166. താന്താങ്ങളുടെ പരിചയം, exposure, അറിവ്, ഭരണഘടന പ്രകാരമുള്ള പദവികൾ വൻതോതിൽ വ്യത്യസ്തവും രണ്ടു വിഭാഗവും സമജാതീയ ഗണത്തിൽപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ ഹൈക്കോടതിയിലെയും സുപ്രീം കോടതിയിലെയും ന്യായാധിപർ എങ്ങനെയാണ് ഒരേ തസ്തികക്ക് യോഗ്യരാവുക എന്നത് ഈ കോടതിക്കു മനസ്സിലാവുന്നില്ല. രണ്ടു

വിഭാഗത്തിനുമിടയിൽ നിർബന്ധിത തുല്യത ഉണ്ടാവാൻ പാടില്ല. അപ്രകാരം ചെയ്യുന്നത് തികഞ്ഞ അശ്രദ്ധയാണ്. അത്തരം പ്രയോഗം ജുഡീഷ്യൽ ഇടപെടൽ അർഹിക്കുന്നുണ്ട്.

167. കൂടാതെ, നീതിന്യായ സ്ഥാപനം ജനങ്ങളോട് ആദരവ് കാണിക്കുകയെന്നത് നീതി വിതരണത്തിന് ആവശ്യമാണ്. നേരത്തെ ഒരു സുപ്രീം കോടതി ന്യായാധിപൻ അലങ്കരിച്ചിരുന്ന ഒരു സ്ഥാനത്തേക്ക് ഹൈക്കോടതി ന്യായാധിപരെ നിയമിക്കാൻ അനുവദിക്കുന്ന അപാകമായ സാഹചര്യം ഒരു സ്ഥാപനമെന്ന നിലയിൽ നീതിന്യായ സംവിധാനത്തിന്റെ അന്തസ്സിനെ ബാധിക്കുന്നതാണ്.

168. ഒരു സ്ഥാപനം കൈകാര്യം ചെയ്യുന്ന ആളുകളുടെ നിലവാരം പ്രസ്തുത സ്ഥാപനത്തിനു തന്നെ വിശ്വാസ്യതയും നിറവും നൽകുന്നു. ദേശീയ പ്രാധാന്യമുള്ള ഒരു പ്രത്യേക ട്രൈബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർമാരായി, വിരമിച്ച സുപ്രീം കോടതി ന്യായാധിപർ വരുന്നതിന് ഒരു സുഷ്ടമായ സൂചനാ പ്രഭാവമുണ്ട്. ആയത് അന്തർലീനമായ ന്യായബോധം, അന്തസ്സ്, ഉന്നത പദവി എന്നിവ ട്രൈബ്യൂണലിനു നൽകുന്നു. സമാനമായ ഒരു സ്ഥാപനം വഹിച്ചിട്ടില്ലാത്തവരെയും പരിമിതമായ ജുഡീഷ്യൽ അനുഭവ സമ്പത്തും ഉള്ള ആളുകളെ അത്തരം സ്ഥാപനങ്ങളിൽ നിയമിതരാവാൻ അനുവദിക്കുന്നത് ട്രൈബ്യൂണലിനു നൻമ വരുത്തിയില്ലെന്നു മാത്രമല്ല യോഗ്യരായ ആളുകളെ തങ്ങളുടെ സേവനം വാഗ്ദാനം ചെയ്യുന്നത് നിരുൽസാഹപ്പെടുത്തുകയും ചെയ്യും. അതേപോലെ, ഒരു ട്രൈബ്യൂണലിൽ ഹൈക്കോടതി ന്യായാധിപർക്കും ജില്ലാ കോടതി ന്യായാധിപർക്കും ഒരേ സ്ഥാനം വഹിക്കാൻ കഴിയുമെന്ന് പറയുന്നതും സുഖകരമല്ല.

(C) <u>നീക്കം ചെയ്യൽ പ്രക്രിയയുടെ ഭരണഘടനാപരത</u>

169. ജുഡീഷ്യൽ അംഗങ്ങളുടെ നിയമനത്തിലുള്ള നീതിന്യായ സംവിധാനത്തിന്റെ പങ്കിൽ സർക്കാർ വൻതോതിൽ വെള്ളം ചേർത്തിട്ടുണ്ടെന്നത് പ്രസ്തുത ചട്ടങ്ങൾ വിഭാവനം ചെയ്തിട്ടുള്ള മാതൃകയിൽ നിന്നും വ്യക്തമാണ്. കൂടാതെ, ദേശീയ ഹരിത ട്രൈബ്യൂണൽ അടക്കമുള്ള ധാരാളം ട്രൈബ്യൂണലുകളുടെ കാര്യത്തിൽ ജുഡീഷ്യൽ-ഇതര അംഗങ്ങളുടെ നിയമനത്തിനുള്ള നീതിന്യായ

സംവിധാനത്തിന്റെ പങ്ക് മുഴുവനായി എടുത്തുകളഞ്ഞിട്ടുണ്ട്. അത്തരം ഒരു പ്രവൃത്തി ഭരണഘടന മാതൃകയെയും ഈ കോടതിയുടെ നേരത്തെ പരാമർശിച്ച വിവിധ തീരുമാനങ്ങളുടെ ഉല്ലംഘനവുമാണ്. ഇനിയും ശ്രദ്ധേയമായതെന്തെന്നാൽ, പ്രിസൈഡിംഗ് ഓഫീസറുടെയോ അംഗങ്ങളുടെയോ നീക്കം ചെയ്യലുകൾ സുപ്രീം കോടതി ന്യായാധിപരുടെ അന്വേഷണത്തിനുശേഷവും ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിനോടുള്ള അവശ്യം കൂടിയാലോചനക്കുശേഷവും മാത്രം ചെയ്തിരുന്ന ദേശീയ ഹരിത ട്രൈബ്യൂണൽ അടക്കമുള്ള ട്രൈബ്യൂണലുകളിൽ, നിലവിലെ ചട്ടങ്ങൾ പ്രകാരം കേന്ദ്ര സർക്കാരിന് ഏതെങ്കിലും പ്രിസൈഡിംഗ് ഓഫീസറേയോ അംഗത്തേയോ നീക്കം ചെയ്യാൻ ഒരു അന്വേഷണ സമിതിയെ സ്വയം നിയമിക്കാവുന്നതാണ്. അത്തരം കമ്മിറ്റിയിൽ ആരെല്ലാം ഭാഗഭാക്കാകുമെന്നോ പ്രക്രിയയിൽ നീതിന്യായ സംവിധാനത്തിന്റെ പങ്ക് എന്തായിരിക്കുമെന്നോ ചട്ടങ്ങളിൽ നിന്ന് വ്യക്തമല്ല. അപ്രകാരം ചെയ്യുമ്പോൾ, ആയത് ട്രൈബ്യൂണൽ അംഗങ്ങളുടെ സ്വാതന്ത്ര്യം ബലഹീനപ്പെടുത്തുകയാണ് ചെയ്യുന്നത്. ലോകമെമ്പാടും നമ്മുടെ ഭരണഘടനാ ചട്ടക്കൂടിനു കീഴിലും സഗ്രാഹ്യമായതെന്തെന്നാൽ, ന്യായാധിപരെ നീക്കം ചെയ്യാൻ എക്സിക്യൂട്ടിവിനെ അനുവദിക്കുന്നത് സ്പഷ്ടമായും ഭരണഘടനാ വിരുദ്ധവും ജുഡീഷ്യൽ കർത്തവ്യങ്ങളെ തടസ്സപ്പെടുത്തിക്കൊണ്ട് ന്യായാധിപരെ എക്സിക്യൂട്ടിവിന്റെ താൽപര്യങ്ങൾക്ക് പാത്രമാക്കുകയും ചെയ്യും.

170. മദ്രാസ് ബാർ അസോസിയേഷൻ (2014) (മേൽ പരാമർശിച്ചത്) കേസിൽ ഈ കോടതി വിധിച്ചതെന്തെന്നാൽ:-

"..... അംഗീകരിക്കപ്പെട്ടതെന്തെന്നാൽ, ഭരണഘടന നിലവിൽ വരുന്ന സമയത്ത് ഉന്നത നീതിന്യായ സംവിധാനം അംഗങ്ങൾ വിനിയോഗിച്ചുവന്നിരുന്ന അധികാരം കൈകാര്യം ചെയ്യാനായി പുതിയ കോടതി സ്ഥാപിക്കുവാൻ പാർലമെന്റിന് തടസ്സമില്ല എന്നതാണ്. പക്ഷേ, ആയത് ചെയ്ത കഴിഞ്ഞപ്പോൾ അത്തരം കോടതി / ട്രൈബ്യൂണലിലെ അംഗങ്ങളായി നിയമിതരായ വ്യക്തികൾ ഭരണഘടന നിലവിൽ വന്ന സമയം ഒരു നീതിന്യായ മന്ദിരത്തിലെ അംഗം നിയമിതനായതുപോലെത്തന്നെ നിയമിക്കപ്പെടുന്നുവെന്നും അത്തരം ഒരു അംഗത്തിനുണ്ടായിരുന്ന സുരക്ഷിത കാലാവധി ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. പീറ്റർ ഡബ്യു. ഹോഗിന്റെ 'കാനഡയുടെ ഭരണഘടനാ തത്വം' എന്ന പ്രബന്ധത്തിൽപോലും

നിരീക്ഷിക്കപ്പെട്ടതെന്തെന്നാൽ : ഒരു പ്രവിശ്യാഭരണകൂടം, ശരിയായും ഒരു ഉന്നത / ജില്ലാ അല്ലെങ്കിൽ കൗണ്ടി കോടതി കൈയ്യാളുന്ന ഒരു അധികാരം ഒരു ട്രൈബ്യൂണലിനു നൽകിയാൽ പ്രസ്തുത കോടതി / ട്രൈബ്യൂണൽ (മുൻ കോടതിയുടെ സ്ഥാനത്ത് സ്ഥാപിച്ചത്), അതിന്റെ ഔദ്യോഗിക നാമം എന്തുമാകട്ടെ, ഒരു ഉന്നത / ജില്ലാ / കൗണ്ടി കോടതിക്ക് പകരംവെക്കുമ്പോൾ, ഭരണഘടനാ ലക്ഷ്യങ്ങൾക്കുവേണ്ടി, പകരംവെക്കപ്പെട്ട കോടതിയുടെ അവശ്യഘടകങ്ങളും നിലവാരവും പുലർത്തേണ്ടതുണ്ട്. ഇത് അർത്ഥമാക്കുന്നതെന്തെന്നാൽ, പകരംവെക്കാനുദ്ദേശിക്കുന്ന കോടതിയിലെ ന്യായാധിപർ നിയമിതരായ അതേ രീതിയിൽ പുതുതായി സ്ഥാപിക്കപ്പെട്ട കോടതി / ട്രൈബ്യൂണലിലെ അംഗങ്ങൾ നിയമിതരാവുന്നതുവരെയും അവർക്ക് ലഭ്യമായിരുന്ന അതേ സേവന വ്യവസ്ഥകൾ ഇവർക്കും അർഹതപ്പെടുന്നതുവരെയും പുതുതായി സ്ഥാപിക്കപ്പെട്ട കോടതി / ട്രൈബ്യൂണൽ നിയമസാധുതയില്ലാതെ സ്ഥാപിച്ചതായി കരുതപ്പെടുമെന്നതാണ്. "

171. എല്ലാ അർത്ഥത്തിലും ആയത് അനുഷ്ഠിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതവും അതുകൊണ്ടുതന്നെ ഈ കോടതി ഊന്നിപ്പറയുന്നതെന്തെന്നാൽ, ട്രൈബ്യൂണലുകളിലെ അംഗങ്ങളും പ്രിസൈഡിംഗ് ഓഫീസർമാരും ജുഡീഷ്യറിയുടെ അറിവോടെയല്ലാതെ അല്ലെങ്കിൽ ഭരണഘടനയിൽ പ്രതിപാദിച്ച ഭരണഘടനാ കോടതികളിലെ ന്യായാധിപരുടേതു പോലെയുള്ള രീതിയിലല്ലാതെ നീക്കം ചെയ്യപ്പെടാൻ പാടില്ല എന്നാണ്.

(D) <u>ഓഫീസ് കാലാവധിയും പരമാവധി വയസ്സും</u>

172. വ്യത്യസ്ത ട്രൈബ്യൂണലുകളുടെ അദ്ധ്യക്ഷൻമാർ / പ്രിസൈഡിംഗ് ഓഫീസർമാർ എന്നിവരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച വ്യക്തമായ അസമാനത ചൂണ്ടികാണിക്കാൻവേണ്ടി അംഗങ്ങളുടെ നിയമനം, മറ്റു ആകസ്മികതകൾ എന്നിവക്ക് വ്യവസ്ഥ ചെയ്യുന്ന വിവിധ നിയമങ്ങൾ ഈ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഉദാഹരണമായി, Telecom Disputes Settlement & Appellate Tribunal ലെ ഒരു അംഗം 65 വയസ്സിനുശേഷം പദവിയിൽ തുടരരുത് എന്ന് 1997 ലെ Telecom Regulatory Authgority of India നിയമത്തിലെ വകുപ്പ് 14 D വ്യവസ്ഥ ചെയ്യുമ്പോൾ ദേശീയ ഉപഭോക്തൃ തർക്കപരിഹാര സമിതിയിലെ ഒരംഗം 67 വയസ്സിനുശേഷം പ്രസ്തുത പദവി വഹിക്കരുതെന്നാണ് 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമം വകുപ്പ് 55(1)

വ്യവസ്ഥ ചെയ്യുന്നത്. വിരമിക്കൽ പ്രായത്തിലെ ഈ വ്യതിയാനം, കുറഞ്ഞ വിരമിക്കൽ പ്രായമുള്ള ഒരു ട്രൈബ്യൂണലിലെ അംഗത്തിന് ഉയർന്ന വിരമിക്കൽ പ്രായമുള്ള മറ്റൊരു ട്രൈബ്യൂണലിൽ നിയമിക്കപ്പെടാവുന്ന ഒരു അനഭിലഷണീയമായ സാഹചര്യത്തിലേക്ക് നയിച്ചേക്കാം.

173. ന്യായാധിപരുടെ സേവന വ്യവസ്ഥകളുടെ കാര്യത്തിൽ ഭാരതീയ ഭരണഘടന ഹൈക്കോടതികൾ തമ്മിൽ വിവേചനം കാണിക്കാത്തതും എല്ലാ ഹൈക്കോടതികളിലേയും ന്യായാധിപർക്ക് ഒരു ഏകീകൃത വിരമിക്കൽ പ്രായം നിഷ്കർഷിക്കുന്നതുമാണ്. പ്രസ്തുത തത്വമനുസരിച്ച്, ഈ കോടതിയുടെ നേരത്തെയുള്ള വിധിന്യായങ്ങൾക്കനുസൃതമായി ട്രൈബ്യൂണലുകൾക്ക് ആയവ പകരമാക്കുന്ന കോടതിയുടേതിനു സമാനമായ നിയമന, സേവന മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. അതുകൊണ്ടുതന്നെ, എല്ലാ ട്രൈബ്യൂണലുകളിലുമുള്ള മുഴുവൻ അംഗങ്ങൾക്കും ഒരു ഏകീകൃത വിരമിക്കൽ പ്രായം ഉണ്ടായിരിക്കണം.

174. ഭരണഘടന വ്യവസ്ഥ ചെയ്യുന്ന വിരമിക്കൽ പ്രായത്തിലെ ഏക വ്യത്യാസം ഹൈക്കോടതികളിലേയും സുപ്രീം കോടതിയിലേയും ന്യായാധിപർ തമ്മിലുള്ളതാണ്. ഭരണഘടനാ നിർമ്മാണ സഭയുടെ ഉദ്ദേശ്യപ്രകാരം ആയതിനുള്ള കാരണം ഈ കോടതി കാണുന്നതെന്തെന്നാൽ ഒരു ഹൈക്കോടതി ന്യായാധിപൻ സുപ്രീം കോടതിയിലേക്ക് ഉയർത്തപ്പെടുമ്പോൾ അദ്ദേഹത്തിന്റെ അനുഭവസമ്പത്തും അറിവും കൂട്ടിയിണക്കാൻ വേണ്ടിയാണെന്നതാണ്. അതുകൊണ്ട്, ഹൈക്കോടതി ന്യായാധിപൻ എന്ന നിലയിൽ തങ്ങൾ സ്വായത്തമാക്കിയ അനുഭവസമ്പത്തും അറിവും ഉപയോഗപ്രദമാക്കുവാൻവേണ്ടി ഹൈക്കോടതി ന്യായാധിപരേക്കാൾ ഉയർന്ന വിരമിക്കൽ പ്രായം സുപ്രീം കോടതി ന്യായാധിപർക്ക് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. അതുപോലെ, ഒരു ട്രൈബ്യൂണലിന്റെ അദ്ധ്യക്ഷൻ / പ്രിസൈഡിംഗ് ഓഫീസറുടെയും അംഗത്തിന്റെയും വിരമിക്കൽ പ്രായത്തിലുള്ള വ്യത്യാസത്തിന്റെ കാരണം അദ്ധ്യക്ഷൻ / പ്രിസൈഡിംഗ് ഓഫീസർ എന്നത് ഒരു സ്ഥാനക്കയറ്റ തസ്തികയല്ലാത്തതും അതുകൊണ്ടുതന്നെ ആയത് അംഗത്തിന്റേതിനു സമാനമാക്കാൻ കഴിയില്ല. അദ്ധ്യക്ഷൻ / പ്രിസൈഡിംഗ് ഓഫീസറുടെ തസ്തികക്ക്, ആയത് വിവരിക്കുന്ന നിയമങ്ങളിൽ നിന്ന് വ്യക്തമാകുന്നതുപോലെ ഒരു ഹൈക്കോടതി ന്യായാധിപന്റെയെങ്കിലും ജുഡീഷ്യൽ, ഭരണ

പരിചയം ആവശ്യമാണ്.

175. കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ട മറ്റൊരു വിചിത്രത എന്തെന്നാൽ, 2017 ലെ ട്രൈബ്യൂണൽ ചട്ടങ്ങളുടെ ഷെഡ്യൂളിൽ വിവരിച്ചതുപ്രകാരം ട്രൈബ്യൂണൽ അംഗങ്ങൾക്ക് 3 വർഷത്തെ ഹ്രസ്വകാലാവധി ചാർത്തിയിരുന്നു. ഒരു ഹ്രസ്വകാലാവധിയും ഒപ്പം അന്വേഷണം പൂർത്തിയാവാത്ത പതിവ് സസ്പെൻഷനുകൾക്കുള്ള വ്യവസ്ഥയും ആയതിൽനിന്ന് സുരക്ഷയില്ലായ്മയും ട്രൈബ്യൂണൽ അംഗങ്ങളുടെ മേലുള്ള എക്സിക്യൂട്ടീവ് സ്വാധീനവും നിയന്ത്രണങ്ങളും വർദ്ധിപ്പിക്കുകയും അങ്ങനെ ട്രൈബ്യൂണലുകളുടെ നിഷ് പക്ഷതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. എല്ലാറ്റിനും പുറമേ, അത്തരം ഹ്രസ്വകാലയളവ് നിഷ്കർഷിക്കുന്നത് നീതിന്യായ നിർവ്വഹണ പരിചയം വളർത്തിയെടുക്കുന്നതിന് വിഘാതവും അപ്രകാരം ട്രൈബ്യൂണലുകളുടെ ഫലപ്രാപ്തിക്ക് ഹാനികരവുമാണ്. Union of India v. Madras Bar Assn. (2010) (മേൽ പരാമർശിച്ചത്) കേസിൽ, ട്രൈബ്യൂണൽ അംഗങ്ങൾക്ക് ഹ്രസ്വ കാലാവധി നിശ്ചയിക്കുന്നതിനെ വിമർശിക്കുകയും ദീർഘകാലാവധി ശുപാർശ ചെയ്യുകയുമുണ്ടായി. ഈ ഹ്രസ്വ കാലാവധിയളവുകൾ, വെറും 3 വർഷം മാത്രമുള്ള ചുരുങ്ങിയ കാലയളവിലേക്ക് ഒരു ട്രൈബ്യൂണൽ അംഗമായി ചേരാൻവേണ്ടി അഭിവൃദ്ധിയുള്ള തങ്ങളുടെ അഭിഭാഷകവൃത്തി പരിത്യാഗം ചെയ്യുന്ന കാര്യത്തിൽ അഭിഭാഷകവൃന്ദത്തിലെ യോഗ്യരായ അംഗങ്ങളെ നിരുത്സാഹപ്പടുത്തുമെന്നും നിരീക്ഷിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളുടെ ഷെഡ്യൂളിൽ നിഷ്കർഷിച്ചതുപ്രകാരമുള്ള ട്രൈബ്യൂണൽ അംഗങ്ങളുടെ സേവന കാലയളവ് യോഗ്യത വിരുദ്ധവും അസമർക്കിടയിൽ സമത്വം ഉണ്ടാക്കാൻ ശ്രമിക്കുന്നതുമാണ്. 3 വർഷ കാലാവധി എന്നത് ഒരു വിരമിച്ച

ഹൈക്കോടതി / സുപ്രീം കോടതി ന്യായാധിപന്, അല്ലെങ്കിൽ അന്യഥാ സേവനത്തിലുള്ള ഒരു ജൂഡീഷ്യൽ ഓഫീസറുടെ കാര്യത്തിൽപോലും അനുയോജ്യമായേക്കാം. പക്ഷേ, 3 വർഷ കാലയളവിലേക്ക് ഒരു ട്രൈബ്യൂണൽ അംഗമാവാൻവേണ്ടി ഒരു അഭിഭാഷകൻ തന്റെ സുസ്ഥാപിതമായ അഭിഭാഷകവൃത്തി ഉപേക്ഷിക്കുമെന്ന് പ്രതീക്ഷിക്കുന്നത് മിഥ്യയായിരിക്കും. 2017 ലെ ധനനിയമം 184 – ആം വകുപ്പ് പ്രകാരം ട്രൈബ്യൂണൽ ഭരണത്തിൽ ഏകത കൊണ്ടുവരാനാണ് നിയമനിർമ്മാണ സഭ ഉദ്ദേശിച്ചത്. എന്നിരുന്നാലും യോഗ്യരായ ഉദ്യോഗാർത്ഥികളെ ട്രൈബ്യൂണൽ അംഗങ്ങളായി നിയമിതരാവുന്നതിനെ

നിരുത്സാഹപ്പെടുത്തുന്നതിന്റെ ചിലവിൽ ആയിരിക്കരുത് അത്തരം ഏകത കൈവരിക്കേണ്ടത്.

177. കൂടുതലായി, അംഗങ്ങളെ ഒരു ട്രൈബ്യൂണലിൽനിന്നും വിരമിച്ചശേഷം മറ്റൊരു ട്രൈബ്യൂണലിലേക്ക് പുന:നിയമനം നടത്താനുള്ള കേന്ദ്ര / സംസ്ഥാന സർക്കാരുകൾക്ക് നൽകപ്പെട്ടിട്ടുള്ള വിവേചനാധികാരം, പരമാധികാര കേന്ദ്രത്തിന്റെ സുപ്രധാന അവയവങ്ങളിലൊന്നായ നീതിന്യായ വിതരണത്തിനുള്ള പൊതുജന വിശ്വാസത്തെ നിരുത്സാഹപ്പെടുത്തുന്നതാണ്. ഇനിയും, അംഗങ്ങളുടെ ഹ്രസ്വകാലാവധി നീതിനിർവ്വഹണ സംവിധാനത്തിന്റെ സ്വാതന്ത്ര്യം ഹനിക്കുന്ന ഉദ്യോഗസ്ഥതല ഇടപെടലുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

178. മേൽ വിവരിച്ച ചർച്ചയുടെ വെളിച്ചത്തിൽ, ട്രൈബ്യൂണൽ അംഗങ്ങളുടെ അതിഹ്രസ്വമായ സേവന കാലയളവ് യോഗ്യതാവിരുദ്ധമായതിനാലും ആയതിന് ട്രൈബ്യൂണലുകളിലെ ജൂഡീഷ്യൽ അംഗങ്ങളുടെ തസ്തിക സ്വീകരിക്കുന്നതിൽനിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളെ പിന്തിരിപ്പിക്കുന്ന ഒരു പ്രഭാവം ഉള്ളതിനാലും പ്രസ്തുത ചട്ടങ്ങൾക്ക് ഒരു വീണ്ടുവിചാരം ആവശ്യമാണെന്ന് ഈ കോടതി വിധിക്കുന്നു.

(E) <u>ചട്ടങ്ങളിലെ വൈരുദ്ധ്യങ്ങൾ</u>

179. കക്ഷികളുടെ വാദങ്ങളുടെ അടിസ്ഥാനത്തിലും മേൽസൂചിപ്പിച്ച ചർച്ചയുടെ വെളിച്ചത്തിലും താഴെപറയുന്ന ചട്ട വൈരുദ്ധ്യങ്ങൾ കോടതി നിരീക്ഷിച്ചിട്ടുണ്ട് :

(എ) അഭിഭാഷകവൃന്ദത്തിൽ നിന്നുള്ള നേരിട്ടുള്ള നിയമനങ്ങൾക്കും വിരമിച്ച ജൂഡീഷ്യൽ ഓഫീസർമാർ അല്ലെങ്കിൽ സുപ്രീം കോടതി / ഹൈക്കോടതി ന്യായാധിപൻമാർ എന്നിവർക്കുള്ള നിശ്ചിത 3 വർഷ കാലാവധി നിഷ്കർഷിക്കുന്ന ചട്ടങ്ങളിൽ പൊരുത്തക്കേടുണ്ട്. അസമർക്കിടയിൽ സമത്വമുണ്ടാക്കാൻ ശ്രമിക്കുന്നു എന്നിടത്തോളം ആയത് വിവേചനപരവുമാണ്. കോടതിയുടെ മുൻതീർപ്പുകൾ യഥോചിതം പരിഗണനയിലെടുത്തുകൊണ്ട് അംഗങ്ങൾ, ഉപാദ്ധ്യക്ഷൻ, അദ്ധ്യക്ഷൻ തുടങ്ങിയവരുടെ സേവന കാലയളവ് നിർബന്ധമായും

വർദ്ധിപ്പിക്കേണ്ടതാണ്.

(ബി) പ്രസ്തുത ചട്ടങ്ങളിൽ രൂപപ്പെടുത്തിയിട്ടുള്ള അംഗങ്ങൾ, ഉപാദ്ധ്യക്ഷൻമാർ, അദ്ധ്യക്ഷൻമാർ എന്നിവരുടെ വിരമിക്കൽ പ്രായത്തിലുള്ള വ്യത്യാസം, ട്രൈബ്യൂണൽ ചട്ടക്കൂട് രൂപീകരണത്തിൽ ഏകത കൊണ്ടുവരികയെന്ന 2017-ലെ ധനനിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. മുഴുവൻ ട്രൈബ്യൂണലുകളിലേയും അംഗങ്ങൾ, ഉപാദ്ധ്യക്ഷൻമാർ, അദ്ധ്യക്ഷൻമാർ തുടങ്ങിയവർക്ക് ഒരു ഏകീകൃത വിരമിക്കൽ പ്രായം ഉണ്ടായിരിക്കണം.

(സി) ഏതൊന്നിനു കീഴിലാണോ ട്രൈബ്യൂണൽ സ്ഥാപിക്കപ്പെടുന്നത്, അത്തരം മന്ത്രാലയം / വകുപ്പിലെ ഭാരത സർക്കാരിന്റെ സെക്രട്ടറിയായിരിക്കണം അന്വേഷണ-തിരഞ്ഞെടുപ്പ് സമിതിയുടെ കൺവീനർ എന്നു വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4(2), അധികാര വിഭജന തത്വത്തെ നേരായി ഉല്ലംഘിക്കുന്നതും അങ്ങനെ ഭരണഘടനയുടെ മൗലിക ഘടനക്ക് വിരുദ്ധവുമാണ്. Fourth Judges Case ലെ ഈ കോടതിയുടെ ശാസനത്തിന്റെ അനന്തരഫലമായി, ജുഡീഷ്യറിയിലെ അംഗങ്ങളെ നിയമിക്കുന്നതിലുള്ള ജുഡീഷ്യൽ ആധിപത്യത്തിൽ വെള്ളം ചേർക്കാൻ ഉദ്യോഗസ്ഥ വിഭാഗത്തിന് കഴിയില്ല.

(ഡി) ഒരു ട്രൈബ്യൂണൽ അംഗത്തിനെ നീക്കം ചെയ്യാനുള്ള കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കുവാൻ കേന്ദ്ര സർക്കാരിനോട് നിർദ്ദേശം മാത്രം നൽകുകയും നിർബന്ധിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം ചട്ടം 7 കേന്ദ്ര സർക്കാരിന് അനാവശ്യമായ വിവേചനാധികാരമാണ് നൽകുന്നത്. ഏതൊരു ട്രൈബ്യൂണൽ അംഗത്തേയും നീക്കം ചെയ്യുന്നതിനുമുമ്പായി കേന്ദ്ര സർക്കാർ നിർബന്ധമായും പ്രസ്തുത കമ്മറ്റിയുടെ ശുപാർശ പരിഗണിക്കേണ്ടതാണ്. എല്ലാറ്റിനും പുറമേ, ദേശീയ കമ്പനി നിയമ അപ്പീലധികാര ട്രൈബ്യൂണലി (NCLAT)ലെ അദ്ധ്യക്ഷൻ / അംഗത്തിന്റെ നീക്കം ചെയ്യൽ മാത്രം ഭാരതത്തിന്റെ ചീഫ് ജസ്റ്റിസുമായുള്ള കൂടിയാലോചനയിലൂടെയായിരിക്കണം എന്നിടത്തോളം ചട്ടം 7 ന്റെ ഉപനീയം, ദേശീയ കമ്പനി നിയമ അപ്പീലധികാര ട്രൈബ്യൂണലി (NCLAT) നും മറ്റു ന്യായസഭകൾക്കുമിടയിൽ ഒരു നൈതികമല്ലാത്ത തരംതിരിവ് സൃഷ്ടിക്കുന്നു.

(e) നിരവധി തീരുമാനങ്ങളിൽ ഈ കോടതി നന്നായി നിർവചിച്ചിരിക്കുന്ന പദമാണ് സാംസ്കാരിക അധ:പതനം എന്നതിന്റെ അർത്ഥം വ്യാഖ്യാനിക്കാൻ എക്സ്ക്യൂട്ടിവിനെ അനുവദിക്കുന്നത് ജുഡീഷ്യൽ രംഗത്തിലേക്കുള്ള കൈയേറ്റമായതിനാൽ റൂൾ 7(ബി) നിലനില്ക്കാൻ അനുവദിക്കില്ല.

(f) ഏതൊരു വിഭാഗം വ്യക്തികളുമായി ബന്ധപ്പെട്ട് നിയമങ്ങളിൽ ഇളവ് വരുത്താനുള്ള അധികാരം പരിശോധനയോടൊപ്പം തിരഞ്ഞെടുപ്പ് നടത്തുന്ന കമ്മറ്റിക്ക് നൽകും, അല്ലാതെ അത് റൂൾ 20 പ്രകാരം നൽകിയിട്ടുള്ള കേന്ദ്രസർക്കാരിനല്ല. ഈ കോടതി നേരത്തെ മദ്രാസ് ബാർ അസോസിയേഷൻ (2014) (മുകളിൽ പറഞ്ഞ) വിധിച്ചത് അധികാരങ്ങൾ വേർതിരിക്കൽ സിദ്ധാന്തം അട്ടിമറിക്കാതെ ജുഡീഷ്യറിയുടെ മേൽ ഭരണപരമായ നിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കിരിനെ അനുവദിക്കില്ല.

വാദവിഷയം IV : എല്ലാ ട്രൈബ്യൂണലുകളുടെയും അഡ്മിനിസ്ട്രേഷനായി ഏക നോഡൽ ഏജൻസി വേണോ?

180. ഇന്ത്യയിലെ നിലവിലെ ട്രൈബ്യൂണൽ ഉപഘടനയിൽ നിലനിൽക്കുന്ന വ്യക്തമായ പ്രശ്നം പണ്ഡിതനായ അമിക്കസ് ഉയർത്തിക്കാട്ടി. വിവിധ കേന്ദ്ര, സംസ്ഥാന നിയമങ്ങൾ പ്രകാരം സ്ഥാപിതമായ ട്രൈബ്യൂണൽ സാധാരണയായി നിയന്ത്രിക്കുന്നത് അവരുടെ സ്പോൺസറിംഗ് അല്ലെങ്കിൽ മാതൃമന്ത്രാലയം അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പാണ്. അതിനാൽ, ട്രൈബ്യൂണലുകളോ അതിലെ അംഗങ്ങളോ അവരുടെ മുമ്പിൽ കക്ഷികളും കൂടിയായ ഒരു വകുപ്പിൽ നിന്ന് സാമ്പത്തിക, ഭരണപരമായ അല്ലെങ്കിൽ മറ്റേതെങ്കിലും സൗകര്യം തേടേണ്ടിവരുമ്പോൾ, അവരുടെ

ന്യായബോധമോ സ്വാതന്ത്ര്യമോ വിട്ടുവീഴ്ച ചെയ്യാൻ സാധ്യതയുണ്ട്. ഒരൊറ്റ നോഡൽ ഏജൻസി സ്ഥാപിച്ച് രാജ്യത്തെ മുഴുവൻ ടൈബ്യൂണൽ സംവിധാനത്തിനും മേൽനോട്ടം വഹിക്കുകയും അത്തരം എല്ലാ ടൈബ്യൂണലുകളെയും തുല്യതയിലേക്ക് കൊണ്ടുവരികയും ചെയ്താൽ മാത്രമേ ഇത്തരം അപാകതകൾ പരിഹരിക്കാൻ കഴിയൂ.

181. എൽ. ചന്ദ്രകുമാർ അഭി യൂണിയൻ ഓഫ് ഇന്ത്യ (മുകളിൽ പറഞ്ഞ)യിൽ ഈ കോടതി, രാജ്യത്തെ മുഴുവൻ ടൈബ്യൂണൽ ഉപഘടനയുടെയും ഭരണം ഒരൊറ്റ നോഡൽ ഏജൻസി മന്ത്രാലയം നിരീക്ഷിക്കാൻ വിഭാവന ചെയ്തു. ഒരു ടൈബ്യൂണലിന്റെ മേൽനോട്ടം അതിൽ കക്ഷികളായ വകുപ്പ് മന്ത്രാലയത്തിന് അനുവദിക്കുന്നത് ഉചിതമല്ലെന്ന് നിരീക്ഷിക്കപ്പെട്ടു. ടൈബ്യൂണലുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാൻ ബന്ധപ്പെട്ട മന്ത്രാലയം ഒരു സ്വതന്ത്ര ഏജൻസി രൂപവത്ക്കരിക്കാൻ ഈ കോടതി ശുപാർശ ചെയ്തു. സ്വതന്ത്ര ഏജൻസി രൂപവത്ക്കരിക്കുമ്പോൾ, നിയമനം, യോഗ്യത, സേവന വ്യവസ്ഥ, ടൈബ്യൂണലുകളുടെ ഫണ്ട് അനുവദിച്ച രീതി തുടങ്ങിയവയ്ക്കായി ഒരു ഏകീകൃത കോഡ് നിർദ്ദേശിക്കാം. ഇത്, ടൈബ്യൂണലിന്റെ പൈതൃക മന്ത്രാലയത്തിന്റെ സ്വാധീനം കുറയ്ക്കുന്നതിനു പുറമേ മുഴുവൻ ടൈബ്യൂണൽ ഉപഘടനയിലും ഏകത ഉറപ്പാക്കുമെന്നും കോടതി നിർദ്ദേശിച്ചു. പ്രസക്തമായ ഉദ്ധരണി ചുവടെ പുനരാവിഷ്കരിച്ചിരിക്കുന്നു.

"96 ..... അത്തരത്തിലുള്ള എല്ലാ ടൈബ്യൂണലുകളുടെയും നടത്തിപ്പിനായി പൂർണ്ണമായും സ്വതന്ത്രമായ ഒരു ഏജൻസി രൂപീകരിക്കുന്നതിവരെ, അത്തരം എല്ലാ ടൈബ്യൂണലുകളും കഴിയുന്നിടത്തോളം ഈ ടൈബ്യൂണലുകളുടെ പ്രവർത്തനം മേൽനോട്ടം വഹിക്കാൻ കഴിയുന്ന ഒരൊറ്റ നോഡൽ മന്ത്രാലയത്തിന് കീഴിലായിരിക്കണം എന്നത് അഭികാമ്യമാണ് എന്നതാണ്

ഞങ്ങളുടെ അഭിപ്രായം നിരവധി കാരണങ്ങളാൽ ഉചിതമായ മന്ത്രാലയം നിയമ മന്ത്രാലയം ആയിരിക്കേണം. ട്രൈബ്യൂണലുകളുടെ പ്രവർത്തനം പ്രവർത്തനം മേൽനോട്ടം വഹിക്കുന്നതിനായി ഒരു സ്വതന്ത്രമേൽനോട്ട സമിതിയെ നിയോഗിക്കാൻ മന്ത്രാലയത്തിന് അവസരമുണ്ട്. ട്രൈബ്യൂണലിന്റെ പ്രസിഡന്റിനോ ചെയർപേഴ്സനോ ചില കാരണങ്ങളാൽ ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിൽ മതിയായ താത്പര്യമെടുക്കാൻ കഴിയുന്നില്ലെങ്കിൽ, സംവിധാനം തളരുകയില്ലെന്നും നീതിയുടെ ആത്യന്തിക ഉപഭോക്താവ് കഷ്ടപ്പെടില്ലെന്നും ഇത് ഉറപ്പാക്കും. ഒരു സമന്വയ സംഘടന നിർമ്മിക്കുന്നത് നമ്മുടെ കാഴ്ചപ്പാടിൽ, ഇന്നത്തെ വ്യവസ്ഥയുടെ പല ദോഷങ്ങളും നീക്കം ചെയ്യും. ആവശ്യം വന്നാൽ, കേന്ദ്ര, സംസ്ഥാന തലങ്ങളിൽ പ്രത്യേക സമന്വയ സംഘടനകൾ ഉണ്ടാക്കാം. അത്തരം ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ സ്വാതന്ത്ര്യം നിലനിർത്താൻ അത്തരമൊരു മേൽനോട്ട അതോറിറ്റി ശ്രമിക്കണം. ആ പരിധി വരെ, ട്രൈബ്യൂണലുകളിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തിനായി ഫണ്ട് അനുവദിക്കുന്ന രീതി, മറ്റ് അനന്തരഫലങ്ങൾ എന്നിവ വ്യക്തമായി പറയേണ്ടതുണ്ട്".

182. ഇന്ത്യ യൂണിയൻ അഭി. മദ്രാസ് ബാർ അസോസിയേഷനിൽ (2010) (മുകളിൽ പറഞ്ഞ) ഈ കോടതിയുടെ അഞ്ചംഗ ഭരണഘടനാബെഞ്ചിന് യുണൈറ്റഡ് കിംഗ്ഡത്തിൽ പ്രചാരത്തിലുള്ള ട്രൈബ്യൂണലുകളുടെ ഘടനയെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരം ലഭിച്ചു. ട്രൈബ്യൂണലുകളുടെ പ്രവർത്തനം വിശകലനം ചെയ്യുന്നതിന് നിരവധി കമ്മിറ്റികളുടെ രൂപവത്ക്കരണം ആവശ്യപ്പെട്ടുന്ന വിവധതരം തർക്ക പരിഹാരസംവിധാനങ്ങൾ യുണൈറ്റഡ് കിംഗ്ഡത്തിനുണ്ട്. എന്നിരുന്നാലും, ട്രൈബ്യൂണലുകൾ വഴി നീതി നിർവ്വഹണം നടത്തുന്നത് അവലോകനം ചെയ്യുന്നതിനായി രൂപീകരിച്ച ലെഗട്ട് കമ്മിറ്റി റിപ്പോർട്ടാണ് ഈ കോടതി

പ്രാഥമികമായി പരാമർശിച്ചത് യു.കെ യിലെ ടൈബ്യൂണലുകളുടെ വിജയഗാഥ വിശകലനം ചെയ്ത ശേഷം, ഈ കോടതി ഇന്ത്യയിലെ ഒരു വ്യത്യാസം ശ്രദ്ധിക്കുകയും, ഇന്ത്യയിലെ ടൈബ്യൂണലുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്ത് ഇങ്ങനെ നിരീക്ഷിച്ചു.

"70 എന്നാൽ ഇന്ത്യയിൽ നിർഭാഗ്യവശാൽ ടൈബ്യൂണലുകൾക്ക് സ്വാതന്ത്യം ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട സ്പോൺസറിംഗ് വിഭാഗത്തിന്റെ സെക്രട്ടറി നിയമത്തിനായി സെലക്ഷൻ കമ്മിറ്റിയിൽ ഇരിക്കുന്നു. ടൈബ്യൂണലുകൾ രൂപീകരിക്കുമ്പോൾ, ധനസഹായം, അടിസ്ഥാന സൗകര്യങ്ങൾ, പ്രവർത്തനത്തിനുള്ള ഇടം എന്നിവയ്ക്കായി അവർ കൂടുതലും അവരുടെ സ്പോൺസർ വകുപ്പിനെ ആശ്രയിച്ചിരിക്കുന്നു. ടൈബ്യൂണൽ രൂപീകരിക്കുന്ന നിയമങ്ങൾ, സ്പോൺസർ ചെയ്യുന്ന വകുപ്പുകളിൽ നിന്നുള്ള സിവിൽ സർവ്വീസുകളിലെ അംഗങ്ങളെ ടൈബ്യൂണലുകളിൽ അംഗമാക്കുന്നതിന് പതിവായി നല്കുകയും, അവരുടെ മാതൃകേഡറുമായുള്ള അവരുടെ അവകാശം തുടർന്നതിന് അനുവദിക്കുകയും ചെയ്യുന്നു. യുണൈറ്റഡ് കിംഗ്ഡത്തിൽ നടപ്പാക്കിയതും എൽ.ചന്ദ്രകുമാറിൽ നിർദ്ദേശിച്ചതുമായ വിപുലമായ പരിഷ്കാരങ്ങൾ നടപ്പാക്കിയില്ലെങ്കിൽ, ഇന്ത്യയിലെ ടൈബ്യൂണലുകൾ സ്വതന്ത്രമായതായി പരിഗണിക്കില്ല".

183. 27 മാർച്ച് 2019-ലെ W.P.(C)No.267/2012 – ലെ ഉത്തരവ് പ്രകാരമുള്ള പണ്ഡിതനായ അറ്റോർണി ജനറലിന്റെ പ്രസ്താവനകൾ ഈ കോടതി നേരത്തെ ശ്രദ്ധിച്ചിരുന്നു, അതുപ്രകാരം നിയമമന്ത്രാലയത്തിന് ഇതിനകം തന്നെ ജോലിഭാരം കൂടുതലാണെന്നും അതിനാൽ ഈ കോടതി നേരത്തെ നിർദ്ദേശിച്ചതുപോലെ എല്ലാ ടൈബ്യൂണലുകൾക്കും ഒരൊറ്റ നോഡൽ മന്ത്രാലയം എന്ന നിലയിൽ മേൽനോട്ട പ്രവർത്തനം ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയില്ലെന്നും സമർപ്പിച്ചു.

184. പരമപ്രധാനമായി തോന്നുന്നത്, ഓരോ ടൈബ്യൂണലും അതിന്റെ ദൈനംദിന

പ്രവർത്തനത്തിനായി മതിയായ സാമ്പത്തിക സ്വാതന്ത്ര്യം ആസ്വദിക്കണം എന്നതാണ് അതിൽ ഉൾപ്പെടേണ്ട തുകകൾ: (എ) സ്റ്റാഫ് നിയമനത്തിന്റെ; (ബി) അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന്റെ (സി) അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം; (ഡി) കമ്പ്യൂട്ടർവത്ക്കരണം; (ഇ) പ്രിസൈഡിംഗ് അതോറിറ്റിക്കും, അത്തരം ടൈബ്യൂണലിലെ അംഗങ്ങൾക്കും അനുവദനീയമായ ആവശ്യകതകളും മറ്റ് സൗകര്യങ്ങളും ഏത് മന്ത്രാലയം അല്ലെങ്കിൽ ഏത് വകുപ്പാണ് ടൈബ്യൂണലിനായി നോഡൽ ഏജൻസിയുടെ ചുമതലകൾ നിർവ്വഹിക്കുന്നത് എന്നത് വളരെ നിർണായകമായിരിക്കില്ല, എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ടൈബ്യൂണൽ അതിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി അത്തരം നോഡൽ ഏജൻസിയെ ആശ്രയിക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല എന്നതാണ്. എല്ലാ ആവശ്യങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും സ്വയംപര്യാപ്തവും സ്വയം നിലനിൽക്കാവുന്നതുമായ അതോറിറ്റിയായി ഓരോ ടൈബ്യൂണലിനെയും മാറ്റുന്നതിന് ആവശ്യമായതും പര്യാപ്തമായതുമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടായിരിക്കണം. ഓരോ ടൈബ്യൂണലിന്റെ പ്രവർത്തനത്തിനായും ചിലവഴിക്കേണ്ട തുക നിർബന്ധമായും ഇന്ത്യയുടെ സഞ്ചിത നിധിയിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. അതിനാൽ, അതുവരെ, ധനമന്ത്രാലയം നോഡൽ മന്ത്രാലയം/ വകുപ്പുമായി കൂടിയാലോചിച്ച് ടൈബ്യൂണലുകൾക്കായി പ്രത്യേകവും സമർപ്പിതവുമായ ഫണ്ടുകൾ നീക്കിവയ്ക്കും. ടൈബ്യൂണലുകൾ അവർക്കു മുമ്പിൽ വ്യവഹാരിയായ ഒരു ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തിക നിയന്ത്രണത്തിലല്ല എന്ന് ഉറപ്പാക്കുക മാത്രമല്ല, ഇത് ടൈബ്യൂണൽ സംവിധാനത്തിലുള്ള പൊതുവിശ്വാസ്യതയും വിശ്വസ്തതയും വർദ്ധിപ്പിക്കും.

വാദവിഷയം V: ഇന്ത്യയിലെ എല്ലാ ടൈബ്യൂണലുകളുടെയും ജുഡീഷ്യൽ സ്വാധീനം വിലയിരുത്താൻ നടത്തേണ്ട ആവശ്യം ഉണ്ടോ?

185. ഫിനാൻസ് ആക്ട്, 2017 ൽ പരാമർശിക്കപ്പെടുന്ന എല്ലാ ടൈബ്യൂണലുകളുടെയും ജുഡീഷ്യൽ

സ്വാധീനം വിലയിരുത്തൽ നടത്തേണ്ട ആവശ്യമുണ്ടെന്ന് ഹർജിക്കാർക്കായി പണ്ഡിതനായ അഭിഭാഷകർ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. സമയാസമയങ്ങളിൽ നടത്തുന്ന നിയമനിർമ്മാണ പ്രവർത്തികൾ വഴി ഇന്ത്യയിലെ ടൈബ്യൂണലുകളുടെ ഉപഘടനയിൽ വരുത്തിയ മാറ്റങ്ങളുടെ പ്രതികൂലഫലങ്ങൾ വിശകലനം ചെയ്യാൻ നിയസഭയോ എക്സിക്യൂട്ടീവോ ഒരു വിലയിരുത്തലും നടത്തിയിട്ടില്ലെന്ന് വാദിച്ചു.

186. ഹർജിക്കാരുടെ വാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് പറയാനാവില്ല. സംസ്ഥാനത്തിന്റെ മൂന്ന് അംഗങ്ങളായ നിയമസഭ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, അതിനാൽ ഒരു അംഗത്തിന്റെ പ്രവർത്തനം മറ്റൊന്നിൽ നേരിട്ട് സ്വാധീനം ചെലുത്തുന്നു. ഒരോ നിയമനിർമ്മാണവും തീർപ്പുകൽപ്പിക്കാത്ത വ്യവഹാരങ്ങളുടെ എണ്ണത്തിൽ പെട്ടെന്നുള്ള വർദ്ധനവിന് കാരണമാകുന്നു. വ്യവഹാരത്തിന്റെ വർദ്ധിച്ചുവരുന്ന മുടങ്ങിക്കിടക്കലിന് അനുസൃതമായി ജുഡീഷ്യറിയുടെ പരിമിതികളെക്കുറിച്ച് ബോധവാന്മാരാകേണ്ടത് സംസ്ഥാനത്തിന്റെ മറ്റ് ശാഖകളുടെ ഉത്തരവാദിത്തമാണ്. നിയമനിർമ്മാണങ്ങളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുമ്പോൾ തന്നെ വളരെ കുറവാണെന്ന് ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

187. 'ജുഡീഷ്യറി സ്വാധീനം വിലയിരുത്തൽ' എന്ന അമേരിക്കൻ തത്ത്വം ഈ കോടതി ആദ്യം സ്വീകരിച്ചത് സേലം അഡ്വക്കേറ്റ് ബാർ അസോസിയേഷൻ (II) അഭി. ഇന്ത്യൻ യൂണിയൻ വിധിവാചകത്തിലാണ്, അത് പ്രകാരം പാസാക്കിയ നിയമത്തിന്റെ ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുക വഴി അത് ജുഡീഷ്യറിയിൽ വരുത്തുന്ന പ്രത്യാഖാതങ്ങളുടെ വിലയിരുത്തൽ നിയമനിർമ്മാണസഭ നിർവ്വഹിക്കേണ്ടത് അത്യാവശ്യമാണെന്ന് നിരീക്ഷിക്കപ്പെട്ടു. ഇന്ത്യൻ പശ്ചാത്തലത്തിൽ ജുഡീഷ്യൽ സ്വാധീനം വിലയിരുത്തലിന്റെ ആവശ്യം നിശ്ചയിക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കാൻ ഈ കോടതി നിർദ്ദേശിച്ചിരുന്നു. അതിന് അനുവർത്തിയായി ജഗന്നാഥ

റാവു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുക വഴി, നിയമനിർമ്മാണത്തിന്റെ ഫലമായി ഉണ്ടാകുന്ന പുതിയ കേസുകളിൽ നിന്ന് ഉണ്ടാകുന്ന അധികച്ചെലവും നിയമം അനുസരിച്ച് സൃഷ്ടിക്കേണ്ട സ്റ്റാഫുകളുടെ ബജറ്റ് ആവശ്യകതയും നിയമസഭ വിശകലനം ചെയ്യണമെന്ന് റിപ്പോർട്ട് നിർദ്ദേശിച്ചു. കൂടാതെ, നിയമനിർമ്മാണസഭ തയ്യാറാക്കിയ സാമ്പത്തിക മെമ്മോറാണ്ടത്തിൽ, പുതിയ നിയമത്തിൽ നിന്ന് ഉണ്ടാകാൻ സാധ്യതയുള്ള സിവിൽ, ക്രിമിനൽ കേസുകളുടെ എണ്ണം, ഈ കേസുകൾ തീർപ്പാക്കുന്നതിന് കൂടുതൽ ജഡ്ജിമാരുടെയും ഉദ്യോഗസ്ഥരുടെയും ആവശ്യകതയും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തണം. സേലം അഡ്വക്കേറ്റ് ബാർ അസോസിയേഷൻ (മുകളിൽ പറഞ്ഞ) തീരുമാനത്തിന്റെ ആവശ്യമായ ഘണ്ഡികകൾ താഴെപ്പറയുന്ന രീതിയിൽ പുനരാവിഷ്കരിക്കാം:

"49. കമ്മിറ്റി ഇങ്ങനെയും നിർദ്ദേശിച്ചു:

"കൂടാതെ, ഏതെങ്കിലും നിയമനിർമ്മാണം അവതരിപ്പിക്കുമ്പോഴെല്ലാം പാർലമെന്റിലോ സംസ്ഥാന നിയമസഭകളിലോ യുണൈറ്റഡ് സ്റ്റേറ്റ്സിൽ ചെയ്യുന്നതുപോലെ ജുഡീഷ്യൽ സ്വാധീനം വിലയിരുത്തൽ ഉണ്ടായിരിക്കണം. ഓരോ ബില്ലിനോടൊപ്പവും ചേർത്തിരിക്കുന്ന സാമ്പത്തിക മെമ്മോറാണ്ടം മറ്റ് സ്റ്റാഫുകളുടെ ബജറ്റ് ആവശ്യകത മാത്രമല്ല, പുതിയ ബിൽ നിയമസഭ പാസാക്കുമ്പോൾ ഉണ്ടാകാനിടയുള്ള അധിക കേസുകളുടെ ചെലവുകൾ നിറവേറ്റുന്നതിനുള്ള നിബന്ധന ബജറ്റും കണക്കാക്കണം. പുതിയ നിയമപ്രകാരം സൃഷ്ടിക്കാൻ സാധ്യതയുള്ള സിവിൽ, ക്രിമിനൽ കേസുകളുടെ എണ്ണം, എത്ര കോടതികൾ ആവശ്യമാണ്, എത്ര ജഡ്ജിമാരും ഉദ്യോഗസ്ഥരും ആവശ്യമാണ്, അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ് എന്നത് ഈ ബജറ്റിൽ പരാമർശിക്കണം. കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ ഇത്തരം

ജുഡീഷ്യൽ സ്വാധീനം വിലയിരുത്തൽ നമ്മുടെ രാജ്യത്തെ ഒരു നിയമസഭയോ പ്രലമെന്റോ നടത്തിയിട്ടില്ല.

50. ന്യായവർത്തിയായും വേഗത്തിലും നീതി ലഭ്യമാക്കാനുള്ള ഭരണഘടനാ ബാധ്യത കണക്കിലെടുത്ത്, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ച് നാല് മാസത്തിനുള്ളിൽ ഈ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ഞങ്ങൾ കേന്ദ്രസർക്കാരിനോട് നിർദ്ദേശിക്കുന്നു."

188. നിലവിലെ കേസിൽ, നിയമസഭ ഈ കോടതിയുടെ 'ജുഡീഷ്യറി സ്വാധീനം വിലയിരുത്തൽ' അഭിപ്രായം അനുവർത്തിക്കില്ലെന്നും, അതിനാൽ ധനകാര്യ നിയമം, 2017-ന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്താൻ ഒരു ശ്രമവും നടത്തിയിട്ടില്ലെന്നും ഞങ്ങൾ കരുതുന്നു. ട്രൈബ്യൂണലുകളുടെ ലയനവും പുനസംഘടനയുമായി ബന്ധപ്പെട്ട ബഹുവിധ ഭേദഗതികൾ നിയമ വ്യവഹാരങ്ങളിൽ വൻവർദ്ധനവിന് കാരണമായേക്കാം എന്ന് ന്യായമായും പ്രതീക്ഷിക്കാം, അത് മതിയായ അടിസ്ഥാന സൗകര്യങ്ങളുടെയോ ബജറ്റ് സഹായധനത്തിന്റെയും അഭാവത്തിൽ ജുഡീഷ്യറിക്ക് അധികഭാരമാകും.

189. ധനകാര്യ നിയമം, 2017-ലെ 158 മുതൽ 182 വരെയുള്ള വകുപ്പുകളിൽ പരാമർശിക്കപ്പെടുന്ന എല്ലാ ട്രൈബ്യൂണലുകളുടെയും സംബന്ധിച്ച് സാമ്പത്തിക സ്വാധീനം വിലയിരുത്താൻ ഇന്ത്യൻ യൂണിയനോട് നിർദ്ദേശിക്കുന്നത് ഉചിതമാണെന്ന് ഞങ്ങൾ കരുതുന്നു, കൂടാതെ ആവശ്യത്തിനനുസരിച്ചുള്ള സൗകര്യങ്ങൾ വിലിരുന്നുന്നതിനുള്ള പ്രവർത്തനം നടത്തുകയും. പാർലമെന്റ് സ്ഥാപിച്ച ഓരോ ട്രൈബ്യൂണലിനും ആവശ്യമായ വിഭവങ്ങൾ ലഭ്യമാക്കുകയും വേണം.

വാദവിഷയം VI: ഭരണഘടനയുടെ അനുച്ഛേദം 323-A യുടെയും 323-B യുടെയും കീഴിലുള്ള പാർലമെന്റിന്റെ നിയമങ്ങൾ പ്രകാരം സജ്ജമാക്കിയ ട്രൈബ്യൂണലിലെ ജഡ്ജിമാരെ ഭരണഘടന അധികാരികളുടെ 'റാങ്കും' 'പദവി'യുമായി സാമ്യപ്പെടുത്താൻ കഴിയുമോ?

190. പണ്ഡിതരായ അഭിഭാഷകർ ഈ പ്രവണത ഈ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുല്യവേതനത്തിനും ആനുകൂല്യങ്ങൽക്കും പുറമേ, വിവിധ ടൈബ്യൂണലുകളിലെ ചെയർമാന്മാർക്കും / പ്രസിഡന്റുമാർക്കും മറ്റ് അധികാരികൾക്കും സുപ്രീംകോടതി, ഹൈക്കോടതി ജഡ്ജിമാർക്ക് തുല്യമായ പദവി യൂണിയൻ നൽകിയിട്ടുണ്ട്.

191. ഔപചാരിക ആചാരപരമായ ക്രമീകരികണങ്ങൾക്കായി മിക്കപ്പോഴും ഉപയോഗിക്കുന്ന അധികാരികളുടെ തുടർച്ചയായ ശ്രേണി വ്യക്തമാക്കുന്ന 'മുൻഗണനയുടെ വാറന്റ്' പരാമർശിക്കുന്നത് ഉചിതമാണ്. അത്തരത്തിൽ ചില ഉദ്യോഗസ്ഥരുടെ പദവി ഉയർത്തുന്നത് യുക്തിരഹിതമായതും, അത് ഭരണഘടനാ പദ്ധതിക്ക് പുറത്തുമാണ്. പ്രത്യക്ഷത്തിൽ പാണ്ഡിത്യമുള്ളതെങ്കിലും, എക്സിക്യൂട്ടീവ് ഉത്തരവിലൂടെയോ അല്ലെങ്കിൽ നിയമനിർമ്മാണത്തിലൂടെയും ഭരണഘടനാ അധികാരികൾക്ക് തുല്യമോ ഉയർന്നതോ ആയ പദവി അനുവദിക്കുന്നത്, ഭരണഘടന അന്തസ്സിന്റെ സത്തയെയും, അത്തരം അധികാരികൾക്കുള്ള ഔന്നത്യത്തെയും അസ്വസ്ഥമാക്കും. നാളെ ഒരു ഉദ്യോഗസ്ഥന് തന്റെ വകുപ്പിന്റെ തലവനായ മന്ത്രിയെക്കാൾ ഉയർന്ന പദവി ലഭിക്കുകയാണെങ്കിൽ സാഹചര്യത്തിന്റെ യുക്തിരാഹിത്യം വ്യക്തമായി കാണിക്കാൻ കഴിയും. അത്തരം പദവികൾക്ക് വ്യക്തിപരമായ മൂല്യമില്ല, മറിച്ച് ഭരണത്തിന്റെ ഘടനയെയും ഉപഘടനയെയും പ്രതീനിധീകരിക്കുന്നു. യുക്തിരഹിതമായ മാറ്റങ്ങളോ വാക്കേറ്റങ്ങളോ സംസ്ഥാനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ആവശ്യമായ ശ്രേണിയുടെയും അച്ചടക്കത്തിന്റെയും ഘടനയെ തടസ്സപ്പെടുത്തുന്നു.

192. സമാനമായ ഒരു സാഹചര്യം ടി.എൻ.ശേഷൻ അഭി. ഇന്ത്യൻ യൂണിയനിൽ വന്നു, അത് പ്രകാരം സുപ്രീം കോടതി ജഡ്ജിമാർക്ക് തുല്യമായ ശബളവും ആനുകൂല്യങ്ങളും ചീഫ് ഇലക്ഷൻ കമ്മീഷണർക്ക് ഓർഡിനൻസിലൂടെ ഇന്ത്യൻ സർക്കാർ നൽകിയിരുന്നു. തൽഫലമായി,

മുൻഗണന വാറന്റിൽ സുപ്രീം കോടതി ജഡ്ജിമാർക്ക് തുല്യമായ റാങ്ക് അനുവദിക്കുന്നതിന് ഒരു ആവശ്യം ഉന്നയിച്ചു. സുപ്രീം കോടതി ജഡ്ജിയുടെ സേവന വ്യവസ്ഥകളുമായി മാത്രമുള്ള തുല്യത കൊണ്ട് മാത്രം അത്തരം മറ്റ് ഉദ്യോഗസ്ഥർക്ക് തുല്യപദവി നൽകാനാവില്ലെന്ന് ഈ കോടതിയുടെ അഞ്ചംഗ ബെഞ്ച് അഭിപ്രായപ്പെട്ടു. ഇങ്ങനെ കുറിച്ചു:

"34. നമ്മൾ സൂചിപ്പിക്കേണ്ട ഒരു കാര്യം സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ സേവന വ്യവസ്ഥകളോട് സാമ്യമുള്ള ഒരു വ്യക്തിയുടെ അവസ്ഥയെക്കുറിച്ചുള്ള ചോദ്യമാണ്. തന്റെ കേസിനെ പിന്തുണയ്ക്കാൻ സി.ഇ.സി. ഈ വീക്ഷണത്തെ ആശ്രയിക്കുന്നത് കണക്കിലെടുക്കുമ്പോൾ ഇത് ആവശ്യമാണെന്ന് തോന്നുന്നു. ഇപ്പോഴത്തെ കേസിൽ സി.ഇ.സി.യുടെ ചില സേവന വ്യവസ്ഥകൾ സുപ്രീം കോടതി ജഡ്ജിമാരുടേതിന് സമാനമാണ്, (i) സുപ്രീം കോടതി ജഡ്ജിയെ നീക്കം ചെയ്യുന്നതിന് സമാനമായ രീതിയിലും, അതേ കാരണങ്ങളാലും അദ്ദേഹത്തെയും ഓഫീസിൽ നിന്നും നീക്കം ചെയ്യാം എന്ന വ്യവസ്ഥ കൂടാതെ, (ii) നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായ രീതിയിൽ സേവനവ്യവസ്ഥകൾ വ്യത്യാസപ്പെടില്ല. ആദ്യത്തേതിനെ സംബന്ധിച്ചിടത്തോളം അനുച്ഛേദം 124 (4)-ലെ വ്യവസ്ഥകൾ ആവർത്തിക്കുന്നതിനു പകരം ഹർജിയെഴുത്തുകാരൻ അവ റഫറൻസിലൂടെ ഉൾപ്പെടുത്തി. രണ്ടാമത്തെ വ്യവസ്ഥ അനുച്ഛേദം 125(2)-ലെ വ്യവസ്ഥയ്ക്ക് സമാനമാണ്. എന്നാൽ അത് സി.ഇ.സി. യ്ക്ക് സുപ്രീം കോടതി ജഡ്ജിയുടെ പദവി നൽകുമോ? അന്നത്തെ ആഭ്യന്തര സെക്രട്ടറി ശ്രീ. ഗോഡ്ബോളിനെ അഭിസംബോധന ചെയ്യുള്ള 23.7.1992 ലെ D.O.No.193/34/92 -ൽ കാണുന്നതുപോലെ മുൻഗണന വാറന്റിൽ സി.ഇ.സിയുടെ സ്ഥാനത്തെക്കുറിച്ച് ഒരു പുനർവിചിന്തനം ആവശ്യമാണെന്ന് സി.ഇ.സി നിർദ്ദേശിച്ചിരുന്നു. 1991 ഡിസംബറിൽ അദ്ദേഹം പ്രധാനമന്ത്രിയ്ക്ക് അയച്ച കത്തിൽ ഈ വിഷയം ഉന്നയിച്ചതായി തോന്നുന്നു. 25.9.1992 ലെ ശ്രീ. ഗോഡ്ബോലിന്റെ മറുപടിയിൽ നിന്ന്, സി.ഇ.സി

അദ്ദേഹത്തെ മുൻഗണന വാറന്റിൽ, സുപ്രീംകോടതി ജഡ്ജിമാരുടെ സ്ഥാനം വരുന്ന, ഒമ്പതാം സ്ഥാനത്ത് നിർത്തണമെന്ന് ആഗ്രഹിച്ചുവെന്നത് വ്യക്തമാണ്. ഈ നിർദ്ദേശം പരിഗണിക്കപ്പെട്ടുവെന്ന് ശ്രീ. ഗോഡ്ബോലിന്റെ മറുപടിയിൽ നിന്ന് വ്യക്തമാണ്, പക്ഷേ സി.ഇ.സി യുടെ സ്ഥാനം കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെയും ഒപ്പം പതിനൊന്നാം അറ്റോർണി ജനറലിന്റെയും ഒപ്പം പതിനൊന്നാം സ്ഥാനത്ത് നിലനിർത്താൻ തീരുമാനിച്ചു. എന്നിരുന്നാലും ഈ ഹർജികളുടെ വാദം കേൾക്കുന്നതിനിടെ സി.ഇ.സി.യെയും കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെയും സ്ഥാനം 9-A യിൽ സ്ഥാപിച്ചതായി പ്രസ്താവിച്ചു. ഞങ്ങളുടെ അഭ്യർത്ഥന മാനിച്ച് പണ്ഡിതനായ അറ്റോർണി ജനറൽ പരിഷ്കരിച്ച മുൻഗണന വാറന്റ് ഞങ്ങളുടെ മുന്നിൽ വച്ചു, അത് പ്രകാരം സി.ഇ.സി യുടെ സ്ഥാനം കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ സ്ഥാനത്തിനൊപ്പം 9-A സ്ഥാനത്തേക്ക് കയറിയതായി വെളിപ്പെടുത്തി. സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാരുടെ പദവി പരിപാലിക്കുന്നത് ദേശീയ താൽപര്യത്തിൽ വളരെ അഭികാമ്യമാണ്. ഭരണഘടനാപരവും നിയപരവുമായ അധികാരികൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാതെ, ആ കോടതികൾ നേരത്തെ പ്രയോഗിച്ചിരുന്ന അധികാരപരിധി അവരിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു എന്ന ഒരു കാരണത്താൽ മാത്രം മറ്റ് വേദികളിലെ ഉദ്യോഗസ്ഥർ പോലും ഹൈക്കോടതി, സുപ്രീംകോടതി ജഡ്ജിമാരുമായി സമവാക്യം ആവശ്യപ്പെടുന്നു വെന്നത് ഞങ്ങൾ കാണുന്നു. ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ജഡ്ജിമാരുടെ സ്ഥാനത്തെ ബാധിക്കാൻ സാധ്യതയുണ്ടെങ്കിൽ, ആദ്യം ചീഫ് ജസ്റ്റിസിന്റെ കാഴ്ചപ്പാടുകൾ തേടാതെ, തുല്യത നൽകുകയോ മുൻഗണനാ വാറന്റിൽ ഇടപെടുകയോ ചെയ്യരുതെന്ന് ഞങ്ങൾ സർക്കാരിനെ ബോധ്യപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സുപ്രീംകോടതി ജഡ്ജിമാരുമായി തുലനം ചെയ്യപ്പെടുന്നതിന് സി.ഇ.സി യ്ക്ക് നിയമാനുസൃതമായി അവകാശപ്പെടാൻ സി.ഇ.സി യുടെ

പണ്ഡിതനായ അഭിഭാഷകൻ ജി.രാമസ്വാമി വ്യക്തമായി സമ്മതിച്ചതായി ഞങ്ങൾ കൂട്ടിച്ചേർക്കാം. സർക്കാർ ഇത് ശ്രദ്ധിക്കുകയും ആവശ്യമുള്ളത് ചെയ്യുകയും ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു."

193. ഈ കോടതിയുടെ ഒരു തുല്യപ്രാധാന്യമുള്ള ബെഞ്ചിന്റെ വ്യക്തമായ വാദങ്ങളുടെ വെളിച്ചത്തിൽ ഏതെങ്കിലും ട്രൈബ്യൂണലിന്റെ അല്ലെങ്കിൽ മറ്റ് ജൂഡീഷ്യൽ ഫോറങ്ങളിലെ അംഗത്തിനോ തലവനോ സുപ്രീംകോടതി അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജിമാർക്ക് തുല്യമായ പദവി നൽകാൻ എക്സിക്യൂട്ടീവ് നടപടികൾക്ക് കഴിയില്ലെന്നതിൽ സംശയമില്ല.

194. കൂടാതെ, ഹൈക്കോടതികളിലെയും സുപ്രീംകോടതിയിലെയും വിരമിച്ച ജഡ്ജിമാരെയാണ് നിയമിക്കുന്നതെങ്കിലും, ഭരണഘടനയുടെ അനുച്ഛേദം 323-A യും, 323-B യും പ്രകാരം സ്ഥാപിതമായ അത്തരം ട്രൈബ്യൂണലുകൾക്ക് ഹൈക്കോടതികളുമായോ സുപ്രീംകോടതിയുമായോ തുല്യത തേടാനാവില്ല. ഹൈക്കോടതിയിലെയോ സുപ്രീംകോടതിയിലെയോ ഒരു ജഡ്ജി വിരമിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന്റെ / അവരുടെ ഭരണഘടന പദവി തുടരുകയില്ല, അദ്ദേഹം/ അവർ വഹിക്കുന്ന നിയമപരമായ സ്ഥാനം ഒരു ഹൈക്കോടതി അല്ലെങ്കിൽ സുപ്രീംകോടതി ജഡ്ജി എന്ന നിലയിലുള്ള മുൻ സ്ഥാനവുമായി തുല്യമാകില്ല. ഭരണഘടനാ ജഡ്ജിമാരുടെ പദവി, അന്തസ്സ്, സ്ഥാനം എന്നിവ സമാനതകളില്ലാത്തതാണ്, അവ ഉണ്ടാകുന്നത് കേവലം മുൻഗണനാ വാറന്റിലെ അവരുടെ സ്ഥാനം അല്ലെങ്കിൽ അവർ നേടുന്ന ശമ്പളവും ഉപാധികളും കൊണ്ടല്ല, മറിച്ച് അവയിലുള്ള ഭരണഘടനാ വിശ്വാസത്തിന്റെ ഫലമായാണ്. ട്രൈബ്യൂണൽ അംഗങ്ങൾക്കും പ്രിസൈഡിംഗ് ഓഫീസർമാർക്കും അത്തരം ഭരണഘടനാ ജഡ്ജിമാരുടെ പദവി വിവേചനരഹിതമായി നൽകുന്നത് ഭരണഘടനാ പദ്ധതിയോട് തന്നെ അക്രമം നടത്തും.

195. ട്രൈബ്യൂണലുകൾ സുപ്പീരിയർ കോടതികൾക്ക് പകരമാവില്ലെന്നും അവയ്ക്ക് അനുബന്ധം മാത്രമാണെന്നും എൽ. ചന്ദ്രകുമാറിൽ (മുകളിൽപ്പറഞ്ഞ) ഈ കോടതി നിരീക്ഷിച്ചു. അതിനാൽ,

അത്തരം ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ പദവിയെ ഭരണഘടനാ കോടതികളിലെ സിറ്റിംഗ് ജഡ്ജിമാരുമായി താരതമ്യപ്പെടുത്താൻ കഴിയില്ല, 'എന്തുകൊണ്ട് ജഡ്ജിമാരുടെ പദവി അസംബന്ധം ആക്കുന്നു' എന്ന് ലേഖനത്തിൽ വി.ആർ.കൃഷ്ണഅയ്യർ, ജ. ഇങ്ങനെ ഉചിതമായി ചൂണ്ടിക്കാട്ടി, "തുല്യപദവിയും ശമ്പളവും ഉള്ള ഹൈക്കോടതികളിലെ ജസ്റ്റിസുമാരെ സൃഷ്ടിക്കുന്നത് ഭരണഘടനയെ മറികടക്കലായി സൂചിപ്പിക്കുന്നു ....." എൽ. ചന്ദ്രകുമാറിന്റെ (മുകളിൽപ്പറഞ്ഞ) പ്രസ്തുതഭാഗം താഴെപ്പറയുന്ന രിതിയിലാണ്:

"93. മറ്റ് വശങ്ങളിലേക്ക് നീങ്ങുന്നതിന് മുമ്പ്, ഈ ട്രൈബ്യൂണലുകളിലെ അധികാരപരിധി സംബന്ധിച്ചുള്ള നിഗമനങ്ങൾ ഞങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം. നിയമാനുസൃതമായ വ്യവസ്ഥകൾ ചോദ്യം ചെയ്യപ്പെടുന്ന കാര്യങ്ങൾ കേൾക്കാൻ ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ട്. എന്നിരുന്നാലും, ഈ കടമ നിർവ്വഹിക്കുന്നതിൽ, നമ്മുടെ ഭരണഘടനാ സജ്ജീകരണത്തിന് കീഴിൽ, അത്തരമൊരു ബാധ്യത പ്രത്യേകമായി ഏൽപ്പിച്ചിരിക്കുന്ന ഹൈക്കോടതികൾക്കും സുപ്രീംകോടതിക്കും പകരമായി പ്രവർത്തിക്കാൻ അവർക്ക് കഴിയില്ല. ഇക്കാര്യത്തിൽ അവരുടെ പ്രവർത്തനം അനുബന്ധവും, ട്രൈബ്യൂണലുകളുടെ അത്തരത്തിലുള്ള തീരുമാനങ്ങൾ അതത് ഹൈക്കോടതികളുടെ ഡിവിഷൻ ബെഞ്ചിന് മുമ്പാകെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കും....."

196. മുൻഗണനാ വാറന്റ് കേവലം സ്വയം സേവിക്കുന്ന ഒരു എക്സിക്യൂട്ടീവ് തീരുമാനമാണെന്നും അത് ഒരു നിയമമല്ലെന്നും ഞങ്ങൾ ചൂണ്ടികാണിക്കുന്നു. പ്രധാനപ്പെട്ട ആചാരപരമായ പ്രവർത്തനങ്ങളും മറ്റ് സംസ്ഥാന ചുമതലകളും നിർവ്വഹിക്കുന്നതിനുള്ള ആവശ്യങ്ങൾക്കായി പ്രവർത്തകർക്കിടയിലെ അന്തർശ്രേണിയുടെ പ്രതിഫലനമാണിത്. ഇതിന്, പദവിയിൽ നിയമം അനുശാസിക്കുന്ന അവകാശങ്ങൾ നൽകാനോ മാറ്റം വരുത്തുവാനോ കഴിയില്ല. ഭരണഘടന പ്രകാരം വ്യക്തമായി നൽകിയിട്ടുള്ള മുൻഗണനാക്രമത്തെ ദുർബലപ്പെടുത്തുന്നതിന് അത്തരമൊരു

ഉപകരണം ഉപയോഗിക്കുന്നത് കൂടുതൽ വെറുപ്പളവാക്കും.

197. ഭരണഘടനാ പ്രവർത്തകരും നിയമാനുസൃത അധികാരികളും തമ്മിലുള്ള മേൽപ്പറഞ്ഞ വ്യത്യാസത്തെ മാനിച്ച് ഇന്ത്യൻ യൂണിയൻ ഈ കോടതിയുടെ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുകയും ഭരണഘടനയുടെ മനോഭാവത്തിന് അനുസൃതമായി പ്രവർത്തിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഹൈക്കോടതികളിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാരെ, മറ്റേതെങ്കിലും ട്രൈബ്യൂണലിലെയോ കമ്മാസി-ജുഡീഷ്യലിലെയോ അതോറിറ്റിയിൽ നിന്ന് അകലെ ഒരു ഉന്നതസ്ഥാനം ഉറപ്പാക്കേണ്ടത്. യൂണിയൻ ഓഫ് ഇൻഡ്യയ്ക്ക് പ്രധാനമാണ്.

വാദവിഷയം VII : ട്രൈബ്യൂണലുകളിൽ നിന്ന് സുപ്രീംകോടതിയിലേക്കുള്ള ഡയറക്ട് സ്റ്റാറ്റ്യൂട്ടറി അപ്പീലുകൾ വഴിതിരിച്ചുവിടേണ്ടതുണ്ടോ?

198. വാദങ്ങൾക്കിടെ, വിവിധ വശങ്ങൾ ഈ കോടതിക്ക് മുന്നിൽ ഉയർത്തിക്കാട്ടി, കേസുകൾ തീർപ്പാവാതെ കെട്ടിക്കിടക്കുന്നത് കുതിച്ചുയരുന്നതും ട്രൈബ്യൂണലുകളുടെ ഉത്തരവുകൾക്കെതിരെ ഈ കോടതിയിൽ നേരിട്ട് നിയമപരമായ അപ്പീൽ നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നത് നിയമസഭ പുന:പരിശോധിക്കേണ്ടതുണ്ട് എന്ന് മുൻവിധിന്യായങ്ങളിലെ ഈ കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കാത്തതും ഉൾപ്പെടെ.

199. നേരത്തെ ചർച്ച ചെയ്തതുപോലെ, നമ്മുടെ രാജ്യത്ത് കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ട്രൈബ്യൂണലൈസേഷൻ അതിവേഗം വർദ്ധിച്ചു. സ്വാതന്ത്ര്യത്തിനു മുമ്പുള്ള കാലഘട്ടത്തിൽ ITAT സ്ഥാപിതമായതിനു ശേഷം, ട്രൈബ്യൂണലുകളുടെ എണ്ണം ഇപ്പോൾ നിരവധി ഡസനുകളായി ഉയർന്നു. 1976 ലെ ഇന്ത്യൻ ഭരണഘടന (42-)ം ഭേദഗതി) നിയമത്തിലെ 323 A – അനുച്ഛേദ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകളും, 323-B അനുച്ഛേദ പ്രകാരം മറ്റ ട്രൈബ്യൂണലുകളും തുടങ്ങാൻ അനുവദിച്ചിട്ടുണ്ട്. അനുച്ഛേദം 136 പ്രകാരം സുപ്രീം കോടതി ഒഴികെയുള്ള എല്ലാ

കോടതികളുടെയും അധികാരപരിധി പുറത്താക്കപ്പെടുന്ന രീതിയിലാണ് ഭരണഘടനയിലെ മേൽപ്പറഞ്ഞ ഈ വ്യവസ്ഥകൾ നിയമനിർമ്മാണ സഭ നിർണ്ണയിച്ചത്. പിന്നീട്, എൽ. ചന്ദ്രകുമാറിൽ (മേൽ പരാമർശം) അനുച്ഛേദം 226 പ്രകാരമുള്ള ഹൈക്കോടതികളുടെ ജുഡീഷ്യൽ അവലോകനം അടിസ്ഥാനഘടനയ്ക്ക് വിരുദ്ധമാണെന്നും അതിനാൽ ഏതെങ്കിലും നിയനിർമ്മാണത്തിലൂടെയോ ഭരണഘടനാ ഭേദഗതിയിലൂടെയോ പുറത്താക്കാനാവില്ലെന്നും ഈ കോടതി വളരെ ഉചിതമായി വിലയിരുത്തി.

45 (2005) 6 SCC 344

46 (1995) 4 SCC 611

47 Justice V.R.Krishna Iyer, "Why Stultify Judges] Status?"

(2002)2 LW(JS) 85 (June, 2000)

കൂടാതെ, ഈ കോടതിയിൽ നേരിട്ട് നിയമപരമായി അപ്പീൽ നൽകുന്ന നിയമങ്ങളിലെ കൂടുതലുള്ള സാധാരണ വകുപ്പുകൾ അടിയന്തരമായി നീക്കുന്നതിന് ഈ കോടതി എൽ. ചന്ദ്രകുമാർ (മേൽ പരാമർശം) പിന്നീട് മദ്രാസ് ബാർ അസോസിയേഷൻ (2014) (മേൽ പരാമർശം), ഗുജറാത്ത് ഊർജ്ജ വികാസ് ലിമിറ്റഡ് (മേൽ പരാമർശം) കേസുകളിൽ തുടർന്നും പ്രസ്താവിച്ചു, ആയതു വിശദമായി താഴെ ചർച്ച ചെയ്തത് നീതി ന്യായ ഭരണനിർവ്വഹണത്തിലെ പ്രധാന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു, കൂടാതെ ആയത് ഭരണഘടനാ പദ്ധതിയ്ക്ക് എതിരാണ്.

200. ഹർജിക്കാർ നേരിട്ട് മുകളിൽ പറഞ്ഞിരിക്കുന്ന വിഷയം പറയാതിരിക്കുകയും അപ്രസക്തമായി മാത്രം പറഞ്ഞതിനാലും, ഭരണഘടനയിൽ സ്ഥാപിക്കപ്പെട്ട ത്രിതല നീതിന്യായ സംവിധാനത്തിന് അനുസരിച്ചാണോ ഈ കോടതിക്ക് അപ്പീലുകൾ നൽകുന്നത് എന്നതിന് രൂപ രേഖ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

201 . ഭരണഘടന അനുശാസിക്കുന്ന സുപ്രീം കോടതി അധികാര പരിധി പരിശോധിക്കണം. ഭരണഘടന ഈ കോടതിയ്ക്ക് നൽകിയിരിക്കുന്ന അധികാരപരിധി മൂന്നായി തിരിയ്ക്കാം . അപ്പലേറ്റ്, ഒറിജിനൽ, അഡ്വൈസറി അധികാര പരിധികളുടെ വിവരണം ചുരുക്കത്തിൽ താഴെ

പറയുന്നവയാണ് :

ഒറിജിനൽ അധികാര പരിധി

(i) ആർട്ടിക്കിൾ 32 പ്രകാരമായുള്ള റിട്ട് അധികാര പരിധി

(ii) ആർട്ടിക്കിൾ 71 പ്രകാരമുള്ള പ്രസിഡന്റ് / വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് തർക്കങ്ങൾ

(iii) ആർട്സ് 131 പ്രകാരമുള്ള സംസ്ഥാനങ്ങൾ തമ്മിലും അല്ലെങ്കിൽ സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള തർക്കങ്ങൾ

(iv) ആർട്ടിക്കിൾ 139 , 139 എ പ്രകാരമുള്ള ട്രാൻസ്ഫർ കേസുകൾ

(v) ആർട്ടിക്കിൾ 145 പ്രകാരമുള്ള കോടതി അലക്ഷ്യം

അപ്പളേത് അധികാര പരിധി

(i) ഹൈക്കോടതിയുടെ ഉത്തരവുകൾക്കു എതിരെയുള്ള അപ്പീലുകൾ ആർട്ടിക്കിൾ 132 പ്രകാരമുള്ള ഭരണഘടനാ ചോദ്യങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ്

(ii) സിവിൽ കേസുകളിൽ ഹൈക്കോടതിയുടെ ഉത്തരവ്കൾക്ക് എതിരെയുള്ള അപ്പീലുകൾ പൊതു പ്രാധാന്യത്തോടുകൂടി അടിസ്ഥാന ചോദ്യങ്ങളുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ആർട്ടിക്കിൾ 133 പ്രകാരം ഹൈക്കോടതി തീരുമാനിക്കേണ്ട വിഷയം

(iii) ക്രിമിനൽ കേസുകളിൽ ഹൈക്കോടതിയുടെ ഉത്തരവുകൾക്കു എതിരെയുള്ള അപ്പീലുകൾ, ആദ്യമായി ഹൈക്കോടതി വധശിക്ഷ നൽകിയ അവാർഡിന് എതിരെ അപ്പീലിൽ അല്ലെങ്കിൽ ആർട്ടിക്കിൾ 134 ൽ ഒറിജിനൽ വിചാരണയിൽ .

(iv) ഭരണഘടനയ്ക്ക് മുൻപ് ഫെഡറൽ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാവുന്ന മറ്റെല്ലാ കേസുകളും ആർട്ടിക്കിൾ 135 പ്രകാരം

(v) ഏതെങ്കിലും കോടതി അല്ലെങ്കിൽ ട്രിബുണൽ ഏതെങ്കിലും ഉത്തരവിന് എതിരെ സ്പെഷ്യൽ ലീവ് അപ്പീൽ നൽകാനുള്ള വിവേചനാധികാരം ആർട്ടിക്കിൾ 136 പ്രകാരം.

അഡ്വൈസറി അധികാരപരിധി

(i) ആർട്ടിക്കിൾ 143 പ്രകാരമുള്ള പ്രേസിടെന്റില് റഫറൻസ്

(ii) ആർട്ടിക്കിൾ 317 പ്രകാരം പബ്ലിക് സർവീസ് കമ്മീഷനെ നീക്കുന്നതിനുള്ള റഫറൻസ്

202. ഭരണഘടനയുടെ ആർട്ടിക്കിൾ 132 മുതൽ 136 വരെ പരിശോധിച്ചാൽ അപ്പലേറ്റ് അധികാര പരിധി വ്യക്തമാണ്. ആർട്ടിക്കിൾ 132 പ്രസ്താവിക്കുന്നത്

ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതു അടിസ്ഥാന നിയമ ചോദ്യം പരിഗണയിലാണ് . ആർട്ടിക്കിൾ 133 (3) പ്രസ്താവിക്കുന്നത് പാർലമെന്റ് നിയമത്തിൽ വിരുദ്ധമായി പ്രസ്താവിച്ചില്ല എങ്കിൽ ഹൈക്കോടതിയിൽ സിംഗിൾ ജഡ്ജിയുടെ ഉത്തരവിന് എതിരിൽ അപ്പീൽ പാടില്ല. കൂടാതെ, ആർട്ടിക്കിൾ 134 ക്രിമിനൽ കേസുകളിൽ സുപ്രീംകോടതിയുടെ അധികാരപരിധി നിശ്ചയിക്കുന്നതു വിചാരണ കോടതി മുമ്പ് വെറുതെ വിട്ടതിനെതിരെ അല്ലെങ്കിൽ ഹൈക്കോടതിയുടെ വധശിക്ഷ വിധിയിലുള്ള വിചാരണ കേസുകളിൽ പ്രാഥമികമായി പരിമിതപ്പെടുത്തുന്നത്. കൂടാതെ, ആർട്ടിക്കിൾ 134 (2) വ്യക്തമായി പറയുന്നത് ഈ കോടതിയുടെ ക്രിമിനൽ അപ്പലേറ്റ് അധികാരപരിധി കൂട്ടുന്നതിന് പ്രത്യേക നിയമം ഇല്ലാത്തതിനാൽ. ക്രിമിനൽ വിഷയങ്ങളിൽ സുപ്രീം കോടതിയിൽ സാധാ അപ്പീലുകൾ പാടില്ല. താഴെ ആർട്ടിക്കിൾ 134 (2) എടുത്തു പറയുന്നു:

"(2) പാർലമെന്റ് ഇന്ത്യയുടെ പരിധിയിലുള്ള ഹൈക്കോടതിയുടെ ക്രിമിനൽ നടപടിക്രമത്തിലുള്ള ഏതെങ്കിലും വിധി, അന്തിമ ഉത്തരവ് അല്ലെങ്കിൽ ശിക്ഷയിൽ അപ്പീലുകൾ കേൾക്കുന്നതിനുള്ള അധികാരങ്ങൾ സുപ്രീം കോടതിയ്ക്ക് നിയമത്താൽ നൽകാവുന്നതാണ്, പ്രസ്തുത നിയമത്തിൽ പറയുന്ന വ്യവസ്ഥകൾക്കും പരിധികൾക്കും വിധേയമായി."

203 . രണ്ടു കാര്യങ്ങൾ ആർട്ടിക്കിൾ 134 (2) വ്യക്തമാക്കുന്നു . ഒന്നാമതായി , ആർട്ടിക്കിൾ 133 പ്രകാരം ആർട്ടിക്കിൾ 134 (2) നു തുല്യമായി മറ്റൊരു വകുപ്പില്ല ക്രിമിനൽ അല്ലാത്ത വിഷയങ്ങളിൽ സുപ്രീം കോടതിയുടെ അധികാരപരിധി കൂട്ടുന്നതിന് . രണ്ടാമതായി , ഹൈകോടതികളിൽ നിന്നുമുള്ള ക്രിമിനൽ നടപടിക്രമങ്ങളിലുള്ള വിഷയങ്ങൾ ഇല്ലാതെ ആർട്ടിക്കിൾ 134 (2) പ്രസ്താവിക്കുന്നില്ല.

204 . നിലവിൽ, വിവിധ ട്രിബുണൽ, ഹൈക്കോടതികളിൽ നിന്നും സുപ്രീം കോടതിയിലേക്ക് നേരിട്ട് അപ്പീൽ നൽകാവുന്ന രണ്ട് ഡസണിൽ കൂടുതൽ നിയമങ്ങളുണ്ട്. പ്രസ്തുത നിയമങ്ങളുടെ വിപുലമല്ലാത്ത പട്ടികയിൽ ഉൾപ്പെടുന്നത് :

(i) സെൻട്രൽ എക്സൈസ് നിയമം , 1944 ലെ വകുപ്പ് 35 എൽ (1944 ലെ 1);

(ii) റെപ്രെസെന്റഷൻ ഓഫ് ദി പീപ്പിൾ നിയമം 1951 ലെ വകുപ്പ് 116 എ (1951 ലെ 43)

(iii) അഡ്വക്കേറ്റ്സ് നിയമം 1961 ലെ വകുപ്പ് 38 (1961 ലെ 25);

(iv) നാഷണൽ ടാക്സ് ട്രിബുണൽ സ്ഥാപിക്കുന്നതിന് മുമ്പുള്ള ഇൻകം ടാക്സ് നിയമം 1961 ലെ വകുപ്പ് 261 (1961 ലെ 43);

(v) കസ്റ്റംസ് നിയമത്തിലെ വകുപ്പ് 130 ഇ (1962 ലെ 52);

(vi) കോടതി അലക്ഷ്യ നിയമം 1971 ലെ വകുപ്പ് 19 (1) (ബി) (1971 ലെ 70)

(vii) 1974 ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 374, 379 (1974 ലെ 2) സുപ്രീം കോടതി (എൻലാർജ്മെന്റ് ഓഫ് ക്രിമിനൽ അപ്പലേറ്റ് അധികാരപരിധി നിയമം, 1970 (1970 ലെ 28);

(viii) കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമം 1986 ലെ വകുപ്പ് 23 (1986 ലെ 68);

(ix) ടെററിസ്റ്റ് & ഡിസ്പെറ്റീവ് ആക്ടിവിറ്റീസ് (പ്രിവെൻഷൻ) നിയമം 1987 ലെ വകുപ്പ് 19 (1987 ലെ 28);

(x) സ്പെഷ്യൽ കോർട്സ് നിയമം 1992 (ട്രയൽ ഓഫ് ഒഫൻസ്സ് റിലേറ്റിങ് ടു ട്രാൻസാക്ഷൻ ഇൻ സെക്യൂരിറ്റീസ്) വകുപ്പ് 10 (1992 ലെ 27);

(xi) സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ നിയമം 1992 വകുപ്പ് 15 Z (1992 ലെ 15);

(xii) ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ നിയമം 1997 വകുപ്പ് 18 (1997 ലെ 24);

(xiii) കോമ്പറ്റിഷൻ നിയമം 2002 ലെ വകുപ്പ് 53 റ്റി (2003 ലെ 12);

(xiv) വൈദ്യുതി നിയമം 2003 വകുപ്പ് 125 (2003 ലെ 36);

(xv) ദേശീയ നികുതി ട്രിബുണൽ നിയമം 2005

വകുപ്പ് 24 (2005 ലെ 49);

(xvi) കാർഡ് ഫോഴ്സസ് ട്രിബുണൽ നിയമം 2007 , വകുപ്പ് 30 (2007 ലെ 55);

(xvii) പെട്രോളിയം നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് നിയമം 2006 , വകുപ്പ് 37 (2006 ലെ 19)

(xviii) എയർപോർട്ട്സ് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ നിയമം 2008, വകുപ്പ് 31 (2008 ലെ 27);

(xix) നാഷണൽ ഗ്രീൻ ട്രിബുണൽ നിയമം 2010 വകുപ്പ് 22 (2010 ലെ 19);

(xx) കമ്പനീസ് നിയമം 2013 ലെ വകുപ്പ് 423 (2013 ലെ 18);

(xxi) പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അതോറിറ്റി നിയമം 2013 വകുപ്പ് 38 (2013 ലെ 23);

(xxii) ബ്ലാക്ക് മണിയായി ആൻഡ് ഇമ്പോസിഷൻ ഓഫ് ടാക്സ് നിയമം 2015 വകുപ്പ് 21 (2015 ലെ 22);

(xxiii) ഇൻസോൾവെൻസി ആൻഡ് ബാങ്ക്റപ്സി കോഡ് 2016, വകുപ്പ് 62, 182 (2016 ലെ 31);

(xxiv) സെൻടൽ ഗുഡ്സ് ആൻഡ് സെർവിസ്സ് ടാക്സ് നിയമം 2017 വകുപ്പ് 118 (2017 ലെ 12)

205. സുപ്രീം കോടതിയുടെ അന്തർലീനമായ കഴിവുകളെ പ്രസ്തുത നിയമപരമായ അപ്പീലുകൾ മാറ്റിയിട്ടുള്ളതും ഭരണഘടനയിൽ പ്രസ്താവിച്ച പ്രകാരം കേസുകൾ നിയന്ത്രിക്കുന്നതിനും ആയതിൽ പൊതു താത്പര്യത്തിന് ബാധകമാകുന്നതിനും കൂടെ അല്ലെങ്കിൽ ഏറ്റവും തെറ്റുള്ള കേസുകൾ പരിഗണിക്കുന്നതിന് പരിധിവയ്ക്കുന്നതും.

206. കൂടാതെ ട്രിബുണലുകളിൽ നിന്നും നേരിട്ട് അപ്പീലുകൾ നൽകുന്നതിനും ഹൈക്കോടതിയുടെ നീതിന്യായ അധികാരം വലിയ തോതിൽ കുറച്ചിട്ടുള്ളതാണ്. യയാതി ന്യായത്തിനു ആവശ്യമായ പ്രബലതയും വളരുന്ന നീതിന്യായ വ്യവസ്ഥയ്ക്ക് ഹൈക്കോടതി ജഡ്ജിമാരുടെ അവശ്യം വേണ്ട വൈദഗ്ധ്യവും ഇല്ലാതാക്കുന്നു. സുപ്രീംകോടതിയിലെ ഭൂരിപക്ഷം ജഡ്ജിമാരെയും ഹൈക്കോടതിയിൽ നിന്നും ഉയർത്തപ്പെടുന്ന വരാണെന്നതിനാൽ നിയമത്തിന്റെ പ്രത്യേക മേഖലയിലുള്ള അവരുടെ വൈദഗ്ധ്യത്തിന്റെ കുറവ് പ്രത്യേക ട്രിബുണലുകളിൽ നിന്നും നേരിട്ട് നിയമ അപ്പീലുകൾ തീരുമാനിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു .

207. **ഇന്ത്യൻ ജുഡീഷ്യറി ഒരു പരിശോധന**: ആന്വൽ റിപ്പോർട് 2017 -18 ഈ കോടതി പ്രസിദ്ധീകരിച്ചത് പരിശോധിക്കുമ്പോൾ 56000 ത്തിൽ കൂടുതൽ കേസുകൾ സുപ്രീം കോടതിയിൽ പരിഗണയ്ക്കുള്ളതായി കാണുന്നു. ഈ കോടതി ഓരോ വർഷവും അനവധി കേസുകൾ വാദം കേൾക്കുകയും വർഷത്തിൽ ഏകദേശം 60000 - 90000 കേസുകൾ തീർപ്പാക്കുകയും ഓരോ ബെഞ്ചിലും 4000 - 6000 കേസുകൾ ഉള്ളതായി കാണുന്നു . ഈ കോടതിയിൽ സ്ഥാപിക്കപ്പെട്ട കേസുകളിൽ 2% ത്തിൽ കുറഞ്ഞത് ആർട്ടിക്കിൾ 32 റിട്ട അധികാരപരിധി പ്രകാരവും ഭൂരിപക്ഷം കേസുകളും ആർട്ടിക്കിൾ 136 പ്രകാരം അപ്പീലിനുള്ള സ്പെഷ്യൽ ലീവ് പെറ്റീഷനുമാണ് .

208 . 2011 ൽ 20 % കേസുകളുടെ അഡ്മിഷൻ തോത് കൂടി എങ്കിലും അതിനു ശേഷം കുറയുകയും മറ്റു അധികാരപരിധികളിൽ ആയതു 1% മാർജിൻ തോതിൽ മുകളിലാണ് ഐക്യ നാടുകളുടെ സുപ്രീം കോടതിയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ കേസുകളും വാദം കേൾക്കുന്നതിന് പ്രവൃത്തിയും ലീവ് നൽകണമോ വേണ്ടയോ എന്ന പരിഗണയും കോടതികളുടെ ഭൂരിപക്ഷ സമയം

എടുക്കുന്നു. കക്ഷികൾ ആർട്ടിക്കിൾ 136 മിക്കപ്പോഴും ഉപയോഗിക്കുന്നതിന്റെ ഫലമായി ഭരണാഘടന ചോദ്യങ്ങൾ തീരുമാനിക്കുന്നതിന് അടിസ്ഥാന ഭരണഘടനാ പ്രവർത്തനങ്ങൾക്ക് കോടതിക്ക് സമയം ലഭിക്കാറില്ല, സ്ഥാപക പിതാക്കന്മാർ ലക്ഷ്യം വെച്ചപോലെ. 1960 നു മുൻപ് താരതമ്യം ചെയ്യുമ്പോൾ ഭരണഘടനാ ബെഞ്ചുകൾ ന്യറിൽ പരം കേസുകൾ തീരുമാനിക്കുമ്പോൾ ഇപ്പോൾ നമ്പർ ഇപ്പോൾ ഒരു ഡസന് മുകളിൽ ഇല്ല.

നിയമശാസ്ത്രത്തിന്റെ ഭ്രരിപക്ഷ വിഷയങ്ങളിൽ ഉൾപ്പെട്ട മിക്കവാറുമുള്ള സെമിനാൽ കേസുകളിൽ അല്ലെങ്കിൽ വിപ്ലവകരമായ മാറ്റങ്ങൾ നിയമ മേഖലയിൽ ബാധകമാക്കി ഡിവിഷൻ ബെഞ്ചുകൾ അവ നിർബന്ധപൂർവം കേൾക്കുകയും ചെയ്യുമ്പോൾ ആർട്ടിക്കിൾ 145 (3) ന്റെ ഉദ്ദേശ ലക്ഷ്യം ഇല്ലാതാക്കുന്നു.

209. പ്രാപ്തിയില്ലാത്ത വ്യക്തിയ്ക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്നതിലുള്ള അപര്യാപ്തതയും അല്ലെങ്കിൽ ഡൽഹിയിൽ നിന്നും ദൂരെ ആയിരിക്കുന്നതിൽ സുപ്രീം കോടതിയെ സമീപിക്കുന്നതിന് വസ്തുതാപരമായ തെളിവ് ഈ കോടതിയെ സമീപിക്കുന്നതിനുള്ള പരിഹാരം സാമ്പത്തികമുള്ളവർക്കു മാത്രം പ്രാപ്യം എന്നതിൽ പരിമിതപ്പെട്ടിരിക്കുന്നു. വിവിധ പഠനങ്ങൾ കാണിക്കുന്നത് ഡൽഹി ഹൈക്കോടതി തീരുമാനിച്ച ഓരോ പത്താമത്തെ കേസ് അല്ലെങ്കിൽ പഞ്ചാബ് & ഹരിയാന ഹൈക്കോടതി തീരുമാനിച്ച ഓരോ പതിനാറാമത്തെ കേസ് ഈ കോടതി മുമ്പാകെ അപ്പീലാക്കുകയും മദ്രാസ് ഹൈക്കോടത് വിധിക്കെതിരെ 1 % കൂടുതൽ അപ്പീൽ തോതുമായി താരതമ്യം ചെയ്യുമ്പോൾ ഭരണഘടനാ തർക്കങ്ങൾ പരിഹരിക്കേണ്ടതിനു ഏൽപ്പിച്ച അധികാരി എന്നതിൽ അല്ലെങ്കിൽ പൗരന്മാരുടെ അടിസ്ഥാന അവകാശ സംരക്ഷണത്തിനും ഈ കോടതിയ്ക്ക് ധനാഢ്യർക്കു മാത്രം പ്രാപര്യമാകാൻ കഴിയില്ല. പ്രസ്തുത സ്ഥിരമായ അപ്പീലുകളുടെ ഫലം പരിശോധിക്കുന്നത് അപ്രസക്തമെങ്കിലും എന്തായാലും ഈ കോടതിയുടെ നീതിന്യായ തീരുമാനത്തിന്റെ സമയവും മേന്മയും ബാധിക്കുമെന്നാണ് വ്യക്തമാണ്. ഈ കാഴ്ചപ്പാട് നിയമ കമ്മീഷൻന്റെ 272 -ആം റിപ്പോർട്ടിൽ എഴുതിയിട്ടുള്ളതും ആയതു ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്:

"3.12. നീതി നിർവഹണം നടപ്പാക്കുന്നതിനുള്ള കാര്യക്ഷമവും ത്വരിതഗതിയിലുള്ള ഫോറത്തിനായാണ് 'ട്രിബുണലുകൾ' സ്ഥാപിക്കുന്നതിന്റെ ലക്ഷ്യം പ്രസ്തുത ഫോറങ്ങളിൽ നിന്നുമുള്ള ഉത്തരവുകൾ സ്ഥിരമായ അപ്പീലുകൾ നൽകുന്നതിനാൽ ചില വിഷയങ്ങൾ ഉയർന്നു വരികയും ആയതു സുപ്രീം കോടതിയുടെ ഭരണഘടനാ സ്വഭാവത്തെ തടസപ്പെടുത്തുകയും

അങ്ങനെ സുപ്രീം കോടതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തെ ബുദ്ധിമുട്ടിക്കുകയും കാരണം പ്രസ്തുത അപ്പീലുകൾ ഈ കേസുകളിൽ പൊതുജന പ്രാധാന്യമുള്ള ചോദ്യങ്ങൾ ഇല്ലാത്തതുമാണ്. സുപ്രീം കോടതിയിൽ നിന്നും പ്രാഥമികമായി പ്രതീക്ഷിക്കുന്നത് ഭരണഘടനാ പ്രാധാന്യമുള്ള കാര്യങ്ങളിലും പൊതുജന പ്രാധാന്യമുള്ള നിയമ ചോദ്യങ്ങളുള്ളവയിൽ ഇടപെടുവാനാണ്. കൂടുതൽ ഭാരപ്പെടുത്തുന്നത് കാരണം പ്രസ്തുത വിഷയങ്ങളിൽ കാലോചിതമായി സുപ്രീം കോടതിയ്ക്ക് ഇടപെടാനാവുന്നില്ല.

210. ഫലമായി പ്രസക്ത ഭരണഘടനാ ചോദ്യങ്ങളുള്ള ഭൂരിപക്ഷം വിഷയങ്ങൾ വർഷങ്ങളോളം വാദം കേൾക്കാതിരിക്കുകയും അനന്തരം നിയമ നിർമാണ ഭരണനിർവഹണ കടന്നുകയറ്റം പരിശോധിക്കുവാനുള്ള ഈ കോടതിയുടെ കഴിവ് പ്രമുഖമായി ഇല്ലാതായിട്ടുണ്ട്. അഞ്ച് അല്ലെങ്കിൽ കൂടുതൽ ജഡ്ജിമാർ ഉൾപ്പെട്ട ഭരണഘടനാ ബെഞ്ച് വാദം കേട്ട കേസുകൾ 1950 ലെ 15 % ൽ നിന്നും കഴിഞ്ഞ രണ്ടു പതിറ്റാണ്ടിൽ 0 .1 - 0 .2 % ശാരാശരി കുറഞ്ഞിട്ടുള്ളതാണ്. ആയതിനാൽ ഇതിൽ നിന്നും വ്യക്തമാകുന്നത് ഈ കോടതി, ഒരു തരത്തിൽ, ഭരണഘടനാ റിട്ട് കോടതിയിൽ നിന്നും അപ്പീൽ കോടതിയായി രൂപാന്തരപ്പെട്ടു എന്നും ആയതിൽ ജഡ്ജിമാരുടെ അംഗം കൂടുന്നത് ഒരു പരിഹാരമല്ല എന്നുമാണ്. ജഡ്ജിമാരുടെ അംഗം നാലു ഇരട്ടിയായി കൂടുന്നതിനാൽ 1950 നു ശേഷം കേസുകളുടെ എണ്ണം എഴുപതു മടങ്ങായി കൂടിയിട്ടുണ്ട്! ഈ കോടതിയുടെ ന്യായാധികാരം ശരിയാക്കുന്നതിനു ആവശ്യമെന്നു വ്യക്തവും ഭരണഘടനാ ലക്ഷ്യത്തിനു കോട്ടമുണ്ടാകുന്നില്ലെന്നു ഉറപ്പു വരുത്തേണ്ടതുമുണ്ട് . ഈ കോടതിയിൽ ഈ കാഴ്ചപ്പാട് പ്രതിധ്വനിച്ചിട്ടുണ്ട് ബീഹാർ ലീഗൽ സപ്പോർട്ട് അതോറിറ്റി v. ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ കേസിൽ ജസ്റ്റിസ് പി.എൻ ഭഗവതി എടുത്തു പറഞ്ഞത്

(1986) 4 എസ് സി സി 767

താഴെ പറയും പ്രകാരമാണ് :

"ഹൈക്കോടതി ഉത്തരവുകൾക്കു എതിരെയോ അല്ലെങ്കിൽ സെഷൻസ് കോടതികളിലെ മജിസ്ട്രേറ്റുകളുടെയോ ഉത്തരവിന് എതിരെയുള്ള സ്ഥിരം അപ്പീൽ കോടതിയായി ഇന്ത്യയുടെ സുപ്രീം കോടതിയെ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. ആയതു രൂപീകരിച്ചിരിക്കുന്നതു മുഴുവൻ രാജ്യത്തിനും വേണ്ടിയുള്ള നിയമത്തിനായും ആർട്ടിക്കിൾ 136 പ്രകാരം സാധാരണമല്ലാത്ത ന്യായാധികാര

പ്രത്യേക ലീവ് നൽകുന്നതിനും താഴത്തെ കോടതികളും ട്രിബുണലുകളും നിയമം ശരിയായി വ്യാഖ്യാനിക്കാത്തപ്പോൾ അവയ്ക്ക ഇടപെടാവുന്നതും പ്രസ്തുത വിഷയത്തിൽ ശ്ശരിയായ നിയമം ഉത്തരവാകേണ്ടതിന്റെ ആവശ്യത്തിനുമാണ് "

211. ഈ കോടതിയ്ക്ക് അതിന്റെ യഥാർത്ഥ സ്വഭാവം ആർട്ടിക്കിൾ 136 പ്രകാരമുള്ള വിവേചന ന്യായാധികാരം മൂലം സ്ഥിരമായി അപ്പീലുകൾ കേൾക്കുന്നതിനാൽ, നഷ്ടമായി എന്നത് വ്യക്തമാണ്. കോൺസ്റ്റിറ്റുണ്ട് അസംബ്ലി മുമ്പ് ഡോക്ടർ ബി ആർ അംബേദ്കർ പറഞ്ഞിരിക്കുന്നത് ആർട്ടിക്കിൾ 136 ഇപ്രകാരം ഉപയോഗിക്കുന്നതിനല്ല ഉദ്ദേശിച്ചതെന്ന് യുക്തമെന്നും ഇപ്രകാരം:

"നീതിന്യായ ഭരണ നിർവ്വഹണത്തിന്റെ ചില തത്വത്തിന്റെ ലംഘനം ഉൾപ്പെടുന്നവ അല്ലെങ്കിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള നീതിന്യായ ഭരണ നിർവ്വഹണത്തിന്റെ ചില തത്വങ്ങളുടെ ലംഘനം കാണാത്തപക്ഷം എന്ത് തന്നെ ആയാലും സ്പെഷ്യൽ ലീവ് ഏതു കാര്യത്തിലും സുപ്രീം കോടതി നൽകേണ്ടതില്ല. "

212 . ഈ കോടതിയുടെ ഭരണഘടനാ കർത്തവ്യങ്ങൾ അങ്ങനെ സ്വയം ഇല്ലാതാക്കുന്നത് നിയന്ത്രിക്കണം. ആയതിനാൽ, ഈ കോടതി അതിന്റെ അപ്പീൽ അധികാരം നടപ്പാക്കേണ്ടത് ആവശ്യമാണ്. നിയമ ചോദ്യങ്ങളിൽ ഭരണഘടനാ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് ഭരണഘടനാ ചോദ്യങ്ങൾ ഉത്തരം നൽകുന്നതും പൊതു പ്രാധാന്യമുള്ള മറ്റു വിഷയങ്ങൾ തീർപ്പാക്കുന്നതും ഈ കോടതിക്ക് കാര്യങ്ങൾ നടപ്പാക്കുന്നതിനും ആഴത്തിൽ പരിഗണിക്കുന്നതിനും യുക്തമായ സമയം ആവശ്യമാണ് . ആർട്ടിക്കിൾ 136 പ്രകാരം ഓരോ സെക്കന്റിലും കേസുകൾ സുപ്രീം കോടതിയിൽ കൊണ്ട് വരുന്ന നിലവിലുള്ള വിഷയം ഒഴിവാക്കേണ്ടതാണ്.

213. പ്രസ്തുത പരിമിതമായ അപ്പീൽ ന്യായാധികാര പദ്ധതി വിവിധ മറ്റു ന്യായാധികാരങ്ങളിലുള്ള ഉയർന്ന കോടതികളുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാറുണ്ട്. മാർബറി വി. മാഡിസൺ എന്ന പ്രമുഖ കേസിൽ ഐക്യനാടുകളിലെ സുപ്രീം കോടതി പ്രസ്താവിച്ചത് ഒറിജിനൽ ന്യായാധികാരം വിപുലപ്പെടുത്തുവാൻ നിയമസഭയ്ക്ക് അനുവാദമില്ല. ഐക്യനാടുകളിലെ ഭരണഘടനയുടെ രൂപരേഖ പരിശോധിച്ചശേഷം ഉ യു എസ് (ക്ര (കാഞ്ച) 137 (1803) കോടതി പ്രസ്താവിച്ചത് സുപ്രീം കോടതിയുടെ ഒറിജിനൽ ന്യായാധികാര പരിധി സംസ്ഥാനങ്ങളുടെയും യൂണിയനും മാത്രമുള്ള തർക്കങ്ങളായി പരിമിതപ്പെടുത്തി (ഫെഡറൽ യൂണിറ്റുകൾ) അതൊഴികെ, മറ്റു എല്ലാ കേസുകളും അപ്പീൽ ന്യായാധികാര പരിധിയിൽ കൊണ്ട് വരാം. വ്യക്തമായി പറഞ്ഞില്ലെങ്കിലും കോടതികളിൽ

ഡോക്കറ്റുകൾ കൂടുന്നതിന്റെയും വിപുലമായ വളർച്ച പരിശോധിക്കുന്നതിനും ആവശ്യമായ പ്രസ്തുത പ്രവർത്തനമാണ്.

214. സുപ്രീം കോടതിയിൽ നിയമപരമായ അപ്പീലുകൾ നേരിട്ട് നൽകുന്നതിന് ഇതിനു ഒരവസാനവുമില്ല. അധിക ട്രിബുണലൈസേഷൻ കാരണം നിയമപരമായ അപ്പീൽ വകുപ്പുകൾ ഉൾപ്പെടുത്തിയിരിക്കുന്നു 'ജുഡീഷ്യൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ് ' ഏറ്റെടുക്കാതെ. അവസാനമായി, NCLAT തീരുമാനിച്ച നൂറുകണക്കിന് കേസുകൾ ഉണ്ട് മറ്റു ട്രിബുണലുകളാൽ ഉള്ള ആയിരക്കണക്കിനു കേസുകൾ ഈ കോടതിയിൽ പരിഗണയ്ക്കായി ഉണ്ട്.

215. ഈ കോടതിയിൽ എത്തുന്നവയുടെ തർക്കങ്ങളുടെ തരം നിലനിൽക്കുന്ന വിധത്തിൽ ഈ രാജ്യം നീങ്ങുന്നുവെന്നത് ശ്രദ്ധിക്കണം. ഒരു സംവിധാനവും ഒന്നുമില്ലായ്മയിൽ രൂപീകരിക്കാൻ കഴിയില്ല നമ്മുടെ ഉൾപ്പെടെ. കൂടുതൽ ട്രിബുണലുകൾ സ്ഥാപിച്ചത് മൂലം വ്യവസായവൽക്കരണം കൂടുകയേ ഉള്ളൂ. സാധാരണ കോടതികളിൽ മാത്രമുള്ള സ്ഥിരമായ ക്രിമിനൽ അല്ലെങ്കിൽ സിവിൽ കാര്യങ്ങളിൽ അല്ലാതെ ട്രിബുണലുകളിലുള്ള കാര്യങ്ങൾ മിക്കവാറും സങ്കീർണ്ണവും വാണിജ്യപരവുമാണ്.

216. ഇതിന്റെ വെളിച്ചത്തിൽ നിയമപരമായ അപ്പീലുകൾക്കായി സുപ്രീം കോടതിക്ക് നേരിട്ടും ഉദാരമായും അപ്പീൽ നൽകുന്നതിനുള്ള വ്യവസ്ഥകൾ കോടതിയെ താഴ്ത്തിക്കെട്ടുന്നതിനും അതിന്റെ ഭരണഘടനാപരമായ ലക്ഷ്യത്തെ തടസ്സപ്പെടുത്തുന്നതിനുള്ള അനിവാര്യത ഉയർത്തുകയും ചെയ്യുന്നു. കൂടാതെ, ട്രൈബ്യൂണലുകളുടെ ഉത്തരവുകൾക്കെതിരെ ഈ കോടതിയിൽ നിയമാനുസൃത അപ്പീലുകൾ നൽകുന്നത് ട്രൈബ്യൂണലൈസേഷന്റെ സത്തയെ ദുർബലപ്പെടുത്തുന്നു. സങ്കീർണ്ണമായ നടപടിക്രമങ്ങളും ഹൈക്കോടതികളുടെ വൈദഗ്ദ്ധ്യത്തിന്റെ (സ്പെഷലൈസേഷന്റെ) അഭാവം മൂലവും നീതി വിതരണം ചെയ്യുന്നതിനുള്ള സാധാരണ രീതിക്ക് ഒരു ബദൽ നൽകേണ്ടതുണ്ടെന്ന് ഒരു വശത്ത് പറയുമ്പോൾ, അതേ വീതിയിൽ യഥാർത്ഥ വ്യവസ്ഥയിലെ അവസാന കോടതിയിലേക്ക്, നിയപരമായ അപ്പീലുകളും നൽകുന്നത് യുക്തിസഹമല്ല.

217. പതിവ് കാര്യങ്ങൾ കേൾക്കാൻ ഹൈക്കോടതികൾക്ക് അസൗകര്യമുണ്ടെങ്കിൽ, അപ്പീൽ അധികാരപരിധിയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഈ കോടതി കൂടുതൽ മികച്ചതായിരിക്കുമെന്ന് ന്യായീകരിക്കാനാവില്ല. അന്തിമത ഒരു തത്വമെന്ന നിലയിൽ

പ്രോൽസാഹിപ്പിക്കുകയും കൂടാതെ നിയമാനുസൃതമായ അപ്പീലുകൾ സുപ്രീംകോടതിയിൽ നൽകുകയും ചെയ്യുന്നത് അതിനെ തുരങ്കം വെയ്ക്കുന്നു. പകരം, ഈ കോടതിയിൽ എത്താതെ ട്രൈബ്യൂണലുകളുടെയോ ഹൈക്കോടതികളുടെയോ തീരുമാനങ്ങൾ അന്തിമത ആർജിച്ചാൽ പ്രകടമായ ഒരു ദോഷവും ഉണ്ടാകില്ല.

218. യൂണിയൻ ഓഫ് ഇൻഡ്യയിലെ സായുധ സേന ട്രൈബ്യൂണലുകൾ v. മേജർ ജനറൽ ശ്രീകാന്ത് ശർമ്മ എന്ന കേസിൽ കുറിച്ച പ്രകാരം, ഈ കോടതിയിലേക്ക് ട്രൈബ്യൂണലുകളിൽ നിന്ന് നേരിട്ട് അപ്പീൽ നൽകുന്നത് നിയമത്തിലെ ഒരു ദ്വൈതാവസ്ഥയ്ക്ക് ഒന്നു കൂടി കാരണമാവുന്നു. രണ്ടംഗ ജഡ്ജിമാരുടെ ബെഞ്ച് താഴെ പറയുന്ന പ്രകാരം വീക്ഷിച്ചു:

"അപാകതാ സാഹചര്യത്തിന്റെ സാധ്യത"

42. നിയമത്തിന്റെ പ്രവർത്തന സംവിധാനങ്ങളെ മറികടന്ന് ഉദാഹരണം വകുപ്പ് 30, 31 എന്നിവ, നിയമത്തിന്റെ വകുപ്പ് 14 അല്ലെങ്കിൽ വകുപ്പ് 15 പ്രകാരം സായുധ സേന ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 226 പ്രകാരമുള്ള അപേക്ഷ ഹൈക്കോടതി പരിഗണിക്കുകയാണെങ്കിൽ (സ്വീകരിക്കുകയാണെങ്കിൽ) ഈ കോടതിയിൽ നിന്ന് ആശ്വാസത്തിനായി അഭ്യർത്ഥന നടത്തുന്നതിൽ ദുരിതമനുഭവിക്കുന്ന വ്യക്തിക്ക് അപാകതാ സാഹചര്യമുണ്ടാവാനുള്ള സാധ്യതയുണ്ട്.

43. നിയമത്തിലെ വകുപ്പ് 31 പ്രകാരം ലഭിച്ച അനുമതിക്കു വിധേയമായി ഈ കോടതിയിൽ അപ്പീൽ നൽകാൻ വകുപ്പ് 30 വ്യവസ്ഥ ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 136 ഖണ്ഡം (2) പ്രകാരം, അനുച്ഛേദം 136 പ്രകാരം ഈ കോടതിയുടെ അപ്പീൽ അധികാരപരിധി സായുധസേനാ നിയമത്തിലോ അതുപ്രകാരമോ നിർമ്മിക്കപ്പെട്ട ഏതെങ്കിലും കോടതി അല്ലെങ്കിൽ ട്രൈബ്യൂണൽ പുറപ്പെടുവിച്ചതോ / പാസാക്കുകയോ / നിർമ്മിച്ചതോ ആയ ഏതെങ്കിലും വിധി, നിർണ്ണയം, ശിക്ഷ അല്ലെങ്കിൽ ഉത്തരവ് എന്നിവയുമായി ബന്ധപ്പെട്ട് ഒഴിവാക്കപ്പെട്ടിരിക്കുന്നു. ട്രൈബ്യൂണലിന്റെ ഉത്തരവിനാൽ ദുരിതമനുഭവിക്കുന്ന ആരെങ്കിലും അനുച്ഛേദം 226 പ്രകാരം ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി ഹരജി പരിഗണിക്കുകയും ഒരു വിധിന്യായമോ ഉത്തരവോ പുറപ്പെടുവിക്കുകയും ചെയ്താൽ സായുധസേനാ ട്രൈബ്യൂണലും ഹൈക്കോടതിയും പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളിലും ദുരിതമനുഭവിക്കുന്ന വ്യക്തിയ്ക്ക് ഒരു സംയുക്ത അപ്പീലിൽ രണ്ട് ഉത്തരവുകളെയും ചോദ്യം ചെയ്യാൻ കഴിയില്ല. ദുരിതമനുഭവിക്കുന്ന വ്യക്തിക്ക് ഹൈക്കോടതി

പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ ഭരണഘടനയുടെ അനുച്ഛേദം 136 പ്രകാരം അപ്പീൽ അനുമതിക്കായി അപേക്ഷ നൽകാം പക്ഷേ, അനുച്ഛേദം 136 ഖണ്ഡം (2) പ്രകാരമുള്ള അധികാരപരിധി നിരോധനം കണക്കിലെടുക്കുമ്പോൾ, ഈ കോടതിക്ക് സായുധസേനാ ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ അപ്പീൽ പരിഗണിക്കാനാവില്ല. ഒരിക്കൽ, സായുധസേനാ ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ഭരണഘടനയുടെ അനുച്ഛേദം 226 പ്രകാരം ഒരു ഹരജി ഹൈക്കോടതി പരിഗണിക്കുകയും വിഷയം തീരുമാനിക്കുകയും ചെയ്താൽ ഹൈക്കോടതിയെ സമീപിച്ച വ്യക്തിക്ക് വകുപ്പ് 31 പ്രകാരമുള്ള അനുമതിയോടെ വകുപ്പ് 30 പ്രകാരം അപ്പീൽ സമർപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെടും.

നിയമത്തിന്റെ 30 r/w 31 വകുപ്പുകൾ പ്രകാരവും ഭരണഘടനയുടെ 226 പ്രകാരവും ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്യാൻ സാധ്യമല്ല എന്നതുകൊണ്ട്. അതുവഴി, അപാകതയുണ്ടാവാനുള്ള സാധ്യതയുണ്ട്. അതിനാൽ, മുകളിൽ സൂചിപ്പിച്ചതുപോലെ, ഇന്ത്യൻ ഭരണഘടന അനുച്ഛേദം 141 പ്രകാരം ഹൈക്കോടതിക്ക് ബാധകമായതും, ദുരിതമനുഭവിക്കുന്ന വ്യക്തിക്ക് സായുധസേനാ ട്രൈബ്യൂണൽ നിയമത്തിന്റെ വകുപ്പ് 30 r/w 31 പ്രകാരമുള്ള പ്രയോജനം നേടാൻ അനുവദിക്കുന്നതുമായ ഈ കോടതി നിർദ്ദേശിച്ചിട്ടുള്ള നിയമപ്രകാരം ഹൈക്കോടതി പ്രവർത്തിക്കുന്നത് എല്ലായ്പ്പോഴും അഭികാമ്യമാണ്.

44. ഹൈക്കോടതി (ഡൽഹി ഹൈക്കോടതി) ഭരണഘടനയുടെ അനുച്ഛേദം 226 പ്രകാരം റിട്ട് ഹരജി പരിഗണിക്കുമ്പോൾ നിയമത്തിലെ 30, 31 വകുപ്പുകൾ പ്രകാരമുള്ള പ്രവർത്തന സംവിധാനത്തെ മറികടന്നു. എന്നിരുന്നാലും ആന്ധ്രാപ്രദേശ് ഹൈക്കോടതിയും, അലഹബാദ് ഹൈക്കോടതിയും അനുച്ഛേദം 226 പ്രകാരമുള്ള ..... പരിഗണിച്ചിട്ടില്ല..... കൂടാതെ റിട്ട് അപേക്ഷകരോട് നിയമത്തിലെ 30, 31 വകുപ്പുകൾ പ്രകാരം ആശ്രയം തേടണമെന്ന് നിർദ്ദേശിച്ചതായി നിയമം, മുകളിൽ സൂചിപ്പിച്ചതുപോലെ, ഹൈക്കോടതിക്ക് ബാധകമാവുന്നതിനാൽ, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 226 ഹരജി പരിഗണിക്കുന്നതിൽ ഡൽഹി ഹൈക്കോടതിയെ ന്യായീകരിക്കുന്നില്ലെന്ന് ഈ കോടതി കരുതുന്നു."

219. **എൽ. ചന്ദ്രകുമാർ** (മേൽപറഞ്ഞ) **കേസിൽ** ഏഴംഗ ജഡ്ജിമാരുടെ ഭരണഘടനാ ബെഞ്ച്, അനുച്ഛേദം 226 പ്രകാരം ഹൈക്കോടതികൾക്ക് നടപ്പാക്കാവുന്ന ജുഡീഷ്യൽ അവലോകനത്തിന്റെ അധികാരത്തിൽ മാറ്റവരുത്തുന്നതിന്റെ അനുവദനീയത സുദീർഘമായി

തന്നെ പരിഗണിച്ചു. ഭരണഘടനയുടെ അനുച്ഛേദം 323 എ അല്ലെങ്കിൽ 323 ബി പ്രകാരം സ്ഥാപിതമായ ട്രൈബ്യൂണലുകൾ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ഹൈക്കോടതികളുടെ റിട്ട് അധികാരപരിധിക്ക് അനുസൃതമായിരിക്കണമെന്ന് ആധികാരികമായി വിലയിരുത്തി. എന്നിരുന്നാലും, പാർലമെന്റ് പ്രകടിപ്പിച്ച ദ്രുതഗതിയിലുള്ള തീർപ്പാക്കൽ സുഗമമാക്കുന്നതിനുള്ള ഉദ്ദേശത്തെ മാനിക്കാനുള്ള ശ്രമത്തിലാണ് ഈ കോടതി, കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകളുടെ അത്തരം ഉത്തരവുകൾ അനുച്ഛേദം 226 പ്രകാരം ചോദ്യം ചെയ്യപ്പെട്ടാൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് കേൾക്കണമെന്ന് നിർദ്ദേശിച്ചത്. ഈ കോടതി ഇപ്രകാരം നിലപാടെടുത്തു:-

"91. ട്രൈബ്യൂണലുകൾക്ക് മുമ്പിലുള്ള കേസുകൾ നന്നായി കൈകാര്യം ചെയ്യുന്നതിലും അവ നീതി നടപ്പാക്കുന്ന രീതിയും വളരെ അഭിലഷണീയമാണെന്ന് ഈ കോടതിക്കു മുമ്പിൽ വാദിച്ചു. മാത്രമല്ല, മാതൃ ചട്ടങ്ങളിൽ നൽകിയിരിക്കുന്ന പ്രതിവിധി വഴി ഭരണഘടനയുടെ അനുച്ഛേദം 136 പ്രകാരമുള്ള പ്രത്യേക അനുമതി മുഖേനയുള്ള അപ്പീൽ വിലയേറിയതും അപ്രാപ്യവും, യാഥാർത്ഥ്യമോ ആകാൻ കഴിയാത്തതുമാണ്. കൂടാതെ അത്തരമൊരു പ്രതിവിധി നൽകുന്നതിന്റെ ഫലമായി, താരതമ്യേന നിസ്സാരമായ കാരണങ്ങളാൽ ചോദ്യം ചെയ്യപ്പെടുന്ന ട്രൈബ്യൂണലുകളുടെ തീരുമാനങ്ങളാൽ സുപ്രീംകോടതിയുടെ പങ്ക് നിർവഹിക്കാൻ അത് നിർബന്ധിതമാകുന്നു. ഭരണഘടനയുടെ അനുച്ഛേദം 227 പ്രകാരം ട്രൈബ്യൂണലുകളുടെ തീരുമാനങ്ങളിൽ ജുഡീഷ്യൽ മേൽനോട്ടം പ്രയോഗിക്കാൻ ഹൈക്കോടതികൾക്ക് കഴിയുമെന്ന് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ഞങ്ങൾ ഇതിനകം ഊന്നിപ്പറഞ്ഞു. ആർ.കെ. ജെയിൻ കേസിൽ [(1993) 4 SCC 1993 (L & S) 1128; (1993) 25 ATC 464] ഈ വസ്തുതകൾ ശ്രദ്ധിച്ചശേഷം, നിയമപ്രശ്നങ്ങളിൽ ട്രൈബ്യൂണലിൽ നിന്ന് ട്രൈബ്യൂണൽ അധികാരപരിധിയുള്ള ഒരു ഹൈക്കോടതി ഡിവിഷൻ ബെഞ്ചിലേക്ക് അപ്പീൽ നൽകുവാനുള്ള സാധ്യത പിന്തുടരേണ്ടതാണെന്ന് നിർദ്ദേശിച്ചു. നിർദ്ദേശത്തിന് അനുസൃതമായി ഒരു തുടർനടപടിയും എടുത്തുട്ടില്ലെന്ന് തോന്നുന്നു. അത്തരമൊരു നടപടി കാര്യങ്ങളെ ഗണ്യമായി മെച്ചപ്പെടുത്തുമായിരുന്നു. മേൽപറഞ്ഞ രണ്ട് വാദങ്ങളും കണക്കിലെടുക്കുമ്പോൾ, ഭരണഘടനയുടെ അനുച്ഛേദം 323 -എ അല്ലെങ്കിൽ അനുച്ഛേദം 323 -ബി അനുസരിച്ച് സൃഷ്ടിക്കപ്പെട്ട ട്രൈബ്യൂണലുകളുടെ എല്ലാ തീരുമാനങ്ങളും ഭരണഘടനയുടെ അനുച്ഛേദം 226/227 പ്രകാരം ഏത് ഹൈക്കോടതിയുടെ അധികാരപരിധിയിലാണ് പ്രസ്തുത ട്രൈബ്യൂണൽ വരുന്നത് ആ

ഹൈക്കോടതിയുടെ റിട്ട് അധികാരപരിധിക്ക് വിധേയമാകുമെന്ന് ഈ കോടതി നിലപാടെടുത്തു."

220. എൽ. ചന്ദ്രകുമാർ (മുൻപ് പറഞ്ഞ) കേസിലാണ് അനുച്ഛേദം 226 പ്രകാരം ഹൈക്കോടതികളുടെ റിട്ട് അധികാരപരിധി പ്രത്യക്ഷത്തിലോ പരോക്ഷമായോ സൈനിക അല്ലെങ്കിൽ സായുധസേനകളെകുറിച്ചുള്ള തർക്കങ്ങളിൽ പരിമിതപ്പെടുത്തുന്നില്ലെന്ന് വ്യക്തമാക്കുന്നത്. അനുച്ഛേദം 227 (4) നടത്തിയ പരിമിതമായ പുറത്താക്കൽ ഹൈക്കോടതിയുടെ ഭരണപരമായ മേൽനോട്ടം മാത്രമാണ് നടത്തുന്നത്, ജുഡീഷ്യൽ അവലോകനമല്ല. അനുച്ഛേദം 136(2) സായുധസേന ട്രൈബ്യൂണലുകളുടെ ഒരു ഉത്തരവിൽ നിന്ന് സുപ്രീം കോടതിയിൽ നേരിട്ട് അപ്പീൽ ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു. എന്നാൽ അനുച്ഛേദം 226 പ്രകാരം ഹൈക്കോടതി നടത്തിയ ജുഡീഷ്യൽ അവലോകനത്തിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നത് നിരോധിക്കില്ല.

221. എന്നിരുന്നാലും, യുണൈറ്റഡ് സ്റ്റേറ്റ്സിൽ പരിണമിച്ച 'റഗുലേറ്ററി ഡിഫറൻസ്" എന്ന ആശയത്തിന് സമാനമായ ജുഡീഷ്യൽ അവലോകനത്തിനുള്ള അധികാരങ്ങൾ നിയന്ത്രിതമായും പരിമിതമായ കാരണങ്ങളാലും ഹൈക്കോടതികൾ ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. അത്തരമൊരു ആവശ്യം മഫത്ത്ലാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് v. യൂണിയൻ ഓഫ് ഇൻഡ്യ കേസിലെ താഴെ പറയുന്ന നിലപാടെടുത്ത ഒമ്പതംഗ ജഡ്ജിമാരുടെ ബെഞ്ചും ശ്രദ്ധിച്ചു:

> "..... അനുച്ഛേദം 226 ന് കീഴിലുള്ള ഹൈക്കോടതികളുടെ അനുച്ഛേദം 32 പ്രകാരമുള്ള ഈ കോടതിയുടെയും അധികാരപരിധി ഈ നിയമങ്ങളിലെ വ്യവസ്ഥകളാൽ ഒഴുക്കി നിർത്താൻ കഴിയില്ലെങ്കിലും, ഈ നിയമങ്ങളുടെ വ്യവസ്ഥകളിൽ തെളിയുന്ന നിയമനിർമ്മാണ ഉദ്ദേശത്തെ തീർച്ചയായും മാനിച്ച്, നിയമങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അവരുടെ അധികാരപരിധി നടപ്പിലാക്കും. റിട്ട് അപേക്ഷ വകുപ്പ് 11-ബി യിലെ വ്യവസ്ഥകൾക്കനുസൃതമായി പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്യും. അനുച്ഛേദം 226 പ്രകാരമുള്ള അധികാരം നിയമവാഴ്ച പ്രാബല്യത്തിൽ വരുത്തുന്നതിന് വേണ്ടിയാണെന്നും അത് റദ്ദാക്കാനല്ലെന്നതും ഇതിന് കാരണമാണ്."

222. അനുച്ഛേദം 226 പ്രകാരമുള്ള അധികാരപരിധി, അടിസ്ഥാനഘടനയുടെ ഭാഗമായതിനാൽ, അതിന് ഹാനിവരുത്താനോ നേർപ്പിക്കാനോ കഴിയില്ല. പകരം, അത് തീഷ്ണതയോടെ പരിരക്ഷിക്ക പ്പെടേണ്ടതുണ്ട്. കൂടാതെ അത് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളാൽ പ്രസ്തുത വ്യവസ്ഥകൾ

തർക്കങ്ങളുടെ വേഗത്തിലുള്ള തീർപ്പിനും വേഗത്തിലുള്ള അന്തിമ തീർപ്പാക്കലിനും വേണ്ടി രൂപപ്പെടുത്തയതാണെങ്കിൽ പോലും ഒതുക്കി നിർത്താനാവില്ല. മാത്രമല്ല, അപ്പീലിന്റെ ഇതരവേദികളായി മാറുന്നില്ലെന്ന് ഉറപ്പുവരുത്താൻ അത്തരം അധികാരം അവർ മിതമായി വിനിയോഗിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാൻ ഹൈക്കോടതികൾക്ക് ബോധമുണ്ട്. അനുച്ഛേദം 226 പ്രകാരമുള്ള അധികാരപരിധി ഒഴിവാക്കാനാവില്ല എന്ന് ആവർത്തിച്ചുകൊണ്ട് '**സംഗ്രാം സിംഗ് v. തിരഞ്ഞെടുപ്പ് ട്രൈബ്യൂണൽ**' എന്ന കേസിൽ അഞ്ചംഗ ജഡ്ജിമാരുടെ ബെഞ്ച് അത്തരം അധികാരം പ്രയോഗിക്കുന്നതിന് ചില മാർഗനിർദ്ദേശങ്ങൾ നൽകി:

"13. അനുച്ഛേദം 226, 136 എന്നിവ ഹൈക്കോടതികൾക്കും ഈ കോടതിക്കും നൽകുന്ന അധികാരപരിധി ട്രൈബ്യൂണലുകളുടെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടോ എന്നതു കാണാൻ അവയുടെ എല്ലാ തീരുമാനങ്ങളും പരിശോധിക്കാനുള്ള അവകാശം നൽകുന്നു. നിയമവിരുദ്ധമായി പ്രവർത്തിക്കാൻ ഒരു ട്രൈബ്യൂണലിന് അധികാരം നൽകാൻ ഉദ്ദേശിക്കുകയും അവ തിരഞ്ഞെടുക്കുന്ന നിമിഷം തന്നെ അവയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയമപരമാക്കുന്ന നിയമം നടപ്പാക്കുന്ന ഒരു നിയമനിർമ്മാണ ഉപകരണത്തിന് ആ അധികാരപരിധി എടുത്തുമാറ്റാൻ കഴിയില്ല. ഒരു പ്രവൃത്തിയുടെയോ നിഗമനത്തിന്റെയോ നിയമസാധുത ഒരു കീഴ് ട്രൈബ്യൂണലിന്റെ തീരുമാനത്തിനു പുറത്തും മാറിയും നിലനിൽക്കുന്ന ഒന്നാണ്. പരിമിതമായ അധികാരപരിധിയിലുള്ള ഏതെങ്കിലും ട്രൈബ്യൂണലിന് അന്തിമമായി നിർണ്ണയിക്കാനോ മാറ്റം വരുത്താനോ കഴിയാത്ത രാജ്യ നിയമത്തിന്റെ ഭാഗമാണിത്. മറ്റെല്ലാ കോടതികൾക്കും ട്രൈബ്യൂണലുകൾക്കും സംബന്ധിച്ച് രാജ്യത്തിന്റെ നിയമം എന്താണെന്ന് നിർണ്ണയിക്കാൻ ഹൈക്കോടതികൾക്കും സുപ്രീംകോടതിക്കും മാത്രമേ കഴിയൂ. കൂടാതെ എന്താണ് നിയമപരവും അല്ലാത്തതും എന്ന് പ്രഖ്യാപിക്കാനുള്ള അധികാരവും തീർപ്പും അവർക്ക് മാത്രമേ ഉള്ളൂ. അനുച്ഛേദം 226, 136 എന്നിവ പ്രകാരം അവലോകനത്തിന് വിധേയമായ ഒരു താൽക്കാലിക നിഗമനത്തിലെത്തുക എന്നതാണ് ഒരു കീഴ് ട്രൈബ്യൂണലിന് ചെയ്യാനാകുന്നത്. അതിനാൽ അനുച്ഛേദം 226 പ്രകാരം ഹൈക്കോടതികൾക്കുള്ള അധികാരപരിധിയിൻ മേൽ സുപ്രീംകോടതിയുടെ അധികാരപരിധി വകുപ്പ് 105 ഉണ്ടെന്നിരിക്കിലും പരിപൂർണ്ണമാണ്."

223. സുപ്രീംകോടതിയിൽ നേരിട്ട് അപ്പീൽ നൽകുന്ന വ്യവസ്ഥകളിൽ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിന് നിയമസഭയ്ക്ക് ആവശ്യമുള്ള സഹായം നൽകിയിട്ടില്ലെന്ന് വ്യക്തമാണ്.

ഇത്തരം നേരിട്ടുള്ള അപ്പീലുകൾ ഈ കോടതിയുടെ ഭരണഘടന ചുമതലകൾ നിർവഹിക്കുന്നതിൽ ഗുരുതരമായ തടസമായിത്തീർന്നിരിക്കുന്നുവെന്നും, പൗരന്മാർക്ക് നീതിലഭ്യമാക്കുന്നതിനെ ബാധിക്കുന്നു എന്നും കണക്കിലെടുക്കുമ്പോൾ, യൂണിയൻ ഓഫ് ഇൻഡ്യ, ലോ കമ്മീഷനുമായോ മറ്റേതെങ്കിലും വിദഗ്ദസമിതിയുമായോ കൂടിയാലോചിച്ച് ട്രൈബ്യൂണലിന്റെ ഉത്തരവുകൾക്കെതിരെ സുപ്രീം കോടതിയിൽ നേരിട്ട് അപ്പീലിനു പോകുന്ന വിവിധ നിയമങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പുന:പരിശോധിക്കുകയും, പകരം ആവശ്യമെങ്കിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചുകൾക്ക് അപ്പീൽ നൽകുന്നത് സാധ്യമാക്കേണ്ടതുമാണ്. അങ്ങനെ ചെയ്യുന്നത് അനേകം നേട്ടങ്ങൾ ഉണ്ടാക്കും. ഈ കോടതിയുടെ വർദ്ധിക്കുന്ന നീതിപ്രാപ്തമാവൽ കൂടാതെ കൂടുതൽ ഫലപ്രദമായ ഭരണഘടനാ വിധിന്യായത്തിനു പുറമേ, നിയമത്തിലെ സമകാലിക പരിണാമങ്ങളെ അഭിമുഖികരിക്കാൻ ഹൈക്കോടതി ജഡ്ജിമാർക്ക് ഇത് ഒരു പാതയൊരുക്കും, അതിനാൽ അവർ ഈ കോടതിയിൽ വരുന്നതിനുമുമ്പ് മതിയായ അനുഭവത്തിലൂടെ അവരെ പോഷിപ്പിക്കും. പരമാവധി ആറ് മാസത്തിനുള്ളിൽ യൂണിയൻ അത്തരമൊരു ഉദ്യമം വേഗത്തിൽ നടത്തി, കണ്ടെത്തലുകൾ ഉചിതമായ നടപടികൾക്കായി പാർലമെന്റിന്റെ മുമ്പാകെ വയ്ക്കാൻ ഈ കോടതി നിർദ്ദേശിക്കുന്നു.

പ്രശ്നം VIII: നിലവിലുള്ള ട്രൈബ്യൂണലുകളുടെ സംയോജനവും ബെഞ്ചുകൾ സജ്ജീകരിക്കുന്നതും ആവശ്യമാണോ?

224. നിലവിലുള്ള എല്ലാ ട്രൈബ്യൂണലുകളുടെയും ഒരു 'നീതി പ്രഭാവം വിലയിരുത്തൽ' തേടുമ്പോൾ, അപേക്ഷകർ/ അപ്പീൽ കക്ഷികൾ എന്നിവരുടെ അഭിഭാഷകർ CESTAT, ITAT മുതലായ ട്രൈബ്യൂണലുകൾക്കു മുമ്പിലുള്ള ഭീമമായ കേസുകൾ തീർപ്പാവാതെ കെട്ടിക്കിടക്കുന്നത് അടിവരയിട്ടു പറഞ്ഞു. ഇത് ട്രൈബ്യൂണലൈസേഷന്റെ ലക്ഷ്യത്തെ തന്നെ ബാധിക്കുന്നുവെന്ന് അവർ അവകാശപ്പെടുന്നു. മറുവശത്ത്, അനേകം ട്രൈബ്യൂണലുകൾ ഏതെങ്കിലും കാര്യങ്ങൾ പിടിച്ചെടുക്കാത്തതും ഒരു സ്ഥലത്ത് മാത്രമായി സ്ഥിതിചെയ്യുന്നതിലുള്ള അനൗചിത്യം അവർ ഉയർത്തിക്കാട്ടുന്നു.

225. മദ്രാസ് ബാർ അസോസിയേഷൻ (2014) (മുൻപ് പറഞ്ഞ) ഉൾപ്പെടെ നിരവധി സന്ദർഭങ്ങളിൽ ഈ കോടതി സൂചിപ്പിച്ചതുപോലെ, നിലവിലുള്ള കോടതികളുടെ പ്രവർത്തനത്തിന് അനുബന്ധമായി തർക്ക പരിഹാരത്തിനായി ബദൽ മാർഗങ്ങൾ സ്ഥാപിക്കുന്നത് നിയമസഭയുടെ

സവിശേഷാധികാരമാണെങ്കിലും, അത്തരം സംവിധാനങ്ങൾ ഒരുപോലെ ഫലപ്രദവും, യോഗ്യതയുള്ളതും പ്രാപ്യമായതും ആക്കേണ്ടത് അത്യാവശ്യമാണ്. ഹൈക്കോടതികളുടെയും ജില്ലാ കോടതികളുടെയും അധികാരപരിധി ട്രൈബ്യൂണലുകളുടെ രൂപീകരണത്തെ ബാധിക്കുന്നതിനാൽ, ട്രൈബ്യൂണലുകളുടെ ബെഞ്ചുകൾ രാജ്യത്തുടനീളം സ്ഥാപിക്കേണ്ടതുണ്ട്. എന്നിരുന്നാലും കേസുകളുടെ എണ്ണക്കുറവ് ഈ ട്രൈബ്യൂണലുകളിൽ പലതിലും ഒന്നിലധികം ബെഞ്ചുകൾ സ്ഥാപിക്കുന്നതിനാവശ്യമായ കേസുകളുടെ നിർണ്ണായക പിണ്ഡമില്ല. മറുവശത്ത്, മറ്റ് ട്രൈബ്യൂണലുകൾ വിഭവങ്ങൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടി സമ്മർദ്ദം ചെലുത്തുന്നുവെന്ന് വ്യക്തമാണ്.

226. കേസുകളുടെ ഭാരത്തിന്റെ വിതരണത്തിലെ ഈ 'അസന്തുലിതാവസ്ഥ', ട്രൈബ്യൂണലുകളിലെ സ്വഭാവം, സ്ഥാനം, പ്രവർത്തനം എന്നിവയിലെ പൊരുത്തക്കേടുകൾ എന്നിവയിൽ അടിയന്തിര ശ്രദ്ധ ആവശ്യമാണ്. നേരത്തെ നിർദ്ദേശിച്ചതുപോലെ ഒരു നീതി പ്രഭാവ വിലയിരുത്തൽ നടത്തിയശേഷം, അത്തരം 'അനുയോജ്യ' ട്രൈബ്യൂണലുകൾ സമാനമായ നിയമ മേഖലകൾ കൈകാര്യം ചെയ്യുന്ന മറ്റുള്ളവരുമായി സംയോജിപ്പിച്ച് വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതും നീതി ലഭ്യമാക്കുന്നതിനെ സഹായിക്കുന്നതിനും അത്യാവശ്യമാണ്.

227. ഇന്ത്യൻ ലോ കമ്മീഷന്റെ 272-)o റിപ്പോർട്ടിലെ ശുപാർശക്ക് അനുസൃതമായി നീതി പ്രഭാവ വിലയിരുത്തൽ നടത്തിയശേഷം, നിലവിലുള്ള ട്രൈബ്യൂണലുകളുടെ കേസ് ഭാരവും വിഷയത്തിന്റെ പൊതുവായ സ്വഭാവവും ആശ്രയിച്ച് അവ യുക്തിസഹമാക്കാനും സംയോജിപ്പിക്കാനും ഈ കോടതി യൂണിയനോട് നിർദ്ദേശിക്കുന്നു. കൂടാതെ, എല്ലാ ട്രൈബ്യൂണലുകളുടെയും സർക്യൂട്ട് ബെഞ്ചുകൾ എല്ലാ പ്രധാന അധികാരപരിധിയിലുള്ള ഹൈക്കോടതികളുടെയും ഇരിപ്പിട സ്ഥാനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് യൂണിയൻ ഉറപ്പാക്കണം.

'ഉപസംഹാരം'

228. മേൽപറഞ്ഞ ചർച്ചകളുടെയും ഈ കോടതിയുടെ വിശകലനത്തിന്റെയും വെളിച്ചത്തിൽ, താഴെ പറയുന്ന നിലപാടെടുത്തു.

(i) ഭരണഘടനയുടെ അനുച്ഛേദം 110(1) പ്രകാരം നിർവചിച്ചിരിക്കുന്ന പണബില്ലിന്റെ പ്രശ്നവും

ചോദ്യവും, ധനകാര്യ നിയമം 2017 ലെ ഭാഗം XIV സംബന്ധിച്ച് ലോകസഭാ സ്പീക്കർ നൽകിയ സാക്ഷ്യപ്പെടുത്തലും ഒരു വലിയ ബെഞ്ചിന്റെ പരിഗണനയ്ക്കായി വയ്ക്കുന്നു.

(ii) 2017 ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 184 നിയമനിർമ്മാണ പ്രവർത്തനങ്ങളുടെ അമിതമായ അധികാര കൈമാറ്റത്തെ ബാധിക്കുന്നില്ല, കാരണം നിയുക്ത / അന്യതാധികാര നിയമനിർമ്മാണത്തിന് വഴി കാട്ടുന്നതിന് മതിയായ തത്വങ്ങൾ ഉണ്ട്. അതിൽ ഈ കോടതിയുടെ ബാധകമാവുന്ന വിധികളും ഉൾപ്പെടുന്നു.

(iii) ട്രൈബ്യൂണൽ, അപ്പീൽ ട്രൈബ്യൂണൽ മറ്റ് അധികാരികൾ (അംഗങ്ങളുടെ യോഗ്യതകൾ, അനുഭവപരിജ്ഞാനം, സേവനത്തിന്റെ മറ്റു വ്യവസ്ഥകൾ) 2017 ലെ ചട്ടങ്ങളിൽ നേരത്തെ നിരീക്ഷിച്ചതുപോലെ വിവിധ ബലഹീനതകളാൽ ക്ലേശിക്കുന്നു. 2017 ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 184 പ്രകാരം കേന്ദ്രസർക്കാർ രൂപപ്പെടുത്തിയ ഈ ചട്ടങ്ങൾ മാതൃനിയമത്തിനും, ഭരണഘടനയിൽ വിഭാവനം ചെയ്ത തത്വങ്ങൾക്കും വിരുദ്ധമാണ്. ഈ കോടതി വ്യാഖ്യാനിച്ചതിനാൽ മുഴുവനായും റദ്ദാക്കുന്നു.

(iv) ഈ കോടതി ആർ.കെ. ജെയിൻ (മുൻപ് പറഞ്ഞ), എൽ. ചന്ദ്രകുമാർ (മുൻപ് പറഞ്ഞ), മദ്രാസ് ബാർ അസോസിയേഷൻ (മുൻപ് പറഞ്ഞ), ഗുജറാത്ത് ഊർജ്ജ വികാസ് ലിമിറ്റഡ് (മുൻപ് പറഞ്ഞ) എന്നിവയിൽ വ്യക്തമാക്കിയ തത്വങ്ങൾക്കനുസൃതമായും കർശനമായി പാലിച്ചും ഈ വിധിന്യായത്തിന്റെ ആദ്യ ഭാഗത്തിൽ നടത്തിയ നിരീക്ഷണങ്ങൾക്കൊപ്പം വായിച്ച് ചട്ടങ്ങൾ പുനർനിർമ്മിക്കുന്നതിന് കേന്ദ്രസർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നു.

(v) കേന്ദ്രസർക്കാർ രൂപീകരിക്കേണ്ട പുതിയ ചട്ടങ്ങളുടെ ഗണം, വിവേചന രഹിതവും ഏകീകൃതമായ സേവന വ്യവസ്ഥകളും, ഉറപ്പുള്ള കാലാവധി ഉൾപ്പെടെ ഉറപ്പാക്കണം, കൂടാതെ വിരമിക്കലിനു ശേഷം നിയമിതരായ ചെയർപേഴ്സണും അംഗങ്ങളും, ബാർ അല്ലെങ്കിൽ മറ്റു വിദഗ്ദ തൊഴിലുകളിൽ നിന്നോ സേവനങ്ങളിൽ നിന്നോ നിയമിതരായ പ്രസ്തുത ആൾക്കാരും രണ്ട് വേറിട്ട വ്യത്യസ്തമായ ഏകതാന ഗണങ്ങളിൽപെടുന്നു എന്നത് മനസിൽ സൂക്ഷിക്കണം.

(vi) തുല്യ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം, സാഹചര്യങ്ങളിൽ നിയമാനുസൃത ട്രൈബ്യൂണലുകളിലെ പ്രീസൈഡിംഗ് ഓഫീസർമാർ അല്ലെങ്കിൽ സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ ഉള്ള ജഡ്ജിമാർക്ക് തുല്യമായ 'റാങ്ക്', 'പദവി' എന്നിവ കൈവശം വയ്ക്കാൻ പാടില്ല എന്ന പുതിയ ചട്ടങ്ങൾ രൂപീകരിക്കാൻ ഇത്

കേന്ദ്രസർക്കാറിന് അവസരം കൊടുക്കും.

(vii) ധനകാര്യ നിയമം 2017 പ്രകാരം പരാമർശിക്കുന്ന എല്ലാ ട്രൈബ്യൂണലുകൾക്കും, ധനകാര്യ നിയമം 2017 പ്രകാരം നൽകിയിട്ടുള്ള ട്രൈബ്യൂണലുകളുടെ ചട്ടക്കൂടിനുള്ള മാറ്റത്തിന്റെ പ്രഭാവം വിശകലനം ചെയ്യുന്നതിനായി ആവശ്യകത അടിസ്ഥാനമാക്കിയുള്ള 'നീതി പ്രഭാവ വിലയിരുത്തൽ' ആവശ്യമാണ്. അതിനാൽ, അത്തരം 'നീതി പ്രഭാവ വിലയിരുത്തൽ' നടപ്പാക്കുന്നതിനും കണ്ടെത്തലുകളുടെ ഫലം യോഗ്യതയുള്ള നിയമനിർമ്മാണ അധികാരിക്കു മുമ്പാകെ സമർപ്പിക്കുന്നതിനും നിയമ-നീതി മന്ത്രാലയത്തിന് ഒരു മണ്ടാമസ് റിട്ട് നൽകുന്നത് ഉചിതമാണെന്ന് ഈ കോടതി കാണുന്നു.

(viii) കേന്ദ്രസർക്കാർ ഇന്ത്യൻ ലോ കമ്മീഷനുമായോ മറ്റേതെങ്കിലും വിദഗ്ദസമിതിയുമായോ ആലോചിച്ച് ഈ ഉത്തരവിന്റെ 174-)o ഖണ്ഡികയിൽ പട്ടികപ്പെടുത്തിയിരിക്കുന്നതായ 2017 ലെ ധനകാര്യ നിയമം അല്ലെങ്കിൽ മറ്റു നിയമങ്ങൾ എന്നിവ പരാമർശിക്കുന്ന ചട്ടങ്ങളുടെ വ്യവസ്ഥകൾ വീണ്ടും പരിശോധിക്കുകയും ഉചിതമായ നിർദ്ദേശങ്ങൾ, ട്രൈബ്യൂണലുകളുടെ ഉത്തരവുകളിൽ നിന്ന് സുപ്രീംകോടതിയിൽ നേരിട്ടുള്ള അപ്പീലുകൾ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് പാർലമെന്റിന്റെ മുമ്പിൽ വയ്ക്കേണ്ടതാണ്. യൂണിയൻ ഓഫ് ഇന്ത്യ ഈ കാര്യത്തിൽ ആറുമാസത്തിൽ തീരുമാനമെടുക്കണം.

(ix) കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുടെ ആകതാനന പരീക്ഷ സ്വീകരിച്ചുകൊണ്ട് നിലവിലുള്ള ട്രൈബ്യൂണലുകളുടെ സംയോജനത്തിനും അതിനുശേഷം നിലവിലുള്ളതും പ്രതീക്ഷിക്കപ്പെടുന്നതുമായ ജോലിയുടെ അളവനുസരിച്ച് ആവശ്യമായ ബെഞ്ചുകളുടെ രൂപീകരണത്തിനും കേന്ദ്രസർക്കാർ ഉചിതമായി പ്രവർത്തിക്കുകയും വേണം.

'<u>ഇടക്കാല ആശ്വാസം</u>'

229. ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ മറ്റ് അധികാരികൾ (യോഗ്യത, അനുഭവം, അംഗങ്ങളുടെ സേവനത്തിന്റെ മറ്റ് വ്യവസ്ഥകൾ) ചട്ടങ്ങൾ, 2017 റദ്ദാക്കുകയും ഭ്രരിപക്ഷ വിധിന്യായത്തിൽ പുതിയ ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ, ഈ കോടതി, ഒരു ഇടക്കാല ഉത്തരവ് എന്ന നിലയിൽ, ട്രൈബ്യൂണൽ/ അപ്പീൽ ട്രൈബ്യൂണൽ എന്നിവയിലേക്കുള്ള നിയമനങ്ങളും നിയമന വ്യവസ്ഥകളും ധനകാര്യ നിയമം 2017 പ്രാബല്യത്തിൽ വരുന്നതിനു മുമ്പായി ഉണ്ടായിരുന്ന ചട്ടങ്ങൾ ക്രമീകൃതമാക്കണമെന്ന്

നിർദ്ദേശിക്കുന്നു. എന്നിരുന്നാലും ഭൂരിപക്ഷ വിധിന്യായത്തിന് അനുസൃതമായി പുതിയ ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം ഈ ഉത്തരവ് പരിഷ്കരിക്കാനാവശ്യപ്പെടാൻ യൂണിയൻ ഓഫ് ഇന്ത്യയെ അനുവദിച്ചിരിക്കുന്നു. എന്നിരുന്നാലും, ധനകാര്യ നിയമപ്രകാരം ശമ്പളത്തെയോ മറ്റ് ആനുകൂല്യങ്ങളോ അധികമായി നൽകിയിട്ടുണ്ടെങ്കിൽ, അവ പിൻവലിക്കപ്പെടില്ല, അവ തുടരും. എല്ലാ പുതിയ അംഗങ്ങൾക്കും ഇവ ഒരുപോലെ ബാധകമാണ്.

230. നിലവിലെ കാര്യങ്ങളുടെ കൂട്ടം അതനുസരിച്ച് തീർപ്പാക്കുന്നു.

231. ഉയർത്തിയ പ്രശ്നങ്ങൾ സമാനമായതിനാൽ 2012 ലെ 267 -)o നമ്പർ റിട്ട് അപേക്ഷയും (സിവിൽ) മേൽ പറഞ്ഞ നിബന്ധനകളിൽ തീർപ്പാക്കുന്നു.

..... (J)

[RANJAN GOGOI]

..... (J)

[N.V.RAMANA]

..... (J)

[DR.DHANANJAYA Y. CHANDRACHUD]

..... (J)

[DEEPAK GUPTA]

..... (J)

[SANJIV KHANNA]

ന്യൂഡൽഹി

നവംബർ 13, 2019.

ഭാരതത്തിന്റെ പരമോന്നത നീതിപീഠം

സിവിൽ അപ്പീൽ/ഒറിജിനൽ അധികാരപരിധി

സിവിൽ അപ്പീൽ നം. 8588/2019

(എസ്.എൽ.പി.(സി) നം.15804/2017 ൽ നിന്ന് ആവിർഭാവം)

റോജർ മാത്യു അപ്പീൽവാദി

vs.

സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

നെ പ്രതിനിധീകരിച്ച് ആയതിന്റെ

ചീഫ് മാനേജറും മറ്റുള്ളവരും എതിർകക്ഷികൾ

കൂടെ

റിട്ട് ഹരജി(സി) നം.279/2017

കൂടെ

റിട്ട് ഹരജി(സി) നം.558/2017

കൂടെ

റിട്ട് ഹരജി(സി) നം.561/2017

കൂടെ

റിട്ട് ഹരജി(സി) നം.625/2017

കൂടെ

റിട്ട് ഹരജി(സി) നം.640/2017

കൂടെ

റിട്ട് ഹരജി(സി) നം.1016/2017

കൂടെ

റിട്ട് ഹരജി(സി) നം.788/2017

കൂടെ

റിട്ട് ഹരജി(സി) നം.925/2017

കൂടെ

റിട്ട് ഹരജി(സി) നം.1098/2017

കൂടെ

റിട്ട് ഹരജി(സി) നം.1129/2017

കൂടെ

റിട്ട് ഹരജി(സി) നം.33/2018

കൂടെ
റിട്ട് ഹരജി(സി) നം.205/2018
കൂടെ
റിട്ട് ഹരജി(സി) നം.467/2018
കൂടെ
ട്രാൻസ്ഫർ കേസ്(സി) നം.49/2018
കൂടെ
ട്രാൻസ്ഫർ കേസ്(സി) നം.51/2018 ഉം
കൂടെ
ട്രാൻസ്ഫർ കേസ്(സി) നം.2199/2018

വിധിന്യായം

Dr. Dhananjaya Y. Chandrachud J.

സൂചിക

A ആമുഖം

A1. ടൈബ്യൂണൽ ഘടനയുടെ വെല്ലുവിളികൾ

. ആഗോള പ്രവണത

. പഴയതും പുതിയതും

. ഡൊമെയ്ൻ സവിശേഷത

. ത്വരിതപ്പെടുത്തൽ

. പ്രഭാവ നിർണ്ണയം

. സ്വതന്ത്രത/സ്വയാധികാരം

A2. ഇന്ത്യയിലെ ട്രിബ്യൂണൽവൽക്കരണത്തിന്റെ ഹ്രസ്വ ചരിത്രം.

A3. നിലവിലെ ചട്ടക്കൂടിന്റെ പോരായ്മകൾ

B. ഭരണഘടനാ ബെഞ്ചിലേക്കുള്ള റഫറൻസ്

C. മണി ബില്ലുകൾ

. സാധാരണ ബില്ലുകൾ, പണ ബില്ലുകളും, സാമ്പത്തിക ബില്ലുകളും

. പണ ബില്ലുകൾ : അനുഛേദം 110

. സ്പീക്കറുടെ സാക്ഷ്യപ്പെടുത്തൽ

. അന്തിമമെങ്കിലും നിർണായകമല്ല

. നടപടിക്രമത്തിന്റെയും മുഖ്യ നിയമവിരുദ്ധതയുടെയും കാര്യങ്ങൾ

D. പുട്ടസ്വാമി : സ്പീക്കറുടെ സാക്ഷ്യപത്രത്തിന്റെ ജുഡീഷ്യൽ റിവ്യൂ

E. രാജ്യസഭയുടെ പങ്ക്

. ദ്വിസഭാ സംവിധാനം

F. വെല്ലുവിളിയുടെ ഗുണങ്ങൾ/യോഗ്യതകൾ

F1. പണ ബില്ലായി പാസ്സാക്കൽ

F2. ഈകോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ ലംഘനം

F3. വേർപെടുത്തി അസാധുവാക്കൽ

G. ഉപസംഹാരം

A. ആമുഖം

A1. ടൈബ്യൂണൽ ഘടനയുടെ വെല്ലുവിളികൾ

ആഗോള പ്രവണത

1. നീതിയുടെ ടൈബ്യൂണൽവൽക്കരണത്തോടുള്ള ആഗോള പ്രവണതക്ക് ഇന്ത്യ ഒരു അപവാദമല്ല. ലോകമെമ്പാടും കാര്യ നിർവ്വഹണ, നീതിന്യായ മേഖലകളിൽ ടൈബ്യൂണലുകൾ രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ട്. ടൈബ്യൂണലുകൾ തർക്കങ്ങളുടെ വിധികർത്താക്കളായി വർത്തിക്കുന്നു. സാമൂഹിക, സാമ്പത്തിക ക്രമങ്ങളിലെ സങ്കീർണ്ണതകൾ ഉയർത്തുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ ആധുനിക സമൂഹങ്ങളെ നിയന്ത്രിക്കുന്ന പുതിയ നിയമ നിർമ്മാണം ഈ മുന്നേറ്റത്തിന് ഭാഗികമായി ഹേതുവായിട്ടുണ്ട്. സാമ്പത്തിക ശാസ്ത്രവുമായും സാങ്കേതിക വിദ്യയുമായുമുള്ള നിയമത്തിന്റെ ഇടപാട് സാമൂഹികവും സാംസ്കാരികവും ചരിത്രപരവുമായ സന്ദർഭങ്ങളാൾ രൂപപ്പെടുത്തപ്പെട്ടതാണ്. അവയിൽ മിക്കതും ഒരു പൊതുവായ നിയമ പാരമ്പര്യം നിയന്ത്രിക്കുന്ന സമൂഹങ്ങളുടെ അഭിലാഷ പാരസ്പര്യങ്ങളെ പ്രതിഫലിപ്പിച്ചേക്കുമെങ്കിലും, ടൈബ്യൂണലുകളിലൂടെയുള്ള അടുക്കടുക്കായുള്ള തീർപ്പുകൽപന ഉയർത്തിവിടുന്ന വെല്ലുവിളികൾ എല്ലാ സമൂഹത്തിനും പൊതുവാണെന്ന് അനുമാനിക്കുന്നത് വെറും ലളിതവത്കരണമായിപ്പോകും. ആയതിനാൽ, ട്രിബ്യൂണൽവൽക്കരണത്തിലേക്കുള്ള വളർന്നുവരുന്ന ഗതിയുടെ പ്രഭാവം വിശകലനം ചെയ്യുമ്പോൾ എല്ലാ സമൂഹത്തിനും പൊതുവായുള്ള ഒരു സവിശേഷത അത്തരം പല ആശങ്കകൾക്കും പൂരണം കണ്ടെത്താൻ നാം ശ്രമിക്കവേ ഉയർന്നുവന്നിട്ടുള്ള പ്രശ്ന സന്ദർഭങ്ങൾ മനസ്സാവഹിക്കേണ്ടത് പ്രധാനമാണ്. മറ്റു അധികാരപരിധികളിലുള്ള നീതിന്യായപരവും വൈജ്ഞാനികവുമായ കീഴ്വഴക്കമായിത്തീർന്ന

വിധികൾ, ഏതാണ് വിശിഷ്യാ നമുക്ക് സ്വന്തമെന്ന് നാം മനസ്സിലാക്കുന്നിടത്തോളം, ഒരു ഉപയോഗപ്രദമായ പരാമർശിക്കാവുന്ന വസ്തുതയെ പ്രദാനം ചെയ്യുന്നുണ്ട്. പഴയതും പുതിയതും.

2. കോടതികളും ട്രൈബ്യൂണലുകളും സൈദ്ധാന്തികമായി ആയിരിക്കേണ്ടതാണെങ്കിൽപോലും പലപ്പോഴും പ്രായോഗികതലത്തിൽ സഹകരണ സഖ്യകക്ഷികൾ അല്ലാതെയാണിരിക്കാറ്. സാമ്പ്രദായികമായി, നീതിന്യായ നിർവ്വഹണത്തിനു വേണ്ടി കോടതികളിലേക്ക് ഏൽപ്പിക്കപ്പെട്ടുകൊണ്ടിരുന്ന കേസുകൾ തീർപ്പാക്കാനുള്ള ചുമതല ട്രൈബ്യൂണലുകൾ ഏറ്റെടുത്തിട്ടുണ്ട്. പരമ്പരാഗതമായി കോടതികളുടെ മണ്ഡലമായ വ്യവഹാരം വർദ്ധിത ഘട്ടങ്ങളിൽ ട്രൈബ്യൂണലുകളുടെ തീർപ്പുകൽപ്പനാധികാരത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അതിനാൽ തന്നെ, തർക്കപരിഹാരത്തിന്റെ ആധികാരികമായ കൈമാറ്റം ട്രൈബ്യൂണലുകളിലേക്കായുണ്ട്. നിയമനിർമ്മാണത്തോടൊപ്പം ഇത് ട്രൈബ്യൂണലുകളെ ഏൽപ്പിക്കുന്നതിന്റെ അനന്യസാധാരണത്വം അംഗികരിക്കുന്നു. തന്നെയുമല്ല, തീർത്തും വ്യതിരിക്തമായ, അതിനാൽത്തന്നെ സാമ്പ്രദായിക കോടതികൾക്ക് പരിചിതമല്ലാത്ത പരമ്പരാഗത വ്യവഹാര രീതിയിലുള്ളതുമായ ഇനം വിഷയമേഘലകൾ കൈകാര്യം ചെയ്യാൻ പുതിയ ട്രൈബ്യൂണലുകൾ രൂപീകരിക്കപ്പെട്ടു.

അങ്ങനെ ട്രൈബ്യൂണലുകൾ നിയമ നിർമ്മാണ നയത്തിന്റെ ഭാഗമായി കോടതികളുടെ അധികാര പരിധി രൂപപ്പെടുത്തിയ വിഷയങ്ങൾ എടുത്തുമാറ്റുക മാത്രമല്ല, പരമ്പരാഗത കോടതി സംവിധാനത്തിന് പരിചയവും വൈദഗ്ധ്യവുമില്ലാതിരുന്ന മേഖലകളിൽ ഒരു പുതിയ വ്യവഹാരസംസ്കാരം പരിപോഷിപ്പിക്കുകയും ചെയ്തു. ആ അർത്ഥത്തിൽ ട്രൈബ്യൂണൽ വൽക്കരണം പഴയതിന്റെയും പുതിയതിന്റെയും ഒരു സങ്കലനത്തെ പ്രതിനിധാനം ചെയ്യുന്നു: പരമ്പരാഗതമായി കോടതികൾ നിർവഹിച്ചിരുന്ന തർക്കപരിഹാര ധർമ്മത്തിൽനിന്ന് വ്യത്യസ്തമായി പുതിയ പ്രവർത്തനപരമായ ഉത്തരവാദിത്തങ്ങളോടൊപ്പം പരമ്പരാഗതമായി കോടതി നിർവഹിച്ച പങ്കിന്റെ കൂടി സംയോജനം.

(പ്രവൃത്തി മണ്ഡല സവിശേഷകത്വം)

3. ട്രൈബ്യൂണലുകൾ സ്ഥാപിക്കുന്നതിലുള്ള മുന്നേറ്റം പല ഭാഗങ്ങളിലും സ്പെഷ്യലൈസേഷന്റെ ആവശ്യകത ത്വരിതഗതിയിലാക്കി. ട്രൈബ്യൂണലുകൾക്കകത്ത് കാതലായ നീതിന്യായ ധർമ്മങ്ങൾ

നിർവ്വഹിക്കുന്ന വ്യക്തികളുടെ വിജ്ഞാനവും പ്രവൃത്തിമണ്ഡല വൈദഗ്ധ്യവും വൈദഗ്ധ്യം ആയി അംഗീകരിക്കുന്നുണ്ട്. ട്രൈബ്യൂണലുകൾ രൂപീകരിക്കുന്നതിന് ആസ്പദമായ അനുമാനം എന്തെന്നാൽ നിർദ്ദിഷ്ട മേഖലയിൽ നീതിന്യായ നിർവഹണത്തിന് അത്യാവശ്യമായി ഗുണഗണങ്ങൾ ഉള്ള വ്യക്തികളാണ് തീരുമാനമെടുക്കുന്നത് എന്നതാണ്. ഒരു ട്രൈബ്യൂണലിലേക്ക് നിയമിക്കപ്പെടുന്നതിന് മുമ്പായി വിജ്ഞാന സമ്പാദനം, ട്രൈബ്യൂണലിനായി കരുതി വെച്ചിട്ടുള്ള വിഷയമേഖലകൾ കൈകാര്യം ചെയ്യുവാനുള്ള പ്രായോഗിക അനുഭവജ്ഞാനം എന്നിവ സവിശേഷ നീതി ലഭ്യമാക്കുന്നതിനുള്ള യോഗ്യതകളും കഴിവും സ്വായത്തമാക്കിയ വ്യക്തികളുടെ ഒരു സംഘത്തെ കൂടി കൊണ്ടുവരുന്നു. വൈദഗ്ധ്യം പരിപോഷിപ്പിക്കുന്ന കാര്യത്തിൽ, നീതിന്യായ ഉദ്യോഗസ്ഥരുടെ വൈദഗ്ധ്യം ഉറപ്പാക്കലിനാണ് ട്രൈബ്യൂണൽ ഘടന ഊന്നൽ നൽകുന്നത്. ട്രൈബ്യൂണലുകൾ മുമ്പാകെ ഹാജകാകുന്നവരുടെ വൈദഗ്ധ്യവും തുല്യ പ്രാധാന്യം അർഹിക്കുന്ന മറ്റൊരു മുഖം തന്നെയാണ്. സ്ഥാപനബന്ധിയായ നീതിന്യായ വ്യവഹാരത്തിന്റെ കാര്യക്ഷമതക്ക് വൈദഗ്ധ്യമുള്ള അഭിഭാഷകവൃന്ദം ഒരു വിലമതിക്കാനാവാത്ത നിക്ഷേപമാണ്. അതോടൊപ്പം തന്നെ, ട്രിബ്യൂണലിനായി രൂപപ്പെടുത്തിയ വിഷയമേഖലകളുടെ സവിശേഷതകൾ, ആവശ്യകതകൾ എന്നിവ ബോധ്യമുള്ള ഒരു നീതിനിർവഹണ പ്രക്രിയക്ക് ഇത് മുതൽക്കൂട്ടാവുകയും ചെയ്യുന്നു.

4. ട്രൈബ്യൂണലുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം എത്രത്തോളം സാക്ഷാൽകരിക്കപ്പെടുന്നുണ്ട് എന്നത് പലപ്പോഴും പരമയാഥാർത്ഥ്യങ്ങളിലേക്കാണ് വിരൽ ചൂണ്ടാറുള്ളത്. ഒരു ട്രൈബ്യൂണലിനെ നിയന്ത്രിക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ എത്രത്തോളം നടപ്പാക്കപ്പെടുന്നുവെന്നത് ഉൾപ്പെടെയുള്ള ഈ യാഥാർത്ഥ്യങ്ങൾ ട്രൈബ്യൂണലിന്റെ ഫലപ്രാപ്തിയെ നേരിട്ട് ബാധിക്കുന്നവയാണ്. തീരുമാനങ്ങളെടുക്കുന്ന തസ്തികകളിൽ വൈദഗ്ധ്യം നേടിയ വിധികർത്താക്കളുടെ സാന്നിധ്യമാണ് ഒരു സവിശേഷ ട്രൈബ്യൂണൽ ഉണ്ടായിരിക്കുക എന്ന ഉദ്ദേശ്യത്തിന് നിർണ്ണായകമായിട്ടുള്ളത്. കാരണം, അവരുടെ പ്രവർത്തനമേഖലയിലെ വൈദഗ്ധ്യമാണ് നീതിന്യായ പ്രക്രിയയിലെ ഫലങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കുന്നത്. പൊതുവെ വിശിഷ്ട വിധികർത്താക്കളുടെ സാന്നിധ്യം, നന്നായി പരിശീലനം സിദ്ധിച്ച യോഗ്യരായ വ്യക്തികളെയും ഒരു ഉറവിട കേന്ദ്രത്തിൽ അവരുടെ ലഭ്യതയെയും ആശ്രയിച്ചിരിക്കുന്നു. പ്രത്യേക

ട്രൈബ്യൂണലുകളിലേക്ക് വിധികർത്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ഈ ഘടകം പലപ്പോഴും ദൃശ്യമാകാറില്ല. അവശ്യ വൈദഗ്ധ്യത്തിന്റെ അഭാവത്തിൽ ട്രിബ്യൂണലിന്റെ നടപടിക്രമവും പ്രവർത്തനവും ടി ട്രൈബ്യൂണൽ പകരം വെക്കാൻ ആഗ്രഹിക്കുന്ന ഒരു നീതിന്യായ കോടതിയിലെ വ്യവഹാരം ആവർത്തിക്കുക മാത്രമേ ചെയ്തേക്കുകയുള്ളൂ.

ത്വരിതപ്പെടുത്തൽ

5. പ്രത്യേക വൈദഗ്ധ്യം നേടുന്നത് കൂടാതെ ട്രൈബ്യൂണലുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രധാന കാരണം നീതിനിർവ്വഹണത്തിലെ ത്വരിതഗതിയാണ്. ഒരു സവിശേഷ നീതിന്യായ പ്രക്രിയയിൽ അന്തർലീനമായ സംവേദിത മൂല്യങ്ങളുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഒരു സങ്കീർണമായ മേഖലയിൽ പ്രത്യേകിച്ചും, പ്രവൃത്തിമണ്ഡല വൈദഗ്ധ്യം എന്നത് വിഷയഗ്രാഹ്യമുള്ള വിധികർത്താക്കളെ ത്വരിതഗതിയിലും ഫലപ്രദമായും തീർപ്പുകൽപ്പിക്കാൻ സഹായിക്കുന്ന ഒരു മാർഗ്ഗമാണ്. പരമ്പരാഗത കോടതികളിൽ സ്ഥാപിതമായ ബന്ധപ്പെട്ട രീതികൾ ഇല്ലാത്തതും ആയാസം കുറഞ്ഞതുമായ നടപടിക്രമങ്ങൾ ട്രൈബ്യൂണൽ പിന്തുടരുമെന്ന് പലപ്പോഴും പ്രതീക്ഷിക്കപ്പെടുന്നു. നടപടിക്രമ സംബന്ധിയായ വഴക്കവും/അയവും പ്രവൃത്തിമണ്ഡല വിജ്ഞാനവും ചേർന്ന ഒരു മാർഗ്ഗം അനുവദിക്കുന്നതിലൂടെ ജുഡീഷ്യൽ സംവിധാനത്തിന് ഭാരമാവുന്ന ചില കേസുകൾക്ക് ട്രൈബ്യൂണലുകൾ പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

6. അതുപോലെ, വർദ്ധിച്ചുവരുന്ന ട്രൈബ്യൂണൽ വൽക്കരണത്തിന്റെ ആവശ്യകതയുടെ മറ്റൊരു ലക്ഷ്യം കോടതി സംവിധാനത്തിന്റെ ഭാഗമിറക്കുക എന്നതാണ്. പരമ്പരാഗത കോടതിസംവിധാനം മുമ്പാകെ നിലവിലുള്ള കേസുകളിലെ ഒരു ഭാഗം പുതുതായി സൃഷ്ടിക്കപ്പെട്ട സംവിധാനത്തിലേക്ക് വിധിനിർണയത്തിനായി കൈമാറ്റം ചെയ്യുമ്പോൾ പ്രസ്തുത ലക്ഷ്യം നിറവേറ്റപ്പെട്ടേക്കാം. കോടതികളുടെ ഭാരം കുറക്കുക എന്നത് ട്രൈബ്യൂണൽ സ്ഥാപനത്തിന് നിദാനമായ ലക്ഷ്യത്തിന്റെ ഭാഗികമായ സാക്ഷാത്കാരമാണ്.

ആത്യന്തികമായി ജുഡീഷ്യൽ കടിശ്ശികകൾ സൃഷ്ടിച്ച തീർപ്പാവാത്ത കേസുകളുടെ

കെട്ടിക്കിടപ്പ് ഒരു നിശ്ചിത കാലയളവിനപ്പുറം സംഭവിക്കുന്നത് അനുവദിക്കാതിരിക്കാനുള്ള കഴിവ് പ്രസ്തുത ട്രൈബ്യൂണലിനുണ്ടായിരിക്കണമെന്നതാണ് തുല്യപ്രാധാന്യം അർഹിക്കുന്ന മറ്റൊരു വസ്തുത. ഒരു ട്രൈബ്യൂണൽ സൃഷ്ടിക്കുന്നതിലൂടെ സാധ്യമാകുന്ന നീതിന്യായ വ്യവസ്ഥയിലെ തീർപ്പുകൽപിക്കപ്പെടാത്ത കുടിശ്ശികയുടെ സ്ഥിതിവിവരക്കണക്കിലെ കുറവ് കോടതിയിൽ നിന്നും മുമ്പുള്ള പുതിയ സ്ഥാപനങ്ങളിൽ നിന്നും പുതിയ ബോഡിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന കേസുകൾ തീർപ്പാക്കാനുള്ള പുതിയ ബോഡിയുടെ ശേഷിയുമായി പൊരുത്തപ്പെട്ടുപോകേണ്ടതുണ്ട്. ഇത് കൈവരിക്കാനായില്ലെങ്കിൽ ട്രൈബ്യൂണലിന്റെ തനതു സ്ഥാപകലക്ഷ്യം തന്നെ പരാജയപ്പെടുമെന്നതാണ് അസ്സൽ ഫലം.

പ്രഭാവ നിർണ്ണയം

7. കോടതിയുടെ മുകളിലെ വിശകലനം സൂചിപ്പിക്കുന്നതെന്തെന്നാൽ ഒരു നിയമ പരിഷ്കാരത്തിന്റെ ഉപാധി എന്ന നിലയിൽ ഒരു ട്രൈബ്യൂണലിന്റെ ഫലപ്രാപ്തി വിലയിരുത്താൻ വേണ്ടി ട്രൈബ്യൂണൽ സംവിധാനങ്ങൾ സൃഷ്ടിച്ചതുമൂലമുള്ള യഥാർത്ഥ പ്രഭാവം സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുണ്ട്. ട്രൈബ്യൂണലിന്റെ ഫലപ്രാപ്തി പ്രവർത്തനപരമായി മാനവ-അമാനവ വിഭവശേഷി, മൂലധനം എന്നിവയുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഭൗതികമായ ലഭ്യതയിലും വ്യവഹാര നടത്തിപ്പിലെ സാങ്കേതിക പരിജ്ഞാനവിന്യാസത്തിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും ഒരു ട്രൈബ്യൂണലിന് ഉണ്ടായിരിക്കേണ്ടതുണ്ട്. ഫലപ്രദമായും കാലതാമസമില്ലാതെയും തീരുമാനമെടുക്കൽ സാധ്യമാകും വിധം ട്രൈബ്യൂണൽ കൈക്കൊള്ളുന്ന നടപടിക്രമങ്ങൾ അയവുള്ളതായിരിക്കണം. വിരമിക്കലോ മറ്റ അപ്രതീക്ഷിത കാരണങ്ങൾ മൂലമോ വരുന്ന ഒഴിവുകൾ നികത്തുവാൻ വേണ്ടി ട്രൈബ്യൂണലുകളിലേക്കുള്ള നിയമന പ്രക്രിയ തടസ്സരഹിതമാവേണ്ടതുണ്ട്. വലിയ തോതിലുള്ള ഒഴിവുകൾ ട്രൈബ്യൂണലുകളെ പ്രവർത്തനരഹിതമാക്കും. ഇത് പ്രസ്തുത ട്രൈബ്യൂണലിന്റെ അധികാരപരിധിയിൽ വരുന്ന പ്രദേശത്തെ നീതി നിർവഹണ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നു. ഒരു പരമ്പരാഗത കോടതിയുടെ അധികാര വിനിയോഗം, പ്രചാരത്തിലുള്ള ഒരു നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്തിടത്ത് വിശേഷിച്ചും ഈ പ്രശ്നം അതിരൂക്ഷമാകുന്നു.

തർക്കപരിഹാരത്തിനായി പരമ്പരാഗത കോടതികളിലേക്ക് ഒരു മടക്കം സാധ്യമല്ലാതിരിക്കേ തിരികേ വിധികർത്താവിന്റെ ദൗർലഭ്യഫലമായി ഒരു വ്യവഹാരിക്ക് ഫലത്തിൽ തർക്ക പരിഹാരമാർഗ്ഗം നിഷേധിക്കുകയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നിയമന, തെരഞ്ഞെടുപ്പ് പ്രക്രിയക്ക് ട്രൈബ്യൂണൽവൽക്കരണത്തിന്റെ ഫലപ്രാപ്തിയിൻമേൽ നേരിട്ടുള്ള സ്വാധീനമുണ്ട്. മന്ദഗതിയിലുള്ള നടപടിക്രമങ്ങളാലോ മറ്റ കാരണങ്ങളാലോ ഒഴിവുകൾ നികത്താതിരിക്കുന്നതിന് ഒരു തർക്കപരിഹാര സംവിധാനം എന്ന നിലയിൽ ട്രൈബ്യൂണലിന്റെ ഫലപ്രാപ്തിയെ നിരാകരിക്കുന്ന പ്രവണതയാണുള്ളത്. നീതിയുടെ മാർഗ്ഗം നിഷേധിക്കാനുള്ള ഏറ്റവും അസന്നിഗ്ധമായ വഴി ധാരാളം ഒഴിവുകൾ നിലനിർത്തുക എന്നതാണ്.

സ്വതന്ത്രത/ സ്വയാധികാരം

8. സർവ്വോപരി, ട്രൈബ്യൂണൽവൽക്കരണത്തിന്റെ ഫലപ്രാപ്തി നീതിപ്രദാന പ്രക്രിയയിലുള്ള വിശ്വാസത്തിലാണ് കിടക്കുന്നത്. നീതിദായകരുടെ സ്വാതന്ത്ര്യവും വസ്തുനിഷ്ഠതയുമാണ് ഇത് തീരുമാനിക്കുന്നത്. ന്യായാധിപരെ നിയമനത്തിനായി തെരഞ്ഞെടുക്കുന്ന പ്രക്രിയയുടെ പവിത്രത കാത്തു സൂക്ഷിക്കുന്നതിൽ ഒരു സുപ്രധാന സാമൂഹിക താൽപര്യമുണ്ട്. ന്യായാധിപരെ തെരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്ന രീതിയാണ് ആത്യന്തിക വിശകലനത്തിൽ ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യം തീരുമാനിക്കുന്നത്. പരമ്പരാഗത കോടതികൾ പ്രദാനം ചെയ്തിരുന്നതിന് പകരമായി നീതി പ്രദാനം ചെയ്യാനുള്ള സ്ഥാപനപരമായ മാർഗ്ഗങ്ങളായാണ് ട്രൈബ്യൂണലുകളെ കാണുന്നത്. ആയതുകൊണ്ട് ഈ നീതിന്യായ സംവിധാനങ്ങളുടെ സ്വാതന്ത്ര്യം ഉറപ്പാക്കാൻ സാധുവായ കാരണമുണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയയും നിയമന വ്യവസ്ഥകളുമാണ് ട്രൈബ്യൂണലുകൾക്ക് പ്രാവീണ്യം കൊണ്ടുവരാനുള്ള കഴിവ് തീരുമാനിക്കുന്നത്. ഒരു നീതിന്യായ സ്വതന്ത്രതയുടെ മുഖമായ എന്ന നിലയിൽ ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്ന കാര്യത്തിൽ നീതിന്യായ ബോഡി സമൂഷ്ടമാണെന്നും, ഒന്നിനും വിധേയമല്ലെന്നും സവിശേഷ നീതിന്യായ വ്യവഹാരത്തിന്റെ പശ്ചാത്തലത്തിൽ നീതിപ്രദാനം ചെയ്യാനുള്ള ആവശ്യകതയോട് ഉത്തരവാദിത്തം പുലർത്തുന്നവയാണെന്നും ഉറപ്പുവരുത്താൻ വേണ്ടിയാവണം പരിശ്രമം.

A2. ഇന്ത്യയിലെ ട്രൈബ്യൂണൽവൽക്കരണത്തിന്റെ ഹ്രസ്വ ചരിത്രം.

9. കേസുകളുടെ വ്യവഹാരത്തിലുള്ള കാലതാമസവും കെട്ടിക്കിടപ്പും അധിനിവേശകാലഘട്ടത്തിൽ പോലും ഒരു പ്രശ്നമായിരുന്നു. കുടിശ്ശിക കൈകാര്യം ചെയ്യുന്നതിനുള്ള പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്ന ലഭ്യമായ ഏറ്റവും ആദ്യത്തെ ഉദ്യമം 1924 ലെ ജസ്റ്റിസ് റാങ്കിൻ കമ്മിറ്റി റിപ്പോർട്ട് ആയിരുന്നു. അതു മുതൽക്ക് ഭാരതീയ നിയമ കമ്മീഷൻ ഉൾപ്പെടെ ഒരുപാട് വിദഗ്ധ സമിതി റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. ഇന്ത്യയിൽ കോളനി (അധിനിവേശ) സർക്കാരാണ് 1941-ൽ ട്രൈബ്യൂണലുകളുടെ സംസ്ഥാപനം നടത്തിയത്. സ്വാതന്ത്ര്യാനന്തരം നികുതി നിയമ മണ്ഡലങ്ങളിലാണ് ട്രൈബ്യൂണലുകൾ ആദ്യമായി സൃഷ്ടിക്കപ്പെട്ടത്. അനുഛേദങ്ങൾ 136, 227 എന്നിവയിലൂടെ ആകസ്മികമായി മാത്രമാണ് ഭരണഘടന ട്രൈബ്യൂണലുകളെ പരാമർശിക്കുന്നത്, ആയത് വ്യക്തമാക്കുന്നതെന്തെന്നാൽ യഥാക്രമം സുപ്രീംകോടതിക്കും ഹൈക്കോടതികൾക്കും ട്രൈബ്യൂണലുകളുടെ തീരുമാനം പുനഃപരിശോധന നടത്താനുള്ള അധികാരം ഉണ്ടായിരിക്കും എന്നതാണ്. ജസ്റ്റിസ് ജെ. സി. ഷാ അദ്ധ്യക്ഷനായി 1969-ൽ രൂപീകരിക്കപ്പെട്ട ഹൈക്കോടതി കുടിശ്ശിക കമ്മിറ്റി, സുപ്രീംകോടതി, ഹൈക്കോടതികൾക്കു മുമ്പാകെയുള്ള തീർപ്പാകാത്ത സേവന വിഷയങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ടി ഒരു സ്വാതന്ത്ര ട്രൈബ്യൂണലിന്റെ രൂപീകരണം ശുപാർശ ചെയ്തു. ഭരണഘടനാ ഭേദഗതികൾ ശുപാർശചെയ്യാനായി കേന്ദ്രസർക്കാർ സ്വരൺ സിംഗ് കമ്മിറ്റി രൂപീകരിച്ചു. അതിന്റെ 1986-ൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട്, ഇന്ത്യൻ നിയമ സംവിധാനത്തിലെ കുടിശ്ശിക കുറയ്ക്കാൻ വേണ്ടി മൂന്നു വിശാല വിഷയമേഖലകൾക്കായി ട്രൈബ്യൂണലുകൾ സ്ഥാപിക്കുവാൻ ശുപാർശ ചെയ്തു. പ്രസ്തുത റിപ്പോർട്ട് ഇനിയും ശുപാർശ ചെയ്തതെന്തെന്നാൽ, ഈ മുഴുവൻ ട്രൈബ്യൂണലുകളുടെയും തീരുമാനങ്ങൾ ഭരണഘടന അനുഛേദം 136 പ്രകാരം സുപ്രീംകോടതിയുടെ അധികാരത്തിന് വിധേയമായിരിക്കണം, പക്ഷേ റിട്ട് അധികാരമടക്കം മറ്റു കോടതികളുടെയെല്ലാം അധികാരത്തെ ഒഴിച്ചു നിർത്തണമെന്നുമായിരുന്നു.

10. തൽഫലമായി, അനുഛേദങ്ങൾ 323A, 323B എന്നിവയുടെ നിവേശം മുഖേന ഇന്ത്യയിലെ ട്രൈബ്യൂണൽ സംസ്ഥാപനത്തിന് ഭരണഘടനയുടെ അംഗീകാരം ലഭിച്ചു, ആയത് യഥാക്രമം ഭരണപരമായ ട്രൈബ്യൂണലുകൾ, മറ്റു വിഷയങ്ങൾക്കുള്ള ട്രൈബ്യൂണലുകൾ എന്നിവ

സ്ഥാപിക്കുവാനുള്ള അധികാരം പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും നൽകുകയുണ്ടായി.

11. ഭരണഘടനയുടെ അനുച്ഛേദം 323 എ ഖണ്ഡം (1) അനുസരിച്ച് സേവന കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി ട്രൈബ്യൂണലുകൾ രൂപീകരിക്കുന്നതിനായി പാർലമെന്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകളുടെ ആക്ട് 1985[2] നടപ്പാക്കി. **എസ്.പി.സമ്പത്ത്കുമാർ v. യൂണിയൻ ഓഫ് ഇന്ത്യ**[3] (ചുരുക്കത്തിൽ **'സമ്പത്ത്കുമാർ'**) എന്ന കേസിൽ ട്രൈബ്യൂണലുകളുടെ ഭരണഘടനാ സാധുത ആദ്യമായി ചോദ്യം ചെയ്യപ്പെട്ടു. 'ഹൈക്കോടതികൾക്ക് യഥാർത്ഥ പകരക്കാരനായിരിക്കണം ട്രൈബ്യൂണലുകൾ' എന്ന് ഈ കോടതി നിലപാടെടുത്തു - 'കേവലം രൂപത്തിലും നിയമപ്രകാരത്തിലും മാത്രമല്ല മറിച്ച് ഉള്ളടക്കത്തിലും പരമാർത്ഥത്തിലും.' ഈ വീക്ഷണത്തിൽ, ബദൽ ക്രമീകരണങ്ങൾ ഫലപ്രദവും കാര്യക്ഷമയും ഭരണഘടനാ പരിമിതികൾ ഉയർത്തിപ്പിടിക്കാൻ കാര്യപ്രാപ്തിയുള്ളതുമാവണം. ജുഡീഷ്യൽ അവലോകനം ഭരണഘടനയുടെ അടിസ്ഥാന സവിശേഷതയാണെങ്കിലും, ബദൽ സംവിധാനം ഫലപ്രദവും ഹൈക്കോടതിയുടെ യഥാർത്ഥ പകരക്കാരനുമാണെന്നും ഉറപ്പ് വരുത്തുന്നിടത്തോളം, ബദൽ സ്ഥാപന സംവിധാനത്തിന് ജുഡീഷ്യൽ അവലോകനത്തിന്റെ അധികാരം നൽകുന്നത് ഭരണഘടനയുടെ അടിസ്ഥാന ഘടനക്ക് വിരുദ്ധമാകില്ലെന്ന് കോടതി നിലപാടെടുത്തു. ട്രൈബ്യൂണലുകളിലേക്ക് യോഗ്യതയുള്ള വിധികർത്താക്കളെ തിരഞ്ഞെടുക്കുന്നത് ഉറപ്പാക്കുന്നതിന് ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്ത സുപ്രീം കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജി (നിലവിലുള്ള ജഡ്ജി) ഉൾപ്പെടുന്ന ഒരു ഉന്നതാധികാര സെലക്ഷൻ സമിതി[4] രൂപീകരിക്കണമെന്നും നിലപാടെടുത്തു. 1985-ലെ നിയമത്തിന്റെ അധികാരങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, ട്രൈബ്യൂണലിന്റെ ഘടനയുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ പരിഹരിക്കുന്നതിനും, 1987 മാർച്ച് 31-നകം നടത്തേണ്ട ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരെ നിയമിക്കുന്ന രീതിയെക്കുറിച്ചും നിരവധി ഭേദഗതികൾ കോടതി നിർദ്ദേശിച്ചു.

12. സമ്പത്ത്കുമാറിനു ശേഷമുള്ള വിധിന്യായങ്ങളിൽ, തീരുമാനിക്കപ്പെട്ട തർക്ക വിഷയങ്ങളിൽ ഈ കോടതിയുടെ ഒരു വിശാല ബെഞ്ചിന്റെ ഒരു പുനരവലോകനം ആവശ്യമായി വന്നിരുന്നു. **എൽ.ചന്ദ്രകുമാർ v. യൂണിയൻ ഓഫ് ഇന്ത്യ**[5] (ചുരുക്കത്തിൽ **'ചന്ദ്രകുമാർ'**) എന്ന കേസിൽ ഈ

കോടതിയുടെ ഏഴംഗ ബെഞ്ച് 1985-ലെ നിയമത്തെ ചോദ്യം ചെയ്തതും, കേസുകൾക്ക് അനുസരിച്ച് അനുച്ഛേദങ്ങൾ 323 എ ഖണ്ഡം (2)(ഡി), 323 ബി ഖണ്ഡം (3)(ഡി) പ്രകാരം ഈ കോടതിയുടെ അനുച്ഛേദം 136 പ്രകാരം ഉള്ള അധികാരപരിധി ഒഴിച്ച് മറ്റുള്ള കോടതികളുടെ അധികാരപരിധി ഒഴിവാക്കാനുള്ള പാർലമെന്റിനോ സംസ്ഥാന നിയമസഭകൾക്കോ അത്തരം അനുച്ഛേദങ്ങളിൽ പ്രദിപാദിക്കുന്ന തർക്കങ്ങളെ സംബന്ധിച്ച് നൽകിയ അധികാരത്തെക്കുറിച്ചും പുനർവിചിന്തനം നടത്തി. സമ്പത്ത്കുമാറിലെ തീരുമാനത്തെ മറികടന്ന്, ഈ കോടതി ഹൈക്കോടതികളുമായി ബന്ധപ്പെട്ട ട്രൈബ്യൂണലുകളുടെ ബദൽഭാവവും പൂരകഭാവവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുകയും ട്രൈബ്യൂണലുകളുടെ പങ്ക് പൂരകസ്വഭാവമുള്ളതാണെന്ന് നിലപാടെടുക്കുകയും ചെയ്തു.

13. ഉന്നത കോടതികളിലെ ജഡ്ജിമാരുടെ നിയമന വ്യവസ്ഥകൾ വിശദമായി കൈകാര്യം ചെയ്യുന്ന വ്യവസ്ഥകൾ ഭരണഘടന നൽകുന്നുണ്ടെന്ന് ചീഫ് ജസ്റ്റിസ് എ.എം.അഹമ്മദി നിരീക്ഷിച്ചു. അതേ സുരക്ഷാ സംവിധാനങ്ങൾ സബോർഡിനേറ്റ് ജൂഡീഷ്യറി അല്ലെങ്കിൽ ട്രൈബ്യൂണലുകളിലെ അംഗങ്ങൾക്ക് ലഭ്യമല്ലെന്ന് പണ്ഡിതനായ ജഡ്ജി നിരീക്ഷിച്ചു. അതിനാൽ ഭരണഘടനാ വ്യാഖ്യാനം നിർവ്വഹിക്കുന്നതിൽ അവ ഒരിക്കലും ഉന്നത ജൂഡീഷ്യറിക്ക് പൂർണ്ണവും ഫലപ്രദവുമായ ബദലായി കണക്കാക്കാനാവില്ല.

"78. ..... ഉന്നത ജൂഡീഷ്യറിയിലെ ജഡ്ജിമാരുടെ സ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഭരണഘടനാ സുരക്ഷാ മാർഗ്ഗങ്ങൾ കീഴ് കോടതികളിലെ ന്യായാധിപന്മാർക്കോ സാധാരണ നിയമനിർമ്മാണങ്ങൾ സൃഷ്ടിച്ച ട്രൈബ്യൂണലുകൾ കൈകാര്യം ചെയ്യുന്നവർക്കോ ലഭ്യമല്ല. തൽഫലമായി, രണ്ടാമത്തെ വിഭാഗത്തിലെ ജഡ്ജിമാരെ ഭരണഘടനാ വ്യാഖ്യാനത്തിന്റെ പ്രവൃത്തി നിർവ്വഹിക്കുന്നതിൽ മേൽകോടതികൾക്ക് പൂർണ്ണവും ഫലപ്രദവുമായ ബദലായി കണക്കാക്കാനാവില്ല (ഊന്നൽ നൽകി) അനുച്ഛേദം 323 എ ഖണ്ഡം (2)(ഡി), 323 ബി ഖണ്ഡം (3)(ഡി) എന്നിവ ഭരണഘടനാ വിരുദ്ധമായതിനാൽ കോടതി റദ്ദാക്കി. മാത്രമല്ല, അനുച്ഛേദം 323 എ ഖണ്ഡം (2)(ഡി), 323 ബി ഖണ്ഡം (3)(ഡി) എന്നിവയുടെ സംരക്ഷണയിൽ നടത്തിയ ഏതെങ്കിലും നിയമനിർമ്മാണത്തിൽ ഒരു അധികാരപരിധി ഒഴിവാക്കുന്ന വ്യവസ്ഥ ഉണ്ടായിരിക്കുന്നത് ഭരണഘടനാവിരുദ്ധമാണെന്ന് നിലപാടെടുക്കുകയും ചെയ്തു.

14. **യൂണിയൻ ഓഫ് ഇന്ത്യ v. ആർ.ഗാന്ധി, അദ്ധ്യക്ഷൻ, മദ്രാസ് ബാർ അസോസിയേഷൻ**[6] (ചുരുക്കത്തിൽ **'ആർ.ഗാന്ധി')** യിൽ, കമ്പനികളുടെ നിയമം (രണ്ടാം ഭേദഗതി), 2002 പ്രകാരം ദേശീയ കമ്പനി നിയമ ട്രൈബ്യൂണലും[7] ദേശീയ കമ്പനി നിയമ അപ്പലേറ്റ് ട്രൈബ്യൂണലും[8] രൂപീകരിക്കാനായി പുതുതായി ചേർത്ത കമ്പനി നിയമം 1956-ലെ 1 - ബി, 1 – സി അദ്ധ്യായങ്ങളുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്യപ്പെട്ടു. ട്രൈബ്യൂണലുകളുടെ രൂപീകരണത്തിനു പിന്നിൽ പ്രധാന ലക്ഷ്യങ്ങൾ ഉണ്ടായിരുന്നിട്ടും അവയ്ക്ക് 'സമ്പൂർണ്ണ സ്വാതന്ത്ര്യം' നേടാൻ സാധിച്ചിട്ടില്ല എന്ന് ജസ്റ്റിസ് ആർ.വി.രവീന്ദ്രൻ രേഖപ്പെടുത്തി. ഒരു ട്രൈബ്യൂണലിൽ ജൂഡീഷ്യൽ, സാങ്കേതിക അംഗങ്ങൾ ഉൾപ്പെടാമെന്ന ചന്ദ്രകുമാറിലെ അഭിപ്രായം കോടതി സ്ഥിരീകരിച്ചു. ജൂഡീഷ്യൽ അംഗങ്ങൾ നിക്ഷ്പക്ഷത (ന്യായബോധം), പരിഗണനയിൽ വിവേകം എന്നിവയും സാങ്കേതിക അംഗങ്ങൾ വിധി തീർപ്പുമായി ബന്ധപ്പെട്ട വൈദഗ്ധ്യത്തിന്റെയും അനുഭവത്തിന്റെയും ലഭ്യതയും ഉറപ്പാക്കുന്നു.

15. അംഗങ്ങൾക്കുള്ള യോഗ്യതകൾ നിർദ്ദേശിക്കാൻ നിയമസഭയ്ക്ക് അധികാരമുണ്ടെങ്കിലും ജൂഡീഷ്യൽ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി രാജ്യത്തെ ഉന്നത കോടതികൾ, നിർദ്ദിഷ്ട യോഗ്യതകളിൽ ജൂഡീഷ്യൽ അവലോകനത്തിന്റെ അധികാരം നിലനിർത്തുന്നുവെന്ന് കോടതി വിലയിരുത്തി. കോടതി വിവിധ നിയമങ്ങളും ജൂഡീഷ്യൽ, ടെക്നിക്കൽ അംഗങ്ങളായി നിയമിക്കുന്നതിന് അവയിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകളുടെയും കണക്കെടുത്തു, കൂടാതെ 'അംഗങ്ങളായി നിയമിക്കപ്പെടുവാനുള്ള യോഗ്യതയിൽ വെള്ളം ചേർക്കപ്പെടുന്ന വേഗത വിലയിരുത്തുമ്പോൾ അത് ചുരുങ്ങിയത് ജൂഡീഷ്യറിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് ആശങ്ക ഉളവാക്കേണ്ട ഒരു കാര്യമാണ്.' സിവിൽ സർവ്വീസിലെ അംഗങ്ങളെ സാങ്കേതിക അംഗങ്ങളായി നിയമിച്ചുകൊണ്ട് ചെയ്യാത്ത ജോലിക്ക് ശമ്പളം നല്കുന്ന ഒന്നായി മാറാൻ ട്രൈബ്യൂണലുകൾക്ക് കഴിയില്ലെന്ന് കോടതി മുന്നറിയിപ്പ് നല്കി. നിക്ഷ്പക്ഷത, സ്വാതന്ത്ര്യം, ന്യായബോധം, തീരുമാനിക്കപ്പെടുന്നതിലെ വിവേകം എന്നിവ ജൂഡീഷ്യറിയുടെ മുഖമുദ്രയാണെന്നും കോടതി ഊന്നിപറയുകയും കൂടാതെ ജൂഡീഷ്യൽ, ടെക്നിക്കൽ അംഗങ്ങൾക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിരത്തുകയും ചെയ്തു. ജൂഡീഷ്യൽ, ടെക്നിക്കൽ അംഗങ്ങൾക്കുള്ള നിയമന വ്യവസ്ഥകൾ എന്നിവ

കണക്കിലെടുത്ത് NCLT, NCLAT എന്നിവയുടെ സൃഷ്ടി കോടതി ശരിവച്ചു. ഈ കോടതി നടത്തിയ നിരീക്ഷണങ്ങൾക്ക് അനുസൃതമായി NCLT, NCLAT എന്നിവ പ്രവർത്തനക്ഷമമാക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള മുൻകൂർ വ്യവസ്ഥയായി ഭാഗം 1 – ബി, 1 – സി എന്നിവ ഭേദഗതി ചെയ്യുവാനുള്ള നിരവധി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

16. **മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇന്ത്യ**[10] (ചുരുക്കത്തിൽ **'മദ്രാസ് ബാർ അസോസിയേഷൻ')** -ൽ, ദേശീയ നികുതി ട്രൈബ്യൂണൽ നിയമം 2005[11], ഭരണഘടന (നാൽപ്പത്തി രണ്ടാം) ഭേദഗതി 1976 എന്നിവയുടെ ഭരണഘടനാ സാധുത ഭരണഘടനയുടെ അടിസ്ഥാന ഘടന ലംഘിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെട്ടു. നിർദ്ദിഷ്ട നികുതി നിയമപ്രകാരം അപ്പലേറ്റ് ട്രൈബ്യൂണലുകൾ പുറപ്പെടുവിച്ച ഉത്തരവുകളിൽനിന്ന് ഉണ്ടാകുന്ന നിയമത്തിന്റെ ഗണ്യമായ ചോദ്യം ഉൾപ്പെടുന്ന അപ്പീലുകൾ വിധിക്കാനുള്ള അധികാരം ദേശീയ നികുതി ട്രൈബ്യൂണലിനു[12] നൽകി. 2005-ലെ നിയമത്തിനുമുമ്പ്, ഈ അപ്പീലുകൾ വിധിക്കാനുള്ള അധികാരപരിധി, അധികാരപരിധിയിലുള്ള ഹൈക്കോടതിയിലാണ്.

17. നികുതി കാര്യങ്ങളുമായി ബന്ധപ്പെട്ട അപ്പീൽ അധികാരപരിധി ഹൈക്കോടതികളിൽ തുടരേണ്ടതാണെന്ന ഒരു ഭരണഘടനാ ഉത്തരവ് ഉണ്ടെന്ന വാദം കോടതി നിരസിച്ചു, എന്നാൽ ട്രൈബ്യൂണലിലെ അംഗങ്ങളെ അതേ രീതിയിൽ നിയമിക്കണമെന്നും അവ പകരം വയ്ക്കുന്ന കോടതിയിലെ ജഡ്ജിമാരുടെ അതേ കാലാവധി സുരക്ഷയ്ക്കും അർഹരാണെന്നും നിലപാടെടുത്തു. അധികാര വിഭജനത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യം ചെയ്യൽ കോടതി നിരസിക്കുകയും വ്യക്തിഗത വ്യവസ്ഥകളുടെ സാധുത പരിശോധിക്കുകയും ചെയ്തു. നിയമത്തിലെ ആറാം വകുപ്പ് ബന്ധപ്പെട്ട അപ്പീൽ ട്രൈബ്യൂണലുകളിലെ അക്കൗണ്ടന്റ് അംഗങ്ങളെയോ സാങ്കേതിക അംഗങ്ങളെയോ NTT അംഗങ്ങളായി നിയമിക്കാൻ അനുവദിച്ചു. വിധിന്യായത്തിന് സാങ്കേതിക വൈദഗ്ധ്യം അനിവാര്യമായ കേസുകളിൽമാത്രം സാങ്കേതിക അംഗങ്ങളുടെ നിയമനം പരിമിതപ്പെടുത്തുകയും മറ്റേതൊരു കേസിലും അത് അനുവദനീയമല്ലെന്നും ഉള്ള ചന്ദ്രകുമാറിലേയും ആർ. ഗാന്ധിയിലേയും നിലപാട് കോടതി സ്ഥിരീകരിച്ചു. അങ്ങനെ ഈ വ്യവസ്ഥ നിർത്തലാക്കി.

18. NTT ചെയർപേഴ്സണേയും അംഗങ്ങളേയും തിരഞ്ഞെടുക്കാനും നിയമിക്കാനുമുള്ള പ്രക്രിയയെപ്പറ്റി

2005-ലെ നിയമത്തിലെ വകുപ്പ് 7 പ്രതിപാദിക്കുന്നുണ്ട്. ഹൈക്കോടതികളുടെ അധികാരപരിധി ട്രൈബ്യൂണലിലേക്ക് മാറ്റിയതിനാൽ, അംഗങ്ങളുടെ പദവി, സേവന വ്യവസ്ഥകൾ, നിയമനരീതി, അംഗങ്ങളെ നീക്കം ചെയ്യൽ എന്നിവ ഹൈക്കോടതി ജഡ്ജിമാരുടേതിന് സമാനമായിരിക്കണമെന്ന് കോടതി നിരീക്ഷിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ കേന്ദ്ര സർക്കാരിന്റെ വകുപ്പുകളുടെ സെക്രട്ടറിമാർ ഉൾപ്പെടുന്നു. പ്രസ്തുത വകുപ്പ് ഭരണഘടനാ വിരുദ്ധമായതുകൊണ്ട് കോടതി റദ്ദാക്കി. അവസാനമായി വകുപ്പ് 8 പ്രകാരം അഞ്ച് വർഷത്തെ പ്രാരംഭ കാലയളവിൽ നിയമിതനായ ഒരു ചെയർപേഴ്സൺ / അംഗത്തിന് അഞ്ച് വർഷത്തേക്ക് പുനർനിയമനത്തിന് അർഹതയുണ്ടെന്ന് അനുശാസിക്കുന്നു. ഈ വ്യവസ്ഥയെ ഭരണഘടനാ വിരുദ്ധമായതിനാൽ നിർത്തലാക്കിക്കൊണ്ട്, പുനർനിയമനത്തിനുള്ള വ്യവസ്ഥ അംഗത്തിന്റെ സ്വാതന്ത്ര്യത്തിന് ഭീഷണം വയ്ക്കുകയും അവർ പുനർനിയമം ഉറപ്പാക്കുന്ന രീതിയിൽ കാര്യങ്ങൾ തീരുമാനിക്കാൻ നിർബന്ധിതനാകുകയും ചെയ്യും എന്നും നിലപാടെടുത്തു. നേരത്തെ ഹൈക്കോടതികളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരപരിധി NTT നൽകിയിട്ടുള്ളതിനാൽ നിയമനത്തിന്റെയും കാലാവധി നീട്ടുന്നതിന്റെയും എല്ലാ കാര്യങ്ങളും എക്സിക്യൂട്ടീവിൽ നിന്ന് സംരക്ഷിക്കേണ്ടതുണ്ടെന്ന് കോടതി വിലയിരുത്തി. നിരവധി വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ചതിൽ, ശേഷിക്കുന്ന വ്യവസ്ഥകൾ "വിഫലവും വ്യർത്ഥവുമാണെന്ന്" കോടതി വിലയിരുത്തി. അതിനാൽ 2005-ലെ നിയമം പൂർണ്ണമായും ഇല്ലാതാക്കി.

19. കമ്പനി നിയമം 2013 പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് **മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇന്ത്യ**[13] യിൽ വന്ന വാദമായ, NCLT യും, NCLAT യും സംബന്ധിച്ച വ്യവസ്ഥകൾ സംബന്ധിച്ച് ആർ.ഗാന്ധിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടും, അവ പാലിക്കാതെ സമാന വ്യവസ്ഥകൾ 2013-ലെ നിയമത്തിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് പരിഗണിച്ചു. കമ്പനി നിയമം 2013-ലെ വിവിധ വ്യവസ്ഥകളെ **'ആർ.ഗാന്ധിയിൽ'** പുറപ്പെടുവിച്ച നിർദ്ദേശങ്ങളുമായി താരതമ്യം ചെയ്യാൻ കോടതി ആരംഭിച്ചു. കൂടാതെ യോഗ്യത, അർഹത, നിയമനങ്ങൾ, തിരഞ്ഞെടുപ്പ് സമിതികളുടെ ഘടന എന്നിവ സംബന്ധിച്ച് വ്യവഹാരത്തിന്റെ ആദ്യ ഘട്ടത്തിൽ ഈ കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക്

വിരുദ്ധമായി നിരവധി പൊരുത്തക്കേടുകൾ നിലനിൽക്കുന്നുണ്ടെന്നും നിരീക്ഷിച്ചു. തിരഞ്ഞെടുപ്പ് സമിതിയുടെ ഘടനയ്ക്കുള്ള നിർദ്ദേശം ഉൾപ്പെടെ **'ആർ. ഗാന്ധിയിൽ'** പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കോടതി സ്ഥിരീകരിച്ചു. കൂടാതെ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് അനുസൃതമായി വ്യവസ്ഥകൾ കൊണ്ടുവരാൻ പരിഹാരനടപടികൾ സ്വീകരിച്ചുകഴിഞ്ഞാൽ, NCLT-യ്ക്കും, NCLAT-യ്ക്കും പ്രവർത്തനങ്ങൾ ആരംഭിക്കാം എന്നും നിലപാടെടുത്തു.

എ 3 നിലവിലുള്ള ചട്ടക്കൂടിന്റെ പോരായ്മകൾ

20. ഭാരതത്തിലെ കോടതികൾക്കു മുമ്പിൽ ഉയർന്ന തോതിൽ കേസുകൾ തീർപ്പാകാതെ കെട്ടികിടക്കുന്നതിനെ നേരിടുക എന്നതാണ് ട്രൈബ്യൂണൽവല്ക്കരണംകൊണ്ട് ഉദ്ദേശിച്ചത്. എന്നിരുന്നാലും ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തിൽനിന്ന് ലഭിച്ച അനുഭവം സൂചിപ്പിക്കുന്നത് വ്യവസ്ഥാപരമായതും ഭരണപരവുമായ പ്രശ്നങ്ങൾ കാരണം ഇന്ത്യയിലെ ട്രൈബ്യൂണലുകളുടെ കാര്യക്ഷമത ഗണ്യമായി കുറയുന്നു എന്നാണ്. 2017-ലെ നിയമ കമ്മീഷന്റെ 272-)ം റിപ്പോർട്ട് ട്രൈബ്യൂണലുകൾക്ക് മുന്നിലുള്ള ഉയർന്ന തോതിലുള്ള കേസുകൾ തീർപ്പാക്കാതെ കെട്ടികിടക്കുന്നത് ഉയർത്തിക്കാട്ടി. റിപ്പോർട്ടിൽ നിന്നുള്ള ചാർട്ട് ചുവടെ പുനരാവിഷ്കരിച്ചിരിക്കുന്നു:-

	ട്രൈബ്യൂണൽ	**ഏതു തീയ്യതി പ്രകാരം**	**തീർപ്പാവാതെ കെട്ടികിടക്കുന്ന കേസുകളുടെ എണ്ണം**
1.	കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ	ജൂലൈ, 2017	44,333
2.	റെയിൽവേ ക്ലെയിംസ് ട്രൈബ്യൂണൽ	30.09.2016	45,604
3.	ഡെറ്റ് റിക്കവറി ട്രൈബ്യൂണൽ	03.07.2016	78,118
4.	കസ്റ്റംസ്, എക്സൈസ്, സേവനനികുതി അപ്പീൽ ട്രൈബ്യൂണൽ	2016 അവസാനം	90,592
5.	ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ	2016 അവസാനം	91,588

21. വിധി നിയമ നയങ്ങൾക്കുള്ള കേന്ദ്രം "ഇന്ത്യൻ ട്രൈബ്യൂണലുകളുടെ ചട്ടക്കൂട് പരിഷ്കരിക്കുന്നു"

എന്ന തലക്കെട്ടിലുള്ള ഒരു റിപ്പോർട്ടിൽ ഇന്ത്യയിലെ ട്രൈബ്യൂണൽ സംവിധാനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്നു. ഈ പ്രശ്നങ്ങളെ ഇപ്രകാരം തരംതിരിച്ചിട്ടുണ്ട്.

എ, സ്വാതന്ത്ര്യത്തിന്റെ അഭാവം

ചില സന്ദർഭങ്ങളിൽ, മന്ത്രാലയങ്ങൾ ട്രൈബ്യൂണലുകൾക്ക് മുമ്പിലുള്ള കക്ഷികളാണെന്നത് റിപ്പോർട്ട് ഉയർത്തിക്കാട്ടുന്നു. ഉദ്യാഗസ്ഥരും, ധനകാര്യവും ഭരണനിർവ്വഹണവും മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലാണ്. ബ്യൂറോക്രസിയും ട്രൈബ്യൂണൽ തസ്തികകളും തമ്മിലുള്ള കറങ്ങുന്ന വാതിലാണ് പ്രശ്നം രൂക്ഷമാക്കുന്നത്. ആയതിനാൽ, (എ) അംഗങ്ങളുടെ നിയമനം; (ബി) അംഗങ്ങളെ നീക്കം ചെയ്യൽ; (സി) പുനർനിയമനങ്ങൾ; (ഡി) നോഡൽ മന്ത്രാലയം; (ഇ) ജഡ്ജിമാരെ / ബ്യൂറോക്രാറ്റുകളെ നിയമിക്കാനുള്ള സാധ്യത എന്നിവ ഉൾപ്പെടെയുള്ള ചില മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യം വിലയിരുത്തേണ്ടത് നിർണ്ണായകമാണെന്ന് റിപ്പോർട്ട് പറയുന്നു.

ബി, ഭരണപരമായ ആശങ്കകൾ : നിയന്ത്രണങ്ങളിൽ ഏകീകൃതതയുടെ അഭാവം

യോഗ്യതാ ആവശ്യകതകളിലെ പൊരുത്തക്കേട്, അംഗങ്ങളുടെ കഴിവുകൾ, പക്വത, പദവി എന്നിവയിലെ വ്യത്യാസങ്ങളിലേക്ക് നയിക്കുന്നുവെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. വർദ്ധിച്ചുവരുന്ന ട്രൈബ്യൂണലൈസേഷൻ പ്രവണതയുമായി ബന്ധപ്പെട്ട് ഈ പൊരുത്തക്കേടുകൾ പ്രശ്നകരമാണ്. കൂടാതെ, അംഗങ്ങളുടെ കാലാവധി "മേഖലാ വൈദഗ്ധ്യം" നട്ടുവളർത്തുന്നതിനെ ഇല്ലാതാക്കുകയും അത് ട്രൈബ്യൂണലുകളുടെ കാര്യക്ഷമതയ്ക്ക് ആഘാതമാവുകയും ചെയ്യുന്നു. അസമമായ കാലാവധികൾ സ്ഥാപനപരമായ തുടർച്ചയെ തടസ്സപ്പെടുത്തതിനാൽ വിരമിക്കൽ പ്രായം ഏകീകൃതമാക്കാനും അത് ശുപാർശ ചെയ്യുന്നു. നിയമന പ്രക്രിയ, അംഗങ്ങളുടെ യോഗ്യത, വിരമിക്കൽ പ്രായം, വിഭവങ്ങൾ, വിവിധ ട്രൈബ്യൂണലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലുള്ള പൊരുത്തക്കേടുകൾ വിമർശിക്കുന്ന **എൽ. ചന്ദ്രകുമാറിലെ** തീരുമാനം ഈ റിപ്പോർട്ടിൽ ചൂണ്ടികാണിക്കുന്നു. വിവിധ മന്ത്രാലയങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന

ട്രൈബ്യൂണലുകൾക്ക് അവ ബാധകമാക്കാം. കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ട്രൈബ്യൂണലുകളുടെ നടത്തിപ്പിന് ഒരൊറ്റ നോഡൽ അതോറിറ്റിയോ, മന്ത്രാലയമോ ആവശ്യമാണെന്ന വിധിന്യായത്തിലെ നിരീക്ഷണം റിപ്പോർട്ട് സ്വീകരിക്കുന്നു.

സി, ട്രൈബ്യൂണലുകളിലെ കേസുതീർപ്പാക്കാതെ കെട്ടിക്കിടക്കലും ഒഴിവും

കേസുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതിന്റെ ഉയർന്ന നിരക്ക് വ്യവസ്ഥാപരമായ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് റിപ്പോർട്ട് പറയുന്നു. ഉദാഹരണത്തിന്, ഡെറ്റ് റിക്കവറി ട്രൈബ്യൂണലിൽ 58% പരാജയപ്പെട്ട ഹിയറിംഗുകൾ ഉണ്ടായിരുന്നു (അതായത് ഒഴിവാക്കാവുന്ന, ശിക്ഷാനടപടികളില്ലാത്ത മാറ്റിവയ്ക്കൽ) കൂടാതെ ഫയൽ ചെയ്യുന്നതിലെ കാലതാമസം കാരണം പലപ്പോഴും മാപ്പുകൾ അനുവദിച്ചു. അത്തരം കാലതാമസങ്ങൾ കേസുകൾ എടുക്കുന്ന സമയത്തിന്റെ പകുതിയിലധികം വരും. കാലതാമസം വരുത്തുന്നതിനുള്ള മറ്റൊരു പ്രധാന കാരണം ട്രൈബ്യൂണൽ അംഗങ്ങളുടെ സ്ഥിരമായ ഹാജരാകാതിരിക്കലാണ്.

ഡി, ഹൈക്കോടതികളുടെ അധികാരപരിധി

ഹൈക്കോടതികളുടെ അധികാരപരിധി മറികടന്ന് സുപ്രീം കോടതിയിൽ നേരിട്ട് അപ്പീൽ അനുവദിക്കുന്ന വ്യവസ്ഥകൾ ഒന്നിലധികം കേസുകളിൽ പരിശോധിച്ചിട്ടുണ്ട്. നിലവിലുള്ള കീഴ് വഴക്കങ്ങളും ഇന്ത്യയുടെ നിയമ കമ്മീഷന്റെ ശുപാർശകളും ഉണ്ടായിരുന്നിട്ടും, നിരവധി ട്രൈബ്യൂണലുകളുടെയും രക്ഷാകർതൃ ചട്ടങ്ങൾ സുപ്രീം കോടതിയിൽ നേരിട്ട് അപ്പീൽ നൽകാൻ അനുവദിക്കുന്നു. രണ്ട് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു : ഒന്നാമതായി, സുപ്രീം കോടതിയിൽ നേരിട്ട് അപ്പീൽ നൽകുന്നത് വ്യവഹാരികൾക്ക് അപ്രാപ്യമാണ്; രണ്ടാമതായി, അത്തരമൊരു വ്യവസ്ഥ സുപ്രീം കോടതിയുടെ കേസുകളുടെ ലിസ്റ്റിന്റെ തിരക്കിലേക്ക് നയിക്കുന്നു.

ഭാഗം - ബി

എ. ഭരണഘടനാ ബെഞ്ചിലേക്കുള്ള പരാമർശം

22. വിവിധ ട്രൈബ്യൂണലുകളുടെ നിയമനം, തിരഞ്ഞെടുപ്പ്, സേവന വ്യവസ്ഥകൾ എന്നിവ നിയന്ത്രിക്കുന്ന നിലവിലുള്ള നിയമ വ്യവസ്ഥകൾ മാറ്റി സ്ഥാപിക്കാൻ ശ്രമിക്കുന്ന ഒരു നിയമം ധനകാര്യ നിയമത്തിലെ ഒരു ഘടകമായി സാധുതയോടെ ഒരു പണബില്ലായി നടപ്പാക്കാൻ

കഴിയുമോ എന്ന പ്രശ്നം ഭരണഘടനാ ബെഞ്ചിനു മുമ്പിലുള്ള ഇപ്പോഴത്തെ പരാമർശം ഉയർത്തുന്നു. ഈ ചോദ്യത്തിനുള്ള ഉത്തരം രണ്ട് വശങ്ങളെ ആശ്രയിച്ചാവണം:

(i) ഭരണഘടനയുടെ 110-)ം അനുച്ഛേദപ്രകാരം ഒരുബില്ലിനെ പണബില്ലായി പാസാക്കിയെന്ന് സാക്ഷ്യപ്പെടുത്താനുള്ള ഉപരിസഭയുടെ സ്പീക്കറുടെ (അദ്ധ്യക്ഷന്റെ) തീരുമാനത്തിന്റെ ഭരണഘടനാ സാധുത നിർണ്ണയിക്കാൻ പാകത്തിൽ ജുഡീഷ്യൽ അവലോകനം വിശാലമാണോ; ഒപ്പം

(ii) അംഗങ്ങളെ നിയമിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള നടപടിക്രമത്തിലെ നിയമപരമായ പരിഷ്കരണവും അവരുടെ സേവന വ്യവസ്ഥകളും ജുഡീഷ്യൽ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതാണോ അതിനാൽ അധികാരത്തിനു പുറത്തുള്ളവയാണോ എന്നതും.

ഈ രണ്ടു പ്രശ്നങ്ങളും പ്രതിനിധീകരിക്കുന്ന പ്രപഞ്ചത്തിനിടയിലാണ് ഈ കേസിന്റെ തീരുമാനം തിരിയുന്ന വാദത്തിന്റെ നിഴലുകൾ കിടക്കുക.

1. (2010) 11 SCC 1
2. 1985 ആക്ട്
3. (1987) 1 SCC 124
4. (2), (3)അല്ലെങ്കിൽ (3-എ) ഉപവകുപ്പുകളിൽ കൈകാര്യം ചെയ്ത വൈസ് ചെയർമാനെയും അംഗങ്ങളെയും കുറിച്ച് ഒന്നും പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കാരണം അവരുടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം, അത്തരം തിരഞ്ഞെടുപ്പ് ഒരു ഹൈക്കോടതിയിലെ നിലവിലുള്ള ന്യായാധിപന്റെയോ, വിരമിച്ച ന്യായാധിപന്റെയോ അല്ലാത്തപ്പോൾ, ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്ത നിലവിൽ സുപ്രീം കോടതി ന്യായാധിപനായ ഒരാൾ ചെയർമാനായിട്ടുള്ള ഉന്നതാധികാര സമിതി നടത്തണം. ഈ ഉയർന്ന വിശ്വാസയോഗ്യമായ ഓഫീസുകൾ കൈകാര്യം ചെയ്യുന്നതിന് ഉചിതമായതും യോഗ്യതയുള്ളതും ആയ ആളുകളെ തിരഞ്ഞെടുക്കുന്നത് ഇത് ഉറപ്പാക്കുകയും പ്രശസ്തിയും സ്വീകാര്യതയും വർദ്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യും.
5. (1997) 3 SCC 261
6. (2010) 11 SCC 1
7.
8. NCLAT
9. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിയമം 1985, ഇൻഫർമേഷൻ ടെക്നോളജി നിയമം

2000, ഭേതഗതി ചെയ്ത കമ്പനി നിയമം 1956 (അദ്ധ്യായം 1-ബി)
10. (2014) 10 SCC 1
11. 2005 നിയമം
12. "NTT"
13. (2015) 8 SCC 583

C പണബില്ലുകൾ

സാധാരണ ബില്ലുകൾ, പണബില്ലുകൾ, സാമ്പത്തിക ബില്ലുകൾ

23 ആശയപരമായി, ഭരണഘടനയിൽ ബില്ലുകളുടെ ഒരു വർഗ്ഗീകരണം അടങ്ങിയിരിക്കുന്നു: (i) സാധാരണ ബില്ലുകൾ;(ii) പണബില്ലുകൾ കൂടാതെ (iii) സാമ്പത്തിക ബില്ലുകൾ. പണബില്ലുകളും സാമ്പത്തിക ബില്ലുകളും ഒഴികെയുള്ള ബില്ലുകൾ പാർലമെൻറിന്റെ രണ്ട് സഭകളിൽ നിന്നും ആരംഭിക്കാം14. പാർലമെൻറിന്റെ ഇരുസഭകളിലും ഒരു സാധാരണ ബിൽ പാസ്സാക്കുന്നത്, ഭേദഗതി കൂടാതെ അല്ലെങ്കിൽ അംഗീകരിച്ച അത്തരം ഭേദഗതികളോടെ ഇരുസഭകളും അത് അംഗീകരിക്കുമ്പോഴാണ്. പണബില്ലല്ലാത്ത ഒരു ബില്ലിനെക്കുറിച്ച് ചർച്ചചെയ്യുന്നതിനും വോട്ട് ചെയ്യുന്നതിനും വേണ്ടി പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത ഉപവേശനം വിളിക്കാൻ രാഷ്ട്രപതിക്ക് ഭരണഘടനാപരമായ അധികാരമുണ്ട്. പണബില്ലുകൾ പാസ്സാക്കുന്നതിനായി പ്രത്യേക വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാർലമെന്റിന്റെ ഇരുസഭകളിൽ നിന്നും ആരംഭിക്കാവുന്ന ഒരു സാധാരണ ബില്ലിൽ നിന്ന് വ്യത്യസ്തമായി, ഒരു പണബിൽ രാജ്യസഭയിൽ അവതരിപ്പിക്കാൻ കഴിയില്ല. ഒരു പണബിൽ പാസാക്കുന്നതിനുള്ള നടപടിക്രമങ്ങൾ 109-)ാ അനുച്ഛേദത്തിൽ വ്യക്തമാക്കുന്നു. 109-)ാ അനുച്ഛേദം ഇപ്രകാരം വായിക്കുന്നു :

109(1) ഒരു പണബില്ലിന്റെ പ്രാഥമിക അവതരണം രാജ്യസഭയിൽ ആകുവാൻ പാടുള്ളതല്ല.

(2). ഒരു പണബിൽ ലോകസഭ പാസ്സാക്കിയതിനുശേഷം ശുപാർശകൾക്ക് വേണ്ടി രാജ്യസഭയിലേക്ക് അയച്ചു

കൊടുക്കേണ്ടതും, രാജ്യസഭ ആ ബിൽ കിട്ടിയ തീയതി മുതൽ

പതിന്നാലുദിവസകാലത്തിനുള്ളിൽ ഭേദഗതികളോടുകൂടി ലോകസഭയിലേക്ക് തിരിച്ചയക്കേണ്ടതും അപ്പോൾ ലോകസഭയ്ക്ക് രാജ്യസഭയുടെ ഭേദഗതികൾ എല്ലാമോ അവയിലേതെങ്കിലുമോ സ്വീകരിക്കുകയോ അല്ലെങ്കിൽ തിരസ്കരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(3). ലോകസഭ രാജ്യസഭയുടെ ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുവെങ്കിൽ രാജ്യസഭ ഭേദഗതി ചെയ്തതും ലോകസഭ സ്വീകരിച്ചതുമായ ഭേദഗതികളോടുകൂടി ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(4). രാജ്യസഭയുടെ ഭേദഗതികളിൽ യാതൊന്നും ലോകസഭ സ്വീകരിക്കുന്നില്ലെങ്കിൽ അത് ലോക്സഭ പാസാക്കിയ രൂപത്തിൽ, രാജ്യസഭ ഭേദഗതിചെയ്ത ഭേദഗതികൾ ഒന്നും കൂടാതെ, ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(5). ലോകസഭ പാസാക്കുകയും രാജ്യസഭയിലേക്ക് അതിന്റെ ഭേദഗതികൾക്ക് വേണ്ടി അയച്ചുകൊടുക്കുകയും ചെയ്ത ഒരു പണബിൽ, മേൽപ്പറഞ്ഞ പതിന്നാല് ദിവസക്കാലയളവിനുള്ളിൽ ലോകസഭയിലേക്ക് തിരിച്ചയക്കുന്നില്ലെങ്കിൽ, അത് ലോകസഭ പാസ്സാക്കിയ രൂപത്തിൽ മേൽപ്പറഞ്ഞ കാലാവധിയുടെ അവസാനം, ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

24 പണബിൽ പാസ്സാക്കുന്നതിൽ രാജ്യസഭയുടെ പങ്കു പരിമിതപ്പെടുത്തിയിരിക്കുന്നു . ഒരു പണബിൽ ലോകസഭയിൽ മാത്രമേ ആരംഭിക്കാൻ കഴിയൂ. ഇത് ലോകസഭ പാസ്സാക്കിയ ശേഷം, ബിൽ അതിന്റെ ഭേദഗതിക്കായി രാജ്യസഭയിലേക്ക് അയക്കുന്നു. ഭേദഗതികളോടെ ബിൽ വീണ്ടും ലോകസഭയിൽ സമർപ്പിക്കുവാൻ രാജ്യസഭയ്ക്ക് പതിന്നാല് ദിവസത്തെ നിശ്ചിത കാലയളവുണ്ട്. രാജ്യസഭയുടെ ഭേദഗതികൾ ബന്ധിതമല്ലാത്തതാണ്. ലോകസഭ ഭേദഗതികൾ തിരസ്കരിക്കുകയാണെങ്കിൽ, അത് ലോകസഭ പാസാക്കിയ രൂപത്തിൽ, രാജ്യസഭയുടെ ഭേദഗതികൾ കൂടാതെ, ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്. നിശ്ചിത കാലയളവായ പതിന്നാല് ദിവസത്തിനുള്ളിൽ രാജ്യസഭ

പ്രതികരിക്കുന്നില്ലെങ്കിൽ, അതേ പരിണതഫലമായിരിക്കും. അനുച്ഛേദം 107 പ്രകാരം സാധാരണ ബില്ലുകൾ പാസ്സാക്കുന്നതിൽ രാജ്യസഭയെ ഏൽപ്പിച്ചിട്ടുള്ള പങ്കിൽനിന്നും വ്യത്യസ്തമായി, 109 -)ാ അനുച്ഛേദം പണബിൽ പാസ്സാക്കുന്ന കാര്യത്തിൽ അതിനെ മറികടക്കത്തക്ക അധികാരം ലോകസഭയ്ക്ക് നൽകുന്നു. ഒരു സാധാരണ ബില്ലിൽ നിന്ന് വ്യത്യസ്തമായി ഒരു പണബിൽ ലോകസഭയിൽ മാത്രമേ ആരംഭിക്കാൻ കഴിയൂ. അതിനാൽ ഒരു പണബിൽ പാസ്സാക്കുന്നതിൽ രാജ്യസഭയ്ക്ക് ഒരു അനുശാസനത്തിന്റെ ഭാഗം മാത്രമേ നിർവഹിക്കാനുള്ളൂ. മറുവശത്ത് സാധാരണ ബില്ലുകൾ പാസ്സാക്കുന്നതിൽ പാർലമെന്റിലെ ഇരുസഭകളുടെയും അംഗീകാരം ആവശ്യമാണ്.

25 ബില്ലുകളിൽ മൂന്നാമത്തെ വിഭാഗം - സാമ്പത്തിക ബില്ലുകൾ അനുച്ഛേദം 117 -ൽ 16 വ്യക്തമാക്കിയിരിക്കുന്നു. സാമ്പത്തിക ബില്ലുകളെകുറിച്ചുള്ള പരാമർശം 117 -)ാ അനുച്ഛേദത്തിലെ നാമമാത്ര കുറുപ്പിൽ അടങ്ങിയിരിക്കുന്നു. 117-)ാ അനുച്ഛേദപ്രകാരം (1) 110 (1)അനുച്ഛേദം (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ രാഷ്ട്രപതിയുടെ ശുപാർശയിൻമേൽ മാത്രമെ അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടുള്ളൂ കൂടാതെ അങ്ങനെയുള്ള ബിൽ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തതും ആകുന്നു. അനുച്ഛേദം 117(1) പണ ബില്ലുകളെയും മറ്റ് ധനകാര്യ ബില്ലുകളെയും ലോകസഭയിൽ മാത്രം ആരംഭിക്കാൻ കഴിയുന്ന ബില്ലുകളുടെ വിഭാഗമായി പ്രതിപാദിക്കുന്നു.

പണബില്ലുകൾ: അനുച്ഛേദം 110

പണ ബില്ലുകളുടെ നിർവ്വചനം താഴെ പറയുന്ന രീതിയിൽ 110-)ാ അനുച്ഛേദത്തിൽ അടങ്ങിയിരിക്കുന്നു:

110

(1). ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു ബിൽ, അത്, താഴെ ചേർത്തിട്ടുള്ള എല്ലാ വിഷയങ്ങളെയുമോ അവയിൽ ഏതിനെയെങ്കിലുമോ സംബന്ധിക്കുന്ന വ്യവസ്ഥകൾ മാത്രം അടങ്ങുന്നതാണെങ്കിൽ, ഒരു പണബില്ലായി കരുതപ്പെടേണ്ടതാണ്, അതായത് :-

(ക) ഏതെങ്കിലും നികുതിയുടെ ചുമത്തൽ, നിറുത്തലാക്കൽ, ഇളവുചെയ്യൽ, ഭേദപ്പെടുത്തൽ, അല്ലെങ്കിൽ ക്രമപ്പെടുത്തൽ;

(ഖ) ഭാരത സർക്കാർ പണം കടം വാങ്ങുന്നതിന്റെയോ ഏതെങ്കിലും ഉറപ്പുകൊടുക്കുന്നതിന്റെയോ ക്രമപ്പെടുത്തൽ, അല്ലെങ്കിൽ ഭാരത സർക്കാർ ഏറ്റെടുത്തിട്ടുള്ളതോ എറ്റെടുക്കുവാനുള്ളതോ ആയ ഏതെങ്കിലും ധനപരമായ ബാധ്യതകൾ സംബന്ധിച്ചുള്ള നിയമം ഭേദഗതി ചെയ്യൽ;

(ഗ) ഭാരതത്തിന്റെ സഞ്ചിതനിധിയുടെയോ ആകസ്മികനിധിയുടെയോ സൂക്ഷിപ്പ്, അങ്ങനെയുള്ള ഏതെങ്കിലും നിധിയിൽ പണം അടയ്ക്കൽ അല്ലെങ്കിൽ അതിൽനിന്ന് പണം തിരിച്ചെടുക്കൽ;

(ഘ) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള പണത്തിന്റെ വിനിയോഗം.

(ങ) ഏതെങ്കിലും ചെലവ് ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവാണെന്ന് പ്രഖ്യാപിക്കൽ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചെലവിന്റെ തുക വർദ്ധിപ്പിക്കൽ;

(ച) ഭാരത്തിന്റെ സഞ്ചിതനിധിയുടെയോ ഭാരത്തിന്റെ പൊതുകണക്കിന്റെയോ വകയിൽ പണം സ്വീകരിക്കൽ, അങ്ങനെയുള്ള പണം സൂക്ഷിക്കൽ, അല്ലെങ്കിൽ കൊടുക്കൽ, അല്ലെങ്കിൽ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കണക്കുകൾ ആഡിറ്റ് ചെയ്യൽ;

(ഛ) (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനോടെങ്കിലും ബന്ധപ്പെട്ട ഏതെങ്കിലും വിഷയം.

(2). ഒരു ബിൽ അത് പിഴകളോ പണം നൽകേണ്ട മറ്റ് ശിക്ഷകളോ ചുമത്തുവാനോ,

ലൈസൻസുകൾക്കുവേണ്ടിയുള്ള ഫീസോ ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്ന് മാത്രമുള്ള

കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ തദ്ദേശനികായമോ തദ്ദേശാവശ്യങ്ങൾക്കുവേണ്ടി ഏതെങ്കിലും നികുതി ചുമത്തുവാനോ, നിറുത്തലാക്കുവാനോ, ഇളവു ചെയ്യുവാനോ, ഭേദപ്പെടുത്തുവാനോ, ക്രമപ്പെടുത്തുവാനോ

വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ ഒരു പണബില്ലായി കരുതാൻ പാടുള്ളതല്ല.

(3). ഒരു ബിൽ ഒരു പണബില്ലാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ, ലോകസഭയുടെ സ്പീക്കറുടെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(4). ഓരോ പണബില്ലിൻമേലും, അത് 109-)ാ അനുച്ഛേദപ്രകാരം രാജ്യസഭയിലേക്ക് അയച്ചുകൊടുക്കുമ്പോഴും 111 -)ാ അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ അനുമതിക്ക് സമർപ്പിക്കുമ്പോഴും ലോകസഭയുടെ സ്പീക്കറുടെ അത് ഒരു പണബില്ലാണെന്ന്, അദ്ദേഹം ഒപ്പിട്ട ഒരു സർട്ടിഫിക്കറ്റ്, ദൃഢീകരിക്കണ്ടതാണ്.

26 പണബില്ലുകളുടെ ഉത്ഭവവും പരിണാമവും കണ്ടെത്തുന്നതിനായി, തോമസ് ഏർസ്കൈൻ മെയ് - 'നിയമം,

അധികാരങ്ങളും, പാർലമെന്റിന്റെ നടപടിക്രമങ്ങളും ഉപയോഗവും17 എന്ന പ്രബന്ധത്തിൽ നികുതി അധികാരങ്ങൾ സംബന്ധിച്ചും ദേശീയ വരുമാനവും പൊതു ജനങ്ങളുടെ ചെലവും സംബന്ധിച്ചുള്ള കാര്യങ്ങളിലും ബ്രിട്ടനിലെ ഹൗസ് ഓഫ് കോമൺസും ഹൗസ് ഓഫ് ലോഡ്സും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ഏകദേശം മുന്നൂറോളം വർഷമായി, ഗ്രാൻഡുകൾ ആരംഭിക്കാനുള്ള നിയമപരമായ അവകാശം ഹൗസ് ഓഫ് കോമൺസിന് ഉണ്ടായിരുന്നു, എന്നാൽ ഏതെങ്കിലും ബില്ലിൽ ഭേദഗതി ചെയ്യുന്നതിൽനിന്ന് ഹൗസ് ഓഫ് ലോർഡ്സിനെ വിലക്കിയിരുന്നില്ല. 1671 ലെയും 1678 ലെയും രണ്ട് പ്രമേയങ്ങളിലൂടെ നികുതിയും സർക്കാർ ചെലവുകളും സംബന്ധിച്ച ബില്ലിന്റെ

വ്യാപ്തി നയിക്കാനോ പരിമിതപ്പെടുത്താനോ ഉള്ള ഏക അവകാശം കോമൺസിന് മാത്രമേ സാധ്യമാകൂ എന്ന രീതിയിൽ ഹൗസ് ഓഫ് ലോഡ്സിന്റെ അധികാരങ്ങൾ വെട്ടിക്കുറച്ചു. അത്തരത്തിലുള്ള ഏതെങ്കിലും ബില്ലിൽ മാറ്റം വരുത്തുന്നതിൽനിന്ന് ഹൗസ് ഓഫ് ലോഡ്സിനെ ഒഴിവാക്കി. 1849 ലെ സ്റ്റാൻഡിങ് ഓർഡർ പ്രാബല്യത്തിൽ വന്നിട്ടും അതുവഴി നിയമനിർമ്മാണ വിഷയങ്ങളിൽ ഭേദഗതി നിർദേശിക്കാൻ ഹൗസ് ഓഫ് ലോർഡ്സിന് ഇടം നൽകിയിട്ടും ഹൗസ് ഓഫ് കോമൺസും ഹൗസ് ഓഫ് ലോഡ്സും തമ്മിലുള്ള തർക്കം തുടരുകയും അത് പാർലമെൻറ് ആക്ട്, 1911 പാസാക്കുന്നതിൽ അവസാനിക്കുകയും ചെയ്തു. പണബില്ലിനെ സംബന്ധിച്ച് ഹൗസ് ഓഫ് ലോഡ്സിന്റെ അധികാരം വകുപ്പ് 1-ൽ ഇനി പറയുന്ന നിബന്ധനകളിൽ നിർവചിക്കുന്നു :

1 മണി ബില്ലുകളെ സംബന്ധിച്ചിടത്തോളം ഹൗസ് ഓഫ് ലോർഡ്സിന്റെ അധികാരങ്ങൾ - (1) ഹൗസ് ഓഫ് കോമൺസ് പാസാക്കിയ ഒരു പണബിൽ, സെഷൻ അവസാനിക്കുന്നതിന് കുറഞ്ഞത് ഒരു മാസം മുമ്പ് ഹൗസ് ഓഫ് ലോർഡ്സിലേക്ക്

അയക്കുകയും, അങ്ങനെ ആ സഭയിലേക്ക് അയച്ച് ഒരു മാസത്തിനകം അത് ഭേദഗതി കൂടാതെ ഹൗസ് ഓഫ് ലോർഡ്സ് പാസ്സാക്കാത്ത പക്ഷം, ഹൗസ് ഓഫ് കോമൺസ് വിരുദ്ധമായി നിർദ്ദേശിച്ചില്ലായെങ്കിൽ ബില്ലിന് ഹൗസ് ഓഫ് ലോഡ്സ്

അനുമതി നൽകിയില്ല എങ്കിൽപോലും ബിൽ അവിടുത്തെ ഉന്നതാധികാരിയുടെ സമക്ഷത്തിൽ ഹാജരാക്കി രാജകീയ അനുമതി സൂചിപ്പിച്ച് പാർലമെൻറിൽ ഒരു നിയമമാകും.

വകുപ്പ് 1 (2) പണബില്ലിനെ താഴെ പറയുന്ന രീതിയിൽ നിർവചിക്കുന്നു:

1(2) പണബിൽ എന്നാൽ ഒരു പൊതുബില്ലാണ്. ഹൗസ് ഓഫ് കോമൺസിന്റെ സ്പീക്കറുടെ അഭിപ്രായത്തിൽ അത്, താഴെ പറയുന്ന എല്ലാ വിഷയങ്ങളെയുമോ അവയിൽ ഏതിനെയെങ്കിലുമോ സംബന്ധിക്കുന്ന വ്യവസ്ഥകൾ മാത്രം അടങ്ങുന്നതായിരിക്കണം, അതായത് നികുതി ചുമത്തൽ, നിറുത്തലാക്കൽ, ഇളവു ചെയ്യൽ, ഭേദപ്പെടുത്തൽ, അല്ലെങ്കിൽ ക്രമപ്പെടുത്തൽ; കടം അടയ്ക്കുന്നതിനുള്ളതോ അല്ലെങ്കിൽ ഏകികൃത ചാർജ്ജുകളുടെ മറ്റ് സാമ്പത്തിക ആവശ്യങ്ങളോ സഞ്ചിത നിധിയിലോ, ദേശീയ വായ്പ

ഫണ്ടിലോ അല്ലെങ്കിൽ പാർലമെൻറ് നൽകിയ പണത്തിലോ ചുമത്തൽ; വിതരണം; പൊതു പണത്തിന്റെ വിനിയോഗം, സ്വീകരിക്കൽ, സൂക്ഷിക്കൽ, കൊടുക്കൽ അല്ലെങ്കിൽ പൊതു പണത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യൽ; ഏതെങ്കിലും വായ്പയുടെ വർദ്ധനവും ഉറപ്പ്കൊടുക്കലും അല്ലെങ്കിൽ അതിന്റെ തിരിച്ചടവ്; അല്ലെങ്കിൽ ഈ വിഷയങ്ങളെ സംബന്ധിച്ച് വന്നു ചേരാവുന്ന അപ്രധാനമായ സംഗതികൾ അല്ലെങ്കിൽ ഏതെങ്കിലും ഒരെണ്ണം, ഈ ഉപവകുപ്പിൽ പറയുന്ന നികുതിചുമത്തൽ, പൊതുപണം വായ്പ എന്നിവയിൽ തദ്ദേശീയ അധികാരികൾ തദ്ദേശീയ ആവശ്യങ്ങൾക്കുവേണ്ടി എടുത്തവ ഉൾപ്പെടില്ല

27 മേൽപ്പറഞ്ഞ നിർവ്വചനത്തിന്റെ രണ്ട് വശങ്ങൾക്ക് ഊന്നലിന് യോഗ്യതയുണ്ട് : ആദ്യത്തേത് 'അർത്ഥമാക്കുന്നത്' എന്ന പദപ്രയോഗത്തിന്റെ ഉപയോഗം കൊണ്ട് നിർവ്വചനം സമഗ്രമാണെന്ന് സൂചിപ്പിക്കുന്നു; രണ്ടാമതായി ഒരു പണബില്ലിന്റെ ഉള്ളടക്കത്തിൽ വ്യവസ്ഥയിൽ വിശദീകരിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ള വ്യവസ്ഥകൾ മാത്രമെ ഉണ്ടാവുകയുള്ളൂ. 1(3) വകുപ്പ് പ്രകാരം ഹൗസ് ഓഫ് ലോഡ്സിലേക്കും അനുമതിക്കായി അവിടുത്തെ ബഹുമാനപ്പെട്ട രാജ്ഞിയുടെ സമക്ഷത്തിലേക്കും അയക്കുമ്പോൾ ഹൗസ് ഓഫ് കോമൺസിന്റെ സ്പീക്കറുടെ സാക്ഷ്യപത്രം ഉപയോഗിച്ച് അത് ഒരുപണബില്ലാണെന്ന് ദൃഡീകരിക്കണം. വകുപ്പ് 3 സ്പീക്കറുടെ തീരുമാനത്തിന്റെ ആത്യന്തികതയെ സംബന്ധിച്ചാണ്, അതിനെ ജുഡീഷ്യൽ അവലോകനത്തിൽ നിന്നും ഒഴിവാക്കുന്നു.

3. സ്പീക്കറുടെ സാക്ഷ്യപത്രം - ഹൗസ് ഓഫ് കോമൺസിന്റെ സ്പീക്കർ ഈ നിയമപ്രകാരം നൽകിയുട്ടുള്ള ഏതെങ്കിലും സാക്ഷ്യപത്രം എല്ലാ ആവശ്യങ്ങൾക്കും നിർണ്ണായകമായിരിക്കും, മാത്രമല്ല ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടുവാൻ പാടുള്ളതുമല്ല.

(ഊന്നൽ നൽകപ്പെട്ടത്)

എർസ്കൈൻ മെയ് എഴുതിയ ഉടമ്പടിയിൽ ഒരു പണ ബിൽ പാസ്സാക്കുന്നതിനുള്ള നടപടിക്രമത്തിൽ ഇനിപ്പറയുന്ന വിശദാംശം അടങ്ങിയിരിക്കുന്നു :

ഹൗസ് ഓഫ് കോമൺസ് പാസ്സാക്കിയ ഒരു പണ ബിൽ, സെഷൻ അവസാനിക്കുന്നതിന് കുറഞ്ഞത് ഒരു മാസം മുൻപ് ഹൗസ് ഓഫ് ലോർഡ്സിലേക്ക് അയക്കുകയും, അങ്ങനെ ആ സഭയിലേക്ക് അയച്ച് ഒരു മാസത്തിനകം അത് ഭേദഗതി കൂടാതെ ഹൗസ് ഓഫ്

ലോർഡ്സ് പാസാക്കാത്ത പക്ഷം, ഹൗസ് ഓഫാ കോമൺസ് വിരുദ്ധമായി നിർദ്ദേശിച്ചില്ലായെങ്കിൽ, ബിൽ അവിടുത്തെ ഉന്നതാധികാരിയുടെ സമക്ഷത്തിൽ ഹാജരാക്കി രാജകീയ അനുമതി സൂചിപ്പിച്ച് പാർലമെന്റിൽ ഒരു നിയമമാക്കും. ഒരു പണബില്ല് ഹൗസ് ഓഫ് ലോർഡ്സിലേക്ക് അയക്കുമ്പോഴും അത് ബഹുമാനപ്പെട്ട രാജ്ഞിയുടെ സമക്ഷം ഹാജരാക്കുമ്പോഴും അത് അത്തരമൊരു ബില്ലാണെന്ന് സ്പീക്കറുടെ സാക്ഷ്യപത്രത്താൽ അത് ദൃഡീകരിക്കപ്പെടണം. ഈ സാക്ഷ്യപത്രം നൽകുന്നതിന് മുൻപ് പ്രായോഗികമെങ്കിൽ, ഓരോ സെഷന്റെയും തുടക്കത്തിൽ തിരഞ്ഞെടുപ്പ് കമ്മിറ്റി നിയോഗിക്കുന്ന ചെയർപാനലിലെ രണ്ട് അംഗങ്ങളെ സമീപിക്കാൻ സ്പീക്കറോട് നിർദ്ദേശിക്കുന്നു. സ്പീക്കർ ഒരു ബിൽ 'പണബിൽ' ആണെന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ ഇത് ജേണലിൽ രേഖപ്പെടുത്തുന്നു; പാർലമെന്റ് ആക്ട് 1911 ലെ 3-)ഠ വകുപ്പ് അത്തരം സാക്ഷ്യപത്രം എല്ലാ ആവശ്യങ്ങൾക്കും നിർണ്ണായകമാണെന്നും ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടില്ലെന്നും വ്യവസ്ഥ ചെയ്യുന്നു. ഒരു പ്രത്യേക ബിൽ പണബില്ലാണോ അല്ലയോ എന്നത് തീരുമാനിക്കുന്നതിൽ ഗുരുതരമായ പ്രായോഗികക ബുദ്ധിമുട്ടുകളൊന്നും സാധാരണയായി ഉണ്ടാകില്ല; കൂടാതെ ഒരു സാക്ഷ്യപത്രം നൽകുന്നതോ തടഞ്ഞുവക്കുന്നതോ ആയ സ്പീക്കറുടെ നടപടി വിമർശിക്കപ്പെടുന്നതും വിരളമാണ്. വിവരിച്ചുപറഞ്ഞ ഏതെങ്കിലും കാര്യങ്ങൾ ഉൾക്കൊള്ളുന്നതും അത് കൂടാതെ മറ്റൊന്നുമില്ലാത്തതുമായ ബില്ലുകൾ ഒരു പണബില്ലാണ് എന്നതിൽ തർക്കമില്ല.ബില്ലിൽ വിവരിച്ച കാര്യങ്ങൾക്ക് ഉപകാരമായി വന്നുചേരുന്നതല്ലാത്ത ഏതെങ്കിലും കാര്യങ്ങൾ അതിൽ ഉണ്ടെങ്കിൽ അത് ഒരു പണബിൽ അല്ല. കൂടാതെ ഒരു ബില്ലിന്റെ പ്രധാന ലക്ഷ്യം ഏകീകൃതഫണ്ടിൽ അല്ലെങ്കിൽ പാർലമെന്റ് നൽകുന്ന പണത്തിൻമേൽ പുതിയ ചാർജ് സൃഷ്ടിക്കുകയാണെങ്കിൽ, പുതിയ ചാർജ്ജിന്റെ പ്രാഥമിക ലക്ഷ്യം പൂർണമായും സാമ്പത്തികമല്ലെന്ന് വ്യക്തമാണെങ്കിൽ ബിൽ സാക്ഷ്യപ്പെടുത്തില്ല. ഒരു ബിൽ ഹൗസ് ഓഫ് കോമൺസിൽ നിന്ന് പുറത്തുപോകുന്നതുവരെ അത് സാക്ഷ്യപ്പെടുത്തുന്നതിനുള്ള ചോദ്യം സ്പീക്കർ പരിഗണിക്കുന്നില്ല, കൂടാതെ ഒരു നിർദ്ധിഷ്ട ഭേദഗതി അംഗീകരിക്കുന്നത് ഒരു ബില്ലിനെ പണബില്ലായി സാക്ഷ്യപ്പെടുത്തുന്നതിന് തടസ്സമാകുമോ എന്നതിനെക്കുറിച്ച് അഭിപ്രായം നൽകാൻ വിസ്സമ്മതിച്ചു. അതുപോലെ, ഇക്കാര്യത്തിൽ സ്പീക്കറുടെ തീരുമാനം

മുൻകൂട്ടി അറിയാനോ അല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു ഭേദഗതിയുടെ ഫലം ഒരു ഉത്തരവായി ഉയർത്താൻ അനുവദിക്കുവാനോ ചെയർമാൻ കമ്മിറ്റിയിൽ വിസ്സമ്മതിച്ചു.

(ഊന്നൽനൽകപ്പെട്ടത്)

28 ഇന്ത്യാ ഗവൺമെന്റ് ആക്ട് 1935 ലെ 37-)ാ വകുപ്പിൽ ധനകാര്യ ബില്ലുകൾക്കായി ഒരു പ്രത്യേക വ്യവസ്ഥ അടങ്ങിയിരിക്കുന്നു

37. സാമ്പത്തിക ബില്ലുകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ –(1) ഒരു ബില്ലോ ഭേദഗതിവരുത്തുന്ന വ്യവസ്ഥകളോ -

(a) ഏതെങ്കിലും നികുതി ചുമത്തുന്നതിനോ വർദ്ധിപ്പിക്കുന്നതിനോ; അല്ലെങ്കിൽ

(b) പണം കടം വാങ്ങുന്നതോ ജാമ്യം നൽകുന്നതോ ഫെഡറൽ ഗവൺമെന്റ് നിയന്ത്രിക്കുന്നത്, അല്ലെങ്കിൽ ഫെഡറൽ സർക്കാർ ഏറ്റെടുത്തതോ ഇനി ഏറ്റെടുക്കുന്നതോ ആയ ഏതെങ്കിലും സാമ്പത്തിക ബാധ്യതകളുമായി ബന്ധപ്പെട്ട് നിയമം ഭേദഗതി ചെയ്യുന്നതിനോ; അല്ലെങ്കിൽ

(c) ഏതെങ്കിലും ചിലവ് ഫെഡറേഷൻ വരുമാനത്തിനായി ഈടാക്കുന്ന ചെലവായി പ്രഖ്യാപിക്കുന്നതിനോ അല്ലെങ്കിൽ അത്തരം ചെലവുകളുടെ അളവ് വർദ്ധിപ്പിക്കുന്നതിനോ, ഗവർണർ ജനറലിന്റെ ശുപാർശയില്ലാതെ അവതരിപ്പിക്കുകയോ നീക്കുകയോ ചെയ്യരുത്, കൂടാതെ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കുന്ന ഒരു ബിൽ രാജ്യസഭയിൽ അവതരിപ്പിക്കരുത്. ഗവർണർ ജനറലിന്റെ ശുപാർശയില്ലാതെ ബിൽ അവതരിപ്പിക്കാനോ നീക്കാനോ കഴിയാത്തതിനാൽ, രാജ്യസഭ, ഫെഡറൽ അസംബ്ലി എന്നീ ഓരോ സഭയെയും അവരുടെ വ്യവഹാരത്തിന്റെ നടപടിക്രമങ്ങളും പെരുമാറ്റവും നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ നിർമ്മിക്കാൻ അധികാരപ്പെടുത്തി.

ഭരണഘടനാ അസംബ്ലിയിലെ സംവാദങ്ങൾക്കിടെ, അനുച്ഛേദം 90 ലെ കരട് ഭേദഗതികളില്ലൊന്ന് 'മാത്രം' എന്ന പദപ്രയോഗം ഇല്ലാതാക്കലായിരുന്നു. നിർദ്ദിഷ്ട ഭേദഗതിവരുത്തുന്നതിനുള്ള യുക്തി വിശദീകരിച്ചുകൊണ്ട് ശ്രീ.ഘനശ്യാം സിങ് ഗുപ്ത ഇപ്രകാരം പ്രസ്താവിച്ചു:

ഈ അനുച്ഛേദം ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ 37-)ാ വകുപ്പിന്റെ ആദ്യമാതൃകയാണ്

അത് പ്രകാരം നികുതി ചുമത്തുന്നതിനോ വർദ്ധിപ്പിക്കുന്നതിനോ കടം വാങ്ങുന്നതിനോ നൽകുന്ന ബില്ലോ ഭേദഗതിയോ ഗവർണർ ജനറലിന്റെ ശുപാർശയില്ലാതെ അവതരിപ്പിക്കുകയോ നീക്കുകയോ ചെയ്യരുത്. ഇതിനർത്ഥം മുഴുവൻ ബില്ലും പണബില്ലായിരിക്കേണ്ടതില്ല എന്നാണ് : അതിൽ മറ്റ് വ്യവസ്ഥകൾ അടങ്ങിയിരിക്കാം, എന്നാൽ നികുതി അല്ലെങ്കിൽ വായ്പയെടുക്കൽ മുതലായവയെക്കുറിച്ച് എന്തെങ്കിലും വ്യവസ്ഥയുണ്ടെങ്കിൽ ഇത് ഈ 37-)ാ വകുപ്പ് പ്രകാരം വരും, അതിന് ഗവർണർ ജനറലിന്റെ ശുപാർശ ആവശ്യമാണ്. ഇപ്പോൾ അനുച്ഛേദം 90 പറയുന്നത് എതെങ്കിലും നികുതി അല്ലെങ്കിൽ പണം കടം വാങ്ങലിന്റെ ചുമത്തൽ, നിയന്ത്രണം മുതലായവ കൈകാര്യം ചെയ്യുന്ന വ്യവസ്ഥകൾ മാത്രമെ ഉള്ളുവെങ്കിൽ ഒരു ബില്ലിനെ ഒരു പണ ബില്ലായി കണക്കാക്കണം. ഇതിനർത്ഥം മറ്റ് വ്യവസ്ഥകളുള്ള ഒരു ബില്ലിൽ, നികുതി അല്ലെങ്കിൽ വായ്പയെടുക്കൽ മുതലായവയും ഉണ്ടെങ്കിലും, അത് ഒരു പണ ബില്ലായി മാറില്ല എന്ന് അർത്ഥമാക്കാം എന്നാണ്. അതാണ് ഉദ്ദേശ്യമെങ്കിൽ എനിക്ക് ഒന്നും പറയാനില്ല; പക്ഷേ അതല്ല ഉദ്ദേശ്യമെങ്കിൽ 'മാത്രം' എന്ന വാക്ക് അപകടകരമാണ്, കാരണം ബിൽ ഈ കാര്യങ്ങളെല്ലാം ചെയ്യുകയും അതേസമയം മറ്റെന്തെങ്കിലും കൂടിചെയ്യുകയും ചെയ്താൽ അത് പണബില്ലായിരിക്കില്ല. ഡ്രാഫ്റ്റിംഗ് കമ്മറ്റിയുടെ ഉദ്ദേശ്യം എന്താണെന്ന് എനിക്കറിയില്ല, പക്ഷേ അനുച്ഛേദത്തിന്റെ ഈ വശം മനസ്സിൽ വേണമെന്ന് ഞാൻ കരുതുന്നു. എന്നിരുന്നാലും ഭേദഗതി നിഷേധിക്കപ്പെട്ടു.

29 ഭരണഘടനയുടെ 110-)ാ അനുച്ഛേദം അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി ഒരു പണ ബില്ലിനെ നിർവചിക്കുന്നു. (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ വിശദീകരിച്ചിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിക്കുന്ന വ്യവസ്ഥകൾ അടങ്ങുന്നതാണെങ്കിൽ മാത്രം ഒരു ബില്ലിനെ പണബില്ലായി കരുതപ്പെടേണ്ടതാണ്. 'മാത്രം' എന്ന വാക്ക് നിർണായക പ്രാധാന്യമർഹിക്കുന്നു. 'മാത്രം' എന്ന പദപ്രയോഗം ഉപയോഗിക്കുന്നതിന്റെ അനന്തരഫലം പ്രത്യേകത നൽകുക എന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങളുടെ വിവരണത്തിൽ ഉൾപ്പെട്ടാൽ മാത്രമേ ഒരു ബിൽ പണബില്ലായി കണക്കാക്കൂ. (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ ഉൾപ്പെടാത്തതോ അതുമായി ബന്ധമില്ലാത്ത കാര്യങ്ങളോ അടങ്ങിയിട്ടുണ്ടെങ്കിൽ, അത് ഒരു

പണ ബില്ലല്ല. ഇത് ഇനിപ്പറയുന്ന കാരണങ്ങളാൽ മാത്രം ഒരു ബില്ലിനെ പണബില്ലായി കണക്കാക്കിലെന്ന് സൂചിപ്പിക്കുന്നതിനാൽ അനുച്ഛേം - 110(2) ഈ നിർമ്മാണത്തെ പിന്തുണയ്ക്കുന്നു :

(I). പിഴയോ മറ്റ് ധനകാര്യ പിഴയോ ചുമത്തുക;

(ii). ലൈസൻസുകൾ അല്ലെങ്കിൽ നൽകിയ സേവനങ്ങൾക്കുള്ള ഫീസ് ആവശ്യപ്പെടുകയോ അടയ്ക്കുകയോ ചെയ്യുക; അല്ലെങ്കിൽ

(iii). തദ്ദേശാവശ്യങ്ങൾക്കുവേണ്ടി ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ തദ്ദേശനികായമോ ഏതെങ്കിലും നികുതിയുടെ ചുമത്തൽ, നിറുത്തലാക്കൽ, ഇളവു ചെയ്യൽ, ഭേദപ്പെടുത്തൽ, അല്ലെങ്കിൽ ക്രമപ്പെടുത്തൽ.

30 ഭരണഘടനയുടെ രണ്ടാം അദ്ധ്യായത്തിലെ 5-)ơ ഭാഗത്തിന്റെ ഉദ്ദ്യേശങ്ങൾക്കായി ഒരു ബില്ലിനെ പണബില്ലായി മാറ്റുന്നതിന് ഭരണഘടനാപരമായ നിലപാടിന്റെ വ്യക്തമായ സൂചകമായി, ഇത് (ക) മുതൽ (ഛ) വരെയുള്ള വകുപ്പുകളിൽ നൽകിയിരിക്കുന്ന വിവരണത്തിന് കീഴിലുള്ള കാര്യങ്ങളിൽ മാത്രം ഇടപെടുന്നു എന്നതാണ്. (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ വ്യക്തമാക്കിയ ഏതെങ്കിലും കാര്യങ്ങളിൽ ആകസ്മികമായി വരുന്നതിനെ ഉൾപ്പെടുത്തിയിട്ടുള്ളതാണ് ഖണ്ഡം(ഛ). (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളിൽ വ്യക്തമാക്കിയിട്ടില്ലാത്ത മറ്റെല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു അവശേഷിക്കുന്ന വ്യവസ്ഥ അല്ലെങ്കിൽ ഒരു എല്ലാം ഉൾക്കൊള്ളുന്ന വാക്യമായി ഖണ്ഡം (ഛ) മനസ്സിലാക്കരുത്. ഈ നിർമ്മാണം ഖണ്ഡം(ഛ) യിൽ സ്ഥാപിക്കുകയാണെങ്കിൽ ഒരു സാധാരണ ബില്ലും പണബില്ലും തമ്മിലുള്ള വ്യത്യാസം അപ്രത്യക്ഷമാകും. അതിനാൽ, ഖണ്ഡം (ഛ) യുടെ അർത്ഥത്തിൽ ആകസ്മികമായിരിക്കണമെങ്കിൽ, (ക) മുതൽ (ച) വരെയുള്ള ഖണ്ഡങ്ങളുടെ പരിധിയിൽ വരുന്ന കാര്യങ്ങൾ മാത്രമേ ബില്ലിൽ ഉൾക്കൊള്ളാവൂ. (ക) മുതൽ (ച) വരെയുള്ള വകുപ്പുകളിൽ വ്യക്തമാക്കിയ ഏതെങ്കിലും കാര്യങ്ങളിൽ ആകസ്മികമായ ഒരു കാര്യം മാത്രമാണ് ഖണ്ഡം (ഛ) യിൽ വിചിന്തനം

ചെയ്യപ്പെട്ടിട്ടുള്ളതായി സ്പീക്കർ സാക്ഷ്യപ്പെടുത്തുന്നത്.

31 വിശകലനം ആവശ്യമുള്ള പ്രശ്നം, സ്പീക്കർ ഒരു ബില്ലിനെ പണ ബില്ലായി സാക്ഷ്യപ്പെടുത്തുന്നത് ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് മുക്തമാണോ എന്നതാണ്. അനുച്ഛേദം 110(3) അനുസരിച്ച്, ഒരു ബിൽ ഒരു പണ ബില്ലാണോ അല്ലയോ എന്ന് ഏതെങ്കിലും ചോദ്യം ഉയർന്നാൽ, ലോകസഭയുടെ സ്പീക്കറുടെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്. ചുരുക്കത്തിൽ, അനുച്ഛേദം -110 ഖണ്ഡം -3 അനുശാസിക്കുന്ന അന്തിമതയിൽ നിന്ന്, ജുഡീഷ്യൽ അവലോകനത്തെ ഒഴിവാക്കുന്നുണ്ടോ എന്നതാണ് പരിഗണനയിലുള്ള കാര്യം.

അനുച്ഛേദം 107(1) : പണബില്ലുകളെയും മറ്റ് ധനകാര്യബില്ലുകളെയും സംബന്ധിച്ച 109 - ഉം 117-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും ആരംഭിക്കാവുന്നതാണ്.

അനുച്ഛേദം 108 : (1) ഒരു ബിൽ ഒരുസഭ പാസ്സാക്കുകയും മറ്റേ സഭയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം -

(ക) ആ ബിൽ മറ്റേ സഭ തിരസ്കരിക്കുകയോ;

(ഖ) ആ ബില്ലിൽ വരുത്തേണ്ട ഭേദഗതികളെപ്പറ്റി സഭകൾ അവസാനം വിയോജിക്കുകയോ;

(ഗ) മറ്റേ സഭയ്ക്ക് ആ ബിൽ കിട്ടിയ തീയതി മുതൽ ആ സഭയിൽ പാസ്സാക്കാതെ ആറുമാസത്തിലധികം കഴിഞ്ഞു പോവുകയോ, ചെയ്താൽ, ലോകസഭ പിരിച്ചുവിടുന്നത് നിമിത്തം ആ ബില്ല് ലാപ്സായിട്ടില്ലാത്തപക്ഷം രാഷ്ട്രപതിക്ക്, സഭകൾ ഉപവേശനത്തിലാണെങ്കിൽ സന്ദേശം മുഖേനയും ഉപവേശനത്തിലല്ലെങ്കിൽ പൊതുവിജ്ഞാപനം മുഖേനയും, ആ ബില്ലിനെപ്പറ്റി പര്യാലോചിക്കുന്നതിനും അതിൻമേൽ വോട്ടുചെയ്യുന്നതിനും ഉള്ള ആവശ്യത്തിന് ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് അവയെ വിളിച്ചുകൂട്ടുവാനുള്ള തന്റെ ഉദ്ദേശ്യം അവയെ അറിയിക്കാവുന്നതാണ്: എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും ഒരു പണബില്ലിന് ബാധകമാകുന്നതല്ല.

(2) (1)-)ഠ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുളളവിധം ഏതെങ്കിലും അങ്ങനെയുളള ആറുമാസക്കാലം കണക്കാക്കുന്നതിൽ, ആ ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുളള സഭ സമ്മേളനം അവസാനിപ്പിച്ചിരുന്നതോ തുടർച്ചയായി നാലു ദിവസത്തിലധികം നീട്ടിവച്ചിരുന്നതോ ആയ ഏതെങ്കിലും കാലയളവ് കണക്കിലെടുക്കുവാൻ പാടുളളതല്ല.

(3) രാഷ്ട്രപതി, സഭകളെ, ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് വിളിച്ചുകൂട്ടുവാനുളള അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് (1)-)ഠ ഖണ്ഡപ്രകാരം വിജ്ഞാപനം നൽകിയിരിക്കുമ്പോൾ, ഇരുസഭകളിൽ ഒന്നും ആ ബില്ലിനെപ്പറ്റിയുളള നടപടി തുടരുവാൻ പാടില്ലാത്തതും, എന്നാൽ രാഷ്ട്രപതിക്ക് തന്റെ വിജ്ഞാപനം പുറപ്പെടിവിച്ച തീയതിക്കുശേഷം ഏതു സമയത്തും വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുളള ആവശ്യത്തിന്, സഭകളെ ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് വിളിച്ചുകൂട്ടാവുന്നതും അദ്ദേഹം അപ്രകാരം ചെയ്യുന്ന എങ്കിൽ, സഭകൾ അതനുസരിച്ച് യോഗം ചേരേണ്ടതും ആകുന്നു.

(4) രണ്ട് സഭകളുടെയും ആ സംയുക്ത ഉപവേശനത്തിൽ സമ്മതിച്ച ഭേദഗതികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയോടുകൂടി ഇരുസഭകളിലെയും ഹാജരാകുകയും വോട്ട ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ആകെ സംഖ്യയുടെ ഒരു ഭൂരിപക്ഷത്തോടുകൂടി ആ ബിൽ പാസ്സാക്കുകയാണെങ്കിൽ, ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് അത് ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്: എന്നാൽ, ഒരു സംയുക്ത ഉപവേശനത്തിൽ-

(ക) ആ ബിൽ ഒരു സഭ പാസ്സാക്കിയിരിക്കുകയും മറ്റേ സഭ ഭേദഗതികളോടുകൂടി പാസ്സാക്കാതിരിക്കുകയും അത് ആരംഭിച്ച സഭയിലേക്ക് തിരിച്ച് അയയ്ക്കാതിരിക്കുകയും ചെയ്താൽ, അത് പാസ്സാക്കുന്നതിനുളള താമസത്താൽ ആവശ്യമായിത്തീർന്ന ഭേദഗതികൾ (ഏതെങ്കിലും ഉണ്ടെങ്കിൽ) അല്ലാതെ യാതൊരു ഭേദഗതിയും നിർദ്ദേശിക്കുവാൻ പാടില്ലാത്തതും ;

(ഖ) ആ ബിൽ അപ്രകാരം പാസ്സാക്കിയിരിക്കുകയും തിരിച്ച് അയച്ചിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മുൻപറഞ്ഞ അങ്ങനെയുള്ള ഭേദഗതികളും സഭകൾ യോജിപ്പിലെത്തിയിട്ടില്ലാത്ത വിഷയങ്ങൾ സംബന്ധിച്ച് പ്രസക്തമായ അങ്ങനെയുള്ള മറ്റ് ഭേദഗതികളും മാത്രം നിർദ്ദേശിക്കേണ്ടതും, ഈ ഖണ്ഡപ്രകാരം ഏത് ഭേദഗതികൾ അനുവദിക്കാമെന്നതിനെക്കുറിച്ച് അദ്ധ്യക്ഷത വഹിക്കുന്ന ആളുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

(5) രാഷ്ട്രപതി, സഭകളെ ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുവാൻ വിളിച്ചുകൂട്ടുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദ്യേശ്യത്തെക്കുറിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചശേഷം ലോകസഭയുടെ പിരിച്ചുവിടൽ ഇടയ്ക്ക് സംഭവിച്ചാലും ഈ അനുച്ഛേദപ്രകാരം ഒരു സംയുക്ത ഉപവേശനം നടത്താവുന്നതും അതിൽ വച്ച് ഒരു ബിൽ പാസ്സാക്കാവുന്നതും ആകുന്നു.

16 അനുച്ഛേദം 117 :

(1) 110-)ം അനുച്ഛേദം (1)-)ം ഖണ്ഡം (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ ശുപാർശയിൻമേലല്ലാതെ അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടില്ലാത്തതും അങ്ങനെ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തതും ആകുന്നു:

എന്നാൽ, ഏതെങ്കിലും നികുതി കുറവുചെയ്യുന്നതിനോ നിറുത്തൽ ചെയ്യുന്നതിനോ വ്യവസ്ഥ ചെയ്യുന്ന ഒരു ഭേദഗതി ഉന്നയിക്കുന്നതിന് യാതൊരു ശുപാർശയും ഈ ഖണ്ഡപ്രകാരം ആവശ്യമാകുന്നതല്ല.

(2). ഒരു ബില്ലോ ഭേദഗതിയോ, അത് പിഴകളോ പണം നൽകേണ്ട മറ്റ് ശിക്ഷയോ ചുമത്തുവാനോ, ലൈസൻസിനുവേണ്ടിയുള്ള ഫീസോ, ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുമാത്രമുള്ള

കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ നികായമോ തദ്ദേശാവശ്യങ്ങൾക്ക് ഏതെങ്കിലും നികുതി ചുമത്തുവാനോ നിറുത്തലാക്കുവാനോ ഇളവുചെയ്യുവാനോ മാറ്റം വരുത്തുവാനോ ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്ന എന്നുള്ള കാരണത്താലോ, മുൻപറഞ്ഞ വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്നതായി കരുതാൻ പാടുള്ളതല്ല.

(3). ഒരു ബിൽ നിയമമാക്കി പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നും ചെലവു നടത്തേണ്ടതായി വരുന്നിടത്ത്, പാർലമെന്റിന്റെ ഇരുസഭകളിൽ ഒന്നും, രാഷ്ട്രപതി ബില്ലിന്റെ പരിഗണന ആ സഭയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലല്ലാതെ, പാസ്സാക്കുവാൻ പാടുള്ളതല്ല.

[17] C.Knight & Company, 1844

Constituent Assembly Debates (20 May 1949) [18]

ഭരണഘടന രൂപീകരിക്കുന്ന കാലഘട്ടത്തിൽ, ഭരണഘടനാ ഉപദേഷ്ടാവായി പ്രവർത്തിച്ചിരുന്ന സർ, ബി. എൻ. റാവു യൂണിയൻ ഭരണഘടനാ സമിതിക്കുവേണ്ടി കരട് ഭരണഘടനയുടെ ഒരു മെമ്മോറാണ്ടം തയ്യാറാക്കി. ബി.ശിവറാവു, പ്രസ്തുത കരടിൽ

ഒരു ബിൽ, മണി ബിൽ (പണ ബിൽ) ആണോ അല്ലയോ എന്ന് എന്തെങ്കിലും ചോദ്യം ഉയർന്നു വരുന്നു എങ്കിൽ, അതിൽ ലോകസഭാ സ്പീക്കറുടെ തീരുമാനം അന്തിമമായിരിക്കും.

എന്ന് പ്രസ്താവിക്കുന്ന 75-)ം അനുഛേദം പരാമർശിക്കുന്നു.

ചുവടെ കൊടുത്തിരിക്കുന്ന അയർലാൻഡിന്റെ ഭരണഘടനയുടെ (1937) 22-)ം അനുഛേദത്തോട് മേൽ പ്രസ്താവിച്ച കരട് വ്യവസ്ഥയ്ക്ക് സാമ്യമുണ്ട്.

1) അയർലാൻഡിന്റെ ലോവർ ഹൗസ് ആയ Dail Eireann ന്റെ ചെയർമാൻ, പണ ബില്ല് എന്ന് അഭിപ്രായമുള്ളതിനെ അപ്രകാരം സാക്ഷ്യപ്പെടുത്തുന്നതും, ആയത്, വകുപ്പിലെ തുടർന്നുള്ള വ്യവസ്ഥകൾ അനുസരിച്ച് അന്തിമവും നിർണായകവും ആയിരുക്കും.

2) മുപ്പത് അംഗങ്ങളിൽ കുറയാത്ത ഒരു സിറ്റിംഗിൽ പാസാക്കിയ പ്രമേയത്തിലൂടെ, പ്രിവിലിജ് കമ്മറ്റിക്ക്, ഒരു ബില്ല് പണ ബില്ലാണോ അല്ലയോ എന്ന ചോദ്യം റഫർ ചെയ്യാൻ Seanad Eireann എന്ന അയർലാൻഡിലെ അപ്പർഹൗസിന് രാഷ്ട്രപതിയോട് അഭ്യർത്ഥിക്കാം.

3) കൗൺസിൽ ഓഫ് സ്റ്റേറ്റുമായി കൂടി ആലോചിച്ചതിനുശേഷം രാഷ്ട്രപതി അഭ്യർത്ഥന അംഗീകരിക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ അദ്ദേഹം Dail Eireann and Seanad Eireann എന്നിവയിൽ നിന്നും തുല്യമായ അംഗങ്ങളും സുപ്രീംകോടതി ജഡ്ജി ആയിരിക്കുന്ന ഒരു ചെയർമാനും അടങ്ങുന്ന വിശേഷാധികാരങ്ങളുള്ള ഒരു പ്രത്യേക സമിതിയെ നിയമിക്കും. കൗൺസിൽ ഓഫ് സ്റ്റേറ്റുമായി കൂടിയാലോചിച്ചതിന് ശേഷമാണ് ഈ നിയമനങ്ങൾ നടത്തുക. തുല്യമായ വോട്ടുകൾ ഉള്ള സാഹചര്യത്തിൽ ചെയർമാന് വോട്ട് ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

4) Seanad Eireann നിലേക്ക് അയച്ചത് മുതൽ ഇരുപത്തിയൊന്ന് ദിവസത്തിനുള്ളിൽ നിയോഗിക്കപ്പെട്ട പ്രിവിലിജ് കമ്മറ്റിക്ക് അതിന്റെ തീരുമാനം രാഷ്ട്രപതിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യും.

5) കമ്മറ്റിയുടെ തീരുമാനം അന്തിമവും നിർണായകവുമായിരിക്കും.

6) കൗൺസിൽ ഓഫ് സ്റ്റേറ്റുമായി കൂടി ആലോചിച്ചതിനുശേഷം രാഷ്ട്രപതി Seanad Eireann ന്റെ അഭ്യർത്ഥന അംഗീകരിക്കുന്നില്ലെന്ന് തീരുമാനിക്കുകയാണെങ്കിൽ, അല്ലെങ്കിൽ നിഷ്കർഷിച്ചിരിക്കുന്ന സമയത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിൽ വിശേഷാധികാരങ്ങളുള്ള കമ്മറ്റി പരാജയപ്പെട്ടാൽ, Dail Eireann ന്റെ ചെയർമാന്റെ സാക്ഷ്യപത്രം സ്ഥിരീകരിക്കപ്പെടും.

(ഊന്നൽ നല്കിയിട്ടുണ്ട്)

B. Shivna Rao, The framing of India's Constitution:

Selected Documents, Indian Institute of Public Administration (2012), at . Pg. 32.

പണ ബില്ലായി ഒരു ബില്ലിനെ സാക്ഷ്യപ്പെടുത്തുന്നതിനെ സംബന്ധിച്ച തർക്കം പരിഹരിക്കുന്നതുനുള്ള വ്യവസ്ഥ ഐറിഷ് മോഡലിൽ അടങ്ങിയിരിക്കുന്നു. നമ്മുടെ ഭരണഘടന രൂപപ്പെടുത്തിയപ്പോൾ തർക്ക പരിഹാര നടപടിക്രമത്തിന്റെ ഈ ഭാഗം സ്വീകരിച്ചില്ല. മാത്രമല്ല, നിർണ്ണയം സംബന്ധിച്ച ഉപവാക്യം പരിഷ്കരിച്ച രൂപത്തിൽ സ്വീകരിച്ചു. അതേ സമയം ഐറിഷ് ഭരണഘടനയുടെ വ്യവസ്ഥ (1) ആർട്ടിക്കിൾ 22, അന്തിമവും നിർണായകവും എന്ന പദപ്രയോഗം ഉപയോഗിക്കുന്നുണ്ട് എന്നാൽ കരട് ആർട്ടിക്കിൾ 75-ൽ ജനപ്രതിനിധിസഭയുടെ സ്പീക്കറുടെ തീരുമാനം അന്തിമമാണ് എന്ന് പറയുന്നുണ്ട്. 1947 ഡിസംബർ 5 ന്, സാമ്പത്തിക

വ്യവസ്ഥകൾക്കായുള്ള വിദഗ്ധ സമിതി കരട് വ്യവസ്ഥയിൽ ഒരു ഭേദഗതി നിർദ്ദേശിച്ചു. ആയതിന്റെ സാരാംശം ബി. ശിവറാവു സൂചിപ്പിക്കുന്നു.

> ലോവർ ഹൗസിൽ നിന്ന് നിന്നും അപ്പർ ഹൗസിലേക്ക് ഒരു പണബില്ല് അയക്കുമ്പോൾ, അത് ഒരു പണ ബില്ല് ആണ് എന്ന ലോവർ ഹൗസ് സ്പീക്കറുടെ സാക്ഷ്യപത്രം കൂട്ടിചേർക്കേണ്ടതാണ്. അല്ലെങ്കിൽ മേലൊപ്പുവയ്ക്കണം. കൂടാതെ പാർലമെന്റ് ആക്ട് 1911 ലെ അനുബന്ധ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഭരണഘടനയിൽ ഇത് പ്രാബല്യത്തിൽ വരുത്തണം. പ്രസ്തുത വിഷയത്തെ സംബന്ധിച്ച സഭയ്ക്ക് പുറത്തുള്ള വിവാദങ്ങളെ ഇത് തടയും.
>
> (ഊന്നൽ നല്കപ്പെട്ടിട്ടുണ്ട്)

നടപടിക്രമ ലാളിത്യത്തിന്റെ ഒരു ഘടകം ഉൾപ്പെടുത്തി പാർലമെന്റിന്റെ ഉപരിസഭയിലെ വിവാദങ്ങൾ തടയുകയെന്നതാണ് സ്പീക്കറുടെ സർട്ടിഫിക്കേഷന്റെ ഉദ്ദേശ്യം. അതിന്റെ വ്യക്തമായ സൂചകമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന ഗ്രന്ഥത്തിന്റെ ഭാഗം.

അന്തിമമായെങ്കിലും നിർണായകമല്ല.

33) നിർദ്ദേശിച്ച കരട് ആർട്ടിക്കിൾ അംഗീകരിക്കുകയും ഒടുവിൽ ആർട്ടിക്കിൾ 110 ആയി ഉൾപ്പെടുത്തുകയും ചെയ്തപ്പോൾ, വ്യവസ്ഥ (3), ജുഡീഷ്യൽ അവലോകത്തെ പ്രത്യേകമായി ഒഴിവാക്കാതെ അന്തിമ തത്വം ഉൾപ്പെടുത്തി. പൊതു സ്പീക്കറുടെ സാക്ഷ്യപത്രം എല്ലാ ആവശ്യങ്ങൾക്കും നിർണായകമായിരിക്കുമെന്നും, ആയത് ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടില്ല എന്നും വ്യക്തമാക്കികൊണ്ട് ബ്രിട്ടനിലെ പാർലമെന്റ് ആക്ട് 1911 ലെ 3-)ം വകുപ്പ്, ജുഡീഷ്യൽ അവലോകനത്തെ പ്രത്യേകമായി ഒഴിവാക്കി. ഈ വാക്കുകൾ, സ്പീക്കറിൽ നിന്നുള്ള സാക്ഷ്യപത്രത്തിന് ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് പ്രതിരോധവും അന്തിമത്വവും നൽകുന്നു. പ്രസ്തുത ഭാഷ്യം ഇന്ത്യൻ ഭരണഘടനയിൽ സ്വീകരിച്ചിട്ടില്ല. ആർട്ടിക്കിൾ 110 ലെ, വ്യവസ്ഥ (3) പ്രകാരം സ്പീക്കർ നൽകിയ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച്, ഭരണഘടനയുടെ കരട് പ്രവർത്തനങ്ങൾ ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് ഒഴിവാക്കുന്നത് ശ്രദ്ധാപൂർവ്വം ഉൾപ്പെടുത്തിയിട്ടില്ല. അന്തിമമായി മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അപ്പർ, ലോവർ ഹൗസുകൾക്ക് മദ്ധ്യവർത്തിയെന്ന വണ്ണം പ്രവർത്തിക്കുകയും എന്നാൽ ഭരണഘടനാധിഷ്ഠിതമായ

കോടതിയുടെ അവലോകനത്തെ ഒഴിവാക്കുന്നുമില്ല.

34) ഞങ്ങൾ സ്വീകരിച്ച വ്യാഖ്യാനത്തെ മറ്റൊരു കാരണത്താൽ പിന്തുണയ്ക്കുന്നു. ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് പ്രതിരോധം നൽകാൻ ഭരണഘടന ഉദ്ദേശിക്കുന്ന സന്ദർഭങ്ങളിൽ, ആ നിർദ്ദിഷ്ട വാക്കുകൾ ഉപയോഗിക്കുന്നു. ആർട്ടിക്കിൾ 329 (a) ആർട്ടിക്കിൾ 243-O, ആർട്ടിക്കിൾ 243 Z എന്നിവയിൽ ഉപയോഗിച്ചിരിക്കുന്ന ഈ പദപ്രയോഗം ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടില്ല. ഈ അനുച്ഛേദങ്ങൾ ഇപ്രകാരം വായിക്കാം:

329 തിരഞ്ഞെടുപ്പ് കാര്യങ്ങളിൽ കോടതി ഇടപെടലിന് വിലക്ക്.

ഈ ഭരണഘടനയിൽ എന്ത് തന്നെ ആയിരുന്നാലും.

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളിലേക്കുള്ള സ്ഥാനങ്ങളുടെ തിരിച്ചുവയ്ക്കലോ സംബന്ധിച്ച് 327-)ം അനുച്ഛേദമോ 328-)ം അനുച്ഛേദമോ പ്രകാരം ഉണ്ടാക്കിയതോ ഉണ്ടാക്കിയതാണെന്നു കരുതാവുന്നതോ ആയ ഒരു നിയമത്തിന്റെ സാധുത ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെയാവുന്നതല്ല.

243 (ണ) തെരഞ്ഞെടുപ്പവിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക് – ഈ ഭരണഘടനയിലെന്തുതന്നെയായിരുന്നാലും,--

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങൾക്ക് സ്ഥാനങ്ങൾ തിരിച്ചുവയ്ക്കലോ സംബന്ധിച്ച്, 243 s അനുച്ഛേദത്തിൻ കീഴിലുണ്ടാക്കിയതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിന്റെയും സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

243.യ.ഛ. തെരഞ്ഞെടുപ്പവിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക് – ഈ ഭരണഘടനയിലെന്തുതന്നെയായിരുന്നാലും,--

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങൾക്ക് സ്ഥാനങ്ങൾ തിരിച്ചുവയ്ക്കലോ സംബന്ധിച്ച്, 243 യ ച അനുച്ഛേദത്തിൻ കീഴിലുണ്ടാക്കിയതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിന്റെയും, സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

(ഊന്നൽ നല്കപ്പെട്ടിട്ടുണ്ട്)

NP പൊന്നുസ്വാമി v. റിട്ടേണിംഗ് ഓഫീസർ, നാമക്കൽ നിയോജക മണ്ഡലം, നാമക്കൽ, സേലം ജില്ല [21] – ൽ ഈ കോടതിയിലെ ആറംഗ ബഞ്ച് ഭരണഘടനയുടെ ആർട്ടിക്കിൾ 329 ഇനി പറയുന്ന നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5..... അനുച്ഛേദം 327, 328 ഉം അനുച്ഛേദം 329 എന്നതിലും ഉപയോഗിച്ചിരിക്കുന്ന ഭാഷയിലെ

പ്രകടമായ വ്യത്യാസം എന്തെന്നാൽ, ആദ്യത്തെ രണ്ട് അനുച്ഛേദങ്ങളിലും ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി ആരംഭിക്കുമ്പോൾ, അവസാന അനുച്ഛേദം ആരംഭിക്കുന്നത് ഈ ഭരണഘടനയിൽ എന്തൊക്കെയാണെങ്കിലും എന്ന വാക്കുകളിലാണ്. ഭാഷയിലെ ഈ വ്യത്യാസത്തിന്റെ പ്രഭാവം എന്തെന്നാൽ, അനുച്ഛേദം 327 പ്രകാരം പാർലമെന്റ് അല്ലെങ്കിൽ അനുച്ഛേദം 328 പ്രകാരം സംസ്ഥാന ഭരണഘടനയുടെ 226-)ം അനുച്ഛേദം പ്രകാരം ഹൈക്കോടതിയുടെ അധികാര പരിധി ഒഴിവാക്കാൻ കഴിയില്ലെന്ന് ബാറിൽ സമ്മതിച്ചിട്ടുണ്ട്. എന്നാൽ 329-)ം അനുച്ഛേദത്തിൽ നൽകിയിട്ടുള്ള കാര്യങ്ങളിൽ പ്രസ്തുത അധികാര പരിധി ഒഴിവാക്കുന്നു.

35. മേൽ പറഞ്ഞ വ്യവസ്ഥകൾ പ്രകാരം ജുഡീഷ്യൽ അവലോകനം ഒഴിവാക്കുന്നതിൽ നിന്ന് വ്യത്യസ്തമായി, അന്തിമ തീരുമാനമെടുക്കുന്ന ഭരണഘടനയുടെ മറ്റ് വ്യവസ്ഥകൾ ഉണ്ട്. അത്തരം സന്ദർഭങ്ങളിൽ ജുഡീഷ്യൽ അവലോകനത്തെ ഒഴിവാക്കരുതെന്ന് നിലപാടെടുത്തിട്ടുണ്ട്. അനുച്ഛേദം 217(3), 311 (3), ഖണ്ഡിക 6(1), കൂടാതെ ഷെഡ്യൂൾ 10, ഇവ അന്തിമം എന്ന പദപ്രയോഗം നടത്തുന്നുണ്ട്.

> 217. ഒരു ഹൈക്കോടതി ജഡ്ജിയുടെ പ്രായം സംബന്ധിച്ച് എന്തെങ്കിലും ചോദ്യം ഉയർന്ന് വന്നാൽ, ചോദ്യം ചീഫ് ജസ്റ്റിസുമായി ആലോചിച്ച ശേഷം രാഷ്ട്രപതി തീരുമാനിക്കുകയും രാഷ്ട്രപതിയുടെ തീരുമാനം അന്തിമമായിരിക്കുകയും ചെയ്യുന്നതാണ്.
>
> 311. (3) മേൽ പറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും വ്യക്തിയെ സംബന്ധിച്ചിടത്തോളം വ്യവസ്ഥ (2) -ൽ പരാമർശിച്ചിരിക്കുന്നത് പോലെയുള്ള അന്വേഷണം നടത്തുന്നത് ന്യായമായും പ്രായോഗികമാണോ എന്ന ചോദ്യം ഉയർന്ന് വരുന്നുവെങ്കിൽ, അത്തരം വ്യക്തിയെ പിരിച്ചു വിടാനോ, നീക്കം ചെയ്യാനോ, തരം താഴ്ത്തുവാനോ അവകാശമുള്ള അധികാരിയുടെ തീരുമാനം അന്തിമമായിരിക്കും.
>
> (6) വീഴ്ച വരുത്തിയതിന്റെ അടിസ്ഥാനത്തിൽ അയോഗ്യത സംബന്ധിച്ച ചോദ്യങ്ങളുടെ തീരുമാനം - (1) ഈ പട്ടിക പ്രകാരം ഒരു സഭയിലെ അംഗം അയോഗ്യതയ്ക്ക് വിധേയരായിട്ടുണ്ടോ എന്ന ചോദ്യമുണ്ടായാൽ, ചോദ്യം ചെയർമാന്റെ തീരുമാനത്തിന് വിടും അല്ലെങ്കിൽ, അങ്ങനെ വരുമ്പോൾ, പ്രസ്തുത സഭയുടെ സ്പീക്കറും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കും.

ഒരു സഭയുടെ ചെയർമാനോ സ്പീക്കറോ അത്തരം അയോഗ്യതയ്ക്ക് വിധേയരായിട്ടുണ്ടോ എന്ന ചോദ്യം ഉയർന്ന് വന്നിട്ടുണ്ടെങ്കിൽ, സഭയിൽ ഇതിനായി ഒരംഗത്തെ തിരഞ്ഞെടുക്കാവുന്നതും പ്രസ്തുത അംഗത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ഊന്നൽ നല്കപ്പെട്ടിട്ടുണ്ട്)

അനുച്ഛേദം 217(3) പ്രകാരം രാഷ്ട്രപതി ഒരു ജുഡീഷ്യൽ പ്രവർത്തനം നടത്തുന്നുവെന്നും എടുക്കുന്ന തീരുമാനം നിശ്ചിത കാരണങ്ങളാൽ ജുഡീഷ്യൽ അവലോകനത്തിന് വിധേയമാണെന്നും യൂണിയൻ ഓഫ് ഇന്ത്യ v. ജ്യോതി പ്രകാശ് മിത്തർ - ൽ ഈ കോടതിയിലെ ആറംഗ ബഞ്ച് അഭിപ്രായപ്പെട്ടു.

32. ആർട്ടിക്കിൾ 217(3) പ്രകാരം രാഷ്ട്രപതി, നമ്മുടെ ഭരണഘടനയുടെ പദ്ധതി പ്രകാരം അതീവ പ്രാധാന്യമുള്ള ഒരു ജുഡീഷ്യൽ പ്രവർത്തനം നിർവ്വഹിക്കുന്നു. മന്ത്രിമാരുടെ ഉപദേശ പ്രകാരം അദ്ദേഹത്തിന് പ്രവർത്തിക്കുവാൻ സാധിക്കില്ല. രാഷ്ട്രപതിയുടെ ഉത്തരവിന്റെ പ്രഖ്യാപിത അന്തിമരൂപം ഉണ്ടായിരുന്നിട്ടും, ഉത്തരവ് മാറ്റിവയ്ക്കാൻ ഉചിതമായ കേസുകളിൽ കോടതിക്ക് അധികാരമുണ്ട്. ഇത് പാർശ്വസ്ഥമായ പരിഗണനകളിലാണ് പാസാക്കിയതെന്നോ അല്ലെങ്കിൽ സ്വാഭാവികനീതിയുടെ നിയമങ്ങൾ പാലിച്ചിട്ടില്ലെന്നോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ വിധി എക്സിക്യൂട്ടീവ് നൽകിയ ഉപദേശമോ, പ്രാധിനിത്യമോ കൊണ്ട് സ്വാധീനിക്കപ്പെട്ടതാണെങ്കിലോ, അതോ തെളിവുകളുടെ അഭാവത്തിൽ രൂപീകരിക്കപ്പെട്ടതാണെങ്കിലോ..... തെളിവുകളുടെ അവലോകനം പൂർണ്ണമായും രാഷ്ട്രപതിക്ക് വിട്ടു കൊടുത്തിരിക്കുന്നു. മാത്രമല്ല, രാഷ്ട്രപതിയുടെ മുമ്പാകെ വച്ചിരിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ, കേസ് തീരുമാനിക്കാൻ ആവശ്യപ്പെടുക-യായിരുന്നെങ്കിൽ, അവർ മറ്റ് ചില തീരുമാനങ്ങൾ എടുക്കുമായിരുന്നു എന്ന് കോടതികളും വാദിക്കേണ്ടതില്ല.

36. അനുച്ഛേദം 311(3) ന്റെ പശ്ചാത്തലത്തിൽ, യൂണിയൻ ഓഫ് ഇൻഡ്യ v. തുൾസിറാം പട്ടേൽ[23] ഉയർത്തിക്കാണിക്കുന്നതെന്തെന്നാൽ, അന്വേഷണം നടത്തുന്നത് യുക്തി സഹമല്ലെന്ന അച്ചടക്ക അതോറിറ്റിയുടെ തീരുമാനത്തിന് കൽപ്പിച്ചിരിക്കുന്ന അന്തിമത്വം, ആയതിനെ ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് പ്രതിരോധിക്കുന്നില്ല. Kihoto Hollohan v. Zachillhu[24]-ൽ ഈ കോടതിയിലെ ഭരണഘടനാ ബഞ്ച് പറയുന്നത് ലോകസഭാ സ്പീക്കറുടെയോ, രാജ്യസഭാ ചെയർമാന്റെയോ തീരുമാനത്തിന്റെ 10-)ം പട്ടികയിലെ 6(1) ഖണ്ഡികയിൽ പറയുന്ന അന്തിമത,

ജുഡീഷ്യൽ അവലോകനം റദ്ദാക്കുന്നില്ല എന്നാണ്.

111. പത്താം പട്ടികയിലെ 6(1))ം ഖണ്ഡികയിൽ സ്പീക്കർ/ ചെയർമാൻ തുടങ്ങിയവരുടെ തീരുമാനങ്ങൾക്ക് അന്തിമത കൽപിക്കാൻ ശ്രമിക്കുന്നിടത്തോളം അതിന് സാധുതയുണ്ട്. എന്നാൽ ഖണ്ഡിക 6(1) ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിയമാനുസൃതമായ അന്തിമരൂപം ഭരണഘടനയുടെ ആർട്ടിക്കിൾ 136, 226, 227 എന്നിവ പ്രകാരം ഭരണഘടനാ ഉത്തരവുകളുടെ ലംഘനം, ദുരുദ്ദേശപരമായതും, സ്വാഭാവികനീതിയുടെ നിയമങ്ങൾ പാലിക്കാത്തതും, വക്രത തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള അസ്വാഭാവികതകൾ ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് വ്യതിചലിക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നില്ല.

ഭരണഘടനാ ബഞ്ച് പറയുന്നു:

അന്തിമതയെ സംബന്ധിച്ച വ്യവസ്ഥയ്ക്കതീതമായി വെല്ലുവിളി നേരിടുന്ന അധികാരസ്ഥാനത്തിന്റെ നടപടി ഒരാളുടെ നിയപരമായ അധികാരസ്ഥാനത്തിന്റെ അപ്പുറമാണോ എന്ന് കോടതിക്ക് പരിശോധിക്കാവുന്ന വണ്ണം ആണെന്നതാണ് കോടതികൾ പ്രയോഗിക്കുന്ന തത്വം. അത്തരമൊരു നടപടി ഒരാളുടെ നിയപരമായ അധികാരത്തിനോ ആധിപത്യത്തിനോ അപ്പുറമായിരിക്കും. കാരണം, അത്തരം ഒരു നടപടി എടുക്കാവുന്ന അധികാരം നൽകുന്ന നിർബന്ധിത വ്യവസ്ഥയ്ക്ക് വിരുദ്ധമാണത്. ദുരുദ്ദേശപരമായ വ്യാഖ്യാനങ്ങൾ കൊണ്ടോ, സ്വാധീനത്താലോ, അപ്രസക്തമായ പരിഗണനകൾ കൊണ്ടോ ഇതിന്റെ കാര്യക്ഷമതയ്ക്ക് കോട്ടം തട്ടുന്നുവെങ്കിൽ ഇതും അതോറിറ്റിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് അതീതമായിരിക്കും. തൽഫലമായി, വാക്യവിശകലനത്തിന്റെ കാര്യമെന്ന നിലയിൽ ആർട്ടിക്കിൾ 110 (3) പ്രകാരം സ്പീക്കർ നൽകിയ സർട്ടിഫിക്കറ്റിന്റെ അന്തിമത്വം, ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് പ്രതിരോധം നൽകുന്നില്ല.

നടപടിക്രമങ്ങളും പ്രതിപാദകമായ നിയമ വിരുദ്ധതകളും.

37. അനുച്ഛേദം 118 പ്രകാരം പാർലമെന്റിലെ ഓരോ സഭയ്ക്കും, ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിധേയമായി നടപടിക്രമങ്ങളും പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ നിർമ്മിക്കുവാൻ അനുവദിക്കുന്നു.

അനുച്ഛേദം ഇങ്ങനെ പറയുന്നു:

*118. **നടപടിക്രമത്തിന്റെ ചട്ടങ്ങൾ**--(1) പാർലമെന്റിന്റെ ഓരോ സഭയ്ക്കും അതിന്റെ നടപടിക്രമവും അതിന്റെ കാര്യങ്ങളുടെ നടത്തിപ്പും ഈ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമപ്പെടുത്തുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.*

(2) (1)-ാം ഖണ്ഡികപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഇൻഡ്യാ ഡൊമിനിയന്റെ നിയമനിർമ്മാണ മണ്ഡലത്തെ സംബന്ധിച്ച് പ്രാബല്യത്തിലുണ്ടായിരുന്ന നടപടിക്രമ ത്തിന്റെ ചട്ടങ്ങൾക്കും നിലവിലിരുന്ന ഉത്തരവുകൾക്കും, അവയിൽ രാജ്യസഭയുടെ അദ്ധ്യക്ഷനോ ലോകസഭയുടെ സ്പീക്കറോ, അതതു സംഗതിപോലെ, വരുത്തുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്കും അനുയോജനങ്ങൾക്കും വിധേയമായി പാർലമെന്റിനെ സംബന്ധിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) രാഷ്ട്രപതിക്ക്, രാജ്യസഭയുടെ അദ്ധ്യക്ഷനോടും ലോകസഭയുടെ സ്പീക്കറോടും ആലോചിച്ചതിനുശേഷം ഇരുസഭകളുടെയും സംയുക്ത ഉപവേശനങ്ങളെയും പരസ്പരമുള്ള ആശയവിനിമയങ്ങളെയും സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച് ചട്ടങ്ങൾ ഉണ്ടാവാക്കാവുന്നതാണ്.

(4) ഇരുസഭകളുടെയും ഒരു സംയുക്ത ഉപവേശനത്തിൽ ലോകസഭയുടെ സ്പീക്കറോ, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ (3)-)ാം ഖണ്ഡപ്രകാരം ഉണ്ടാക്കിയിട്ടുള്ള നടപടിക്രമത്തിന്റെ ചട്ടങ്ങൾ അനുസരിച്ച് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ആളോ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

അനുച്ഛേദം 122 ഇപ്രകാരം പറയുന്നു.

122. പാർലമെന്റിലെ നടപടികളെപ്പറ്റി കോടതികൾ അന്വേഷണ വിചാരണ നടത്താൻ പാടില്ലെന്ന്-- (1) പാർലമെന്റിലെ ഏതെങ്കിലും നടപടികളുടെ സാധുത, നടപടിക്രമത്തിൽ ആരോപിച്ചിട്ടുള്ള ഏതെങ്കിലും ക്രമക്കേട് കാരണം, ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(2) ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ പാർലമെന്റ് നടപടിക്രമം നിർണ്ണയിക്കുന്നതിനോ കാര്യങ്ങളുടെ നടത്തിപ്പിനോ ക്രമസമാധാനം പാലിക്കുന്നതിനോ ഉള്ള അധികാരങ്ങൾ നിക്ഷിപ്തമായി ലഭിച്ചിട്ടുള്ള പാർലമെന്റിലെ യാതൊരു ഉദ്യോഗസ്ഥനും,

അംഗവും, ആ അധികാരങ്ങൾ പ്രയോഗിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും കോടതിയുടെ അധികാരിതയ്ക്ക് വിധേയനായിരിക്കുന്നതല്ല.

ഭരണഘടനയിലെ 122-)ം അനുച്ഛേദം 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിലെ 41-)ം വകുപ്പിന് സമാനമാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1935 ന്, എൻ, രാജഗോപാല അയ്യങ്കാർ എഴുതിയ കമന്ററിയിൽ, 41(1) വകുപ്പിന്റെ പശ്ചാത്തലത്തിൽ നടപടിക്രമങ്ങളും വസ്തുതകളും തമ്മിൽ കൃത്യമായ വേർതിരിവ് ഉണ്ട്:

ഈ ഉപവിഭാഗം നിയമസഭയിലെ നടപടി ക്രമങ്ങളിലെ ക്രമക്കേടുകളിൽ നിന്നുണ്ടാകുന്ന വൈകല്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നു. ഒരു ചേംബറിന്റെ പ്രവർത്തനങ്ങൾ ആന്തരികവും ബാഹ്യവുമായി വിഭജിക്കാം. ആന്തരിക പ്രവർത്തനങ്ങൾ നടപടി ക്രമത്തിന്റെ മേഖലയാണ്. അതേ സമയം ബാഹ്യഘടന ഭരണഘടനയുടെ നിയമത്തിന് വിധേയമാണ്. പൂർവ്വവിഭാഗത്തിലെ ക്രമക്കേടുകളാണ് പ്രസ്തുത വിഭാഗം സ്വയം അഭിസംബോധന ചെയ്യുന്നത്. രണ്ടാമത്തെ ശീർഷകത്തിന് കീഴിൽ നിയമ (നിർമ്മാണ) നൈപുണ്യത്തിലെ കാര്യക്ഷമതക്കുറവ് മൂലം ഉണ്ടാകാവുന്ന വികലതകൾ വരുന്നതാണ്. ഇത് സഭയ്ക്ക് പുറത്തുള്ള കാര്യമാണ്. നടപടിക്രമത്തിന്റെ ഭാഗമല്ല.

(ഊന്നൽ നൽകപ്പെട്ടിട്ടുണ്ട്)

38. Babulal Parate v. സ്റ്റേറ്റ് ഓഫ് ബോംബെ ലെ ഭരണഘടനാ ബഞ്ചിന്റെ തീരുമാനത്തിൽ ഈ കോടതി പാർലമെന്റിലെ നടപടി ക്രമങ്ങളുടെ സാധുതയും ഭരണഘടനാ വ്യവസ്ഥയുടെ ലംഘനവുമായി ബന്ധപ്പെട്ട ഒരു വിഷയം തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തി. അനുച്ഛേദം 3 ന്റെ (a) മുതൽ (e) വരെയുള്ള വ്യവസ്ഥകളുടെ പശ്ചാത്തലത്തിലായിരുന്നു ഇത്. ഭരണഘടനാ ബഞ്ച് പറയുന്നത്:

11. ഒരു പക്ഷേ, ഭരണഘടനയുടെ അനുച്ഛേദം 122(1) നെക്കുറിച്ച് കുറച്ച് വാക്കുകൾ കൂടി ചേർക്കുന്നത് നല്ലതാണ്. അനുച്ഛേദം 3 ലെ (a) മുതൽ (e) വരെയുള്ള ഏതെങ്കിലും കാര്യങ്ങളുമായി പൂർണ്ണമായി ബന്ധമില്ലാത്ത ഏതെങ്കിലും ഒരു ബില്ലിൽ ഒരു ഭേദഗതി നിർദ്ദേശിക്കുകയും മാറ്റം അംഗികരിക്കുകയും ചെയ്താൽ, പ്രസ്തുത അനുച്ഛേദത്തിന്റെ ഫലം എന്തായിരിക്കുമെന്ന ചോദ്യം വാദിഭാഗം അഭിഭാഷകൻ നമുക്ക് മുന്നിൽ വയ്ക്കുന്നുണ്ട്. (ഉദാഹരണത്തിന്) ഒരു സംസ്ഥാനത്തിന്റെ പേര്. ഒരു ഭേദഗതി അത്തരമൊരു

സ്വഭാവമുള്ളതാണെങ്കിൽ അത് ശരിക്കും ഒരു ഭേദഗതി അല്ലെന്നും അനുച്ഛേദം 3 ന്റെ വ്യക്തമായ ലംഘനമാണെന്നും പറയുകയല്ലാതെ അത്തരം ഒരു സാങ്കല്പിക ചോദ്യത്തിന് ഉത്തരം ആവശ്യമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ചോദ്യം അപ്പോൾ പാർലമെന്റിലെ നടപടികളുടെ സാധുതയില്ല; ഭരണഘടനാവ്യവസ്ഥയുടെ ലംഘനമായിരിക്കും. എന്നിരുന്നാലും ഇപ്പോഴത്തെ കേസിലെ നിലപാട് അതല്ല.

39. അനുച്ഛേദം 122(1), നടപടി ക്രമങ്ങളുടെ ക്രമക്കേടുകൾ ആരോപിച്ച് പാർലമെന്റിനെ ചോദ്യം ചെയ്യുന്നതിന് മുൻപായി നടപടികൾക്ക് പ്രതിരോധം നൽകുന്നു. ഈ കോടതിയുടെ വിവിധ തീരുമാനങ്ങളിലും അനുച്ഛേദം 122 ലെ വ്യവസ്ഥകളും സംസ്ഥാന നിയമ സഭകൾക്കുള്ള 212-)ം അനുച്ഛേദത്തിൽ അടങ്ങിയിരിക്കുന്ന ബന്ധപ്പെട്ട വ്യവസ്ഥകളിലും, നടപടി ക്രമങ്ങളുടെ ക്രമക്കേടും നിയമവിരുദ്ധതയും തമ്മിൽ വേർതിരിവ് കണ്ടെത്തിയിട്ടുണ്ട്. ജുഡീഷ്യൽ അവലോകനത്തിൽ നിന്നുള്ള പ്രതിരോധം ആദ്യത്തേതിന് ബാധകമാണ് എന്നാൽ രണ്ടാമത്തേതിനില്ല. പ്രസ്തുത വ്യത്യാസം ഈ കോടതിയുടെ ഏഴംഗ ബഞ്ചിന്റെ പ്രത്യേക പരാമർശം നമ്പർ 1, 1964 ൽ വിവരിച്ചിട്ടുണ്ട്. ഈ കോടതി പറയുന്നതെന്തെന്നാൽ:

> 61. അനുച്ഛേദം 212(2), നിയമസഭയിലെ ഉദ്യോഗസ്ഥർക്കും അംഗങ്ങൾക്കും ഭരണഘടന അനുസരിച്ച് നടപടിക്രമങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ചോ, നടത്തുന്നതിനോ അല്ലെങ്കിൽ ക്രമം നിലനിർത്തുന്നതിനോ ഉള്ള അധികാരങ്ങൾക്ക്, കോടതിയുടെ അധികാര പരിധിയിൽ നിന്ന് പ്രതിരോധം ഉറപ്പ് വരുത്തുന്നു. നിയമ നിർമ്മാണ സഭയിലെ ഏതെങ്കിലും നടപടികളുടെ സാധുത, ആയത് അയാളുടെ കേസാണെങ്കിൽ പ്രസ്തുത നടപടിക്രമം ബാധിക്കപ്പെട്ടത് കേവലം നടപടി ക്രമങ്ങളുടെ ക്രമക്കേടിൽ നിന്ന് മാത്രമല്ല മറിച്ച് ഒരു നിയമവിരുദ്ധതയിൽ നിന്നാണെങ്കിൽ, അനുച്ഛേദം 212(1) പ്രസ്തുത പൗരന് അത് ഉചിതമായ കോടതിയിൽ ചോദ്യം ചെയ്യുന്നത് സാധ്യമാക്കുന്നു. നടപടിക്രമങ്ങൾ ക്രമരഹിതമായിരുന്നു എന്നതിനേക്കാൾ കൂടുതലല്ല നടപടി ക്രമങ്ങൾക്കെതിരെയുള്ള പരാതി, എങ്കിൽ സൂക്ഷ്മ പരിശോധന നിരോധിച്ചിട്ടുണ്ടെങ്കിലും ആക്ഷേപിക്കപ്പെട്ട നടപടിക്രമം നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണെങ്കിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായിരിക്കും.
>
> (ഊന്നൽ നൽകപ്പെട്ടിട്ടുണ്ട്)

ഭരണഘടനാ ബഞ്ച് അനുച്ഛേദം 122 ന്റെ പശ്ചാത്തലത്തിലാണ് ഈ നിയമ രൂപീകരണം

രാമദാസ് അത്തവാലെ v. യൂണിയൻ ഓഫ് ഇൻഡ്യ-ൽ പ്രയോഗിച്ചത്.

ഭരണഘടനയിലെ 143-)ം അനുച്ഛേദം, പ്രത്യേക പരാമർശം നമ്പർ 1, 1964, [സംസ്ഥാന നിയമ സഭകളുടെ അധികാരങ്ങൾ, വിശേഷാധികാരങ്ങൾ ബാധ്യതയില്ലായ്മ] പ്രത്യേക പരാമർശം നമ്പർ 1, 1964, AIR 1965 SC 745 (കേശവ് സിംഗ് കേസ് എന്നും അറിയപ്പെടുന്ന) അനുച്ഛേദം 212(1) അനുസരിച്ച്, നിയമ സഭയ്ക്കുള്ളിലെ ഏതെങ്കിലും നടപടികളുടെ സാധുത, ഈ നടപടികൾ കേവലം നടപടിക്രമങ്ങളിലെ ക്രമക്കേട് മൂലമല്ല മറിച്ച് നിയമ വിരുദ്ധമാണെങ്കിൽ, പൗരന് ഉചിതമായ കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയുമെന്ന് നിരീക്ഷിക്കുന്നു. നടപടി ക്രമങ്ങൾ ക്രമാനുഗതമല്ല എന്നതിനേക്കാൾ കൂടുതലല്ല നടപടി ക്രമങ്ങൾക്കെതിരെയുള്ള പരാതി എങ്കിൽ സൂക്ഷ്മ പരിശോധന നിരോധിച്ചിട്ടുണ്ടെങ്കിലും ആക്ഷേപിക്കപ്പെട്ട നടപടിക്രമം നിയമ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണെങ്കിൽ ആയത് കോടതിയിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായിരിക്കും. ഭരണഘടനയുടെ 122-)ം അനുച്ഛേദത്തിന്റെ വ്യാഖ്യാനത്തിലും ഇതേ തത്ത്വം ബാധകമാണ്.

പിന്നീട് വന്ന ഭരണഘടനാ ബഞ്ചിലെ Raja Ram Pal v. Hon'ble Speaker, Lok Sabha ലെ തീരുമാനത്തിൽ, നടപടിക്രമങ്ങളിലെ ക്രമക്കേടും നിയമ വിരുദ്ധതയും തമ്മിലുള്ള വ്യത്യാസം ഊന്നിപറയുന്നു.

386. അനുച്ഛേദം 122 നെ പരിമിതപ്പെടുത്തി വായിക്കാനുള്ള ഏതൊരു ശ്രമവും, ഭരണഘടനാ വിരുദ്ധതയുടെ കാര്യത്തിൽ പാർലമെന്റിന്റെ നടപടി ക്രമങ്ങൾ പരിശോധിക്കുന്നതിന് കോടതിയുടെ അധികാര പരിധി പരിമിതപ്പെടുത്തിന്നതിന്, അവ നിയമ വിരുദ്ധതയ്ക്ക് എതിരായത് കൊണ്ട് ഭരണഘടനാ ലംഘനത്തിന് തുല്യമാണ്. Expressio Uniusest Exclusio Alteriers (ഉൾപ്പെടുത്താത്തവയെ സൂചിപ്പിച്ച് ഒഴിവാക്കിയിട്ടുണ്ട്) എന്ന തത്ത്വം നടപടി ക്രമക്കേട് എന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ള പരിശോധനയ്ക്കെതിരെയുള്ള വിലക്ക് നിയമ വിരുദ്ധമോ, ഭരണഘടനാ വിരുദ്ധമോ ആയ കണ്ടെത്തലുകളെക്കുറിച്ചുള്ള ജുഡീഷ്യൽ അവലോകനത്തെ നിരോധിക്കുന്നില്ലെന്ന് വ്യക്തവും സ്പഷ്ടവുമാകുന്നു.

398. ..... നടപടിക്രമങ്ങളുടെ ക്രമക്കോട് മാത്രമായാണ് ആരോപണങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നതെങ്കിൽ, ആവലാതിലിടപെടാൻ കോടതി വിസമ്മതിക്കും. എന്നാൽ മൊത്തത്തിലുള്ള നിയമ വിരുദ്ധതയോ, ഭരണഘടനാ ലംഘനമോ കാണിക്കുന്ന കേസുകളിൽ

ജുഡീഷ്യൽ അവലോകനം. അനുച്ഛേദം 122 അല്ലെങ്കിൽ 105 ഓ പ്രകാരം യാതൊരു വിധത്തിലും തടയില്ല.

(ഊന്നൽ നൽകപ്പെട്ടിട്ടുണ്ട്)

40. നടപടി ക്രമങ്ങളുടെ നിയമ വിരുദ്ധതയും വേർതിരിവിന്റെ ഭരണഘടനാടിസ്ഥാനം, പാർലമെന്ററി അധികാരം ഭരിക്കുന്ന യൂണൈറ്റഡ് കിംഗ്ഡത്തിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യയെ ഭരിക്കുന്നത് ഭരണഘടനാ മേധാവിത്വമാണ് എന്നതാണ്. രേഖാമൂലമുള്ള ഭരണഘടനയുടെ നിർദ്ദേശപ്രകാരം നിയമ നിർമ്മാണ, എക്സിക്യൂട്ടീവ്, ജുഡീഷ്യൽ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. അവയുടെ അധികാരപരിധി ഭരണഘടന നിർവ്വചിച്ചിരിക്കുന്നു. ഭരണഘടന പാർലമെന്റിന്റെയും സംസ്ഥാന നിയമ സഭകളുടെയും അധികാരങ്ങൾ രൂപപ്പെടുത്തുന്നു. അവർക്ക് നിയുക്തമായിട്ടുള്ള മേഖലകളിൽ അവരുടെ അധികാരം പൂർണ്ണമാണ്. ജുഡിഷ്യൽ അവലോകനം ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ ഭാഗമാണ്. ജുഡീഷ്യൽ അവലോകനത്തിന്റെ ഏതെങ്കിലും ഒരു ഒഴിവാക്കൽ, ഭരണഘടനയുടെ ഒരു പ്രത്യേക വ്യവസ്ഥ പ്രകാരം അത് നിർബന്ധമാക്കിയ സാഹചര്യത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. ആയതിനാൽ പാർലമെന്റിലെ നടപടി ക്രമങ്ങളിലെ ക്രമക്കേട് ആരോപിക്കപ്പെടുന്ന 122-)ം അനുച്ഛേദത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ കാര്യമായ നിയമ വിരുദ്ധതയിലേക്കോ ഭരണഘടനാ ഉത്തരവ് ലംഘിക്കുന്നതിലേക്കോ വ്യാപിപ്പിക്കാൻ കഴിയില്ല.

41. ബിൽ ഒരു പണ ബില്ലാണെന്ന് ലോകസഭ സ്പീക്കർ നൽകിയ സാക്ഷ്യപത്രം ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് മുക്തമാണെന്ന് ഇന്ത്യയുടെ വിവരസ്ഥനായ അറ്റോർണി ജനറൽ കെ.കെ.വേണുഗോപാൽ സമർപ്പിച്ചതിനെ പിന്തുണച്ചത് മൂന്ന് തീരുമാനങ്ങളെ ആശ്രയിച്ചാണ്:

(I) മംഗലാപുരം ഗണേഷ് ബീഡി വർക്ക്സ് അഭി, സ്റ്റേറ്റ് ഓഫ് മൈസൂർ[31] (മംഗലാപുരം ബീഡി).

(II) മുഹമ്മദ് സയീദ് സിദ്ദിഖി അഭി ഉത്തർപ്രദേശ് സ്റ്റേറ്റ്[62] (മുഹമ്മദ് സയീദ് സിദ്ദിഖി); ഒപ്പം

(III) യോഗേന്ദ്ര കുമാർ ജയ്സ് വാൾ അഭി ബീഹാർ സ്റ്റേറ്റ്[63] (യോഗേന്ദ്ര കുമാർ)

നിഷേധിക്കപ്പെടാനാകാത്ത നാണ്യമായി തുടരുന്ന പതിനാറ് അണ അല്ലെങ്കിൽ അറുപത്തിന്നാല്

പൈസയുടെ പഴയ അനിഷേധ്യ നാണ്യത്തിന് പകരം ഒരു പുതിയ നാണയ സമ്പ്രദായം ഒരു നയ പൈസ (നൂറു നയ പൈസ ഒരു രൂപയ്ക്ക് തുല്യമാണ്) അവതരിപ്പിച്ച ഒരു കേസായിരുന്നു **മംഗലാപുരം ബീഡി** കറൻസിയിലെ മാറ്റം മൂലം വിൽപ്പനനികുതിയായി അധിക തുകയ്ക്ക് വിധേയനായ അപ്പീൽ വാദിയുടെ അഭിപ്രായപ്രകാരം, ഭരണഘടനയുടെ അനുച്ഛേദങ്ങൾ 198, 199, 207 പ്രകാരം പണബിൽ പാസാക്കുന്നതിലൂടെ മാത്രം പ്രാബല്യത്തിൽ വരുത്താൻ കഴിയുന്ന, മൈസൂർ വിൽപ്പന നികുതി നിയമം 1948 പ്രകാരം ചുമത്തിയ നികുതിയിൽ, നാണയത്തിന്റെ പകരം വയ്ക്കലിന്റെ ഫലമായി മാറ്റം വരുത്തി. ഈ സമർപ്പണം നിരസിച്ച ഭരണഘടനാ ബെഞ്ച്, ഒരു പുതിയ നാണയത്തിന്റെ പകരം വയ്ക്കൽ നികുതി വർദ്ധനവിന് തുല്യമല്ലെന്ന് അഭിപ്രായപ്പെട്ടു. തൽഫലമായി, ഒരു പണ ബിൽ നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ പരിശോധിക്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും, കോടതിക്ക് വേണ്ടി സംസാരിച്ച ജസ്റ്റിസ് ജെ.എൽ.കപൂർ ഇങ്ങനെ അഭിപ്രായപ്പെട്ടു:

> 5. ഇത് ഒരു നികുതിയടയ്ക്കൽ നടപടിയാണെന്ന് കരുതിയാൽ പോലും, ഇത് ഭരണഘടനയുടെ അനുച്ഛേദം 197 മുതൽ 199 വരെയും കൂടാതെ അനുച്ഛേദം 202 ൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങളെയും വ്രണപ്പെടുത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അതിന്റെ സാധുത ചോദ്യം ചെയ്യാൻ കഴിയില്ല. നടപടിക്രമങ്ങളുടെ ക്രമക്കേട് ആരോപിച്ച് ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെ ഏതെങ്കിലും നടപടിക്രമങ്ങളുടെ സാധുത ചോദ്യം ചെയ്യപ്പെടുന്നതിൽ നിന്ന് അനുച്ഛേദം 212 വിലക്കുന്നു, കൂടാതെ ഗ്രൂപാർശയും മുമ്പത്തെ അനുമതിയും സംബന്ധിച്ച ആവശ്യകതകൾ നടപടിക്രമത്തിന്റെ കാര്യങ്ങളായി മാത്രം പരിഗണിക്കേണ്ടതുണ്ട് എന്ന് അനുച്ഛേദം 255-ൽ പറയുന്നു.

42. **മംഗലാപുരം ബീഡി**യിലെ തീരുമാനത്തിന്റെ അനുപാതം പ്രകാരം നാണയങ്ങളുടെ പകരം വയ്ക്കൽ നികുതി വർദ്ധനവിന് തുല്യമല്ല എന്നതാണ്. അതിനാൽ ഒരു പണബില്ലുമായി ബന്ധപ്പെട്ട അനുച്ഛേദം 199 ലെ വ്യവസ്ഥകൾ ആകർഷിക്കപ്പെടുന്നില്ല. ഒരിക്കൽ അങ്ങനെ കണ്ടെത്തിയാൽ അനുച്ഛേദം 199(3) (അനുച്ഛേദം 110(3) അനുസരിച്ച്) പ്രകാരമുള്ള ഒരു സ്പീക്കറുടെ സാക്ഷ്യപത്രം ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് ഒഴിവാക്കാമോ എന്ന് നിശ്ചയിക്കാനുള്ള തീരുമാനം ആവശ്യമില്ല. തീരുമാനത്തിന്റെ അനുപാതം പ്രകാരം ഒരു പുതിയ നാണയം കൊണ്ടുവരുന്നത് നികുതി വർദ്ധിപ്പിക്കുന്നതിന് തുല്യമല്ല. അതിനാൽ നാണയം പകരം വയ്ക്കലിനായി നൽകുന്ന ബിൽ പണബില്ലല്ല. മുകളിലെ ഉദ്ധരണിയിലെ നിരീക്ഷണങ്ങൾ ഒരു അനുമാനത്തിൽ തുടരുന്നു,

അതായത് ഇത് ഒരു നികുതി നടപടിയാണെന്ന് അനുമാനിച്ചാലും നടപടിക്രമങ്ങളുടെ ക്രമക്കേട് ആരോപിക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ അതിന്റെ സാധുതയെ ചോദ്യം ചെയ്യാൻ കഴിയില്ല. നിരീക്ഷണത്തിന്റെ ഈ ഭാഗം **മംഗലാപുരം ബീഡി**യുടെ അനുപാതമല്ലെന്ന് വ്യക്തം.

43. തുടർന്ന് മുഹമ്മദ് സയീദ് സിദ്ദിഖിയിൽ, ഈ കോടതിയിലെ മൂന്നംഗ ബെഞ്ച്, ലോകായുക്തയെയും ഉപലോകായുക്തയെയും നിയന്ത്രിക്കുന്ന നിയമത്തിൽ സംസ്ഥാന നിയമസഭ കൊണ്ടുവന്ന ഭേദഗതി പരിഗണിച്ചു, അത് പ്രകാരം കാലാവധി ആറുവർഷം മുതൽ എട്ട് വർഷം വരെ അല്ലെങ്കിൽ പിൻഗാമി ഓഫീസിൽ പ്രവേശിക്കുന്നത് വരെ നീട്ടി നല്കുന്നതിനായി ബില്ലിനെ പണബില്ലായി അവതരിപ്പിക്കാൻ കഴിയില്ലെന്ന കാരണത്താലാണ് ഭേദഗതി ചോദ്യം ചെയ്തത്. മംഗലാപുരം ബീഡിയിലെ തീരുമാനത്തെ ആശ്രയിച്ച് മൂന്നംഗ ബെഞ്ച് ഒരു ബിൽ പണ ബില്ലാണോ എന്ന വിഷയം അത് പാസ്സാക്കുന്നതിന് മുമ്പ് നിയമസഭയുടെ മുമ്പാകെ ഉന്നയിക്കുവാൻ ഒരു അംഗത്തിന് മാത്രമേ കഴിയുള്ളു എന്ന് അഭിപ്രായപ്പെട്ടു. ബെഞ്ചിന് വേണ്ടി സംസാരിച്ച ചീഫ് ജസ്റ്റിസ് പി. സദാശിവം ഇനിപ്പറയുന്ന തത്ത്വങ്ങൾ രൂപപ്പെടുത്തി:

> (i) 197 മുതൽ 199 വരെയുള്ള അനുച്ഛേദങ്ങളെയും. അനുച്ഛേദം 202 ൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങളെയും വ്രണപ്പെടുത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്യാൻ കഴിയില്ല.
>
> (ii) നടപടി ക്രമങ്ങളുടെ ക്രമക്കേട് ആരോപിക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങളുടെ സാധുതയെ ഒരു സംസ്ഥാനത്തിന്റെ നിയമസഭയിൽ ചോദ്യം ചെയ്യപ്പെടുന്നതിനെ അനുച്ഛേദം 212 നിരോധിക്കുന്നു; കൂടാതെ
>
> (iii) അനുച്ഛേദം 255 പ്രകാരം ഗ്രൂപാർശയുടെയും മുൻകൂർ അനുമതിയുടെയും ആവശ്യങ്ങൾ നടപടിക്രമത്തിന്റെ മാത്രം കാര്യമായി കണക്കാക്കണം എന്ന് വ്യക്തമാക്കുന്നു.

നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ കർശനമായി പാലിച്ചിട്ടില്ലെന്ന് ആരോപിച്ച് ഒരു സംസ്ഥാനത്തിന്റെ നിയമസഭയ്ക്കുള്ളിലെ നടപടികളുടെ സാധുത ചോദ്യം ചെയ്യാൻ കഴിയില്ലെന്നും, സ്വന്തം ക്രയവിക്രയങ്ങൾ നടത്താൻ അധികാരമുള്ള നിയമസഭയുടെ പ്രത്യേക അധികാരപരിധിക്കുള്ളിൽ വരുന്നതിനാൽ ഒരു കോടതിക്കും ഈ ചോദ്യങ്ങളിലേക്ക് കടക്കാനാവില്ലെന്നും വ്യക്തമാക്കുന്നു. തീരുമാനം ഭരണഘടനയുടെ അനുച്ഛേദം 212(1) ലേക്കും (അനുച്ഛേദം 122(1) ന് സദൃശമായ) അനുച്ഛേദം 255[34] ലേക്കും സൂചന നൽകി തീരുമാനം **രാജാ**

34

റാം പാലിനും പരസ്യം നൽകി, നടപടിക്രമങ്ങളുടെ ഏതെങ്കിലും ബലഹീനത അനുച്ഛേദം 255 പ്രകാരം സംരക്ഷിക്കപ്പെടുന്നുവെന്ന് ഈ കോടതി വിലയിരുത്തി.

44. ഉയർന്ന രാഷ്ട്രീയ, പൊതു ഓഫീസുകൾ വഹിക്കുന്ന അല്ലെങ്കിൽ വഹിച്ചിരുന്നവരുടെ അറിയപ്പെടുന്ന വരുമാന സ്രോതസ്സുകൾക്ക് ആനുപാതികമല്ലാത്ത സ്വത്തുക്കൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട കുറ്റങ്ങൾക്ക് പ്രത്യേക കോടതികൾ നൽകുന്നതിനെ സംബന്ധിച്ച് നടപ്പിലാക്കിയ ഒറീസ സ്പെഷ്യൽ കോടതികളുടെ ആക്ട് 2006 ന്റെ ഭരണഘടനാപരമായ സാധുതയെക്കുറിച്ച്, യോഗേന്ദ്രകുമാറിലെ ഈ കോടതിയുടെ രണ്ടംഗ ജഡ്ജി ബെഞ്ചിന്റെ തുടർന്നുള്ള തീരുമാനത്തിൽ വിശദീകരിച്ചു. നിയമസഭയിൽ ഒരു പണ ബില്ലായി നിയമം അവതരിപ്പിക്കാൻ കഴിയില്ലെന്ന വെല്ലുവിളിയെ തള്ളിക്കളഞ്ഞ ഈ കോടതി. ജസ്റ്റിസ് ദീപക് മിശ്രയിലൂടെ സംസാരിച്ചു. (ഇപ്പോഴുള്ളതു പോലെ):

> 43. ഞങ്ങളുടെ പരിഗണിക്കപ്പെട്ട അഭിപ്രായത്തിൽ, അപ്പീൽവാദികൾക്ക് വേണ്ടി വിവരസ്ഥനായ അഭിഭാഷകൻ ഉദ്ധരിച്ച പ്രമാണങ്ങൾ ഒരു ബിൽ അവതരിപ്പിക്കുന്നതിന് കാര്യമായി സഹായിക്കുന്നില്ല, കാരണം മുഹമ്മദ് സയീദ് സിദ്ദിഖിയിൽ ഉള്ള അഭിപ്രായ പ്രകാരം ആശയത്തിൽ വരുന്ന ക്രമക്കേടും അത് ഗണ്യമായ മണ്ഡലവുമായി വരുന്നുവെന്നുമാണ്. [മുഹമ്മദ് സയീദ് സിദ്ദിഖി അഭി. ഉത്തർപ്രദേശ് സംസ്ഥാനം (2014) 11 SCC 415]. പ്രത്യേക സൂചന നമ്പർ 1 ൽ [സംസ്ഥാന നിയമസഭയുടെ അധികാരങ്ങളും, അവകാശങ്ങളും, ഒഴിവാക്കലുകളും (പ്രത്യേക സൂചന നമ്പർ 1/1964, AIR 1965 SC 745)] ഉചിതമായി മനസ്സിലാക്കേണ്ടതുണ്ട്. നിലവിലെ കേസിൽ നിന്നും വളരെ വ്യത്യസ്തമാണ് ഇതിലെ വസ്തുതാപരമായ ഉത്ഭവം, കാരണം ഇപ്പോഴത്തെ വിവാദം മുഹമ്മദിലെ പ്രഖ്യാപനത്തിൽ പൂർണ്ണമായും ഉൾക്കൊള്ളുന്നു. അതിനാൽ വിവരസ്ഥനായ അഭിഭാഷകന്റെ ജാഗ്രതയോടെയുള്ള സമർപ്പണത്തിൽ യാതൊരു യോഗ്യതയുമില്ലെന്ന് ഞങ്ങൾ നിസങ്കോചം അഭിപ്രായപ്പെടുന്നു.

45. മുഹമ്മദ് സയീദ് സിദ്ദിഖിയിലെ മൂന്നംഗ ബഞ്ചിന്റെ തീരുമാനം മംഗലാപുരം ബീഡിയെ ആശ്രയിച്ചിരുന്നു, അതിൽ പറയുന്ന തത്ത്വപ്രകാരം ഒരു ബിൽ ഒരു പണ ബില്ലാണെന്ന സ്പീക്കറുടെ സാക്ഷ്യപത്രം ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് ഒഴിവാക്കാനാവില്ല. മംഗലാപുരം ബീഡിയിലെ തീരുമാനം, നാം കണ്ടതുപോലെ, പുതിയ നാണയം പകരം വയ്ക്കൽ നികുതി വർദ്ധനവ് വരുത്തില്ലെന്നും അതിനാൽ പണ ബില്ലിന്റെ ആവശ്യകതകൾ ആകർഷിക്കപ്പെടുന്നില്ലെന്നും, ഭരണഘടനാ ബെഞ്ച് കണ്ടെത്തിയതിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ തീരുമാനം അനുച്ഛേദം 255 ലെ വ്യവസ്ഥകൾ പ്രകാരം ഒരു ബിൽ പണ ബില്ലാണെന്ന സ്പീക്കറുടെ

സാക്ഷ്യപത്രം ബാധകമല്ലെന്നത് സൂചിപ്പിക്കുന്നു. ഭരണഘടനയ്ക്ക് ആവശ്യമുള്ള ചില ശുപാർശകൾ അല്ലെങ്കിൽ മുൻകൂർ അനുമതി, പാർലമെന്റിന്റെ ആക്ടിന്റെയോ സംസ്ഥാന നിയമസഭയുടെയോ അനുമതി ലഭിച്ചെങ്കിലും നൽകാത്ത സാഹചര്യത്തിൽ അനുച്ഛേദം 255 ബാധകമാണ്. അതിനാൽ, ആവശ്യമായ ശുപാർശ ഗവർണറുടെയാണെങ്കിൽ രാഷ്ട്രപതിയുടെയോ ഗവർണറുടെയോ അനുമതിയും, അതല്ല ആവശ്യമായ ശുപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ രാഷ്ട്രപതിയുടെയാണെങ്കിൽ, രാഷ്ട്രപതിയുടെ അനുമതി ചോദ്യം ചെയ്യപ്പെടുന്ന നിയമ നിർമ്മാണത്തെ സംരക്ഷിക്കും. നിയമത്തിന്റെ തുടർന്നുള്ള അനുമതി ഒരു ശുപാർശയുടെ അല്ലെങ്കിൽ അനുവദനീയമായ അനുമതിയുടെ അഭാവം പരിഹരിക്കുന്നു. അനുച്ഛേദം 110 (3) ൽ അല്ലെങ്കിൽ അനുച്ഛേദം 199 (3) ൽ പറയുന്ന സ്പീക്കറുടെ സാക്ഷ്യപത്രം, അനുച്ഛേദം 255 ന്റെ അർത്ഥത്തിൽ ഒരു ശുപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ അല്ലാത്തതിനാൽ, അനുച്ഛേദം 255 അതിൽ ഇടപെടുന്നില്ല.

46. **മുഹമ്മദ് സയീദ് സിദ്ദിഖി മംഗലാപുരം ബീഡി**യിൽ തീരുമാനത്തിന്റെ തെറ്റായ നിർമ്മാണത്തിലും അനുച്ഛേദം 255 നെക്കുറിച്ച് തെറ്റായ ധാരണയിലും പോകുന്നു. മുഹമ്മദ് സയീദ് സിദ്ദിഖിയിൽ സൂചിപ്പിച്ചിട്ടുള്ള പണ്ഡിറ്റ് MSM ശർമ്മ അഭി. ഡോ.ശ്രീ കൃഷ്ണസിൻഹ[35] യിലെ തീരുമാനം നിയമനിർമ്മാണ അറയിലെ നടപടിക്രമങ്ങളുടെ സാധുത നിയമവിരുദ്ധമായതിന്റെ പേരിൽ ചോദ്യം ചെയ്യപ്പെടാം. സ്പെഷ്യൽ റെഫറൻസിലെയും, രാം ദാസ് അത്തവാലെയിലെയും, രാജാറാം പാലിലെയും തീരുമാനങ്ങൾ, നിയമവിരുദ്ധമായതിന്റെ അടിസ്ഥാനത്തിലോ (നടപടിക്രമത്തിന്റെ ക്രമക്കേടിൽ നിന്നും വ്യത്യസ്തമായി) അല്ലെങ്കിൽ ഭരണഘടനാലംഘനമായതിനാലോ, പാർലമെന്റിനോ സംസ്ഥാന നിയമസഭയ്ക്കോ മുമ്പാകെയുള്ള നടപടികളുടെ സാധുത ജുഡീഷ്യൽ അവലോകനത്തിന് വിധേയമാക്കാം. അതിനാൽ, മേൽപ്പറഞ്ഞ കാര്യത്തെക്കുറിച്ചുള്ള മുഹമ്മദ് സയീദ് സിദ്ദിഖി, യോഗേന്ദ്ര കുമാർ എന്നിവരുടെ തീരുമാനങ്ങൾ നിയമത്തിലെ ശരിയായ നിലപാട് വ്യക്തമാക്കുന്നില്ല. അതിനാൽ അവ അസാധുവാക്കപ്പെടുന്നു.

D. പുട്ടസ്വാമി : സ്പീക്കറുടെ സാക്ഷ്യപത്രത്തിന്റെ ജുഡീഷ്യൽ അവലോകനം

47. ആധാർ (സാമ്പത്തികവും മറ്റ് സബ്സിഡികളുടെയും ടാർഗെറ്റഡ് ഡെലിവറി, ആനുകൂല്യങ്ങൾ,

35 AIR 1960 SC 1186

ക്കൂടാതെ സേവനങ്ങൾ) ബിൽ 2016, അനുച്ഛേദം 110 പ്രകാരം പണ ബില്ലായി ലോകസഭാ സ്പീക്കർ സാക്ഷ്യപ്പെടുത്തി. അനുച്ഛേദം 110(3) പ്രകാരം സ്പീക്കർ നൽകിയ സാക്ഷ്യപ്പെടുത്തലിന്റെ ഫലമായി രാജ്യസഭയെ നിയമനിർമ്മാണ പ്രക്രിയയിൽ നിന്ന് ഒഴിവാക്കിയത്, ഭരണഘടനാ ബെഞ്ചിന് മുമ്പിലുള്ള (കെ.എസ്.പുട്ടസ്വാമി അഭി. യൂണിയൻ ഓഫ് ഇന്ത്യ)[36] പ്രത്യേക വെല്ലുവിളികളിൽ ഒന്നായിരുന്നു. ഭരണഘടനാ ബെഞ്ചിലെ അഞ്ച് ജഡ്ജിമാരിൽ മൂന്ന് പേർക്ക് വേണ്ടി സംസാരിച്ച ജസ്റ്റിസ് എ.കെ.സിക്രി, രണ്ട് അടിസ്ഥാന പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ആധാർ ആക്ട് 2016 ലെ വ്യവസ്ഥകൾ വിശകലനം ചെയ്തു:

ഒന്നാമതായി, കുൽദീപ് നായർ അഭി യൂണിയൻ ഓഫ് ഇന്ത്യയിലെ[38] (കുൽദീപ് നായർ) തീരുമാനത്തിൽ സംക്ഷിപ്തമായി എടുത്തുകാണിക്കുന്ന ഒരു ദ്വിസഭ നിയമസഭയിൽ രാജ്യസഭയുടെ പ്രാധാന്യം, രണ്ടാമതായി, രാജ്യസഭ ഭരണഘടനാ ഫെഡറലിസത്തെ സൂചിപ്പിക്കുന്ന ഒരു പ്രധാന സ്ഥാപനമെന്ന നിലയിൽ[39].

48. ഈ തത്ത്വങ്ങൾ വിശദീകരിച്ച ജസ്റ്റിസ് സിക്രി, പാർലമെന്റിന്റെ ഇരുസഭകളിലും ഒരു ബിൽ പാസ്സാക്കേണ്ടതിന്റെ ആവശ്യകത ഒരു ഭരണഘടനാ ഉത്തരവാണെന്നതിന് വിവരസ്ഥനായ ന്യായാധിപൻ ഊന്നൽ നൽകി. ഒരേയൊരു അപസർഗം അനുച്ഛേദം 110-ൽ അടങ്ങിയിരിക്കുന്നുവെന്ന് ഭൂരിപക്ഷം നിരീക്ഷിച്ചു. തൽഫലമായി, രണ്ട് സഭകളോടുകൂടിയ പദ്ധതിയ്ക്ക് ഒരു അപസർഗമായ അനുച്ഛേദം 110 ന് ഒരു കർശനമായ നിർമ്മാണം നൽകേണ്ടതുണ്ട്[43]. ഭൂരിപക്ഷം ഇങ്ങനെ അഭിപ്രായപ്പെട്ടു:

> 463. അതിനാൽ ഭരണഘടനാ ഫെഡറലിസത്തെ സൂചിപ്പിക്കുന്ന ഒരു പ്രധാന സ്ഥാപനമായി രാജ്യസഭ മാറുന്നു. കൃത്യമായും ഈ കാരണത്താലാണ് ഏതെങ്കിലും നിയമം നടപ്പിലാക്കാൻ, ഇരു സഭകളായ ലോകസഭയും രാജ്യസഭയും പാസാക്കേണ്ടത്. അതാണ് ഭരണഘടനാപരമായ ഉത്തരവ്. മേൽപ്പറഞ്ഞ പാർലമെന്ററി നിയമത്തിന് ഒരേയൊരു അപസർഗം ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 110-നാണ്. നമ്മുടെ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന മൊത്തത്തിൽ ഇരു സഭകളോടുകൂടിയ പദ്ധതിയെ മാനിച്ച്, അനുച്ഛേദം 110 ന് കർശനമായ വ്യാഖ്യാനം നല്കേണ്ടതുണ്ട്. ഈ തത്ത്വങ്ങൾ കണക്കിലെടുത്ത്, ഇരുപക്ഷവും മുന്നോട്ട് വച്ച വാദങ്ങൾ ഞങ്ങൾ പരിഗണിച്ചു.

---

36 (2019) 1 SCC 1 (—Puttaswamy‖) Puttaswamy at para 462

38 (2006) 7 SCC 1 39 Puttaswamy at para 463

39
43 Puttaswamy at para 466

ഒരു ബിൽ പണ ബില്ലാവണമെങ്കിൽ, അനുച്ഛേദം 110 ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടത് ആവശ്യമാണ് എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വാദങ്ങൾ പരിഗണിച്ചിരിക്കുന്നത് എന്ന് മേൽപ്പറഞ്ഞ ഭാഗം വ്യക്തമായി സൂചിപ്പിക്കുന്നു.

49. നീതീകരണ വിഷയത്തിൽ സ്പീക്കറുടെ സാക്ഷ്യപത്രം ജുഡീഷ്യൽ അവലോകനത്തിന് വിധേയമല്ലെന്ന യൂണിയൻ ഓഫ് ഇന്ത്യയുടെ സമർപ്പണങ്ങൾ ജസ്റ്റിസ് സിക്രി നിയതമായി നിരസിച്ചു. ഭൂരിപക്ഷം ഇങ്ങനെ അഭിപ്രായപ്പെട്ടു:

> 464. ലോകസഭാ സ്പീക്കറുടെ തീരുമാനത്തിന്റെ നീതിയുക്തതയെക്കുറിച്ചുള്ള എതിർകക്ഷികളുടെ സമർപ്പണങ്ങളെ സംബന്ധിച്ച്, അത്തരമൊരു തർക്കത്തോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ലെന്നും ഈ ഘട്ടത്തിൽ നിരിക്ഷിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അപ്പീൽവാദികൾക്കായി ഹാജരാകുന്ന വിവരസ്ഥനായ മുതിർന്ന അഭിഭാഷകൻ ശ്രീ. പി. ചിതംബരം, ഈ കോടതിയുടെ വിവിധ വിധിന്യായങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉദ്ധരിച്ച് ഖണ്ഡിക 455 കുറിച്ചിരിക്കുന്ന പ്രകാരം ചില സാഹചര്യങ്ങളിൽ ജുഡീഷ്യൽ അവലോകനം അനുവദനീയമാണ്.

മേൽപ്പറഞ്ഞ ഭാഗത്തിൽ പരാമർശിച്ചിരിക്കുന്ന 455-ാം ഖണ്ഡികയിൽ സൂചിപ്പിരിക്കുന്ന തീരുമാനങ്ങൾ ഇവയാണ്:

> 455 1. ജുഡീഷ്യൽ അക്കൗണ്ടബിലിറ്റി സംബന്ധിച്ച സബ് കമ്മറ്റി അഭി യൂണിയൻ ഓഫ് ഇന്ത്യ [(1991) 4 SCC 699].
>
> 455 2. എസ്. ആർ. ബൊമ്മെ അഭി. യൂണിയൻ ഓഫ് ഇന്ത്യ [(1994) 3 SCC 1].
>
> 455 4. രാംദാസ് അത്തവാലെ (5) അഭി. യൂണിയൻ ഓഫ് ഇന്ത്യ (മുകളിൽ പറഞ്ഞ)
>
> 455 5. കിഹോട്ടോ ഹോളോഹാൻ അഭി. സച്ചിൽഹു (മുകളിൽ പറഞ്ഞ).

അനുച്ഛേദം 110 അനുസരിച്ച് നിയമത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് സാധുതയുള്ള വിവരങ്ങൾ ശേഖരിക്കാൻ കഴിയുമോ എന്ന് ഭൂരിപക്ഷം വിശകലനം ചെയ്തു. ഭൂരിപക്ഷത്തിന്റെ വീക്ഷണത്തിൽ, ഒരു സബ്സിഡി, ആനുകൂല്യം അല്ലെങ്കിൽ സേവനത്തിന്റെ നിബന്ധന, 7-ാം വകുപ്പ് പ്രകാരം ആധാറിനു കീഴിലുള്ള പ്രാമാണീകരണ പ്രക്രിയയിലൂടെ സ്വീകർത്താവിന്റെ വ്യക്തിത്വത്തെ അടിസ്ഥാനമാക്കി മാറ്റുന്നു എന്നത് അനുച്ഛേദം 110-ൽ പരാമർശിക്കാവുന്നതാണ്. കാരണം ഈ സാമ്പത്തിക ആനുകൂല്യങ്ങൾ സഞ്ചിതനിധിയുടെ പിന്തുണയോടെ ലഭിച്ചവയാണ്[43]. 23(2) (h)-ാം വകുപ്പിലെയും 54-ാം വകുപ്പിലെയും വ്യവസ്ഥകൾ പ്രധാന വ്യവസ്ഥയ്ക്ക് സാന്ദർഭികവും അനുച്ഛേദം 110 (ജി) യിൽ ഉൾക്കൊള്ളുന്നതുമാണ്. മറ്റ് ആവശ്യങ്ങൾക്കായി സ്വകാര്യസ്ഥാപനങ്ങൾ ആധാർ ഉപയോഗിക്കാൻ അനുവദിച്ച 57-ാം വകുപ്പ് ഭരണഘടനാവിരുദ്ധമാണെന്ന് അഭിപ്രായപ്പെട്ടു. ബില്ലിലെ വ്യവസ്ഥകൾ ഇങ്ങനെ വിശകലനം ചെയ്തശേഷം ഭൂരിപക്ഷം ഇങ്ങനെ അഭിപ്രായപ്പെട്ടു:

472. മേൽപ്പറഞ്ഞ എല്ലാ കാരണങ്ങളാലും, ബിൽ ശരിയായി പണ ബില്ലായി അവതരിപ്പിക്കപ്പെട്ടുവെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതനുസരിച്ച് അപ്പീൽവാദികളുടെ മറ്റ് തർക്കങ്ങൾ കൈകാര്യം ചെയ്യേണ്ട ആവശ്യമില്ല, അതായത്, ബിൽ പണ ബില്ലാണെന്ന സ്പീക്കറുടെ സാക്ഷ്യപത്രം ജൂഡീഷ്യൽ അവലോകത്തിന് വിധേയമാണോ അല്ലയോ, കൂടാതെ പണബില്ലുമായി ബന്ധപ്പെട്ടതല്ലാത്ത ഒരു വ്യവസ്ഥ വേർപെടുത്താവുന്നതാണോ അല്ലയോ പ്രധാന വ്യവസ്ഥ പണ ബില്ലിന്റെ ഭാഗമാണെന്നും മറ്റുള്ളവ ആകസ്മികമാണെന്നും അതിനാൽ ഭരണഘടനയുടെ അനുച്ഛേദം 110 ന്റെ (g) ഉപവാക്യത്തിൽ ഉൾക്കൊള്ളുന്നുവെന്നു ഞങ്ങൾ ആവർത്തിക്കുന്നു.

(ഊന്നൽ നല്കപ്പെട്ടത്)

50. വിവരസ്ഥനായ അമിക്കസ് ക്യൂറി ശ്രീ. അരവിന്ദ് ഡാതറും ഇന്ത്യയുടെ വിവരസ്ഥനായ അറ്റോർണി ജനറലും, വിധിന്യായത്തിന്റെ 463, 464, 472 ഖണ്ഡികകളിൽ അടങ്ങിയിരിക്കുന്ന നിരീക്ഷണങ്ങളിൽ പ്രകടമായ പൊരുത്തക്കേട് എടുത്തു കാണിക്കുന്നു. കാരണം, അനുച്ഛേദം 110 ന് ഒരു കർശനമായ നിർമ്മാണം ലഭിക്കണം എന്ന ഒരു മുൻ ചർച്ചയ്ക്ക് ശേഷം സ്പീക്കറുടെ തീരുമാനം ന്യായികരിക്കാനാവില്ലെന്ന ഇന്ത്യൻ യൂണിയന്റെ സമർപ്പണങ്ങൾ 464-ാം ഖണ്ഡികയിൽ നിരാകരിക്കുന്നു, എന്നാൽ ഒരു ബിൽ പണബില്ലാണെന്ന സ്പീക്കർ നൽകിയ സാക്ഷ്യപത്രം ജൂഡീഷ്യൽ അവലോകത്തിന് വിധേയമാണോയെന്ന് ഭൂരിപക്ഷം കൈകാര്യം ചെയ്യേണ്ട ആവശ്യമില്ലെന്ന് 472-ാം ഖണ്ഡിക പറയുന്നു. എന്നിരുന്നാലും, 515-ാം ഖണ്ഡികയിലെ ഉപസംഹാരത്തിനിടയിൽ, ഉത്തരം തയ്യാറാക്കിയ പ്രശ്നം താഴെ പറയുന്നതാണ്:

515 (6) ഭരണഘടനയുടെ 110-ാം അനുച്ഛേദത്തിന്റെ അർത്ഥത്തിൽ ആധാർ ആക്ട് ഒരു പണ ബില്ലായി അവതരിപ്പിക്കാമോ?

515.1)ാം ഖണ്ഡികയിലെ ഉത്തരം താഴെപ്പറയുന്ന പ്രകാരമാണ്:

"515.1 പാർലമെന്റിന്റെ ദ്വിസഭാസമ്പ്രദായത്തിൽ രാജ്യസഭയുടെ (ഉപരിസഭ) പ്രാധാന്യവും ഞങ്ങൾ തിരിച്ചറിയുന്നു. കുൽദീപ് നായരുടെ കേസിൽ ഉപരിസഭയുടെ പ്രാധാന്യം പ്രസക്തിയും ഈ കോടതി സംക്ഷിപ്തമായി എടുത്തു കാണിക്കുന്നു. കുൽദീപ് നായർ അഭി. ഇന്ത്യ യൂണിയൻ [(2006) 7 SCC 1]. അതിനാൽ ഭരണഘടന ഫെഡറലിസത്തെ സൂചിപ്പിക്കുന്ന ഒരു പ്രധാന സ്ഥാപനമായി രാജ്യസഭ മാറുന്നു. കൃത്യമായും ഈ കാരണത്താലാണ് ഏതെങ്കിലും ഒരു ചട്ടം നടപ്പാക്കാൻ ഇരുസഭകളായ രാജ്യസഭയിലും ലോകസഭയിലും ബിൽ പാസാക്കേണ്ടത്. അത് ഭരണഘടനാ ഉത്തരവാണ്. മേൽപ്പറഞ്ഞ പാർലമെന്ററി മാനദണ്ഡത്തിലെ ഒരേയൊരു അപസർഗം ഇന്ത്യൻ ഭരണഘടനയുടെ 110-ാം അനുച്ഛേദമാണ്. നമ്മുടെ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന മൊത്തത്തിലുള്ള ദ്വിമാനവാദ

പദ്ധതിയുമായി ബന്ധപ്പെട്ട് 110-)ം അനുച്ഛേദത്തിന് കർശനമായ വ്യാഖ്യാനം നൽകേണ്ടതുണ്ട്. ഈ തത്ത്വങ്ങൾ കണക്കിലെടുത്ത്, ഇരുപക്ഷവും മുന്നോട്ട് വച്ച വാദങ്ങൾ ഞങ്ങൾ പരിഗണിച്ചു."

51. 110-)ം അനുച്ഛേദത്തിലെ നിബന്ധനകൾ പാലിക്കുന്ന ഒരു പ്രധാന വ്യവസ്ഥയായി, യോഗ്യതകളുടെ അടിസ്ഥാനത്തിൽ 7-)ം വകുപ്പ് കണക്കാക്കപ്പെടുന്നു, എന്നാൽ മറ്റുള്ളവ ആകസ്മികമായവയാണ്. അതിനാൽ നിഗമനം ഇനിപ്പറയുന്ന നിബന്ധനകളിലായിരുന്നു:

> 467. ആധാർ നിയമത്തിലെ പ്രധാന വ്യവസ്ഥയാണ് 7-)ം വകുപ്പ്, ഈ വ്യവസ്ഥ ഭരണഘടനയുടെ 110-)ം അനുച്ഛേദത്തിലെ വ്യവസ്ഥകളെ തൃപ്തിപ്പെടുത്തുന്നു. ഈ ഘട്ടം വരെ കക്ഷികൾ തമ്മിൽ തർക്കമില്ല.
>
> 515.5. പണബില്ലിന്റെ പരിധിയിൽ നിന്ന് പുറത്തെടുക്കാനുള്ള ശ്രമത്തിൽ അപേക്ഷകൾ ചൂണ്ടിക്കാണിച്ച മറ്റ് വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ, ആ വ്യവസ്ഥകൾ ആക്ടിന്റെ ശരിയായ പ്രവർത്തനത്തിൽ വരുത്തിയ സ്വഭാവത്തിൽ ആകസ്മികമാണെന്ന് ഞങ്ങൾ കരുതുന്നു. എന്തായാലും, 57-)ം വകുപ്പിന്റെ ഒരു ഭാഗം ഇതിനകം ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിച്ചു. അതിനാൽ, ആധാർ നിയമം ഒരു "പണ ബില്ലായി" സാധുവായി പാസാക്കപ്പെടുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

52. ഭൂരിപക്ഷത്തിന്റെ തീരുമാനത്തിന്റെ സമഗ്രമായ വായന ഇങ്ങനെ സൂചിപ്പിക്കും: (i) 110-)ം അനുച്ഛേദം ദ്വിമാന തത്ത്വത്തിന് ഒരു അപവാദമായി കണക്കാക്കപ്പെടുന്നു, അതിനാൽ ഈ വ്യവസ്ഥയ്ക്ക് കർശനമായ വ്യാഖ്യാനം ലഭിക്കണം; (ii) 110-)ം അനുച്ഛേദം അനുസരിച്ച് പരാമർശിക്കാവുന്ന ആധാർ ബില്ലിന്റെ പ്രധാന വ്യവസ്ഥ 7-)ം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, അതേസമയം മറ്റ് വ്യവസ്ഥകൾ ആകസ്മികമാണ്; (iii) കോർപ്പറേറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങൾ ആധാർ പ്ലാറ്റ് ഫോം ഉപയോഗിക്കാൻ അനുവദിച്ചതിനാൽ 57-)ം വകുപ്പ് ഭരണഘടനാ വിരുദ്ധമാണ്. 472-)ം ഖണ്ഡികയിലെ നിരീക്ഷണങ്ങൾ അനുസരിച്ച് ഭൂരിപക്ഷം ന്യായീകരണത്തെക്കുറിച്ച് അന്തിമ വീക്ഷണം പ്രകടിപ്പിക്കുന്നതിൽ നിന്ന് വിട്ട് നിൽക്കുന്നുവെന്ന് അർത്ഥമാക്കുന്നില്ല.

53. ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ വിധിന്യായത്തിൽ, ഒരു ബില്ലിനെ പണ ബില്ലായി സാക്ഷ്യപ്പെടുത്തുന്ന സ്പീക്കറുടെ തീരുമാനം, ജൂഡീഷ്യൽ അവലോകനത്തിൽ നിന്നും മുക്തമല്ല എന്ന തീരുമാനം, നിയതമായി അഭിപ്രായപ്പെടുന്നു. ബ്രിട്ടനിലെ പാർലമെന്റ് ആക്ട് 1911 ലെ വ്യവസ്ഥകളും ഇന്ത്യ ഗവൺമെന്റ് ആക്ട് 1937 ലെ 37-)ം വകുപ്പും ഉൾപ്പടെയുള്ള 110-)ം അനുച്ഛേദത്തിന്റെ ഭരണഘടനാ ചരിത്രം കണ്ടെത്തിയ ശേഷം, വിധിന്യായം 122-)ം അനുച്ഛേദത്തിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയുള്ള നിർമ്മാണത്തെയും 212-)ം അനുച്ഛേദത്തിലെ അനുബന്ധ വ്യവസ്ഥയായ

(i) സ്പെഷ്യൽ റഫറൻസ് (ii) രാംദാസ് അത്തവാലെ (iii) രാജാരാംപാൽ എന്നിവയെയും ആശ്രയിക്കുന്നു. സ്പീക്കറുടെ തീരുമാനം നിയമവിരുദ്ധമാണെങ്കിലോ ഭരണഘടനാ വ്യവസ്ഥകൾ ലംഘിക്കുകയോ ആണെങ്കിൽ അത് ജുഡീഷ്യൽ അവലോകനത്തിന് വിധേയമാണ് എന്ന നിഗമനത്തിലെത്തുമ്പോൾ, മുഹമ്മദ് സയീദ് സിദ്ദിഖിയിലേയും യോഗേന്ദ്രകുമാർ ജയ്സ്വാളിലെയും തീരുമാനങ്ങൾ അംഗീകരിച്ചില്ല. ഇന്ത്യയിലെ ഭരണഘടനാ മേധാവിത്വത്തിന്റെ സ്ഥാനത്ത് നിന്ന് യുകെയിലെ പാർലമെന്ററി പരമാധികാരത്തിന്റെ തത്വത്തെ വേർതിരിക്കുന്ന തീരുമാനത്തിൽ ഇങ്ങനെ നിരീക്ഷിക്കുന്നു:

34. 255. ശിപാർശകളും മുൻകൂട്ടിയുള്ള അനുമതികളും സംബന്ധിച്ച ആവശ്യകതകൾ നടപടിക്രമം സംബന്ധിച്ചവ മാത്രമായി കരുതണമെന്ന് - പാർലമെന്റിന്റെയോ *** ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന്റെയോ യാതൊരു ആക്റ്റും, അങ്ങനെയുള്ള ഏതെങ്കിലും ആക്റ്റിലെ യാതൊരു വ്യവസ്ഥയും, ഈ ഭരണഘടനയാൽ ആവശ്യമായ ഏതെങ്കിലും ശിപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ ലഭിച്ചിട്ടില്ലെന്ന കാരണത്താൽ മാത്രം –

(ക) ആവശ്യമായ ആ ശിപാർശ ഗവർണ്ണറുടേതായിരിക്കുന്നിടത്ത്, ഗവർണ്ണറോ അല്ലെങ്കിൽ രാഷ്ട്രപതിയോ,

(ഖ) ആവശ്യമായ ആ ശിപാർശ രാജപ്രമുഖന്റേതായിരിക്കുന്നിടത്ത് രാജപ്രമുഖനോ, രാഷ്ട്രപതിയോ,

(ഗ) ആവശ്യമായ ആ ശിപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ രാഷ്ട്രപതിയുടേതായിരിക്കുന്നിടത്ത്, രാഷ്ട്രപതിയോ,

ആ ആക്റ്റിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ, അസാധുവാകുന്നതല്ല.

1067. ജുഡീഷ്യൽ അവലോകനത്തിന്റെ ഉദ്ദേശ്യം ഭരണഘടനാ തത്ത്വങ്ങൾ വ്യാഖ്യാനത്തിലും പ്രയോഗത്തിലും നിലനൽക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ്. ഭരണഘടന സൃഷ്ടിച്ച സ്ഥാപനങ്ങൾ അതിന്റെ മാനദണ്ഡങ്ങൾക്ക വിധേയമാണ്. ഒരു

ഭരണഘടനാസ്ഥാപനത്തിനും പരമാധികാരം കൈയാളാൻ സാധിക്കില്ല. ഈ കാരണത്താൽ ലോകസഭാ സ്പീക്കറുടെ സാക്ഷ്യപത്രത്തിന് ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് പ്രതിരോധശേഷി കൂട്ടി ചേർക്കപ്പെട്ടിട്ടില്ല. ഭരണഘടനാ നിർമ്മാതാക്കൾ ജുഡീഷ്യറിയുടെ പങ്ക് വിഭാവനം ചെയ്തത് ഭരണഘടനയുടെ വ്യാഖ്യാതാവായിട്ടാണ്. ജുഡീഷ്യറിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ, പ്രത്യേകിച്ചും ജുഡീഷ്യൽ അവലോകനത്തിന്റെ ശക്തി സംബന്ധിച്ചവ, ഗ്രാൻവില്ലെ ഓസ്റ്റിൻ നിരിക്ഷിച്ചതുപോലെ ആദർശവാദം ഉപയോഗിച്ച് രൂപപ്പെടുത്തിയവയാണ്. [Granville Austin, The Indian Constitution: Cornerstone of a Nation, Oxford University Press (1966) at P.205]. രാജ്യത്തെ കോടതികൾ ഭരണഘടനയുടെയും അതിന്റെ മൂല്യങ്ങളുടെയും സംരക്ഷകരായി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണഘടനാ കോടതികളിൽ ഭരണഘടനയുടെ കീഴിലുള്ള പൊതു ഭാരവാഹികളുടെ അധികാരപ്രയോഗം സൂക്ഷ്മമായി പരിശോധിക്കാനുള്ള ചുമതല ഏൽപ്പിച്ചു. ഭരണഘടന സൃഷ്ടിച്ച ഒരു സ്ഥാപന ഓഫീസ് വഹിക്കുന്ന ഒരു വ്യക്തിക്കും ഭരണഘടന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ കഴിയില്ല. ജുഡീഷ്യൽ അവലോകനം ഭരണഘടനയുടെ തത്വങ്ങളെയും ആത്മാവിനെയും സംരക്ഷിക്കുന്നു. ജുഡീഷ്യൽ അവലോകനം ഭരണഘടനാ പദവികൾ വഹിക്കുന്ന വ്യക്തികളുടെ ഏകപക്ഷീയമായ പെരുമാറ്റങ്ങൾക്കെതിരെയുള്ള ഒരു പരിശോധനയാണ്. ഇത് പൊതു ഭാരവാഹികളെ ഭരണഘടനാ ചുമതലകളിൽ ഉത്തരവാദിത്തമുള്ളവരായി നിലനിർത്തുന്നു. നമ്മുടെ ഭരണഘടന വർദ്ധിച്ചുവരുന്ന രാഷ്ട്രീയ സ്വാധീനത്തിന്റെ അവസ്ഥാന്തരങ്ങളെ അതിജീവിക്കേണ്ടതായും എല്ലാ ഭരണഘടനാ സ്ഥാപനങ്ങളെക്കുറിച്ചും നിലവിലുള്ള ദോഷൈകദൃഷ്ടിയെ അഭിമുഖീകരിച്ച് നിയമവാഴ്ച അനുസരിച്ച് കടമകളുടെ നിർവഹണത്തിന് വഴിയൊരുക്കുകയും വേണം. ഭരണഘടനാ സ്ഥാപനങ്ങളെ അധികാരവും പദവിയും ശേഖരിക്കുന്നതിനുള്ള കേന്ദ്രബിന്ദുവായി കാണാൻ കഴിയില്ല. ഈ നിമിഷം അവ കൈയാളുന്ന എല്ലാവരും അവരെ വിശ്വാസത്തിലെടുക്കുന്നു. അധികാരത്തിന്റെ അസ്ഥിരത ഭരണഘടനാ ഓഫീസുകൾ കൈയാളുന്നവരുടെ ഇരുണ്ടതോ മങ്ങിയതോ ആയ പ്രതിഫലനമാണ്. ഭരണഘടന അത് സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുടെ അപചയത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. ജനപ്രതിനിധിസഭയുടെ സ്പീക്കറുടെ ഓഫീസും അപവാദമാവില്ല. ഒരു ബില്ലിനെ പണബില്ലായി സാക്ഷ്യപ്പെടുത്തുന്ന ലോകസഭാ സ്പീക്കറുടെ തീരുമാനം അതിന്റെ ഭരണഘടനാ തത്വങ്ങൾ പാലിക്കുന്നതിന്റെ ഉരകല്ലിൽ പരിശോധിക്കാൻ ബാധ്യസ്ഥമാണ്. സ്പീക്കറുടെ അത്തരമൊരു തീരുമാനത്തിന് ഭരണഘടനാ ധാർമ്മികതയുടെ ഇളവ് എടുക്കാൻ കഴിയില്ല."

54. ജസ്റ്റിസ് അശോക് ഭൂഷൺ തന്റെ പ്രത്യേക അഭിപ്രായത്തിൽ ഒരു ബില്ലിനെ പണബില്ലായി സാക്ഷ്യപ്പെടുത്തുന്നതിൽ സ്പീക്കറുടെ തീരുമാനം ജുഡീഷ്യൽ അവലോകനത്തിന് പ്രാപ്തമാണെന്ന് അഭിപ്രായപ്പെട്ടു. വിവരസ്ഥനായ ന്യായാധിപൻ ഇപ്രകാരം പറഞ്ഞു:

> *"901. സ്പീക്കറുടെ തീരുമാനത്തിന്റെ അന്തിമത ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല എന്ന കിഹോട്ടോ ഹോളോഹാൻ [Kihoto Hollohan v. Zachillu, 1992 Supp. (2) SCC 651] രാജാ റാം പാൽ [Raja Ram Pal v. Lok Sabha (2007) 3 SCC 184] എന്നീ കേസുകളിടെ ഭരണഘടനാ ബെഞ്ച് വിധിന്യായങ്ങൾ ഞങ്ങൾ ശ്രദ്ധിച്ചു. എല്ലാ ബില്ലുകളും പാർലമെന്റിന്റെ ഇരുസഭകളും പാസാക്കേണ്ടതുണ്ട്. പണ ബില്ലുകളുടെ കാര്യത്തിലും ഇരുസഭകളുടെയും സംയുക്തമായുള്ള ഉപശേവന ഒഴിവാക്കൽ നൽകിയിരിക്കുന്നു. സംഭവത്തിൽ വിവരസ്ഥനായ അറ്റോർണി ജനറലിന്റെ സമർപ്പണമായ, സ്പീക്കറുടെ സാക്ഷ്യപ്പെടുത്തൽ വെറും ഒരു നടപടി കാര്യമാണെന്നും, അനുച്ഛേദം 122(1) പ്രകാരം ചോദ്യം ചെയ്യാൻ കഴിയില്ല എന്നതും, അനുച്ഛേദം 110 പ്രകാരമുള്ള ആവശ്യ ഭരണഘടനാ വ്യവസ്ഥകൾ നിറവേറ്റാത്ത ബില്ലുകൾ ഉപരിസഭയ്ക്ക് പണബില്ലായി സാക്ഷ്യപ്പെടുത്തി പാസാക്കാമെന്നും ഉള്ളത് ഞങ്ങൾ സ്വീകരിക്കുന്നു. "നടപടികളിലെ ക്രമക്കേട്" "സാരമായ നിയമവിരുദ്ധത" എന്ന വിഷയങ്ങൾ തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ട്. അനുച്ഛേദം 110(1) പ്രകാരമുള്ള അവശ്യ ഭരണഘടനാ വ്യവസ്ഥ ഒരു ബിൽ പാലിക്കാത്തപ്പോൾ പ്രതിപാദിച്ച ആവശ്യകത സ്പീക്കറുടെ സാക്ഷ്യപാത്രപ്പെടുത്തൽ കൊണ്ടു മാത്രം അപ്രത്യക്ഷമായതായി പറയാനാവില്ല. സാക്ഷ്യപ്പെടുത്തൽ, ഭരണഘടനാ തത്വങ്ങൾ പാലിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെടുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്ന സമർപ്പണം അംഗീകരിക്കുക വഴി, കോടതി ഭരണഘടനാ വ്യവസ്ഥകൾ അവഗണിക്കപ്പെടുന്നതും ഒഴിവാക്കപ്പെടുന്നതും അനുവദിക്കും. അതിനാൽ ബില്ലിനെ പണബിൽ എന്ന് സാക്ഷ്യപ്പെടുത്തുന്ന സ്പീക്കറുടെ തീരുമാനം കേവലം നടപടിക്രമത്തിന്റെ കാര്യം മാത്രമല്ല, ഈ സംഭവത്തിൽ തീരുമാനം നിയമവിരുദ്ധമാകുമ്പോഴും തീരുമാനം വ്യക്തമായ ഭരണഘടനാ തത്വ ലംഘനമാകുമ്പോഴും പ്രസ്തുത തീരുമാനം ജുഡീഷ്യൽ അവലോകത്തിനു വിധേയമാണെന്ന് ഞങ്ങൾ കരുതുന്നു. ആയതിനാൽ ഈ കോടതിയുടെ മൂന്നംഗ ജഡ്ജിമാരുടെ ബെഞ്ചിന്റെ മുഹമ്മദ് സയിദ് സിദ്ദിഖി [Mohd. Saeed Siddiqui v. State of U.P. (2014) 11 SCC 415] എന്ന കേസിലെയും യോഗേന്ദ്രകുമാർ ജയ്സ്വാൾ {Yogendra Kumar Jaiswal v. State of Bihar, (2016) 3 SCC 133: (2016) 2 SCC (Crl.)1] എന്ന കേസിലെ ഈ കോടതിയുടെ രണ്ടംഗ ജഡ്ജിമാരുടെ ബെഞ്ചിന്റെയും വിധിന്യായം യഥാർത്ഥ നിയമം നിരത്തിയില്ല എന്നതാണ് ഞങ്ങളുടെ*

അഭിപ്രായം. അതിനാൽ, ആധാർ ബില്ലിനെ പണബില്ലായി സാക്ഷ്യപ്പെടുത്തുന്ന സ്പീക്കറുടെ തീരുമാനം ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെന്ന് ഞങ്ങൾ നിഗമനത്തിലെത്തുന്നു."

[ഊന്നൽ നൽകിയിരിക്കുന്നു]

ബിൽ അതിന്റെ യോഗ്യതയിൽ പണ ബില്ലായി ശരിയായി പാസാക്കിയെന്ന് ജസ്റ്റിസ് അശോക് ഭൂഷൺ പറഞ്ഞു.

55. മേൽപറഞ്ഞ വിശകലനത്തിൽ നിന്ന്, ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെയും ജസ്റ്റിസ് അശോക് ഭൂഷന്റെയും വിധിന്യായങ്ങൾ ഒരു ബില്ലിനെ പണബില്ലായി സാക്ഷ്യപ്പെടുത്താനുള്ള സ്പീക്കറുടെ തീരുമാനം ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് വിമുക്തമല്ലെന്ന് വ്യക്തമാക്കുന്നു. അനുച്ഛേദം 122(1) പ്രകാരമുള്ള നടപടിക്രമങ്ങളുടെ ക്രമക്കേടും സാരമായ നിയമവിരുദ്ധതയും തമ്മിൽ ഒരു വ്യക്തമായ വേർതിരിവുമുണ്ട്. അനുച്ഛേദം 110(3) പ്രകാരമുള്ള സ്പീക്കറുടെ സാക്ഷ്യപത്രം ഇതുവരെ ജുഡീഷ്യൽ അവലോകനത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമല്ല. പണബില്ലായി പാസാക്കാൻ ബില്ലിനു വേണ്ട വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നത് ജുഡീഷ്യൽ അവലോകനത്തിനു നിർണയിക്കാനാവും. ഭൂരിപക്ഷ തീരുമാനവും (ജസ്റ്റിസ് സിക്രി, ജസ്റ്റിസ് അശോക് ഭൂഷൺ എന്നിവരുടെ തീരുമാനങ്ങൾ പ്രതിനിധീകരിക്കുന്നു) ജസ്റ്റിസ് ചന്ദ്രചൂഡും തമ്മിലുള്ള വ്യത്യാസത്തിന്റെ ബിന്ദു യോഗ്യതയുടെ അടിസ്ഥാനത്തിൽ ഭൂരിപക്ഷം അനുച്ഛേദം 110(1) ന്റെ അർത്ഥത്തിൽ ആധാർ ബിൽ ഒരു പണ ബില്ലാണെന്ന നിഗമനത്തിലെത്തുകയും വിയോജിപ്പുകൾ മറ്റുതരത്തിൽ നടക്കുകയും ചെയ്തു.

56. ജസ്റ്റിസ് സിക്രിയുടെ വിധിന്യായത്തിൽ മൊത്തത്തിലുള്ള വായനയിൽ സ്പീക്കറുടെ സാക്ഷ്യപത്രത്തിന്റെ അവലോകന ക്ഷമത സംബന്ധിച്ച പ്രശ്നം ഭൂരിപക്ഷ തീരുമാനത്തിനു വിട്ടിരിക്കുന്നു എന്ന വിജ്ഞാനിയായ അറ്റോർണി ജനറലിന്റെ സമർപ്പണം സമ്മതിച്ചു കൊടുക്കാൻ സാധ്യമല്ല. എന്തായാലും ഇപ്പോഴത്തെ കേസിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നം കണക്കിലെടുത്ത് പുട്ടസ്വാമിയിലെ തീരുമാനത്തിൽ നിന്ന് സ്വതന്ത്രമായി ജുഡീഷ്യൽ അവലോകനത്തിന്റെ വശം ഞങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്.

ഇ. രാജ്യസഭയുടെ പങ്ക്

57. രാജ്യസഭയിൽ ഇരുന്നൂറ്റമ്പതിലധികം അംഗങ്ങളില്ല, രാഷ്ട്രപതി നാമനിർദ്ദേശം ചെയ്ത പന്ത്രണ്ടുപേർ (സാഹിത്യം, ശാസ്ത്രം, കല, സാമൂഹിക സേവനം തുടങ്ങിയവയിൽ പ്രത്യേക അറിവോ

പ്രായോഗിക പരിചയമോ ഉള്ളവരിൽ നിന്ന്) കൂടാതെ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പ്രതിനിധികളായി ഇരുന്നൂറ്റി മുപ്പത്തിയെട്ട് പ്രതിനിധികൾ[44]. നാലാം ഷെഡ്യൂളിൽ രാജ്യസഭയിൽ സീറ്റുകൾ അനുവദിക്കുന്ന രീതി വ്യക്തമാക്കുന്നു. എല്ലാ സംസ്ഥാനങ്ങളിലെയും നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ "കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടിലൂടെ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിന്" അനുസൃതമായി രാജ്യസഭയിൽ സംസ്ഥാന പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. പാർലമെന്റ് രൂപീകരിച്ച ഒരു നിയമമാണ് കേന്ദ്രഭരണ പ്രദേശങ്ങൾക്ക് പ്രാതിനിധ്യം നൽകുന്നത്.

58. ലോകസഭയിൽ നിന്ന് വിഭിന്നമായി രാജ്യസഭ പിരിച്ചുവിടലിന് വിധേയമില്ല, എന്നാൽ അതിന്റെ മൂന്നിലൊന്ന് അംഗങ്ങൾ ഭ്രമണത്തിലൂടെ (by rotation) വിരമിക്കുന്നു[45]. ലോകസഭയ്ക്ക്,

---

44. 80. രാജ്യസഭയുടെ ഘടന-- (1)[*** രാജ്യസഭ]

(ക) (3)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ അനുസരിച്ച് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന പന്ത്രണ്ട് അംഗങ്ങളും;

(ഖ) സംസ്ഥാനങ്ങളുടെയും [യൂണിയൻ പ്രദേശങ്ങളുടെയും] ഇരുന്നൂറ്റി മുപ്പത്തെട്ടിൽ കവിയാത്ത പ്രതിനിധികളും അടങ്ങിയതായിരിക്കുന്നതാണ്.

(2) രാജ്യസഭയിൽ, സംസ്ഥാനങ്ങളുടെയും [യൂണിയൻ പ്രദേശങ്ങളുടെയും] പ്രതിനിധികളാൽ നികത്തപ്പെട്ട സ്ഥാനങ്ങൾ വിഭജിച്ചു കൊടുക്കുന്നത് അതിനുവേണ്ടി നാലാം പട്ടികയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചായിരിക്കേണ്ടതാണ്.

(3) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡം അനുസരിച്ച് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ താഴെ ചേർത്തിട്ടുള്ളതുപോലെയുള്ള വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക ജ്ഞാനമോ പ്രായോഗികപരിചയമോ ഉള്ള ആളുകൾ ആയിരിക്കേണ്ടതാണ്, അതായത്:--

സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യസേവനം എന്നിവ.

(4) [5]*** ഓരോ സംസ്ഥാനത്തിന്റെയും രാജ്യസഭയിലെ പ്രതിനിധികളെ, ആ സംസ്ഥാനത്തെ നിയമനിർമ്മാണ സഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടുവഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

(5) [6][യൂണിയൻ പ്രദേശങ്ങളുടെ] രാജ്യസഭയിലെ പ്രതിനിധികളെ പാർലമെന്റ് നിയമം വഴി നിർണ്ണയിക്കുന്ന വിധത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.

45. 83. പാർലമെന്റിന്റെ സഭകളുടെ കാലാവധി – (1) രാജ്യസഭ പിരിച്ചുവിടലിനു വിധേയമാകുന്നതല്ലാത്തതും, എന്നാൽ ഓരോ രണ്ടാം വർഷവും അവസാനിച്ച് എത്രയും വേഗം അതിലെ

പെട്ടെന്ന പിരിച്ചുവിടപ്പെടുന്നില്ലെങ്കിൽ അഞ്ച് വർഷമാണ് ആയുസ്. ഇതിന വിരുദ്ധമായി ഭരണഘടന രാജ്യസഭയെ വിഭാവനം ചെയ്യുന്നത് അതിന്റെ മൂന്നിലൊന്ന് അംഗങ്ങൾ ഭ്രമണം ചെയ്ത് നിശ്ചിത ഇടവേളകളിൽ വിരമിക്കുന്ന ഭരണഘടനാ തുടർച്ചയുള്ള ഒരു സ്ഥാപനമായിട്ടാണ്. ഭരണഘടന തുടർച്ചയുടെ തത്വത്തിന് അനുസൃതമായി, രാജ്യസഭയുടെ പരിഗണനയിലുള്ള ലോകസഭ പാസാക്കാത്ത ഒരു ബില്ല് ലോകസഭ പിരിച്ചുവിട്ടു എന്ന കാരണത്താൽ ബാധിക്കപ്പെടുകയില്ല എന്ന് അനുച്ഛേദം 107(4) അനുശാസിക്കുന്നു. മറുവശത്ത് ഖണ്ഡം (5) അനുസരിച്ച്, ലോകസഭയുടെ പരിഗണനയിലുള്ളതോ, ലോകസഭ പാസാക്കിയതിനുശേഷം രാജ്യസഭയുടെ പരിഗണനയിലുള്ളതോ ആയ ബില്ല് അനുച്ഛേദം 108[46] പ്രകാരം ലോകസഭയുടെ പിരിച്ചുവിടൽ കാരണം അസാധുവാകും. പണബില്ലുകളുമായി ബന്ധപ്പെട്ട് രാജ്യസഭയുടെ പങ്ക് ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ട്. ലോകസഭയിൽ മാത്രമേ പണബില്ലുകൾ ആരംഭിക്കാൻ കഴിയൂ. മാത്രമല്ല, നേരത്തെ ശ്രദ്ധിച്ചതുപോലെ പണബില്ലുകളുമായി ബന്ധപ്പെട്ട് രാജ്യസഭയ്ക്ക് ഒരു സുപാർശനാധികാരം മാത്രമേ ഉള്ളൂ.

59. ദ്വിതലസഭാവാദം 14-)ം നൂറ്റാണ്ടിൽ ബ്രിട്ടനിൽ ഉയർന്നുവന്നതാണ്. ഫ്യൂഡൽ പ്രഭുക്കന്മാരുമായി ഒരു സംവാദം നടന്ന ഒരു അറ പ്രഭുക്കന്മാരുടെ സഭയും എന്നാൽ പൗരന്മാർ പ്രതീനിധീകരിക്കുന്നത് പ്രജാസഭയുമാണ്. പ്രഭുസഭയിൽ പാരമ്പര്യ സമാന ആളുകളും ചരിത്രപരമായ ഉത്ഭവമുള്ള പ്രജാസഭയിൽ ആവശ്യാനുസരണം സ്വത്ത് കൈവശമുള്ള

അംഗങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നിടത്തോളം അടുത്തുവരുന്നത്ര അംഗങ്ങൾ, പാർലമെന്റ് നിയമം വഴി അതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളനുസരിച്ച്,. സ്ഥാനം ഒഴിയേണ്ടതും ആകുന്നു.

(2) ലോകസഭ, നേരത്തെ പിരിച്ചു വിട്ടിട്ടില്ലാത്തപക്ഷം അതിന്റെ ഒന്നാമത്തെ യോഗം ചേരുന്നതിന് നിശ്ചയിച്ചിരുന്ന തീയതി മുതൽ [അഞ്ചുവർഷത്തേക്ക്], എന്നാൽ ഒരിക്കലും അതിൽ കവിയാതെ, തുടരുന്നതും, മേൽപ്പറഞ്ഞ [അഞ്ചുവർഷക്കാലം] അവസാനിക്കുന്നത് സഭയുടെ ഒരു പിരിച്ചുവിടൽ ആയിത്തീരുന്നതും ആകുന്നു.

എന്നാൽ, ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ, മേൽപ്പറഞ്ഞ കാലാവധി ഒരു തവണ ഒരു വർഷത്തിൽ കവിയാത്ത ഒരു കാലത്തേക്കും, യാതൊരു സംഗതിയിലും ആ വിളംബരം പ്രാബല്യത്തിലില്ലാതായതിനുശേഷം ആറുമാസക്കാലത്തിൽ കവിയാതെയും, നിയമം വഴി പാർലമെന്റിന് ദീർഘിപ്പിക്കാവുന്നതാണ്.

46. അനുച്ഛേദം 108 പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനത്തിനുള്ള വ്യവസ്ഥകൾ അടങ്ങുന്നതാണ്.

ആളുകളെയും ഉൾക്കൊള്ളുന്നു. അറ്റ്ലാന്റിക് സമുദ്രത്തിലൂടനീളം, അമേരിക്കൻ ഭരണഘടന ദ്വിമാനവാദം സ്വീകരിച്ചു. 1787 ലെ ഭരണഘടനാ കൺവെൻഷൻ ഒരു ഭരണഘടനാ ഒത്തുതീർപ്പിനെ പ്രതിനിധീകരിച്ചു അവിടെ നേരിട്ട് തിരഞ്ഞെടുക്കപ്പെട്ട നിയമസഭകൾ ഉൾപ്പെടുന്ന ജനപ്രതിനിധിസഭയിൽ ഓരോ വോട്ടർക്കും തിരഞ്ഞെടുപ്പിൽ തുല്യവോട്ടുണ്ടായിരിക്കുകയും, ഓരോ സംസ്ഥാനത്തിനും പരോക്ഷമായി തിരഞ്ഞെടുക്കപ്പെട്ട രണ്ട് അംഗങ്ങളെ അയക്കാൻ കഴിയുന്ന സെനറ്റ് ഉണ്ടായിരിക്കും. "ഫെഡറലിസ്റ്റ് പേപ്പറിൽ" ജെയിംസ് മാഡിസൺ ഒരു ദ്വിതലസഭാ നിയമസഭയുടെ പരോക്ഷമായി തിരഞ്ഞെടുക്കപ്പെട്ട ഉപരിസഭ എന്ന നിലയിൽ സെനറ്റിന്റെ പ്രാധാന്യത്തെ അടിവരയിട്ടു:

> ***"ഒന്നാമത് ..... ഒരു സെനറ്റ് നിയമസഭയുടെ രണ്ടാമത്തെ ശാഖയെന്ന നിലയിൽ അധികാരത്തിൽ നിന്ന് വ്യത്യസ്തമായി, വിഭജിച്ച്, ഒന്നാമതായി എല്ലാ സാഹചര്യങ്ങളിലും സർക്കാറിനെ പ്രയോജനപ്രദമായി പരിശോധന ചെയ്യണം. അതിലംഘനങ്ങൾ അല്ലെങ്കിൽ വഞ്ചനാപരമായ പദ്ധതികളിൽ രണ്ട് വ്യത്യസ്തമായ സ്ഥാപനങ്ങളുടെ സമ്മതം ആവശ്യപ്പെടുന്നതിലൂടെ ഇത് ജനങ്ങളുടെ സുരക്ഷ ഇരട്ടിയാക്കുന്നു, അവിടെ ഒരാളുടെ അഭിലാഷമോ അഴിമതിയോ മറിച്ച് മതിയാകും....."***
>
> ***രണ്ടാമത്: എല്ലാ ഒറ്റ, നിരവധി സമ്മേളനങ്ങളുടെയും പ്രവണത, പെട്ടെന്നുള്ള അക്രമാസക്തവുമായ അഭിനിവേശത്തിന്റെ പ്രചോദനത്തിന് വഴങ്ങാനും വിഘടിച്ചു നിൽക്കുന്ന നേതാക്കളുടെ സ്വയം നിയന്ത്രിണമില്ലാത്തതും ദോഷകരവുമായ പ്രമേയങ്ങളിൽ വശീകരിക്കപ്പെടുന്നതുമാണെങ്കിലും, ഒരു സെനറ്റിന്റെ ആവശ്യകത കുറച്ചു കാണേണ്ടതില്ല.....***
>
> ***മൂന്നാമത്: ഒരു സെനറ്റ് പരിഹരിക്കേണ്ട മറ്റൊരു വൈകല്യം കിടക്കുന്നത് നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ചോ തത്ത്വങ്ങളെക്കുറിച്ചോ ഉള്ള അവശ്യ പരിചയത്തിന്റെ അഭാവമാണ്. ഒരു സ്വകാര്യ സ്വഭാവത്തെ പിന്തുടർന്ന് മനുഷ്യരുടെ ഒരു സമ്മേളനം ഭൂരിഭാഗം സമയവും വിളിച്ചുവരുത്തി കുറച്ചുകാലം നിയമനത്തിൽ തുടർന്ന്, പൊതു തൊഴിലിന്റെ ഇടവേളകൾ നിയമങ്ങൾ, കാര്യങ്ങൾ, അവരുടെ രാജ്യത്തിന്റെ സമഗ്രതാൽപര്യങ്ങൾ എന്നിവ പഠിക്കാൻ സ്വയം സമർപ്പിക്കാതെ തങ്ങളെത്തന്നെ വിട്ടുകളഞ്ഞാൽ അവരിൽ അർപ്പിതമായ നിയമനിർമ്മാണത്തിന്റെ വിശ്വാസം നിർവഹിക്കുന്നതിൽ ഉള്ള സുപ്രധാനമായ പിശകുകളിൽ നിന്ന് രക്ഷപ്പെടാനാവില്ല.....***
>
> ***ഒരു നല്ല സർക്കാർ രണ്ട് കാര്യങ്ങളെ സൂചിപ്പിക്കുന്നു:***
>
> ***ഒന്നാമത്, ഗവൺമെന്റിന്റെ ലക്ഷ്യത്തോടുള്ള വിശ്വസ്തത, അതാണ് ജനങ്ങളുടെ***

സന്തോഷം; രണ്ടാമതായി, ആ ലക്ഷ്യത്തെ ഏറ്റവും മികച്ച രീതിയിൽ നേടാൻ കഴിയുന്ന മാർഗങ്ങളെക്കുറിച്ചുള്ള അറിവ്.....

നാലാമത്: പുതിയ അംഗങ്ങളുടെ ദ്രുതഗതിയിലുള്ള പിൻഗാമികളിൽ നിന്ന് ഉണ്ടാകുന്ന പൊതുസഭകളിലെ പരിവർത്തനം, അവർ എത്ര യോഗ്യതയുള്ളവരാണെങ്കിലും, ശക്തമായ രീതിയിൽ. സർക്കാരിലെ ചില സുസ്ഥിരമായ സ്ഥാപനത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു."

60. സർക്കാരിനുമേൽ പ്രയോജനപകരമായ പരിശോധന നടത്തുന്ന ഒരു സ്ഥാപനമായാണ് മാഡിസൺ സെനറ്റിനെ സങ്കൽപ്പിച്ചത്. മാഡിസണിനെ സംബന്ധിച്ചിടത്തോളം, രണ്ട് നിയമസഭാ സമിതികളുടെ സമ്മതം പൊതു അധികാര ലംഘനത്തിനെതിരെയുള്ള ഉറപ്പ് വരുത്തലാണ്. അന്നത്തെ ഭരണപരമായ അഭിനിവേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ട ശാന്തമായ പര്യാലോചനയ്ക്ക് പ്രാപ്തിയുള്ള ഒരു സംഘടനയാണ് സെനറ്റ് വിഭാവനം ചെയ്യപ്പെട്ടത്. വിവേകപൂർണ്ണമായ ശബ്ദമെന്ന നിലയിൽ സെനറ്റ്, നിയമനിർമ്മാണ വൈദഗ്ധ്യത്തെ പ്രതിഫലിപ്പിക്കുന്നതായി വിഭാവനം ചെയ്യപ്പെട്ടു. ഭരണഘടനാ വാഴ്ചയുടെ സുസ്ഥിരതയെ പ്രതീകപ്പെടുത്തുന്ന ഒരു സ്ഥാപനമായിരുന്നു അത്. ഫെഡറൽ ഘടനയിലെ നിർണ്ണായക ഘടകമെന്ന നിലയിൽ രാജ്യസഭയുടെ സ്ഥാനം എച്ച്. എം. സെർവായ് ശ്രേഷ്ഠമായ മൂലഗ്രന്ഥമായ '**ഇന്ത്യൻ ഭരണഘടനാ നിയമ**'[47] ത്തിൽ ഊന്നിപറയുന്നു:

"--ആദ്യത്തേതും പരമപ്രധാനമായും, പാർലമെന്റ് (കേന്ദ്ര നിയമസഭ) സംസ്ഥാനങ്ങളെ ആശ്രയിച്ചിരിക്കുന്നു, കാരണം അതിന്റെ ഒരു സഭയായ രാജ്യസഭയെ തിരഞ്ഞെടുക്കുന്നത് സംസ്ഥാനങ്ങളിലെ നിയമസഭകളാണ്. എവിടെ ലോകസഭയിൽ ഭരണകക്ഷിയ്ക്കോ അല്ലെങ്കിൽ ഒരു കൂട്ടം പാർട്ടികൾക്കോ ഭൂരിപക്ഷം പക്ഷേ സമ്പൂർണ്ണ ഭൂരിപക്ഷമല്ലാതെ ഉണ്ടോ സംസ്ഥാന നിയമസഭകൾക്ക് സാമ്പത്തിക ബില്ലുകൾ ഒഴികെയുള്ള നിയമങ്ങൾ പാസാക്കുന്നതിൽ വളരെ പ്രധാന്യമുള്ള ശബ്ദമുണ്ടാകും. രണ്ടാമതായി, ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ പാർലമെന്റിന്റെ ഇരുസഭകളും പ്രത്യേകമായി ആ സഭയിലെ കേവല ഭൂരിപക്ഷത്തോടെ പാസാക്കുകയും അത് ആ സഭയിലെ വോട്ടിങ്ങിനു ഹാജരായ അംഗങ്ങളുടെ മൂന്നിൽ രണ്ട്

47 എച്ച് എം സെർവായ്, കോൺസ്റ്റിറ്റ്യൂഷണൽ ലോ ഓഫ് ഇന്ത്യ, യൂണിവേഴ്സൽ ലോ കോ പ്രൈവറ്റ് ലിമിറ്റഡ്, വാല്യം I, (1991), പേജ് .299-300

ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തിനാവണം. രാജ്യസഭ പരോക്ഷമായി സംസ്ഥാന നിയമസഭകളാൽ തിരഞ്ഞെടുക്കപ്പെടുന്നതിനാൽ, ഭരണഘടനാ ഭേദഗതിയിൽ സംസ്ഥാന നിയമസഭകൾക്ക് ഒരു പ്രധാന അഭിപ്രായമുണ്ട്. മൂന്നാമതായി പാർലമെന്റ് പാസാക്കിയ ഭേദഗതികൾ സംസ്ഥാന നിയമസഭകളുടെ പകുതിയിൽ കുറയാത്ത എണ്ണം അംഗീകരിക്കുന്നില്ലെങ്കിൽ അനുച്ഛേദം 368 (ഭരണഘടന ഭേദഗതി) ലെ വ്യവസ്ഥയിൽ പരാമർശിച്ചിരിക്കുന്ന വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ഭേദഗതി ചെയ്യാൻ കഴിയില്ല. ..... നാലാമതായി 44-)ം ഭേദഗതി പ്രകാരമുള്ള അനുച്ഛേദം 352 ന്റെ ഭേദഗതി അടിയന്തരാവസ്ഥ പ്രഖ്യാപനത്തിൽ രാജ്യസഭയ്ക്ക് ഏറ്റവും പ്രാധാന്യമുള്ള ശബ്ദം നൽകുന്നു, കാരണം അടിയന്തരാവസ്ഥ പ്രഖ്യാപനം ഒരു ഭരണഘടനാ ഭേദഗതിയ്ക്ക് ആവശ്യമായ ഭൂരിപക്ഷത്തോടെ ഓരോ സഭയും പ്രത്യേകം അംഗീകരിക്കണം..... അഞ്ചാമതായി, രാജ്യത്തിന്റെ (കേന്ദ്രത്തിന്റെ) ഭരണനിർവ്വഹണത്തിനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കായി എന്നാൽ

(എ) സംസ്ഥാന നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(ബി) പാർലമെന്റിലെ ഒരു സഭകളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവരടങ്ങിയ ഇലക്ടൽ കോളേജ് തിരഞ്ഞെടുക്കുന്ന രാഷ്ട്രപതിയിലാണ്. രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നതിൽ നേരിട്ട് സംസ്ഥാന നിയമസഭകൾക്ക് കാര്യമായ വോട്ടധികാരമുണ്ട്; സംസ്ഥാനങ്ങളുടെ നിയമസഭകൾ തിരഞ്ഞെടുക്കുന്ന രാജ്യസഭയിലൂടെ ആ അധികാരം പരോക്ഷമായി വർദ്ധിക്കുന്നു."

61. രാജ്യസഭ സെക്രട്ടറിയറ്റ് അതിന്റെ "ഇന്ത്യൻ പാർലമെന്റിലെ രണ്ടാം അറ. രാജ്യസഭയുടെ പങ്കും പഠനവും" എന്ന തലക്കെട്ടിലുള്ള പ്രസിദ്ധീകരണത്തിൽ സംസ്ഥാനങ്ങളുടെ അഭിലാഷങ്ങളോട് സംവേദനക്ഷമതയുള്ള സ്ഥാപനമെന്ന നിലയിലും രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിലെ സംഭാവനകളിലും രാജ്യസഭയുടെ സ്ഥാനത്തെ ഊന്നി പറഞ്ഞു. പ്രസിദ്ധീകരണം രാജ്യസഭ കൈയ്യാളുന്ന ചില പ്രത്യേക അധികാരങ്ങളിൽ ഊന്നൽ നൽകുന്നു:

> ***"(i) ഭരണഘടനയുടെ അനുച്ഛേദം 249 അനുസരിച്ച് രാജ്യസഭ അംഗങ്ങളുടെ (വോട്ടിനു ഹാജരായി വോട്ടുചെയ്തു) മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തോടെ സംസ്ഥാനപട്ടികയിൽ ഉൾപ്പെടുന്ന ഏതു വിഷയത്തിലും ഒരു നിയമം ഉണ്ടാക്കേണ്ടത് ദേശീയതാൽപര്യം മുൻനിർത്തി അത്യാവശ്യമോ ഉചിതമോ ആണെങ്കിൽ ഒരു പ്രമേയം***

പാസാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അപ്പോൾ പ്രമേയത്തിൽ വ്യക്തമാക്കിയ വിഷയത്തിൽ ഇന്ത്യയുടെ മുഴുവൻ പ്രദേശത്തിനോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി ഒരു നിയമമുണ്ടാക്കാൻ പാർലമെന്റിന് അധികാരമുണ്ട്. അത്തരമൊരു പ്രമേയം പരമാവധി ഒരു വർഷത്തേക്ക് പ്രാബല്യത്തിൽ തുടരും, എന്നാൽ ഒരു തവണ ഈ കാലയളവ് ഒരു വർഷം വരെ കൂട്ടിക്കൊണ്ട് പിന്നീടുള്ള മറ്റൊരു പ്രമേയം പാസാക്കാം;

(ii) ഭരണഘടനയുടെ അനുച്ഛേദം 312 പ്രകാരം, രാജ്യസഭ അംഗങ്ങളിൽ ഹാജരായി വോട്ട് ചെയ്യുന്ന മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തിന്, കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പൊതുവായ ഒന്നോ അതിലധികമോ ആൾ ഇന്ത്യ സർവ്വീസ് (IAS) സൃഷ്ടിക്കുന്നത് ദേശീയതാൽപര്യത്തിൽ അത്യാവശ്യവും ഉചിതവുമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഒരു പ്രമേയം പാസാക്കിയാൽ, പാർലമെന്റിന് അത്തരം സർവ്വീസുകൾ നിയമപരമായി സൃഷ്ടിക്കാനുള്ള അധികാരമുണ്ട്; കൂടാതെ

(iii) ഭരണഘടന പ്രകാരം, ദേശീയ അടിയന്തിര സാഹചര്യങ്ങളിൽ (അനുച്ഛേദം 352), ഒരു സംസ്ഥാനത്ത് ഭരണഘടനാ യന്ത്രങ്ങൾ പരാജയപ്പെട്ടാൽ (അനുച്ഛേദം 356), അല്ലെങ്കിൽ സാമ്പത്തിക അടിയന്തിര സാഹചര്യങ്ങളിൽ (അനുച്ഛേദം 360) രാഷ്ട്രപതിയ്ക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ അധികാരമുണ്ട്.

സാധാരണഗതിയിൽ, അത്തരം ഓരോ പ്രഖ്യാപനത്തിനും നിശ്ചിത കാലയളവിനുള്ളിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകാരം നൽകേണ്ടതുണ്ട്. എന്നിരുന്നാലും ചില പ്രത്യേക സാഹചര്യങ്ങളിൽ രാജ്യസഭയ്ക്ക് ഇക്കാര്യത്തിൽ പ്രത്യേക അധികാരങ്ങൾ ഉണ്ട്. ലോകസഭ പിരിച്ചുവിട്ട സമയത്ത് ഒരു പ്രഖ്യാപനം പുറപ്പെടുവിക്കുകയും അതി അതിന്റെ അംഗീകാരത്തിന് അനുവദിച്ച കാലയളവിനുള്ളിൽ സംഭവിക്കുകയുമാണെങ്കിൽ, രാജ്യസഭ അത് അംഗികരിക്കുന്ന പ്രമേയം പാസാക്കിയാൽ ആ പ്രഖ്യാപനം ഫലപ്രദമായി തുടരാം."

62. **'കൽദീപ് നയ്യാറിൽ'** ഭരണഘടനാ ബെഞ്ചിനു വേണ്ടി സംസാരിച്ച ചീഫ് ജസ്റ്റിസ് വൈ.കെ.സബർവാൾ ഇനി പറയുന്ന നീരിക്ഷണങ്ങളിൽ രാജ്യസഭയുടെ പങ്ക് ഊന്നി പറഞ്ഞു.

"47. ലോകസഭയുടെ കാര്യത്തിൽ അനിവാര്യമായ പൊതുതിരഞ്ഞെടുപ്പിന്റെ ശബ്ദകോലാഹലങ്ങളില്ലാതെ പരിചയസമ്പന്നരായ പൊതുവ്യക്തിത്വങ്ങൾക്ക് പ്രവേശനം കിട്ടുന്ന ഒരു വേദിയാണ് രാജ്യസഭ. ഇത് ലോകസഭയുടെ മേലുള്ള പുന:പരിശോധനാ അറയായി പ്രവർത്തിക്കുന്നു. രണ്ട് സംവാദ അറകളുടെ നിലനിൽപ്പ് അർത്ഥമാക്കുന്നത് സർക്കാറിന്റെ എല്ലാ നിർദ്ദേശങ്ങളും പരിപാടികളും രണ്ടു തവണ ചർച്ചചെയ്യപ്പെടുന്നു

എന്നതാണ്. പുന:പരിശോധനാ അറ എന്ന നിലയിൽ രാജ്യസഭ, ലോകസഭ പാസാക്കുന്ന ബില്ലുകൾ മികച്ചതാക്കാൻ സഹായിക്കുന്നു."

'**പുട്ടസ്വാമി**'യിൽ ജസ്റ്റിസ് എ.കെ.സിക്രി (അദ്ദേഹത്തിനും മറ്റ് രണ്ട് ജഡ്ജിമാർക്കും വേണ്ടി എഴുതിയതിൽ) രാജ്യസഭയുടെ പങ്കിന്റെ പ്രാധാന്യം ഊന്നി പറഞ്ഞു. ആ നിരീക്ഷണങ്ങളുടെ പര്യാലോചനയായി, ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ വിധി ഫെഡറലിസം ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകളുടെ ഭാഗമാണെന്നതിന്റെ പശ്ചാത്തലത്തിൽ രാജ്യസഭയ്ക്ക് സ്ഥാനം നൽകുന്നു:

> "1106. രാജ്യത്തിന്റെ ബഹുസ്വരതയും, ഭാഷ, സംസ്കാരം, ധാരണ, താൽപര്യം എന്നിവയുടെ വൈവിധ്യത്തെയും പ്രതിഫലിപ്പിക്കുന്നതിനാണ് രാജ്യസഭയുടെ സ്ഥാപനഘടന വികസിപ്പിച്ചിരിക്കുന്നത്. നിയമനിർമ്മാണ നിർദ്ദേശങ്ങളുടെ വിശാലമായ പരിശോധന ഉറപ്പാക്കാൻ ഭരണഘടനാ നിർമ്മാതാക്കൾ രാജ്യസഭയെ വിഭാവനം ചെയ്തു. പാർലമെന്റിന്റെ രണ്ടാമത്തെ അറ എന്ന നിലയ്ക്ക് തിടുക്കത്തിലുള്ളതും നല്ലവണ്ണം ആസൂത്രണം ചെയ്യാത്തതുമായ നിയമനിർമ്മാണത്തിന്റെ ഒരു പരിശോധനയായി വർത്തിച്ച്, നിയമനിർമ്മാണ പ്രവൃത്തിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അവസരമൊരുക്കുന്നു. ഭരണപരമായ ഉത്തരവാദിത്തം ഉറപ്പ് വരുത്തുന്നതിലും അധികാരത്തിന്റെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിലും രാജ്യസഭയുടെ പങ്ക് അന്തർലീനമാണ്. ഉപരി അറ അധോ അറയുടെ പ്രവർത്തനത്തെ പല രീതിയിൽ പരിപൂർണ്ണമാക്കുന്നു. ലോകസഭയുമായി ബന്ധപ്പെട്ട് രാജ്യസഭ സമനിലയുടെ ഒരു സ്ഥാപനമായി പ്രവർത്തിക്കുകയും ഭാരതത്തിന്റെ ഫെഡറൽ ഘടനയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. [എസ്.ആർ. ബൊമ്മെ v. യൂണിയൻ ഓഫ് ഇന്ത്യ (1994) 3 SCC 1: AIR 1994 SC 1998 എന്ന കേസിൽ] രാജ്യസഭയുടെ നിലനിൽപ്പും പങ്കും ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ ഭാഗമാണ്. നമ്മുടെ ഭരണഘടനാ ശിൽപികൾ രാജ്യസഭയെ വിഭാവനം ചെയ്തത് ഫെഡറൽ ദ്വിമാനവാദത്തിന്റെ ഒരു സ്ഥാപനമായിട്ടാണ്. കേവലം ലളിതമായ ഒരു ദ്വിസഭ നിയമസഭയുടെ ഭാഗമായല്ല. അതിന്റെ നാമകരണം സെനറ്റ് എന്നതിലുപരി രാജ്യസഭ എന്നതാണ് എന്നത് അതിന്റെ ഫെഡറൽ പ്രാധാന്യം ന്യായീകരിക്കുന്നു."

63. ഫെഡറൽ ഘടനകളുടെ പശ്ചാത്തലത്തിൽ ദ്വിമാന നിയമസഭകൾക്ക് ഭരണഘടനാപരമായ പങ്കുണ്ട്. നമ്മുടെ ഭരണഘടന ഊന്നിപറയുന്നതുപോലെ രാജ്യസഭ, സംസ്ഥാനങ്ങളുടെ അഭിലാഷങ്ങളെ പ്രതിനിധീകരിക്കുന്നു, അതിനാൽ ഫെഡറൽ ഘടനയുടെ ഭരണഘടനാ രൂപകൽപ്പനയിലെ ഒരു നിർണായകമായ ഘടകമാണ്. രാജ്യസഭ ഒരു ഭരണഘടനാപരമായ തുടർച്ചയുള്ള സ്ഥാപനമാണ്. ലോകസഭപോലെ പിരിഞ്ഞുപോകുന്നില്ല

കൂടാതെ അതിലെ അംഗങ്ങൾ ഭമണത്തിലൂടെ (by rotation) വിരമിക്കുന്നു. രാജ്യസഭയെ ഒഴിവാക്കുന്നത് പണബില്ലുകളുടെ പശ്ചാത്തലത്തിലാണ്. എന്നിരുന്നാലും, പാർലമെന്റിന്റെ ഇരുസഭകളും ബില്ലുകൾ പാസാക്കണം എന്ന എല്ലാറ്റിനും ഉപരിയായ തത്വത്തിന് ഇത് ഒരു അപവാദമാണ്.

64. പണബില്ലുകൾ നിർവചിക്കുന്ന അനുച്ഛേദം 110(1) ലെ വ്യവസ്ഥകളും ധനകാര്യബില്ലുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ വിശദീകരിക്കുന്ന അനുച്ഛേദം 117(1) ലെ വ്യവസ്ഥകളും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. അനുച്ഛേദം 110(1) ലെ ഉപഖണ്ഡങ്ങൾ (എ) മുതൽ (എഫ്) വരെയുള്ളതിൽ വ്യക്തമാക്കിയ ഏതെങ്കിലും കാര്യങ്ങൾക്കായി ഒരു ബിൽ അല്ലെങ്കിൽ ഭേദഗതി ഇന്ത്യൻ രാഷ്ട്രപതിയുടെ ശുപാർശയില്ലാതെ അവതരിപ്പിക്കുകയോ നീക്കുകയോ ചെയ്യാൻ പാടില്ല കൂടാതെ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കുന്ന ബില്ല് രാജ്യസഭയിൽ അവതരിപ്പിക്കാൻ പാടില്ല. പണബില്ലുകളുടെ നിർവചനത്തിൽ അനുച്ഛേദം 110(1) ൽ ഉപയോഗിച്ചിരിക്കുന്ന 'മാത്രം' എന്ന വാക്ക് അനുച്ഛേദം 117(1) ൽ ഇല്ല. രാജ്യസഭയുടെ നിയമനിർമ്മാണ നടപടിക്രമത്തിൽ[48] ധനകാര്യ ബില്ലുകൾ യഥാക്രമം ഒന്നും രണ്ടും വിഭാഗങ്ങളിൽപ്പെടുന്നുവെന്ന് വിശദീകരിക്കുന്നു:

> "(ബി) ധനകാര്യ ബില്ലുകൾ - വിഭാഗം I
>
> ഭരണഘടനയുടെ അനുച്ഛേദം 117(1) ൽ പ്പെടുന്ന ബില്ലിനെ ഒരു ധനകാര്യ ബിൽ എന്നു വിളിക്കുന്നു. അനുച്ഛേദം 110 ലെ ഉപഖണ്ഡം (എ) മുതൽ (എഫ്) വരെയുള്ളതിൽ വ്യക്തമാക്കിയ ഏതെങ്കിലും കാര്യങ്ങൾക്കും മറ്റ് കാര്യങ്ങൾക്കുവേണ്ടിയും വ്യവസ്ഥ ചെയ്യുന്ന ബില്ലാണിത്. ഒരു പണബില്ലിന്റെ സവിശേഷതകൾകൂടിയുള്ള ഒരു ബില്ലാണിത്. ഒന്നാമതായി, ഇത് രാജ്യസഭയിൽ അവതരിപ്പിക്കാൻ കഴിയില്ല, രണ്ടാമതായി രാഷ്ട്രപതിയുടെ ശുപാർശകൾ ഇല്ലാതെ ഇത് അവതരിപ്പിക്കാൻ കഴിയില്ല. ഈ രണ്ട് വ്യത്യാസങ്ങൾ ഒഴികെ, മറ്റെല്ലാ കാര്യങ്ങളിലും ഒരു ധനകാര്യബിൽ മറ്റേതൊരു സാധാരണ ബില്ലിനെപ്പോലെയാണ്.
>
> (സി) ധനകാര്യ ബില്ലുകൾ - വിഭാഗം II
>
> അനുച്ഛേദം 117(3) പ്രകാരം ധനകാര്യ ബില്ലുകളായ മറ്റൊരു വിഭാഗം ബില്ലുകൾ ഉണ്ട്. അത്തരം ബില്ലുകൾ നേരത്തെ സൂചിപ്പിച്ച മണിബില്ലുകളേക്കാളും ധനകാര്യ ബില്ലുകളേക്കാളും സാധാരണ ബില്ലുകളുടെ സ്വഭാവത്തിലാണ്. ഈ വിഭാഗത്തിലുള്ള ധനകാര്യ ബില്ലുകളും സാധാരണ ബില്ലുകളും തമ്മിലുള്ള വ്യത്യാസത്തിന്റെ ഒരേയൊരു കാര്യം, അത്തരമൊരു ധനകാര്യ ബിൽ നിർമ്മിക്കപ്പെടുകയും നടപ്പിലാക്കുകയും ചെയ്താൽ, അതിൽ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള ചെലവുകൾ ഉൾപ്പെടുന്നു, കൂടാതെ ബില്ല് പരിഗണിക്കാനുള്ള രാഷ്ട്രപതിയുടെ

ഉപാർശകൂടാതെ പാർലമെന്റിന്റെ ഇരുസഭകൾക്കും ബില്ല് പാസാക്കാനാവില്ല. മറ്റെല്ലാകാര്യത്തിലും ഈ വിഭാഗത്തിലുള്ള ബില്ലുകൾ സാധാരണ ബില്ലുകൾ പോലെതന്നെയാണ്, അതിനാൽ അത്തരം ഒരു ധനകാര്യബിൽ രാജ്യസഭയിൽ അവതരിപ്പിക്കാം, അതിനാൽ ഭേദഗതി ചെല്ലപ്പെടും, അല്ലെങ്കിൽ രാജ്യസഭയിൽ ഒരു സംയുക്ത ഉപവേശനം അവതരിപ്പിക്കാം, അതിനാൽ ഭേദഗതി ചെയ്യപ്പെടാം അല്ലെങ്കിൽ സഭകൾ തമ്മിൽ ആ ബില്ലിനെ ചൊല്ലി അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ സംയുക്ത ഉപവേശനം അവതരിപ്പിക്കാം, അതിനാൽ ഭേദഗതി ചെയ്യപ്പെടാം അല്ലെങ്കിൽ സഭകൾ തമ്മിൽ ആ ബില്ലിനെ ചൊല്ലി അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ സംയുക്ത ഉപവേശനം നടത്താം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അത്തരം ധനകാര്യ ബില്ലുകളുടെ കാര്യത്തിൽ രാജ്യസഭയുടെ അധികാരത്തിന് പരിധിയില്ല.[48]"

മുകളിലുള്ള വർഗ്ഗീകരണം വീണ്ടും ഊന്നി പറയുന്നു ഒരു ധനകാര്യ ബില്ലും പണബില്ലും തമ്മിലുള്ള വ്യത്യാസം പണബില്ലിൽ അനുച്ഛേദം 110(1) ലെ ഉപഖണ്ഡം (എ) മുതൽ (ജി) വരെ വ്യക്തമാക്കിയ വിവരണത്തിലെ 'മാത്രം' എന്ന വ്യവസ്ഥയാണ്.

48 രാജ്യസഭയിലെ ലെജിസ്ലേറ്റീവ് നടപടിക്രമം ,: രാജ്യസഭ സെക്രട്ടേറിയറ്റ് പി. 17

65. രാജ്യസഭ രാജ്യത്തിന്റെ ബഹുസ്വരതയെ പ്രതിഫലിപ്പിക്കുകയും അധികാര സന്തുലിതാവസ്ഥ ഉറപ്പാക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ സംയുക്ത സംസ്ഥാന വ്യവസ്ഥിതിയുടെ ഒഴിവാക്കാനാവാത്ത അടിസ്ഥാന ഘടകമാണത്. പാർലമെന്റിന്റെ ഇരുസഭകളിലും തമ്മിലുള്ള വ്യത്യാസങ്ങൾ രാജ്യസഭയെ അവഗണിച്ച് കൊണ്ട് പരിഹരിക്കാനാവില്ല. നമ്മുടേത് പോലുള്ള ഒരു സംയുക്ത സംസ്ഥാന രാജ്യതന്ത്രത്തിൽ, ഒരു ബില്ലിനെ പണ ബില്ലായി സാക്ഷ്യപ്പെടുത്താനുള്ള സ്പീക്കറുടെ തീരുമാനത്തെ ജുഡീഷ്യൽ അവലോകനത്തിൽ നിന്ന് ഒഴിവാക്കുന്നതിലൂടെ ഒരു ഭരണഘടനാ സമിതിയുടെ ഫലപ്രാപ്തിയെ പരാജയപ്പെടുത്താൻ കഴിയില്ല.

F. വെല്ലുവിളിയുടെ ഗുണങ്ങൾ

F1. പണബില്ല് പാസാക്കൽ

66. 26 ടൈബ്യൂണലുകളുടെയും ചെയർമാന്റെയും അംഗങ്ങളുടെയും ഏകീകൃത സേവന വ്യവസ്ഥകൾ നൽകുന്നതിന്, 2014 ഫെബ്രുവരി 19 ന് അപ്പീൽ ടൈബ്യൂണലുകളും മറ്റ് അധികാരികളും (സേവന നിബന്ധനകൾ) ബിൽ 2014 രാജ്യസഭയിൽ അവതരിപ്പിച്ചു. ബില്ലിലെ 3-)ം വ്യവസ്ഥ അനുസരിച്ച്:

> 3. നിർദ്ദിഷ്ട നിയമങ്ങളിലെ വ്യവസ്ഥകളിൽ, വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിലും, ഈ നിയമത്തിലെ വ്യവസ്ഥകൾ നിർദ്ദിഷ്ട നിയമങ്ങൾക്ക് കീഴിൽ നിയോഗിക്കപ്പെട്ട ചെയർമാനും അംഗങ്ങൾക്കും ബാധകമാണ്.
>
> എന്നാൽ നിയമം നിലവിൽ വരുന്നതിന് തൊട്ട് മുൻപ് പ്രസ്തുത പദവികൾ വഹിച്ച് തുടങ്ങിയ ചെയർമാനും മറ്റ് അംഗങ്ങൾക്കും ഈ വ്യവസ്ഥയിലെ നിയമങ്ങൾ ബാധകമാവില്ല.

നിർദ്ദിഷ്ട നിയമങ്ങൾ ബില്ലിന്റെ ആദ്യഷെഡ്യൂളിലാണ് വിശദീകരിച്ചിട്ടുള്ളത്. വകുപ്പുമായി ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മറ്റിക്ക് ബിൽ റഫർ ചെയ്യുകയും, കമ്മറ്റി അതിന്റെ 74)ം റിപ്പോർട്ട് 26 ഫെബ്രുവരി 2015 ന് സമർപ്പിക്കുകയും ചെയ്തു. 11 ഏപ്രിൽ 2017 ന് ബില്ല് പിൻവലിച്ചു.

67. ഭരണഘടനയിലെ 117)ം അനുഛേദത്തിലെ (1) ഉം (3) ഉം വ്യവസ്ഥകൾ അനുസരിച്ച്, രാഷ്ട്രപതിയുടെ ശുപാർശയോടെ, ധനകാര്യബില്ല് 2017, പണബില്ലായി ലോകസഭയിൽ അവതരിപ്പിച്ചു. ഫെബ്രുവരി 1, 2017 ന് ബില്ല് അവതരിപ്പിക്കുന്ന സമയത്ത്, ധനകാര്യബില്ല് 2017 ൽ 150 വ്യവസ്ഥകളും 7 അനുഛേദങ്ങളും അടങ്ങിയിരുന്നു. ആയത് 2017-2018 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ശുപാർശകൾ ആകത്തുക വണ്ണമായിരുന്നു. പ്രത്യക്ഷ, പരോക്ഷ, സേവന-നികുതികളും, മറ്റ് ധനകാര്യ വശങ്ങളും കൈകാര്യം ചെയ്യുന്ന നിയമനിർമ്മാണത്തിൽ ഭേദഗതി വരുത്താനും ചേർക്കാനും പരിഷ്കരിക്കാനുമുള്ള നിർദ്ദേശങ്ങൾ ബില്ലിൽ അടങ്ങിയിരിക്കുന്നു.[49] SEBI ആക്ട് 1992[50] പ്രകാരം സ്ഥാപിതമായ സെക്യൂരിട്ടീസ് അപ്പലേറ്റ് ടൈബ്യൂണൽ-ന്റെ അധികാര പരിധി വിപുലീകരിക്കാനും SAT ലേക്കുള്ള നിയമനങ്ങൾക്കായി നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്താനും ധനകാര്യ ബില്ല് 2017 ലെ ഭാഗം VIII ശ്രമിച്ചു. ധനകാര്യ ബില്ല് മാർച്ച് 21, 2017 ന് ലോകസഭയിൽ ചർച്ചയ്ക്കെടുക്കുകയും, 29 ഗവൺമെന്റ് ഭേദഗതികളോടെ മാർച്ച് 22, 2017 ന് പാസാക്കുകയും ചെയ്തു.

68. 2017, മാർച്ച് 21 ന് കേന്ദ്ര ധനമന്ത്രി 84 പുതിയ ക്ലോസുകളും, രണ്ട് ഷെഡ്യൂളുകളും അടങ്ങുന്ന

പാർട്ട് XI, [പിന്നീട് ധനകാര്യ നിയമത്തിലെ പാർട്ട് XIV എന്ന് പുനർ നാമകരണം ചെയ്തു] ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതി നിർദ്ദേശിച്ചു. നടപടിക്രമങ്ങളുടെ ചട്ടം, നിയമം 80(i) അനുസരിച്ച്:

-80. ഭേദഗതികളുടെ അനുവദിനീയത

ഒരു ബില്ലിലെ ഷെഡ്യൂളുകളുടെയോ വ്യവസ്ഥകളുടെയോ അനുവദിനീയത താഴെ പറയുന്ന വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കും:

(1) ഒരു ഭേദഗതി ബില്ലിന്റെ പരിധിയിൽ വരുന്നതും, ബന്ധപ്പെട്ട ഉപവാക്യത്തിന്റെ വിഷയവുമായി ബന്ധപ്പെട്ടതായിരിക്കും.

ധനകാര്യേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നിർദ്ദിഷ്ട ഭേദഗതികൾ ഉൾപ്പെടുത്തുന്നതിനെതിരായ എതിർപ്പ് ചർച്ചയ്ക്കിടെ സ്പീക്കർ അസാധുവാക്കി ലോകസഭയിലെ സംവാദങ്ങൾ വ്യക്തമാക്കുന്നതെന്തെന്നാൽ:

- കഴിഞ്ഞ വർഷം, ധനകാര്യ ബില്ല്, 2016 പരിഗണിച്ച അവസരത്തിൽ സമാനമായ എതിർപ്പുകൾ ഉന്നയിച്ചപ്പോൾ, ഞാൻ നിരീക്ഷിച്ചതെന്തെന്നാൽ, ചട്ടം 219 അനുസരിച്ച്, ധനകാര്യ ബില്ലിന്റെ പ്രാഥമിക ഉദ്ദേശം സർക്കാരിന്റെ സാമ്പത്തിക നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുക എന്നതാണ്. അതിൽ യാതൊരു സംശയവും ഇല്ല. അതേ സമയം, നികുതിയേതര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത ഈ നിയമം നിരാകരിക്കുന്നില്ല. അതിനാൽ ഞാൻ ഇതിനെ അംഗീകരിക്കുന്നു. ധനകാര്യ ബില്ലിൽ നികുതിയേതര നിർദ്ദേശങ്ങളും അടങ്ങിയിരിക്കാം. അതിനാൽ, ആകസ്മികമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്. അതുകൊണ്ട്, 2019 ലെ ചട്ടം ഒരു ധനകാര്യ ബില്ലിൽ നികുതിയേതര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത് പ്രത്യേകമായി തടയുന്നില്ല എന്നതിനാൽ, നിലവിലെ നടപടികൾ പാർലമെന്റ് നടപടിക്രമങ്ങൾ പ്രകാരം അനുവദനീയമാണോ എന്ന ചോദ്യം ഞാൻ തള്ളിക്കളയുന്നു.

69. നിർദ്ദിഷ്ട ഭേദഗതികൾ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്താൻ അനുവദിക്കുന്ന വിധത്തിൽ ചട്ടം 80(1) ന്റെ പ്രവർത്തനം ലോകസഭ നിർത്തി വച്ചു. പാർട്ട് XI (ധനകാര്യ ആക്ടിലെ പാർട്ട് XIV എന്ന് പുനർനാമകരണം ചെയ്തു.) ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതിയോടെ 2017 മാർച്ച് 22 ന് സഭ ധനകാര്യ ബിൽ 2017 അംഗീകരിച്ചു. അനുച്ഛേദം 109 (2) പ്രകാരം സ്പീക്കറുടെ സാക്ഷ്യപ്പെടുത്തലിനോടൊപ്പം ബിൽ രാജ്യസഭയിലേക്ക് കൈമാറി. 2017 മാർച്ച് 30 ന് ലോകസഭ ശുപാർശകൾ നിരസിച്ചു. തൽഫലമായി ധനകാര്യ ബിൽ ഇരുസഭകളും പാസാക്കിയതായി

കണക്കാക്കപ്പെട്ടു.

70. ധനകാര്യ ബിൽ 2017 പാസാക്കിയ ശേഷം, ചട്ടങ്ങൾ 2017 ജൂൺ 1 ന് ധനമന്ത്രാലയത്തിൽ ഇന്ത്യൻ യൂണിയൻ അറിയിച്ചിരുന്നു. ധനകാര്യ ബില്ലിലെ 184-)ം വകുപ്പനുസരിച്ച് (i) യോഗ്യതയുടെ മാനദണ്ഡം, (ii) തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം (iii) രാജി വയ്ക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ (iv) ശമ്പളവും വേതനവും (v) കാലാവധിയും ഔദ്യോഗിക കാലാവധിയും കൂടാതെ (vi) ഷെഡ്യൂൾഡ് ടൈബ്യൂണലുകളിലെ അംഗങ്ങൾക്ക് അവധി അലവൻസ് എന്നിവ പോലുള്ള മറ്റ് സേവന വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കുന്നു. ധനകാര്യ ബിൽ 2017 ന്റെ പാർട്ട് XIV-ന്റെ തലക്കെട്ട് - ടൈബ്യൂണലുകൾക്കും മറ്റ് അധികാരങ്ങൾക്കും സംയോജനം സാധ്യമാക്കുന്നു. ചില നിയമങ്ങളിലെ ഭേദഗതികളും അധ്യക്ഷന്റെയും മറ്റ് അംഗങ്ങളുടെയും സേവന വ്യവസ്ഥകളും.

71. 158)ം വകുപ്പ് പല പാർലമെന്ററി നിയമ നിർമ്മാണങ്ങൾക്കും ഭേദഗതി വരുത്തുന്നുണ്ട്.

I) വ്യവസായിക തർക്ക നിയമം, 1947.

ii) എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും 1952.

iii) പകർപ്പവകാശ നിയമം 1957.

iv) ട്രേഡ് മാർക്ക് ആക്ട് 1987.

v) റെയിൽവെ നഷ്ടപരിഹാര ട്രൈബ്യൂണൽ നിയമം 1987.

vi) റെയിൽവേ നിയമം.

Vii) കള്ളക്കടത്ത്കാരും, വിദേശ നാണ്യ തട്ടിപ്പുകാരും (സ്വത്ത് പിടിച്ചെടുക്കൽ) നിയമം 1976.

viii) വിദേശ നാണ്യ കൈകാര്യ നിയമം 1999.

ix) എയർപ്പോർട്ട് അതോറിട്ടി ഓഫ് ഇന്ത്യ ആക്ട്, 1994.

x) ദേശീയ പാതകളുടെ നിയന്ത്രണം (ഭൂമിയും ഗതാഗതവും) നിയമം 2002.

xi) ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ആക്ട് 1997.

xii) ഇൻഫർമേഷൻ ടെക്നോളജി നിയമം 2000.

xiii) എയർപോർട്ട് ഇക്കണോമിക്ക് റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ നിയമം 2008.

xiv) മത്സര നിയമം 2002.

xv) കമ്പനിസ് ആക്ട് 2013.

xvi) ഛായഗ്രഹണ നിയമം 1952.

xvii) ആദായ നികുതി നിയമം 1961.

xviii) കസ്റ്റംസ് ആക്ട് 1962.

xix) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിയമം 1985.

xx) ഉപഭോക്തൃ സംരക്ഷണ നിയമം 1986.

xxi) സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ നിയമം 1992.

xxii) ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മൂലം ഉണ്ടായ കടം വീണ്ടെടുക്കൽ നിയമം 1993.

xxiii) സായുധ സേന ട്രൈബ്യൂണൽ ആക്ട് 2007.

xxiv) ദേശീയ ഹരിത ട്രൈബ്യൂണൽ നിയമം 2010.

72. 183-)ം വകുപ്പ് പ്രകാരം:

183 എട്ടാം ഷെഡ്യൂളിന്റെ 3-)ം കോളത്തിൽ വ്യക്തമാക്കിയിരിക്കുന്ന നിയമങ്ങൾക്ക് വിരുദ്ധമായ എന്തെങ്കിലുമുണ്ടായാലും, നിയമിക്കപ്പെടുന്ന ദിവസം മുതൽ, സെക്ഷൻ 184 ലെ നിബന്ധനകൾ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ. പ്രിസൈഡിങ് ഓഫീസർ അഥവാ ട്രൈബ്യൂണൽ അംഗം, അപ്പലേറ്റ് ട്രൈബ്യൂണൽ, അഥവാ, സാഹചര്യമനുസരിച്ച്, ഷെഡ്യൂളിലെ കോളം (2) ൽ പറഞ്ഞിരിക്കുന്ന മറ്റ് അധികാരികൾ, എന്നിവർക്ക് ബാധകമാണ്.

എന്നാൽ, സെക്ഷൻ 184-ലെ വ്യവസ്ഥകൾ: അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, ചെയർമാൻ, വൈസ് ചെയർമാൻ, പ്രിസൈഡിംഗ് ഓഫീസർ, അഥവാ സാഹചര്യമനുസരിച്ച്, അത്തരം പദവി വഹിക്കുന്ന ഒരു അംഗം എന്നിവർക്ക് നിയമിക്കപ്പെടുന്ന ദിവസത്തിന് തൊട്ട് മുൻപ് ബാധകമാവുന്നില്ല.

എട്ടാം ഷെഡ്യൂളിൽ 19 ട്രൈബ്യൂണലുകളുടെ ഒരു പട്ടികയും അവ രൂപീകരിക്കപ്പെട്ട അനുബന്ധ നിയമങ്ങളും ഉൾക്കൊള്ളുന്നു. സെക്ഷൻ 183 ന്റെ പ്രഭാവം പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകളെ അസാധുവാക്കുകയും നിയോഗിക്കപ്പെടുന്ന ദിവസം മുതൽ സെക്ഷൻ 184-ലെ വ്യവസ്ഥകൾ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രിസൈഡിങ് ഓഫീസർ കൂടാതെ ട്രൈബ്യൂണലിലെ അംഗങ്ങൾ [സാഹചര്യമനുസരിച്ച് അപ്പലേറ്റ് ട്രൈബ്യൂണലുമാവാം] എന്നിവർക്ക് ബാധകമാകുമെന്ന് വ്യവസ്ഥ ചെയ്യുന്നു. നിശ്ചിത ദിവസത്തിന് തൊട്ട് മുൻപ് അധികാരമേറ്റവരെ ഒഴിവാക്കുന്നുണ്ട്.

184-)ം വകുപ്പ് അനുശാസിക്കുന്നത്:-

കേന്ദ്ര സർക്കാരിന് വിജ്ഞാപനത്തിലൂടെ - ചെയർ പേഴ്സൺ, വൈസ്-ചെയർ പേഴ്സൺ, പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, പ്രിസൈഡിങ് ഓഫീസർ, ട്രൈബ്യൂണലിലെ അംഗം, അപ്പലേറ്റ് ട്രൈബ്യൂണൽ അഥവാ സാഹചര്യമനുസരിച്ച്, ഷെഡ്യൂളിലെ കോളം (2) ൽ വ്യക്തമാക്കിയ ഏതെങ്കിലും അധികാരികളുടെ യോഗ്യതകൾ, നിയമനം, ഔദ്യോഗിക കാലാവധി, ശമ്പളം, അലവൻസുകൾ, രാജി, നീക്കം ചെയ്യൽ തുടങ്ങിയവ സംബന്ധിച്ച നിയമങ്ങൾ നിർമ്മിക്കാവുന്നതാണ്.

എന്നാൽ ചെയർ പേഴ്സൺ, വൈസ്-ചെയർ പേഴ്സൺ, പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, പ്രിസൈഡിങ് ഓഫീസർ, ട്രൈബ്യൂണലിലെ അംഗം, അപ്പലേറ്റ് ട്രൈബ്യൂണൽ അഥവാ മറ്റ് അധികാരികൾ, കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നത്രയും കാലം – എന്നാൽ ആയത് സ്ഥാനം ഏൽക്കുന്ന സമയം മുതൽ 5 വർഷത്തിൽ കവിയാൻ പാടുള്ളതല്ല – അധികാരത്തിൽ തുടരാവുന്നതാണ്, മാത്രമല്ല പുനർ നിയമനത്തിന് അർഹതുമായിരുക്കും:

കൂടാതെ, കേന്ദ്രസർക്കാർ അനുശാസിക്കുന്ന നിശ്ചിത പ്രായ പരിധിക്കതീതമായി ഒരു ചെയർ പേഴ്സണോ, വൈസ്-ചെയർ പേഴ്സണോ, പ്രസിഡന്റോ, വൈസ്-പ്രസിഡന്റോ, പ്രിസൈഡിങ് ഓഫീസറോ, അംഗമോ പ്രസ്തുത പദവി വഹിക്കാൻ പാടുള്ളതല്ല.

(a) ചെയർ പേഴ്സന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന, നിയമങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രായ പരിധി 70 വയസ്സാണ്.

(b) വൈസ്-ചെയർ പേഴ്സൺ, വൈസ്-ചെയർമാൻ, വൈസ്-പ്രസിഡന്റ്, പ്രിസൈഡിങ് ഓഫീസർ, ഇവരുടെ കാര്യത്തിൽ പ്രായപരിധി 67 വയസ്സ് ആണ്.

2) എന്നാൽ ചെയർ പേഴ്സന്റെയോ, വൈസ്-ചെയർ പേഴ്സന്റെയോ, ചെയർമാന്റെയോ, വൈസ് ചെയർമാന്റെയോ, പ്രസിഡന്റിയോ, വൈസ്-പ്രസിഡന്റിയോ, പ്രിസൈഡിങ് ഓഫീസറുടേയോ, ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ അംഗത്തിന്റേയോ, സാഹചര്യമനുസരിച്ച് മറ്റ് അധികാരികളുടെയോ, ശമ്പളമോ മറ്റ് വേതനങ്ങളോ മറ്റ് സേവന വ്യവസ്ഥകളോ നിയമനത്തിന് ശേഷം അവർക്ക് പ്രതികൂലമായി മാറുന്നതല്ല.

73) 184-)ം വകുപ്പ്, കേന്ദ്രസർക്കാരിന്, (i) യോഗ്യതകൾ, (ii) നിയമനം (iii) നിയമന കാലാവധി (iv) ശമ്പളവും മറ്റ് ആനുകൂല്യങ്ങളും (v) രാജി (vi) നീക്കം ചെയ്യൽ (vii) മറ്റ് സേവന

നിബന്ധനകളും വ്യവസ്ഥകളും മുതലായവയ്ക്കായുള്ള നിയമം നിർമ്മിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ഔദ്യോഗിക കാലാവധി എന്നത്, കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്നത് പോലെ അഞ്ച് വർഷത്തിൽ കവിയരുതെന്നും കൂടാതെ ഒരു അംഗത്തിന് പുനർ നിയമനത്തിന് അർഹതയുണ്ടെന്നും വ്യവസ്ഥ ചെയ്യുന്നു. ഉയർന്ന പ്രായപരിധി നിർണ്ണയിക്കുന്നത് രണ്ടാമത്തെ വ്യവസ്ഥയാണ്. 185(1) വകുപ്പനുസരിച്ച് നിശ്ചിത ദിവസത്തിന് മുൻപ് പ്രസ്തുത പദവി വഹിക്കുന്ന ചെയർ പേഴ്സണൽമാർ, പ്രസിഡന്റുമാർ അഥവാ വൈസ്-ചെയർ പേഴ്സൺ, വൈസ്-പ്രസിഡന്റ്, പ്രിസൈഡിങ് ഓഫീസർമാർ അഥവാ ട്രൈബ്യൂണൽ/ അപ്പലെറ്റ് ട്രൈബ്യൂണൽ അംഗങ്ങൾ തുടങ്ങിയവർ പ്രസ്തുത പദവി ഒഴിയേണ്ടതും മൂന്ന് മാസത്തെ വേതനത്തിനും മറ്റ് ആനുകൂല്യങ്ങളിലും കൂടാത്ത നഷ്ടപരിഹാരത്തിന് അർഹരുമായിരിക്കും.

74) ആർട്ടിക്കിൾ 110 ലെ ഉപവാക്യം (1) ന്റെ ഉപവകുപ്പ് (സി), (ഡി), (ജി) എന്നിവ പരമർശിച്ച് ധനകാര്യ നിയമത്തിലെ പാർട്ട് xiv സുസ്ഥിരമെന്ന് ഇന്ത്യയുടെ അറ്റോർണി ജനറൽ സമർപ്പിച്ചു. രാജ്യസഭയിലേക്ക് കൈമാറിയപ്പോൾ സ്പീക്കർ നൽകിയ സാക്ഷ്യപ്പെടുത്തൽ ധനകാര്യ ബില്ലിന് ആകെയെന്നാണ് പറഞ്ഞിരിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ് ശമ്പളം നൽകേണ്ടത് എന്ന് അറ്റോർണി ജനറൽ ആവശ്യപ്പെടുന്നു. ഇത് ശരിയാകുന്ന പക്ഷം, പാർട്ട് xiv ലെ മറ്റ് വ്യവസ്ഥകൾ ആകസ്മിക സ്വഭാവമുള്ളതാണെന്ന് അറിയിക്കുന്നു. ശമ്പളം, അലവൻസ്, പെൻഷൻ എന്നിവയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടുമായി നേരിട്ട് അവിശ്രുദ്ധ ബന്ധമുണ്ടാകുമെന്നും ആയത് ധനകാര്യ ബിൽ 2017 ലെ വ്യവസ്ഥകൾക്ക് അനുകൂലമാണെന്ന് വാദവുമുണ്ട്. ഈ സാഹചര്യത്തിൽ ആശ്രയിക്കപ്പെടുന്നത്.

(1) ഭരണഘടനാ സാധുതയുടെ ആനുമാനവും (State of West Bengal v. Anwar Ali Sarkar[51], R.K.Garg v. Union of India[52] & Subramanian Swamy v. Director, Central Bureau of Investigation[53]) (ii) അധികാര വിഭജന സിദ്ധാന്തത്തിന്റെ പ്രാധാന്യം (Bhim Singh v. Union of India[54])

75. ധനകാര്യ നിയമം 2017 ലെ പാർട്ട് xiv ലെ വ്യവസ്ഥകൾ. അപ്പലെറ്റ് ട്രൈബ്യൂണലുകൾ ഉൾപ്പെടെയുള്ള വ്യത്യസ്ത ട്രൈബ്യൂണലുകൾ രൂപീകരിക്കുന്ന നിയമ നിർമ്മാണ നിയമങ്ങൾ ആണ് പ്രാഥമികമായി ഭേദഗതി ചെയ്യുന്നത്. ഈ ഭേദഗതികളാൽ, സേവനത്തിനുള്ള യോഗ്യതകൾ, നിയമ പ്രക്രിയ, സേവന കാലാവധി, വേതനം, ആനുകൂല്യങ്ങൾ, രാജി, നീക്കം ചെയ്യൽ മുതലായ

നിയമപരമായ വ്യവസ്ഥകൾ സെക്ഷൻ 184 ലെ വ്യവസ്ഥകളാൽ നിയന്ത്രിക്കപ്പെടും. ഈ ടൈബ്യൂണലുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥ സഞ്ചയം സംബന്ധിച്ച മേൽപറഞ്ഞ എല്ലാ കാര്യങ്ങളും വ്യക്തമാക്കുന്നതിനുള്ള അധികാരം 184-)ം വകുപ്പ്, കേന്ദ്ര സർക്കാരിന് നൽകുന്നു. ഈ പ്രക്രിയയിലൂടെ, സ്ഥാനത്തിനായുള്ള യോഗ്യതകൾ, നിയമന പ്രക്രിയ മുതൽ സേവന നിയമങ്ങൾ തുടങ്ങിയവ രൂപീകരിക്കുവാനുള്ള അധികാരങ്ങൾ നിയുക്ത നിയമ നിർമ്മാണത്തിലൂടെ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുകയും സംരക്ഷക നിയമത്തിന്റെ നിയമപരമായ വ്യവസ്ഥകൾക്ക് മേലുള്ള അസാധുവാകുകയും ചെയ്യുന്നു.

76. ഇത്, ഞങ്ങളുടെ കാഴ്ചപ്പാടിൽ, പണബിൽ രൂപീകരിക്കുന്നതിനുള്ള, ആർട്ടിക്കിൾ 110(1) ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളെ പൂർണ്ണമായും ലംഘിക്കുന്നു. ധനകാര്യേതര നിർദ്ദേശങ്ങൾ പണബില്ലിൽ ഉൾപ്പെടുത്തുന്നത് ആർട്ടിക്കിൾ 110 തടയുന്നില്ല. എന്നാൽ ധനകാര്യേതര വിഷയങ്ങൾ ഉൾപ്പെടുത്താൻ അനുവദിക്കുമ്പോൾ, ആർട്ടിക്കിൾ 110(1) ലെ ഉപവകുപ്പ് (ജി), ഉപവകുപ്പ് (എ), മുതൽ (എഫ്) വരെ വ്യക്തമാക്കിയ ഏതെങ്കിലും കാര്യങ്ങളിൽ അത്തരം വിഷയം ആകസ്മികമായിരിക്കണം എന്ന നിബന്ധന ഉൾക്കൊള്ളുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ധന സംബന്ധമല്ലാത്ത ഒരു വിഷയം അത് (എ) മുതൽ (എഫ്) വരെയുള്ള ഉപവകുപ്പുകളിൽ വ്യക്തമാക്കിയ ഒരു കാര്യത്തിന് ആകസ്മികമോ അനുബന്ധമോ ആണെങ്കിൽ മാത്രം ധനബില്ലിൽ അനുവദനീയമാണ്. ആർട്ടിക്കിൾ 110(1) ലെ ഉപവകുപ്പ് (എ) മുതൽ (എഫ്) വരെ പരാമർശിക്കപ്പെടാത്ത, എട്ട്, ഒൻപത് ഷെഡ്യൂളുകളിൽ അടങ്ങിയിരിക്കുന്ന സുപ്രധാനമായ വ്യവസ്ഥകൾ, ഭാഗം xiv, റദ്ദാക്കി മാറ്റി സ്ഥാപിച്ചു. ധനകാര്യ നിയമം 2017 ന്റെ ഭാഗം xiv, അതിനാൽ ഉപവകുപ്പ് (ജി) എന്നതിന്റെ അർത്ഥത്തിൽ ആകസ്മികമല്ല. ആർട്ടിക്കിൾ 109-ൽ അടങ്ങിയിരിക്കുന്ന പ്രത്യേക നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിലൂടെ, ആർട്ടിക്കിൾ 107, 108 എന്നിവ പ്രകാരം സാധാരണ ബില്ലുകൾ നിയന്ത്രിക്കുന്ന നടപടിക്രമങ്ങൾ വ്യർത്ഥമായിത്തീരും എന്നതാണ് ഇതിന്റെ വ്യക്തമായ ഫലം. ഒരു സാധാരണ ബിൽ എന്ന നിലയ്ക്ക് ഭാഗം xiv ലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തണമെങ്കിൽ, നിയമസഭാ നിർദ്ദേശങ്ങളുടെ സ്വഭാവം പരിഗണിക്കുന്നതിലും ചർച്ച ചെയ്യപ്പെടുന്നതിലും രാജ്യസഭയ്ക്ക് സുപ്രധാനമായ ശബ്ദമുണ്ടാവും. ആർട്ടിക്കിൾ 110 പ്രകാരം അനുവദനീയമായ മേഘലയ്ക്ക് പുറത്ത് ഉള്ള വ്യവസ്ഥകൾ ഭാഗം xiv-ൽ അടങ്ങിയിരിക്കുന്നു.

77. അറ്റോർണി ജനറലിന്റെ ശമ്പളം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന്

നൽകേണ്ടതായതിനാൽ ധനകാര്യ നിയമത്തിന്റെ ഭാഗം xiv, ആർട്ടിക്കിൾ 110(1) ന്റെ ഉപവകുപ്പ് (c) മുതൽ (d) എന്നിവയോട് ബന്ധം പുലർത്തുന്നുവെന്നും മറ്റ് വ്യവസ്ഥകൾ കേവലം ആകസ്മികമാണെന്നുമുള്ള വാദത്തിൽ ഞങ്ങൾ തൽപരരല്ല. ഇന്ത്യയുടെ ഏകീകൃത ഫണ്ടിൽ സാമ്പത്തിക ബാധ്യതയിൽ ഭേദഗതിക്ക് ഒരു സ്വാധീനമുണ്ടെന്നത് ആർട്ടിക്കിൾ 110(1) ന്റെ പരിധിയിൽ ഭേദഗതി വരുത്തുന്നതിനുള്ള ഏക അടിസ്ഥാനമായിരിക്കരുത്. വ്യവസ്ഥകളെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ, ആകസ്മികമെന്ന് അവകാശപ്പെടുന്ന കാര്യങ്ങൾ നിയമനിർമ്മാണത്തിന്റെ നിർവ്വഹണത്തെ മുഴുവനായും വിഴുങ്ങുന്നുണ്ട്. ധനകാര്യ നിയമം 2017 ലെ ഭാഗം xiv ൽ യോഗ്യത, നിയമന പ്രക്രിയ, നിയമന കാലാവധി, ശമ്പളം, ആനുകൂല്യങ്ങൾ, രാജി, നീക്കം ചെയ്യൽ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളും തുടങ്ങി നിരവധി ഭേദഗതികൾ അടങ്ങിയിട്ടുണ്ട്. അത് കൺസോളിഡേറ്റഡ് ഫണ്ടിന്റെ സാമ്പത്തിക ബാധ്യതയെക്കുറിച്ചുള്ള ഒരു ചോദ്യമായി മാത്രം കുറച്ച് കാണാൻ കഴിയില്ല. എട്ടും, ഒൻപതും ഷെഡ്യൂളുകളിൽ വിവരിച്ചിട്ടുള്ള, ട്രൈബ്യൂണലുകളിലെ ഉദ്യോഗസ്ഥ സഞ്ചയത്തെ നിയമിക്കുകയും, സേവന വ്യവസ്ഥകളെ നിയന്ത്രിക്കുകയും ചെയ്യുന്ന എല്ലാ വിധ നിയന്ത്രണ വ്യവസ്ഥകളെയും ഭേദഗതി വരുത്തുകയും അസാധുവാക്കുകയും ചെയ്യുക എന്നതാണ് ഭാഗം xiv ന്റെ ഫലം. ഈ പ്രവർത്തനം പണബില്ല് നടപ്പിലാക്കുന്നതിനുള്ള അധികാരത്തിനുള്ള നിയമാനുസൃത മാർഗമായി കണക്കാക്കാനാവില്ല.

78. കൺസോളിഡേറ്റട് ഫണ്ടിന്റെ സാമ്പത്തിക പ്രസക്തി ഉള്ളിടത്തോളം, ധനകാര്യ നിയമം 2017 പാർട്ട് xiv യുടെ വ്യവസ്ഥകൾ സുസ്ഥിരമാണെന്ന് ആർട്ടിക്കിൾ 110 ക്ലോസ് (1) ലെ സബ്ക്ലോസ് (c), (d), (e), (g)-ഇവയെ ഉദ്ധരിച്ച് കൊണ്ട് അറ്റോർണി ജനറൽ ഉദ്ബോധിപ്പിക്കുന്നു.

79. കൺസോളിഡേറ്റട് ഫണ്ടിൽ നിന്നോ, കണ്ടിൻജൻസി ഫണ്ടിൽ നിന്നോ ഉള്ള പണത്തിന്റെ പിൻവലിക്കലിനെക്കുറിച്ച്, മറ്റ് പലതിന്റെയും കൂട്ടത്തിൽ സബ്-ക്ലോസ് (സി) ൽ പറയുന്നു. കൺസോളിഡേറ്റട് ഫണ്ടിൽ നിന്നും പണം സ്വായത്തമാക്കുന്നതുമായി ബന്ധപ്പെട്ടതാണ് സബ്-ക്ലോസ് (ഡി). സബ്-ക്ലോസ് (ഇ) ഏതെങ്കിലും ചെലവുകളുടെ പ്രഖ്യാപനം അല്ലെങ്കിൽ കൺസോളിഡേറ്റട് ഫണ്ടിൽ നിന്ന് ഈടാക്കുന്ന ചെലവിന്റെ വർദ്ധനവ് എന്നിവ വ്യക്തമാക്കുന്നു. ധനകാര്യ നിയമം 2017 ന്റെ പാർട്ട് xiv ഇന്ത്യയുടെ ഏകീകൃത ഫണ്ടിനെ ബാധിക്കുന്നിടത്തോളം, ആർട്ടിക്കിൾ 110(1) ന്റെ ഉപവകുപ്പുകൾ (സി), (ഡി), (ഇ) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന

കാര്യങ്ങൾ ആകസ്മികമാണ് എന്ന് വാദിക്കപ്പെട്ടു.

80. സബ്-ക്ലോസ് (എ) മുതൽ (എഫ്) വരെ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും കാര്യങ്ങളിൽ സാന്ദർഭികമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യവസ്ഥകൾ ആർട്ടിക്കിൾ 110(1) ന്റെ പരിധിയിൽ വരുന്നതായി ഉപവകുപ്പ് (ജി) വ്യവസ്ഥ ചെയ്യുന്നു. എന്നിരുന്നാലും, ആർട്ടിക്കിൾ 110 ന്റെ ക്ലോസ് (1) ൽ അനുശാസിക്കുന്ന (എ) മുതൽ (എഫ്) വരെയുള്ള ഉപവകുപ്പുകളിൽ പരാമർശിക്കപ്പെടാത്ത വ്യവസ്ഥകൾ ബില്ലിൽ അടങ്ങിയിട്ടുണ്ട് എങ്കിലും ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ ആകസ്മികമായ സ്വാധീനം ചെലുത്തുന്നുവെന്നും വാദിക്കുന്നതിൽ നിന്നും ഇത് വ്യത്യസ്തമാണ്. ആർട്ടിക്കിൾ 110 ലെ സബ്-ക്ലോസ് (ജി) യുടെ പരിധിയിൽ, ഇത് സ്വമേധയാ അത്തരത്തിലൊരു ബിൽ കൊണ്ട് വരും.

81. ആർട്ടിക്കിൾ 110(1) പണബില്ലിനെ നിർവ്വചിക്കുന്നത് സബ് ക്ലോസ് (എ) മുതൽ (പി) വരെയുള്ളതിൽ പറഞ്ഞിരിക്കുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങളെ സംബന്ധിച്ച് മാത്രം വ്യവസ്ഥകൾ ഉള്ള ഒരു ബിൽ എന്നാണ്. നിർദ്ദിഷ്ട ബില്ലിൽ, സബ് ക്ലോസ് (എ) മുതൽ (എഫ്) വരെ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ആകസ്മികമായി ബാധകമായേക്കാവുന്ന വ്യവസ്ഥകളും കണ്ടേക്കാം എന്നതിനാലാണ് ആർട്ടിക്കിൾ 110 ലെ ക്ലോസ് (1) ന് സബ് ക്ലോസായി (ജി) കൊണ്ട് വരുന്നിരിക്കുന്നത്. എന്നിരുന്നാലും, (എ) മുതൽ (എഫ്) വരെയുള്ള സബ് ക്ലോസുകളിൽ നേരിട്ട് ബന്ധമില്ലാത്തതും എന്നാൽ സബ് ക്ലോസ് (എ) മുതൽ (എഫ്) വരെയുള്ള കാര്യങ്ങളിൽ ആകസ്മികമായ സ്വാധീനം ചെലുത്തുന്നതുമായ വ്യവസ്ഥകൾ മാത്രം അനുവദിക്കുന്ന വ്യവസ്ഥ എന്ന് സബ് ക്ലോസ് (ജി) യെ വായിക്കാനാവില്ല. 'ആകസ്മികം' എന്ന വാക്കിൽ അടങ്ങിയിരിക്കുന്നത് ബില്ലിലെ പ്രധാന വിഷയങ്ങളും ആയത് സബ് ക്ലോസ് (എ) മുതൽ (എഫ്) വരെയും മറ്റു കാര്യങ്ങളും പരാമർശിക്കപ്പെടേണ്ടതും തമ്മിലുള്ള ബന്ധമാണ്. പണബില്ലെന്ന് അവകാശപ്പെടുന്ന ഒരു ബില്ലിലെ എല്ലാ വ്യവസ്ഥകളും (എ) മുതൽ (എഫ്) വരെയുള്ള ക്ലോസുകളിൽ വ്യക്തമാക്കിയ ഏതെങ്കിലും കാര്യങ്ങളുമായി നേരിട്ട് ബന്ധമുള്ളതായിരിക്കണം. ഒരു വ്യവസ്ഥ സബ് ക്ലോസ് (ജി) യുടെ പരിധിയിൽ വരുന്നതായി അവകാശപ്പെടുന്നിടത്ത്, സബ് ക്ലോസ് (എ) മുതൽ (എഫ്) വരെയുള്ള ക്ലോസുകളിൽ വ്യക്തമാക്കിയ ഏതെങ്കിലും കാര്യങ്ങളിൽ ആശ്രയിച്ചിരിക്കണം അല്ലെങ്കിൽ അതിൽ ഉൾപ്പെട്ടിരിക്കണം.

82. ധനകാര്യ നിയമം 2017 ലെ ഭാഗം xiv, ട്രൈബ്യൂണൽ അംഗങ്ങളുടെ നിയമനവും, നിയമന

പ്രക്രിയയും, നിയമന കാലാവധിയും, ശമ്പളവും, ആനുകൂല്യങ്ങളും, രാജിയും, നീക്കം ചെയ്യലും തുടങ്ങിയ വിവിധ ഭേദഗതികൾ, ആർട്ടിക്കിൾ 110 ലെ ക്ലോസ് (1), ഉപവകുപ്പ് (എ) മുതൽ (എഫ്) യുള്ളവയിൽ ബാധകമല്ലാത്തവ, അടങ്ങിയിരിക്കുന്നു. ഗവൺമെന്റിന്റെ മിക്കവാറും എല്ലാ നടപടികളും കൺസോളിഡേറ്റഡ് ഫണ്ടുമായി ബന്ധപ്പെട്ടേക്കാവുന്ന ചെലവുകളുടെ വർദ്ധനവോ കുറവോ ഉൾപ്പെടുന്നു. ഉന്നയിക്കപ്പെടുന്ന വാദം അംഗീകരിക്കുന്നത് വഴി സബ് ക്ലോസ് (ജി) ക്ക് വീപരീതവും, ഏതൊരു ബില്ലിനെയും, ആർട്ടിക്കിൾ 110(1) വിവരിച്ചിരിക്കുന്ന കാര്യങ്ങളെ ബാധിക്കുന്നില്ലെങ്കിലും, വ്യവസ്ഥകൾക്ക് കൺസോളിഡേറ്റഡ് ഫണ്ടിനെ ബാധിക്കുമെന്ന് കാണിക്കാൻ കഴിയുന്നിടത്തോളം ധന ബില്ലായി പാസാക്കാൻ കഴിയുന്നതാണ്.

83. ശമ്പള നിർണ്ണയത്തിനുള്ള അധികാരം കൈമാറ്റം ചെയ്യുന്നതിന് കൺസോളിഡേറ്റഡ് ഫണ്ടുമായി നേരിട്ട് ബന്ധമുണ്ടെന്ന്, വാദത്തിൽ പറയുന്നത്, ശമ്പളം നിർണ്ണയിക്കുവാനും പരിഷ്കാരവും നിർണ്ണയവും അഥവാ ശമ്പള പരിഷ്കാരവും തമ്മിലുള്ള വ്യത്യാസത്തെ മൂടിവയ്ക്കുന്നു. അത്തരത്തിലുള്ള കേന്ദ്ര സർക്കാറിന്റെ നിയമനിർമ്മാണ കൈമാറ്റം, മേൽ പറഞ്ഞ സബ്ക്ലോസുകളിൽ ചിന്തിച്ച രീതിയിൽ ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പരിഗണിക്കാവുന്നതാണ്, എന്ന നിഗമനത്തിലേക്ക് ശമ്പളം നിർണ്ണയിക്കാനോ, പരിഷ്കരിക്കാനോ ഉള്ള അധികാരം സ്വയമേ നയിക്കുന്നില്ല.

84. ട്രൈബ്യൂണൽ അംഗങ്ങളുടെ യോഗ്യത നിയമന പ്രക്രിയ, സേവനകാലാവധി കൂടാതെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, രാജി, നീക്കം ചെയ്യൽ തുടങ്ങിയ അധികാരങ്ങൾ നിയമനിർമ്മാണസഭ നിയന്ത്രിച്ചിരുന്ന നിയമപരമായ വ്യവസ്ഥകളിൽ നിന്ന് എക്സിക്യൂട്ടീവിലേക്ക് കൈമാറ്റം ചെയ്യുന്നത്, ഭരണഘടനയുടെ രൂപകല്പനയെയും, വിധിന്യായട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യത്തെയും ബാധിക്കുന്ന ഒരു സുപ്രധാന അവകാശത്തിന്റെ കൈമാറ്റം ആണ്. അനുഛേദം 110(1) ന്റെ (c), (d), (e) സബ്ക്ലോസുകളിലേക്ക് അവ പരാമർശിക്കപ്പെടുന്നില്ല. കൂടാതെ അനുഛേദം 110(1) ലെ (a) മുതൽ (f) വരെയുള്ള സബ്ക്ലോസുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വിഷയങ്ങൾ അനുബന്ധമായി വരുന്നതുമല്ല.

85. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ഭരണഘടനയുടെ ഒരു അനുമാനമുണ്ടെന്നതിൽ സംശമില്ല. പാർലമെന്ററി ജനാധിപത്യത്തിൽ നിയമനിർമ്മാണസഭ കാലത്തിന്റെ ആവശ്യങ്ങളും അതിനോടൊപ്പം യോഗ്യമായ നിയമനിർമ്മാണത്തിലൂടെ നിയമനിർവ്വഹണം കൈകാര്യം

ചെയ്യുന്ന എക്സിക്യൂട്ടിവ് ഗവൺമെന്റും, നിയമനിർമ്മാണസഭയോടും തിരഞ്ഞെടുക്കുന്ന ജനങ്ങളെ പ്രതിനിധീകരിക്കുന്ന സർക്കാരിന്റെ തിരഞ്ഞെടുക്കപ്പെട്ട അംഗത്തോടും ഉത്തരവാദിത്തമുണ്ട് എന്ന അടിസ്ഥാനത്തിലാണ് ഈ അനുമാനത്തിലെത്തിച്ചേർന്നിരിക്കുന്നത്. എന്നാൽ അനുമാനം എന്നത് ഭരണഘടനാപരതയുടെ ഒരു അനുമാനമാണ്. ഭരണഘടനാപരമായ ഉത്തരവിന്റെ വ്യക്തമായ ലംഘനം അല്ലെങ്കിൽ സ്ഥാപിതമായ ലംഘനത്തെ അടിസ്ഥാനമാക്കി അനുമാനത്തെ മാറ്റി സ്ഥാപിക്കാം. അനുഛേദം 110 ക്ലോസ് (1) ലെ സബ്ക്ലോസ് (a) മുതൽ (g) വരെയുള്ള വകുപ്പുകളിൽ പരാമർശിക്കാത്ത വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ബിൽ പണബില്ലായി പാസാക്കിയാൽ, ആർട്ടിക്കിൾ 110 ലെ അനുശാസനത്തിന്റെ ലംഘനമാണ്. ഭരണഘടനാപരത എന്ന അനുമാനം അവിടെ മാറ്റി നിർത്തപ്പെടുന്നു.

86. ഒരു ബില്ലിനെ പണബില്ലായി സാക്ഷ്യപ്പെടുത്തുന്നത് പാർലമെന്റിന്റെ ആഭ്യന്തര പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യമായതിനാൽ അധികാര വിഭജനസിദ്ധാന്തം പരിഗണിക്കുമ്പോൾ കോടതി കൂടുതൽ ജാഗ്രത പാലിക്കണമെന്ന വിവരസ്ഥനായ അറ്റോർണി ജനറൽ ആവശ്യപ്പെടുന്നു. ജൂഡീഷ്യൽ അവലോകനം, അധികാരങ്ങളുടെ വിഭജനത്തെ ലംഘിക്കും എന്നാണ് സമർപ്പിക്കപ്പെട്ടത്. പ്രസ്തുത സമർപ്പണം ഒരു ബില്ലിനെ ധനബില്ലായി അംഗീകരിക്കുക എന്ന അടിസ്ഥാന നിലയെ അവഗണിക്കുന്നുവെന്നും, ആർട്ടിൾ 110 ലെ വ്യവസ്ഥകൾ സൂചിപ്പിക്കുന്നതിന് സാധാരണ നിയമനിർമ്മാണം പാസാക്കുന്നതിന് അനുബന്ധമായി വരുന്ന ഭരണഘടനാപരമായ ആവശ്യകതകൾക്കായി ഭരണഘടന രൂപപ്പെടുത്തിയിരിക്കുന്ന ഒരു ഒഴിവാക്കലാണ്. ഒരു ബില്ലിനെ പണബില്ലായി പാസാക്കുമ്പോൾ, അടിയന്തരമായി ഉണ്ടാകുന്ന സ്വാധീനം എന്നത്, നിയമനിർമ്മാണം അംഗീകരിക്കുന്നതിൽ രാജ്യസഭയ്ക്കുള്ള ലെജിസ്ലേറ്റീവ് അധികാരത്തെ നിരാകരിക്കുക എന്നതാണ്.

87. ഒരു നിയമനിർമ്മാണസഭ സ്ഥാപനമെന്ന നിലയ്ക്ക് രാജ്യസഭാ ഇന്ത്യൻ ഫെഡറലിസത്തിന്റെ ശബ്ദത്തെയും ആശങ്കകളെയും അഭിലാഷങ്ങളെയും പ്രതിനിധീകരിക്കുന്നു. ഒരു പണബില്ലിന്റെ കാര്യത്തിൽ രാജ്യസഭയുടെ പങ്ക് കുറയ്ക്കുന്നത് ഒരു പ്രത്യേക ലക്ഷ്യത്തോടെ ഭരണഘടനയുടെ കരട് പ്രവർത്തകരാണ്. അവരുടെ കാഴ്ചപ്പാടിൽ, നേരിട്ട് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അടങ്ങിയ താഴത്തെ സഭകളുടെ അധികാരത്തിലേക്കാണ് പണബില്ലുകൾ ഉചിതമായി നീക്കി വയ്ക്കപ്പെടേണ്ടത്. എന്നാൽ പണബില്ലല്ലാത്ത ഒരു ബില്ലിനെ ആർട്ടിക്കിൾ 110

പ്രകാരം പാസാക്കുന്ന ഒന്നായി കണക്കാക്കുന്നത് കാര്യമായ ഭരണഘടനാവ്യവസ്ഥയുടെ ലംഘനമാണ്, ഭരണഘടനാപ്രക്രിയയുടെ ലംഘനമാണ്, അതിനാൽ നിയമവിരുദ്ധമാണ്.

88. എല്ലാ അധികാരങ്ങളും ഭരണഘടനാ മേധാവിത്വത്തിന് വിധേയമാണ് എന്നതാണ് നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനതത്വം. ഒരു അധികാരിക്കും സ്വയം ഭരണഘടനാശാസനയുടെ പരിധി നിർണ്ണയിക്കാൻ ഉള്ള അധികാരമില്ല. ഓരോ ഭരണഘടനാ അധകാരവും അതിന്റെ ഭരണഘടനാപരമായ അധികാരങ്ങളുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാനാണ് ജുഡീഷ്യൽ അവലോകനം. ഒരു ഭരണഘടനാസ്ഥാപനത്തെ അതിന്റെ പരിധിക്കുള്ളിൽ നിലനിർത്തുന്നതിൽ, ജുഡീഷ്യൽ അവലോകനം അധികാരങ്ങൾ വേർതിരിക്കുന്നതിനുള്ള സിദ്ധാന്തത്തെ ബാധിക്കുന്നില്ല. ഭരണഘടനാകോടതിയെന്ന നിലയിൽ കോടതിയിൽ വിധി നിർണ്ണയ അധികാരം നിക്ഷിപ്തമാണ്. ഒരു ബിൽ പണബില്ലായി പാസാക്കുന്നതിൽ ഭരണഘടനാപരമായ ഉത്തരവിന്റെ ലംഘനം നടന്നിട്ടുണ്ടോ എന്ന് തീരുമാനിക്കുന്നതിൽ, ജുഡീഷ്യൽ അവലോകനം അധികാരവിഭജനം നിശ്ചയിച്ചിരിക്കുന്ന പരിധിക്കപ്പുറത്തേക്ക് പോകില്ല. നേരെ മറിച്ച്, ജുഡീഷ്യൽ ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യം ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ ലംഘിക്കാനാവാത്ത സവിശേഷതയായി ഈ കോടതി മാറ്റമില്ലാതെ അംഗീകരിക്കുന്നുണ്ട്. യോഗ്യതയുടെ മാനദണ്ഡങ്ങൾ നിർണ്ണയിക്കുക, തിരഞ്ഞെടുപ്പ് പ്രക്രിയ, സേവനവ്യവസ്ഥകൾ, കൂടാതെ ട്രൈബ്യൂണലിലെ അംഗങ്ങൾ അവരുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിലെ നിക്ഷ്പക്ഷത നിയന്ത്രിക്കുന്നതും അഡ്ജ്യുഡീക്കേറ്ററി ബോഡി എന്ന നിലയിലുള്ള ഫലപ്രാപ്തിയും എക്സിക്യൂട്ടിവിൽ നിന്നുള്ള അകലത്തെ ആശ്രയിച്ചിരിക്കുന്നു. എക്സിക്യൂട്ടിവിന്റെ നിർണ്ണയിക്കപ്പെടാത്ത വിവേകത്തിന് നിയമനിർമ്മാണാധികാരം നൽകുന്നതിലൂടെ, പാർലമെന്റിന്റെ സ്വയം ഇല്ലാതാകലാണ് നടന്നിട്ടുള്ളത്. എക്സിക്യൂട്ടീവിന് നിയമങ്ങൾ രൂപപ്പെടുത്തുവാനുള്ള അധികാരം നൽകുന്നത് ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യത്തെ നേരിട്ട് ബാധിക്കുന്നു. ട്രൈബ്യൂണലുകളുടെ വിവിധ വശങ്ങളിൽ എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാനുള്ള അധികാരം അനുവദിക്കുന്നത് ഭരണഘടനയുടെ അടിസ്ഥാന സവിശേഷതയായ ജുഡീഷ്യൽ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതാണ്.

F2. ഈ കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ ലംഘനം -

89. ധനകാര്യബിൽ 2017, സെക്ഷൻ 184 പ്രകാരമുള്ള ട്രൈബ്യൂണൽ, അപ്പലെറ്റ് ട്രൈബ്യൂണൽ

മറ്റ് അധികാരികൾ (അംഗങ്ങളുടെ സേവനത്തിന്റെ യോഗ്യത, മുൻപരിചയം, മറ്റ് സേവനവ്യവസ്ഥകൾ) എന്ന് വിളിക്കുന്ന ചട്ടങ്ങൾ 2017 ജൂൺ 1 ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന വാക്കുകളിൽ, നിയമങ്ങളുടെ പ്രായോഗിക ക്ഷമത, ചട്ടം 1(3), വിവരിക്കുന്നു. (3) – ധനകാര്യനിയമം, 2017 (7 2017) ൽ 8ാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നത്പോലെ, ഈ നിയമം, ചെയർമാൻ, വൈസ്ചെയർമാൻ, ചെയർപേഴ്സൻ, വൈസ്ചെയർപേഴ്സൻ, പ്രിസൈഡിങ്ങ് ഓഫീസർ, അക്കൗണ്ട് അംഗം, അഡ്മിനിസ്ട്രേറ്റീവ് അംഗം, ജുഡീഷ്യൽ അംഗം, എക്സ്പേർട്ട് അംഗം, ലോ അംഗം, റവന്യു അംഗം, അപ്പലെറ്റ് ട്രൈബ്യൂണൽ അഥവാ കോളം (2) ൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും അധികാരി, എന്നിവർക്ക് ബാധകമാണ്.

90. ഷെഡ്യൂളിന്റെ മൂന്നാം നിരയിൽ വ്യക്തമാക്കിയ ട്രൈബ്യൂണലുകളിലേക്ക് നിയമനത്തിനുള്ള യോഗ്യത റൂൾ 3 നിർദ്ദേശിക്കുന്നു. ഷെഡ്യൂളിന്റെ 4-)മത്തെ കോളത്തിൽ നിയമനരീതി വ്യക്തമാക്കിയിട്ടിണ്ടെന്ന് 4ാമത്തെ ചട്ടം പറയുന്നു. ഒരു അംഗത്തെ പ്രസ്തുത സ്ഥാനനത്ത് നിന്നും, കേന്ദ്രസർക്കാർ - അതിനായി നിയോഗിക്കപ്പെട്ട കമ്മറ്റി - നീക്കം ചെയ്യുന്നത് സംബന്ധിച്ച് റൂൾ 7-ൽ പറയുന്നു. ഒരു അംഗത്തിന്റെ മോശം പെരുമാറ്റം അല്ലെങ്കിൽ കഴിവില്ലായ്മയെക്കുറിച്ചുള്ള അന്വേഷണത്തിന് ഉള്ള നടപടിക്രമങ്ങൾ ചട്ടം 8 അനുശാസിക്കുന്നു. ട്രൈബ്യൂണൽ അല്ലെങ്കിൽ അപ്പീൽ ട്രൈബ്യൂണൽ രൂപീകരിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്ന മന്ത്രാലയത്തിന്റെയോ ഇന്ത്യൻ സർക്കാരിന്റെയോ പ്രാഥമിക പരിശോധനയെക്കുറിച്ച് ഇത് ആലോചിക്കുന്നു. ഒരു അന്വേഷണത്തിൽ ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയാൽ, ചട്ടം 7 പ്രകാരം രൂപീകരിച്ച കമ്മറ്റിക്ക് സൂചന നൽകുന്നു. അന്വേഷണം അവസാനിച്ചശേഷം കമ്മിറ്റി അതിന്റെ കണ്ടെത്തലുകളോടെ കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിക്കും. ചട്ടം 9 നിയമന കാലാവധിയെക്കുറിച്ച്, 6ാം കോളത്തിൽ വ്യക്തമാക്കിയ പ്രകാരം പ്രായപരിധിയോടെ, കോളം 5-ൽ പറഞ്ഞിരിക്കുന്നത് പ്രകാരം വ്യക്തമാക്കുന്നു. SAT ചെയർപേഴ്സൻ, അല്ലെങ്കിൽ പ്രസിഡന്റ് അല്ലെങ്കിൽ പ്രിസൈഡിങ്ങ് ഓഫീസറുടെ കാര്യത്തിൽ ഒരേ ശമ്പളം ഉള്ള ഒരു കേന്ദ്രസർക്കാർ ഉദ്യോഗസ്ഥന് അനുവദനീയമായ അലവൻസുകളും ആനുകൂല്യങ്ങളും സഹിതം 2.50 ലക്ഷം രൂപ നിശ്ചിതശമ്പളത്തിന് ചട്ടം 11 വ്യവസ്ഥ ചെയ്യുന്നു. വൈസ് ചെയർപേഴ്സൻമാർ, വൈസ് പ്രസിഡന്റുമാർ കൂടാതെ അംഗങ്ങൾക്ക് ഏകീകൃത ശമ്പളമായ 2.25 ലക്ഷം രൂപ നൽകപ്പെടും. വിവിധ ട്രൈബ്യൂണലുകളിലെ അന്വേഷണത്തിനും തിരഞ്ഞെടുപ്പിനുമായി രൂപീകരിക്കപ്പെട്ട

കമ്മറ്റികളെക്കുറിച്ച് കോളം 4 വ്യക്തമാക്കുന്നു.

വ്യാവസായിക ട്രൈബ്യൂണലിലെ സർച്ച് - കം - സെലക്ഷൻ കമ്മറ്റി ഇപ്രകാരമാണ്.

പ്രിസൈഡിങ്ങ് ഓഫീസർക്കായുള്ള സെർച്ച് - കം - സെലക്ഷൻ കമ്മറ്റി -

(i) കേന്ദ്രസർക്കാർ ചെയർപേഴ്സൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി

(ii) ഇന്ത്യാ ഗവൺമെന്റിന്റെ സെക്രട്ടറി, തൊഴിൽ മന്ത്രാലയം

(iii) കേന്ദ്രസർക്കാരിന്റെ സെക്രട്ടറി - അംഗം

(iv) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്ത രണ്ട് വിദഗ്ധർ - അംഗങ്ങൾ

സർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത് നിലവിലുള്ള ഉദ്യോഗസ്ഥ സഞ്ചയത്തിൽ നിന്നോ, അധവാ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരിൽ നിന്നോ ആണ് എന്നുള്ളത് വ്യക്തമാണ്. നാഷണൽ കമ്പനി ലോ അപ്പീൽ ട്രൈബ്യൂണൽ ഒഴികെ ഷെഡ്യൂളിൽ വ്യക്തമാക്കിയ മറ്റ് പതിനേഴ് ട്രൈബ്യൂണലുകൾക്കുമായുള്ള സർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത് ഒന്നുകിൽ നിലവിലുള്ള കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥ സഞ്ചയത്തിൽ നിന്നോ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവരോ അതോ ഭൂരിഭാഗം കേന്ദ്ര സർക്കാരിൽ നിന്നുള്ള ഉദ്യോഗസ്ഥരും അടങ്ങുന്നതോ ആണ്. നാഷണൽ കമ്പനി ലോ അപ്പീൽ ട്രൈബ്യൂണലിന്റെ സെലക്ഷൻ കമ്മിറ്റിയിൽ ജൂഡീഷ്യറിയിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നുമുള്ള തുല്യ അംഗങ്ങൾ ഉൾപ്പെടുന്നു, മാത്രമല്ല, ചീഫ് ജസ്റ്റിസിനോ അവരുടെ നോമിനിക്കോ കാസ്റ്റിംഗ് വോട്ടും ലഭ്യമല്ല.

(B) അപ്പലെറ്റ് കമ്മറ്റിയിലെ ജൂഡീഷ്യൽ മെംബർ, സാങ്കേതിക അംഗം തുടങ്ങിയ പോസ്റ്റുകൾക്കായുള്ള സർച്ച്-കം-സെലക്ഷൻ കമ്മിറ്റി – (i) ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് അഥവാ അദ്ദേഹത്തിന്റെ നോമിനി-ചെയർ പേഴ്സൺ (ii) സുപ്രീം കോടതിയിലെ മുതിർന്ന ജഡ്ജി അഥവാ ഹൈക്കോടതി ചീഫ് ജസ്റ്റിസ് - അംഗം (iii) ഇന്ത്യാ ഗവൺമെന്റ് സെക്രട്ടറി, കോർപറേറ്റ് അഫയയർസ് മന്ത്രാലയം - അംഗം (iv) ഇന്ത്യാ ഗവൺമെന്റ് സെക്രട്ടറി, നീതിന്യായ മന്ത്രാലയം.”

തിരഞ്ഞെടുപ്പിനുള്ള നടപടിക്രമം അടിസ്ഥാനപരമായി ജൂഡീഷ്യൽ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതാണ്. നിരവധി ട്രൈബ്യൂണലുകൾക്ക് മുമ്പിലുള്ള തർക്കങ്ങളിൽ കേന്ദ്ര സർക്കാരിന് സുപ്രധാന പദവിയുണ്ട്. അല്ലാത്ത പക്ഷവും, നിയമനങ്ങൾ നടത്തുന്നതിൽ ഗവൺമെന്റിന് അത്തരം ആധിപത്യവും അമിതമായ പ്രാധാന്യവും നൽകുന്നത് ജൂഡീഷ്യൽ സ്വാതന്ത്ര്യത്തിന്റെ

നിഷേധമാണ്.

91. മന്ത്രാലയത്തിലെയോ വകുപ്പിലേയോ ഇന്ത്യാ ഗവൺമെന്റിന്റെയോ സെക്രട്ടറി, സർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുമെന്ന് 2017 ചട്ടങ്ങളിലെ, ചട്ടം 4, ഉപചട്ടം 2 അനുശാസിക്കുന്നു. ആർ. ഗാന്ധിയിൽ, തിരഞ്ഞെടുപ്പ് സമിതികളുടെ ഭരണഘടനയുമായി ബന്ധപ്പെട്ട കോടതി, ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:

> "(vii) ചീഫ് ജസ്റ്റിസ് (അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി) ചെയർ പേഴ്സൺ, ധനകാര്യ, കമ്പനികാര്യമന്ത്രാലയത്തിലെ രണ്ട് സെക്രട്ടറിമാർ, തൊഴിൽ മന്ത്രാലയത്തിലെ സെക്രട്ടറി, നീതിന്യായ മന്ത്രാലയത്തിലെ രണ്ട് സെക്രട്ടറിമാർ എന്നിവരെ അംഗങ്ങളാക്കുന്ന സെക്ഷൻ 10-FX അനുസരിച്ചുള്ള അഞ്ചംഗങ്ങളുള്ള സെലക്ഷൻ കമ്മിറ്റിക്ക് പകരം, കമ്മിറ്റി വിശാലമായി ചുവടെ കൊടുത്തിരിക്കുന്ന രീതിയിലായിരിക്കണം.
>
> (a) ചീഫ് ജസ്റ്റിസ് (അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി) ചെയർപേഴ്സൺ (കാസ്റ്റിംഗ് വോട്ട് ഉൾപ്പെടെ)
>
> (b) സുപ്രീം കോടതിയിലെ സീനിയർ ജഡ്ജി അല്ലെങ്കിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് - അംഗം
>
> (c) ധനകാര്യ മന്ത്രാലയത്തിലെയും കമ്പനികാര്യ മന്ത്രാലയത്തിലെയും സെക്രട്ടറി - അംഗം
>
> (d) നിയമ - നീതി മന്ത്രാലയത്തിലെ സെക്രട്ടറി - അംഗം.
>
> (ഊന്നൽ നല്കപ്പെട്ടിട്ടുണ്ട്)

കമ്പനി (രണ്ടാം ഭേദഗതി) നിയമം 2002 വഴി കമ്പനി നിയമം 1956 ലേക്ക് ഉൾക്കൊള്ളിച്ച, NCLT-ന്റെയും ഭരണഘടനയുമായി ബന്ധപ്പെട്ട അനുച്ഛേദം 10 (FX) ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നു.

10-FX തിരഞ്ഞെടുപ്പ് കമ്മിറ്റി

(1) (a) ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് അഥവാ അദ്ദേഹത്തിന്റെ നോമിനി - ചെയർപേഴ്സൺ

(b) ധനകാര്യ - കമ്പനികാര്യ മന്ത്രാലയത്തിന്റെ സെക്രട്ടറി - അംഗം

(c) തൊഴിൽ മന്ത്രാലയത്തിലെ സെക്രട്ടറി - അംഗം

(d) നിയമ - നീതി മന്ത്രാലയത്തിലെ സെക്രട്ടറി (നിയമകാര്യ വകുപ്പ് അഥവാ നിയമനിർമ്മാണ വകുപ്പ്) - അംഗം

(e) ധനകാര്യ - കമ്പനികാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (കമ്പനി കാര്യ വകുപ്പ്) - അംഗം

എന്നിവരടങ്ങിയ തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് കേന്ദ്ര സർക്കാരായിരിക്കണം, അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർപേഴ്സണെയും അംഗങ്ങളെയും ട്രൈബ്യൂണലിലെ അംഗങ്ങളെയും പ്രസിഡന്റിനെയും നിയമിക്കേണ്ടത്.

92. **മദ്രാസ് ബാർ അസോസിയേഷനിൽ** ദേശീയ നികുതി ട്രൈബ്യൂണൽ ആക്ട് 2005 ലെ സെക്ഷൻ 7 ൽ എൻ.ടി.ടി. യിലെ ചെയർപേഴ്സണെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്നതിന്റെയും നിയമിക്കുന്നതിന്റെയും നടപടിക്രമങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ അധികാര പരിധി ട്രൈബ്യൂണലുകളിലേക്ക് മാറ്റപ്പെടുന്നതിനാൽ, അംഗങ്ങളുടെ നിലവാരവും സേവന വ്യവസ്ഥകളും, നിയമന രീതിയും, ഒഴിവാക്കലും, ഹൈക്കോടതിയിലെ ജഡ്ജിമാരുടേതിനോട് സമാനമായിരിക്കണമെന്നു കോടതി നിരിക്ഷിച്ചു. അനുച്ഛേദം 7 അസാധുവാക്കപ്പെട്ടു (മറ്റ് വ്യവസ്ഥകളോടൊപ്പം). ജസ്റ്റിസ് കെ.എസ്. കെഹാർ (അന്നത്തെ വിവരസ്ഥനായ ജഡ്ജിയായിരുന്ന) ന്റെ ഭൂരിപക്ഷത്തിന്റെ പ്രമുഖ വിധിയിൽ ഇപ്രകാരം പ്രസ്താവിച്ചു:

131. അനുച്ഛേദം 7 നെ ഭരണഘടനാപരമായി നിലനിൽക്കുന്നതായി കണക്കാക്കാനാവില്ല, എന്തെന്നാൽ അതിൽ കേന്ദ്ര സർക്കാർ വകുപ്പുകളിലെ സെക്രട്ടറിമാരുടെ എൻ.റ്റി.റ്റി. യിലെ അംഗങ്ങളുടെയും ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പിന്റെയും നിയമനത്തിന്റെയും നടപടിക്രമങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിനുവേണ്ടി, എൻ.റ്റി.റ്റി. ക്ക് മുൻപിലുള്ള എല്ലാ വ്യവഹാരങ്ങളിലും കേന്ദ്ര സർക്കാരിന്റെ താല്പര്യങ്ങൾ ഒരു വശത്ത് പ്രതിനിധീകരിക്കപ്പെടുമെന്നതും പരാമർശിക്കേണ്ടതാണ്. ഒരു വിധി നിർണായക സമിതിയിലെ ചെയർപേഴ്സണെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ ഒരു വ്യവഹാരത്തിലെ കക്ഷിയെ പങ്കെടുപ്പിക്കുക എന്നത് അംഗീകരിക്കാനാവുന്നതല്ല. ഹിന്ദ്സ് കേസിൽ [Hinds V.R., 1977 AC 195: (1976) 2 WLR 366: (1976) 1 All ER 353 (PC)] ഡിപ് ലോക്ക് പ്രഭു രേഖപ്പെടുത്തിയ അംഗീകൃത ഭരണഘടനാ കൺവെൻഷന്റെ ലംഘനവുമാണിത്, അതായത്, നിയമസഭയ്ക്ക് അതിന്റെ അധികാര പരിധി, മുൻപ് ജുഡീഷ്യൽ അധികാരികൾ

കൈകാര്യം ചെയ്തിരുന്നവ, ഒരു പുതിയ കോടതി / ട്രൈബ്യൂണൽ (മറ്റ് പേരുകളിൽ അറിയപ്പെട്ടിരുന്നത്) കൈമാറ്റം ചെയ്യാമെങ്കിൽ കൂടാതെ ജുഡീഷ്യറിയിലെ അംഗങ്ങളെ നിയമിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട രീതിയിലും അല്ലാതെ പുതിയ ജുഡീഷ്യൽ ഓഫീസർമാരെ നിയമിക്കരുതെന്നുമെങ്കിൽ, മേൽ പ്രസ്താവിച്ചിരിക്കുന്ന എല്ലാ കാരണങ്ങളുമനുസരിച്ച്, NTT നിയമത്തിന്റെ 7-)ം അനുച്ഛേദം ഭരണഘടനയ്ക്ക് എതിരാണെന്ന്, ഞങ്ങൾ ഇതിനാൽ പ്രസ്താവിക്കുന്നു."

93. സർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ 2017 ലെ ചട്ടങ്ങളിലെ അനുച്ഛേദം അനുസരിച്ചുള്ള ഭരണഘടനയ്ക്ക് ഒരു നിയമത്തിന്റെ ഭരണഘടനാപരമായ അവലോകനത്തെ പാസാക്കുവാൻ ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിന് പ്രാമുഖ്യം കൊടുക്കുന്ന വ്യവസ്ഥയെന്നതിനാൽ, കഴിയില്ല. രാജ്യത്തിന്റെ മറ്റ് രണ്ട് ഭരണസമിതികളുടെയും ഇടപെടൽ മുക്തമായ ഒരു നിയമ സംവിധാനമാണ് ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം എന്നതിന്റെ ആവശ്യകത. വിവിധ നിയമങ്ങൾക്കനുസൃതമായി രൂപീകരിച്ചിട്ടുള്ള ട്രൈബ്യൂണലുകൾക്ക് മുന്നിലെ പ്രധാന അന്യായക്കാരൻ കേന്ദ്ര സർക്കാർ ആണ്. ട്രൈബ്യൂണലിലെ അംഗങ്ങളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാവുമ്പോൾ, ട്രൈബ്യൂണലുകളുടെ സ്വതന്ത്രമായ പ്രവർത്തനം സമരസപ്പെട്ടു നിൽക്കുന്നു. മിക്കവാറും സന്ദർഭങ്ങളിലെല്ലാം തന്നെ എക്സിക്യൂട്ടീവ് ഒരു അന്യായക്കാരനോ ട്രൈബ്യൂണലിന് വിധിനിർണ്ണയം നടത്തുവാനുള്ള തർക്ക വിഷയങ്ങളിൽ തൽപ്പരനോ ആയിരിക്കും. സർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ 2017 ലെ ചട്ടങ്ങൾ അനുസരിച്ചുള്ള ഭരണഘടന ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം എന്ന തത്വത്തെ, ആർ ഗാന്ധിയിലും, മദ്രാസ് ബാർ അസോസിയേഷനിലെയും, ഈ കോടതിയുടെ നിർദ്ദേശങ്ങളെയും ലംഘിക്കുന്നു.

94. എല്ലാ ട്രൈബ്യൂണലുകളുടെയും പ്രവർത്തന കാലാവധി മൂന്ന് വർഷമായിരിക്കുമെന്ന് 2017 ലെ ചട്ടങ്ങളിലെ അനുഛേദത്തിലെ കോളം 5 വ്യവസ്ഥ ചെയ്യുന്നു. ഇത് ആർ ഗാന്ധിയിൽ ഈ കോടതി പ്രഖ്യാപിച്ച തത്വത്തെ അവഗണിക്കുന്നു. ഈ കോടതിയിലെ വിധിന്യായത്തിൽ, ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകപ്പെട്ടിരിക്കുന്നു:

"സേവന കാലാവധി, മൂന്ന് വർഷം എന്നത് ഒരു തവണത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിനുള്ള യോഗ്യത കണക്കിലെടുത്ത് അഞ്ച് വർഷത്തേയ്ക്കോ, ഏഴ് വർഷത്തേയ്ക്കോ മാറ്റാവുന്നതാണ്. കാരണം പ്രസ്തുത മേഖലയിൽ പ്രാവീണ്യം നേടുന്നതിന് ഗണ്യമായ സമയം ആവശ്യമാണ്. മൂന്ന്

വർഷം എന്നത് വളരെ കുറഞ്ഞ കാലാവധിയാണ്. മാത്രമല്ല, അംഗങ്ങൾ ആവശ്യമായ അറിവും, പ്രാഗൽഭ്യവും, വൈദഗ്ധ്യവും നേടിയെടുക്കുമ്പോഴേക്കും ഒരു തവണത്തെ കാലാവധി പൂർത്തിയായിട്ടുണ്ടാവും. കൂടാതെ, മൂന്ന് വർഷം എന്ന പ്രസ്തുത കാലാവധിയും 65 എന്ന വിരമിക്കൽ പ്രായവും വിരമിച്ചവർക്കും ഉടൻ വിരമിക്കാനുള്ളവർക്കും ആയി രൂപീകരിക്കപ്പെട്ടതായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്, മാത്രമല്ല ട്രൈബ്യൂണലുകളെ വിരമിച്ചവർക്കുള്ള ആശ്രിതസ്ഥാനമായി പരിഗണിക്കപ്പെടുവാനും ഇത് കാരണമാകുന്നു. ഈ ട്രൈബ്യൂണലുകൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കണമെങ്കിൽ കാര്യമായ സേവന കാലാവധി ശേഷിക്കുന്ന ചെറുപ്പക്കാരായ അംഗങ്ങളെ ആകർഷിക്കുവാൻ കഴിയണം."

ട്രൈബ്യൂണലുകളിൽ നിയമിതരായ അംഗങ്ങൾ വിരമിച്ചതിനുശേഷം, ട്രൈബ്യൂണലുകളിലോ, അപ്പലെറ്റ് ട്രൈബ്യൂണലുകളിലോ, അധികാരസ്ഥാനങ്ങളിലോ, പ്രാക്ടീസ് ചെയ്യുന്നത് വിലക്കികൊണ്ട് ചട്ടം 18(2) വ്യവസ്ഥ ചെയ്യുന്നു. ആർ. ഗാന്ധിയിൽ ഈ കോടതി പ്രകടിപ്പിച്ച ആശയങ്ങളോട് ഞങ്ങൾ യോജിക്കുന്നു. ട്രൈബ്യൂണലുകളിലെ സേവനത്തിനായി ന്യായമായ സേവനകാലയളവ് ഉറപ്പാക്കാവുന്ന വ്യക്തികളെ നിയമിക്കാവുന്ന വണ്ണം ആകർഷകമാക്കുക എന്നതാണ് ട്രൈബ്യൂണലുകളുടെ സുഗമമായ പ്രവർത്തനത്തിൽ അന്തർലീനമായിരിക്കുന്നത്.

95. ട്രൈബ്യൂണൽ, അപ്പലെറ്റ് ട്രൈബ്യൂണൽ അഥവാ മറ്റ് അധികാരങ്ങളിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ചെയർമാൻ, വൈസ്-ചെയർമാൻ, പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, പ്രൈസെഡിങ്ങ് ഓഫീസർ അംഗം എന്നിവർ പുനർനിയമനത്തിന് അർഹരാണെന്ന് സെക്ഷൻ 184 വ്യവസ്ഥ ചെയ്യുന്നു. ചട്ടം 9-ൽ ഇത് പുന: പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇത് അനുഛേദം 8-ൽ അനുവദിച്ചിരുന്ന പുനർ നിയമനത്തെ തടഞ്ഞ് കൊണ്ട് ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ, മദ്രാസ് ബാർ അസോസിയേഷനിൽ ഈ കോടതി നൽകിയ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

"132. NTT ചട്ടത്തിന്റെ, അനുഛേദം 8-ന്റെ സാധുത കണക്കിലെടുക്കുമ്പോൾ, NTT യിൽ നിയമിതനാവുന്ന ഒരു ചെയർ പേഴ്സൺ / അംഗം, പ്രാഥമികമായി 5 വർഷം എന്ന കാലാവധിക്കായാണ് നിയമിക്കുന്നതെന്നത് പരിശോധനയിൽ വ്യക്തമാവുന്നതാണ്. **NTT യുടെ ചെയർ പേഴ്സൺ / അംഗം എന്നിവരുടെ സ്വാതന്ത്ര്യത്തെത്തന്നെ ഇല്ലാതാക്കുന്ന നടപടിയാകും, പുനർ നിയമനത്തിനുള്ള വ്യവസ്ഥ എന്ന്, ഹർജിക്കാരനുവേണ്ടി അഭിഭാഷകൻ ഉന്നയിക്കുന്ന വാദത്തെ അംഗീകരിക്കുന്നതിന് ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. NTT ചട്ടം, അനുഛേദം 8 പ്രകാരം തങ്ങളുടെ പുനർനിയമനം ഉറപ്പാക്കാവുന്ന തരത്തിൽ പരിമിതമായിട്ടായിരിക്കും ഓരോ**

ചെയർ പേഴ്സൺ / അംഗം തീരുമാനം കൈക്കൊള്ളുന്നത്. തീരുമാനങ്ങൽ പ്രസ്തുത വ്യക്തിയുടെ സ്വതന്ത്രമായ ഗ്രാഹ്യത്തെ അനുസരിച്ച് ആകുകയോ ആകാതിരിക്കുകയോ ചെയ്യാം. മേൽ പ്രസ്താവിച്ച വ്യവസ്ഥ NTT യിലെ ചെയർ പേഴ്സൺ / അംഗങ്ങൾ എന്നിവരുടെ സ്വാതന്തര്യ്ത്തിന്റെയും നിഷ്കളങ്കതയെയും അട്ടിമറിക്കുമെന്നതിൽ ഞങ്ങൾ സംതൃപ്തരാണ്. നിയമനവും കാലാവധി നീട്ടുന്നതും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും മുൻപ് ഹൈക്കോടതി യ്ക്കുണ്ടായിരുന്ന എല്ലാ അധികാരങ്ങളും ഇപ്പോൾ NTT യ്ക്ക് ഉള്ളതിനാൽ അവയെല്ലാം എക്സിക്യൂട്ടീവിന്റെ ഇടപെടലിൽ നിന്ന് മുക്തമായിരിക്കണം. അനുഛേദം 5 നെ സംബന്ധിച്ച് ഞങ്ങൾ വ്യക്തമാക്കിയ അതേ അഭിപ്രായം തന്നെയാണ് ഇപ്പോൾ ഇത്തരത്തിൽ പെട്ടന്നൊരു നിഗമനത്തിൽ എത്തിച്ചേരുന്നതിനുള്ള കാരണം. ആയതിനാൽ NTT ചട്ടത്തിലെ അനുഛേദം 8 ഭരണഘടനാ വിരുദ്ധമാണെന്ന് ഞങ്ങൾ പ്രസ്താവിക്കുന്നു."

(ഊന്നൽ നല്കപ്പെട്ടിട്ടുണ്ട്)

ബാധകമായ നിയമങ്ങളിലെ വ്യവസ്ഥകൾ ലഘൂകരിക്കാൻ, ചട്ടം 20, കേന്ദ്ര സർക്കാരിന് വിശാലമായ അധികാരങ്ങൾ നൽകുന്നു:

> "കേന്ദ്ര സർക്കാറിന് ഏതെങ്കിലും ഗണത്തിലോ വിഭാഗത്തിലോ പെട്ട ആളുകളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ലഘൂകരിക്കുന്നത് അത്യാവശ്യവും അഭികാമ്യമാണെന്നും അഭിപ്രായമുള്ള പക്ഷം ഉത്തരവു പ്രകാരം അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി ലഘൂകരിക്കാവുന്നതാണ്."

96. അനുഛേദം 184 പ്രകാരം നിയമ നിർമ്മാണ അധികാരം കല്പിച്ച് നല്കപ്പെട്ട കേന്ദ്ര സർക്കാർ, ആർ ഗാന്ധിയിലോ, മദ്രാസ് ബാർ അസോസിയേഷനിലോ വിശദീകരിച്ച തത്ത്വങ്ങൾ വാക്കുകളിലോ പൊരുളിലോ പ്രതിപാദിക്കുന്നില്ല. ട്രൈബ്യൂണലിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നിയമനം, സേവന വ്യവസ്ഥ എന്നിവ നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള അനിയന്ത്രിതമായ അധികാരം എക്സിക്യൂട്ടീവിന് നൽകുന്നതിനുള്ള അപകടം, നിർമ്മിക്കപ്പെട്ട നിയമങ്ങളിൽ നിന്ന് തന്നെ വ്യക്തമാണ്. ഈ കോടതിയിലെ തീരുമാനങ്ങളിൽ വിവരിച്ചിട്ടുള്ള ബന്ധിപ്പിക്കുന്ന തത്വങ്ങളെ പ്രസ്തുത നിയമങ്ങൾ അവഗണിക്കുന്നു. നിയമങ്ങൾ ജുഡീഷ്യൽ സ്വാതന്തര്യം ഹനിക്കുന്നതും ഭരണഘടനാ വിരുദ്ധവുമാണ്.

97. അവസാനിപ്പിക്കുന്നതിന് മുൻപ്, ആർ ഗാന്ധിയിലും ഒപ്പം പറയേണ്ട മദ്രാസ് ബാർ അസോസിയേഷൻ വിധി ന്യായത്തിലും പരാമർശിക്കപ്പെട്ട പരമ പ്രാധാന്യരായ രണ്ട്

അധികാരികളെ, പരാമർശിക്കേണ്ടത് അത്യാവശ്യമാണ് - ആർ ഗാന്ധിയിൽ ജസ്റ്റിസ് രവീന്ദ്രൻ നിരീക്ഷിക്കുന്നു:

> "12. ഉൽകണ്ടയുളവാക്കുന്ന വിഷയമെന്തെന്നാൽ, നേരത്തെ ഹൈക്കോടതി നിർവഹിച്ചിരുന്ന നിയമ നിർവ്വഹണം നടപ്പിലാക്കുന്ന സിവിൽ സർവ്വീസിൽപെട്ട അംഗങ്ങളുടെ അനുക്രമമായുള്ള വർദ്ധനവും, ജൂഡീഷ്യറിയ്ക്കുണ്ടായിരുന്ന സ്ഥാനം കുറയുന്നതും ഒപ്പം ജൂഡീഷ്യറിയ്ക്കുണ്ടായിരുന്ന സ്വാതന്തര്യ്ത്തിന്റെ ക്രമാനുഗതമായ നഷ്ടപ്പെടലുമാണ്. കൂടാതെ മുൻപ് ഹൈക്കോടതി തീരുമാനമെടുത്തിരുന്ന കേസുകളിൽ തീരുമാനമെടുക്കേണ്ട അംഗങ്ങൾക്ക് നിർദ്ദേശിച്ചിരുന്ന നിലവാരത്തിലും യോഗ്യതയിലുമുള്ള ലഘൂകരണവും."

യു.എസ്. സുപ്രീംകോടതിയിലെ പ്രമുഖനായ ജസ്റ്റിസ് വില്യം ഒ. ഡഗ്ളസിന്റെ മുന്നറിയിപ്പ് നൽകുന്ന വാക്കുകളെ ബഹുമാനപ്പെട്ട ജഡ്ജി പരാമർശിക്കുന്നു:

52. ട്രൈബ്യൂണലുകളുടെയും കോടതികളുടെയും സ്വാതന്തര്യ്ം കയ്യേറ്റത്തിൽ നിന്നും ലഘൂകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതിന്റെ ആവശ്യകതയുടെ പ്രതിധ്വനി, ജസ്റ്റിസ് വില്യം ഒ. ഡഗ്ളസ് യുവ അഭിഭാഷകർക്ക് നൽകുന്ന ഉപദേശത്തിൽ കേൾക്കാവുന്നതാണ്. (The Douglas letters; Selections from the private papers of William Douglas, edited by Melvin L. Uforsky, 1987 Edn., P162, Adler and Adler):

" ..... ഭരണഘടനയും, അവകാശങ്ങളുടെ ബില്ലും രൂപീകരിച്ചത് നിരന്തരമായി പിൻതുടരുന്ന് ഒഴിവാക്കുന്നതിനാണ്. എന്നാൽ അത്തരം രേഖകൾ നമുക്ക് ഒരു ക്ഷേമ രാഷ്ട്രം നൽകാൻ ഉതകിയില്ല. പകരം, വ്യക്തിപരവും ആത്മീയവുമായ സ്വയം പൂർത്തീകരണത്തിനുള്ള എല്ലാ അവകാശങ്ങളും അവർ ഞങ്ങൾക്ക് ഉറപ്പ് നൽകുന്നു. എന്നാൽ ആ ഉറപ്പ് സ്വയം നടപ്പിലാക്കുന്നതല്ല. അസ്തമയം ഒറ്റയടിക്ക് വരുന്നതല്ല അതു പോലെ തന്നെയാണ് അടിച്ചമർത്തലും രണ്ട് സന്ദർഭങ്ങളിലും എല്ലാം മാറ്റമില്ലാത്തതായി കാണപ്പെടുന്ന ഒരു സന്ധ്യയുണ്ട്. അത്തരം സന്ധ്യകളിലാണ് നാമെല്ലാം മാറ്റത്തെക്കുറിച്ച് - അത് എത്ര ചെറുതാണെങ്കിൽ പോലും, ഏറ്റവും ബോധവാന്മാരായിരിക്കേണ്ടത്, അതല്ലായെങ്കിൽ നാമെല്ലാം അറിയാതെ ആ ഇരുട്ടിന്റെ ഇരകളാകാൻ സാധ്യതയുണ്ട്".

മദ്രാസ് ബാർ അസോസിയേഷനിൽ, ജസ്റ്റിസ് റോഹിന്റൺ നരിമാന്റെ ഏകാഭിപ്രായ വിധിന്യായത്തിൽ, ലോഡ് ആറ്റ്കിനിന്റെ തീരുമാനം സൂചിപ്പിക്കുന്നു:

"178. പ്രൊപ്രൈറ്റി ആർട്ടിക്കിൾസ് ട്രേഡ് അസോസിയേഷൻ അഭി. അറ്റോർണി ജനറൽ ഫോർ കാനഡ [1931 AC 310 (PC)]-യിൽ, ലോർഡ് ആറ്റ്കിൻ ഇങ്ങനെ പറയുന്നു: (AC P.317).

> "..... വെല്ലുവിളിക്കപ്പെടുമ്പോൾ അധികാരവിലംഘിയാണെന്ന് കണ്ട ഒരു നിയമത്തെ, സമയം മാത്രം കൊണ്ട് സാധൂകരിക്കാനാവില്ലെന്നതിൽ അവരുടെ ലോർഡ്ഷിപ്പിന് യാതൊരു സംശയവുമില്ല; കൂടാതെ ആത്യന്തിക കയ്യേറ്റത്തെ പരിരക്ഷിക്കുന്നതിന് ഇതുവരെയുള്ള ക്രമാനുഗതമായ മുന്നേറ്റങ്ങളുടെ ചരിത്രവും അതിന്റെ അതിർത്തി കടക്കുന്നതുവരെ ഉണ്ടാകില്ല."

98. ആർ ഗാന്ധിയിലെ തീരുമാനം 2010-ലും മദ്രാസ് ബാർ അസോസിയേഷനിലെ തീരുമാനം 2014-ലും വന്നെങ്കിലും ഇതേ അപാകതകൾ അവയിൽ നിലനിൽക്കുന്നുവെന്ന് ഞങ്ങൾ കണ്ടെത്തി. എക്സിക്യൂട്ടീവിന്റെ അധികാരത്തിന്റെ ഇഴയടുപ്പത്തിലൂടെ ജുഡീഷ്യൽ സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്താനുള്ള ശ്രമം നടന്നിട്ടുണ്ട്. ഇത് ഭരണഘടനാ വിരുദ്ധമാണ്.

3. വേർപെടുത്താവുന്നവ (Severability)

99. ബില്ലിനെ ഒരു പണബില്ലായി സ്പീക്കർ സാക്ഷ്യപ്പെടുത്തുന്നത് ധനകാര്യ ബില്ലിന്റെ മുഴുവൻ ഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിവരസ്ഥനായ അറ്റോർണി ജനറൽ സമർപ്പിച്ചു. അതിനാൽ, അപേക്ഷകരുടെ സമർപ്പണം അംഗീകരിക്കുന്നതിന്റെ അനന്തരഫലമായി മുഴുവൻ ധനകാര്യ നിയമവും അസാധുവാക്കപ്പെടുമെന്ന് അഭിപ്രായപ്പെട്ടു. ഈ കോടതി ധനകാര്യ നിയമം 2017 ന്റെ XIV-)ം ഭാഗത്തിലേക്ക് വേർപെടുത്താവുന്നവ (severability) എന്ന സിദ്ധാന്തം ബാധകമാക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ആർ. എം.ഡി. ചമർബോഗ് വാല്ലാ അഭി. ഇന്ത്യൻ യൂണിയൻ (ചമർബോഗ് വാല്ലാ[55]) കേസിലെ വിധിന്യായത്തിൽ "വേർപെടുത്താവുന്നവ" പ്രയോഗിച്ചു. ഈ കോടതിയുടെ ഭരണഘടനാ ബെഞ്ചിന് വേണ്ടി സംസാരിച്ച ജസ്റ്റിസ് വെങ്കിടരാമ അയ്യർ ഇങ്ങനെ നിരീക്ഷിച്ചു:

"12. ഭാഗികമായി അസാധുവായ ഒരു ചട്ടം പൂർണ്ണമായും അസാധുവായി

---

55. 1957 SCR 930

കണക്കാക്കേണ്ടതുണ്ടോ, അല്ലെങ്കിൽ ആ ഭാഗത്തിൽ സാധുതയുള്ളത് നടപ്പിലാക്കാൻ പ്രാപ്തിയുണ്ടോ എന്ന ചോദ്യം, നിയമനിർമ്മാണത്തിന്റെ പരിധിയില്ലാത്ത അധികാരങ്ങൾ കൈവശം വയ്ക്കാത്ത ബോഡികൾ നടപ്പിലാക്കുന്ന നിയമങ്ങളെ പരാമർശിച്ച് മാത്രം ഉയർന്നുവരുന്ന ഒന്നാണ്, ഉദാഹരണത്തിന്, ഒരു ഫെഡറൽ യൂണിയനിലെ നിയമസഭകൾ അവരുടെ അധികാരങ്ങളുടെ പരിധി രണ്ട് തരത്തിലായിരിക്കാം:

അവർക്ക് നിയമനിർമ്മാണം നടത്താൻ കഴിയുന്ന വിഷയവുമായി ബന്ധപ്പെട്ടതാകാം, ഉദാഹരണത്തിന്, ഇന്ത്യൻ ഭരണഘടനയിലെ ഏഴാം പട്ടികയിലെ ലിസ്റ്റിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങൾ, കനേഡിയൻ ഭരണഘടനയിലെ 91 ഉം 92 ഉം വകുപ്പുകൾ, ഓസ്ട്രേലിയൻ ഭരണഘടനയുടെ 51-)ം വകുപ്പ്; അല്ലെങ്കിൽ നിയുക്തമാക്കിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് അവർക്ക് നടപ്പിലാക്കാൻ കഴിയുന്ന നിയമനിർമ്മാണത്തിന്റെ സ്വഭാവവുമായി ബന്ധപ്പെട്ടതാകാം, ഉദാഹരണത്തിന്, ഭരണഘടനയുടെ മൂന്നാം ഭാഗം ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളും, അമേരിക്കയിലെയും മറ്റ് ഭരണഘടനകളിലെയും ഭരണഘടനാപരമായി സംരക്ഷിക്കപ്പെട്ടിട്ടുള്ള അവകാശങ്ങളുമായി ബന്ധപ്പെട്ട് മുകളിൽ പറഞ്ഞ പരിമിതികൾക്ക് വിധേയമായ ഒരു നിയമനിർമ്മാണസഭയുടെ അധികാരം, അതിന്റെ അധികാരത്തിനതീതമായി ഒരു നിയമം നടപ്പിലാക്കുകയാണെങ്കിൽ, അത് പൂർണ്ണമായും അസാധുവാണ്, അത് പൂർണ്ണമായും അവഗണിക്കണം. എന്നാൽ, നിയമനിർമ്മാണം അനുവദിച്ച പ്രദേശത്തിനകത്തും അതിനു പുറത്തുള്ള ഭാഗത്തു വരുന്നിടത്തും, രണ്ടാമത്തേതിനെ സംബന്ധിച്ചിടത്തോളം ഇത് അസാധുവാണ്, എന്നാൽ ആ കാരണത്താൽ അത് പൂർണ്ണമായും അസാധുവാകുമോ? ഈ ചോദ്യത്തിനുള്ള ഉത്തരം സാധുതയുള്ളത് അസാധുവായതിൽ നിന്ന് വേർതിരിക്കാനാകുമോ എന്നതിനെ ആശ്രയിച്ചിരിക്കണം, ഇത് നിയമത്തിലെ വ്യവസ്ഥകൾ പരിഗണിച്ച് കോടതി തീരുമാനിക്കേണ്ട ചോദ്യമാണ്."

സ്റ്റേറ്റ് ഓഫ് ബോംബെ അഭി. എഫ്.എൻ.ബൽസാര[56] കേസിലെ തീരുമാനം സൂചിപ്പിച്ചുകൊണ്ട് ഭരണഘടനാ ബെഞ്ച് ഇങ്ങനെ നിരീക്ഷിച്ചു:

> "ഭരണഘടനാ പരിമിതികളുടെ ലംഘനം കാരണം ആക്ട് ഭാഗികമായി അസാധുവാകുമ്പോൾ പോലും വേർതിരിക്കൽ തത്ത്വം ബാധകമാകുമെന്ന വ്യക്തമായ

56. 1951 SCR 682

ആധികാരികതയാണ് ഈ തീരുമാനം."

100. സ്റ്റേറ്റ് ഓഫ് ബോംബെ അഭി. യുണൈറ്റഡ് മോട്ടോഴ്സ് (ഇന്ത്യ) ലിമിറ്റഡിൽ, ചീഫ് ജസ്റ്റിസ് പതഞ്ജലി ശാസ്ത്രി, നികുതി നിയമങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്ക് വേർപെടുത്തൽ സിദ്ധാന്തം വിപുലീകരിക്കണമെന്ന് അഭിപ്രായപ്പെട്ടു. ചമർബോഗ് വാലയിലെ ഈ തീരുമാനങ്ങൾ സൂചിപ്പിച്ച ശേഷം ജസ്റ്റിസ് വെങ്കിടരാമ അയ്യർ ഇങ്ങനെ ഉപസംഹരിച്ചു:

"21. ..... തത്ഫലമായുണ്ടാകുന്ന സ്ഥാനം ഇപ്രകാരം പ്രസ്താവിക്കാം: ഒരു ചട്ടം ഭാഗികമായി അസാധുവായിരിക്കുമ്പോൾ, അസാധുവായതിൽ നിന്ന് അത് വേർപെടുത്തുകയാണെങ്കിൽ, ബാക്കിയുള്ളവയെ സംബന്ധിച്ചിടത്തോളം ഇത് നടപ്പിലാക്കും. നിയമത്തിന്റെ അസാധുത്വത്തിനുള്ള കാരണം അതിന്റെ വിഷയം നിയമസഭയുടെ യോഗ്യതയ്ക്ക് പുറത്തുള്ളതുകൊണ്ടോ അല്ലെങ്കിൽ ഭരണഘടനാ വിലക്കുകൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ കൊണ്ടോ ആണോ എന്നത് ഈ ചട്ടത്തിന്റെ ഉദ്ദേശ്യത്തിന് അപ്രസക്തമാണ്."

വേർതിരിക്കൽ സിദ്ധാന്തത്തിന്റെ പ്രയോഗത്തെ നിയന്ത്രിക്കുന്ന തത്ത്വങ്ങൾ ഇപ്രകാരം രൂപപ്പെടുത്തിയിരിക്കുന്നു:

22. ..... ഒരു നിയമത്തിന്റെ സാധുവായ ഭാഗങ്ങൾ അതിന്റെ അസാധുവായ ഭാഗങ്ങളിൽ നിന്ന് വേർതിരിക്കപ്പെടുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിൽ നിയമനിർമ്മാണസഭയുടെ ഉദ്ദേശ്യമാണ് നിർണ്ണായക ഘടകം. നിയമത്തിന്റെ ബാക്കി ഭാഗം അസാധുവാണെന്ന് അറിഞ്ഞിരുന്നെങ്കിൽ നിയമനിർമ്മാണസഭ സാധുവായ ഭാഗം നടപ്പിലാക്കുമായിരുന്നോ എന്നതാണ് പ്രയോഗിക്കേണ്ട പരിശോധന. കോർപ്പസ് ജൂറിസ് സെക്കൻഡം, വാല്യം 82, പേജ് 156; സതർലാന്റ് ഓൺ സ്റ്റാറ്റ്യൂട്ടറി കൺസ്ട്രക്ഷൻ, വാല്യം 2 പേജ് 176-177.

2. സാധുവായതും അസാധുവായതുമായ വ്യവസ്ഥകൾ പരസ്പരം വേർതിരിക്കാനാവാത്തവിധം അഭേദ്യമായി ചേർത്തിട്ടുണ്ടെങ്കിൽ, ഒരു ഭാഗം അസാധുവാക്കുന്നതോടെ ആക്ട് പൂർണ്ണമായും അസാധുവായിത്തീരും. മറുവശത്ത്, അവ വളരെ വ്യത്യസ്തവും വേർതിരിക്കാവുന്നതും, അസാധുവായത് നീക്കം ചെയ്താൽ അവശേഷിക്കുന്നത് ബാക്കിയുള്ളവയിൽ നിന്ന് വിഭിന്നമായി ഒരു സമ്പൂർണ്ണ സംഹിതയാണെങ്കിൽ, ബാക്കിയുള്ളവ നടപ്പിലാക്കാൻ കഴിയില്ലയെങ്കിൽ കൂടി അത് ശരിവയ്ക്കപ്പെടുന്നതാണ്. കൂലിയുടെ ഭരണഘടന പരിമിതികൾ, വാല്യം I, പേജ് 360-361 ഉം;

ക്രോഫോർഡിന്റെ സ്റ്റാറ്റ്യൂട്ടറി കൺസ്ട്രക്ഷൻ, പേജ് 217-218 ഉം കാണുക.

3. സാധുതയുള്ള വ്യവസ്ഥകൾ അസാധുവായവയിൽ നിന്നും വ്യത്യസ്തവും വേറിട്ടതുമാണെങ്കിൽ പോലും, അവയെല്ലാം മൊത്തത്തിൽ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന ഒരൊറ്റ പദ്ധതിയുടെ ഭാഗമാണെങ്കിൽ, ഒരു ഭാഗത്തിന്റെ അസാധുവാകൽ മൊത്തത്തിന്റെയും പരാജയത്തിനും കാരണമാകും. ക്രോഫോർഡിന്റെ സ്റ്റാറ്റ്യൂട്ടറി കൺസ്ട്രക്ഷൻ, പേജ് 218-219 കാണുക. അതുപോലെ, ഒരു നിയമത്തിന്റെ സാധുവായതും അസാധുവായതുമായ ഭാഗങ്ങൾ സ്വതന്ത്രവും, ഒരു പദ്ധതിയുടെ ഭാഗമാകാതെ ഇരിക്കുകയും എന്നാൽ അസാധുവായ ഭാഗം ഒഴിവാക്കിയ ശേഷം അവശേഷിക്കുന്നത് വളരെ നേർത്തതും വെട്ടിച്ചുരുക്കിയതും, അത് നിയമസഭയിൽ നിന്ന് പുറത്തു വന്നപ്പോൾ ഉണ്ടായിരുന്ന വിഷയത്തിൽ നിന്ന് വ്യത്യസ്തവുമാണെങ്കിലും, അത് പൂർണ്ണമായും നിരസിക്കപ്പെടും.

5. ഒരു നിയമത്തിന്റെ സാധുതയുള്ളതും അസാധുവായതുമായ വ്യവസ്ഥകളുടെ വേർതിരിവ്, ആ നിയമം ഒരേ വിഭാഗത്തിലാണോ അല്ലെങ്കിൽ വ്യത്യസ്ത വിഭാഗങ്ങളിലാണോ നടപ്പിലാക്കുന്നത് എന്നതിനെ ആശ്രയിക്കുന്നില്ല; (കൂലിയുടെ ഭരണഘടന പരിമിതികൾ, വാല്യം I, പേജ് 361-362 കാണുക) അതിന്റെ രൂപത്തിലല്ല മറിച്ച് അതിന്റെ വിഷയത്തിന്റെ സത്തയാണ് പ്രധാനം, മാത്രമല്ല അത് ആക്ടിന്റെ മൊത്തത്തിലുള്ള പരിശോധനയിലും അതിൽ പ്രസക്തമായ വ്യവസ്ഥയുടെ ക്രമീകരണത്തിലും കണ്ടെത്തേണ്ടതുണ്ട്.

6. നിയമത്തിൽ നിന്ന് അസാധുവായ ഭാഗം നീക്കം ചെയ്തതിനുശേഷം, അതിൽ മാറ്റങ്ങളും ഭേദഗതികളും വരുത്താതെ അവശേഷിക്കുന്നവ നടപ്പിലാക്കാൻ കഴിയില്ലെങ്കിൽ, അത് മുഴുവനും അസാധുവായി നീക്കം ചെയ്യേണം, അല്ലാത്തപക്ഷം അത് ജുഡീഷ്യൽ നിയമനിർമ്മാണത്തിന് തുല്യമായിരിക്കും. സ്റ്റാറ്റ്യൂട്ടറി കൺസ്ട്രക്ഷനെ കുറിച്ച് സതർലാൻഡ്, വാല്യം 2, പേജ് 194 കാണുക.

7. വേർതിരിക്കലിനെക്കുറിച്ചുള്ള ചോദ്യത്തിന്റെ നിയമനിർമ്മാണ ഉദ്ദേശ്യം നിർണ്ണയിക്കുന്നതിൽ, നിയമനിർമ്മാണത്തിന്റെ ചരിത്രം, അതിന്റെ ലക്ഷ്യം, ശീർഷകം, അതിന്റെ ആമുഖം എന്നിവ കണക്കിലെടുക്കുന്നത് നിയമനിർമാണസ്വതമായിരിക്കും. സ്റ്റാറ്റ്യൂട്ടറി കൺസ്ട്രക്ഷനെ കുറിച്ച് സതർലാൻഡ്, വാല്യം 2, പേജ് 177-178 കാണുക."

101. നിലവിലെ കേസിൽ, മുകളിൽ വിവരിച്ച ഈ തത്ത്വങ്ങൾ പ്രയോഗിച്ചുകൊണ്ട്,

ധനകാര്യനിയമം 2017-ലെ, ഭാഗം XIV-ല് വേർപെടുത്താവുന്നതാണ്. മേൽപ്പറഞ്ഞ തത്ത്വങ്ങളിൽ ആദ്യത്തേതിന് കീഴിലുള്ള മാർഗ്ഗനിർദ്ദേശ തത്ത്വമാണ് നിയമസഭയുടെ ഉദ്ദേശം. പാർട്ട് XIV അസാധുവാണെന്ന് അറിഞ്ഞിരുന്നെങ്കിൽ, 2017 ലെ ഫിനാൻസ് ആക്ടിന്റെ സാധുവായ ഭാഗങ്ങൾ പാർലമെന്റ് ഏത് സാഹചര്യത്തിലും നടപ്പാക്കുമായിരുന്നു. ഭാഗം - XIV അസാധുവാകുക വഴി ബാക്കിയുള്ളവയും അസാധുവാകുന്ന രീതിയിൽ അതിന്റെ സാധുവായതും അസാധുവായതുമായ ഭാഗങ്ങൽ അഭേദ്യമായി ബന്ധിപ്പിച്ചിട്ടില്ല. ഫിനാൻസ് ആക്ട് 2017-ലെ ഭാഗം XIV മറ്റ് ഭാഗങ്ങളുമായി ബന്ധിപ്പിച്ചു കിടക്കുന്ന ഒരു സംയോജിത പദ്ധതിയുടെ ഭാഗവുമല്ല. ഭാഗം XIV എടുത്ത് മാറ്റിയ ശേഷവും ധനകാര്യനിയമത്തിന്റെ ബാക്കി ഭാഗം ഇപ്പോഴും സ്വയമേവ നിലനിൽക്കും. അതിനാൽ ധനകാര്യനിയമം 2017 ന്റെ ഭാഗം XIV ഒഴിവാക്കാവുന്നതാണ്.

102. 2017 ജൂൺ 1 ന് രൂപപ്പെടുത്തിയ ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന ചില വ്യവസ്ഥകൾ ആർ ഗാന്ധിയിലും, മദ്രാസ് ബാർ അസോസിയേഷനിലും ഈ കോടതി വിശദീകരിച്ച തത്ത്വങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിലും, ഈ കോടതി പാസാക്കിയ ഇടക്കാല ഉത്തരവുകളിൽ ചില പരിഷ്കാരങ്ങളോടെ, ഇതിന്റെ അടിസ്ഥാനത്തിൽ നടപടി തീർപ്പാക്കുന്നതുവരെ തുടരാൻ കേന്ദ്ര സർക്കാർ തയ്യാറാകണം എന്ന ആവശ്യത്തിനായി വിവരസ്ഥനായ അറ്റോർണി ജനറൽ ഒടുവിൽ ആത്മാർത്ഥമായി അപേക്ഷിച്ചു. സമർപ്പണം അംഗീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. ധനകാര്യനിയമം 2017-ന്റെ, ഭാഗം XIV പണ ബില്ലിന്റെ രൂപത്തിൽ നടപ്പിലാക്കാൻ കഴിയില്ല. ഈ കോടതിയുടെ വിധിന്യായങ്ങളിൽ വ്യക്തമാക്കിയ ജുഡീഷ്യൽ സ്വാതന്ത്ര്യങ്ങൾ ലംഘിക്കുന്നുവെന്ന കാരണത്താൽ കേന്ദ്ര സർക്കാർ തയ്യാറാക്കിയ നിയമങ്ങൾ ഭരണഘടനാ വിരുദ്ധമാണ്.

ജി. ഉപസംഹാരം

103. ധനകാര്യനിയമം 2017-ന്റെ, ഭാഗം XIV ഒരു പണ ബില്ലിന്റെ രൂപത്തിൽ നടപ്പിലാക്കാൻ കഴിയില്ല. 184-)ം വകുപ്പ് പ്രകാരമുള്ള ചട്ടനിർമ്മാണ അധികാരം അനുസരിച്ച് രൂപപ്പെടുത്തിയ നിയമങ്ങൾ ഭരണഘടനാ വിരുദ്ധമാണ്. എന്നിരുന്നാലും, ഈ നടപടികൾ തീർപ്പുകൽപ്പിക്കാത്ത സമയത്ത്, ഇടക്കാല ഉത്തരവുകൾക്കനുസൃതമായി ചില നടപടികൾ കൈക്കൊള്ളുകയും നിയമനങ്ങൾ നടത്തുകയും ചെയ്തതിനാൽ, ഭരണഘടനാ വിരുദ്ധമെന്ന പ്രഖ്യാപനത്താൽ ആ നിയമനങ്ങളെ ബാധിക്കരുതെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. അങ്ങനെ നിയമിച്ച ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടത് അവരുടെ പൈതൃക

നിയമങ്ങളായിരിക്കും. ഭരണഘടനാവിരുദ്ധമെന്ന് പ്രഖ്യാപിച്ചതിനു ശേഷം, പൈതൃക നിയമങ്ങളിലെ അനുബന്ധ വശങ്ങളിൽ വ്യക്തമാക്കുന്ന വ്യവസ്ഥകൾ പ്രവർത്തനം തുടരും.

104. ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാൻ ഒരു സ്വതന്ത്ര നിയപരമായ ബോഡി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഈ കോടതി പലതവണ ആവർത്തിച്ചിട്ടുണ്ട്. രണ്ട് പതിറ്റാണ്ട് മുമ്പ് ചന്ദ്രകുമാറിൽ ഈ കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും, മുകളിൽ സൂചിപ്പിച്ച വ്യവസ്ഥയുടെ പോരായ്മകൾ പരിഹരിക്കുന്നതിന് ഒരു സമന്വയ സംഘടന സ്ഥാപിക്കാൻ നിയമസഭ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. യോഗ്യതയും ഏകീകൃത സേവന സാഹചര്യങ്ങളും ഉറപ്പാക്കാൻ ഒരൊറ്റ അതോറിറ്റിയുടെ അഭാവം ഒരു വിഭജിത ട്രൈബ്യൂണൽ സംവിധാനത്തിലേക്ക് നയിച്ചുവെന്നത് സിസ്റ്റം രൂപീകരിച്ചതിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുന്നു. മാത്രമല്ല, എല്ലാ ട്രൈബ്യൂണലുകളുടെയും ഏകോപന അധികാരി നീതിന്യായ വകുപ്പായിരിക്കണം. വ്യക്തിഗത മന്ത്രാലയങ്ങൾ ആ പ്രവർത്തനം പരിശോധിക്കുന്നത് ട്രൈബ്യൂണൽ ഘടനയുടെ അസ്വാഭാവിക പരിണാമത്തിന് കാരണമായി, കൂടാതെ അത് ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യത്തിന് അപകടകരമാണ്.

105. ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാൻ നിയമനിർമ്മാണ ഇടപെടലിലൂടെ എല്ലാത്തിനും ഉപരിയായ ഒരു നിയമപരമായ സംഘടന രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. അംഗങ്ങളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ മേൽനോട്ടം, നിയമനത്തിനുള്ള മാനദണ്ഡങ്ങൾ, ശമ്പളവും ബത്തകളും, പൊതുവായ യോഗ്യത മാനദണ്ഡങ്ങൾ അവതരിപ്പിക്കൽ, ചെയർപേഴ്സൺമാരെയും അംഗങ്ങളെയും നീക്കം ചെയ്യുന്നതിനും അതുപോലെ തന്നെ അടിസ്ഥാന സൗകര്യങ്ങളുടെയും സാമ്പത്തിക വിഭവങ്ങളുടെയും ആവശ്യകതകൾ നിറവേറ്റുന്നതിനും, "നാഷണൽ ട്രൈബ്യൂണൽ കമ്മീഷൻ"[58] എന്ന സ്വതന്ത്ര സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ രൂപവത്ക്കരണം ഞങ്ങൾ ശുപാർശ ചെയ്യുന്നു. അംഗങ്ങൾക്ക് ഏകീകൃത സേവന വ്യവസ്ഥകൾ നിർദ്ദേശിക്കുന്നതിനാണ് നിയനിർമ്മാണം ലക്ഷ്യമിടേണ്ടത്. കമ്മീഷൻ ഇനിപ്പറയുന്ന അംഗങ്ങളെ ഉൾക്കൊള്ളണം:

(i) ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്ത ഇന്ത്യയുടെ സുപ്രീം കോടതിയിലെ മൂന്ന് ജഡ്ജിമാർ;

---

58. "NTC"

(ii) ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്ത ഹൈക്കോടതിയിലെ രണ്ട് ചീഫ് ജസ്റ്റിസുമാർ അല്ലെങ്കിൽ ജഡ്ജിമാർ;

(iii) കേന്ദ്ര സർക്കാരിന്റെ സെക്രട്ടറിയിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥരിൽ നിന്നും രണ്ട് അംഗങ്ങളെ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യും. അതിലൊരാൾ നീതിന്യായവകുപ്പിന്റെ സെക്രട്ടറിയാകും, അയാൾ ഉദ്യോഗത്താൽ കൺവീനറും; കൂടാതെ

(iv) ഇന്ത്യയുടെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് രണ്ട് സ്വതന്ത്ര വിദഗ്ധ അംഗങ്ങളെ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യും.

106. ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്ത ജഡ്ജിമാരിൽ ഏറ്റവും ഉയർന്ന പദവിയിലുള്ളയാൾ എൻ.ടി.സി.യുടെ ചെയർപേഴ്സണായി നിയമിക്കപ്പെടും.

107. എൻ.ടി.സി. സ്ഥാപിക്കുന്നതിന് നിയസഭയും കഴിവിനുള്ളിലാണെങ്കിലും, അത് ഇന്ത്യയിലെ ട്രൈബ്യൂണൽ സംവിധാനത്തിന്റെ സ്വതന്ത്രവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പാക്കാൻ ഈ കോടതി നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ജുഡീഷ്യൽ ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യം ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ ലംഘിക്കാനാവാത്ത സവിശേഷതയാണ്. ട്രൈബ്യൂണൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, നിയമനം, അംഗങ്ങളെ നീക്കം ചെയ്യലും സേവന വ്യവസ്ഥകൾ നിർദ്ദേശിക്കൽ എന്നിവ ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യത്തെ നിർണ്ണയിക്കുന്നു. ഞങ്ങൾ അഭിപ്രായപ്പെട്ടതുപോലെ ജുഡീഷ്യൽ സ്വാതന്ത്ര്യത്തിന്റെ ഒരു വശമായി ട്രൈബ്യൂണലുകളുടെ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുന്നതിൽ വിധികർത്തൃ സമിതി ശക്തമായിരിക്കണം:

പ്രത്യേക വിധി നിർണ്ണായകസാഹചര്യത്തിൽ ആർക്കും വിധേയനാകാതെ, നീതി നടപ്പാക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് സമാധാനം പറയേണ്ടതുണ്ട്. കോടതികളുടെയും ട്രൈബ്യൂണലുകളുടെയും സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതിന്റെ ആവശ്യകതയിൽ ഇത് പ്രതിഫലിക്കുന്നു.

108. കഴിവ്, വ്യവസായവൈശിഷ്ട്യം, വൈദഗ്ധ്യം എന്നിവ പ്രത്യേക നീതി ലഭ്യമാക്കുന്നതിനായി രൂപകൽപന ചെയ്ത ശക്തമായ ട്രൈബ്യൂണൽ സംവിധാനത്തിന്റെ ഒഴിച്ചുകൂടാനാവാത്ത വശങ്ങളാണ്. ട്രൈബ്യൂണലുകളുടെ മതിയായ മാനേജിംഗ് ഉറപ്പാക്കുന്നതിന് പാർലമെന്റ് നിയമങ്ങൾ പ്രകാരം സ്ഥാപിതമായ എല്ലാ ട്രൈബ്യൂണലുകളുടെയും നടത്തിപ്പിന് മേൽനോട്ടം

വഹിക്കാനുള്ള അധികാരം കമ്മീഷന് നൽകുക വഴി സിസ്റ്റത്തിന്റെ ആവശ്യകതകൾ നിറവേറ്റുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫും ഉറപ്പുവരുത്തേണ്ടതുണ്ട്. ട്രൈബ്യൂണലുകൾക്കായി നോൺ-അഡ് ജൂഡിക്കേറ്ററി ഉദ്യോഗസ്ഥരുടെ നിയമനവും സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്ന അഖിലേന്ത്യാ ട്രൈബ്യൂണൽ സേവനത്തിന്റെ രൂപവത്കരണം ഉറപ്പാക്കുന്നതിന് ഒരു നിയമം രൂപീകരിക്കുന്നതും കേന്ദ്ര സർക്കാർ പരിഗണിക്കണം. നിലവിൽ ട്രൈബ്യൂണലുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിലാണ് കൊണ്ടു വരുന്നത്. പരിശീലനം ലഭിച്ച മികവുറ്റ അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരുടെ അപര്യാപ്തത ട്രൈബ്യൂണലുകൾക്കുണ്ട്. അതിനാൽ, ട്രൈബ്യൂണൽ സംവിധാനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന്റെ താൽപ്പര്യങ്ങൾക്കായി ഒരു അഖിലേന്ത്യാ ട്രൈബ്യൂണൽ സേവനം ആരംഭിക്കേണ്ട അടിയന്തിര ആവശ്യമുണ്ട്.

110 (1)-)ം അനുച്ഛേദത്തിലെ 'മാത്രം' എന്ന വാക്കിന്റെ വ്യാപ്തിയും, 110-)ം അനുച്ഛേദം (1))ം വകുപ്പിലെ (എ) മുതൽ (ജി) വരെയുള്ള ഉപവാക്യങ്ങളുടെ വ്യഖ്യാനവും നിലവിലെ വിധി വിശകലനം ചെയ്യുന്നുണ്ടെങ്കിലും, ധനകാര്യ നിയമം 2017 ലെ xiv ഒരു പണബില്ലായി സാധുവായി നടപ്പാക്കാൻ കഴിയില്ലെന്ന് നിഗമനം ചെയ്യുന്നു. പണബില്ലിനെ കുറിച്ചുള്ള വീക്ഷണങ്ങൾ ഒരു വലിയ ബെഞ്ചിലേക്ക് റഫർ ചെയ്യാനും, അതിനനുസരിച്ച് നിർദ്ദേശിക്കാനും ഇന്ത്യയിലെ പണ്ഡിതനായ ചീഫ് ജസ്റ്റിസ് നിർദ്ദേശിക്കാനുള്ള കാരണങ്ങളുമായി ഞാൻ യോജിക്കുന്നു.

ട്രൈബ്യൂണലുകളിലേക്കുള്ള അംഗങ്ങളുടെ യോഗ്യത അനിവാര്യമായ ഒരു നിയമനിർമ്മാണ പ്രവർത്തനമാണെന്നും നിയുക്തമാക്കാനാവില്ലെന്നുമുള്ള ജസ്റ്റിസ് ദീപക് ഗുപ്തയുടെ നിരീക്ഷണങ്ങളോട് ഞാൻ യോജിക്കുന്നു. നിർദ്ദിഷ്ട വിജ്ഞാന പ്രവർത്തിരംഗ വൈദഗ്ദ്യമുള്ള സ്ഥാപനങ്ങളായി ട്രൈബ്യൂണലുകളെ സങ്കൽപ്പിച്ചിരിക്കുന്നു. പരിശീലനം നേടിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന ചുമതല ഈ പ്രത്യേക വിധികർക്കവ്യത്തിന് ഒഴിച്ചു കൂടാനാവാത്തതാണ്. ഇത് മനസ്സിൽ വച്ചുകൊണ്ട്, ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ യോഗ്യത നിർദ്ദേശിക്കുന്നത് അതിന്റെ ഏറ്റവും അനിവാര്യ സ്വഭാവത്തിലുള്ള ഒരു നിയമനിർമ്മാണ പ്രവർത്തനമാണ്.

വിധികർത്തൃ സംഘടനയിലേക്കുള്ള നിയമന യോഗ്യത ആ സംഘടനയുടെ സ്വഭാവം നിർണ്ണയിക്കുന്നു. ഉപഭോക്തൃ സംരക്ഷണം, പാരിസ്ഥിതിക വിധിന്യായം, വ്യാവസായിക തർക്കങ്ങൾ, സാമ്പത്തിക നിയന്ത്രണത്തിന്റെ വിവിധ വശങ്ങൾ എന്നിങ്ങനെ പാർലമെന്റ്

നടപ്പാക്കിയ നിയമ നിർമ്മാണത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുകയെന്നതാണ് വിധികർത്തൃ ട്രൈബ്യൂണലുകളുടെ ഉദ്ദേശ്യം. അംഗങ്ങളെ നിയമിക്കുന്നതിന് ആവശ്യമായ യോഗ്യതകൾ നിർവ്വചിക്കുന്നതാണ് ട്രൈബ്യൂണലുകളുടെ മൂല തത്ത്വം. ഇത് ഒരു അനിവാര്യ നിയനിർമ്മാണ പ്രവർത്തനമായതിനാൽ ഇത് കേന്ദ്ര സർക്കാരിന്റെ ചട്ട നിർമ്മാണ അതോറിറ്റിയെ ഏൽപിക്കാൻ കഴിയില്ല. നിയമനത്തിന് ആവശ്യമായി പാലിക്കേണ്ട നിബന്ധനകൾ നിർദ്ദിഷ്ട പ്രവർത്തിരംഗ അറിവിന്റെ ആവശ്യകത വിലയിരുത്തിയ ശേഷം നിയസഭ നിർവ്വചിക്കേണ്ടതുണ്ട്.

ന്യൂ ഡൽഹി ..... J
നവംബർ 13, 2019. [Dr. Dhananjaya Y. Chandrachud]

57. 1953 SCR 1069

ഭാരതത്തിന്റെ പരമോന്നത നീതിപീഠം

സിവിൽ അപ്പലേറ്റ് / യഥാർത്ഥ അധികാരപരിധി

സിവിൽ അപ്പീൽ നമ്പർ **8588/2019**

(സ്പെഷ്യൽ ലീവ് പെറ്റീഷൻ (സിവിൽ) നമ്പർ15804/2017)

റോജർ മാത്യു .... അപ്പീൽ

വാദി(കൾ)

Vs.

സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡും മറ്റും .... എതിർകക്ഷി (കൾ)

കൂടെ

ഡബ്ലിയു. പി. (സി) നമ്പർ. 267/2012, ഡബ്ലിയു. പി. (സി) നമ്പർ. 279/2017, ഡബ്ലിയു. പി. (സി) നമ്പർ. 558/2017, ഡബ്ലിയു. പി. (സി) നമ്പർ. 561/2017 , ഡബ്ലിയു. പി. (സി) നമ്പർ. 625/2017, ഡബ്ലിയു. പി. (സി) നമ്പർ. 640/2017, ഡബ്ലിയു. പി. (സി) നമ്പർ. 1016/2017, ഡബ്ലിയു. പി. (സി) നമ്പർ. 788 /2017, ഡബ്ലിയു. പി. (സി) നമ്പർ. 925/2017, ഡബ്ലിയു. പി. (സി) നമ്പർ. 1098/2017, ഡബ്ലിയു. പി. (സി) നമ്പർ. 1129/2017, ഡബ്ലിയു. പി. (സി) നമ്പർ. 33/2018, ഡബ്ലിയു. പി. (സി) നമ്പർ. 205/2018, ഡബ്ലിയു. പി. (സി) നമ്പർ. 467/2018, ടി. സി. (സി) നമ്പർ. 49/2018, ടി. സി. (സി) നമ്പർ. 51/2018, ടി. പി. (സി) നമ്പർ. 2199/2018

വിധിന്യായം

Deepak Gupta, J.

1. ചീഫ് ജസ്റ്റിസിന്റെയും സഹോദരൻ ചന്ദ്രചൂഡിന്റെയും വിശദവും വിവേകപൂർണവുമായ വിധിന്യായങ്ങളിലൂടെ കടന്നുപോകുവാൻ എനിക്ക് വിശേഷഭാഗ്യമുണ്ടായി.

2. ചീഫ് ജസ്റ്റിസിന്റെ വിധിന്യായത്തിൽ, പൂർണ വസ്തുതകളും സമർപ്പിക്കലുകളും നിയമങ്ങളും മുഴുവനായി പ്രതിപാദിച്ചിട്ടുള്ളതിനാൽ സംക്ഷിപ്ത രൂപത്തിലാക്കുന്നതിനുവേണ്ടി എല്ലാ

വസ്തുതകളും തർക്കങ്ങളും വിശദമായി പ്രതിപാദിക്കേണ്ട ആവശ്യമില്ല.

3. ഈ വിധിന്യായത്തിലെ പരമാർശമനുസരിച്ച് ട്രൈബ്യൂണൽ എന്നാൽ 2017 ലെ ധനകാര്യനിയമത്തിലെXIV-)ഠ ഭാഗത്തിൽ പറഞ്ഞിരിക്കുന്ന ട്രൈബ്യൂണലോ, അപ്പീൽ ട്രൈബ്യൂണലോ അല്ലെങ്കിൽ മറ്റു അധികാരികളോ ഉൾപ്പെടും. 'ചെയർപേഴ്സൺസ് / മെമ്പേഴ്സ്' എന്നാൽ2017 ലെ ധനകാര്യനിയമത്തിലെ 184-)ഠ വകുപ്പിൽ പറഞ്ഞിരിക്കുന്ന ചെയർപേഴ്സണോ, വൈസ് ചെയർപേഴ്സണോ, ചെയർമാനോ, വൈസ് ചെയർമാനോ, പ്രസിഡണ്ടോ, വൈസ് പ്രസിഡണ്ടോ അല്ലെങ്കിൽ മറ്റു അംഗങ്ങളോ ഉൾപ്പെടും. ചില ട്രൈബ്യൂണലുകൾക്ക് നിയന്ത്രിക്കേണ്ട ജോലിയും, കൂടാതെ തർക്കപരിഹാരം നടത്തേണ്ട ജോലിയും ഉണ്ട്. ഇനിയങ്ങോട്ടുള്ള ചർച്ചയിൽ ഭൂരിഭാഗവും ട്രൈബ്യൂണലുകളുടെ തർക്കപരിഹാരം നടത്തേണ്ട ജോലിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

4. ചീഫ് ജസ്റ്റിസിന്റെ വിധിന്യായത്തിൽ ഉദ്ധരിച്ചിരിക്കുന്ന 27-03-2019 തീയതിയിലെ ഉത്തരവിൽ, ഇപ്പോഴത്തെ ബെഞ്ച് കൈകാര്യം ചെയ്യുന്ന വിഷയങ്ങളെക്കുറിച്ചു വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ചുരുക്കത്തിൽ ട്രൈബ്യൂണലുകൾ, കോടതികൾക്ക് പകരമുള്ള ഫലപ്രദമായ ബദൽ സംവിധാനം ആണോ എന്നതാണ് ഈ കോടതിക്ക് മുൻപിലുള്ള വിഷയം; അങ്ങനെയാണെങ്കിൽ ആരാണ് അത് കൈകാര്യം ചെയ്യേണ്ടത് എന്നതും. നിയമത്തിന്റെയും ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 323- എ, 323- ബി- യിലെയും പുരോഗമനപരമായ മാറ്റങ്ങളെ കണക്കിലെടുത്താൽ ട്രൈബ്യൂണലുകൾ കോടതിക്കു പകരമായാണ് നിലവിൽ വന്നത്. ഈ ട്രൈബ്യൂണലുകളുടെ ഫലപ്രദവും നിർഭയവും കാര്യക്ഷമവുമായ പ്രവർത്തനം എങ്ങനെ ഉറപ്പാക്കാൻ കഴിയും എന്നതാണ് പ്രധാന വിഷയം.

5. താഴെപറയുന്ന വാദവിഷയങ്ങളാണ് ചീഫ് ജസ്റ്റിസ് തന്റെ വിധിന്യായത്തിൽ നിർണയിക്കപ്പെടേണ്ടതായി വിവരിച്ചിരിക്കു ന്നത്.

76. മറ്റു ചില നിയമങ്ങളിൽ ഭേദഗതിവരുത്തുന്നതുകൊണ്ടും വ്യത്യസ്ത ട്രൈബ്യൂണലുകളിലെ വ്യക്തികളുടെ സേവന വ്യവസ്ഥകളിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടും 2017 ലെ ധനകാര്യനിയമത്തെ ആർട്ടിക്കിൾ 110 ലെ പണബിൽ എന്ന് വിളിക്കാമോ? തൽഫലമായി സാധുതയുള്ളതാണോ?

77. മേൽപറഞ്ഞവ ശരിവയ്ക്കുന്നുവെങ്കിൽ, അമിതമായ അധികാരം ഭരമേല്പിക്കൽ കാരണം 2017 ലെ ധനകാര്യനിയമത്തിലെ 184-)ഠ വകുപ്പ് ഭരണഘടനാ വിരുദ്ധമാണോ?

78. 184-)ഠ വകുപ്പ് സാധുതയുള്ളതാണെങ്കിൽ, 2017 ലെ ട്രൈബ്യൂണൽ, അപ്പീൽ ട്രൈബ്യൂണൽ മറ്റ അതോറിറ്റീസ് (യോഗ്യതകൾ, പ്രവർത്തന പരിചയം, അംഗങ്ങളുടെ സേവന വ്യവസ്ഥകൾ) ചട്ടങ്ങൾ, പ്രിൻസിപ്പൽ ആക്ടിനും ട്രൈബ്യൂണലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കോടതിയുടെ വിവിധ തീരുമാനങ്ങൾക്കും അനുസരിച്ചാണോ?

79. എല്ലാ ട്രൈബ്യൂണലുകളുടെയും ഭരണ നിർവ്വഹണത്തിനുവേണ്ടി ഏകാംഗ കേന്ദ്രബിന്ദു പ്രതിനിധി (Single Nodal Agency) ഉണ്ടാവേണ്ടതുണ്ടോ ?

80. ഇന്ത്യയിലെ എല്ലാ ട്രൈബ്യൂണലുകളുടെയും ജുഡീഷ്യൽ സ്വാധീനം വിലയിരുത്തപ്പെടേണ്ട ആവശ്യമുണ്ടോ ?

81. ഭരണഘടനയിലെ ആർട്ടിക്കിൾ 323-എ, 323-ബി എന്നിവ പ്രകാരമുണ്ടാക്കിയ പാർലിമെൻറ് നിയമപ്രകാരം രൂപീകരിച്ച ട്രൈബ്യൂണൽ ജഡ്ജിമാരുടെ റാങ്കും സ്റ്റാറ്റസും ഭരണഘടനാ പ്രവർത്തകർക്കൊപ്പം തുല്യമാക്കാമോ?

VII. ട്രൈബ്യൂണലുകളിൽ നിന്ന് സുപ്രീംകോടതിയിലേക്കുള്ള നേരിട്ടുള്ള നിയമപരമായ അപ്പീലുകൾ തടയേണ്ടതുണ്ടോ?

VIII നിലവിലുള്ള ട്രൈബ്യൂണലുകളെ സംയോജിപ്പിക്കേണ്ടതിന്റെയോ ബെഞ്ചുകൾ സ്ഥാപിക്കേണ്ടതിന്റെയോ ആവശ്യമുണ്ടോ?

6. പ്രധാനമായും ഒന്ന്, മൂന്ന് മുതൽ എട്ടു വരെയുള്ള വിഷയങ്ങളിൽ ചീഫ് ജസ്റ്റിസ് എത്തിച്ചേർന്നിട്ടുള്ള യുക്തിയോടും നിഗമനങ്ങളോടും ഞാൻ വളരെ യോജിക്കുന്നു. എന്നിരുന്നാലും 2017- ലെ ധനകാര്യ നിയമത്തിലെ 184 -)ഠ വകുപ്പിൽ അമിതമായ അധികാരം ഭരമേല്പിക്കൽ കാരണമുള്ള പ്രയാസങ്ങളില്ല എന്നതിന്മേൽ ചീഫ് ജസ്റ്റിസുമായി യോജിക്കുവാൻ എനിക്ക് കഴിയുകയില്ല. പണബില്ലുമായി ബന്ധപ്പെട്ട വിഷയം ഏഴു ജഡ്ജുമാരുള്ള ഒരു വലിയ ബെഞ്ചിലേക്ക് റെഫർ ചെയ്യാമെങ്കിലും, എൽ. ചന്ദ്രകുമാർ v. യൂണിയൻ ഓഫ് ഇന്ത്യ[1] എന്ന കേസിൽ പറഞ്ഞിരിക്കുന്ന നിയമത്തിന്റെ കൃത്യത സംശയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ, ഈക്കാര്യം ഏഴു ജഡ്ജിമാരുള്ള ബെഞ്ചിലേക്ക് റെഫർ ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

7. ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുന്നതിന് ഒരു സംഘത്തെ നിയമിക്കുന്നതിന് ചില

1 (1997) 3 എസ്സ് സി സി 261

നിർദിഷ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ടെന്നും എനിക്ക് തോന്നുന്നു. അത്തരമൊരു പ്രതിനിധിക്കു നോക്കാനായി ചില അതിരുകൾ അല്ലെങ്കിൽ ആശ്രയിക്കാവുന്ന വാദമുഖങ്ങൾ നൽകേണ്ടതും ആവശ്യമായി വന്നേക്കാം. എല്ലാ ട്രൈബ്യൂണലുകളുടെയും നടത്തിപ്പിനായി പൂർണമായും സ്വതന്ത്രമായ ഏജൻസി ഉണ്ടായിരിക്കണമെന്ന എൽ.ചന്ദ്രകുമാർ എന്ന കേസിലെ ഈ കോടതിയുടെ ഏഴ ജഡ്ജി ബെഞ്ചിന്റെ ശുപാർശ സർക്കാർ ഇതുവരെ പാലിച്ചിട്ടില്ലാത്തതിനാൽ ഈകാര്യത്തിൽ ചില നിർദ്ദേശങ്ങൾ ആവശ്യമാണ്. അവസാനമായി, ട്രൈബ്യൂണലുകളിലെ ചെയർപേഴ്സൺമാരെയോ അംഗങ്ങളെയോ തിരഞ്ഞെടുക്കുന്നതിന് ഒരുബോഡി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുണ്ടെന്നു എനിക്ക് തോന്നുന്നു.

8. ഉൾപ്പെട്ടിരിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള വിശദമായ ചർച്ചയിൽ പ്രവേശിക്കുന്നതിനുമുമ്പ് പാർട്ട് XIV-)ാ ഭാഗത്തിൽ, ശ്രദ്ധക്കുറവ് വെളിപ്പെടുത്തുന്ന ചില പിശകുകളുണ്ടെന്നു ഞാൻ എടുത്തു പറയുവാൻ ആഗ്രഹിക്കുന്നു.

9. 2017-ലെ ധനകാര്യ നിയമത്തിലെ 181-)ാ വകുപ്പ് പ്രകാരം നിലവിൽ വന്നിട്ടുള്ള 2000- ലെ സായുധസേന ട്രൈബ്യൂണൽ ആക്ടിലെ 9A-)ാ വകുപ്പ് ഇനിപ്പറയുന്ന രീതിയിൽ വായിക്കുന്നു.

> 9 എ. ഈ നിയമത്തിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, യോഗ്യത, നിയമനം, ഔദ്യോഗിക കാലാവധി, ശമ്പളവും അലവൻസുകളും, രാജിവെക്കൽ, നീക്കം ചെയ്യൽ, 2017 ലെ ധനകാര്യ നിയമത്തിലെ 184-)ാ വകുപ്പ നിലവിൽ വന്നതിനുശേഷം നിയോഗിക്കപ്പെട്ട അപ്പീൽ ട്രൈബ്യൂണലിലെ ചെയർപേഴ്സണിന്റെയും മറ്റു അംഗങ്ങളുടെയും സേവന നിബന്ധനകൾ എന്നിവ 2017 -ലെ ധനകാര്യ നിയമത്തിലെ 184 -)ാ വകുപ്പിലെ വ്യവസ്ഥകളാൽ നിയന്ത്രിക്കപ്പെടും.
>
> 2017 ലെ ധനകാര്യ നിയമത്തിലെ VI-)ാ അധ്യായത്തിലെ XIV-)ാ ഭാഗം നിലവിൽ വരുന്നതിനു മുൻപ് നിയോഗിക്കപ്പെട്ട ചെയർപേഴ്സണും അംഗവും, 2017 ലെ ധനകാര്യ നിയമത്തിലെ 184-)ാ വകുപ്പ നിലവിൽ വന്നിട്ടില്ല എന്നുള്ള രീതിയിൽ, ഈ നിയമത്തിലെ വ്യവസ്ഥകളാലും, അതിൻപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരവും നിയന്ത്രിക്ക -പ്പെടുന്നതു തുടർന്നുകൊണ്ടു

പോകേണ്ടതുമാണ്.

(ഊന്നൽ നൽകി)

ചെയർപേഴ്സണിന്റെയും, അപ്പലേറ്റ് ട്രൈബ്യൂണൽ അംഗങ്ങളുടെയും യോഗ്യതകൾ, സേവന നിബന്ധനകൾ എന്നിവ ഇത് നൽകുന്നു. 2007 ലെ സായുധ സേന ട്രൈബ്യൂണൽ ആക്ടിൽ അപ്പീൽ ട്രൈബ്യൂണലിനുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ, ഈ വ്യവസ്ഥ പൂർണ ശ്രദ്ധക്കുറവാണ് വ്യക്തമാക്കുന്നത്. 2007-ലെ സായുധ സേന ട്രൈബ്യൂണൽ ആക്ടിലെ 6-)ഠ വകുപ്പിൽ തന്നെ ചെയർപേഴ്സണിനും മറ്റ അംഗങ്ങൾക്കുമുള്ള നിയമനയോഗ്യതകളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ടെന്നിരിക്കെ 2017-ലെ ധനകാര്യനിയമത്തിലെ 9 എ- വകുപ്പ് കൊണ്ടുവന്നതുകൊണ്ട് എന്താണ് നേടാൻ ശ്രമിച്ചത് എന്നും വ്യക്തമല്ല.

പശ്ചാത്തലം

10. 26-11-1949-ൽ ഇന്ത്യയിലെ ജനങ്ങളായ നമ്മളെല്ലാവരും നമ്മളെത്തന്നെ ഭരണഘടനയ്ക്കും ആയതിന്റെ അടിസ്ഥാന സവിശേഷതകളിൽപെട്ട ജുഡീഷ്യൽ അവലോകനം[2], ജനാധ്യപത്യം, അധികാരങ്ങളുടെ വേർതിരിക്കൽ[3] എന്നിവക്കും സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഭരണഘടനയുടെ ഈ അടിസ്ഥാന സവിശേഷതകൾ നമ്മുടെ ഭരണഘടനയുടെയും രാഷ്ട്രീയത്തിന്റെയും അന്തർലീനമായ ഭാഗമാണ്.

11. മൗലിക അവകാശങ്ങൾ വ്യക്തമാക്കുന്ന ഭരണഘടനയുടെ III-ഭാഗത്തെ പലപ്പോഴും ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് വിളിക്കാറുണ്ട്. എന്റെ കാഴ്ച്ചപ്പാടിൽ, നീതി, സ്വാതന്ത്യം, സമത്വം, സാഹോദര്യം എന്നിവ നമ്മൾ നമുക്കുതന്നെ വാഗ്ദാനം ചെയ്തുകൊണ്ട്, ഭരണഘടനയുടെ അന്തസ്സത്ത നമ്മുടെ സ്ഥാപകപിതാക്കൻമാർ ഭരണഘടനയുടെ

2 മിനർവ മിൽസ് ലിമിറ്റഡ് v. യൂണിയൻ ഓഫ് ഇന്ത്യ, (1980) 2 എസ് സി സി 591; എൽ. ചന്ദ്രകുമാർ v. . യൂണിയൻ ഓഫ് ഇന്ത്യ, (1997) 3 എസ് സി സി 261

3 കേശവാനന്ദ ഭാരതി v. സ്റ്റേറ്റ് ഓഫ് കേരള, (1973) 4 എസ് സി സി 225

ആമുഖത്തിൽ ഭംഗിയായി പകർത്തിയിട്ടുണ്ട്. നീതിയാണ് ആമുഖത്തിന്റെ പ്രഥമവും പ്രധാനവുമായ സവിശേഷത. ഇന്ത്യ ഒരു ജനാധിപത്യ റിപ്പബ്ലിക്ക് ആയിരിക്കണം എന്നതും ആമുഖത്തിന്റെ ഭാഗമാണ്. നമ്മുടെ ഭരണഘടന പ്രകാരം ജനങ്ങളിലാണ് ആത്യന്തികമായ അധികാരം നിക്ഷിപ്തമായിരിക്കുന്നത്. അധികാരസ്ഥാനങ്ങൾ വഹിക്കുന്നവരിലല്ല.

12. നിയമവാഴ്ച നമ്മുടെ ഭരണഘടനയിലെ സുവർണനൂലാണ്. പൗരത്വം, മൗലിക അവകാശങ്ങൾ, യൂണിയൻ, സംസ്ഥാനങ്ങൾ, പഞ്ചായത്തുകൾ, പട്ടിക ഗോത്ര മേഖലകൾ, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം, ഇന്ത്യൻ പ്രദേശത്തെ വാണിജ്യ വ്യാപാര സംവേദനം, കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും കീഴിലുള്ള സേവനങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന ഭരണഘടനയുടെ വിവിധ അധ്യായങ്ങളെ ഈ സുവർണ നൂൽ ബന്ധിപ്പിക്കുന്നു. ഭരണഘടന മാത്രമല്ല നിയമങ്ങളും കൂടിയാണ് ഈ വശങ്ങളെല്ലാം നിയന്ത്രിക്കുന്നത്. ഭരണഘടന തസ്തികകൾ വഹിക്കുന്ന നാമോരോരുത്തരും ഭരണഘടനയെയും നിയമങ്ങളെയും ഉയർത്തിപ്പിടിക്കുവാൻ കൽപ്പിക്കുന്നു. ഇതാണ് നിയമവാഴ്ച. നമ്മുടെ ജനാധിപത്യത്തിന്റെ അടിത്തറ നിയമവാഴ്ചയാണ്. മനുഷ്യരുടെ ഭരണമല്ല. സാധാരണ ജനങ്ങൾക്ക് എവിടെയും ഏത് സമയത്തും തിരഞ്ഞെടുപ്പിനുള്ള അവസരം കൊടുക്കുമ്പോഴും തിരഞ്ഞെടുപ്പ് എപ്പോഴും സമാനമാണ്. സ്വാതന്ത്ര്യം, സ്വേച്ഛാധിപത്യമല്ല. ജനാധിപത്യം, സ്വേച്ഛാധിപത്യമല്ല. നിയമവാഴ്ച മനുഷ്യരുടെ ഭരണമല്ല.

13. ജനാധിപത്യത്തിന്റെയും നിയമവാഴ്ചയുടെയും അനിവാര്യ ഘടകങ്ങളിലൊന്ന് സ്വതന്ത്രവും നിർഭയവുമായ നീതിന്യായ വ്യവസ്ഥയാണ്. സ്വതന്ത്രവും ഊർജസ്വലവുമായ രാജ്യം എന്നാൽ അഭിപ്രായ സ്വാതന്ത്ര്യവും നിയമവാഴ്ച പ്രകാരമുള്ള ഭരണവുമുള്ള ഒന്നാണ്. ഏതെങ്കിലും ബാഹ്യ സ്വാധീനങ്ങൾക്കടിമപ്പെടാതെ സ്വതന്ത്രമായ തീരുമാനങ്ങളെടുക്കുവാൻ കഴിയുന്ന

ജഡ്ജിമാരും വിധികർത്താക്കളും നമുക്കുണ്ടെങ്കിൽ മാത്രമേ നിയമവാഴ്ച ഉണ്ടാവുകയുള്ളൂ. നിയമവാഴ്ച ഇല്ലെങ്കിൽ ഉത്തരവാദിത്തമില്ല. അധികാര ദുർവിനിയോഗവും അഴിമതിയും ഉണ്ട്. നിയമവാഴ്ച അപ്രത്യക്ഷമാകുമ്പോൾ നമ്മൾ ഭരിക്കപ്പെടുന്നത് നിയമങ്ങളാലല്ല, അധികാരത്തിലിരിക്കുന്നവരുടെ വിവേക ശൂന്യതകളാലും താത്പര്യങ്ങളാലുമാണ്.

14. ട്രൈബ്യൂണലുകൾ നിലവിൽ വരുകയാണ്. ചീഫ് ജസ്റ്റിസും സഹോദര ജഡ്ജ് ചന്ദ്രചൂഡും ട്രൈബ്യൂണലൈസേഷൻ വിഷയം വളരെ വിശദമായി കൈകാര്യം ചെയ്തിട്ടുണ്ട്. വിവരസ്ഥരായ എന്റെ സഹോദരങ്ങളുടെ വിധിന്യായത്തിലുള്ളതും എടുത്തു പറയേണ്ടതുമായ വസ്തുത എന്തെന്നാൽ ട്രൈബ്യൂണലുകൾ കൈകാര്യം ചെയ്യുന്നവർ കോടതിയിലെ ന്യായാധിപന്മാരെപ്പോലെ തന്നെ വിധി പറയുകയും, അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളും ഗുണവിശേഷങ്ങളും കഴിയുന്നത്ര ഒരുപോലെ ആയിരിക്കുകയും വേണമെന്നതാണ്. ഇത് തികച്ചും അനിവാര്യമാണ്. കാരണം ഈ രാജ്യത്തെ ജനങ്ങൾക്ക് ട്രൈബ്യൂണലുകളിൽ വിശ്വാസമുണ്ടെങ്കിൽ കോടതികളെക്കുറിച്ചു പ്രതീക്ഷിക്കുന്നപോലെതന്നെ, ഈ ട്രൈബ്യൂണലുകളും ന്യായമായും സ്വതന്ത്രമായും പ്രവൃത്തിക്കുന്നുവെന്നു ഉറപ്പാക്കേണ്ടത് എല്ലാ ബന്ധപ്പെട്ടവരുടെയും കടമയാണ്. നിയമത്തിന്റെ വിവിധ ശാഖകളിൽ സ്പെഷ്യലൈസേഷൻ വർധിച്ചതോടെ ഞങ്ങൾക്ക് പ്രത്യേക ട്രൈബ്യൂണലുകൾ ആവശ്യമില്ലെന്നു പറയുവാൻ സാധ്യമല്ല. ഒരു മനുഷ്യനും മുഴുവൻ നിയമവും അറിയുമെന്ന് പ്രതീക്ഷിക്കാനാവില്ല. ന്യായാധിപന്മാരെന്ന നിലയിൽ നിയമത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കാൻ ഞങ്ങളെ പരിശീലിപ്പിച്ചിരിക്കുന്നു. അതേസമയം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകളും ആളുകളുടെ വർധിച്ചുവരുന്ന ആവശ്യങ്ങളും ആയിരക്കണക്കിന് പുതിയ നിയമനിർമാണങ്ങൾ നടത്തുന്നതിലേക്കു നയിച്ചുവെന്നും, അവയിൽ ചിലതിനു സാങ്കേതികവിദ്യയുടെയും നിയമത്തിന്റെ ചില ശാഖകളെ ക്കുറിച്ചുമുള്ള പ്രത്യേക അറിവ്

ആവശ്യമാണെന്നതും നിഷേധിക്കാനാവില്ല.

15. ഇന്ത്യൻ കോടതികൾ എല്ലാ അധികാരപരിധികളും വിജയകരമായി കൈകാര്യം ചെയ്തു വരുന്നുണ്ടായിരുന്നു. കഴിവില്ലായ്മയല്ല പ്രശ്നം. അറിവില്ലായ്മയല്ല പ്രശ്നം[4]. ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ജഡ്ജിമാരുടെ എണ്ണത്തിലുള്ള കുറവും ഉയർന്ന തോതിലുള്ള ഒഴിവുകളുമാണ് പ്രധാന പ്രശ്നം. കോടതികൾക്ക് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിവില്ലാത്തതുകൊണ്ടല്ല, മറിച്ചു കാര്യങ്ങൾ പരിഹരിക്കുന്നതിലുണ്ടായ വലിയ കാലതാമസം കൊണ്ടാണ് നീതിയുടെ ടൈബ്യൂണലൈസേഷൻ നടത്തിയത്. ഇപ്പോൾ സങ്കീർണ്ണമായ വാണിജ്യ കാര്യങ്ങൾക്കായിപ്പോലും പ്രത്യേക വാണിജ്യകോടതികൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക ലോകത്ത് വിദഗ്ധരായ വിധികർത്താക്കളെ ആവശ്യമുണ്ടെന്ന് അതേസമയം നിഷേധിക്കാൻ കഴിയില്ല. ആയതിനാൽ പ്രത്യേക ടൈബ്യൂണലുകൾ ആവശ്യമാണ്. ഈ ടൈബ്യൂണലുകൾ കോടതിക്ക് പകരമായതുകൊണ്ടു നമ്മുടെ സ്ഥാപക പിതാക്കന്മാരുടെ പ്രതീക്ഷകൾ നിറവേറ്റുകയും പൂർണ്ണമായും സ്വതന്ത്രവും നിർഭയവുമായിരിക്കുകയും വേണം.

16. നിർഭാഗ്യവശാൽ ചില ടൈബ്യൂണലുകളുടെ പ്രവർത്തനം പ്രതീക്ഷിക്കുന്നതിനുമപ്പുറത്തേക്കു മാറിപ്പോകുന്നു. എല്ലാ പ്രശ്നങ്ങളും ടൈബ്യൂണലുകൾ നടത്തുന്ന വ്യക്തി കാരണം ഉണ്ടാകുന്നതല്ല. ഒരുപാടു ഒഴിവുകളും, വളരെകുറച്ചു ബെഞ്ചുകളും, സാമ്പത്തിക പ്രതിസന്ധിയും, ടൈബ്യൂണലുകളെ ദയനീയമായി ഉപയോഗിക്കുന്ന വകുപ്പുകളെ ആശ്രയിക്കുന്നതുകൊണ്ടുമാണ് പല പ്രശ്നങ്ങളും ഉണ്ടാവുന്നത്. ഭരണ നിർവ്വഹണ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ചില ടൈബ്യൂണലുകൾ ഫലത്തിൽ വകുപ്പുകൾക്ക് വിധേയമാണ്. ഇത്

4 യൂണിയൻ ഓഫ് ഇന്ത്യ v. മദ്രാസ് ബാർ അസോസിയേഷൻ, (2010) 11 എസ് സി സി 1

ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നു. ജൂഡീഷ്യൽ സ്വാതന്ത്ര്യം എന്നാൽ ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം മാത്രമല്ല, പ്രവർത്തനപരമായ സ്വാതന്ത്ര്യവും ഒരുപോലെ പ്രധാനമാണ്. കാഴ്ചപ്പാടും വളരെ പ്രധാനമാണ്. ട്രൈബ്യൂണലിനു മുൻപിൽ ഹാജരാവുന്ന വ്യവഹാരവുമായി വന്ന പൊതുജനങ്ങൾക്കു എന്ത് തോന്നും? ട്രൈബ്യൂണൽ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ഒരു വിഭാഗം പോലെയാണോ? അതോ ഒരു സ്വതന്ത്ര സ്ഥാപനമായിട്ടാണോ? അധികാരങ്ങൾ വേർതിരിക്കേണ്ടതുണ്ടെങ്കിൽ ഈ ട്രൈബ്യൂണലുകൾക്കു സ്വയം തോന്നുന്നതുപോലെ പ്രവർത്തിക്കാൻ സ്വയം ഭരണാധികാരം ഉണ്ടായിരിക്കണം.

17. ഈ പശ്ചാത്തലത്തിൽ ചീഫ് ജസ്റ്റിസ് ഉന്നയിച്ച വിവിധ വിഷയങ്ങൾ ഞാൻ കൈകാര്യം ചെയ്യുന്നു.

വാദവിഷയം നമ്പർ. 1

18. ഭരണഘടനയുടെ ആർട്ടിക്കിൾ 110 (3) പ്രകാരം ലോകസഭയിലെ ബഹുമാനപ്പെട്ട സ്പീക്കറുടെ തീരുമാനം ജുഡീഷ്യൽ അവലോകനത്തിന് അതീതമല്ല എന്ന അഭിപ്രായത്തിൽ ഞാൻ ചീഫ് ജസ്റ്റിസുമായി പൂർണ്ണമായും യോജിക്കുന്നു. സ്പീക്കറുടെ ഉന്നത പദവി കണക്കിലെടുക്കുമ്പോൾ അത്തരം കാര്യങ്ങളിൽ ജുഡീഷ്യൽ അവലോകനത്തിന്റെ വ്യാപ്തി വളരെ പരിമിതമാണെന്ന അദ്ദേഹത്തിന്റെ വീക്ഷണത്തോടു ഞാൻ യോജിക്കുന്നു. രണ്ടു വീക്ഷണങ്ങൾ സാധ്യമാണെങ്കിൽ സ്പീക്കറുടെ വീക്ഷണം നിലനിൽക്കുമെന്നതിൽ സംശയമില്ല. ഒരു പണബിൽ എന്താണെന്നതിനുള്ള അവ്യക്തത കണക്കിലെടുത്തു, 2017 ലെ ധനകാര്യ നിയമത്തിലെ 14-)ഠ ഭാഗം ഒരു പണബിൽ ആണോ അല്ലയോ എന്ന വിഷയം ഒരു വലിയ ബെഞ്ചിലേക്ക് റെഫർ ചെയ്യാം എന്നുള്ള

ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ തീരുമാനത്തോട് ഞാൻ യോജിക്കുന്നു.

വാദവിഷയം നമ്പർ. 2

19. 2-)ാ വാദവിഷയത്തെ സംബന്ധിച്ചിടത്തോളം ചീഫ് ജസ്റ്റിസിന്റെ നിഗമനത്തിനോട് യോജിക്കാൻ എനിക്ക് കഴിയില്ല. പാർലിമെന്റ് എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്നും "അത്യന്താപേക്ഷിതമല്ലാത്ത" ചില കാര്യങ്ങൾ എക്സിക്യൂട്ടീവിന് നല്കാമെന്നതിനും സംശയമില്ല. എല്ലാ വ്യവസ്ഥകളും നിയമസഭ തന്നെ നിർദേശിക്കേണ്ട ആവശ്യമില്ല.

20. ചീഫ് ജസ്റ്റിസ് തന്റെ വിധിന്യായത്തിൽ അധികാരം ഭരമേല്പിക്കുന്നതിന്റെ പരിധികളെക്കുറിച്ചു പ്രതിപാദിക്കുന്ന കുറെ വിധിന്യായങ്ങൾ പരാമർശിച്ചിട്ടുണ്ട്.. ആ വിധിന്യായങ്ങളിൽ പറഞ്ഞിട്ടുള്ളതെല്ലാം ആവർത്തിക്കേണ്ട ആവശ്യമില്ലെങ്കിലും കുറച്ചൊക്കെ പരാമർശിക്കാം.

21. എല്ലാ വിഷയങ്ങളിലും നിയമ നിർമ്മാണസഭ നിയമ നിർമാണം നടത്തുമെന്ന് പ്രതീക്ഷിക്കേണ്ടതില്ലെന്നും അത്യാവശ്യ പ്രവർത്തനങ്ങളല്ല എങ്കിൽ ഒരു അധികാര സ്വീകർത്താവിനെ ഏൽപ്പിക്കാനുള്ള അധികാരമുണ്ടെന്നും ഈ കോടതിയുടെ 7-ജഡ്ജ് ബെഞ്ച്, **"**റെ ആർട്ടിക്കിൾ **143,** ഇന്ത്യൻ ഭരണഘടനയും ഡൽഹി ലോസ് ആക്ട് മുതൽപേർ**"**[5] ൽ അഭിപ്രായപ്പെട്ടു അതേ സമയം, വിധിന്യായത്തിന്റെ ആഴത്തിലുള്ള വായനയിൽ "അവശ്യ നിയമനിർമാണ പ്രവർത്തനങ്ങൾ" അധികാരം ഭരമേല്പിക്കാൻ കഴിയില്ല എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. "അത്യന്താപേക്ഷിതമല്ലാത്ത" നിയമനിർമ്മാണ പ്രവർത്തനങ്ങൾ അധികാരം ഭരമേല്പിക്കാമെന്ന വാദത്തിനോട് ഒരു തർക്കവുമില്ല. ഇതിനോടും

5 എ ഐ ആർ (38) 1951 എസ് സി 332

ഒരു മുന്നറിയിപ്പുണ്ട്. നിയമസഭക്ക് അധികാര സ്വീകർത്താവിന്റെ മേൽ നിയന്ത്രണവും, പ്രവർത്തനാധികാരവും ഉണ്ടായിരിക്കണം. അത്തരം അധികാരങ്ങൾ അധികാര സ്വീകർത്താവ് ഉപയോഗിക്കുന്നതിനുള്ള അറിയപ്പെടുന്ന രീതികളിലൊന്ന്, ഭരമേല്പിക്കപ്പെട്ട അധികാരമുപയോഗിച്ച് അധികാര സ്വീകർത്താവ് പാസ്സാക്കിയ നിയമങ്ങൾ / ഉത്തരവുകൾ നിയമസഭ മുൻപാകെ വയ്ക്കുക എന്നതാണ്. അധികാരം ഭരമേല്പിക്കുന്നതിലൂടെ നിർമ്മിക്കപ്പെട്ട നിയമത്തിന്മേൽ എല്ലായ്പ്പോഴും നിയമനിർമ്മാണസഭക്കു നിയന്ത്രണമുണ്ടാവണം.

22. ഗ്വാലിയർ റയോൺ മിൽസ് v. കമ്മിഷണർ, സെയിൽസ് ടാക്സ്[6] എന്ന കേസിൽ, ഖന്ന ജെ, ഈ വിഷയം അദ്ദേഹത്തിന്റെ തനതു ശൈലിയിൽ പറഞ്ഞിട്ടുണ്ട്. വിധിന്യായത്തിന്റെ 24 ഉം 25 ഉം ഖണ്ഡികകൾ ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിൽ ഉദ്ധരിച്ചിട്ടുണ്ടെങ്കിലും 26-)ơ ഖണ്ഡികയും വളരെ പ്രസക്തമെന്നെനിക്കു തോന്നിയതുകൊണ്ട് അതും താഴെ ഉദ്ധരിച്ചിരിക്കുന്നു.

> 26. സാധാരണ ചെയ്യുന്നതുപോലെ നിയമനിർമ്മാണ സഭക്ക് ഒരു നിയമം റദ്ധാക്കൻ കഴിയുമെങ്കിൽ, അതിനു കീഴ്ത്തട്ടു നിയമനിർമ്മാണം നടത്തുന്ന അധികാരിയുടെ മേൽ അവശ്യ നിയന്ത്രണം ഉണ്ടെന്നും അതുപോലെ തന്നെ നിയമനിർമ്മാണ നയങ്ങളോ, നിലവാരമോ അല്ലെങ്കിൽ ചട്ടത്തിലെ മാർഗ്ഗ നിർദ്ദേശങ്ങളോ നിയമനിർമ്മാണസഭ ഇറക്കേണ്ട ആവശ്യമില്ല എന്നും ഉള്ള കാഴ്ചപ്പാട് അംഗീകരിക്കാനും ഞങ്ങൾക്ക് കഴിയില്ല. ഈ അഭിപ്രായത്തിന്റെ സ്വീകാര്യത ഭയാനക ഫലങ്ങളുണ്ടാക്കും. രാജ്യത്തെ കൂറ്റകൃത്യ സാഹചര്യങ്ങൾ വഷളായതിനാൽ ഒരു പ്രത്യേക തീയതി മുതൽ രാജ്യത്ത് നടപ്പാക്കേണ്ട ക്രിമിനൽ നിയമം രൂപീകരിക്കേണ്ടത് നിയമത്തിൽ പറഞ്ഞിട്ടുള്ള ഒരു ഉദ്യോഗസ്ഥനാണ് എന്ന നിയമം പാർലമെൻറ് നാളെ നാപ്പിലാക്കുകയാണ് എന്നു കരുതുക. അത്തരം ക്രിമിനൽ നിയമം നിർമ്മിക്കാനുള്ള ഏതെങ്കിലും മാർഗ്ഗനിർദ്ദേശമോ, നിയമ നിർമ്മാണനയമോ നിയമത്തിൽ ഉൾപ്പെടുത്തുവാൻ പാർലമെൻറ് വിട്ടുപോയാലും, നിയമനിർമ്മാണ അധികാരം അധികമായി നൽകിയിട്ടില്ലെന്ന് പറയാൻ സാധിക്കുമോ? പാർലമെൻറ്, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉണ്ടാക്കിയ നിയമം അംഗീകരിച്ചില്ലെങ്കിൽ, ആ നിയമം ഉണ്ടാക്കുവാൻ

6 എ ഐ ആർ 1974 എസ് സി 1660

> അധികാരപ്പെടുത്തിയ നിയമം റദ്ധാക്കാൻ അതിനു കഴിയും എന്ന കാരണത്താൽ നിയമത്തിന്റെ ദൃഷ്യം അവഗണിക്കാനോ, കണ്ണടക്കാനോ നമ്മുടെ അഭിപ്രായത്തിൽ കഴിയില്ല.

സബോർഡിനേറ്റ് നിയമനിർമ്മാണം നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതുണ്ട് എന്നതിനാൽ എല്ലാ കേസുകളിലും ഫലപ്രദമായ നിയന്ത്രണം ഉണ്ടെന്നു അർത്ഥമാക്കുന്നില്ലെന്നു ഇതു വ്യക്തമാക്കുന്നു.

23. അധികാരം ഭരമേല്പിക്കൽ വഴിയുള്ള നിയമനിർമാണത്തിന് വഴികാട്ടുന്നതിനു വ്യക്തമായ നയം ഉണ്ടായിരിക്കണമെന്നതാണ് ഹരിശങ്കർ v. എം. പി. സ്റ്റേറ്റ്[7] എന്ന കേസിൽ നടത്തിയ പരിശോധന.

24. നിയമനിർമ്മാണസഭക്കു അവയുടെ അത്യാവശ്യ നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറാനാകില്ല എന്നാണ് ഈ കോടതിയുടെ തന്നെ ഒരു ബെഞ്ച് രമേശ് ബിർച് v. യൂണിയൻ ഓഫ് ഇന്ത്യ[8] എന്ന കേസിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്. താഴെ പറയും പ്രകാരമാണ് അത് പറഞ്ഞിട്ടുള്ളത്.

> 19 .....മേല്പറഞ്ഞ അഭിപ്രായം മറ്റൊരു രീതിയിൽ വിശദീകരിക്കുന്നു ---- അതിനുശേഷം ഈ അഭിപ്രായമാണ് മുൻപന്തിയിൽ നിൽക്കുന്നത് ---- അവശ്യ നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് നിയമനിർമ്മാണസഭക്ക് ഒഴിവാകാനാകില്ല എന്ന് പറയുന്നതിലൂടെ -യാണ്. നിയമനിർമ്മാണ നയം മതിയായ വ്യക്തതയോടെ തയ്യാറാക്കുന്നതും, നടപ്പിലാക്കേണ്ട നിയമങ്ങൾക്കുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുന്നതും അവശ്യ നിയമനിർമ്മാണ പ്രവർത്തനത്തിൽ പെടുന്നു. ഇതു അധികാരം ഭരമേല്പിക്കാൻ കഴിയില്ല. അധികാരം ഭരമേല്പിക്കാൻ കഴിയുന്നത് സബോർഡിനേറ്റ് നിയമനിർമ്മാണത്തിന്റെ ചുമതല മാത്രമാണ്. സ്വാഭാവികമായും അത് ചട്ടം നിർമ്മിക്കാനുള്ള അധികാരം ഏൽപ്പിക്കുന്ന നിയമനത്തിന് അനുബന്ധവും നിയമസഭ നൽകുന്ന നയങ്ങളുടെയും മാർഗനിർദ്ദേശങ്ങളുടെയും ചട്ടക്കൂട്ടിലും ആയിരിക്കണം.

---

7 എ ഐ ആർ 1954 എസ് സി 465

8 1989 സപ്പ്(1) എസ്സി സി 430

2017 ലെ ധനകാര്യനിയമ പ്രകാരം ട്രൈബ്യൂണലുകളുടെ എണ്ണം 19 ആയി കുറച്ചു. സാങ്കേതിക യോഗ്യതയുള്ള ആളുകളെക്കൊണ്ട് ട്രൈബ്യൂണലുകൾ കൈകാര്യം ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ടു ട്രൈബ്യൂണലുകൾ അനിവാര്യമാണ് എന്നത് സർക്കാരിന്റെ കേസാണ്. വ്യത്യസ്ത ട്രൈബ്യൂണലുകൾ ചെയ്യുന്ന ജോലിയുടെ സ്വഭാവം തികച്ചും വ്യത്യസ്തമാണ്. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകളിലെയും കമ്പനി ലോ ട്രൈബ്യൂണലുകളിലെയും നാഷണൽ ഗ്രീൻ ട്രൈബ്യൂണലുകളിലെയും അംഗങ്ങളുടെ തസ്തികയിലേക്കുള്ള അവശ്യ യോഗ്യതകൾ തികച്ചും വ്യത്യസ്തമായിരിക്കും. എന്റെ അഭിപ്രായത്തിൽ, ഈ ജോലി ഒരു അവശ്യ നിയമനിർമ്മാണ പ്രവർത്തനമായതിനാൽ പ്രത്യേകിച്ച് ഒരു മാർഗനിർദേശവും നൽകാതെ അധികാരം ഭരമേല്പിക്കാനാവില്ല.

25. വിവിധ ചെയർപെഴ്സണിന്റെയും, വൈസ് ചെയർപെഴ്സണിന്റെയും, ചെയർമാന്റെയും, വൈസ് ചെയർമാന്റെയും, പ്രസിഡന്റിന്റേയും, വൈസ് പ്രസിഡന്റിന്റേയും, പ്രിസൈഡിങ് ഓഫീസറിന്റെയും, അല്ലെങ്കിൽ ട്രൈബ്യൂണൽ / അപ്പലേറ്റ് അംഗത്തിന്റെയും, അല്ലെങ്കിൽ അതായത് കേസ്സുകൾക്കനുസരിച്ചു എട്ടാം ഷെഡ്യൂളിന്റെ രണ്ടാം നിരയിൽ വ്യക്തമാക്കിയിരിക്കുന്ന മറ്റു അധികാരികളുടെയും യോഗ്യത, നിയമനം, കാലാവധി, ശമ്പളവും ആനുകൂല്യങ്ങളും മുതലായവ നിശ്ചയിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാൻ 184-)ഠ വകുപ്പ് പ്രകാരം കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുന്നു. 2017-ലെ ധനകാര്യ നിയമത്തിലെ 184-)ഠ വകുപ്പ് താഴെ കാണുന്നു:

> "184(1) കേന്ദ്ര സർക്കാരിന്, വിജ്ഞാപനത്തിലൂടെ, ചെയർപെഴ്സണിന്റെയും, വൈസ് ചെയർപെഴ്സണിന്റെയും, ചെയർമാന്റെയും, വൈസ് ചെയർമാന്റെയും, പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും പ്രിസൈഡിങ് ഓഫീസറിന്റേയും അല്ലെങ്കിൽ ട്രൈബ്യൂണൽ/അപ്പലേറ്റ് ട്രൈബ്യൂണൽ

അംഗത്തിന്റേയും അല്ലെങ്കിൽ അതാതു കേസ്സനുസരിച്ചു എട്ടാം ഷെഡ്യൂളിന്റെ രണ്ടാം നിരയിൽ വ്യക്തമാക്കിയിരിക്കുന്ന മറ്റു അധികാരികളുടെയും യോഗ്യത, നിയമനം, കാലാവധി, ശമ്പളവും ആനുകൂല്യങ്ങളും, രാജി, പുറത്താക്കൽ, മറ്റു സേവന നിബന്ധനകൾ എന്നിവ നൽകുന്നതിന് വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാം.

കൂടാതെ, കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ചട്ടത്തിൽ പറഞ്ഞിട്ടുള്ളതുയും കാലത്തോളം, എന്നാൽ ജോലിയിൽ പ്രവേശിച്ചു അഞ്ചു വർഷത്തിൽ കൂടുതലാവാത്ത കാലത്തോളം, ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ചെയർമാൻ, വൈസ് ചെയർമാൻ, പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, പ്രിസൈഡിങ് ഓഫീസർ, അല്ലെങ്കിൽ ട്രൈബ്യൂണൽ / അപ്പീൽ ട്രൈബ്യൂണൽ അംഗം അല്ലെങ്കിൽ മറ്റു അധികാരികൾ എന്നിവർക്ക് ഉദ്യോഗത്തിലിരിക്കാവുന്നതും വീണ്ടും നിയമനത്തിനുള്ള അർഹതയുള്ളതുമാണ്.

കൂടാതെ കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ചട്ടത്തിൽ പറഞ്ഞിരിക്കുന്ന വയസ്സ് പൂർത്തിയായതിനുശേഷം, അതായത്, ഏതിലാണോ,

(എ) ചെയർപേഴ്സൺ, ചെയർമാൻ, അല്ലെങ്കിൽ പ്രസിഡന്റിന്റെ കേസിൽ എഴുപതു വയസ്സും,

(ബി) വൈസ് ചെയർപേഴ്സൺ, വൈസ് ചെയർമാൻ, വൈസ് പ്രസിഡൻറ്, പ്രിസൈഡിങ് ഓഫീസർ അല്ലെങ്കിൽ ഏതെങ്കിലും അംഗങ്ങൾ എന്നിവരുടെ കേസിൽ അറുപത്തിയേഴ് വയസ്സും കവിയാൻ പാടില്ലാത്തത്,

ഒരു ചെയർപേഴ്സണിനും, വൈസ് ചെയർപേഴ്സണിനും, ചെയർമാനും, വൈസ് ചെയർമാനും, പ്രസിഡന്റിനും, വൈസ് പ്രസിഡന്റിനും, പ്രിസൈഡിങ് ഓഫീസർക്കും, അംഗങ്ങൾക്കും പ്രസ്തുത പദവിയിലിരിക്കാൻ സാധിക്കില്ല.

(2) ചെയർപെഴ്സണിന്റെയും, വൈസ് ചെയർപെഴ്സണിന്റെയും, ചെയർമാന്റെയും, വൈസ് ചെയർമാന്റെയും, പ്രസിഡന്റിന്റേയും, വൈസ് പ്രസിഡന്റിന്റേയും, പ്രിസൈഡിങ് ഓഫീസറിന്റെയും, ട്രൈബ്യൂണൽ/അപ്പീൽ ട്രൈബ്യൂണൽ അംഗത്തിന്റെയും, കേസ്സ് ഏതാണോ അതനുസരിച്ചു മറ്റധികാരികൾ എന്നിവരുടെയും ശമ്പളമോ ആനുകൂല്യങ്ങളോ മറ്റു സേവന വ്യവസ്ഥകളോ അയാൾക്ക് മോശമാകുന്ന തരത്തിൽ നിയമനത്തിനു ശേഷം മാറുന്നതല്ല.

26. ട്രൈബ്യൂണലുകളുടെ ചെയർപേഴ്സൺമാരുടെ / അംഗങ്ങളുടെ യോഗ്യതകൾ, നിയമനം, കാലാവധി, ശമ്പളവും ആനുകൂല്യങ്ങളും, രാജി, നീക്കം ചെയ്യൽ എന്നിവക്കായി നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരം പാർലമെൻറ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടെന്നാണ് 184-)ഠ വകുപ്പിന്റെ വിശകലനത്തിൽ വ്യക്തമായി സൂചിപ്പിക്കുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ പാർലമെൻറ് അവശ്യ നിയമനിർമ്മാണ പ്രവർത്തനങ്ങൾ എന്തെങ്കിലും അധികാരം ഭരമേല്പിച്ചിട്ടുണ്ടോ എന്നും, പാർലമെൻറ് എന്തെങ്കിലും നിയന്ത്രണം നിലനിർത്തിയിട്ടുണ്ടോ എന്നതുമാണ് നമ്മുടെ മുൻപിലുള്ള വിഷയം.

27. വിവിധ ട്രൈബ്യൂണലുകളിലേക്കുള്ള ചെയർപെഴ്സണിന്റെയും അംഗങ്ങളുടെയും നിയമനമാണ് നിലവിലെ കേസിൽ ഞങ്ങൾ കൈകാര്യം ചെയ്യുന്നത്. ജനങ്ങൾക്ക് നീതി ലഭ്യമാക്കുന്നതിനുള്ള ഭരണഘടനാപരമായ പ്രവർത്തനം നിർവഹിക്കാൻ അവർ കല്പിച്ചിരിക്കുന്നു. എന്റെ കാഴ്ച്ചപ്പാടിൽ, അത്തരം ഉയർന്ന തസ്തികകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ അവശ്യ യോഗ്യതകളും, ഗുണവിശേഷങ്ങളും എന്തായിരിക്കണം എന്നത് നിയമനിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗമാണ്. സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ജഡ്ജിമാരുടെ യോഗ്യതകൾ, സർക്കാരിന് നിശ്ചയിക്കാമെന്നത് ഭരണഘടനയിൽ നൽകാൻ കഴിയുമായിരുന്നില്ല എന്നതിൽ എനിക്ക് സംശയമൊന്നുമില്ല. ഈ ട്രൈബ്യൂണലുകൾ ഹൈക്കോടതികൾക്ക് പകരമാണെങ്കിൽ എന്തുകൊണ്ട് അതേ തത്ത്വങ്ങൾ അവയ്ക്ക് ബാധകമാകുന്നില്ല. എന്റെ കാഴ്ച്ചപ്പാടിൽ, ട്രൈബ്യൂണലുകളുടെ പ്രാധാന്യവും, നിയമവാഴ്ച്ചയുടെ പ്രാധാന്യവും, സ്വതന്ത്രവും നിർഭയവുമായ നീതിന്യായ വ്യവസ്ഥയുടെ പ്രാധാന്യവും കണക്കിലെടുത്ത് ഇത്തരം ഉന്നതപദവിയിലിരിക്കാൻ അർഹതയുള്ളവരുടെ യോഗ്യതകൾ നിശ്ചയിക്കുക എന്നത് നിയമനിർമ്മാണത്തിന്റെ അനിവാര്യഘടകമാണ്.

28. മുകളിൽ ചർച്ച ചെയ്തപോലെ നിയമന യോഗ്യതകൾ നൽകുന്നതിനെ സംബന്ധിച്ചിടത്തോളം ഈ യോഗ്യതകൾ നിയമനിർമ്മാണത്തിൽ നൽകേണ്ടതാണെന്നും, അധികാരം ഭരമേല്പിക്കാൻ കഴിയുകയില്ലയെന്നുമാണ് എന്റെ അഭിപ്രായം. എന്നിരുന്നാലും ശമ്പളം, ആനുകൂല്യങ്ങൾ എന്നിങ്ങനെയുള്ള മറ്റുനിബന്ധനകളെയും വ്യവസ്ഥകളെയും സംബന്ധിച്ചിടത്തോളം, അവയിലെല്ലാം അധികാരം ഭരമേല്പിക്കാം.

29. വാദത്തിനുവേണ്ടി, യോഗ്യതകൾ നിശ്ചയിക്കുകയെന്നത് ഒരു പ്രധാന ധർമ്മമല്ലയെന്നു പറഞ്ഞാലും, ഈ കോടതി നിർദ്ദേശിച്ചിട്ടുള്ള നിയമം കണക്കിലെടുത്ത്, നിയമനിർമ്മാണത്തിൽ തന്നെ മാർഗനിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതായിരുന്നു. ട്രൈബ്യൂണലിലെ ചെയർപേഴ്സൺമാരുടെയും/ അംഗങ്ങളുടെയും സേവന വ്യവസ്ഥകളും നിബന്ധനകളും സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെങ്കിലും അവശ്യ യോഗ്യതകളെക്കുറിച്ചു മാർഗ നിർദ്ദേശങ്ങളില്ല എന്നത് വിരോധാഭാസമാണ്.

30. പൈതൃക നിയമനിർമ്മാണത്തിന്റെ ഉദ്ദേശങ്ങളും, ആർ. കെ. ജെയിൻ v. യൂണിയൻ ഓഫ് ഇന്ത്യ[9], എൽ.ചന്ദ്രകുമാർ (മേൽപ്പറഞ്ഞ), യൂണിയൻ ഓഫ് ഇന്ത്യ v. മദ്രാസ് ബാർ അസോസിയേഷൻ[10], മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇന്ത്യ[11],മദ്രാസ് ബാർ അസോസിയേഷൻ v. യൂണിയൻ ഓഫ് ഇന്ത്യ[12] ഗുജറാത്ത് ഉജ്ജ വികാസ് നിഗം ലിമിറ്റഡ് v. എസ്സാർ പവർ ലിമിറ്റഡ്[13] എന്നീ കേസുകളിൽ ഈ കോടതി പ്രസ്താവിച്ചിട്ടുള്ള നിയമങ്ങളുടെ ചുരുക്കവും മാർഗനിർദ്ദേശങ്ങളായി വായിക്കണമെന്നതിനോട് ചീഫ് ജസ്റ്റിസുമായി ഞാൻ

9 (1993) 4 എസ്സ്സി സി 119
10 2010) 11 എസ്സ്സി സി 1
11 (2014) 10 എസ്സ്സി സി 1
12 (2015) 8 എസ്സ്സി സി 583
13 (2016) 9 എസ്സ്സി സി 103

ബഹുമാനപൂർവ്വം വിയോജിക്കുന്നു. ഈ കോടതിയുടെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും അധികാര സ്വീകർത്താവ് തയ്യാറാക്കിയ ചട്ടങ്ങൾ ഈ കോടതി പ്രസ്താവിച്ചിട്ടുള്ള നിയമങ്ങളെ ലംഘിക്കുന്നതാണെന്നു, എന്റെ രണ്ടു സഹോദരങ്ങളും വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നപോലെ, ഈ കോടതി നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിയമതത്വങ്ങളും ലംഘിക്കുന്ന ഈ നിയമം തന്നെ ഈ പ്രതീക്ഷയെ നിരാകരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, ഈ വിധിന്യായങ്ങൾക്കു തങ്ങൾ ബാധ്യസ്ഥരല്ലെന്നു അധികാരദാതാവിനും അധികാരസ്വീകർത്താവിനും തോന്നിയിട്ടുണ്ടെന്നു വ്യക്തമാണ്. അധികാര സ്വീകർത്താവ് തയ്യാറാക്കിയ ചട്ടങ്ങൾ അധികാരദാതാവിന്റെ നിയമത്തിനു അനുസൃതമായി കൊണ്ടുവന്നിട്ടില്ല എന്ന വസ്തുതയും ഇതിൽ വ്യക്തമാണ്.

31. ധനകാര്യനിയമത്തിൻറെ XIV-)ഠ ഭാഗം ഉൾക്കൊള്ളുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മുൻപത്തെ നിയമങ്ങൾ റദ്ധാക്കി. ആയതുകൊണ്ട് ചെയർപേഴ്സൺ/അംഗങ്ങളായി നിയമിക്കപ്പെടേണ്ടവരുടെ വ്യവസ്ഥകളും നിബന്ധനകളും തീരുമാനിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾക്കുവേണ്ടി അധികാരദാതാവ് വീണ്ടും റദ്ദാക്കിയ നിയമങ്ങളെ പ്രമാണീകരിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. ഈ കോടതിയുടെ വിധിന്യായങ്ങളും റദ്ദാക്കിയ നിയമങ്ങളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളും, വ്യവസ്ഥകളും ഞങ്ങൾ ഒഴിവാക്കുകയാണെങ്കിൽ അധികാരസ്വീകർത്താവിന് ആശ്രയിക്കാൻ മാർഗ നിർദ്ദേശങ്ങളൊന്നും അവശേഷിക്കുന്നില്ല. ധനകാര്യനിയമം ഇക്കാര്യത്തിൽ ഒരു മാർഗനിർദേശവും നൽകുന്നില്ല. ട്രൈബ്യൂണലിലെ ചെയർപേഴ്സസ്/ അംഗങ്ങൾ ആയി നിയമിക്കപ്പെടേണ്ടവർക്കു ആവശ്യമായ യോഗ്യത, യോഗ്യത മാനദണ്ഡം, അനുഭവസമ്പത്ത് മുതലായവ സംബന്ധിച്ച് ഇത് തികച്ചും നിശബ്ദമാണ്. ഈ അധികാരങ്ങൾ സർക്കാരിനെ ഭരമേല്പിച്ചിട്ടുണ്ട്.

32. മാർഗനിർദ്ദേശങ്ങളില്ലാത്തതിനാൽ, തടസങ്ങളില്ലാത്തതും മാർഗ നിർദ്ദേശങ്ങളില്ലാത്തതുമായ അധികാരങ്ങൾ അധികാരസ്വീകർത്താവിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതിനാൽ, എന്റെ അഭിപ്രായത്തിൽ അമിതമായ അധികാര ഭരമേല്പിക്കൽ ഉണ്ട്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ചെയർമാൻ, വൈസ് ചെയർമാൻ, പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, പ്രിസൈഡിങ് ഓഫീസർ, ട്രൈബ്യൂണൽ, അപ്പല്ലേറ്റ് ട്രൈബ്യൂണൽ അംഗങ്ങൾ അല്ലെങ്കിൽ കേസ്സനുസരിച്ച് എട്ടാം ഷെഡ്യൂളിൽ (2) -)σ നിരയിൽ പറഞ്ഞിരിക്കുന്ന മറ്റു അധികാരികൾ എന്നിവരുടെ യോഗ്യതകൾ തീരുമാനിക്കാനുള്ള അധികാരം ദാനം ചെയ്യുന്നതുകൊണ്ട് 2017 ലെ ധനകാര്യ നിയമത്തിലെ 184-)σ വകുപ്പിൽ അമിത അധികാരഭരമേല്പിക്കൽ എന്ന ദൂഷ്യമുണ്ടെന്നും ആയതുകൊണ്ട് എടുത്തു മാറ്റുന്നു.

<u>വാദവിഷയം നമ്പറുകൾ 3 & 6.</u>

33. ഞാൻ ചീഫ് ജസ്റ്റിസുമായി യോജിക്കുന്നു. ഒന്നും ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

<u>വാദവിഷയം നമ്പറുകൾ 4 , 5 ,7 & 8</u>

34. ഈ വിഷങ്ങളിന്മേലുള്ള ചീഫ് ജസ്റ്റിസിന്റെ യുക്തികളോടും നിഗമനങ്ങളോടും ഞാൻ യോജിക്കുന്നു. എന്നിരുന്നാലും മുൻപ് പറഞ്ഞതുപോലെ, എൽ. ചന്ദ്രകുമാർ (മേൽപ്പറഞ്ഞ) -ൽ ഏഴു ജഡ്ജ് ബെഞ്ച് നിർദ്ദേശിച്ച നിയമത്തിന്റെ കൃത്യതയെക്കുറിച്ച് ആരും ഒരു വെല്ലുവിളിയും ഉന്നയിച്ചിട്ടില്ലാത്തനിനാൽ എല്ലാ ട്രൈബ്യൂണലുകളുടെയും ഭരണ നിർവഹണത്തിനുവേണ്ടി ഒരു സ്വതന്ത്ര ഏജൻസി ഉണ്ടാവേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ വിഷയം 7 ജഡ്ജിമാരുടെ ബെഞ്ചിലേക്ക് റെഫർ ചെയ്യേണ്ട ആവശ്യമില്ല.

35. എന്നിരുന്നാലും, കുറച്ചു വാക്കുകൾ കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുന്നതിനുള്ള കമ്മിറ്റിയുടെ രൂപത്തിൽ ട്രൈബ്യൂണലുകളുടെ ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുന്ന സംഘം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹരിക്കേണ്ടതായ വിഷയങ്ങളും എടുത്ത് കാണിക്കേണ്ടത് പ്രധാനമാണെന്ന് എനിക്ക് തോന്നുന്നു. എൽ. ചന്ദ്രകുമാർ (മേൽപ്പറഞ്ഞ) -ൽ പറഞ്ഞിരിക്കുന്നതുപോലെ എല്ലാ ട്രൈബ്യൂണലുകളുടെയും നടത്തിപ്പിനായി ഒരു സ്വതന്ത്ര കേന്ദ്രബിന്ദു പ്രതിനിധി ഉണ്ടായിരിക്കണമെന്നതാണ് എന്റെ വ്യക്തമായ അഭിപ്രായം. എല്ലാ ട്രൈബ്യൂണലുകളും കഴിയുന്നിടത്തോളം ഒരു സ്വതന്ത്ര കേന്ദ്രബിന്ദു പ്രതിനിധിയുടെ കീഴിലാകണമെന്നു ഈ കോടതിയുടെ 7-ജഡ്ജിമാരുടെ ബെഞ്ച് പ്രസ്താവിച്ചു. അത്തരമൊരു കേന്ദ്രബിന്ദു പ്രാതിനിധ്യം ഉറപ്പാക്കുന്നതുവരെ നീതി നിയമമന്ത്രാലയമാണ് ഈ ആവശ്യത്തിലേക്കുള്ള ഏറ്റവും അനുയോജ്യമായ മന്ത്രാലയമെന്നു തോന്നുന്നു.

36. എന്തുകൊണ്ട് ഒരു കേന്ദ്രബിന്ദു പ്രതിനിധി ഉണ്ടാവണം എന്നതിന് പല കാരണങ്ങളും ഉണ്ട്. മനുഷ്യശക്തിയുടെ അഭാവം, വളരെ കുറച്ച് ബെഞ്ചുകൾ, ദീർഘകാലത്തേക്ക് നികത്താതെ കിടക്കുന്ന ഒഴിവുകൾ, ട്രൈബ്യൂണലിനു മുൻപാകെ വ്യവഹാരം നടത്താനിടയുള്ള വകുപ്പിനെ സാമ്പത്തികമായി ആശ്രയിക്കുന്നത് എന്നിങ്ങനെയുള്ള പല പ്രശ്നങ്ങളും ട്രൈബ്യൂണലുകൾ അഭിമുഖീകരിക്കുന്നു. ട്രൈബ്യൂണലുകൾ ഒരു സംഘടനയുടെ കുടക്കീഴിൽ വരികയാണെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയും. എല്ലാ ട്രൈബ്യൂണലുകളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാൻ ടി സംഘടന നന്നായി സജ്ജമാക്കും. ഇത് ട്രൈബ്യൂണലുകളുടെ നിലവാരം ഉറപ്പാക്കുന്നതിലേക്കും ഓരോ ട്രൈബ്യൂണലിന്റെയും ആവശ്യങ്ങളോടുള്ള ഏകീകൃതമായ സമീപനത്തിലേക്കും നയിച്ചേക്കാം. ധാരാളം ട്രൈബ്യൂണലുകൾ, പ്രത്യേകിച്ച് വിധിന്യായങ്ങൾ

നിർവഹിക്കാനുള്ള ചുമതലയുള്ളവ, കോടതികൾക്ക് ബദലായി രൂപീകരിച്ചിട്ടുള്ളവയാണ്. കൂടാതെ, മുൻപ് ഹൈക്കോടതിയുടെ അധികാര പരിധിയിലായിരുന്ന പല കേസുകളും, അത്തരം ട്രൈബ്യൂണലുകളിൽ നിക്ഷിപ്തവുമാണ്. അതിനാൽ കൂറ്റമറ്റ സമഗ്രതയും, ഉയർന്നബുദ്ധിശക്തിയും, അധികാരപരിധി വിനിയോഗിക്കുന്ന മേഖലയിൽ പരിചയസമ്പത്തുമുള്ള ആളുകളുമായിരിക്കണം. ഈ ട്രൈബ്യൂണലുകളെ കൈകാര്യം ചെയ്യേണ്ടത് എന്നത് അത്യന്താപേക്ഷിതമാണ്. ഈ ട്രൈബ്യൂണലുകൾക്കും പ്രവർത്തനപരമായ സ്വയംഭരണാവകാശം ഉണ്ടായിരിക്കണം. ട്രൈബ്യൂണലുകളുടെ ഭരണപരമായ ആവശ്യങ്ങൾ നോക്കിനടത്തുന്ന ഒരു കേന്ദ്രബിന്ദു പ്രതിനിധി ഇല്ലെങ്കിൽ ഇതു നേടാൻ കഴിയില്ല. ഈ കോടതിയിലെ എൽ ചന്ദ്രകുമാർ (മേൽപ്പറഞ്ഞ) എന്ന കേസിലെ 7-ജഡ്ജ് ബെഞ്ച് വിധിന്യായം പ്രാവർത്തികമാക്കുന്നത് ശരിയാണെന്നു, രണ്ടു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും സർക്കാരിന് തോന്നിയിട്ടില്ല. ഈ കാര്യങ്ങൾ അനിശ്ചിതമായി നീണ്ടുനിൽക്കാൻ അനുവദിക്കാനാവില്ല. അതിനാൽ എന്റെ അഭിപ്രായത്തിൽ, ഇന്നുമുതൽ ആറുമാസക്കാലയളവിനുള്ളിൽ ഏതു സമയം വരെയാണോ നിലവിലെ രീതി തുടരുന്നത്, ഒരു ഏകാംഗ കേന്ദ്രബിന്ദു പ്രാതിനിധ്യം ഉറപ്പാക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകണം. ട്രൈബ്യൂണലുകൾക്കു സാമ്പത്തിക സ്വയംഭരണാവകാശം നല്കുന്നതുകൊണ്ടു എല്ലാ ട്രൈബ്യൂണലുകളുടെയും മേൽനോട്ടത്തിനായി ഒരു പൊതു സംഘടന എന്ന ആവശ്യകത ഇല്ലാതാകുന്നു.

37. മദ്രാസ് ബാർ അസോസിയേഷൻ 2010 (മേൽപ്പറഞ്ഞ) യിൽ പ്രസ്താവിച്ചതുപോലെ നിർഭാഗ്യവശാൽ ഇന്ത്യയിലെ ട്രൈബ്യൂണലുകൾ പൂർണസ്വാതന്ത്ര്യം നേടിയിട്ടില്ലെന്നു ജുഡീഷ്യൽ സ്വാധീനം വിലയിരുത്താതെ തന്നെ വ്യക്തമാണ്. ട്രൈബ്യൂണലുകൾ സ്ഥാപിക്കുമ്പോൾ ഫണ്ടുകൾ, അടിസ്ഥാന സൗകര്യങ്ങൾ, പ്രവർത്തിക്കാനുള്ള ഇടം എന്നിവക്ക് വേണ്ടി

സ്പോണ്സറിങ് വകുപ്പിനെ ആശ്രയിക്കുന്നു. ട്രൈബ്യൂണലുകളിലെ അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ പലപ്പോഴും ഈ വകുപ്പിൽ നിന്ന് എടുക്കുന്നവരാണ്. ഏറ്റവും വലിയ വ്യവഹാരി അല്ലെങ്കിൽ പങ്കാളിത്തന്നെ സ്വതന്ത്രവും, സ്വയംപര്യാപ്തവും, നിർഭയവുമായിരിക്കേണ്ട വിധിന്യായസമിതിയുടെ ഭാഗമാവുമെന്നതിനാൽ ഇത് ജുഡീഷ്യൽ സ്വാതന്ത്ര്യത്തിന്റെ അടിവേര് തകർക്കുന്നു എന്നതാണ് എന്റെ അഭിപ്രായം.

38. ഇന്ത്യയിലെ എല്ലാ ട്രൈബ്യൂണലുകളുടെയും ജുഡീഷ്യൽ സ്വാധീനം വിലയിരുത്തേണ്ട ആവശ്യകതക്ക് കൂടുതൽ ഊന്നൽ നൽകാനാവില്ല. ട്രൈബ്യൂണലുകൾ പൂർണമായും സ്വതന്ത്രമല്ലെന്നും പലപ്പോഴും ട്രൈബ്യൂണലുകളെ പ്രവർത്തനരഹിതമാക്കുന്നതോ, അതുമല്ലെങ്കിൽ പ്രവർത്തനക്ഷമമല്ലാതാക്കുന്നതോ ഉള്ള തരത്തിൽ ട്രൈബ്യൂണലിലെ ഒഴിവുകളുടെ എണ്ണം അത്രക്കു കൂടുതലാണ് എന്നുമാണ് അനുഭവംകൊണ്ട് വ്യക്തമാകുന്നത്. വാഗ്ദാനം ചെയ്യപ്പെട്ട ബെഞ്ചുകൾ വായുവിൽ ഒരു മരീചികയായി തുടരുന്നു. കൂടാതെ രാജ്യത്തിന്റെ വിദൂര പ്രദേശങ്ങളിൽ നിന്നുള്ള വ്യവഹാരികൾ അവരുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാന തലസ്ഥാനത്തേക്കോ ദേശീയ തലസ്ഥാനത്തേക്കോ വരണം.

39. നീതി കിട്ടുക എന്നത് ഒരു മൗലീകാവകാശമാണ്[14]. നീതി ലഭിക്കുന്നതിനുവേണ്ടി ഒരു വ്യവഹാരിക്ക് വിധിന്യായ അതോറിറ്റിയെ സമീപിക്കുന്നതിന് വളരെയധികം പണവും, സമയവും, പരിശ്രമവും ചെലവഴിക്കേണ്ടി വരുമ്പോഴും നീതി നിഷേധമാണ് നടക്കുന്നത്. ഇന്ത്യയിൽ, ട്രൈബ്യൂണലുകളിൽ കാലതാമസം നേരിടുന്നതുകൊണ്ട് ഒരു യഥാർത്ഥ പരാതിയുണ്ടെങ്കിൽ പോലും ഒരു കക്ഷി ട്രൈബ്യൂണലിനെ തിരക്കിട്ട സമീപിക്കുകയില്ല. രൂപീകരിച്ച നിരവധി ട്രൈബ്യൂണലുകളിൽ, ടാക്സ് ട്രൈബ്യൂണലുകൾ ഒരുപക്ഷെ ഏറ്റവും വിജയകരമാണ്. എന്റെ

14 അനിത കുശ്വാഹ v. പുഷപ് സുദൻ, (2016) 8 എസ് സി സി 509

അഭിപ്രായത്തിൽ ടാക്സ് ട്രൈബ്യൂണലുകൾ വിജയകരമായിരിക്കുന്നതിനുള്ള ഒരു കാരണം ടാക്സ് ട്രൈബ്യൂണലുകളിലേക്കുള്ള അംഗങ്ങളുടെ നിയമനം സാധാരണഗതിയിൽ വളരെ ചെറുപ്രായത്തിൽ തന്നെ നടക്കുന്നു എന്നതുകൊണ്ടും, ട്രൈബ്യൂണലിനകത്തു മാത്രമല്ല ട്രൈബ്യൂണലുകളിൽ നിന്ന് ഹൈക്കോടതിയിലേക്കും കരിയർ പുരോഗതിക്കുള്ള സാധ്യതയുമുണ്ടെന്നതുമാണ്. വിരമിച്ച വ്യക്തിയേക്കാൾ, ചെറുപ്പക്കാരും കഴിവുള്ളവരുമായ ആളുകളെ നമ്മൾ നിയമിച്ചാൽ മാത്രമേ ഇത് സംഭവിക്കൂ. ടാക്സ് ട്രൈബ്യൂണലുകളുടെ വിജയത്തിന്റെ മറ്റൊരു കാരണം വ്യവഹാരക്കാരൻ റവന്യൂ അല്ലെങ്കിൽ അസ്സസ്സീ ആണ്. രണ്ടുപേർക്കും കേസ്സുകൾക്കെതിരെ പോരാടാനിടമുണ്ട്. അതുപോലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവണ്മെന്റ് ജീവനക്കാരനാണ് പ്രധാനമായും ഉൾപ്പെട്ടിരിക്കുന്നത്. സാധാരണഗതിയിൽ കൊമേർഷ്യൽ ട്രൈബ്യൂണലുകളും, മതിയായ ധനസമ്പാദനം നടത്തുന്ന വ്യവഹാരികളുമായാണ് ഇടപെടുന്നത്. എന്നാൽ ഇപ്പോൾ നമുക്ക് പാവപ്പെട്ട ഗ്രാമീണർക്ക് സമീപിക്കാവുന്ന എൻ. ജി. ടി. പോലുള്ള മറ്റു ട്രൈബ്യൂണലുകളുമുണ്ട്.

40. ദി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (സി. എ. ടി) 1985-ൽ സ്ഥാപിതമായി. മികച്ച പ്രവർത്തനക്ഷമമായ ട്രൈബ്യൂണലുകളിലൊന്നായി തീർച്ചയായും ഇതിനെ വിളിക്കാം. എന്നിരുന്നാലും ഈ ട്രൈബ്യൂണലിൽ പോലും ഡൽഹിയിലെ പ്രിൻസിപ്പൽ ബെഞ്ച് ഉൾപ്പെടുന്ന 17 സാധാരണ ബെഞ്ചുകളും, 4 സർക്യൂട്ട് ബെഞ്ചുകളും മാത്രമേ ഉള്ളൂ. സി. എ. ടി. സ്ഥാപിക്കുന്നതിന് മുൻപ് ഒരു കേന്ദ്ര സർക്കാർ ജീവനക്കാരനു റിലീഫിനുവേണ്ടി കോടതികളെ സമീപിക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു. ഇതിനർത്ഥം അങ്ങനെയൊരു ജീവനക്കാരനു ഒരു സബ് ജഡ്ജിയെ വരെ റിലീഫിനു വേണ്ടി സമീപിക്കാൻ കഴിയും. ആ അധികാരം എടുത്തു കളഞ്ഞു. എൽ. ചന്ദ്രകുമാർ (മേൽപ്പറഞ്ഞ) -ൽ ട്രൈബ്യൂണലുകളുടെ രൂപീകരണം

ശരിവച്ചുകൊണ്ടു ഈ കോടതിയുടെ 7-ജഡ്ജ് ബെഞ്ച് ഭരണഘടനയുടെ ആർട്ടിക്കിൾ 226 പ്രകാരം, ട്രൈബ്യൂണലുകളുടെ ഉത്തരവുകൾ ജുഡീഷ്യൽ റിവ്യൂ നടത്തുന്നതിന് അനുയോജ്യമാണെങ്കിലും, ഡിവിഷൻ ബെഞ്ച് തീരുമാനിക്കണമെന്നു നിബന്ധനയോടെ വിധിക്കുകയുണ്ടായി.

41. സി. എ. ടി. യിൽ പോലും ഒഴിവുകളുടെ എണ്ണം വളരെ കൂടുതലാണ്. ആകെ 65 അംഗങ്ങളുള്ള സി. എ. ടി. യിൽ 12 അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങളുടെയും 13 ജുഡീഷ്യൽ അംഗങ്ങളുടേതുമായി 25 അംഗങ്ങളുടെ കുറവുണ്ട്. ഇത് ഏകദേശം 38% കുറവാണ്. ട്രൈബ്യൂണലിന്റെ ചണ്ഡീഗഡ് ബെഞ്ചിൽ 4 അംഗങ്ങളുണ്ടാകണം. എന്നിരുന്നാലും നിലവിൽ ഒരു ജുഡീഷ്യൽ അംഗം മാത്രമേ ഉള്ളൂ. കൂടാതെ, നിലവിൽ ചണ്ഡീഗഡിൽ ഒരു ബെഞ്ചും ലഭ്യമല്ല. പഞ്ചാബ്, ഹരിയാന, ഹിമാചൽപ്രദേശ്, ജമ്മു കാശ്മീർ കേന്ദ്രഭരണ പ്രദേശങ്ങൾ എന്നീ പ്രദേശങ്ങളുടെമേൽ ചണ്ഡീഗഡ് ബെഞ്ചിന് അധികാരമുണ്ട്. ഈ പ്രദേശങ്ങളിലെ കേന്ദ്രസർക്കാർ ജീവനക്കാർ ഫലത്തിൽ പരിഹാരമില്ലാതെയിരിക്കുന്നു. വളരെ ഉയർന്ന സ്ഥാനത്തിരിക്കുന്ന അഖിലേന്ത്യ സിവിൽ സർവീസിലെ അംഗങ്ങൾക്ക് ഡൽഹിയിലെ പ്രിൻസിപ്പൽ ബെഞ്ചിനെ സമീപിക്കുന്നത് വളരെ എളുപ്പമാണ്. എന്നാൽ താഴ്ന്ന സ്ഥാനത്തുള്ള പൃണിനും ഗ്രമസ്തനുമൊക്കെ വളരെ ദൂരം ന്യൂഡൽഹിയിലേക്ക് യാത്ര ചെയ്ത്, വലിയ തുക ചെലവാക്കി, ഡൽഹി പോലുള്ള ഒരു മെട്രോപോളിസിലെ വക്കിലന്മാർക്കു ഉയർന്ന ഫീസ് നൽകി ഡൽഹിയിലൊരു കേസ് ഫയൽ ചെയ്യാൻവേണ്ടി വരുന്ന ദുരവസ്ഥ സങ്കൽപ്പിക്കാൻ പോലും കഴിയില്ല. അത്തരമൊരു വ്യവഹാരി, വ്യവഹാര പ്രക്രിയയിൽ നിന്നും സാമ്പത്തിക കാരണം മൂലം പുറത്താകുന്നു.

42. മറ്റൊരു ഉദാഹരണം പറഞ്ഞാൽ എൻ. ജെ. ടി ക്കു ഡൽഹിയിൽ അതിന്റെ പ്രിൻസിപ്പൽ ബെഞ്ചും നാലു സോണൽ ബെഞ്ചുകളും 4 സർക്യൂട്ട് ബെഞ്ചുകളും ഉണ്ടായിരിക്കണം. ഭാവിയിൽ കൂടുതൽ ബെഞ്ചുകൾ കൂടി ഉണ്ടാകണമെന്ന് പ്രതീക്ഷിച്ചിരുന്നു. ഖേദകരമെന്ന് പറയട്ടെ, സംഭവിച്ചത് മറിച്ചാണ്. ഇപ്പോൾ (അനുവദിച്ച അംഗസംഖ്യയായ 20 ജൂഡീഷ്യൽ അംഗങ്ങൾ എന്നതിന് വിരുദ്ധമായി) ഒരു ചെയർപേഴ്സണും മൂന്ന് ജൂഡീഷ്യൽ അംഗങ്ങളും (ആകെ അംഗസംഖ്യയായ 20 വിദഗദ്ധ അംഗങ്ങളിൽ) രണ്ടു വിദഗദ്ധഅംഗങ്ങളും മാത്രമായി, പ്രിൻസിപ്പൽ ബെഞ്ച് മാത്രമാണ് പ്രവർത്തിക്കുന്നത്. സ്ഥിതി വളരെ കഠിനമാണ്. ദിനംപ്രതി നാമെല്ലാവരും മലിനീകരണത്തെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും സംസാരിക്കുന്നു. എന്നാൽ ശരിയായ യാഥാർഥ്യമെന്തെന്നാൽ ഒരു ചെയർപേഴ്സണിനും നാൽപ്പതു അംഗങ്ങൾക്കും എന്നതിന് വിരുദ്ധമായി ചെയർപേഴ്സണിന് അഞ്ചു അംഗങ്ങളുടെ സഹായം മാത്രമേയുള്ളൂ. ഫലമായി സോണൽ ബെഞ്ചുകളിലോ സർക്യൂട്ട് ബെഞ്ചുകളിലോ ഹിയറിങ്ങുകളൊന്നും ഉണ്ടാകുന്നില്ല. വീഡിയോ കോൺഫെറൻസിങ്ങിലൂടെ കേസുകൾ ഏറ്റെടുക്കുന്നതായി ഞങ്ങളെ അറിയിച്ചിട്ടുണ്ട്. ചില കേസുകളിൽ വീഡിയോ കോൺഫെറൻസിങ്, ഹിയറിങ്ങുകൾ ഹോൾഡ് ചെയ്യാനുള്ള ഒരു ഉപകരണമായി തീർച്ചയായും ഉപയോഗിക്കുന്നുണ്ട്. എന്നിരുന്നാലും പൊതുജനങ്ങൾക്കു സ്ഥാപനങ്ങളിൽ വിശ്വാസമുണ്ടാവണമെങ്കിൽ പ്രാഥമിക ഫയലിംഗും ഹിയറിങ്ങും ഓപ്പൺ കോടതികളിൽ തന്നെ ചെയ്യണം. കമ്മ്യൂണിറ്റിയിൽ വിശ്വാസ്യതയും ആത്മവിശ്വാസവും ഉണ്ടാക്കുന്നതിനു ഓപ്പൺ ഹിയറിങ്സ് അത്യാവശ്യമാണ്. പൊതുജനങ്ങൾക്കു പ്രവേശനമുള്ള കോടതികളിലും ട്രൈബ്യൂണലുകളിലും മാത്രമേ പൊതുജനങ്ങൾക്കു വിശ്വാസമുള്ളൂ. നിലവിലെ സ്ഥിതിയനുസരിച്ച് ആന്റമാൻ നിക്കോബാർ ഐലൻഡിലെ ആർക്കെങ്കിലും എ. ജി. ടി. ക്കു മുൻപാകെ ചില വിഷയങ്ങൾ ഉന്നയിക്കണമെങ്കിൽ, ഒരു കേസ് ഫയൽ ചെയ്യുന്നതിനായി

അയാൾ കൽക്കട്ട വരെയെങ്കിലും വരേണ്ടിവരും. മുൻപായിരുന്നെങ്കിൽ പോർട്ട്ബ്ലയറിലുള്ള കൽക്കട്ട ഹൈക്കോടതിയിലെ ഒരു സർക്യൂട്ട് ബെഞ്ച് മുൻപാകെ ഫയൽ ചെയ്താൽ മതിയായിരുന്നു. ഇവിടെയും ഹിയറിങ് എന്തെങ്കിലും ഉണ്ടെങ്കിൽ വീഡിയോ കോൺഫെറൻസിങ്ങിലൂടെ നടത്തപ്പെടും. എട്ടു സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന വടക്കുകിഴക്കൻ ഭാഗത്തു എൻ. ജി. ടി. യുടെ ഒരു ബെഞ്ചും പ്രവൃത്തിക്കുന്നില്ല. പ്രകൃത്യാലും പാരിസ്ഥിതികമായും ദുർബലമായ ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും ലഡാക്ക്, ജമ്മു കാശ്മീർ തുടങ്ങിയ കേന്ദ്രഭരണ പ്രദേശങ്ങളിലും ഒരു ബെഞ്ചും പ്രവർത്തിക്കുന്നില്ല. ഇത് വിചാരിക്കുന്നതിലും അധികമായിട്ടുള്ള ട്രൈബ്യൂണലുകളുടെ പ്രവർത്തനമില്ലായ്മ -യാണ് വ്യക്തമാക്കുന്നത്.

43. ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുന്ന കമ്മിറ്റിക്കു ഒരുപാടു പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഈ വിധിന്യായത്തിലെ എല്ലാ വിഷയങ്ങളും നിരത്തുന്നത് പ്രായോഗികമോ ഉചിതമോ അല്ല. എന്നാൽ ചിലതു ഞാൻ എടുത്തു പറയുന്നു. കേസുകൾ നേരത്തെ തീർപ്പാക്കുന്നതിനു ട്രൈബ്യൂണലുകൾ ശരിക്കും സഹായിച്ചിട്ടുണ്ടോ എന്നതാണ് കൈകാര്യം ചെയ്യേണ്ട മറ്റൊരു പ്രധാന വിഷയം. ഓരോരോ കേസുകളിലും തീർപ്പാക്കലിനായി ചെലവഴിച്ച സമയം വ്യത്യാസപ്പെട്ടിരിക്കാം. എന്നാലിവിടെ പ്രധാനമായും ഹൈക്കോടതികളിലോ സുപ്രീംകോടതികളിലോ അവസാനിക്കുന്ന കേസ്സുകളാണ് പ്രധാനമായും കൈകാര്യം ചെയ്യുന്നത്. ഇത് അഖിലേന്ത്യ അടിസ്ഥാനത്തിൽ മാത്രമല്ല സംസ്ഥാനതലങ്ങളിൽ കൂടിയാണ് ചെയ്യേണ്ടത്. രാജ്യത്ത് അധിക ജോലിഭാരമില്ലാത്ത ഹൈക്കോടതികളും സിവിൽ കോടതികളുമുള്ള പല ചെറിയ സംസ്ഥാനങ്ങളുമുണ്ട്. ഈ സംസ്ഥാനങ്ങളിൽ മറ്റു പല വലിയ സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേസുകൾ വളരെ വേഗത്തിൽ തീരുമാനിക്കപ്പെടുന്നു. സാധാരണയായി സ്ഥിരമായ ബെഞ്ചുകൾ ലഭിക്കാത്ത ഈ ചെറിയ

സംസ്ഥാനങ്ങളിൽ ചിലപ്പോൾ സർക്യൂട്ട് ബെഞ്ചുകൾ പോലുമില്ല. കേസ്സുകൾ തീർപ്പാക്കുന്നതിൽ വളരെ മന്ദഗതിയിലുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ ബെഞ്ചുകൾ ലഭിക്കുമ്പോൾ തീർപ്പാക്കൽ കൂടുതലുള്ളതും നീതിന്യായവ്യവസ്ഥാ നന്നായി നടക്കുന്നതുമായ ചില സംസ്ഥാനങ്ങൾക്ക് സ്ഥിരമായി ബെഞ്ചുകൾ ലഭിക്കുന്നില്ല എന്നതും, വ്യവഹാരികൾ കഷ്ടപ്പെടുന്നു എന്നതും വിരോധാഭാസമാണ്. സർക്യൂട്ട് ബെഞ്ചുകൾ ഈ സംസ്ഥാനങ്ങളിൽ വരുമ്പോഴും രണ്ടു സിറ്റിങ്ങുകൾക്കിടയിൽ വലിയ സമയത്തിന്റെ ഇടവേളകളുണ്ട്. സർക്യൂട്ട് ബെഞ്ചുകൾ വല്ലപ്പോഴും മാത്രമേ വരുന്നുള്ളു എന്നതുകൊണ്ടും സർക്യൂട്ട് ബെഞ്ചുകളുടെ ഭരണഘടന ഓരോ തവണ വരുമ്പോഴും മാറുന്നതുകൊണ്ട്. കേസ്സ് വീണ്ടും കേൾക്കേണ്ടി വരുന്നു എന്നതുകൊണ്ടും വേഗത്തിലും ചെലവുകുറഞ്ഞതുമായ നീതി ലഭ്യമാക്കുക എന്ന മുഴുവൻ ഉദ്ദേശവും നഷ്ടപ്പെടുന്നു.

44. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും തലസ്ഥാനങ്ങളിലെങ്കിലും ബെഞ്ചുകളില്ലാതെ ട്രൈബ്യൂണലുകൾ ഉള്ളത് ആ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും പൗരന്മാർക്ക് നീതി നിഷേധിക്കുന്നതിന് തുല്യമാണ്. ഇത് നീതി വിതരണ സംവിധാനത്തെ മഹാനഗര കേന്ദ്രീകൃതമാക്കുന്നു. ഇതിനു പല പ്രതികൂല ഫലങ്ങളുമുണ്ട്. നല്ല രീതിയിൽ ഈ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ചെറിയ സംസ്ഥാന തലസ്ഥാനത്തിലെയും ചെറിയ ജില്ലയിലെയും ബെഞ്ചുകളും ബാറുകളും ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഇത് വ്യവഹാരികൾക്കു നീതി ലഭ്യത ചെലവേറിയതാക്കുന്നു. മുൻപ് കൈകാര്യം ചെയ്തിരുന്നതും ട്രൈബ്യൂണലുകളിലേക്കു അധികാരപരിധി മാറ്റപ്പെട്ടതുമായ വിഷയങ്ങളിന്മേൽ, യാതൊരു പരിചയവുമില്ലാത്ത ഒരു അവസ്ഥയിലേക്ക് ഈ പ്രദേശത്തെ ബെഞ്ചിനെയും ബാറിനെയും നയിക്കുകകൂടി ചെയ്യുന്നു. അതിനാൽ ലോക്കൽ ബെഞ്ചും ബാറും ഒരിക്കലും വികസിക്കുകയില്ല. ഡൽഹിയിലും, ട്രൈബ്യൂണൽ ബെഞ്ചുകൾ സ്ഥാപിച്ചിട്ടുള്ള

സംസ്ഥാന തലസ്ഥാനത്തും പ്രാക്ടീസ് ചെയ്യുന്നവർ മുഴുവൻ ജോലിയും പിടിച്ചെടുക്കും. സാധാരണക്കാർക്ക് നീതി ലഭ്യമാക്കുന്നതിന് പകരം, സാധാരണക്കാരെ അവരുടെ മൗലിക അവകാശമായ നീതിക്കുവേണ്ടിയുള്ള അന്വേഷണത്തിനുവേണ്ടി കൂടുതൽ പണം ചെലവാക്കാനും കൂടുതൽ സമയം ചെലവാക്കാനും ദീർഘദൂര യാത്ര നടത്തിക്കാനും ഞങ്ങൾ നിർബന്ധിതരാകുന്നു.

45. ജുഡീഷ്യൽ സ്വാധീനം വിലയിരുത്തപ്പെടുന്നതിനോ നടക്കാനോ നടക്കാതിരിക്കാനോ സാധ്യതയുള്ള സർക്കാർ നടപടിക്കുവേണ്ടിയോ വ്യവഹാരികൾക്കു കാത്തിരിക്കാനാവില്ല. എൽ. ചന്ദ്രകുമാർ (മേൽപ്പറഞ്ഞ) മുതൽ മദ്രാസ് ബാർ അസോസിയേഷൻ 2010 (മേൽപ്പറഞ്ഞ) വരെയുള്ള വിധിന്യായങ്ങൾ അക്ഷരാർത്ഥത്തിൽ പാലിച്ചിട്ടില്ല എന്നാണ് അനുഭവം കൊണ്ട് വ്യക്തമാക്കുന്നത്. ആമുഖത്തിലെ ആദ്യത്തെ വാഗ്ദാനമായ നീതി ഈ രാജ്യത്തെ പൗരന്മാർക്ക് നിഷേധിക്കാനാവില്ല. അതിനാൽ ഏതൊക്കെ സംസ്ഥാന / കേന്ദ്ര ഭരണ പ്രദേശത്താണോ ഒരു പ്രത്യേക ട്രൈബ്യൂണലിന്റെ ബെഞ്ച് സ്ഥാപിക്കപ്പെടുകയോ പ്രവർത്തിക്കുകയോ ചെയ്യാത്തത്, ആ സംസ്ഥാനത്തെ വ്യവഹാരികൾക്കു അവരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഭരണഘടനയിലെ ആർട്ടിക്കിൾ 226 പ്രകാരം ഹൈക്കോടതിയുടെ അസാധാരണ റിട്ട് അധികാരം ആവശ്യപ്പെടാനുള്ള അവകാശമുണ്ട്. അവരുടെ ആവലാതികൾ പരിഹരിക്കുന്നതിനായി വിദൂര സ്ഥലങ്ങളിൽ നിന്ന് വളരെ ദൂരം പോയി അവർക്കുള്ളതിനുമപ്പുറത്ത് വലിയ തുക ചെലവാക്കുമെന്നു പ്രതീക്ഷിക്കാനാവില്ല. ഒരു ട്രൈബ്യൂണലിനെ സമീപിക്കുന്നതിനുള്ള ബദൽ പ്രതിവിധി ഒരു മിഥ്യാ പരിഹാരമാണ്. ഫലപ്രദമായ ഒരു ബദൽ പരിഹാരമല്ല, ഫലപ്രദമായ ബദൽ പ്രതിവിധിയുടെ സ്വയമേവയുള്ള നിയന്ത്രണമോ നിരോധനമോ ബാധകമല്ല. അത്തരം വ്യവഹാരികൾക്കു ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 226 പ്രകാരം ഹൈക്കോടതിയുടെ അധികാര പരിധിയിൽ ഹർജികൾ സമർപ്പിക്കുവാൻ അർഹതയുണ്ട്.

ജുഡീഷ്യൽ അവലോകനത്തിനുള്ള അവകാശം ഭരണഘടനയുടെ അടിസ്ഥാന ഘടകത്തിന്റെ ഭാഗമാണെന്നും, ഈ അവകാശം വ്യവഹാരികൾക്കു യഥാർത്ഥത്തിൽ ലഭ്യമാകുന്ന രീതിയിൽ വ്യാഖാനിക്കേണ്ടതുണ്ടെന്നും, അത് ഒരു മിഥ്യാധാരണ ആവരുതെന്നും എൽ. ചന്ദ്രകുമാർ (മേൽപ്പറഞ്ഞ) -ൽ വ്യക്തമാക്കിയിട്ടുണ്ട്.

46. യുണൈറ്റഡ് കിങ്ടത്തിലുള്ളതുപോലെ ഒരു കീഴ് ട്രൈബ്യൂണലും ഒരു അപ്പീൽ ട്രൈബ്യൂണലുമുള്ള ഒരു "രണ്ടു നിര ട്രൈബ്യൂണൽ സിസ്റ്റത്തിന്റെ" ആവശ്യകതയാണ് പരിശോധിക്കേണ്ട മറ്റൊരു വശം. രണ്ടു നിര ട്രൈബ്യൂണൽ ഉണ്ടെങ്കിൽ അപ്പീൽ തലത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഒരു വിധിയുണ്ടാകും. ട്രൈബ്യൂണലുകളുടെ ശ്രേണിയിൽ ഒരു അപ്പലേറ്റ് ഫോറം ഉള്ളത് ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും ഭാരം കുറയ്ക്കും.

47. ജില്ലാ ജഡ്ജിമാരുടെ തസ്തികയിലേക്ക് നടത്തിയ എഴുത്തുപരീക്ഷപോലുള്ള വസ്തുനിഷ്ടമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലോവർ ട്രൈബ്യൂണലിലേക്കു നിയമനം നടത്തേണ്ടത്. ലോവർ ട്രൈബ്യൂണലുകളിലേക്കു തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ അപ്പീൽ ട്രൈബ്യൂണലുകളിലേക്കു സ്ഥാനക്കയറ്റം നേടാൻ യോഗ്യരാക്കാം. വാസ്തവത്തിൽ ഒന്നോ അതിലധികമോ ട്രൈബ്യൂണലുകൾ കൈകാര്യം ചെയ്യുന്ന പൊതുസേവനങ്ങളുണ്ടാവാം. ഒരു ഉദാഹരണം പറഞ്ഞാൽ എല്ലാ ടാക്സ് ട്രൈബ്യൂണലുകൾക്കും കൂടി ഒരു പൊതു സേവനമുണ്ടായിരിക്കാം. സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകൾക്കും സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനും സായുധ സേന ട്രൈബ്യൂണലിലെ ജുഡീഷ്യൽ അംഗങ്ങൾക്കും കൂടി ഒരു പൊതുസേവനം ഉണ്ടായിരിക്കാം. പ്രകടമായും, ഇതിനു പ്രത്യേക ട്രൈബ്യൂണൽ സേവനങ്ങൾ രൂപീകരിക്കേണ്ട ആവശ്യമുണ്ടാകും. ഇത് ചെയ്താൽ ഈ ട്രൈബ്യൂണലുകളും,

അപ്പലേറ്റ് ട്രൈബ്യൂണലുകളും, കൂടാതെ ട്രൈബ്യൂണലുകളിലെ ചെയർപേഴ്സൺ തസ്തികകളും കൈകാര്യം ചെയ്യാനുള്ള ആളുണ്ടാവുകയും ചെയ്യുന്ന തരത്തിലുള്ള ട്രൈബ്യൂണൽ സേവനങ്ങൾ നമുക്ക് ഉണ്ടാവുകയും ചെയ്യും. വിരമിച്ച ജഡ്ജിമാരെ നിയമിക്കുന്നതിനേക്കാൾ ഒരു ട്രൈബ്യൂണൽ സേവനം ലഭിക്കുന്നത് നല്ലതാണോ എന്ന കാര്യവും ജൂഡീഷ്യൽ സ്വാധീനം വിലയിരുത്തുന്ന സംഘം പരിശോധിക്കണം. ബാറിലെയോ, അഡ്മിനിസ്ട്രേഷനിൽ നിന്നോ, സംസ്ഥാന ട്രൈബ്യൂണലിൽ നിന്നോ ഉള്ള അംഗങ്ങൾ ട്രൈബ്യൂണലിന്റെ ഏറ്റവും താഴ്ന്ന ഭാഗത്തു നിയമിക്കപ്പെടുകയും 15 അല്ലെങ്കിൽ 20 വർഷത്തിനുശേഷം വിരമിക്കുമെന്ന അറിവോടെ അവർക്കു ഒരു നീണ്ട കാലാവധി ഉണ്ടാവുകയും ചെയ്താൽ മികച്ച പ്രതിഭകളെയും കൂടുതൽ പ്രതിബദ്ധതയുള്ള തൊഴിലാളികളെയും ആകർഷിക്കാൻ കഴിയും. ജൂഡീഷ്യൽ സ്വാതന്ത്ര്യം നിലനിർത്തുന്നതിന് അംഗങ്ങൾക്ക് ഒരു നീണ്ട കാലാവധി ആവശ്യമാണ്. ഉയർന്ന തലങ്ങളിൽ എത്തിച്ചേരുവാനുള്ള ആഗ്രഹങ്ങളും അവർക്കു ഉണ്ടായിരിക്കും അത് മികച്ചതായി ജോലിചെയ്യുന്നതിനുള്ള പ്രേരണയായിരിക്കും.

48. ട്രൈബ്യൂണൽ സേവനങ്ങളും, ട്രൈബ്യൂണൽ ശ്രേണിയിൽ തന്നെ അപ്പീലിനുള്ള സാധ്യതകൾ ഉണ്ടായിരിക്കുകയും, ഹൈക്കോടതി സ്വന്തം റിട്ട് അധികാരം ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലെങ്കിൽ ചില കേസ്സുകളിൽ ആദ്യ സന്ദർഭത്തിൽ തന്നെ ഹൈക്കോടതിയിലേക്കു അപ്പീൽ നൽകുകയാണെങ്കിൽ സിസ്റ്റത്തെ ബാധിക്കുന്ന പല ദുരവസ്ഥകളെയും അതിജീവിക്കാൻ കഴിയും. മേൽപ്പറഞ്ഞ സമ്പ്രദായം പിന്തുടരുകയാണെങ്കിൽ വിരമിച്ച ജഡ്ജിമാരെയോ ബ്യൂറോക്രാറ്റുകളെയോ നിയമിക്കുന്ന പ്രശ്നമേയുണ്ടാകില്ല. വിവരസ്ഥനായ അമിക്കസ്ക്യൂരി തന്റെ കുറിപ്പിൽ ട്രൈബ്യൂണലുകൾ വിരമിച്ചവരുടെ സങ്കേതമായി മാറരുതെന്ന വിഷയം ഉന്നയിച്ചിട്ടുണ്ട്. സാധാരണയായി വിരമിക്കൽശേഷ കർമ്മരഹിത നിയോഗങ്ങൾ ഉണ്ടാകരുത് എന്നതാണ് എന്റെ അഭിപ്രായം. വിരമിച്ച ജഡ്ജിമാരിൽനിന്നോ

ബ്യൂറോക്രാറ്റുകളിൽ നിന്നോ നിയമനങ്ങളുണ്ടാകാതിരിക്കുന്നതാണ് അനുയോജ്യമെങ്കിലും സമീപഭാവിയിൽ ഇത് സാധ്യമാകണമെന്നില്ല. നമുക്ക് ട്രൈബ്യൂണൽ സർവീസുകൾ ഇല്ല എന്നുമാത്രമല്ല ഈഘട്ടത്തിൽ മിക്ക തസ്തികകളിലും വിരമിച്ച വ്യക്തികളെ നിയോഗിക്കേണ്ടിവരുന്നു എന്നതുമാണ് കാരണം. അതേസമയം സമീപഭാവിയിലെങ്കിലും വീണ്ടും നിയമിക്കപ്പെടുന്ന വിരമിച്ചവരായ ആളുകളുടെ എണ്ണം കുറച്ചു, ട്രൈബ്യൂണലിലെ ഉന്നതതലം വരെ, ട്രൈബ്യൂണൽ സേവനത്തിനകത്തുള്ളവരെ തന്നെ നിയമിക്കുന്നുവെന്നു ഉറപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്.

49. ലോക്പാൽ, ലോകായുക്ത, മനുഷ്യാവകാശ കമ്മിഷൻ ചെയർപേഴ്സൺമാർ, ലോ കമ്മീഷൻ ചെയർമാൻ എന്നിങ്ങനെ വിരമിച്ച ജഡ്ജിമാരെ നിയമിക്കേണ്ടതായ ചില തസ്തികകളുണ്ടാകാം. എന്നാൽ നിയമനങ്ങൾ, പ്രത്യേകിച്ച് എക്സിക്യൂട്ടീവ് നടത്തുമ്പോൾ ഇത് പതിവാക്കരുത്. ഭരണവിഭാഗമാണ് നിയമനം നടത്തുന്നതെങ്കിൽ സേവനം ചെയ്യുന്ന ജഡ്ജിമാരും പുതുതായി വിരമിച്ച ജഡ്ജിമാരും ഇത്തരം തസ്തികകളിലേക്കുള്ള പരിഗണനയിലുണ്ടെങ്കിൽ ജുഡീഷ്യറിയുടെ സ്വതന്ത്രതക്ക് വിട്ടുവീഴ്ചകളുണ്ടാകാൻ സാധ്യതയുണ്ട്. ഈ രാജ്യത്തെ പൊതുജനങ്ങൾ ഇപ്പോഴും നീതിന്യായ കോടതികളിൽ വലിയ വിശ്വാസം പ്രകടിപ്പിക്കുന്നു. അന്യായമായ കാരണങ്ങളാലാണ് നിയമനം നടക്കുന്നതെന്ന് തോന്നിയാൽ ഈ വിശ്വാസം ഇല്ലാതാകും. മിക്ക ന്യായാധിപന്മാരും അവരിൽനിന്ന് പ്രതീക്ഷിക്കുന്നത്ര ഉന്നത നിലവാരത്തിലുള്ള സമഗ്രതക്കും ഉടമസ്ഥതക്കും അനുസൃതമായി ജീവിക്കുന്നുവെങ്കിലും, കുറച്ചു കറുത്ത ആടുകളുണ്ടെന്ന യാഥാർഥ്യത്തിനു നേരെ നമുക്ക് കണ്ണടക്കാൻ കഴിയില്ല. വിരമിക്കലിന്റെ വക്കിലെത്തി അധികാരത്തിന്റെ ഇടനാഴികളിലൂടെ വിരമിക്കൽ ശേഷ കർമ്മ രഹിത നിയോഗങ്ങൾ തേടി നടക്കുന്നവരിൽ നിന്ന് നീതി പ്രതീക്ഷിക്കാനാവില്ല. ആയതിനാൽ തിരഞ്ഞെടുക്കുന്ന ബോഡിയിലെ ഭൂരിഭാഗം അംഗങ്ങളും, ചീഫ് ജസ്റ്റിസും അല്ലെങ്കിൽ അദ്ദേഹത്തിന്റെ

നോമിനികളുമായിരിക്കണമെന്നും, മറ്റ അംഗങ്ങളുടെ അഭിപ്രായങ്ങൾക്കുപരി ചീഫ് ജസ്റ്റിസിന്റെയും അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനികളുടെയും അഭിപ്രായങ്ങൾക്ക മു® ത്തുക്കം കൊടുക്കണമെന്നതുമാണ് എന്റെ അഭിപ്രായം.

50. ഹൈക്കോടതികളിലെയോ സുപ്രീംകോടതികളിലെയോ വിരമിച്ച ജഡ്ജിമാർ വിരമിക്കലിനുശേഷവും ട്രൈബ്യൂണലുകളെ കൈകാര്യം ചെയ്യുവാൻ പര്യാപ്തമാണെങ്കിൽ, സുപ്രീംകോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായത്തിനു തുല്യമാകുന്നതരത്തിൽ ഹൈക്കോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം ഉയർത്താത്തതു എന്തുകൊണ്ടാണെന്നതിനു കാരണങ്ങളൊന്നും ഞാൻ കാണുന്നില്ല. ഇത് അടുത്ത 13 വർഷത്തിനുള്ളിൽ മറ്റുവിധത്തിൽ ഉണ്ടാകാനിടയുള്ള ഒഴിവുകൾ നോക്കിക്കൊള്ളും. 01-09-2019-ലെ കണക്കനുസരിച്ചു അംഗീകൃത ജഡ്ജിമാരുടെ എണ്ണം 1079 എന്നതിന് വിരുദ്ധമായി, 414 ഒഴിവുകളാണ് ഹൈക്കോടതികളിലുള്ളത്. ഈ ഒഴിവുകൾ നികത്തുന്ന കുറഞ്ഞ വേഗത പരിഗണിച്ചാൽ ഒഴിവുകളുടെ എണ്ണം ഇനിയും ഉയരും. ഞങ്ങൾ ട്രൈബ്യൂണലുകളെ കുറിച്ചാണ് ചർച്ച ചെയ്യുന്നതെങ്കിലും ഈ വിനാശകരമായ ഒഴിവുകൾ ഹൈക്കോടതികളുടെ സ്വതന്ത്രതക്കും പ്രവർത്തനത്തി നും പോലും ഭീഷണിയാണ്.

51. അവകാശമെന്ന നിലയിൽ, സുപ്രീംകോടതിയിൽ ആദ്യ അപ്പീൽ ഫയൽ ചെയ്യുന്നത് ഒഴിവാക്കാൻ ഒരു ശ്രമം നടത്തണമെന്നതിനോട് ചീഫ് ജസ്റ്റിസുമായി ഞാൻ യോജിക്കുന്നു. നിലവിൽ കുറഞ്ഞത് 2 ഡസൻ സ്റ്റാറ്റ്യൂട്ടുകളെങ്കിലും സുപ്രീം കോടതിയിൽ നേരിട്ട് അപ്പീൽ നൽകുന്നു. ശരിക്കും ഒഴിവാക്കാമായിരിന്നിട്ടും, സുപ്രീം കോടതി ആദ്യ അപ്പീലിന്റെ കോടതിയായി മാറുന്നു. എൽ. ചന്ദ്രകുമാർ (മേൽപ്പറഞ്ഞ) -ൽ പറഞ്ഞിരിക്കുന്ന നിയമം നമ്മൾ പാലിക്കുകയാണെങ്കിൽ ട്രൈബ്യൂണലുകളുടെ ഉത്തരവുകൾക്ക വിരുദ്ധമായി റിട്ട് പെറ്റീഷനുകൾ

നൽകാനുള്ള അധികാരപരിധി ഹൈക്കോടതികൾക്ക് ഉണ്ടായിരിക്കണം. ഇത് സുപ്രീം കോടതിയുടെ ഭാരം കുറയ്ക്കും. അതിലും പ്രധാനമായി ഹൈക്കോടതികൾ റിട്ട് അധികാരപരിധിയിലെ പരിമിതമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുകൊള്ളും. സുപ്രീം കോടതിയിലേക്ക് നേരിട്ട് അപ്പീൽ നൽകികൊണ്ട് ഹൈക്കോടതികളുടെ അധികാരപരിധി മറികടക്കുകയാണെങ്കിൽ പല അധികാരപരിധിയിലും വസ്തുതകൾ കേട്ടിട്ടുള്ള ഒരു ഹൈക്കോടതി ജഡ്ജി പോലും ഇല്ലാത്ത ഒരു ഘട്ടം ഉടനടി വന്നേക്കാം. ഒരു ജഡ്ജിയുടെ കാലാവധി ശരാശരി ഏകദേശം 4 വർഷം മാത്രമുള്ള സുപ്രീം കോടതിയിൽ അത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് അത്തരക്കാർക്ക് ഫലത്തിൽ അസാധ്യമാണ്.

52. ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുന്ന കമ്മറ്റിക്ക്, വിലയിരുത്തലിനുശേഷം, ചില ട്രൈബ്യൂണലുകൾ വേണ്ടയെന്നു വയ്ക്കാനും, ടി ട്രൈബ്യൂണലുകളുടെ അധികാരം സിവിൽ കോടതികൾക്കോ അല്ലെങ്കിൽ ഹൈക്കോടതികൾക്കോ അല്ലെങ്കിൽ മറ്റു പല ട്രൈബ്യൂണലുകൾക്കോ മടക്കിനൽകുവാനും ശുപാർശ ചെയ്യാവുന്നതാണ്. രണ്ടോ അതിലധികമോ ട്രൈബ്യൂണലുകളുടെ ലയനവും ഇതിനു നിർദേശിക്കാൻ കഴിയും.

53. ജുഡീഷ്യൽ സ്വാധീനം ആരാണ് വിലയിരുത്തേണ്ടത് എന്നതാണ് അടുത്ത പ്രശ്നം. എന്റെ അഭിപ്രായത്തിൽ, സുപ്രീംകോടതിയിലെ രണ്ടു വിരമിച്ച ജഡ്ജിമാർ: അതിൽ സീനിയർ ആയ ആൾ കമ്മറ്റിയുടെ ചെയർപേഴ്സണായും, ഒരു വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നിവർ അടങ്ങുന്നതാവണം ജുഡീഷ്യൽ സ്വാധീനം വിലയിരുത്തുന്ന കമ്മറ്റി. മൂന്നുപേരെയും ഇന്ത്യൻ ചീഫ് ജസ്റ്റിസ്സ് നാമനിർദേശം ചെയ്യണം. മൂന്നുപേരിൽ രണ്ടുപേരെങ്കിലും ട്രൈബ്യൂണലുകളിൽ ചെയർപേഴ്സണോ അല്ലെങ്കിൽ അംഗങ്ങളോ ആയിരിക്കണം. എക്സിക്യൂട്ടീവിൽ

നിന്നും ഭാരത സർക്കാരിന്റെ സെക്രട്ടറി റാങ്കിൽ താഴെയല്ലാത്ത രണ്ട അംഗങ്ങളും, നീതിന്യായമന്ത്രാലയത്തിൽ നിന്ന് ഒരാളും, മറ്റ ചില ബ്രാഞ്ചിൽ നിന്ന് ഒരാളും അംഗങ്ങളാകാവുന്നതാണ്. പക്ഷെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച വേണം ഈ അംഗങ്ങളെ നിയമിക്കേണ്ടത്.

54. വിവിധ ട്രൈബ്യൂണലുകളിലെ അംഗങ്ങളുടെ നിയമനത്തിന് മേൽനോട്ടം വഹിക്കുവാൻ ഒരു കമ്മീഷനോ, ബോഡിയോ ഉണ്ടാവേണ്ടതുണ്ടോ എന്നതാണ് അവസാന പ്രശ്നം. എന്റെ കാഴ്ചപ്പാടിൽ, സത്യസന്ധരും കഴിവുള്ളവരുമായുള്ള വ്യക്തികൾ കൈകാര്യം ചെയ്യുന്ന സ്വതന്ത്ര സംഘമായ അത്തരമൊരു കമ്മീഷൻ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ഈ കോടതിയുടെ പല വിധിന്യായങ്ങളിലും പറഞ്ഞിരിക്കുന്ന പ്രകാരം പ്രത്യേക ട്രൈബ്യൂണലുകളെ കൈകാര്യം ചെയ്യേണ്ട വ്യക്തികളെ തിരഞ്ഞെടുക്കാൻ ഈ സംഘം ആവശ്യമാണ്. ആഴമേറിയ അനുഭവ സമ്പത്തുള്ള ആളുകൾ മാത്രമല്ല, അനുഭവസമ്പത്തുള്ള ആളുകളും ജുഡീഷ്യൽ അംഗങ്ങളുമടങ്ങുന്ന ഒരു ജുഡീഷ്യസ് മിക്സാണ് നമുക്കാവശ്യം.[15]. സ്വതന്ത്രവീക്ഷണം, സമഗ്രത, സ്വഭാവശുദ്ധി, സൽപ്പേര് എന്നിവയുള്ള വ്യക്തികളെ നമുക്കാവശ്യമാണ്[16]. സർക്കാരിൽ നിന്നുള്ള സ്വാധീനത്തിൽനിന്നും സമ്മർദ്ദത്തിൽനിന്നും തികച്ചും സ്വതന്ത്രരായ ആളുകളെ നമുക്കാവശ്യമാണ്.[17]. അപ്പോഴാണ് ആളുകൾക്ക് ട്രൈബ്യൂണലുകളുടെ വിധിന്യായത്തിൽ വിശ്വാസമുണ്ടാകുക.

55. എന്റെ കാഴ്ചപ്പാടിൽ, സുപ്രീംകോടതിയിൽ സേവനം ചെയ്യുന്ന ജഡ്ജിമാരും അല്ലെങ്കിൽ ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാരും ഇപ്പോൾ തന്നെ

---

15 എൽ. ചന്ദ്രകുമാർ v. യൂണിയൻ ഓഫ് ഇന്ത്യ, (1997) 3 എസ് സി സി 261

16 യൂണിയൻ ഓഫ് ഇന്ത്യ v. മദ്രാസ് ബാർ അസോസിയേഷൻ , (2010) 11 എസ് സി സി 1

17 ആർ. കെ. ജെയിൻ v. യൂണിയൻ ഓഫ് ഇന്ത്യ, (1993) 4 എസ് സി സി 119

അമിതജോലിഭാരമുള്ളവരും ചിലവാക്കാൻ സമയമില്ലാത്തവരുമാണ്. ട്രൈബ്യൂണൽ രംഗത്തേക്ക് കടക്കുന്നതിനു പകരം അവരുടെ സമയവും ഊർജവും ഹൈക്കോടതികളിലെ ഒഴിവുകൾ നികത്താനായിചിലവാക്കാനാകുമെങ്കിൽ വളരെ നല്ലതാണ്.

56. വളരെ വലിയ ഒരു കമ്മിറ്റി ഉള്ളത് ടി ഉദ്ദേശത്തെ സഹായിക്കില്ലെന്നും എനിക്ക് തോന്നുന്നു. എന്റെ കാഴ്ച്ചപ്പാടിൽ, കഴിവുള്ള ആളുകളടങ്ങിയ ചെറിയ ഒരു കമ്മറ്റിയാണ് ഇതിനുള്ള നല്ല പരിഹാരം. കൂടാതെ, ഏറ്റവും സീനിയർ ആയ ആൾ ചെയർമാനായികൊണ്ടു; സുപ്രീംകോടതിയിൽ നിന്നും വിരമിച്ച രണ്ടു ജഡ്ജിമാരും, ഇന്ത്യൻ ചീഫ് ജസ്റ്റിസ് നിയമിക്കുന്ന ഒരു വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റിസും അടങ്ങുന്നതുമാവണം അത്തരമൊരു കമ്മീഷൻ. ഇന്ത്യ ഗവൺമെന്റിലെ സെക്രട്ടറി റാങ്കിലോ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ ഉള്ള ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽനിന്നും കേന്ദ്രഗവൺമെൻറ് നാമനിർദേശം ചെയ്യുന്ന ഒരു അംഗം എക്സികൂട്ടീവിനെ പ്രതിനിധീകരിച്ചുണ്ടായിരിക്കണം. ഈ അംഗം എക്സ്-ഒഫീഷ്യ കൺവീനർ ആയിരിക്കും. മുഴുവൻ സമയ അംഗങ്ങൾക്ക് ഒരു വിദഗ്ധ അംഗത്തെ തിരഞ്ഞെടുക്കാനാവും. ഈ വിദഗ്ധ അംഗത്തിന് നിയമനങ്ങൾ നടത്തേണ്ടുന്ന ട്രൈബ്യൂണലിന്റെ ഫീൽഡിൽ അല്ലെങ്കിൽ അധികാരപരിധിക്കുള്ളിൽ വൈദഗ്ധ്യവും പരിചയവും ഉണ്ടായിരിക്കണം.

57. ഡോ. ബി. ആർ. അംബേദ്കർ 25-11-1949 -ന് ഭരണഘടനാ അസംബ്ലിയെ അഭിസംബോധന ചെയ്യുമ്പോൾ പറഞ്ഞ കാര്യങ്ങൾ ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ:-

> "കാരണം എനിക്ക് തോന്നുന്നു, ഒരു ഭരണഘടന എത്ര തന്നെ നല്ലതാണെങ്കിലും ജോലി ചെയ്യാൻ വിളിക്കപ്പെടുന്നവർ മോശമായിപ്പോകുന്നതുകൊണ്ടു അത് മോശമായി മാറുമെന്ന് ഉറപ്പാണ്.

> ഒരു ഭരണഘടന എത്ര തന്നെ മോശമാണെങ്കിലും, ജോലി ചെയ്യാൻ വിളിക്കപ്പെടുന്നവർ നല്ലതാണെങ്കിൽ അത് നല്ലതായി മാറിയേക്കാം. ഭരണഘടനയുടെ പ്രവർത്തനം ഭരണഘടനയുടെ സ്വഭാവത്തെ പൂർണമായും ആശ്രയിക്കുന്നില്ല. സ്റ്റേറ്റിന്റെ അവയവങ്ങളായ നിയമസഭ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയെ നൽകാൻ മാത്രമേ ഭരണഘടനയ്ക്ക് കഴിയുകയുള്ളൂ. ജനങ്ങളും, ജനങ്ങളുടെ ഇച്ഛകളെയും രാഷ്ട്രീയത്തെയും നിറവേറ്റുന്നതിനുവേണ്ടി അവർ ഉണ്ടാക്കുന്ന രാഷ്ട്രീയപാർട്ടികളുമാണ് സ്റ്റേറ്റിന്റെ അത്തരം അവയവങ്ങളുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്ന ഘടകങ്ങൾ.”

ഇത്തരം വസ്തുതകൾ മനസ്സിലാക്കിക്കൊണ്ട്, തികച്ചും സ്വതന്ത്രരും, നല്ല സ്വഭാവവും പ്രശസ്തിയും ഉള്ളവരും, സമ്മർദ്ദത്തിന്റെ സ്വാധീനത്തിൽനിന്നു മുക്തരും, ടൈബ്യൂണൽ ചെയർപേഴ്സൺ / അംഗങ്ങളായി, അവർ വ്യാപരിക്കുന്ന മേഖലകളിലെ അനുഭവസമ്പത്തുള്ളവരുമായസമഗ്രതയുള്ള ആളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിച്ചെടുക്കാമെന്നു പ്രതീക്ഷിക്കാൻ മാത്രമേ ഇത്തരുണത്തിൽ സാധിക്കൂ.

..... J.

(Deepak Gupta)

ന്യൂഡൽഹി

2019 നവംബർ 13-)ം തീയതി

ബാധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം. അത് എല്ലാ ആവശ്യങ്ങൾക്കും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.